ശ്രേയസ്

ഭാരതത്തിന്റെ ആദ്ധ്യാത്മികജ്ഞാനവും സാംസ്കാരികപൈതൃകവും പരിപോഷിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന മഹദ്ഗ്രന്ഥങ്ങൾ, അവയുടെ മൂല്യവും വ്യക്തതയും ഒട്ടും ചോർന്നുപോകാതെതന്നെ, നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് പരിരക്ഷിക്കുകയും ജിജ്ഞാസുകൾക്ക് സൗജന്യമായി പകർന്നുകൊടുക്കുകയും ചെയ്യുക എന്ന ശ്രേയസ് ഫൗണ്ടേഷന്റെ ലക്ഷ്യ സാക്ഷാത്കാരമാണ് ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറി.

ഗ്രന്ഥശാലകളുടെയും ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെയും വ്യക്തികളുടെയും സഹകരണത്തോടെ കോർത്തിണക്കിയിരിക്കുന്ന ഈ ഓൺലൈൻ ലൈബ്രറിയിൽ അപൂർവ്വങ്ങളായ വിശിഷ്ടഗ്രന്ഥങ്ങൾ സ്കാൻചെയ്ത് മികവാർന്ന ചെറിയ പി ഡി എഫ് ഫയലുകളായി ലഭ്യമാക്കിയിരിക്കുന്നു. ഇവ കമ്പ്യൂട്ടറിലോ പ്രിന്റ് ചെയ്തോ എളുപ്പത്തിൽ വായിക്കാവുന്നതാണ്.

ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറിയിൽ ലഭ്യമായ ഗ്രന്ഥങ്ങൾ വ്യക്തിപരമായ ആവശ്യങ്ങൾക്കുവേണ്ടി സൗജന്യമായി ഉപയോഗിക്കാവുന്നതാണ്. എന്നാൽ വാണിജ്യപരവും മറ്റുമായ കാര്യങ്ങൾക്കായി ഇവ ദുരുപയോഗം ചെയ്യുന്നത് തീർച്ചയായും അനുവദനീയമല്ല.

ഈ ഗ്രന്ഥശേഖരത്തിന് മുതൽക്കൂട്ടായ ഈ പുണ്യഗ്രന്ഥത്തിന്റെ രചയിതാവിനും പ്രകാശകർക്കും നന്ദി രേഖപ്പെടുത്തുന്നു.

ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറിയെക്കുറിച്ചും ശ്രേയസ് ഫൗണ്ടേഷനെക്കുറിച്ചും കൂടുതൽ വിവരങ്ങൾ അറിയാനും പ്രവർത്തനങ്ങളിൽ പങ്കാളിയാകാനും ശ്രേയസ് വെബ്സൈറ്റ് സന്ദർശിക്കുക.


http://sreyas.in

ശ്രീ

# രാമതീർത്ഥപ്രതിധ്വനികൾ

## തരംഗം ഏഴ് —

## വേദാന്തപർവ്വതത്തിൽനിന്നുള്ള കാഴ്ചകാണൽ




വിവർത്തകൻ

ടി. ആർ. നാരായണൻനമ്പ്യാർ

ബി. എ., ബി. എൽ.


digitized by www.sreyas.in

ശ്രീ

# രാമതീർത്ഥപ്രതിധ്വനികൾ

സ്വാമി രാമതീർത്ഥന്റെ പൂർണ്ണകൃതികളായ
**"In Woods of God-Realization"**
എന്ന ഇംഗ്ലീഷ് ഗ്രന്ഥത്തിന്റെ പരിഭാഷ.

## തരംഗം ഏഴ്

## വേദാന്തപർവ്വതത്തിൽനിന്നുള്ള കാഴ്ചകാണൽ

വിവർത്തകൻ,

റ്റി. ആർ. നാരായണൻനമ്പ്യാർ B. A. & B. L.

പ്രകാശകർ,

ശ്രീരാമവിലാസം പ്രസ്സ് & ബുക്കഡിപ്പോ, കൊല്ലം.

★

ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം

വില രൂ: 1 ണ: 8.

ഒന്നാം പതിപ്പ് കാപ്പി—500

1127.

digitized by www.sreyas.in



T. R. NARAYANAN NAMBIAR, B.A. & B.L.

digitized by www.sreyas.in

# വിഷയസൂചി


| | വിഷയം | പുറം |
|---|---|---|
| 1 | കൃതജ്ഞത (പ്രകാശകന്മാർ) ... ... | i |
| 2 | മംഗളോപഹാരപ്രസ്താവന (വിവർത്തകൻ) ... ... | iii |
| 3 | അഭിപ്രായങ്ങൾ ... ... | xi |
| 4 | സങ്കല്പവാദവും പ്രത്യക്ഷവാദവും അനുരഞ്ജിക്കുന്നു ... | 1 |
| 5 | പ്രത്യക്ഷവാദവും സങ്കല്പവാദവും ... ... | 23 |
| 6 | വേദാന്തസംബന്ധമായ ചില ചോദ്യങ്ങൾക്കുത്തരങ്ങളും ... | 29 |
| 7 | മായ അഥവാ പ്രപഞ്ചത്തിന്റെ കാര്യവും കാരണവും ... | 59 |
| 8 | പ്രപഞ്ചം എപ്പോൾ ആരംഭിച്ചു ? ... ... | 87 |
| 9 | ഹിപ്‌നട്ടിസവും വേദാന്തവും ... ... | 95 |
| 10 | വേദാന്തവും സോഷ്യലിസവും ... ... | 100 |
| 11 | മനുഷ്യൻ അവന്റെ സ്വന്തഭാഗ്യാധിപതി ... ... | 105 |
| 12 | മരണാനന്തരം; അഥവാ സർവമതസംയോജനം ... | 129 |
| 13 | കവിതകൾ ... ... ... | 146 |
| 14 | രാമതീർത്ഥജീവിതത്തിലെ ചില സംഭവകഥകൾ ... | 198 |
| 15 | സന്യാസിക്ക് ... ... ... | 219 |
| 16 | സന്യാസിമാരെപ്പറ്റി ... ... ... | 221 |


digitized by www.sreyas.in

# ശുദ്ധിപത്രം

| പുറം | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| 12 | 36 | ഇരിക്കുന്നതുകൊണ്ടും | ഇരിക്കുന്നതുകൊണ്ടും, |
| 23 | 2 | ഭക്ഷിച്ച | ഭക്ഷിച്ചു |
| 35 | 30 | കാല | കാമ |
| 47 | 21 | യഥാൎത്ഥമായ | യഥാൎത്ഥമായി |
| 48 | 15 | ത്താംയിരുന്നു. | ത്തായിരുന്നു |
| 69 | 22 | യാണു് | മാണു് |
| 167 | 13 | ഹൃയ | ഹൃദയ |
| 170 | 18 | താഴത്തു | താഴ്ത്തു |
| 181 | 22 | ത്തിൽ | ത്തിൻ |
| 186 | 17 | ത്തിൽ കാ | ത്തിൽ, കാ |
| 195 | 12 | ഠധ്യ | മധ്യ |
| 197 | 24 | മിന്നനു | മിന്നുന്നു |
| 203 | 2 | കീഴ്സൺ | കഴ്സൺ |
| 207 | 17 | ആരുമില്ല | ആരുമല്ല |
| 222 | 5 | ടിയിൽ | ടെയിൻ |

---

N. B. പ്രമാദവശാൽ വന്നിട്ടുള്ള മററു പിശകുകളും വായനക്കാർ തിരുത്തി വായിച്ചുകൊള്ളണമെന്നപേക്ഷ.

digitized by www.sreyas.in

# കൃതജ്ഞത

(ലക്നൌവിലെ രാമതീർത്ഥനഗറിൽ സ്ഥാപിതമായിരിക്കുന്ന
രാമതീർത്ഥാ പബ്ളിക്കേഷൻലീഗിനോടു് )

## The Ramathirtha Publication League,

Ramathirtha Nagar, Lucknow,
U. P. (Now Uttara Pradesh)

സ്വാമി രാമതീർത്ഥൻ 1906-ൽ ദിവംഗതനായശേഷം അദ്ദേഹത്തിന്റെ ഏതാനും ശിഷ്യന്മാരും ഭക്തന്മാരുംചേന്നു രൂപവൽക്കരിച്ചിട്ടുള്ളതാണു് രാമതീർത്ഥാ പബ്ളിക്കേഷൻ ലീഗ്. സ്വാമിയുടെ സകല കൃതികളുടെയും പ്രചരണാർത്ഥം 1919-ൽ സംഘടിപ്പിക്കപ്പെട്ടതാണു് ഈ ലീഗ്. അദ്ദേഹത്തിന്റെ സകല പുസ്തകങ്ങളുടെയും പ്രസിദ്ധീകരണാവകാശം ഈ സ്ഥാപനത്തിനത്രെ നിയമപ്രകാരം ലഭിച്ചിട്ടുള്ളതു്. ഹിന്ദി, ഉറുദു, ഇംഗ്ലീഷു് എന്നിഭാഷകളിൽ ലീഗ് രാമതീർത്ഥസാഹിത്യം ബഹുസമത്ഥമായും, ആകഷകമായും പ്രസിദ്ധപ്പെടുത്തുകയും, പരസ്യപ്പെടുത്തുകയും ചെയ്തുവരുകയാണു്. അതിന്റെ അനുമതിയോടുകൂടി ഇതു ഇൻഡ്യായിലെ പല ഇതരഭാഷകളിലും തർജ്ജിമചെയ്തു പ്രചരിപ്പിക്കപ്പെടുന്നുണ്ടു്. ലീഗിന്റെ ഉത്സാഹപൂർണ്ണവും, നിസ്തന്ദ്രവും ആയ പ്രവത്തനത്തിന്റെ ഫലമായിട്ടാണു് ശ്രീ സ്വാമിരാമതീർത്ഥന്റെ പേരും, സന്ദേശവും ലോകത്തു മാറെറാലിക്കൊള്ളാൻ ഇടയായിട്ടുള്ളതു്.

മലയാളത്തിൽ ഈ സാഹിത്യം ഭാഷാന്തരംചെയ്തു പ്രസിദ്ധപ്പെടുത്തുവാനുള്ള അധികാരം ഞങ്ങൾക്കു ലഭിച്ചതു ഈ ലീഗിനോടുതന്നെയാണു്. ലീഗിന്റെ ദയാപൂർവ്വമായ അനുവാദമില്ലായിരുന്നുവെങ്കിൽ ഞങ്ങൾക്കു ഈ പുസ്തകങ്ങൾ അച്ചടിപ്പിക്കാൻ സാധിക്കുമായിരുന്നില്ല ഈ ഗ്രന്ഥങ്ങളുടെ വിവത്തകൻ 1946-ൽ ലീഗിന്റെ ആഫീസ്സിൽ പോകുകയും, ലീഗ്പ്രസിഡണ്ടു് മഹാത്മാ ശാന്തിപ്രകാശിന്റെ അതിഥിയായി സ്വല്പംതാമസിക്കയും ചെയ്തുകാലത്തു് അവർ തമ്മിൽ ഉണ്ടായസംഭാഷണത്തിന്റെ ഫലമായി

digitized by www.sreyas.in

ഈ സാഹിത്യം മലയാളത്തിൽ ഭാഷപ്പെടുത്തി അച്ചടിപ്പിക്കുന്നതി നുള്ള അവകാശം യാതൊരു പണപ്രതിഫലവും കൂടാതെയും, എന്നാൽ മററു ചില പ്രധാനവ്യവസ്ഥകൾ ചേർത്തും ലീഗ് പ്രസി ഡണ്ടു് ഉദാരബുദ്ധ്യാ വിവർത്തകനു അനുവദിച്ചു കൊടുക്കുകയാണു ണ്ടായതു്. ഈ ഔദാര്യത്തിനു വിവർത്തകനും, പ്രകാശകന്മാരും ലീഗിനോടും പ്രസിഡണ്ടു് ശ്രീ ശാന്തിപ്രകാശിനോടും എത്രമാത്രം കടപ്പെട്ടിട്ടുണ്ടെന്നുള്ളതു് വാചാമഗോചരമത്രെ. അവർക്കു ഞങ്ങളുടെ ഹാർദ്ദമായ കൃതജ്ഞത സവിനയം ഇതാ സമർപ്പിച്ചുകൊള്ളുന്നു. ലീഗ് ഉത്തരോത്തരം വിജയിക്കട്ടെ!

ആർഷഭാരതത്തിന്റെ ആധുനികകാലത്തിലെ അഭിമാനസ്തംഭ മായി പരിശോഭിക്കുന്ന സ്വാമി രാമതീർത്ഥന്റെ പ്രകാശവീചികളെ മലയാളക്കരയിലേയ്ക്കു പ്രചരിപ്പിക്കാൻ പര്യാപ്തമാണു് ഈ പ്രസി ദ്ധീകരണമെന്നുള്ളതു അനുക്തസിദ്ധമത്രേ. ഈ കൃത്യം മലയാളത്തിൽ ഇത്രയും വിജയകരമായി സാധിക്കുന്നതിനു ക്ലേശസഹിഷ്ണുതാപൂർവ്വമു ള്ള വിവർത്തകന്റെ പരിശ്രമത്തെയും നിസ്വാർത്ഥമായ സേവ നൗത്സുക്യത്തേയും എത്ര അഭിനന്ദിച്ചാലും മതിയാകുന്നതല്ല. ഈ ഗ്രന്ഥപരമ്പരയുടെ വിവർത്തനം ഏകതാനമായ ദീർഘകാലപ്രവ ർത്തനം കൊണ്ടല്ലാതെ സാധിക്കപ്പെടുകയില്ല. ശ്രീമാൻ നമ്പ്യാ രുടെ അനലസമായ കർമ്മധീരതയും ഭാഷാപോഷണാഭിലാഷവും സംസ്കാരസമുൽകൃഷ്ടതയുംകൊണ്ടാണു ഇപ്പോഴെങ്കിലും ഈ ഗ്രന്ഥ പരമ്പര പരിപൂർത്തിയായതെന്നുള്ള വസ്തുത സന്തോഷസമേതം ഇവിടെ പ്രസ്താവിക്കുന്നതിനോടുകൂടി അദ്ദേഹത്തിനോടുള്ള ഹൃദയം ഗമമായ കൃതജ്ഞത പ്രകാശിപ്പിക്കുന്നതിനു ഈ സന്ദർഭം വിനിയോ ഗിച്ചുകൊള്ളുന്നു

പ്രകാശകന്മാർ

digitized by www.sreyas.in

# മംഗളോപഹാരപ്രസ്താവന

## (വിവർത്തകൻ)

ഓം!

### 1. "രാമതീർത്ഥപ്രതിധ്വനികൾ"

"രാമതീർത്ഥപ്രതിധ്വനിക"ളുടെ ഏഴാമത്തെ തരംഗമായ ഒടുവിലത്തെ ഭാഗംകൂടി വായനക്കാരുടെ മുമ്പിൽ കാഴ്ചവയ്ക്കാൻ സാധിച്ചതിൽ ഞാനും പ്രകാശകന്മാരും അതീവ ചരിതാർത്ഥരായിരിക്കുന്നു. രാമതീർത്ഥപ്രതിധ്വനികൾ എന്നാൽ സ്വാമിരാമതീർത്ഥനിൽകൂടി പ്രതിധ്വനിപ്പിക്കപ്പെട്ട തത്വങ്ങൾ അഥവാ ശാസനങ്ങൾ എന്നർത്ഥം. ധ്വനി തരംഗാകൃതിയിൽ — തിരകളുടെ ക്രമമനുസരിച്ച് — പ്രസരിക്കുന്നതിനാൽ ഓരോഭാഗവും ഓരോതരംഗങ്ങൾ ആയിത്തീർന്നു. ഇങ്ങിനെ രാമതീർത്ഥനാൽ പ്രതിബിംബിക്കപ്പെട്ട മതതത്വജ്ഞാനസിദ്ധാന്തങ്ങൾ ഉൾക്കൊള്ളുന്ന പുസ്തകങ്ങളുടെ പരമ്പരയാണ് "രാമതീർത്ഥപ്രതിധ്വനികൾ" എന്നപേരിൽ ഇപ്പോൾ ഞങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ള ഏഴുതരംഗങ്ങളും. ഈ പരമ്പര ഇപ്പോൾ അവസാനിച്ചിരിക്കുന്നു.

സ്വാമിരാമൻെറ അറിയപ്പെട്ടിടത്തോളം ഉള്ള കൃതികളിൽ ഏതാനും കത്തുകളും, നോട്ടുപുസ്തകക്കുറിപ്പുകളും, കുറെ കവനങ്ങളും, ഇൻഡ്യൻ ഭാഷകളിൽ ഇൻഡ്യായിൽ അദ്ദേഹംചെയ്ത പ്രസംഗങ്ങളും മററും ഒഴിച്ച് ശേഷം മുഴുവനും ഈ ഗ്രന്ഥപരമ്പരയിൽ വന്നിരിക്കുന്നു. ബാക്കിയുള്ളത് തരംവരുമ്പോൾ സ്വയം പ്രസിദ്ധീകൃതമായിക്കൊള്ളട്ടെ.

രണ്ടാമത്തെ ആഗോളയുദ്ധാനന്തരമുള്ള ദുർഘടചരിത്രസ്ഥിതികളിൽ ഈമാതിരി വലിപ്പവും, ഭാരവും ഉള്ള ഒരു പ്രയത്നം ഞങ്ങൾ ഏറെറടുത്തത് വളരെ സാഹസമായിപ്പോയെന്നു ഞങ്ങൾക്കുതന്നെ അറിയാത്തതല്ലായിരുന്നു. എന്നാൽ രാമതീർത്ഥനെപ്പോലുള്ള ലോകപ്രസിദ്ധനും, നിസ്തുലമഹാത്മാവും, ജഗദ്ഗുരുവും ആയ ഒരു സന്ന്യാസിവര്യൻെറ "പ്രായോഗികവേദാന്ത" ശാസനങ്ങളും, പദ്ധതിയും മലയാളത്തിൽ സമ്പൂർണ്ണമായി പ്രചരിപ്പിക്കാൻ അമാന്തിക്കുന്നത് ഒരു വലിയ തെററായിട്ടു ഞങ്ങൾക്കു തോന്നി അതിനാൽ എന്തുവന്നാലും താമസിക്കരുതെന്നും, സകല തടസ്സങ്ങളെയും എതിരിടാമെന്നും ഉള്ള ഒരു ദൃഢനിശ്ചയത്തോടുകൂടി പ്രസിദ്ധീകരണം ആരംഭിക്കയും, തുടരുകയും, ഇങ്ങിനെ അവസാനിപ്പിക്കയും ആണുണ്ടായത്. ഈ വലിയ പ്രയത്നം ഈതരത്തിൽ വിജ

digitized by www.sreyas.in

യകരമായി സമാപിച്ചതു് ശ്രീ രാമതീർത്ഥനിൽക്കൂടി പ്രകാശിച്ചു ശോഭിക്കുന്ന ചൈതന്യവിശേഷത്തിന്റെ അനുഗ്രഹവും, പ്രചോദനവും കൊണ്ടാണെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഈ വിജയത്തിൽ ഞങ്ങൾക്കു് അനല്പമായ സന്തോഷവും, അഭിമാനവും തോന്നുന്നു. ആ ചൈതന്യം ഉത്തരോത്തരം പ്രചരിക്കട്ടെ എന്നാണു് ഞങ്ങളുടെ ഹൃദയംഗമമായ പ്രാർത്ഥന.

ഈ ഗ്രന്ഥപരമ്പരയുടെ പ്രകാശനം സമ്പൂർണ്ണം തൃപ്തികരമായിട്ടുണ്ടെന്നു ഞങ്ങൾ അഭിമാനിക്കുന്നില്ല. സ്വാമിയോടോ, പുസ്തകങ്ങളിൽ പ്രകടിപ്പിക്കപ്പെട്ട അനർഘമായ പ്രസംഗങ്ങളോടോ അദ്ദേഹവും അവയും അർഹിക്കുന്നവിധത്തിൽ ഞങ്ങൾ ന്യായം ചെയ്തുവെന്നു ഞങ്ങൾ വിചാരിക്കുന്നുമില്ല. പരിഭാഷകന്റെ പ്രാപ്തികേടുകൾ, അച്ചടിശാലയിലെ ബുദ്ധിമുട്ടുകൾ, കടലാസ്സിന്റെ വിലക്കൂടുതൽ ആദിയായ അനേകം കാരണങ്ങൾമൂലം ആദർശത്തിൽനിന്നു വളരെ താഴ്ന്ന ഒരു രീതിയിലേ ഈ പ്രസിദ്ധീകരണം നിർവ്വഹിക്കപ്പെട്ടിട്ടുള്ളു ഇതു് ഞങ്ങൾക്കുതന്നേ ബോദ്ധ്യവുമാണു്. എന്നാലും വലിയ നല്ലതു് ചെറിയ നല്ലതിനെ തടസ്സപ്പെടുത്തുന്നതു് അഭിലഷണീയമല്ലല്ലൊ എന്ന ന്യായവും, ഞങ്ങളുടെ പ്രാപ്തിക്കതീതമായ വിഷമതകൾ ആണു് ഇതിനു ഹേതു എന്നുള്ള പരമാർത്ഥവും മനസ്സിലാക്കി മഹാജനങ്ങൾ ഞങ്ങളുടെ കുറ്റങ്ങളും, കുറവുകളും ക്ഷമിക്കയും, ഞങ്ങളെ അനുഗ്രഹിക്കയും ചെയ്യണമെന്നു സവിനയം അപേക്ഷിക്കുന്നു. പൊതുജനങ്ങളുടെ പ്രോത്സാഹനംകൊണ്ടു് മേലാലുള്ള പതിപ്പുകൾ കൂടുതൽ നിർദ്ദോഷങ്ങളാക്കാമെന്നു ഞങ്ങൾ പ്രത്യാശിക്കയും ചെയ്യുന്നു.

ഈ പ്രസിദ്ധീകരണവിഷയത്തിൽ ആത്മാർത്ഥമായി സഹകരിച്ചു പ്രകാശകന്മാർ, അച്ചടിശാലാപ്രവൃത്തിക്കാർ മുതലായവരോടു് എനിക്കുള്ള വ്യക്തിപരമായ കൃതജ്ഞതകൂടി ഇവിടെ പ്രകടിപ്പിക്കാൻ ഈ സന്ദർഭം ഞാൻ വിനിയോഗിക്കട്ടെ. അവരുടെയെല്ലാം ഉത്സാഹപൂർവ്വവും, നിസ്സ്വാർത്ഥവും ധീരവും ആയ സഹായമില്ലായിരുന്നുവെങ്കിൽ ഇതു ഇത്രയും ഭംഗിയായി നിർവ്വഹിക്കാൻ തരപ്പെടുകയില്ലായിരുന്നു.

## 2. ഇത്രകഷ്ടപ്പെട്ടതെന്തിനു്?

“ഇത്രവളരെ കഷ്ടപ്പാടുണ്ടെന്നറിഞ്ഞല്ലൊ? എന്തിനാണീ സാഹസത്തിനു പുറപ്പെട്ടതു്? പഴയ മതതത്വജ്ഞാനഗ്രന്ഥങ്ങ

digitized by www.sreyas.in

ളിൽ ഇല്ലാത്തതു ഈ പുസ്തകങ്ങളിൽ എന്താണുള്ളതു്? ഈ സ്വാമിരാമതീർത്ഥന് എന്താണ് ഒരു പ്രത്യേകതയുള്ളതു്? ഈ പ്രസിദ്ധീകരണം ഒരു വൃഥാപ്രയത്നം ആയിരുന്നില്ലയോ? പ്രത്യേകിച്ചു്, ഇക്കാലത്തു്?"—എന്നും മററും ചില ചോദ്യങ്ങൾ ഉണ്ടാകാം ഈ പ്രശ്നങ്ങൾക്കെല്ലാം മറുപടിപറയണമെന്നോ, അതു് ഇവിടെ വേണമെന്നോ ഞാൻ ഉദ്ദേശിക്കുന്നില്ല. അതിൻെറ ആവശ്യവും അതിനു സൌകര്യവും ഇല്ലതാനും. ഈ പുസ്തകങ്ങൾ അവധാനപൂർവ്വം വായിച്ചു ശ്രദ്ധയോടുകൂടി പഠിച്ചു ചിന്തിക്കുന്നവൎക്കു മറുപടി യാതൊന്നും വേണ്ടിവരുകയില്ലെന്നു എനിക്കു തോന്നുന്നു. എങ്കിലും രണ്ടുമൂന്നു സംഗതികളെപ്പററി അല്പം സമഷ്ടിയായി പ്രതിപാദിക്കയും, അവയിലേക്കു വായനക്കാരുടെ ശ്രദ്ധയെ ആകൎഷിക്കയും ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു.

## (3) മതതത്വജ്ഞാനചിന്തകളുടെ ആവശ്യം.

ഈശ്വരൻ, മതം, തത്വജ്ഞാനം, വേദാന്തം എന്നീ പദങ്ങളും, അവയിൽ അന്തൎഭവിക്കുന്ന പ്രമേയങ്ങളും, അവയോടു സംബന്ധപ്പെട്ട അനുഷ്ഠാനപദ്ധതികളും, പ്രസ്ഥാനങ്ങളും, സ്ഥാപനങ്ങളും എല്ലാം മനുഷ്യനു ലൌകികജീവിതത്തിൽ യാതൊരു സഹായവും ചെയ്യുന്നില്ലെന്നും, പ്രത്യുത അവ മനുഷ്യൻെറമേൽ കേവലം വൃഥാ അനാവശ്യമായി കയററിവെയ്ക്കുന്ന ഭാരങ്ങളാണെന്നും ചിന്തിച്ചും, പറഞ്ഞുംകൊണ്ടു് അവയെ പുച്ഛിച്ചും, അവഹേളിച്ചും വരുന്ന ജനങ്ങൾ പലരും ഉണ്ടെന്നു കാണുന്നു. ഇതെല്ലാം വെറും "അന്ധവിശ്വാസങ്ങളുടെ" പ്രകടനങ്ങളാണെന്നു് അവർ പ്രഖ്യാപിക്കുന്നു. "പാലം കടക്കുന്നതുവരെ നാരായണ, പിന്നെ പൂരായണ" എന്ന പഴഞ്ചൊല്ലു വിവക്ഷിക്കുന്നതുപോലെ ഭൌതികജീവിതത്തിൽ സങ്കടങ്ങളും, കുഴപ്പങ്ങളും വരുന്ന ഘട്ടങ്ങളിൽ വേണമെങ്കിൽ ഇത്തരം കാൎയ്യങ്ങൾ ഗൌനിച്ചാൽ മതിയെന്നു പരിഗണിക്കുന്നവർ ചിലരുണ്ടു്. വാൎദ്ധക്യം, രോഗം മുതലായ ഹേതുക്കളാൽ ബുദ്ധിയോ, മനസ്സോ, ദേഹമോകൊണ്ടു ലോകത്തിൽ മററു യാതൊന്നുംചെയ്യാൻ നിവൃത്തിയില്ലാത്ത അവശതയിൽ കിടക്കുന്ന കൂട്ടൎക്കു മാത്രമേ ഈ പ്രശ്നങ്ങളെ ഗൌനിക്കേണ്ടതുള്ളൂ എന്നു വേറെ പലരും കരുതുന്നതായി തോന്നുന്നു. ഈ വിഷയങ്ങൾ വിജയകരമായ പ്രാപഞ്ചികജീവിതത്തിനു തടസ്സമാണെന്നുവിചാരിക്കുന്ന ജനങ്ങളും കാണപ്പെടാം. കേവലം ഭൌതികസുഖത്തെ ലക്ഷ്യമാക്കി അതിനെ മാത്രം അടിസ്ഥാനമാക്കി പടുക്കപ്പെട്ടിട്ടുള്ള പാശ്ചാത്യപരിഷ്കാരത്തിൻെറ കരാളതാണ്ഡവവും, അതിനെപ്പൊക്കിപ്പുകഴ്ത്തി കൊട്ടി

digitized by www.sreyas.in

ഘോഷിക്കുന്ന ആധുനികവിദ്യാഭ്യാസത്തിൻെറ പ്രചാരവും നമ്മുടെ നാട്ടിൽ പ്രതിക്ഷണം വർദ്ധമാനമായിക്കൊണ്ടിരിക്കുന്നു. അതോടു കൂടി ജീവിതമത്സരങ്ങളും, കാര്യക്ലേശങ്ങളും ബഹുമുഖമായും ശക്തിയുക്തമായും വളരുകയുംചെയ്യുന്നു. ഈ സന്ദർഭത്തിൽ പ്രസ്തുത വിഷയങ്ങളെപ്പററി ചിന്തിക്കാൻപോലും സമയമോ സൗകര്യമോ ഇല്ലാഞ്ഞിട്ടും അനാസ്തിക്യബുദ്ധികൊണ്ടും മേൽപ്രകാരം വിചാരിക്കുന്നവരുടെ ശതമാനം വർദ്ധിച്ചല്ലയോ വരുന്നതു് എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

ഇത്തരം ചോദ്യക്കാർക്കും, സംശയാലുക്കൾക്കും, അവിശ്വാസികൾക്കും പരിപൂർണ്ണമായ തൃപ്തികൊടുക്കുന്നതിനും സകല പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കുന്നതിനും സ്വാമിയുടെ പ്രസംഗങ്ങൾക്കുള്ളകെല്പു് അപരിമിതമാണു്. ശ്രദ്ധയോടും, ജിജ്ഞാസയോടും കൂടി "രാമതീർത്ഥപ്രതിധ്വനികൾ" മുഴുവനും വായിക്കുന്നവർക്കു ഈ വക ചോദ്യങ്ങൾ വീണ്ടും ഉണ്ടാകുന്നതല്ലെന്നു മുക്തകണ്ഠം പ്രഖ്യാപിക്കാൻ എനിക്കുശേഷം മടിയില്ല. ബുദ്ധിക്കും ഹൃദയത്തിനും ബോധ്യമുണ്ടാക്കുന്ന ഭാഷയിൽ തൻെറ സ്വന്തം മാതൃകകാണിച്ചുതന്നുംകൊണ്ടു അദ്ദേഹം ശ്രോതാക്കളിലും, വായനക്കാരിലും ഉദ്ദീപിപ്പിക്കുന്ന ചൈതന്യം സകല ചോദ്യങ്ങളെയും മുളയിലേ നുള്ളിക്കളഞ്ഞുകൊണ്ടിരിക്കുന്നു. ഈശ്വരൻ, മതം, തത്വചിന്ത മുതലായതിൻെറ ആവശ്യകതയെപ്പററി ആർക്കും ഒരു സംശയവും ഉണ്ടാകാൻ ഈ സാഹിത്യംപഠിക്കുന്നവർക്കു തീരെ സാദ്ധ്യമല്ല

(4) സ്വാമി രാമതീർത്ഥൻെറ ശാസനങ്ങൾക്കുള്ള മാഹാത്മ്യം.

സ്വാമിയുടെ പ്രസംഗങ്ങൾക്കു പല പ്രത്യേകതകളുമുണ്ടു്. ഒന്നാമതു അദ്ദേഹത്തിൻെറ ശാസനങ്ങൾ സാർവ്വജനീനങ്ങളാണു്. ഏതെങ്കിലും മതക്കാരെയോ, വർഗ്ഗക്കാരെയോ, വിശ്വാസികളെയോ മാത്രം അഭിമുഖീകരിച്ചു ചെയ്യപ്പെട്ടവയല്ലാ ആ ഉപദേശങ്ങൾ. ഏതെങ്കിലും ദീർഘദർശിമാർക്കോ, ആചാര്യന്മാർക്കോ, അവതാരപുരുഷന്മാർക്കോ, ഈശ്വരന്മാർക്കോ (അവർ എത്ര വലിയവരായിരുന്നാലുംശരി) അടിമപ്പെടണമെന്നു അദ്ദേഹം സൂചിപ്പിക്കുന്നില്ല. പരിപൂർണ്ണചിന്താസ്വാതന്ത്ര്യവും, തൻേറടവും, സ്വാശ്രയബുദ്ധിയും ആണു് അദ്ദേഹം പ്രചോദിപ്പിക്കുന്നതു്. ഒരുതരം സംഘത്തെയോ, സംഘടനയെയോ, മതാചാര്യന്മാരെയോ അദ്ദേഹം നിന്ദിക്കുന്നില്ല. അദ്ദേഹം സ്വന്തമായി ശിഷ്യന്മാരെയോ അനുയായികളെയോ സംഘടനയോ വിശ്വാസപ്രമാണങ്ങളോ ഉണ്ടാക്കാൻ വ്യഗ്രതകാ

digitized by www.sreyas.in

ണിക്കുന്നില്ല; കൂട്ടാക്കുന്നില്ല. ഇതു സവിശേഷവും, അനന്യസാധാരണവുമായ ഒരു ഗുണവിശേഷമാണ്.

രണ്ടാമത്, യാതൊരുവക സ്വാർത്ഥങ്ങളുടെയും കണികപോലും അദ്ദേഹത്തിന്റെ ശാസനങ്ങളിൽ കാണപ്പെടുന്നതല്ല. പൊതുജനാഭിപ്രായത്തെ ആദരിക്കാനോ പ്രശംസയോ കീർത്തിയോ സമ്പാദിക്കാനോ ഉള്ള ഒരു നേരിയ ആഗ്രഹംപോലും അദ്ദേഹത്തിന്റെ കൃതികളിൽ സൂചിപ്പിക്കപ്പെടുന്നില്ല. കേവലം യുക്തി, വികാരം, സ്വാനുഭവം ഇവ മാത്രമാണ് അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾക്കു ശക്തിയും, ചൈതന്യവും പ്രദാനംചെയ്യുന്നത്.

മൂന്നാമത്, വെറുതെ കുറെ പുസ്തകങ്ങൾ ആധാരമാക്കി ജനങ്ങളെ വൃഥാ ഇളക്കുവാൻവേണ്ടി പ്രസംഗചാതുര്യവും, പാണ്ഡിത്യവും പ്രകടിപ്പിക്കാനുള്ള ഒരു മോഹം ഈ പ്രസംഗങ്ങളിലില്ല. താൻ പറയുന്ന സംഗതികൾ തന്റെ സ്വന്തജീവിതത്തിൽ പരിശീലിച്ചുനോക്കി ശരിയും, ഫലപ്രദവും ആണെന്നു ബോദ്ധ്യപ്പെടാതെ അദ്ദേഹം വാ തുറക്കാറില്ല. അതിനാൽ ഈ പ്രസംഗങ്ങൾക്കു അനിതരസാധാരണമായ ആത്മാർത്ഥതയും, സത്യസന്ധതയും, ശക്തിയും, ഉറപ്പും ഉണ്ടായിരിക്കുന്നു. ഇതും കേവലം സാധാരണമല്ല.

ഇവയും മററു ഗുണങ്ങളുംകൊണ്ടു സ്വാമിയുടെ ശാസനങ്ങൾ പരമോൽകൃഷ്ടങ്ങളത്രെ, അനുഷ്ഠാനയോഗ്യങ്ങളത്രെ, പ്രായോഗികങ്ങളത്രെ. ഈശ്വരസാക്ഷാല്ക്കാരം, മുക്തി എന്നിങ്ങനെയുള്ള പ്രമേയങ്ങളെപ്പററി അദ്ദേഹം പല സ്ഥലത്തും പ്രബലമായ അഭിപ്രായങ്ങളും ഉൽബോധനങ്ങളും വിതരണം ചെയ്യുന്നുണ്ടെങ്കിലും, മനുഷ്യക്കു പ്രാപഞ്ചികജീവിതത്തിലെ വിജയത്തിനു തന്നെ അത്യന്താപേക്ഷിതമായിട്ടുള്ള കാര്യങ്ങളെപ്പററിയാണു അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ അധികവും പരാമർശിക്കുന്നത്. ലൌകികജീവിതത്തിന്റെ വിജയത്തിനും, ഊർജ്ജിതത്വത്തിനും, പൌരുഷവും കർമ്മകുശലതയും വദ്ധിക്കുന്നതിനും ആവശ്യമായ ഉപദേശങ്ങളാണ് അദ്ദേഹത്തിന്റെ പ്രസംഗങ്ങളിൽ പ്രധാനപ്പെട്ടവ. കല്യാണം കഴിക്കുക, ലൌകികപ്രയത്നങ്ങൾ ചെയ്യുക, സ്വത്തും പണവും ഉണ്ടാക്കുക മുതലായ ലോകവ്യാപാരങ്ങളെ അദ്ദേഹം നിന്ദിക്കയോ പുച്ഛിക്കയോ ചെയ്യുന്നില്ല. ശരിയും യുക്തവും ആയ മനുഷ്യജീവിതത്തിനുള്ള ഒരു തയ്യാറെടുക്കൽ എന്ന നിലയിൽ വനാന്തരത്തിൽ പോകുകയും, തപസ്സു ചെയ്യുകയും, ബ്രഹ്മചര്യം അനുഷ്ഠിക്കയും മററും ആവശ്യമാണെന്നു അദ്ദേഹം ഉൽബോധിപ്പിക്കുന്നുണ്ടെങ്കിലും, ആ മത

digitized by www.sreyas.in

ചര്യകൾ കേവലം മോക്ഷത്തിനോ, ഈശ്വരപ്രാപ്തിക്കോ മാത്രമായിട്ടു ചെയ്യണമെന്നു ഒരിടത്തും അദ്ദേഹം പറയുന്നതല്ല. ജ്ഞാതത്തിൽക്കൂടി അജ്ഞാതത്തിലേയ്ക്കു് എന്നതുപോലെ, ലൌകികത്തിൽക്കൂടി ആത്മീയത്തിലേയ്ക്കു കടക്കണമെന്നാണു അദ്ദേഹത്തിന്റെ ഉപദേശലക്ഷ്യം: പ്രാപഞ്ചികജീവിതത്തിന്റെ വിജയത്തിൽക്കൂടി ആദ്ധ്യാത്മികലക്ഷ്യങ്ങളിൽ എത്തിച്ചേരാമെന്നും, ചേരണമെന്നും ആണു് അദ്ദേഹം തരുന്ന ശാസനം.

## (5) സ്വാമിയുടെ വ്യക്തിവൈശിഷ്ട്യം.

ഒരു വിദ്യാർത്ഥി, അദ്ധ്യാപകൻ, കോളജ്ജുപ്രൊഫസ്സർ, ഗൃഹസ്ഥാശ്രമി, സന്ന്യാസി, മതപ്രചാരകൻ എന്നീ നിലകളിൽ എല്ലാം ഒരുപോലെ അദ്ദേഹം ഒരു സവിശേഷമാതൃകതന്നെ ആയിരുന്നു. തന്റെ മുപ്പത്തിമൂന്നുകൊല്ലത്തെ ഹ്രസ്വജീവിതകാലത്തിനുള്ളിൽ തന്റെ മനസ്സാക്ഷിക്കു പ്രതികൂലമായിട്ടു യാതൊന്നും പറകയോ പ്രവർത്തിക്കയോ ചെയ്യാതെ തിളങ്ങുന്ന ഒരു ചാരിത്രശുദ്ധിയോടും, സ്വഭാവദാർഢ്യത്തോടും കൂടി അദ്ദേഹം പരിലസിച്ചിരുന്നു. സ്വാർത്ഥസിദ്ധിക്കായിട്ടു് യാതൊന്നും ചെയ്യാതെ, തന്റേടമോ സ്വാതന്ത്ര്യമോ വിടാതെ, എന്തു ബുദ്ധിമുട്ടുകൾ നേരിട്ടാലും അവയെ എതിർത്തുകൊണ്ടു ആജീവനാന്തം കഴിച്ചുകൂട്ടിയതിനാൽ അദ്ദേഹത്തിന്റെ ജീവിതം മുഴുവനും ഒരു ആത്മത്യാഗയജ്ഞമായിരുന്നു. പറച്ചിലിലും പ്രവൃത്തിയിലും ചിന്തയിലും അദ്ദേഹത്തിൽ കാണപ്പെട്ട ആനുരൂപ്യം അത്ഭുതാവഹമായി ശോഭിച്ചു. ആകെക്കൂടി അദ്ദേഹം ഒരു സ്ഥിതപ്രജ്ഞന്റെ ദൃഷ്ടാന്തമായിരുന്നുവെന്നു പറയാം. ഇത്തരം മഹാന്മാരെ കണ്ടുമുട്ടുക വളരെ പ്രയാസമാണു്; പ്രത്യേകിച്ചും ആധുനികകാലത്തു്. ഒരു മതപ്രചാരകജോലിയിൽ പങ്കെടുക്കാൻ അദ്ദേഹം ക്ഷണിക്കപ്പെട്ടപ്പോൾ അദ്ദേഹം പറയുകയാണു്:–

"നമ്മുടെ രാജ്യവാസികൾക്കു പ്രവൃത്തിശക്തിയും ഓജസ്സും പ്രചോദിപ്പിക്കുന്നതിനു ഞാൻ ശക്തനായി ഭവിക്കണമെങ്കിൽ, ഞാൻതന്നെ സംഭരിക്കപ്പെട്ട ഓജസ്സിന്റെ ഒരു കലവറയായിത്തീർന്നിട്ടുവേണം പുറപ്പെടാൻ......വേണമെങ്കിൽ ഇതിനുമുമ്പേതന്നെ നാട്ടിൽ ഒരു വലിയ ഇളക്കമുണ്ടാക്കാൻ എനിക്കു കഴിയുമായിരുന്നു എന്നു എനിക്കു പൂർണ്ണബോദ്ധ്യമുണ്ടു്. എന്നാൽ എനിക്കൊരു മനസ്സാക്ഷിയുണ്ടു്. ഞാൻ സാക്ഷാല്ക്കരിച്ചു സത്യമാണെന്നു ഉറപ്പിക്കാത്തതിനെ വ്യക്തിപരപ്രശംസയോ, ലാഭമോ ഭയമോ പെട്ടെന്നുള്ള ആപത്തോ മരണഭയം തന്നെയോ കരുതി എനിക്കു പ്ര

സംഘിക്കാവതല്ല.......ഇതിനെക്കാൾ കുറഞ്ഞ ജോലിക്കു ഞാൻ പുറപ്പെട്ടുകയാണെങ്കിൽ എന്റെ ശക്തികളെ ഞാൻ വ്യർത്ഥമായി ചിതറിക്കുകയായിരിക്കും ചെയ്യുന്നതു്."

അദ്ദേഹത്തിന്റെ ജീവിതം ഈ അഭിപ്രായത്തിനു പരിപൂർണ്ണമായി യോജിച്ചിരുന്നു ഇൻഡ്യായിലെ സന്യാസിവർഗ്ഗത്തെപ്പററി അദ്ദേഹം പറയുന്നു:-

"ഇൻഡ്യായിൽ സന്യാസിമാർ അനന്യസാധാരണമായ ഒരു പ്രത്യേകതയാണു്. കെട്ടിനില്ക്കുന്ന ജലാശയത്തിന്റെ ഉപരിതലത്തിൽ പായൽ പിടിക്കുന്നതുപോലെ, ഇൻഡ്യായിൽ സന്യാസിവേഷക്കാർ കൂടികിടക്കുന്നു. അതിപ്പോൾ (1902-ൽ) തികച്ചും അമ്പത്തിരണ്ടുലക്ഷം പേർ ഉണ്ടു്! അവരിൽ അപൂർവ്വം ചിലർ ജലാശയത്തിനലങ്കാരമായി മാഹാത്മ്യമേറിയ മനോഹര സൌഗന്ധികപുഷ്പങ്ങളായിട്ടുണ്ടു്. എന്നാൽ ബഹുഭൂരിപക്ഷവും അനാരോഗ്യകരമായ വൃത്തികേടാണു്. വെള്ളം ഒഴുകിത്തുടങ്ങിയാൽ-ജനസമുദായത്തിന്റെ ജീവൻ ചലിച്ചുതുടങ്ങിയാൽ-ഈ വൃത്തികേടെല്ലാം പറന്നുപൊയ്ക്കൊള്ളും."

ഇപ്രകാരം എഴുതിയ സ്വാമിരാമൻ സ്വയം ഒരു മാതൃകാസന്യാസിയായിരുന്നു, തന്റെ സന്യാസത്തെയും താൻ ധരിച്ചിരുന്ന കാഷായവസ്ത്രത്തെയും അവഹേളനപാത്രമാക്കരുതെന്നു അദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നു. മതിയായ യോഗ്യത സമ്പാദിച്ചതിനുശേഷമേ അദ്ദേഹം സന്യാസം വരിച്ചതുമുള്ളു. ഇൻഡ്യായിലാകട്ടെ, അദ്ദേഹം സഞ്ചരിക്കയും ജീവിക്കയും ചെയ്തിരുന്ന ജപ്പാൻ അമേരിക്ക, ഈജിപ്തു് എന്നീ രാജ്യങ്ങളിലാകട്ടെ അദ്ദേഹത്തിന്റെ മാന്യതയ്ക്കും യോഗ്യതയ്ക്കും എതിരായിട്ടു് ആരും ഒന്നും പറയാൻ ഉണ്ടായിരുന്നില്ല. ഇങ്ങനെയെല്ലാമാണു് അദ്ദേഹത്തിന്റെ വ്യക്തിമാഹാത്മ്യം.

(6) നവീകരണവും പുനരുദ്ധാരണവും.

പണ്ടത്തെ പരിപാവന ഗ്രന്ഥസമൂഹത്തിലും, പാരമ്പര്യേണ അനുഷ്ഠിക്കപ്പെട്ടുവന്ന മതകർമ്മപദ്ധതികളിലും ഒളിച്ചു് അവ്യക്തമായിക്കിടന്നിരുന്ന ഗുഹ്യതമതത്വരത്നങ്ങളെ ആധുനികകാലത്തിനനുരൂപമായും, ഇപ്പോഴത്തെ ജനങ്ങൾക്കു പ്രയോഗക്ഷമമായും പ്രകടിപ്പിക്കുന്നതിനു അദ്ദേഹം ചെയ്ത പ്രയത്നങ്ങൾ അമൂല്യങ്ങളത്രെ. വേദാന്തത്തിന്റെ അദ്വൈതസിദ്ധാന്തത്തെ തീരെ വി

digitized by www.sreyas.in

ടാതെ, നേരേമറിച്ചു് അതിനെ പരിപൂർണ്ണമായി ഉറപ്പിച്ചുകൊണ്ടു്, നമ്മുടെ കർമ്മകാണ്ഡത്തെ കാലാനുക്രൂലം നവീകരിച്ചു്, ശുദ്ധി ചെയ്തു പൊതുജനസമക്ഷം സമർപ്പിക്കുന്ന വിഷയത്തിൽ അദ്ദേഹം വളരെ വിജയശ്രീലാളിതനായിരിക്കുന്നു. ജാതിമതാദിഭിന്നതകൾ മറന്നു് ജനങ്ങൾ നിഷ്പക്ഷമായി അദ്ദേഹം പൂണ്ടിക്കാണിക്കുന്ന പരിപാടി അംഗീകരിക്കുന്നതു് സർവ്വഥാ അവർക്കു ഫലപ്രദമായിരിക്കും. പരീക്ഷിച്ചുനോക്കട്ടെ!

## (7) ഉപസംഹാരം

ഈ പ്രസ്താവനയെ ഇനിയും നീട്ടാതെ ഇവിടെ അവസാനിപ്പിക്കാം. ആദ്യമായി നമുക്കു "മാതൃഭൂമി-ഭാരത"ത്തിൽ നല്ലവണ്ണം അന്വേഷിച്ചു് ഉറച്ച പാറ കണ്ടുപിടിക്കുക. അതിൽ നമ്മെ സ്വയം പ്രതിഷ്ഠിക്കുക. അതിനുശേഷം നമ്മുടെ "ധ്രുവനക്ഷത്രം അകത്തു"നോക്കി ലക്ഷ്യപ്പെടുത്തുക. പിന്നീടു് "ഓജസ്സിന്റെ ഉറവസ്ഥാനം" കൈവശപ്പെടുത്തി "സാക്ഷാല്ക്കാരസഹായങ്ങളെ" ക്കൊണ്ടു അതു തുറന്നു് "പ്രപഞ്ചസമഷ്ടിബോധവും അതെങ്ങിനെ സാക്ഷാൽക്കരിക്കാമെന്നും" അഭ്യസിച്ചു് "മത (ധർമ്മ) ത്തിന്റെ ചൈതന്യം" ആവാഹിച്ചു് "വേദാന്തപർവ്വതത്തിൽനിന്നുള്ള കാഴ്ച കാണൽ" എങ്ങനെയിരിക്കുമെന്നു നമുക്കു നോക്കാം. ഈ പ്രക്രിയാവിശേഷംകൊണ്ടു് ഇഹലോകജീവിതവും, തദനന്തരം പാരത്രികജീവിതവും ഊർജ്ജിതമായും വിജയകരമായും നയിച്ചു് സർവ്വോല്ക്കർഷം പ്രാപിക്കാം. അതിനു സ്വാമി രാമതീർത്ഥന്റെ അസ്തിത്വത്തിൽക്കൂടി പ്രവഹിക്കുന്ന ചൈതന്യവിശേഷം നമുക്കു സദാ സഹായമായിരിക്കട്ടെ. ശുഭമസ്തു.

ഓം! ഓം!! ഓം!!!

digitized by www.sreyas.in

# അഭിപ്രായങ്ങൾ.

## (1) സ്വാമിരാമൻ ആനന്ദപാരവശ്യത്തിന്റെ പ്രവാചകൻ.

(പ്രഫസ്സർ രാമമൂർത്തി ലൂംബാ എം. ഏ)

* * * സ്വാമിരാമൻ എഴുത്തുജോലി മതിയാക്കിവെച്ചു് ഗംഗാജലങ്ങളിലേയ്ക്കു പ്രവേശിക്കയും, പിന്നീടു തിരിയെ വരാതിരിക്കയും ചെയ്തു.

അദ്ദേഹത്തിന്റെ ഒടുവിലത്തെ ലേഖനം ഒരു മഹൽജീവിതത്തിന്റെ അന്തത്തെ മുൻകൂട്ടി സൂചിപ്പിക്കുക മാത്രമല്ല ചെയ്തതു്. പരിണാമഗതിയുടെയും വികസനത്തിന്റെയും ഏറ്റവും ഉയർന്ന ഔന്നത്യത്തിലേയ്ക്കു ചെന്നെത്തിയ ഒരു വ്യക്തിവിശേഷത്തിന്റെ അന്തിമപ്രകടനം ആയിരുന്നു അതു്; സകല ബന്ധങ്ങളെയും പൊടിച്ചുനീക്കി, എല്ലാ അതിർത്തികളെയും ലംഘിച്ചു ഉയർന്ന ഒരു വ്യക്തിവിശേഷം--മുഴുവൻ പ്രപഞ്ചവുമായിട്ടു് തനിക്കുള്ള ആദ്ധ്യാത്മികൈക്യം സാക്ഷാല്ക്കരിച്ചു ഒരു വ്യക്തിവിശേഷം-ഈശ്വരത്വത്തിന്റെ പദവിയിലേയ്ക്കു സ്വയം ഉയർത്തിയ ഒരു ഉന്നതവ്യക്തി-അതിന്റെ പ്രകാശനമായിരുന്നു അതു്. പരിപൂർണ്ണസാക്ഷാല്ക്കാരം അതിന്റെ പ്രഭാവത്തിലേയ്ക്കും, പൂർണ്ണതയെ പ്രാപിച്ചതിന്റെ ഉത്സാഹത്തിലേയ്ക്കും പൊട്ടിക്കുതിച്ചു ഒരു സംഭവം ഇവിടെ കാണുന്നു. * * *

കേദാർനാഥത്തിനു സമീപമുള്ള വസിഷ്ഠാശ്രമത്തിലേയ്ക്കു അദ്ദേഹത്തിന്റെ താമസം മാറ്റിയതിനുമേൽ ഈ ആനന്ദപാരവശ്യപ്രവാചകന്റെ ജീവിതഗതിയെ ഒരു കർട്ടൻ വീണു മറയ്ക്കാൻ തുടങ്ങി. ആത്മസമർപ്പണത്തിന്റെ അഗാധതലങ്ങളിലേയ്ക്കു കൂടുതലായി മുങ്ങേണ്ടതിന്റെ ആവശ്യകത അദ്ദേഹത്തിനു തോന്നിത്തുടങ്ങി. പ്രചോദനത്തിന്റെ ബാഹ്യപ്രകടനങ്ങളെ അദ്ദേഹം ഒളിച്ചുവെച്ചു. അദ്ദേഹം വായിക്കാൻ തുടങ്ങുമ്പോൾ പുസ്തകം കയ്യിൽനിന്നു വീണുപോകുമായിരുന്നു; കണ്ണിൽക്കൂടി ബാഷ്പധാര ഒഴുകുകയും വായന നിർത്തുകയും ചെയ്തിരുന്നു. ദീർഘമായ കാൽനടസഞ്ചാരങ്ങൾ ഉപേക്ഷിക്കപ്പെട്ടു; വിമർശനങ്ങളും, വാദപ്രതിവാദങ്ങളും തീരെ നിലച്ചു. തന്റെ സ്വന്തം ആന്തരികപ്രകാശത്തെ അനുസന്ധാനംചെയ്തു് മേലാൽ പ്രവർത്തിച്ചുകൊള്ളണമെന്നു പൂരൺസിംഗിനു് അദ്ദേഹം നിർദ്ദേശം കൊടുത്തു. സ്വയം മൌനിയായി ഭവിച്ചു് യാതൊന്നും സംസാരിക്കാതെയാകും താൻ എന്നദ്ദേഹം പറഞ്ഞു. വസിഷ്ഠാശ്രമത്തിലെ താമസത്തിനുശേഷം സില്ലാസൂവിൽ പാർക്കാൻ തുടങ്ങവേ തന്റെ അനുസ്യൂതസഹചാരിയും ശിഷ്യനു

digitized by www.sreyas.in

മായ നാരായണസ്വാമിയെയുംപോലും അദ്ദേഹം ദൂരത്തയച്ചു. ആറുദിവസത്തിനുശേഷം അദ്ദേഹം ഇഹലോകവാസം വെടിയുകയും ചെയ്തു. * * * *

പ്രകൃതിയിൽ സാധാരണ കണ്ണുകൾക്കു കാണാൻ കഴിയാത്ത സഹസ്രരൂപങ്ങളിലുള്ള ദിവ്യകാന്തികളെ അദ്ദേഹം കണ്ടാസ്വദിച്ചു. അതുകൾ കണ്ടു് അദ്ദേഹം ആനന്ദമുഗ്ദ്ധനാകയും, ബാഷ്പത്തിൽ കളിക്കയും ചെയ്തിരുന്നു; ദിവ്യഭ്രാന്തിൽ മുഴുകി പാടുകയും, നൃത്തം വെയ്ക്കയും ഓടുകയും ചെയ്യാറുണ്ടായിരുന്നു. പ്രകൃതിയുടെയും, ആത്മാവിൻെറയും ഈശ്വരൻെറയും സമ്പൂർണ്ണമായ മൗലികൈക്യഭാവനയിൽ ലഭ്യമായ ആനന്ദത്തിൽ നിറഞ്ഞ ആഹ്ലാദംകൊണ്ടു അദ്ദേഹം ചാഞ്ചാടിപ്പോയിരുന്നു.

(2) "നിർഭയരായിരിക്കുക" എന്നാണു്
സ്വാമി രാമതീർത്ഥൻെറ ശാസനം.

(ഹെച്ച്-ശ്രീനിവാസ്)

......വിജയത്തിൻെറ പ്രാഥമികോപാധികളായി സ്വാമി രാമൻ നിർവചിച്ചിരുന്നതു് നിർഭയത്വവും, കർമ്മത്തിനുവേണ്ടി കർമ്മം ചെയ്യണമെന്നും, ത്യാഗശീലം അഭ്യസിക്കണമെന്നും, ആത്മവിശ്വാസം ഉറപ്പിച്ചുകൊള്ളണമെന്നും ഉള്ളതുമായിരുന്നു......ത്യാഗം എന്നു രാമൻ പറഞ്ഞതു് നമ്മുടെ ചെറിയ വ്യക്തിസ്വരൂപമായ അസ്തിത്വത്തെ ബലികഴിക്കണമെന്നാണു്. ഇതു സന്യാസമോ മുനിചര്യയോ ആയിരിക്കണമെന്നു നിർബന്ധമില്ല........ശണ്ഠകളിൽനിന്നു യോജിപ്പിലേയ്ക്കും, ഭിന്നതയിൽനിന്നു "ഭിന്നതകളിലെ ഐക്യത്തി"ലേയ്ക്കും, സകലാത്മാവിലേയ്ക്കു സ്വന്തം ആത്മാവിൽനിന്നും, വൈവിധ്യത്തിൽനിന്നും "വൈവിധ്യത്തിലെ ഏകത്വത്തിലേയ്ക്കും" ദ്വേഷത്തിൽനിന്നു പ്രേമത്തിലേയ്ക്കും, യുദ്ധത്തിൽനിന്നു ശാന്തിയിലേയ്ക്കും ഉയരാൻ അദ്ദേഹം മനുഷ്യരെ ഉൽബോധിപ്പിക്കുന്നു.

ഇൻഡ്യായെ ഇന്നു വെല്ലുവിളിച്ചുംകൊണ്ടിരിക്കുന്ന വിവിധ പ്രശ്നങ്ങളുടെ പരിഹാരത്തിനുള്ള അന്വേഷണത്തിൽ സ്വാമിരാമൻെറ ശാസനങ്ങളെ നാം മറക്കാതിരിക്കണം.

(3) ജന്മദിനസന്ദേശം

(സിസ്റ്റർ സുശീലാദേവി—അമേരിക്കായിലെ മിസ്സ് എല്ലൻ
സെൻറ ക്ലെയർ നോവാർഡ്)

......വേദനകൊണ്ടു തുടിക്കുന്ന ലോകത്തിൻെറ ഹൃദയത്തെ നോക്കുമ്പോൾ, ഒരു ദീപധാരിയായിരുന്ന രാമതീർത്ഥൻെറ അകാല

digitized by www.sreyas.in

ദേഹവിയോഗത്തെപ്പററി നമുക്കു ഖേദിക്കാതിരിക്കാൻ നിവൃത്തിയില്ല. എന്തെന്നാൽ അദ്ദേഹത്തിന്റെ മാതൃകയിലുള്ള മഹാത്മാക്കളെ ഇപ്പോഴാണു് ഏററവും ആവശ്യമായിട്ടുള്ളതു്. അവർ ആത്മസാക്ഷാൽക്കാരത്തിന്റെ അൽഭുതകരമായ രഹസ്യങ്ങളും, ശാന്തിയുടെ സന്ദേശവും ലോകമാസകലം പ്രചരിപ്പിക്കുന്നു. എങ്കിലും, ഒരു സാർവ്വജനീനപുണ്യവാളൻ ആയ സ്വാമി ചെയ്തിട്ടുള്ള മഹനീയ കൃത്യങ്ങളെ - പ്രതിവർഷം അധികമധികം ശക്തിയോടുകൂടി തുടർന്നുവരുന്ന കൃത്യങ്ങളെക്കുറിച്ചു് നമുക്കാനന്ദിക്കയും, തന്റെ അധീനതയിൽ വന്നിട്ടുള്ള എല്ലാവിധ രൂപങ്ങളിലുമിരിക്കുന്ന സകല ബ്രഹ്മാണ്ഡകടാഹശക്തികളുമായി ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്വാമിരാമന്റെ സാന്നിധ്യം ദർശിക്കയും ചെയ്യാം...

(4) (ഗിർധാർ ഗോപാൽ സാക്സേനാ എം. എ)

.........സ്വാമിരാമൻ ചെറുപ്പത്തിലേ മരിച്ചുപോയി. ഇൻഡ്യായിലെയും അഖിലലോകത്തിലെയും യുവാക്കന്മാർ അദ്ദേഹത്തെ ഒരു മാതൃകയായി സ്വീകരിച്ചു് ജീവിക്കുമെങ്കിൽ അതു മനുഷ്യവംശത്തിനു മുഴുവൻ മാത്രമല്ലാ, സൃഷ്ടിക്കുമുഴുവൻതന്നെ ഒരു ഉൽകർഷകാരണമായിരിക്കും.

(5) ബാപ്പട് പി. ദേശായി

.. ...നമ്മുടെ സാമൂഹ്യവും, രാഷ്ട്രീയവും ആയ പ്രശ്നങ്ങളുടെ പരിഹാരത്തിനുവേണ്ടി നാം പരിഭ്രമിക്കയോ, പാശ്ചാത്യരുടെ മാതൃകകളും, പരിഷ്കാരങ്ങളും ഒരിക്കലും നമ്മെ വ്യാമോഹിപ്പിക്കയോ പാടില്ല. നമ്മുടെ ആദിമസംസ്കാരത്തിന്റെ ആദർശങ്ങളെ ആശ്രയിച്ചുവേണം നമുക്കു അഭിവൃദ്ധിപ്രാപിക്കാൻ. ഇവയാണു് സ്വാമിരാമൻ ലോകത്തിനു വ്യാഖ്യാനിച്ചുകൊടുക്കുന്നതു്. ആ ആദർശങ്ങളെ നമുക്കു ഭക്തിവിശ്വാസത്തോടും, സമാധാനമായും അനുവർത്തിക്കേണ്ടതുണ്ടു്......

digitized by www.sreyas.in

# രാമതീർത്ഥ പ്രതിധ്വനികൾ

തരംഗം—ഏഴ്

## വേദാന്തപർവ്വതത്തിൽനിന്നുള്ള കാഴ്ചകാണൽ.

### I. സങ്കല്പവാദവും (Idealism) പ്രത്യക്ഷവാദവും (Realism) അനുരഞ്ജിക്കുന്നു. *

(1903-ജനുവരി 13-ാം തീയതി ഗോൾഡൻ ഗേറ്റുഹാളിൽ ചെയ്ത പ്രസംഗം)

മാന്യസ്ത്രീപുരുഷന്മാരുടെ രൂപത്തിലുള്ള സാങ്കല്പികവും പ്രത്യക്ഷവും ആയ കേവലവും ഏകവും ആയ തത്വമേ,

ഇന്നത്തെ പ്രസംഗവിഷയം ബഹുകഠിനമാണ്; വളരെ വിഷമമാണ്. പൂർണ്ണമായി ശ്രദ്ധിക്കുന്നവർക്ക്, തത്വശാസ്ത്രവുമായി മുമ്പേതന്നെ ഏതാനും പരിചയം സിദ്ധിച്ചവർക്ക്, മാത്രമേ അതു ഗ്രഹിക്കാൻ തരമാകൂ. നിങ്ങളെല്ലാം ക്ഷീണിച്ചു മുഷിഞ്ഞു് എഴുന്നേറ്റുപോയാലും, ലോകമെല്ലാം വന്നിരുന്നു പ്രസംഗം കേട്ടാലും രാമനു യാതൊരു വ്യത്യാസവുമില്ല. പൊതുജനപ്രീതി സമ്പാദിക്കാനുള്ള മോഹത്തിനെല്ലാം മുകളിലാണ് സത്യം നില്ക്കുന്നതു്. സയൻസിന്റെ നിയമങ്ങൾ ലോകത്തെ ഭരിച്ചുകൊണ്ടിരിക്കുന്നതും, ഇതേവരെ ഭരിച്ചുകൊണ്ടിരുന്നതും, മേലും സകല ജഗത്തിനെയും ഭരിച്ചുകൊണ്ടുതന്നെ തുടരുന്നതും ആകുന്നു; ആ നിയമങ്ങളെ ജനങ്ങൾ അറിഞ്ഞാലും, അറിഞ്ഞില്ലെങ്കിലും, അവ പൊതുജനഹിതാനുകൂലമായാലും, അല്ലെങ്കിലും രണ്ടും ഒരുപോലെതന്നെ. സർ ഐസക്ക് ന്യൂട്ടൺ കണ്ടുപിടിക്കുംമുമ്പേതന്നെ ആകർഷണനിയമം ആകർഷണനിയമംതന്നെ ആയിരുന്നു. ജനങ്ങൾ ഇതേവരെ കണ്ടുപിടിച്ചി

* ഈ പ്രസംഗത്തിന്റെ മാഹാത്മ്യംകൊണ്ടു് അമേരിക്കയിലെ 18 സർവ്വകലാശാലകൾ സ്വാമി രാമന് എൽ. എൽ. ഡി-ഡിഗ്രി കൊടുക്കാമെന്നു നിർദ്ദേശിക്കയും, അദ്ദേഹം അതു നന്ദിപൂർവ്വം തിരസ്കരിക്കയും ചെയ്തതായി പറയപ്പെട്ടിരിക്കുന്നു.

digitized by www.sreyas.in

ട്ടില്ലാത്ത നിയമങ്ങളുണ്ടു്; എന്നാലും അവ ലോകത്തെ ഭരിച്ചുകൊണ്ടിരിക്കുന്നു. മഹോജ്വലമായ ഒരു വജ്രം ഒരു ഖനിയിൽ കിടക്കുന്നുണ്ടായിരിക്കാം; ജനങ്ങളിൽ ആരുംപോയി അതെടുക്കുന്നില്ലായിരിക്കാം; എന്നാലും വജ്രം അതിന്റെ പൂർണ്ണപ്രഭാവത്തിൽ പഴയതുപോലെ തിളങ്ങിക്കൊണ്ടു ശോഭിക്കുന്നു. ജനങ്ങൾക്കിഷ്ടമുണ്ടെങ്കിൽ അതെടുത്തു നെററിയിൽ ചാർത്തട്ടെ; അഥവാ അവരതിനെ തീരെ വിഗണിക്കട്ടെ. വജ്രത്തിനു് അതുകൊണ്ടു് ഒരു ഭേദവും വരാനില്ല.

പ്രസംഗവിഷയം വളരെ കഠിനമാണു്. എന്നാൽ നല്ലവണ്ണം സൂക്ഷിച്ചു് സശ്രദ്ധം നിങ്ങൾ അതു പിന്തുടരുമെങ്കിൽ നിങ്ങൾക്കതു മനസ്സിലാക്കാം. "ഇത്തരം കഠിനവും, ചിന്താപരവും, തത്വജ്ഞാനപരവും ആയ വിഷയങ്ങൾ പറയുന്നതുകൊണ്ടു് എന്തുപയോഗമാണുള്ളതു്?" എന്നു നിങ്ങൾ ചോദിക്കരുതു്. "ഞങ്ങൾക്കതുവേണ്ടാ; ഞങ്ങൾക്കതു സാരമല്ല; ഞങ്ങൾക്കു "സാരമായ കാര്യം"ആവശ്യം; പ്രായോഗികമായ വല്ലതുമാണു് വേണ്ടതു്"എന്നു നിങ്ങൾ പറയരുതു്. പ്രായോഗികവിഷയങ്ങളെക്കുറിച്ചു രാമൻ പ്രസംഗിച്ചുകൊണ്ടിരിക്കയായിരുന്നു. എന്നാൽ സിദ്ധാന്തപരവും, താത്വികവും ആയ വിഷയങ്ങളും ആവശ്യംതന്നെ. ഒരു പ്രബലമായ സിദ്ധാന്തത്തിന്റെ പിൻബലംകൂടാതെ ഒരു വസ്തുതയും വിവരിക്കാൻ നിവൃത്തിയില്ല. നിങ്ങളുടെ അഭ്യാസമെല്ലാം നിങ്ങളുടെ ഓജസ്സു് അനുഷ്ഠാനസരണിയിലേയ്ക്കു രൂപാന്തരംപ്രാപിപ്പിക്കുക എന്നുള്ളതാണു്; മറെറാന്നുമല്ല എന്നു നിങ്ങൾക്കറിയാമല്ലൊ. നിങ്ങൾക്കെന്തെങ്കിലും ഒന്നു എഴുതണമെങ്കിൽ, പേനാ ചലിക്കുന്നതിനു മുമ്പു്, ആ വിഷയം മുഴുവനും ഒരു സിദ്ധാന്തരൂപത്തിൽ—ചിന്താസ്വരൂപത്തിൽ—മനസ്സിൽ വരണം. ആലോചന സദാ പ്രവൃത്തിക്കു മുന്നോടിയാകുന്നു. നിങ്ങൾക്കൊരു സ്ഥലത്തു പോകണമെങ്കിൽ, നിങ്ങളുടെ സഞ്ചാരം പ്രായോഗികാംശമായ ഒരു കാര്യമാണു്; എന്നാൽ നിങ്ങളുടെ മാംസപേശികളെയും, ചലനങ്ങളെയും ഭരിക്കുന്ന വിചാരം എന്ന ഒന്നുകൂടാതെ ഒരു അടിപോലും വെക്കാൻ നിങ്ങൾക്കു സാദ്ധ്യമല്ല. ഒരു വിദ്യാർത്ഥിക്കു സർവ്വകലാശാലയെപ്പററി മുൻകൂട്ടി വല്ലതും ഒരു ബോധം അവന്റെ മനസ്സിൽ ഇല്ലാതെ അവൻ കോളേജിൽ പോകുന്നില്ല; ഏതുതരം പരിശീലനവും പഠിത്തവും സമ്പാദിക്കണമെന്നു മുൻകൂട്ടി ആലോചിക്കാതെ—വല്ല അറിവുംകൂടാതെ—അവൻ പോകുന്നില്ല. ഒരു പ്രത്യേക അയൽക്കാരന്റെ സമ്പത്തും ധനവും സംബന്ധിച്ചു് അടിക്കടി ഒരുകള്ളൻ കേൾക്കുമ്പോൾ, താൻ തുടർച്ചയായി കേൾക്കുന്ന വിവരം അംഗീകരിക്കാതെ, അതിനെ പ്രവൃത്തിയിലേയ്ക്കു രൂപാന്തരപ്പെടുത്താതെ,

digitized by www.sreyas.in

അവൻ ആ അയൽക്കാരൻെറ ഭവനഭേദനം ചെയ്യാൻ ധൈര്യപ്പെടുന്നില്ല. എന്തെങ്കിലുംതരം മാനസികവ്യാപാരം — ചെയ്യേണ്ട സംഗതിയെപ്പററി മുൻകൂട്ടി എന്തെങ്കിലും ഒരുവിധം അറിവ് — കൂടാതെ ഒരു പ്രവൃത്തിയും നടത്താൻ തരമില്ല.

അതിനാൽ നിങ്ങളുടെ ആത്മാവിൻെറ ദിവ്യസ്വഭാവത്തെപ്പററിയുള്ള ബോധം നിങ്ങളുടെ ചെവിയിലേയ്ക്കു പെരുമ്പറ അടിച്ചു കടത്താനും, ശ്രോതാക്കളുടെയെല്ലാം ഹൃദയത്തിൽ അതു ഹറാൽ കയററി ഉറപ്പിക്കാനും രാമൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ദിവസം പ്രതി അതു നിങ്ങളുടെ ഉള്ളിൽ അഗാധമായി താഴ്ന്നുപതിയട്ടെ. മണിക്കൂർതോറും അതു നിങ്ങളുടെ മനസ്സിൽ തുരന്നു കയറട്ടെ; സയൻസുനിയമപ്രകാരം ഈ മാനസികശക്തി — ഇപ്പോൾ വ്യർത്ഥമായ ചിന്താവൃത്തിയെന്നു തോന്നുന്ന ഈ മനോബലം ഏററവും ഉൽകൃഷ്ടമായ അനുഷ്ഠാനമായി രൂപാന്തരം പ്രാപിക്കുന്നതും, ഈ ജ്ഞാനം നിങ്ങൾക്കു ആനന്ദപ്രദവും സുഖകരവും ആയി ഭവിക്കുന്നതും നിങ്ങൾ കാണും.

"വേദാന്തത്തിൻെറ വെളിച്ചത്തിൽ സങ്കല്പവാദവും, പ്രത്യക്ഷവാദവും അനുരഞ്ജിക്കുന്നു" എന്നതാണ് പ്രസംഗവിഷയം. മററു വിധം പറഞ്ഞാൽ, തത്വജ്ഞാനികൾക്കു അത്യന്തം പ്രധാനമായ "ദർശനത്തെക്കുറിച്ചുള്ള വേദാന്തസിദ്ധാന്തം" (The Vedantic Theory of Perception) ആണ് ഇന്നത്തെ പ്രമേയം.

സങ്കല്പവാദം, പ്രത്യക്ഷവാദം — ഇവ രണ്ടും എന്താണെന്നുള്ളതിനെപ്പററി നിങ്ങളോടു ആദ്യമേ അല്പം പറയേണ്ടതുണ്ട്. ഇതുകളെപ്പററി വിശദമായി അവയുടെ സൂക്ഷ്മാംശങ്ങളിലേയ്ക്കു പ്രവേശിക്കാൻ നമുക്കു സമയമില്ല. ചുരുക്കത്തിൽ പറഞ്ഞാൽ, നമുക്കു സ്പഷ്ടമായി കാണാവുന്നതുപോലെയുള്ള ഈ ലോകം ഒരു യഥാർത്ഥ സംഭവംതന്നെയെന്നു പരിഗണിക്കുന്ന സിദ്ധാന്തമോ, വിശ്വാസമോ ആണ് പ്രത്യക്ഷവാദം പ്രകടിപ്പിക്കുന്നത്; നേരെമറിച്ച് സങ്കല്പവാദപ്രകാരം, ഈ ലോകം നമുക്കു കാണപ്പെടുന്നതുപോലെ ഇല്ല; ഒരു ലോകമുണ്ട്, എന്നാൽ അതു നമുക്കു കാണപ്പെടുന്നതുപോലെ അല്ല. എന്നാൽ പ്രത്യക്ഷവാദം അനുസരിച്ചു പദാർത്ഥങ്ങൾ നമുക്കു കാണപ്പെടുന്നതുപോലെ അവ അങ്ങിനെതന്നെ യഥാർത്ഥമായിട്ടുണ്ട്. സങ്കല്പവാദം വിവിധശാഖകളിലുണ്ട്. ബേക്ക്ലേയുടേയും, ഫിഷ്ററിൻെറയും സങ്കല്പവാദമായ "ദ്രഷ്ടൃപരസങ്കല്പവാദം" * നമുക്കുണ്ട്. പ്ലേറേറായുടേയും, കാണ്ടിൻേറയും "ദൃശ്യപരമായ സങ്കല്പവാ

* Subjective Idealism.

digitized by www.sreyas.in

ദ''വും † ഉണ്ടു്. ഹെഗൽ, ഷെല്ലി, ഇത്തരമുള്ള മററു് അനേകംപേർ — ഇവരുടെ സങ്കല്പവാദമായ "അനാപേക്ഷികസങ്കല്പവാദം" § അതും ഉണ്ടു്. ബയിൻ, മിൽ തുടങ്ങിയ വളരെ തത്വജ്ഞാനികൾ പ്രത്യക്ഷവാദത്തെ പിൻതാങ്ങുന്നു. സങ്കല്പവാദത്തിൻെറയോ, പ്രത്യക്ഷവാദത്തിൻെറയോ ഈ ബഹുവിധ ശാഖോപശാഖകളെ നമുക്കു് ഇന്നു വിവരിക്കേണ്ടതില്ല. ഇന്നത്തെപ്രസംഗത്തിൽബേക്ക്ലേയുടെദ്രഷ്ടൃപരമായ സങ്കല്പവാദമോ, പ്ലേറേറായുടെയും കാണ്ടിൻെറയും ദൃശ്യപരമായ സങ്കല്പവാദമോ, ഹെഗലിൻെറയും ഷെല്ലിയുടേയും അനാപേക്ഷികസങ്കല്പവാദമോ നാം വിമശിക്കയോ, ചച്ചചെയ്കയോ ചെയ്യുന്നില്ല. ഓരോരുത്തക്കും, എല്ലാവക്കും വേദാന്തത്തിനു് ഇതിനെ സംബന്ധിച്ചു എന്താണു് പറയാനുള്ളതെന്നു സൂക്ഷ്മമായി ഗ്രഹിക്കാൻ ആവശ്യമുള്ളിടത്തോളം മാത്രമേ നാം ഇവയെ ഇന്നു പരാമശിക്കുന്നുള്ളു; അത്രമാത്രമേ ചെയ്യുന്നുള്ളു.

പ്രമേയം ചച്ചചെയ്യുംമുമ്പേ രണ്ടു വാക്കുകളെ കുറേ വിവരിച്ചു ഒന്നു നിവ്വചനംചെയ്യേണ്ടതുണ്ടു്. 'ജ്ഞാതാവു്', അഥവാ 'ദ്രഷ്ടാവു്', അഥവാ 'കത്താവു്' എന്നതും 'ജ്ഞേയം', അല്ലെങ്കിൽ 'ദൃശ്യം', അല്ലെങ്കിൽ 'കമ്മം' എന്നതും ആണു് ഈ വാക്കുകൾ. 'കത്താവു്' 'കമ്മം' എന്നീ പദങ്ങൾ പല അത്ഥത്തിൽ നാം പ്രയോഗിക്കുന്നുവെന്നു നിങ്ങൾക്കറിയാം. വ്യാകരണശാസ്ത്രത്തിൽ ഈ പദങ്ങളെ ഒരത്ഥത്തിൽ ഉപയോഗിക്കുന്നു; സാധാരണ സംഭാഷണഭാഷയിൽ അവ വേറൊരത്ഥത്തിൽ ഉപയോഗിക്കപ്പെടുന്നു. തത്വജ്ഞാനഭാഷയിൽ അവയ്ക്കു സ്വന്തമായ വേറൊരത്ഥമുണ്ടു്; തത്വശാസ്ത്രഭാഷയിൽ 'കത്താവു്', അഥവാ 'ജ്ഞാതാവു്' എന്നതു് 'ചെയ്യുന്നവൻ, അറിയുന്നവൻ' എന്നും, 'കമ്മം' അഥവാ 'ജ്ഞേയം' എന്നതു് "ചെയ്യപ്പെടുന്ന അഥവാ അറിയപ്പെടുന്ന വസ്തു" എന്നും ദ്യോതിപ്പിക്കുന്നു. നിങ്ങൾ ഈ പെൻസിൽ കാണുമ്പോൾ പെൻസിൽ ജ്ഞേയവും, പെൻസിലിനെ കാണുന്ന നിങ്ങൾ ജ്ഞാതാവും ആകുന്നു. ദശിക്കുന്നവൻ ദ്രഷ്ടാവും, ദശിക്കപ്പെടുന്നതു് ദൃശ്യവും അത്രേ. ഇങ്ങനെ സാധാരണഭാഷയിൽ 'ജ്ഞാതാവു്' എന്നാൽ 'ബുദ്ധി' അല്ലെങ്കിൽ 'ബോധം' എന്നത്ഥംവരുന്നു. എന്നാൽ വേദാന്തശാസ്ത്രപ്രകാരം ഈ 'ബോധം' അല്ലെങ്കിൽ 'ബുദ്ധി' അല്ലെങ്കിൽ 'പ്രതിഭാ'—ഇതിനെയും ജ്ഞാതാവെന്നു പറവാൻ പാടില്ല; ഇതും ഒരുവക 'ജ്ഞേയം' തന്നെയാണു്. ദശിക്കപ്പെടുന്നതു് ദൃശ്യമാണെന്നു നിങ്ങൾക്കറിയാം. നിങ്ങൾക്കു ബുദ്ധിയെ

†Objective Idealism.

§Absolute Idealism.

digitized by www.sreyas.in

ദർശിക്കാം, അറിയാം; നിങ്ങൾക്കതിനെപ്പററി ചിന്തിക്കാം; അതിനെപ്പററി യുക്തിവാദംചെയ്യാം; ബുദ്ധിയെ സംബന്ധിച്ച് നിയമങ്ങൾ ഉണ്ടാക്കാം. ബുദ്ധിയെ ദർശിക്കയും, വാദപ്രതിവാദവിഷയമാക്കുകയും ചെയ്യാം. അത്രയ്ക്ക്—അത്രത്തോളം ബുദ്ധിയും ഒരു ജ്ഞേയംതന്നെയാണ്; ജ്ഞാതാവല്ല. യഥാർത്ഥദ്രഷ്ടാവു ദർശിക്കപ്പെടാവുന്നതല്ല; യഥാർത്ഥജ്ഞാതാവ് ചിന്തിക്കപ്പെടുകയോ, അറിയപ്പെടുകയോ ചെയ്യപ്പെടാവുന്നതല്ലാ. അറിയുന്നവനെ എങ്ങനെ അറിയാം? യഥാർത്ഥജ്ഞാതാവ് ഒന്നുകിൽ അറിയുന്നവനോ, അല്ലെങ്കിൽ അറിയപ്പെടുന്നതോ ആയിരിക്കണമെന്നു നിങ്ങൾ ഗ്രഹിക്കുന്നില്ലയോ? അതു് അറിയപ്പെടുന്ന ക്ഷണത്തിൽ ജ്ഞേയമായിത്തീരുന്നു; അതു പിന്നീടു ജ്ഞാതാവായി ശേഷിക്കുന്നില്ലാ. എന്നാൽ സാധാരണഭാഷയിൽ ജ്ഞാതാവെന്നതു് 'ബുദ്ധി' 'ബോധം' 'പ്രതിഭാ' എന്നോ അർത്ഥമാകുന്നുള്ളൂ. വേദാന്തപ്രകാരം 'പരമാർത്ഥദ്രഷ്ടാവ്, പരമാർത്ഥജ്ഞാതാവ്' സത്യാത്മാവാണു്; കേവലമായ അപരിമേയം; സകല ശരീരങ്ങളിലും ഒന്നുപോലെ ഇരിക്കുന്നതു്. ഇതുസംബന്ധമായി ഒരു സംസ്കൃതവാക്കുകൂടി ഓക്കുന്നതു് നിങ്ങൾക്കു യോഗ്യതയായിരിക്കും. 'കർത്താവു' എന്നതിനെ സംസ്കൃതത്തിൽ 'ദ്രഷ്ടാവു' എന്നും, 'കർമ്മം' എന്നതു് സംസ്കൃതത്തിൽ 'ദൃശ്യ'മെന്നും കൂടി പറയപ്പെടുന്നു. സംസ്കൃതത്തിൽ പരമാർത്ഥദ്രഷ്ടാവു ബ്രഹ്മം അഥവാ ആത്മാവ് ആണു്. 'ആത്മാ'വെന്ന വാക്കു ഇംഗ്ലീഷിൽ ഷോപ്പനോവരുടെ 'ഇച്ഛ' (Will) എന്നോ ഹെഗലിൻെറ 'നിഷ്കൃഷ്ടബുദ്ധി' (Hard Intellect) അഥവാ 'അനാപേക്ഷികബുദ്ധി' (Absolute Intellect) യെന്നോ പരിവർത്തനംചെയ്യാം. ഹെഗലും, ഷോപ്പ്നോവും പരസ്പരം പ്രതിരോധികളാണെന്നു നിങ്ങൾക്കറിയാമല്ലോ. അവർ സദാ അന്യോന്യം മല്ലുവെട്ടിക്കൊണ്ടു നില്ക്കുന്നു. എന്നാൽ വേദാന്തം അവരെ രമ്യപ്പെടുത്തുന്നു. "അനാപേക്ഷികമായ ഇച്ഛ" എന്നു ഷോപ്പ്നോർ പറയുന്നതു് പരമാർത്ഥത്തിൽ 'അനാപേക്ഷികബുദ്ധി' എന്നു ഹെഗൽ വിളിക്കുന്നതുതന്നെയാണു്. അതുപോലെ അനാപേക്ഷികാത്മാവിനു് ബ്രഹ്മമെന്ന വാക്കു നമുക്കുണ്ടു്. 'ബ്രഹ്മം' എന്നാൽ 'അനാപേക്ഷികമായ ഇച്ഛ', 'അനാപേക്ഷികബുദ്ധി', 'അനാപേക്ഷികസത്ത', 'അനാപേക്ഷികാനന്ദം' എന്നു് അർത്ഥം പറയാം.

അതിനാൽ പരമാർത്ഥദ്രഷ്ടാവ് സത്യാത്മാവാണു്. എന്നാൽ പ്രായോഗികദ്രഷ്ടാവു ബുദ്ധിയിലോ, അഥവാ ബോധത്തിലോകൂടി പ്രതിഭാസിക്കുന്ന ആത്മാവത്രേ. അതുപോലെ ബുദ്ധിയെ ഒരു ഏജൻറാക്കി വെച്ചിരിക്കുന്ന പരമാർത്ഥാത്മാവ് ആണു് ദ്രഷ്ടാവു് എന്നു പറയപ്പെടുന്നതു്.

digitized by www.sreyas.in

പ്രത്യക്ഷവാദികൾ അവരുടെ ഭാഗത്തേയ്ക്കു കൊണ്ടുവരുന്ന വാദമുഖങ്ങൾ എന്തെല്ലാം? സങ്കല്പവാദികൾ അവരുടെ ഭാഗത്തു നിന്നും അവതരിപ്പിക്കുന്ന മുഖ്യവാദങ്ങൾ എന്തെല്ലാം? ഇതൊരു വലിയ വിഷയമാണു്; എന്നാൽ നമുക്കു വളരെ സംക്ഷേപിച്ചു് അതിൽക്കൂടി കടക്കണം. ബേക്ക്ലേയെ വിമർശിക്കാൻ നമുക്കു സമയമില്ല. ബേക്ക്ലേ ഒരു പ്രധാന സങ്കല്പവാദിയാണു്. എത്ര ചുണയോടുകൂടി അദ്ദേഹം തന്റെ തത്വജ്ഞാനപദ്ധതി ആരംഭിക്കുന്നു? വേദാന്തതത്വശാസ്ത്രത്തോടു കൈകോർത്തുപിടിച്ചു യോജിച്ചുപോകുന്നിടത്തോളം എത്ര ഉയരത്തിൽ അദ്ദേഹം കയറുന്നു? ആ തത്വശാസ്ത്രത്തോടു വിഘടിക്കുന്ന നിമിഷത്തിൽ അദ്ദേഹം മാർഗ്ഗഭ്രംശത്തിൽ അകപ്പെട്ടു് സൃഷ്ട്യാകൃതിയിൽ വളഞ്ഞുപുളഞ്ഞു കിടക്കുന്ന വഴിയിലേയ്ക്കു പതിക്കുന്നു. അതൊരു രസകരമായ വിഷയമാണു്; ഒരിക്കൽ ചർച്ചചെയ്യേണ്ട പ്രമേയമാണു്; സർവ്വകലാശാലാവിദ്യാർത്ഥികളോടോ പ്രൊഫസ്സറന്മാരോടോ പ്രസംഗിക്കാൻ സന്ദർഭം ഉണ്ടാകുമ്പോൾ രാമൻ അതെടുത്തു വിമർശിക്കുന്നതാണു്. അദ്ദേഹത്തിന്റെ തത്വജ്ഞാനക്കൂടത്തിൽ ആദ്യഭാഗവും അവസാനഭാഗവും തമ്മിൽ എന്തൊരു ഭിന്നതയാണു്? വളരെ അനേകം ഭൂതങ്ങളിൽ—ദേവതകളിൽ അദ്ദേഹം വിശ്വസിക്കാൻ നിർബ്ബന്ധിതനായിപ്പോയി! ലോകത്തെ നിയന്ത്രിക്കാൻ ഒരു വ്യക്തിപരദൈവത്തെക്കൊണ്ടുവരാൻ അദ്ദേഹം പ്രേരിതനായി! ആ തത്വജ്ഞാനപദ്ധതിപ്രകാരം സമീപിച്ചൊരു ദേവതക്കൂടാതെ ലോകത്തിൽ യാതൊരു വസ്തുവും ഇല്ലെന്നു വരുന്നു! ഇങ്ങിനെ എന്തെല്ലാം അബദ്ധങ്ങൾ അദ്ദേഹം ഉന്നയിച്ചിരിക്കുന്നു? ശരി; അതു് എന്തായാലും ഇന്നു നാം എടുക്കാത്ത ഒരു വിഷയമാണു്. സങ്കല്പവാദികൾ ഉന്നയിക്കുന്ന പല യുക്തികളിൽ രണ്ടോ മൂന്നോ പ്രധാനങ്ങളാണു്. ആദ്യത്തേതു് ഇതാണു്:—"നിങ്ങളുടെ സ്വന്തപ്രയത്നം കൂടാതെ നിങ്ങൾക്കു യാതൊന്നും കാണാനോ, ദർശിക്കാനോ പാടില്ല. ദ്രഷ്ടാവിന്റെ ശ്രമംകൊണ്ടു മാത്രമാണു് ഈ പ്രപഞ്ചത്തിൽ എന്തിനെയെങ്കിലും അയാൾ കാണുന്നതു്, ബോധിക്കുന്നതു്; നിങ്ങൾ എന്തെങ്കിലും എഴുതുന്നു; നിങ്ങളുടെ മനസ്സു പേനയോടുകൂടിയിരിക്കുന്നു; അവിടെ നിങ്ങളുടെ മുമ്പിൽ ഒരു സർപ്പം കടന്നുവരുന്നു; നിങ്ങൾ അതു ദർശിക്കുന്നില്ല; നിങ്ങൾക്കു സർപ്പം സർപ്പം അല്ലാ; സർപ്പം അവിടെ ഇല്ലാ. നിങ്ങളുടെ പ്രയത്നം—സഹായം—നിങ്ങളുടെ മനസ്സിന്റെയോ ദ്രഷ്ടാവിന്റെയോ പ്രവൃത്തി ഇല്ലെങ്കിൽ അവിടെ ദൃശ്യവസ്തു ഇല്ല." ഇതാണു് സങ്കല്പവാദികളുടെ വാദഗതി. നിങ്ങൾ ഉറങ്ങുമ്പോൾ ദ്രഷ്ടാവു പ്രവൃത്തിശീലനായിരിക്കുന്നില്ല. ചുററുമുള്ള ശബ്ദങ്ങളൊന്നും കേൾക്കപ്പെടുന്നില്ല. ചിലപ്പോൾ ഉറ

digitized by www.sreyas.in

ങ്ങുന്ന സമയം ചിലർ കണ്ണടയ്ക്കാറേഇല്ല. ഉറങ്ങുമ്പോൾ കണ്ണു തീരെ അടയ്ക്കാത്ത ചില ആളുകൾ ഉണ്ടു്. അപ്പോൾ അവരുടെ കൺമുന്നിൽ സകല പദാർത്ഥങ്ങളും ഇരിക്കുന്നു. അവരുടെ കണ്ണിന്റെ വീക്ഷണപഥത്തിൽ സകല സാധനങ്ങളും പ്രതിബിംബിക്കുന്നു. എന്നാലും അവർ അവയെകാണുന്നില്ല. സങ്കല്പവാദികൾപറയുന്നു:—"നിങ്ങളുടെ മനസ്സ് അപ്പോൾ പ്രവൃത്തിയിൽഅല്ല; ദ്രഷ്ടാവ് തന്റെ പ്രയത്നശക്തി പ്രയോഗിക്കുന്നില്ല; നിങ്ങൾ പദാർത്ഥങ്ങളെ ദർശിക്കുന്നുമില്ല; മാനസികവ്യാപാരംകൂടാതെ ഈ ലോകത്തെന്തെങ്കിലും കാണ്മാൻ നിങ്ങൾക്കു കഴിയുമോ? ഇല്ല." ഈ മേശയോ, ആ ഭിത്തിയോ, കാണാമോ എന്നു പരീക്ഷിച്ചുനോക്കുക. രാമന്റെ വാക്കുകൾ കേൾക്കാൻ ശ്രമിക്കുക; മാനസികവ്യാപാരം കൂടാതെ എന്തെങ്കിലും ദർശിക്കാൻ ശ്രമിക്കുക. നിങ്ങൾക്കതു കഴിയുമോ? മനസ്സിന്റെ ഭാവനകൂടാതെ, മനസ്സ് ചിന്തിക്കാതെ നിങ്ങൾക്കെന്തെങ്കിലും കാണാൻ കഴിയുമോ? ഇല്ല, കഴികയില്ല. ഇങ്ങനെ സങ്കല്പവാദികൾ പറയുന്നു: "ഈ പ്രപഞ്ചംമുഴുവനും വെറും സങ്കല്പം അല്ലാതെ വേറൊന്നുമല്ല; ഈ ലോകമെല്ലാം നിങ്ങളുടെ ചിന്താവ്യാപാരം മാത്രമാണു്. പ്രപഞ്ചം ഉണ്ടെന്നു നിങ്ങൾ എങ്ങനെ അറിയുന്നു? നിങ്ങളുടെ ഇന്ദ്രിയങ്ങൾമുഖേന. എന്നാൽ ഇന്ദ്രിയങ്ങൾ സ്വയം യാതൊന്നും ദർശിക്കുന്നില്ല. മനസ്സ് ഇന്ദ്രിയങ്ങളോടു സംഘടിച്ചു നില്ക്കുമ്പോഴേ ഇന്ദ്രിയങ്ങൾ ദർശിക്കുന്നുള്ളു. മനസ്സ് ഇന്ദ്രിയങ്ങൾമുഖേന ദർശിക്കുന്നതാണു്. ഇവിടെ മനസ്സ് അഥവാ ബുദ്ധി ആണു് ദ്രഷ്ടാവ് എന്നു സ്മരിക്കുക. മാനസികവൃത്തി കൂടാതെ നിങ്ങൾക്കൊന്നും കേൾക്കാവതുമല്ല; അതുകൂടാതെ നിങ്ങൾക്കൊന്നും കാണാനോ, ചെയ്യാനോ, ബോധിക്കാനോതരമില്ല" അതിനാൽ സങ്കല്പവാദികൾ പറയുന്നു: "ഹേ! ലോകജനങ്ങളേ! ഈ പ്രപഞ്ചം പരമാർത്ഥമാണെന്നു പറകയും, ഈ പദാർത്ഥങ്ങളെല്ലാം യഥാർത്ഥമാണെന്നു പരിഗണിക്കയും ചെയ്യുന്ന നിങ്ങൾ നിങ്ങളെത്തന്നെ മറന്നുകളയരുതു്; അബദ്ധത്തിൽ ചാടരുതു്. നിങ്ങൾതന്നെ സൃഷ്ടിക്കുന്നതാണു് ഈ പദാർത്ഥങ്ങളെല്ലാം; നിങ്ങളുടെ ചിന്താശക്തിവ്യാപാരങ്ങൾആണു് ഇവയെ ഉല്പാദിപ്പിക്കുന്നതു്, നിങ്ങൾ തന്നെയാണിതുകൾ ഉണ്ടാക്കുന്നതു്." ഇതാണു സങ്കല്പവാദികൾ പറയുന്നതു്. ഈ സങ്കല്പവാദികൾ ഏതാണ്ടു വേദാന്തികളെപ്പോലെ കാണപ്പെടുന്നു. എന്നാൽ ഈ സങ്കല്പവാദികൾ എല്ലാം— ബെക്കലേ, പ്ലേറേറാ, ഹെഗൽ, കാണ്ടു്, ഫിഷ്റററ്, ഷെല്ലി, ഷോപ്പനോർ ഇവരെല്ലാം—വേദാന്തതത്വങ്ങൾ ഏറെക്കുറെ അംഗീകരിക്കുന്നവരാണു്. പക്ഷേ ദർശനക്രിയയെപ്പററിയുള്ള വേദാന്തസിദ്ധാന്തം ഇവരെയെല്ലാം അതിക്രമിച്ചു് അവക്കപ്പുറം നില്ക്കു

digitized by www.sreyas.in

ന്നുവെന്നു രാമൻ പറയുന്നു. ഇവക്കെല്ലാം പരസ്പരം ശണ്ഠകളുണ്ടു്; അവക്കു കുയുക്തികളും, മത്സരങ്ങളും, വിതണ്ഡാവാദങ്ങളും ഉണ്ടു്. എന്നാൽ വേദാന്തതത്വജ്ഞാനം ഇവരെ ഓരോരുത്തരെയും എല്ലാവരെയും സംയോജിപ്പിക്കുന്നു. ഈ കൂട്ടർ ആത്മാവു്—ദ്രഷ്ടാവു്—എന്നതിനെ പ്രശംസിച്ചു് അതിശയോക്തിയിൽ കണക്കിലധികം മാനിക്കുന്നു. എന്നാൽ വേദാന്തം ദ്രഷ്ടാവായ ആത്മാവിനെ ഈശ്വരീകരിച്ചു്, സിംഹീകരിച്ചു്, ഈ തത്വജ്ഞന്മാരെപ്പോലെ പുകഴ്ത്തുന്നില്ല, വിലമതിക്കുന്നില്ല. നമുക്കു സത്യത്തെ അതിനു്—ആ സത്യത്തിനു—വേണ്ടി മാത്രം അംഗീകരിക്കണം.

സങ്കല്പവാദികൾ കൊണ്ടുവരുന്ന മറ്റൊരു യുക്തി ഇതാണു്. സാധാരണജനങ്ങൾ യഥാർത്ഥമെന്നു ഗണിക്കുന്ന ഈ പ്രപഞ്ചം അപ്രകാരം യഥാർത്ഥമാണെന്നു് ഗണിക്കപ്പെടരുതു്; എന്തുകൊണ്ടെന്നാൽ അതിനെ നാം അതുപോലെ കാണുന്നതു് ഇന്ദ്രിയങ്ങളിൽക്കൂടിമാത്രമാണു്; നമുക്കു തോന്നപ്പെടുന്നതുപോലെ പ്രപഞ്ചം ശരിയാണെന്നുപറയാൻ നാം ഇന്ദ്രിയങ്ങളെമാത്രം ആശ്രയിക്കുന്നു. ഇന്ദ്രിയങ്ങളാകട്ടെ വിശ്വസിക്കത്തക്കവയല്ല, അവ വിശ്വസനീയമായ തെളിവു തരുന്നുമില്ല. ഇന്ദ്രിയങ്ങൾ വിശ്വാസയോഗ്യങ്ങളായ സാക്ഷികൾ അല്ല; ദൃഷ്ടാന്തത്തിനു കണ്ണുകൾതന്നെ എടുക്കാം മനുഷ്യനേത്രങ്ങളിൽനിന്നു ഭിന്നമായിട്ടാണു് എറുമ്പിന്റെ കണ്ണുകൾ കാണുന്നതു്. മനുഷ്യചക്ഷുസ്സിനു കാണപ്പെടുന്നതിനെക്കാൾ പദാർത്ഥങ്ങൾ ആനയുടെ കണ്ണിൽ വളരെയധികം വലുതായി കാണപ്പെടുന്നു. തവളയുടെ കണ്ണുകൾ വെള്ളത്തിനകത്തു സൂക്ഷ്മമായി സാധനങ്ങളെ കാണും. വായുവിൽ അവ സകലതിനെയും മൂടൽമഞ്ഞു മൂടിയതുപോലെ, അവ്യക്തമായി, ഇരുണ്ടുമാത്രമേ കാണുന്നുള്ളു. ആരുടെ കണ്ണുകളെയാണു് വിശ്വസിക്കേണ്ടതു്? മനുഷ്യന്റെയോ എറുമ്പിന്റെയോ? ഭൂരിപക്ഷാഭിപ്രായം നോക്കുന്നപക്ഷം എറുമ്പുകൾ ഒട്ടും ന്യൂനപക്ഷമല്ല. അവക്കു ഭൂരിപക്ഷമുണ്ടു്. ഭൂതക്കണ്ണാടിയുടെ ഘടനാതത്വങ്ങൾപ്രകാരം കണ്ണുകളുടെ പ്രകൃതം മാററിമാററി രൂപപ്പെടുത്തുന്നപക്ഷം, കണ്ണിലെ സ്ഫടികവൃത്താംശം (Lens) മാററ വെച്ചാൽ പ്രപഞ്ചം വളരെ വ്യത്യാസപ്പെട്ടുകാണപ്പെടും. ദൂരദർശിനിക്കണ്ണാടിയുടെ ഘടനാതത്വങ്ങൾ അനുസരിച്ചു കണ്ണിന്റെ കേന്ദ്രം സംഘടിപ്പിച്ചാലും ലോകം മാറിപ്പോകും. "നോക്കുകയും ചിരിക്കുകയുംചെയ്യുക" (Look and laugh) എന്നു പേർ പറയുന്ന ഒരു കളിസ്സാമാനം നിങ്ങൾ കണ്ടിരിക്കാം. രണ്ടു സ്ഫടികക്കഷണങ്ങൾ ചേർത്തുവെച്ചിട്ടുള്ള ഒരു വികൃതക്കാഴ്ച തരുന്ന കണ്ണാടിയാണിതു്. അതിൽക്കൂടി നോക്കിയാൽ ലോക

digitized by www.sreyas.in

ത്തിലെ സകല സാധനങ്ങളും ബീഭത്സമായി, ഗോഷ്ഠിയായി കാണപ്പെട്ടും. അതിൽക്കൂടി നോക്കിയാൽ വളരെ മനോഹരമായ ഒരു മുഖം താഴെ ഭൂമിയിൽ തൊട്ടും തല ശനിയെന്ന ഗ്രഹത്തെ സ്പൎശിച്ചുംകൊണ്ടു വളരെ നീണ്ടതായി കാണപ്പെട്ടും. വേറൊരുസ്ഥാനത്തുനിന്നു് ആ കണ്ണാടിയിൽക്കൂടെ നോക്കിയാൽ മുഖത്തിന്റെ നീളം ശരിയായിരിക്കും; എന്നാൽ ഒരു ചെവി കിഴക്കെഇൻഡ്യായിലും മററതു ചൈനായിലും ആയിരിക്കത്തക്കവിധം നീണ്ടുകാണാം. ഇങ്ങനെ ഈ തത്വപ്രകാരം കണ്ണുകളെ ഇണക്കിവെച്ചാൽ ലോകം സമ്പൂൎണ്ണംമാറി ഭേദപ്പെട്ടുകാണപ്പെട്ടും അതുപോലെതന്നെയാണു് കണ്ണുകളെ ഒഴിച്ചുള്ള ചെവികൾ മുതലായ മററിന്ദ്രിയങ്ങളും. മാംസപേശികളും സിരകളും വേറൊരുതരത്തിൽ സംവിധാനം ചെയ്തുവെച്ചാലും ലോകത്തിന്റെ പ്രകൃതമെല്ലാം മാറിക്കാണപ്പെട്ടും; ഭിന്നിച്ചുകാണപ്പെട്ടും. സിരകളും മാംസപേശികളും ജ്ഞാനേന്ദ്രിയങ്ങളും ഇങ്ങനെ ക്രമപ്പെടുത്തിയാൽ അതുകൾ അങ്ങനെതന്നെ നില്ക്കണമെന്നു നിങ്ങൾ പക്ഷേ പറയും. എന്നാൽ അതങ്ങനെ നില്ക്കയില്ല. പരിണാമനിയമം പറയുന്നതു് അവ മാററങ്ങൾക്കു വിധേയമാണെന്നാണു്. പ്രപഞ്ചം ശരിയായി കാണപ്പെട്ടുന്നതല്ലെന്നു് ഇങ്ങനെ സങ്കല്പവാദികൾ പറയുന്നു. നമുക്കു് ഉണ്ടെന്നു തോന്നുന്ന ലോകം വ്യാജമാണു്; നമുക്കു കാണപ്പെട്ടുന്ന ലോകം അയഥാൎത്ഥവും, മായാനിൎമ്മിതവും, കൃത്രിമവും ആണു്.

അവൎക്കു് അവരുടെ ഭാഗത്തു വേറെയും പല യുക്തികളും പറയാനുണ്ടു്; എന്നാൽ നാം വിശദാംശങ്ങൾ എടുത്തു വിസ്തരിക്കാൻതുടങ്ങിയാൽ പല നാളുകൾകൊണ്ടേ സങ്കല്പവാദംതന്നെ വിവരിച്ചു പറഞ്ഞുതീൎക്കാൻ നമുക്കു തരപ്പെട്ടുകയുള്ളു.

അതിനാൽ നമുക്കിനി പ്രത്യക്ഷവാദപക്ഷത്തിലേക്കുകടക്കാം. പ്രത്യക്ഷവാദികൾ പറയുന്നു: – "ഹേ! സങ്കല്പവാദികളേ! നിങ്ങൾ പറയുന്നതു് അബദ്ധമാണു്, പരമാബദ്ധമാണു്. നമ്മുടെ ഭാവനാസൃഷ്ടിയാണു നാം കാണുന്നതെല്ലാം എന്നു നിങ്ങൾ പറയുന്ന യുക്തി ശരിയാണെങ്കിൽ—അതു സത്യമാണെങ്കിൽ—ഹേ! സങ്കല്പവാദപക്ഷക്കാരേ! ആ ഭിത്തി നില്ക്കുന്നിടത്തു് ഒരു കുതിരയെ സൃഷ്ടിക്കുവിൻ! ആ മതിൽ ഒരു കുതിരയായി ഭവിക്കട്ടെ! ഹേ! സങ്കല്പവാദികളെ! പ്രപഞ്ചമെല്ലാം ഈ ചെറിയ ദ്രഷ്ടാവിന്റെ ബുദ്ധിയോ മനസ്സോ സൃഷ്ടിക്കുന്നതാണെങ്കിൽ, ഈ കൈലേസു് ഒരു സിംഹമോ, പെൻസിൽ ഒരു മഹാസൌധമോ ആയി രൂപാന്തരപ്പെടുത്തുക" അവർ വീണ്ടും പറയുന്നു:—"സങ്കല്പവാദപക്ഷപാതികളെ! നിങ്ങൾ പറയുന്നതു ശരിയല്ല. പ്രപഞ്ചം കാണപ്പെട്ടും

digitized by www.sreyas.in

പോലെ സത്യമാണു്. ഭിത്തി ഭിത്തിതന്നെയാണു്. അതുകൊണ്ടു് അതെപ്പോഴും ഇന്ദ്രിയങ്ങളിൽ ഒരു ഭിത്തിയായിത്തന്നെ പതിയുന്നു. നാളെ അതു് ഒരു കുതിരയായി കാണപ്പെടുന്നില്ല."

പ്രത്യക്ഷവാദികളുടെ ആക്ഷേപങ്ങൾക്കു സങ്കല്പവാദികൾ മറുപടി പറയുന്നു; അവൎക്കു പൂൎവ്വപക്ഷങ്ങൾക്കു് ഉത്തരം പറയാനുണ്ടു്. എന്നാൽ നാമിപ്പോൾ ഇരുഭാഗത്തുമുള്ള എല്ലാ വാദമുഖങ്ങളും ഇവിടെ എടുത്തു വിസ്തരിക്കുന്നില്ല. സങ്കല്പവാദികൾ പറയുന്നതു് പ്രത്യക്ഷവാദികളുടെ വാദം കാലത്തെസംബന്ധിക്കുന്ന ഒരു കാൎയ്യമാണെന്നാണു്. നിങ്ങൾക്കു ഭാവനാപ്രയോഗംകൊണ്ടു് ഇഷ്ടംപോലെ എന്തും സൃഷ്ടിക്കാം. ഭൂതങ്ങളെപ്പററി നാം ചിന്തിക്കുമ്പോൾ ഭൂതങ്ങൾ പ്രത്യക്ഷപ്പെടുന്നു; നാം എന്തെങ്കിലും ഭാവനചെയ്യുമ്പോൾ അതു് ആവിൎഭവിക്കുന്നു. "സ്വപ്നത്തിൽ നാം പദാൎത്ഥങ്ങളെ സൃഷ്ടിക്കുന്നില്ലയോ?" എന്നു അവർ ചോദിക്കുന്നു. നമ്മുടെ സങ്കല്പംകൊണ്ടു് നാം അതുകളെ സാക്ഷാല്ക്കരിക്കുന്നു. അവൎക്കുത്തരങ്ങളുണ്ടു്. ഇതുകൾക്കെല്ലാം പ്രത്യക്ഷവാദികൾ പ്രത്യുത്തരംകൊടുക്കുന്നു. ഈ ചോദ്യോത്തരപ്രത്യുത്തരങ്ങളുടെയെല്ലാം വിശദവിവരങ്ങളിൽ പ്രവേശിക്കാൻ നാം വിചാരിക്കുന്നില്ല.

വേദാന്തതത്വജ്ഞാനവും പ്രപഞ്ചത്തിനെ "എന്റെ സങ്കല്പം, എന്റെ സൃഷ്ടി" എന്നതുപോലെ പരിഗണിക്കുന്നു. എന്നാൽ "എന്റെ ഭാവന, എന്റെ സൃഷ്ടി" എന്നു വേദാന്തം ലോകത്തെ വീക്ഷിക്കുമ്പോൾതന്നെ, അതിന്റെ സിദ്ധാന്തം കേവലം സങ്കല്പവാദമാണെന്നു പറയാവതല്ല. രാമന്റെ വക്ത്രത്തിൽനിന്നു് ഈ വാക്കുകൾ പുറപ്പെടുന്നതു പക്ഷേ വളരെ ആശ്ചൎയ്യജനകമായി തോന്നപ്പെടാം. അതു ഇനിമേലും ആവൎത്തിക്കപ്പെടുന്നതും ആണു്. യൂറോപ്പിലും അമേരിക്കയിലും ഉള്ളവർ വേദാന്തം ഒരുവക തനി സങ്കല്പവാദമാണെന്നു വിചാരിക്കുന്നു. രാമന്റെ കൈകളിൽ വന്നു ചേൎന്നിട്ടുള്ള യൂറോപ്യൻഗ്രന്ഥകാരന്മാർ മിക്കവാറും അവരുടെ എല്ലാ ഗ്രന്ഥങ്ങളിലും വേദാന്തം വെറും സങ്കല്പവാദമായിട്ടാണു പരാമൎശിച്ചിട്ടുള്ളതു്. എന്നാൽ ഇവരാരും വേദാന്തം മനസ്സിലാക്കിയിട്ടില്ലെന്നു രാമൻ പറയുന്നു. ബേൎക്കലേയുടെയോ പ്ലേറേറായുടെയോ സങ്കല്പവാദമെന്ന അൎത്ഥത്തിൽ വേദാന്തം ഒരു സങ്കല്പവാദപദ്ധതിയല്ല. അതു എത്രയോ ഉന്നതതരവും ഉൽകൃഷ്ടതരവും മഹത്തരവുമാണു്.

പ്രപഞ്ചം ചെറിയ ദ്രഷ്ടാവിനെ—ചെറിയ ബുദ്ധിയെ —ചെറിയ മനസ്സിനെ ആശ്രയിച്ചുനില്ക്കുന്നു എന്നു സങ്കല്പവാദികൾ സമൎത്ഥിക്കുന്നു. എന്നാൽ "പ്രപഞ്ചം എന്റെ സങ്കല്പമാകുന്നു" എന്നു

digitized by www.sreyas.in

വേദാന്തം പറയുമ്പോൾ, ഈ ലോകം ചെറിയ ദ്രഷ്ടാവിന്റെ — ചെറിയ ബുദ്ധിയുടെ അഥവാ ചെറിയ മനസ്സിന്റെ ഭാവനയാണെന്നു അതു വിവക്ഷിക്കുന്നില്ല. ഇതുതന്നെ സ്വയം മാറത്തക്കതാണ്; ഇതുതന്നെ സ്വയം സൃഷ്ടിയാണ്. സ്വപ്നങ്ങൾ ദ്രഷ്ടാവിന്റെ സൃഷ്ടികളാണെന്നു ബേർക്കലേ പറഞ്ഞപ്പോൾ അദ്ദേഹം ഒരു ഭയങ്കരമായ അബദ്ധമാണു ചെയ്തതു്. അദ്ദേഹം അവിടെച്ചെയ്ത തെററു് ജാഗ്രൽകാലത്തിലെ ദ്രഷ്ടാവും, സ്വപ്നകാലത്തിലെ ദ്രഷ്ടാവും സാത്മ്യമുള്ള ഒരേ ദ്രഷ്ടാവാണെന്നു പരിഗണിച്ചതാണ്. കഴിഞ്ഞരാത്രി രാമൻ ദർശിച്ചതുപോലെ, ജാഗ്രദവസ്ഥയിലെ ദ്രഷ്ടാവു് സ്വപ്നാവസ്ഥയിലെ ദ്രഷ്ടാവിൽനിന്നു തീരെ ഭിന്നനാണെന്നു നിങ്ങൾ അറിയുന്നല്ലോ. സ്വപ്നാവസ്ഥയിലെ ദ്രഷ്ടാവ് ആ അവസ്ഥയിലെ ദൃശ്യങ്ങളെപ്പോലെയുള്ള ഒരേതരം വസ്തുവാണ്; നിങ്ങൾ ഉണരുമ്പോൾ സ്വപ്നകാലദ്രഷ്ടാവും, അപ്പോഴത്തെ ദൃശ്യങ്ങളും ഒരേവിധത്തിലായിരുന്നതുപോലെ, ജാഗ്രൽക്കാലദ്രഷ്ടാവും ജാഗ്രല്ക്കാലദൃശ്യങ്ങളും ഒരേതരത്തിൽ ആയിരിക്കുന്നു. അതുകൊണ്ടു ബർക്കലേ സ്വപ്നാവസ്ഥയിലും ജാഗ്രദവസ്ഥയിലുമുള്ള ദ്രഷ്ടാക്കൾ രണ്ടും ഒന്നുതന്നെയാണെന്നു ഗണിച്ചുപോയി. പ്രപഞ്ചം ജാഗ്രൽക്കാലദ്രഷ്ടാവിന്റെയോ സ്വപ്നകാലദ്രഷ്ടാവിന്റെയോ സൃഷ്ടിയല്ല. ലോകം "എന്റെ" സത്തയുടെ പരമാത്ഥനാഥന്റെ — യഥാത്ഥാത്മാവിന്റെ സൃഷ്ടിയത്രെ

നാമിപ്പോൾ പ്രസംഗവിഷയമായ "ദർശനം — കാഴ്ച — ഇതിനെപ്പററിയുള്ള വേദാന്തസിദ്ധാന്ത"ത്തിലേയ്ക്കു കടക്കുന്നു.

സങ്കല്പവാദികളോടു വേദാന്തം പറയുന്നു — "ഹേ! സങ്കല്പവാദികളേ! ഈ പ്രപഞ്ചത്തിലെ നാമങ്ങളും, രൂപങ്ങളും, വസ്തുക്കളുടെ ഗുണങ്ങളും, സ്വഭാവങ്ങളുമെല്ലാം ദ്രഷ്ടാവിന്റെ വ്യാപാരംകൂടാതെ ഉത്ഭവിക്കുന്നില്ലെന്നു നിങ്ങൾ പറയുന്നതു ശരിയാണ്." ഇതിനെ ഇനിയും ആവത്തിച്ചു പറയാം. ഈ വിഷയം വളരെ ഗഹനമാണു് നിങ്ങൾ അത്യന്തം ശ്രദ്ധിച്ചുകേൾക്കണം. വേദാന്തം സങ്കല്പവാദികളോടു പറയുന്നു — "ദ്രഷ്ടാവിന്റെ പ്രവൃത്തി കൂടാതെ ഈ ലോകത്തിലെ നാമങ്ങളും രൂപങ്ങളും ഉണ്ടാകയില്ലെന്നു നിങ്ങൾ പറയുന്നതു ശരിതന്നെയാണ്. പദാർത്ഥങ്ങളുടെ ഗുണങ്ങളും, ധമ്മങ്ങളും, പ്രകൃതങ്ങളും എല്ലാം ബുദ്ധിയുടെയോ, മനസ്സിന്റെയോ, ദ്രഷ്ടാവിന്റെയോ വ്യാപാരത്തെ ആശ്രയിച്ചിരിക്കുന്നു. അത്രത്തോളം നിങ്ങൾ പറയുന്നതു ശരിയാണ്. എന്നാൽ നിങ്ങളുടെ ഈ ചെറുദ്രഷ്ടാവിനു ബാഹ്യമായിട്ടു്, ചെറിയ മനസ്സിനുപുറത്തായിട്ടു യാതൊന്നുമില്ലെന്നു നിങ്ങൾ പറയുന്നതു ശരിയല്ല." പ്രത്യക്ഷവാ

digitized by www.sreyas.in

ദികളോടു വേദാന്തം പറയുന്നു:—"ബാഹ്യമായ ഏതോ പരമാൎത്ഥമില്ലാതെയും അതിന്റെ പ്രവൃത്തിയില്ലാതെയും ഈ സംഭവപരമ്പ്രപഞ്ചം കാണപ്പെടുന്നതല്ലെന്നു നിങ്ങൾ പറയുന്നതു ശരിയാണു്." പ്രത്യക്ഷവാദികൾ പറയുന്നതു് പുറത്തുനിന്നു നമ്മുടെ ഇന്ദ്രിയങ്ങളിൽ ഏതോ പ്രവൃത്തി പതിയുന്നതിനാലാണു സംഭവപരമ്പ്രപഞ്ചം ഉണ്ടാകുന്നതു് എന്നാണെന്നു നിങ്ങൾക്കു മനസ്സിലായിട്ടുണ്ടല്ലോ. പദാൎത്ഥങ്ങൾ നമ്മുടെ ഇന്ദ്രിയങ്ങളിൽ വ്യാപരിക്കുന്നു, ഇങ്ങനെ നാം വസ്തുക്കളെ ദൎശിക്കുന്നു. വേദാന്തം പറയുന്നു—"അതേ! പുറത്തുനിന്നു വല്ലതരത്തിലുമുള്ള വ്യാപാരമില്ലാതെ നമുക്കു വസ്തുക്കളെ ദൎശിക്കാൻ കഴിവില്ല" അത്രത്തോളം പ്രത്യക്ഷവാദം ശരിതന്നെ. എന്നാൽ നമ്മുടെ കാഴ്ച സമസ്തവും ബാഹ്യവ്യാപാരത്തിന്റെ കേവലമായ ഏക കാരണംകൊണ്ടാണുണ്ടാകുന്നതെന്നും, ദ്രഷ്ടാവിന്റെ പ്രവൃത്തികൊണ്ടല്ലെന്നും പ്രത്യക്ഷവാദികൾ പറയുമ്പോൾ അവൎക്കു അബദ്ധം പററുന്നുവെന്നാണു വേദാന്തമതം പറയുന്നതു്. ഇതു നമുക്കു കൂടുതൽ സ്പഷ്ടമാക്കാം. ഈ ലോകത്തിലെ ഏതെങ്കിലും പദാൎത്ഥമെടുക്കാം. ദൃഷ്ടാന്തത്തിനു് ഈ പെൻസിൽ നോക്കാം അതിന്റെ നിറത്തിനെന്താണു ഹേതു? ദ്രഷ്ടാവിന്റെ ഒരു പ്രവൃത്തിയും, ബാഹ്യമായിട്ടുള്ള ഒരു പ്രതിപ്രവൃത്തിയും ചേൎന്നാണു് അതുണ്ടാകുന്നതെന്നു നിങ്ങൾക്കു പറയാം. നിങ്ങളുടെ കണ്ണുകൾ വൎണ്ണാന്ധമാണെങ്കിൽ പെൻസിലിന്റെ ഈ നിറം നിങ്ങൾ കാണുകയില്ല. പെൻസിലിന്റെ നിറം ഒരു ധൎമ്മമോ, ഗുണമോ ആണു് വീണ്ടും, പെൻസിലിന്റെ തൂക്കം നോക്കുക. അതു മാറാവുന്നതാണു്. അതുപോലെയാണു നിറവും. നമ്മുടെ കണ്ണു മഞ്ഞപ്പിത്തത്തിനു അധീനമായിരുന്നാൽ, പെൻസിലിന്റെ നിറം മാറിക്കാണപ്പെടുന്നു. നാം അതിനെ ഇവിടെ വച്ചു തൂക്കാതെ, വലിയ പൊക്കത്തിൽവച്ചു തൂക്കിയാൽ—അഥവാ ചന്ദ്രനിലോ, അഗാധമായ ഒരു ഖനിക്കുഴിയിലോ വെച്ചു തൂക്കിയാൽ—ഘനം വ്യത്യാസപ്പെട്ടിരിക്കും. ഇൻഡ്യായിൽവെച്ചു തൂക്കിയാലത്തെ ഘനവും, ലണ്ടനിൽവെച്ചു തൂക്കിയാലത്തെ ഘനവും എല്ലാ വസ്തുക്കൾക്കും ഭിന്നമായിരിക്കുമെന്നു നിങ്ങളറിയുന്നു ഘനം മാറുന്നതാണു്; നിറവും മാറുന്നതാണു്.

ഒരേ ജലം തൊട്ടുനോക്കിയാൽ വൎഷകാലത്തു ചൂടുള്ളതായും, വേനല്ക്കാലത്തു തണുത്തതായും കാണപ്പെടുന്നുവെന്നു നിങ്ങൾക്കറിയാം. എന്തുകൊണ്ടു്? തൊടുന്നവൻ അഥവാ പരിശോധകൻ വെള്ളത്തിൽ സ്പൎശിക്കുമ്പോൾ ഭിന്നമായ ഉഷ്ണാവസ്ഥയിൽ ഇരിക്കുന്നതുകൊണ്ടും, ജലം എതാണ്ടു ഒരേ ചൂടിൽ ഇരിക്കുന്നതുകൊണ്ടും

digitized by www.sreyas.in

അതിൻെറ ചൂടിൽ പ്രത്യക്ഷീഭവിക്കുന്ന വ്യത്യാസം നമ്മുടെ കയ്യി ലെ ചൂടിൻെറ ഏറ്റക്കുറച്ചിൽ മൂലമാണുണ്ടാകുന്നതു്. അതിനാൽ ദ്രഷ്ടാവിൻെറ സ്ഥിതിഭേദങ്ങൾമൂലം ദൃശ്യത്തിൻെറ ധർമ്മങ്ങൾക്ക ഭിന്നതകളുണ്ടാകുന്നതായി തോന്നും.

ഈ പെൻസിൽ എന്തുകൊണ്ടുണ്ടാക്കിയതാണു്? ബേർക്കലേയുടെയും മററു ചിലരുടെയും മതമനുസരിച്ചു്, അതു ഗുണങ്ങളുടെയും ധർമ്മങ്ങളുടെയും ഒരു സംഘാതം—കൂട്ടുബന്ധം—അല്ലാതെ മറെറാന്നുമല്ല. ഈ ഗുണങ്ങളെ നീക്കുക; ബാക്കിയൊന്നും ശേഷിക്കയില്ല. എന്നാൽ കാണ്ടിൻെറ മതപ്രകാരം അതിൻെറപിന്നിൽ "വസ്തുതത്വം" (Thing-in-itself) അഥവാ "വസ്തുസത്ത" യുണ്ടു്. പ്ലേറേറായുടെ അഭിപ്രായത്തിലും അതിനു പിൻവശത്തു "അതിലെവസ്തു"(Thing in itself) ഉണ്ടു്. അതിനെ പ്ലേറേറാ 'തത്വം'(Idea) എന്നു വിളിക്കുന്നു. അങ്ങിനെ, ഇവിടെ ഗുണങ്ങൾ ഉണ്ടു്. ദ്രഷ്ടാവിൻെറയോ അഥവാ മനസ്സിൻെറയോ വ്യാപാരവും കൂടിമൂലമാണു് ഈ ഗുണങ്ങളെല്ലാം ഉണ്ടാകുന്നതു്. എന്നാൽ ഈ വ്യാപാരം മാത്രംകൊണ്ടു് ഗുണങ്ങൾ പെൻസിലിൽ സ്ഥാപിക്കും മുമ്പു് അതിൽ അവിടെ ഏതോ പരമാർത്ഥം ഉണ്ടായിരുന്നിരിക്കണമെന്നു നാം പറയുന്നു. ഇതു കൂടുതൽ സ്പഷ്ടമാക്കാം. രാമനോടു നിങ്ങൾ ആവശ്യപ്പെട്ടാൽ ഇതു വീണ്ടും വിസ്തരിക്കയും ചെയ്യാം. പെൻസിലിലെ ഗുണങ്ങൾ എല്ലാം ദ്രഷ്ടാവിൻെറ വ്യാപാരംമൂലവും ഉണ്ടാകുന്നവെന്നു വേദാന്തം സമ്മതിക്കുന്നു. അതു ശരിയാണു്. എന്നാൽ ദ്രഷ്ടാവിൻെറ വ്യാപാരം എന്തുകൊണ്ടാണു് ഉദ്ദീപിപ്പിക്കപ്പെട്ടതു്? ദ്രഷ്ടാവിൻെറ പ്രവർത്തനത്തെ എന്താണു് പ്രചോദിപ്പിച്ചതു്? അതാണു് പ്രശ്നം. പുറത്തു ഏതാണ്ടുണ്ടായിരുന്നു, അതു ദ്രഷ്ടാവിൽ പ്രവർത്തിച്ചു, ദ്രഷ്ടാവു് പ്രതിപ്രവർത്തനം ചെയ്യാൻ പ്രേരിതനായി, ഈ പ്രതിപ്രവർത്തനം പ്രചോദിക്കപ്പെട്ടപ്പോൾ ഗുണങ്ങളെല്ലാം അവിടെ സ്ഥാപിക്കപ്പെട്ടു; പ്രതിഷ്ഠിക്കപ്പെട്ടു; സൃഷ്ടിക്കപ്പെട്ടു. ഈ ദ്രഷ്ടാവു പ്രവർത്തിക്കും മുമ്പു്, ഗുണങ്ങൾതന്നെ മനസ്സിൽ പ്രവർത്തിച്ചു് മനസ്സിൻെറ പ്രതിപ്രവർത്തനം ഉദ്ദീപിപ്പിച്ചുവെന്നു പറയാൻ തരമില്ല. നമുക്കങ്ങിനെ പറയാൻ കഴിവില്ല, എന്തെന്നാൽ മനസ്സിൻെറ പ്രവൃത്തിയോ, പ്രതിപ്രവൃത്തിയോ പ്രത്യക്ഷമായതിനു ശേഷമാണു് ഗുണങ്ങൾ പ്രത്യക്ഷമായതു്. അതിനാൽ ബാഹ്യമായി ഏതാണ്ടു് പെൻസിലിൽ ഏതാണ്ടു് ഒരു യഥാർത്ഥത—ഉണ്ടായിരിക്കണം. അതു കണ്ണിൽ പ്രവർത്തിക്കയും, ശബ്ദം കേൾക്കുമ്പോൾ ചെവിയിൽ പ്രവർത്തിക്കയും, നാക്കുകൊണ്ടു തൊടുമ്പോൾ രുചിയിൽ പ്രവർത്തിക്കയും, ശരീരംകൊണ്ടു തൊടുമ്പോൾ സ്പർശശക്തിയിൽ പ്രവർത്തിക്കയും ചെയ്യുന്നു. കണ്ണിലും

digitized by www.sreyas.in

മൂക്കിലും ചെവിയിലും പ്രവർത്തിക്കുന്ന ഏതാണ്ട് ബാഹ്യമായിട്ട് ഉണ്ട്. ഈ പെൻസിൽ തിന്നുക, അതു് ആരോഗ്യം നശിപ്പിക്കും. പുറത്തു യാതൊന്നും ഇല്ലെന്നു എങ്ങിനെ പറയാം? പുറത്തും ഏതാണ്ടൊരു പദാർത്ഥമുണ്ട്; ഈ പരമാർത്ഥം മനുഷ്യൻെറ ഇന്ദ്രിയങ്ങളിൽ പ്രവർത്തിക്കുമ്പോൾ അവ മനസ്സിനെ അറിയിക്കയും, മനസ്സു പ്രതിപ്രവൃത്തി തുടങ്ങുകയും, ചെയ്യുന്നു. അപ്പോഴാണു് വസ്തുവിൻെറ ഗുണങ്ങളും ധർമ്മങ്ങളും കാഴ്ചയ്ക്കു സ്പഷ്ടീഭവിക്കുന്നതു്. അതു അതു പോലെതന്നെയാണു്. ഇതാ! ഒരു കൈ, ഇതാ! മറെറാരു കൈ. ഒരു കൈമാത്രം ശബ്ദമുണ്ടാക്കുന്നില്ല ഇതാ! ശബ്ദം പുറപ്പെടുന്നു. (കൈകൾകൂട്ടിക്കൊട്ടുന്നു.) ഇവിടെ ഒരു വശത്തു പ്രവൃത്തിയും, മറേറപുറത്തു പ്രതിപ്രവൃത്തിയും ഉണ്ട്. ഫലം ശബ്ദവും. ഇതാ! ഒരു വയലിൻ കമ്പി; നിങ്ങൾ അതു തൊടുന്നു; വിരൽകൊണ്ടതിനെ അടിക്കുന്നു. ശബ്ദം പുറപ്പെടുന്നു. വിരലിൽനിന്നു ആഘാതവും, കമ്പിയിൽനിന്നു പ്രത്യാഘാതവും ഉണ്ടായി. അല്ലെങ്കിൽ മറിച്ചാകട്ടെ. കമ്പിയിൽനിന്നു ആഘാതവും, വിരലിൽനിന്നു പ്രത്യാഘാതവും എന്നും പറയാം അപ്പോൾ ശബ്ദം പുറപ്പെട്ടു. അതുപോലെ, ഒരു തരംഗം ഒരു പുറത്തുനിന്നും വേറൊന്നു മറുപുറത്തുനിന്നും വന്നു് രണ്ടുംകൂട്ടിത്തല്ലി, പത ഉണ്ടായി. രണ്ടു ഭാഗത്തുനിന്നുമായി ആഘാതപ്രത്യാഘാതങ്ങൾ അഥവാ പ്രവൃത്തി പ്രതിപ്രവൃത്തികൾ വന്നു പത പുറപ്പെട്ടു. ഇവിടെ ഒരു തീപ്പെട്ടിക്കോലും, മണൽക്കടലാസും എടുക്കുക, കോൽ കടലാസ്സിൽതട്ടി; അപ്പോൾ തീ പുറപ്പെട്ടു. രണ്ടു ഭാഗത്തുനിന്നും ആഘാതപ്രത്യാഘാതങ്ങൾ ഉണ്ടായി. വിദ്യുച്ഛക്തിയുടെ അനുലോമകേന്ദ്രവും, പ്രതിലോമകേന്ദ്രവും (Positive & Negative Poles) പരസ്പരം സമീപിക്കുമ്പോൾ, മിന്നലും പൊട്ടലും പുറപ്പെടുന്നു ഇങ്ങനെ ഇരുപുറത്തുനിന്നും പ്രവൃത്തിയും, പ്രതിപ്രവൃത്തിയും വരുമ്പോൾ സംഭവങ്ങൾ ഉണ്ടാകുന്നു.

ഇങ്ങിനെ വേദാന്തശാസനമനുസരിച്ച്, നിങ്ങളുടെ ബുദ്ധിയിൽ ആത്മാവെന്നു നാം വിളിക്കുന്ന "വസ്തുതത്വം" (Thing-in-itself) സന്നിഹിതമാണു്. ആ പരമാർത്ഥസത്ത നിങ്ങളുടെ ബുദ്ധിയിൽ പരിലസിക്കുന്നു. പ്രപഞ്ചത്തിലെ സകല പദാർത്ഥങ്ങളിലും ആ "വസ്തുതത്വം" അഥവാ സത്ത സന്നിധാനംചെയ്യുന്നു. പെൻസിലിൽ പരമാർത്ഥസത്ത അഥവാ വസ്തുതത്വം വർത്തിക്കുന്നു; ഇതിനെ അറിവാൻ നിവൃത്തിയില്ല; ഇതു സകല ഗുണങ്ങൾക്കും ധർമ്മങ്ങൾക്കും അതീതമാണു്. അതുപോലെ നിങ്ങളുടെ ബുദ്ധിയിലും യഥാർത്ഥസത്തയായ വസ്തുതത്വമുണ്ട്. ബാഹ്യത്തിലുള്ള വസ്തുതത്വം—പെൻസിലിൽ ഉള്ള ദിവ്യതത്വം അഥവാ അപരിമേയം—

digitized by www.sreyas.in

അതുപോലെ ബുദ്ധിയിലുള്ള അപരിമേയം—ഇവ രണ്ടും രണ്ടുകൈകളെപ്പോലെ ആണെന്നു റയാം. ഇവ രണ്ടുംകൂടി തട്ടുമ്പോൾ ആ നിമിഷത്തിൽ പെൻസിലിൻെറ ഗുണധർമ്മങ്ങൾ പ്രതിഷ്ഠിക്കപ്പെടുന്നു; നുരയും പതയുംപോലെ അവ പ്രത്യക്ഷപ്പെടുന്നു. ഒരു തിര ഒരുവശത്തും, മറെറാന്നു മറുവശത്തുംവന്നു് അടിക്കുന്നു; പത ഉണ്ടാകുന്നു. അതായതു ഗുണങ്ങൾ ഉണ്ടാകുന്നു. നിങ്ങൾക്കു വേണമെങ്കിൽ ഇങ്ങിനെ ദൃഷ്ടാന്തംപറയാം. ബുദ്ധിയിലെ അനുലോമകേന്ദ്രവും (Positive Pole) പെൻസിലിലെ പ്രതികൂലകേന്ദ്രവും (Negative Pole) പരസ്പരം അടുത്തുവന്നുചേരുമ്പോൾ ഗുണങ്ങളും ധർമ്മങ്ങളും, പ്രപഞ്ചസംഭവങ്ങളും ആവിർഭവിക്കുന്നു. വേദാന്തഭാഷയിൽ ദൃശ്യവും, ദ്രഷ്ടാവും യോജിക്കുമ്പോൾ, നാം വസ്തുക്കളെ കാണുന്നു. ദൃശ്യവും, ദ്രഷ്ടാവും ഉണ്ടു്. ബുദ്ധിയിലും പെൻസിലിലും യഥാർത്ഥസത്ത, അഥവാ ആത്മാ, അല്ലെങ്കിൽ വസ്തുതത്വം—ഇതുണ്ടു്. ഇവ രണ്ടിനും തമ്മിൽ ആഘാതവും പ്രത്യാഘാതവും ഉണ്ടാകുമ്പോൾ സംഭവങ്ങൾ പുറപ്പെടുന്നു.

ദ്രഷ്ടാവിൻെറ പ്രവൃത്തികൂടാതെ യാതൊന്നും കാണ്മാൻ തരമില്ലെന്നു സങ്കല്പവാദികൾ പറയുന്നതു ഇപ്രകാരം യുക്തമായിഭവിക്കുന്നു. എന്നാൽ ദ്രഷ്ടാവിൻെറ ഈ പ്രവൃത്തികൊണ്ടുമാത്രം സംഭവം ഉണ്ടാകുമെന്നു അവർ പറയുന്നതു തെററാണു്. എന്തെന്നാൽ അങ്ങിനെപറയുമ്പോൾ അവർ സയൻസിൻെറ അഭേദ്യമായ നിയമങ്ങളിൽ ഒന്നിനെ അതിലംഘിക്കുന്നു. ആ നിയമം ഇതാണു്:—"തുല്യവും പ്രതികൂലവും ആയ പ്രതിസംഘട്ടനം ഇല്ലാതെ ഒരു ഘട്ടനം ഉണ്ടാകയില്ല." ദ്രഷ്ടാവിൻെറ വ്യാപാരംകൊണ്ടുമാത്രം പ്രപഞ്ചമെല്ലാം സൃഷ്ടിക്കപ്പെടുന്നുവെന്നു സങ്കല്പവാദികൾ പറയുമ്പോൾ, എവിടെനിന്നെങ്കിലും ഒരു പ്രത്യാഘാതം കൂടാതെ ഒരു ആഘാതം സംഭവിക്കയില്ലെന്നുള്ള സംഗതി അവർ വിസ്മരിക്കുന്നു. അതിനാൽ ഈ പ്രപഞ്ചത്തിനു സ്വന്തമായിട്ടു ഏതാണ്ടൊരു യാഥാർത്ഥ്യമുണ്ടെന്നു പ്രത്യക്ഷവാദികൾ പറയുന്നതു ശരിയാണു്. ഈ ലോകമശേഷം വെറും ദ്രഷ്ടാവിനെമാത്രം താങ്ങിനില്ക്കുന്നുവെന്നു നമുക്കു പറയാവതല്ല. ഈ ലോകത്തിനു അതിൽതന്നെ ഒരു യഥാർത്ഥതത്വമുണ്ടു്. അത്രത്തോളം പ്രത്യക്ഷവാദികൾ പറയുന്നതു ശരിയാണു്. എന്നാൽ ഈ ലോകത്തിലെ സംഭവങ്ങൾ സ്വയമേ പരമാർത്ഥമാണെന്നും, അവ തനിയേ നില്ക്കുന്നുവെന്നും അവർ പറയുമ്പോൾ അവക്കു തെററുപററുന്നു. എന്തെന്നാൽ പ്രാപഞ്ചികസംഭവങ്ങൾ, സംസാരത്തിലെ ഭിന്നതകൾ, ലോകവസ്തുക്കളുടെ ഗുണധർമ്മങ്ങൾ—ഈ സംഭവങ്ങളും ഗുണ

digitized by www.sreyas.in

ങ്ങളും—എല്ലാം, വസ്തുക്കളിലെ യഥാർത്ഥസത്തയുടെ അഥവാ വസ്തുതത്വത്തിന്റെ പ്രവർത്തനത്തിലെന്നതുപോലെ, ദ്രഷ്ടാവിന്റെ പ്രവർത്തനത്തിലും ആശ്രയിച്ചുനില്ക്കുന്നു.

അപ്പോൾ ഇവിടെയൊരു വലിയ പൂർവ്വപക്ഷം ഉദിക്കുന്നു. നിങ്ങൾ ആഘാതത്തെയും, പ്രത്യാഘാതത്തെയുംപററി പറയുന്നു. അപരിമേയത്തിൽ എങ്ങിനെ ആഘാതപ്രത്യാഘാതങ്ങൾ ഉണ്ടാകാം? ശരിതന്നെ. ഇതിനുത്തരംപറയാം. മററു ജനങ്ങൾ പ്രയോഗിക്കുന്ന ഭാഷതന്നെ പ്രയോഗിച്ചു സംഗതികൾ ഗ്രഹിക്കാമെന്നുദ്ദേശിച്ചു് ആഘാതമെന്നും പ്രത്യാഘാതമെന്നും (അതായതു പ്രവൃത്തിയും പ്രതിപ്രവൃത്തിയും) നാം പറഞ്ഞുവെന്നേയുള്ളൂ. അപരിമേയമായ "ഇച്ഛ"യെ, അഥവാ അപരിമിതമായ 'ശക്തി'യെ ദ്രഷ്ടാവിനോടോ, ദൃശ്യത്തിനോടോ സംബന്ധപ്പെടുത്തി പരാമശിക്കുമ്പോൾമാത്രമേ നാം ആഘാതമെന്നും, പ്രത്യാഘാതമെന്നും പറയുന്നുള്ളൂ. ഈ പദാർത്ഥങ്ങളോടു സംയോജിച്ച അപരിമേയസത്ത, തല, തലച്ചോറു് അഥവാ ബുദ്ധി എന്ന ഉപാധിവിശേഷത്തോടു സംയോജിച്ചിരിക്കുന്ന അപരിമേയസത്തയിൽ പ്രവർത്തിക്കയോ, പ്രതിപ്രവർത്തിക്കയോ ചെയ്യുന്നു. ഈ ഉദാഹരണം പരിശോധിക്കാം. ആ പാത്രത്തിലും, ഈ പാത്രത്തിലും സ്ഥലം—ഇട–ഉണ്ടു്. വാസ്തവത്തിൽ സ്ഥലം അല്ലെങ്കിൽ ഇട ഒന്നേ ഉള്ളൂ. എന്നാൽ ആ പാത്രത്തിൽ സന്നിഹിതമായിരിക്കുന്ന സ്ഥലം, ഈ പാത്രത്തിൽ സന്നിധാനംചെയ്യുന്ന സ്ഥലം എന്നെല്ലാം നിങ്ങൾക്കുപറയാം. വാസ്തവത്തിൽ സ്ഥലത്തെ—ഇടയെ—വീതിച്ചു കഷണങ്ങളാക്കാൻ തരമില്ല. അതു് അവിഭാജ്യമാണു് ഈ കൈകേസിനോടു പെരുമാറുന്നതുപോലെ നിങ്ങൾക്കു പെരുമാറാവുന്ന ഏതാണ്ടല്ലാസ്ഥലം. ഇട ഏകവും, ഒരുപോലെയിരിക്കുന്നതും, അവിഭാജ്യവും അത്രെ; അതിൽ—സ്ഥലത്തിൽ—ഭിന്നതയുടെ ചിന്തയേ ഇല്ല. കാണ്ടിന്റെ മതപ്രകാരം സ്ഥലം ദ്രഷ്ടൃപരവും, ദൃശ്യപരവും ആണു്. അതിനെ ഭാഗിക്കാനോ, ഛേദിക്കാനോ തരമില്ല. അതുപോലെ യഥാർത്ഥസത്ത അഥവാ പരമാർത്ഥവസ്തു അല്ലെങ്കിൽ വസ്തുതത്വം—അനാപേക്ഷികമായ അപരിമേയം വിഭജിക്കപ്പെടാനോ, ഖണ്ഡിക്കപ്പെടാനോ പാടില്ല. എന്നാൽ ഈ ലോകത്തിലെ പദാർത്ഥങ്ങളെ അപേക്ഷിച്ചു് അതിനെ പരാമശിക്കുമ്പോൾ, അതു ദ്രഷ്ടാവും (ബുദ്ധി) ദൃശ്യങ്ങളും (പദാർത്ഥങ്ങൾ) ആയി സംഘടിച്ചിരിക്കുന്നുവെന്നു നാം പറയുന്നതു് ന്യായീകരിക്കത്തക്കതാണു്. അതേ യഥാർത്ഥസത്ത ഈ പദാർത്ഥമോ, ആ പദാർത്ഥമോ ആയി സംയോജിച്ചു് പ്രവൃത്തിയും, പ്രതിപ്രവൃത്തിയും ആയിത്തീരുന്നു. ഇവിടെ ദ്രഷ്ടാ

digitized by www.sreyas.in

ത്തത്തിന്, ഈ കൈ പാത്രത്തിനരികെ കൊണ്ടുപോകുമ്പോരം, കൈയിലെ സ്ഥലം പാത്രത്തിലെ സ്ഥലവുമായി സമീപിക്കുന്നു ഇവിടെ രണ്ടുംകൂടി യോജിക്കുന്നു. ഇപ്പോരം കൈയിലെ ഇടം പാത്രത്തിലെ ഇടംപോലെതന്നെ — അതുതന്നെ — ആയിത്തീരുന്നു. ആദ്യവും അങ്ങിനെതന്നെയാണിരുന്നതു്. എന്നാൽ ഇപ്പോരം നിങ്ങളുടെ കണ്ണുകരംക്കു കൈയിലെ ഇടവും, പാത്രത്തിലെ ഇടവും ഒന്നായിത്തീരുന്നതായി കാണപ്പെടുന്നു.

ഇങ്ങിനെ ദ്രഷ്ടാവിൽ അന്തർഭവിക്കുന്ന അനാപേക്ഷികസത്ത (Absolute Reality) ദൃശ്യത്തിൽ അന്തർഭവിക്കുന്ന അനാപേക്ഷികസത്തയോടു ഐക്യം പ്രാപിച്ചതായി തോന്നുമ്പോരം ദ്രഷ്ടാവും, ദൃശ്യവും സംയോജിക്കുന്നു എന്നു വേദാന്തം പ്രസ്താവിക്കുന്നു.

പ്രവത്തനവും പ്രതിപ്രവത്തനവും വാസ്തവത്തിൽ ആത്മാവിലല്ലാ നടക്കുന്നതു്; എന്നാൽ 'പരിമിത'മെന്നു വ്യവഹരിക്കപ്പെട്ട ആത്മാവിലാണു് അവ നടക്കുന്നതു്. ഇവിടെ നോക്കുക. ഒരുതരംഗം ഒരുവശത്തുനിന്നുവരുന്നു; വേറൊരു തരംഗം മറുവശത്തുനിന്നുവരുന്നു. രണ്ടു തരംഗങ്ങളും ഒരുപോലെ ജലംതന്നെയാണു്. ഇവ രണ്ടുംകൂടി സംഘടിക്കുമ്പോഴും രണ്ടും ജലംതന്നെയാണു്. വ്യത്യാസപ്പെടുന്നില്ല. എന്നിട്ടും തിരകരംക്കിടയിൽ ആഘാതപ്രത്യാഘാതങ്ങരം സംഭവിക്കുന്നു. ഒരു തിരയെന്നു വ്യവഹരിച്ചു വേർതിരിക്കപ്പെട്ട ജലം, വേറൊരു തിരയെന്നു വ്യവഹരിക്കപ്പെട്ടു വേർതിരിക്കപ്പെട്ട ജലവുമായി ഇവിടെ സംഘട്ടനമുണ്ടായി ഈ സംഘട്ടനം പത എന്ന സംഭവത്തെ വരുത്തിവെച്ചു. ഇതുപോലെ ബുദ്ധിയെന്നു വ്യവഹരിക്കപ്പെടുന്ന അനാപേക്ഷികസത്ത പദാത്ഥം എന്നു വ്യവഹരിക്കപ്പെടുന്ന അനാപേക്ഷികസത്തയുമായി സംഘട്ടനത്തിൽ ഏപ്പെട്ടു് അവിടെ ഈ ലോകത്തിലെ ഗുണങ്ങളുടെയും, ധമ്മങ്ങളുടെയും, പ്രകൃതങ്ങളുടെയും സംഭവങ്ങരം നാം കാണുന്നു. ഇക്കയ്യു മറേറക്കയ്യുമായി തട്ടുമ്പോരം രണ്ടിനും ഒരേ ശക്തി ഉണ്ടായിരിക്കയും, ശബ്ദം പുറപ്പെടുകയും ചെയ്യുന്നതുപോലെതന്നെ അവ ഉണ്ടാകുന്നു.

ബുദ്ധിയിലും, പദാത്ഥത്തിലും ഉള്ള അനാപേക്ഷികസത്ത ഒന്നുതന്നെ; എന്നാൽ ബുദ്ധി അഥവാ ദ്രഷ്ടാവു പദാത്ഥവുമായി സമ്പക്കം ചെയ്യുമ്പോരം അവയ്ക്കു പുറകിൽ അതേസത്ത — ആത്മാ —സ്ഥിതിചെയ്യുന്നു. ഈ പ്രപഞ്ചത്തിലെ സകല വസ്തുക്കളുടെയും പിന്നിൽ ഒരേസത്ത — ചൈതന്യം — ഇരിക്കുന്നുവെന്നു ഭാഗം നല്ലവണ്ണം സ്പഷ്ടമാക്കിയില്ല. ഇതാ! ഒരു പേനാ. ഈ പേനായിൽ



digitized by www.sreyas.in

ചില ഗുണങ്ങളും, ധർമ്മങ്ങളും, അവയ്ക്കു പിന്നിൽ നില്ക്കുന്ന വസ്തുതത്വം — സത്ത — ഇതും ഉണ്ടു്. അന്തർഭ്ഭൂതമായ ഈ വസ്തുതത്വത്തിന്റെ അസ്തിത്വത്തെപ്പററി ഊഹിക്കാൻ നമുക്കു മതിയായ കാരണമുണ്ടെന്നു നിങ്ങൾക്കറിയാം. എന്തെന്നാൽ ഈ ഗുണങ്ങൾ സ്വയമായി — സ്വമേധയാ — വന്നവയല്ല. ബുദ്ധിയിലേക്കു ഒരു പ്രവൎത്തനവും, അതിൽനിന്നു് ഒരു പ്രതിപ്രവൎത്തനവും കൂടാതെ ഈ ഗുണങ്ങൾ ഉണ്ടായതല്ല; അങ്ങിനെയുള്ള ആഘാതപ്രത്യാഘാതങ്ങൾകൊണ്ടാണു് ഗുണങ്ങൾ ഉൽഭവിച്ചതു്. ഇതാ! ആ പേനാ അതിൽ ചില ഗുണങ്ങൾ ഉണ്ടു്. അവയെ നമുക്കു $Q^p$ എന്ന അക്ഷരംകൊണ്ടു സൂചിപ്പിക്കാം; അതിൽ അന്തർല്ലീനമായ സത്തയുമുണ്ടു്. അതിനെ നമുക്കു X എന്നു വിളിക്കാം. പേനാ എന്നതു പേനായെ സൃഷ്ടിക്കുന്ന സംഘടിതഗുണങ്ങളോടു തുല്യമാണു്. അവിടെ അതാ! ഒരു മേശ. മേശയെ ഉണ്ടാക്കുന്ന ഗുണങ്ങൾ തന്നെയാണുമേശ. അതിനു $Q^T+X$ എന്നു പറയാം. X എന്നതു് അനാപേക്ഷികസത്തയാണു്. "ഈ X മുമ്പിലത്തെ X തന്നെയാണു് എന്നു പരിഗണിക്കാൻ കാരണം എന്താണു്?" എന്നു നിങ്ങൾ ചോദിച്ചേക്കാം. മേശയുടെ ഗുണങ്ങളിൽ അന്തർല്ലീനമായ വസ്തുതത്വത്തിൽനിന്നു വേറെയാണു പേനായുടെ ഗുണങ്ങളിൽ അന്തർല്ലീനമായ വസ്തുതത്വമെന്നു വിചാരിക്കരുതോ? എന്നു പക്ഷേ ചോദിക്കപ്പെട്ടേയ്ക്കാം. വീണ്ടും, പേനായുടെ ഗുണങ്ങൾ പ്രത്യക്ഷപ്പെട്ടതിനു മുമ്പു്, ഏതോ വസ്തുതത്വം നമ്മുടെ ഇന്ദ്രിയങ്ങളിൽ പ്രവർത്തിക്കയും, നമ്മുടെ ദ്രഷ്ടാവു് അതായതു്, വേറെ ഒരു സത്ത — ഇതിന്റെ പ്രവൎത്തനംകൊണ്ടു മേശയുടെ ഗുണങ്ങൾ സൃഷ്ടിക്കപ്പെടുകയും, ആസത്തയ്ക്കു X എന്നു വിളിക്കയും, അതു നമ്മുടെ ഇന്ദ്രിയങ്ങളിൽ പ്രവൎത്തിച്ചുവെന്നു പറകയും ചെയ്യരുതോ? എന്നു നിർദ്ദേശിക്കപ്പെടാം. ഈ X മറേറ X തന്നെയാണെന്നു പരിഗണിക്കാൻ നമുക്കവകാശമില്ല എന്നു നിങ്ങൾ അറിയുന്നുണ്ടാകാം ഇതാ! ഒരു പിയാനോ, അതിനെ X′ എന്നു മുമ്പിലത്തെ X കളെ വേർതിരിച്ചു നിൎത്താൻവേണ്ടി നമുക്കു പറയാം. പേനായിലോ, മേശയിലോ, ലീനമായിരുന്നതിൽനിന്നു് ഇതു ഭിന്നമായ ഏതാണ്ടായിരിക്കാം ഇവിടെ ഇതാ! നമുക്കു മനുഷ്യൻ, X″.

ഈഘട്ടത്തിൽ പ്ലേറേറായ്ക്കു പററിയ അബദ്ധം ഒന്നു നോക്കുക. അന്തർല്ലീനമായ ഈ സത്ത ഓരോ സാധനത്തിലും പ്രത്യേകം പ്രത്യേകമാണെന്നു അദ്ദേഹം പരിഗണിക്കുന്നു; അവ ഭിന്നങ്ങളാണെന്നു തോന്നുന്നുണ്ടു്; നിങ്ങളും അവ ഭിന്നങ്ങളാണെന്നു് [illegible] നിർദ്ദേശിച്ചു എന്നാൽ ഈ [illegible] Reductio

ad absurdum * എന്ന യുക്തിഭംഗം ഒളിച്ചുകിടക്കുന്നുണ്ടു്. ഈ ഊഹം തെററാണെന്നു നമുക്കു തെളിയിക്കാം. പേനായുടെ ഗുണങ്ങളും, ധർമ്മങ്ങളും — അതിന്റെ നിറം, ഘനം, മൃദുത്വം മുതലായതെല്ലാം നിങ്ങളുടെ ബുദ്ധിയുടെയോ മനസ്സിന്റെയോ പ്രതിപ്രവർത്തനത്തിന്റെ ഫലമാണു്. അതിനാൽ ഈ ഗുണങ്ങളെല്ലാം നിങ്ങളുടെ ബുദ്ധിയുടെ പ്രത്യാഘാതത്തിൽനിന്നു ജനിച്ചതാണു്. ഈ ഗുണങ്ങളും ധർമ്മങ്ങളും പ്രതിപ്രവർത്തനത്തെ പിന്തുടരുന്നു. ഈ ഗുണങ്ങളുടെയും മററും ഉൽഭവത്തിനു മുമ്പേതന്നെ പെൻസിലിലെ അനാപേക്ഷികസത്ത ഉണ്ടായിരുന്നുവെന്നു നാം പരിഗണിച്ചു. അങ്ങിനെ അനാപേക്ഷികസത്ത സകല ഗുണങ്ങൾക്കും ധർമ്മങ്ങൾക്കും അതീതമാകുന്നു. ഈ X'-ം അതുപോലെ ഗുണങ്ങൾക്കെല്ലാം അതീതമാണു്; X''-ം അതുപോലെ സകല ഗുണങ്ങൾക്കും അതീതമത്രെ.

അപ്പോൾ ഭിന്നതകൾക്കെല്ലാം നിദാനമെന്താണു്? സദയം കുറച്ചാലോചിക്കുക. ലോകത്തിലെ ഭിന്നതകളെല്ലാം ഗുണങ്ങളും ധർമ്മങ്ങളും മൂലമുള്ളവയാണു്. ഗുണങ്ങളെ ഗണിക്കാതെ ഈ ചോക്കുകഷണവും, ആ പെൻസിലും തമ്മിൽ വേർതിരിക്കാൻ നിങ്ങൾക്കു കഴിയുമോ? പെൻസിലും ചോക്കുംതമ്മിൽ വ്യത്യാസമുണ്ടെന്നു നിങ്ങൾ എങ്ങിനെയാണു് അറിയുന്നതു്? ഗുണങ്ങൾ മുഖേനമാത്രം. ചോക്കു വെളുത്തതാണു്; ഇതൊരു ഗുണമാണു്; അതു ക്ഷണം പൊട്ടുന്നതാണു്; ഇതും ഒരുഗുണംതന്നെ. എല്ലാ ഭിന്നതകളും ഗുണങ്ങൾകാരണം സംഭവിക്കുന്നു. ആ X ഈ X-ൽനിന്നു ഭിന്നമാണെന്നു ഗണിക്കുമ്പോൾ അവിടെ വ്യത്യാസം ഉണ്ടാകുന്നു; ഭിന്നത സൃഷ്ടിക്കുന്നു. അതായതു്, അനാപേക്ഷികസത്തയായ വസ്തുതത്വത്തിനു വീണ്ടും ഗുണങ്ങൾക്കധീനത്വമുണ്ടെന്നു വരുത്തുന്നു. വ്യത്യാസങ്ങൾക്കു് അധീനങ്ങളായി പരസ്പരഭിന്നങ്ങളായിട്ടിരിക്കുന്നതുകൊണ്ടു് അവയെല്ലാം ഗുണങ്ങൾക്കധീനങ്ങളാണെന്നു നിങ്ങൾ കാണുന്നു. ഇവിടെയാണു് അബദ്ധം ചെയ്തതു്; തകരാറുകാണിച്ചതു്. ഗുണങ്ങൾക്കതീതമാണു് വസ്തുതത്വം എന്നു ഗണിച്ചുംകൊണ്ടാണു് നമ്മൾ ആരംഭിച്ചതു്. എന്നാൽ അതു ഗുണങ്ങൾക്കധീനമാണെന്നു നാമിപ്പോൾ അവസാനിപ്പിക്കയുംചെയ്യുന്നു. അവ വ്യത്യസ്തങ്ങളെന്നും, പരസ്പരം ഭിന്നങ്ങളെന്നും നിങ്ങൾ പരിഗണിക്കുമ്പോൾ നിങ്ങൾ ഒരു ഭീമമായ തെററുചെയ്യുന്നു. ആദ്യം നിങ്ങൾ തുടങ്ങിയതു് അവ ഗുണങ്ങൾക്കപ്പുറമാണെന്നു കരുതുകയും ഗുണ

---

* ആദ്യം ഒരടിസ്ഥാനത്തോടുകൂടിത്തുടങ്ങിയ പ്രവാദം ആ അടിസ്ഥാനത്തിനു വിപരീതമായി കലാശിപ്പിക്കുക എന്ന യുക്തിഭംഗം.

digitized by www.sreyas.in

ങ്ങൾക്കതീതമാണെന്നൂഹിക്കയും ചെയ്തുകൊണ്ടാണ്; നിങ്ങൾ അവയെ ഇപ്പോൾ ഗുണധർമ്മങ്ങളുടെ അതിർത്തിക്കുള്ളിൽ കൊണ്ടുവന്ന് അവസാനിപ്പിച്ചുകൊണ്ടു നിങ്ങളെത്തന്നെ ഖണ്ഡിക്കുന്നു; അതാണ് തെററ്.

ഈ പെൻസിലിൽ അന്തർഭൂതമായ സത്ത ഈ ചോക്കുകഷണത്തിൽ അന്തർല്ലീനമായ സത്തയിൽനിന്നു ഭിന്നമാണെന്നുപറയാൻ നിങ്ങൾക്കവകാശമില്ല. മനസ്സ്, ബുദ്ധി, അഥവാ ദ്രഷ്ടാവ്— ഇതിൽ അന്തർഭവിക്കുന്ന സത്ത ഒരു പശുവിലോ, കാളയിലോ ഉൾക്കൊള്ളുന്ന സത്തയിൽനിന്നു ഭിന്നമാണെന്നു പറയാൻ നിങ്ങൾക്കധികാരമില്ല; ഈ മേശയുടെകത്തു ലയിച്ചിരിക്കുന്ന ആത്മാവ് അതിൽനിന്നു വ്യത്യസ്തമാണെന്ന് പറയാൻ നിങ്ങൾക്കവകാശമില്ല; ഇല്ല; നിങ്ങൾക്കവകാശമില്ല. അതു ഏകവും, കേവലവും ആയ അപരിമേയമത്രെ; അതേ അനാപേക്ഷികമായ, അഭിന്നമായ വസ്തുതത്വംതന്നെ.

ഒരു ഉപമകൊണ്ടു ഇനിയും ഇതു വിശദതരമാക്കാം. ഇതാ! ഇവിടെ മനോഹരമായ വെളുത്ത ഒരു ഭിത്തി. നിങ്ങളെല്ലാം ഇവിടെയിരിക്കുന്നു. നിങ്ങളിൽ ഒരാൾ ആ ഭിത്തിയിൽ ഭംഗിയുള്ള രൂപങ്ങളും, ക്ഷേത്രഗണിതത്രികോണങ്ങളും, വൃത്തങ്ങളും മററുമൊക്കെ വരയ്ക്കുന്നു. വേറൊരാൾ അതേഭിത്തിയിൽ ഒരു മഹായുദ്ധത്തിനെ കുറിക്കുന്ന ഒരുചിത്രം വരയ്ക്കുന്നു; വേറൊരാൾ അതേഭിത്തിയിൽ തൻെറ ഭാര്യയുടെയും, സ്നേഹിതന്മാരുടെയും, ബന്ധുക്കളുടെയും പടം വരയ്ക്കുന്നു. വേറൊരാൾ വേറെ ചിലതു വരയ്ക്കുന്നു. ഈ ചിത്രങ്ങൾക്കെല്ലാം അവയുടെ പുറകിൽ ഒരേ യഥാർത്ഥത്വം—ഭിത്തി—സത്ത—ഉണ്ടു്. അതുപോലെ നിങ്ങൾ ഈ ലോകത്തിൽ കാണുന്ന വസ്തുക്കൾക്കൊക്കയും പുറകിൽ ഒരേ അടിസ്ഥാനസത്തയുണ്ടു് ഇതാ! ഇവിടെ ഒരു കുതിരയും, അവിടെ ഒരു പശുവും, പട്ടിയും, ആനയും, മനുഷ്യനും, എല്ലാം കാണപ്പെടുന്നു എന്നൂഹിക്കുക. ഈ പടങ്ങളെല്ലാം ഒരേ ഒരു അനാപേക്ഷികമായ X–മേൽ–ആ ദൃഷ്ടാന്തത്തിലെ X–അതേ വെളുത്ത ഭിത്തിമേൽ–വരയ്ക്കപ്പെട്ടിരിക്കുന്നു. അങ്ങിനെ ഒരേ ആത്മാവ്, കേവലനായി അപരിമേയനായ രാമൻ ഓരോന്നിലും, എല്ലാറ്റിലും അന്തർലയിച്ചിരിക്കുന്നു. ഒന്നുതന്നെ; ഒന്നുതന്നെ; ഒന്നുതന്നെ. സ്വപ്നത്തിൽ നിങ്ങൾ ഒരു കാളയെ കാണുന്നു. പിന്നെ ഒരു പട്ടിയെ, പിന്നെ മനുഷ്യനെ, പിന്നെ ഒരു വനിതയെ; എന്നാൽ സ്വപ്നത്തിൽകാണുന്ന കാളയും, പട്ടിയും, സ്ത്രീയും സകലതും ഏകവും ഒന്നും ആയ അനാപേക്ഷിക സത്തയിൽ യഥാർത്ഥാത്മാവായ വസ്തുതത്വത്തിൽ എഴുതപ്പെട്ട

digitized by www.sreyas.in

ചിത്രങ്ങൾ ആണെന്നു നിങ്ങൾ അറിയണം. നിങ്ങൾ ഉണരുമ്പോൾ സ്വപ്നത്തിൽ നിങ്ങൾകണ്ട കുതിരയും, പർവ്വതവും, നദിയും എല്ലാം ഒരിടത്തും ഇല്ലാതാകുന്നു.

ഈ പ്രപഞ്ചത്തെ സൃഷ്ടിച്ച ഗുണങ്ങളെപ്പററി എന്താണു്? സാപേക്ഷപ്രപഞ്ചം ഈ ഗുണങ്ങൾമൂലമുണ്ടാകുന്നു. അവ അനാപേക്ഷികസത്തയെ ആശ്രയിച്ചു നില്ക്കുന്നു. ഇപ്പോൾതന്നെ നിങ്ങൾക്കു ഗ്രഹിക്കാൻ സാദ്ധ്യമല്ലാത്ത ഒരു അതിസൂക്ഷ്മസംഗതി ഇവിടെ കിടപ്പുണ്ടു്. എന്നാലും നിങ്ങളതു കേൾക്കുന്നതു നല്ലതാണു് മേലാലുള്ള ചില പ്രസംഗങ്ങൾകൊണ്ടു് നിങ്ങൾക്കതു ഭംഗിയായി ഗ്രഹിക്കാം. ഈ ഗുണങ്ങളെല്ലാം അനാപേക്ഷികമായ വസ്തുത്തത്വത്തെ ആശ്രയിച്ചു നില്ക്കുന്നു. അതുകളെല്ലാം അനാപേക്ഷികസത്തയെ താങ്ങിനില്ക്കുന്ന ഈ ഗുണങ്ങൾ അനുസരിച്ചു്; അനാപേക്ഷികസത്തയ്ക്കും ഒരു ഗുണമുണ്ടു്. അതായതു് അവയെ താങ്ങുന്നു എന്നൊരു ഗുണം; അവയെ താങ്ങിനിത്തുന്നു എന്നൊരു ഗുണം. അനാപേക്ഷികസത്ത ഈ ഗുണങ്ങളെല്ലാം വഹിക്കുന്നു. അങ്ങിനെയായാൽ അനാപേക്ഷികസത്ത അനാപേക്ഷികമല്ല. എന്തെന്നാൽ ഗുണങ്ങളെ ധരിക്കുന്ന—താങ്ങുന്ന—ഒരു ഗുണമെങ്കിലും അനാപേക്ഷികസത്തയ്ക്കുണ്ടല്ലോ. അത്തരം സത്ത അനാപേക്ഷികമെന്നു എങ്ങിനെ പറയാം? നാമിതു നേരിട്ടുള്ള അനുഭവംകൊണ്ടു പറയുന്നു. നിങ്ങളുടെ വ്യക്തിപരമായ പരിചയംകൊണ്ടു്—ആ അധികാരംകൊണ്ടു്—ഈ ലോകം യഥാർത്ഥമാണെന്നു നിങ്ങൾ പറയുംപോലെതന്നെ, അതുപോലെതന്നെ, ഉൽകൃഷ്ടവ്യക്തിപരാനുഭവംകൊണ്ടു്—പരമമായ വ്യക്തിപരപരിചയത്തിന്റെ അധികാരത്തിൽ ഞങ്ങൾ പറയുന്നു:—"അനാപേക്ഷികസത്തയെ പ്രാപിക്കുമ്പോൾ, ഈ ഗുണങ്ങളെല്ലാം, ഈ കാലവും, സ്ഥലവും, കാരണവും എല്ലാം അപ്രത്യക്ഷമായിത്തീരുന്നു. അങ്ങനെ അനാപേക്ഷികസത്തയുടെ നിലയിൽനിന്നു നോക്കിയാൽ ഈ ഗുണങ്ങൾ യാതൊന്നും ഒരിക്കലും നിലനിന്നില്ല. എന്നാൽ ഗുണങ്ങളുടെ നിലയിൽനിന്നുനോക്കിയാൽ അവയ്ക്കു അനാപേക്ഷികതത്വം ആയ അടിസ്ഥാനം ആശ്രയമാണു്. ഇവിടെ ഒരു വലിയ പ്രശ്നം (Antinomy)—വിരോധാഭാസം—ഉത്തരം പറയണമെന്നാവശ്യപ്പെടുന്നു. അതാണു് മായാപ്രശ്നം. വാസ്തവത്തിൽ സത്ത അനാപേക്ഷികമാണു്, സകല ഗുണങ്ങൾക്കും അതീതമാണു്. എന്നാൽ ഗുണങ്ങളുടെ സ്വന്തം നിലയ്ക്കുനിന്നുനോക്കിയാൽ അവ അനാപേക്ഷികസത്തയെ ആശ്രയിച്ചു നില്ക്കുന്നു. ഇവിടെയാണു് ഒരു പ്രധാന ചോദ്യം! ഇതിന്റെ ഉത്തരംകൊണ്ടു് ഈ ലോകത്തിലെ സകല ബുദ്ധിമുട്ടുകളും പരിഹരിക്കപ്പെടും.

digitized by www.sreyas.in

ഇവ കേവലം നിരൎത്ഥകമായ ചിന്താവിഷയങ്ങളല്ല; വെറുതെ സംസാരിക്കേണ്ട സംഗതികളുമല്ല. യൂറോപ്യൻതത്വശാസ്ത്രജ്ഞന്മാർ ഇവയെ വെറും ചിന്താവിഷയപ്രമേയങ്ങളാക്കി പരിഗണിക്കുന്നു. എന്നാൽ ഭാരതീയതത്വജ്ഞന്മാർ അതങ്ങനെ പരിഗണിക്കുന്നില്ല. അവക്കു കേവലം സിദ്ധാന്തരൂപേണ—യുക്തികൊണ്ടുമാത്രം തെളിയിക്കപ്പെടുന്ന ഒരു വിഷയം പകുതി തെളിയിക്കപ്പെട്ടതുമാത്രമാണു്. അനുഭവംകൊണ്ടു പരീക്ഷിച്ചു ബോദ്ധ്യപ്പെടാത്തപക്ഷം—പരിശീലനംകൊണ്ടു സാക്ഷാൽക്കരിക്കപ്പെടാത്തപ്പോൾ—ശേഷമുള്ള തെളിവെല്ലാം പകുതിത്തെളിവേ ആകുന്നുള്ളു. ബുദ്ധിപൂർവ്വം കേൾക്കുമ്പോൾ ഇതു വളരെ ആസ്വാദ്യമായ ഒരു പ്രമേയമാണു്. ഹാഹാഹാ! എന്നാൽ നിങ്ങൾ അതു് ഒരിക്കൽ സാക്ഷാല്ക്കരിച്ചാൽ ആയതു മാധുൎയ്യത്തിന്റെയും പരമാനന്ദത്തിന്റെയും രത്നസാരമാണു്. അതു സാക്ഷാല്ക്കരിക്കേണ്ടതു് അത്യാവശ്യമാണു്. നിങ്ങൾ ഈ തത്വം—അതായതു് ഈ ലോകത്തിലെ സകല ശരീരങ്ങളിലും അന്തർല്ലീനമായിരിക്കുന്ന ഒരേ ഒരു അപരിമേയമായ X നിങ്ങൾ ആണെന്നും, ആ അനാപേക്ഷികസത്തയാണെന്നും നിങ്ങൾ അനുഭവപ്പെടുത്തുമെങ്കിൽ, നിങ്ങൾ ശരീരത്തിനും മനസ്സിനും മുകളിലാണു്. ഈ ശരീരം ദ്രഷ്ടാവല്ല. അതു് ഒരു വശത്തുനിന്നു ഒരു തിരയും, മറുവശത്തുനിന്നു മറ്റൊരു തിരയും വന്നു കൂടി കൂട്ടിത്തല്ലിയപ്പോൾ ഉണ്ടായതാണു്. ഈ ശരീരമാകുന്ന പത—പോള—നിങ്ങളല്ല. നിങ്ങൾ അനാപേക്ഷികമായ വസ്തുതത്വം—സത്ത—ആണു്. നിങ്ങളിൽ ഈ ലോകം സമസ്തവും—ലോകസംഭവങ്ങളെല്ലാം—വെറും തിരകളും കല്ലോലങ്ങളും മാത്രമാണു്. അതു സാക്ഷാല്ക്കരിക്കുക, സ്വതന്ത്രരാകുക, സമ്പൂർണ്ണസ്വതന്ത്രരാകുക. യഥാൎത്ഥ സത്തയായ, യഥാൎത്ഥ അനാപേക്ഷികവസ്തുതത്വമായ നിങ്ങൾ അതു സാക്ഷാല്ക്കരിക്കാഞ്ഞതു് അത്ഭുതാത്ഭുതമല്ലയോ? ഹാ! അതു തന്നെ ആയിരിക്കുക! എന്തു സുവിശേഷം! നല്ല വാൎത്ത! എന്തൊരു നല്ല സന്ദേശം! നിങ്ങൾ ആ അനാപേക്ഷികപരമാൎത്ഥമാണു്. ആ പരമാൎത്ഥ X ആണു്. അതിനെ സാക്ഷാൽക്കരിച്ചു മുക്തി നേടുക.

നിങ്ങളുപ്പുരമടിവ്യാവസ്ഥയടഞ്ഞാലും!
അംഗങ്ങൾപൊടിഞ്ഞങ്ങു കാറ്റതിൽപറക്കട്ടെ!
മൃത്യുവാമപ്രമേയം വിശുദ്ധംമൂടട്ടെമാം;
ശ്രോത്രങ്ങൾ സകലവുമെന്നുടെശ്രോത്രങ്ങൾതാൻ,
നേത്രങ്ങൾഅതുപോലെ സൎവ്വവുംഎന്റേതത്രെ;
ഹസ്തങ്ങൾഎല്ലാമെന്റെഹസ്തങ്ങൾ, സമസ്തമാം

digitized by www.sreyas.in

ചിത്തങ്ങളെന്റെസ്വന്തചിത്തംതാൻ നിസ്സന്ദേഹം.
മൃത്യുവേക്ഷിച്ച ഞാൻ, ഭിന്നത്വസ്വഭാവം
ഞാനിതാ! പാനംചെയ്യേൻ! ശക്തനായ്മധുരനായ്
ഹാ! നന്മനിറഞ്ഞുഞാനെത്രയും ശോഭിക്കുന്നേൻ
ഓം! ഓം!!

---

## 2. പ്രത്യക്ഷവാദവും സങ്കല്പവാദവും.

(1904 ഏപ്രിൽ 4-ാംനു- തിങ്കളാഴ്ച ചെയ്ത പ്രസംഗം)

ഒരു ലോകമുണ്ടെന്നു നാം എങ്ങനെ ഗ്രഹിക്കുന്നു? ഇന്ദ്രിയങ്ങൾമുഖേന. അവയെ നമുക്ക് ആശ്രയിക്കയും വിശ്വസിക്കയും ചെയ്യാമോ? ദൃഷ്ടാന്തത്തിനു, നാം കാണുന്നതുപോലെ ലോകം ഇന്നയിന്നവിധത്തിൽ ഇരിക്കുന്നു എന്നു ഉദാഹരിക്കുക. ഒരു ആന അതിനെ എങ്ങനെ കാണുന്നു? അതിനും കണ്ണുകളുണ്ടു്. മത്സ്യങ്ങൾ അതിനെ ഏതുതരത്തിൽ കാണുന്നു? അവയ്ക്കും കണ്ണുകളുണ്ടു്. എറുമ്പിനോ? എറുമ്പിനു സകലതും വലിയ ഒരു മേഘം—പൊടികൊണ്ടുള്ള മേഘം—പോലെ കാണപ്പെടുന്നു. അതു കാണുന്നതു അങ്ങനെയാണു്. ആനയ്ക്കു സകലതും വളരെ വലുതായിക്കാണും, അതു കാണുന്നതു് അങ്ങനെയാണു്: മനുഷ്യനു ഈ തരത്തിലും ലോകം കാണപ്പെടുന്നു. അതു് ഇപ്പോൾ കാണുന്നതുപോലെയാണെന്നു നമുക്കെങ്ങനെ അറിയാം? മാലക്കണ്ണുരോഗംകൊണ്ടോ മറ്റോ പീഡിതനായ ഒരുത്തനു അതു ഭിന്നരീതിയിൽ കാണപ്പെടും. ചെറുകുട്ടികൾ കളിക്കാനുപയോഗിക്കുന്ന ഗോഷ്ഠിക്കണ്ണാടിയിൽക്കൂടെ നമുക്കു ഉദാഹരണത്തിനു വേണ്ടി നോക്കാം. പദാർത്ഥങ്ങൾ എങ്ങനെ കാണപ്പെടുന്നുവെന്നു നോക്കുക. ഈ കണ്ണാടികളിൽ ഒന്നിൽക്കൂടി ദർശിച്ചാൽ, മുഖം അത്യന്തം ദീർഘമെന്നതുപോലെ തോന്നും; താടി വളരെ താഴ്ന്നിരിക്കും; തലയുടെ മുകൾത്തട്ടു ഏററവും ഉയർന്നിരിക്കും. ചെവികൾ ശരിയായ സ്ഥാനത്തുനിന്നു മാറാതെയും ഇരിക്കും. ഈ കാഴ്ച സാധാരണക്കാർക്കു ചിരിക്കാൻ ധാരാളം വകയുണ്ടാക്കുന്ന ഒരു ബീഭത്സചിത്രമാണു്. വീണ്ടും, ഇത്തരം വേറൊരു കണ്ണാടിയിൽ നോക്കിയാൽ മുഖത്തിന്റെ നീളം സാധാരണപോലെയും എന്നാൽ ഒരു ചെവി അതിദൂരത്തിൽ പോയി നില്ക്കുന്നതായും കാണാം. ഇങ്ങനെ വെറും ഇന്ദ്രിയങ്ങളെ വിശ്വസിക്കാൻ പാടില്ലെന്നു നാം കാണുന്നു. നേത്രേന്ദ്രിയത്തിന്റെ കഥപോലെതന്നെയാണു് മററു ഇന്ദ്രിയങ്ങളുടെയും നില.

digitized by www.sreyas.in

ഒരു കുഞ്ഞിനു കണ്ണുകളും, ചെവികളും, മൂക്കും എല്ലാം ഉണ്ടു്; എന്നിട്ടും അതു പദാർത്ഥങ്ങളെ വേണ്ടവിധം അറിയുന്നില്ല. അതിനു ഭിത്തികൾ അറിയാൻപാടില്ല. ഇതു ഭിത്തിയാണെന്നും, അതു പുസ്തകമാണെന്നും മററും അമ്മ തുടരെത്തുടരെ പറഞ്ഞുകൊടുത്തു് അതിനെ മാസ്മരീകരിച്ചതിനുശേഷമേ കുഞ്ഞു വസ്തുക്കൾ എങ്ങിനെയാണെന്നു ഗ്രഹിക്കുന്നുള്ളു.

അഞ്ചു ഭൂതങ്ങൾ ഉണ്ടു്. നമുക്കു് അഞ്ചു് ഇന്ദ്രിയങ്ങൾ ഉള്ളിടത്തോളംകാലം അഞ്ചു ഭൂതങ്ങളും ഉണ്ടായിരിക്കും. അപ്പോൾ ഇന്ദ്രിയങ്ങൾക്കു് അനുരൂപമായ ഭൂതങ്ങൾ ഉണ്ടു്. അവ പ്രത്യക്ഷത്തിൽ ഇവയാണു്.

അഗ്നി—കാഴ്ച ആകാശം—ശബ്ദം
ജലം—രുചി ഭൂമി—ഗന്ധം
വായു—സ്പർശം.

ചിന്തകൾ യഥാർത്ഥമാണെന്നു വിശ്വസിക്കുന്ന ജനങ്ങൾ സങ്കല്പവാദം പരമാർത്ഥമാണെന്നു പറയുന്നു. അവൎക്കു് അവരുടെ ഭാഗത്തു വളരെ തെളിവുമുണ്ടു്. ഉദാഹരണത്തിനു്, ദ്രഷ്ടാവിനെ (കാണുന്നവനെ) കൂടാതെ ഭിത്തിയെ എങ്ങിനെ വീക്ഷിക്കാം? അവർ പറയുന്നു: "ഭിത്തിയിൽ ഒരു യാഥാർത്ഥ്യവും ഇല്ല; പിന്നെയോ ചിന്തയാണു് ഭിത്തിയെ സൃഷ്ടിച്ചതു്. ഒരു മനുഷ്യനെ ഒരു പ്രത്യേകവഴിക്കു മാസ്മരീകരിച്ചാൽ, അവൻ ഒന്നു് മറെറാന്നായി കാണും; വേറൊരു രീതിയിൽ അവനെ മാസ്മരീകരിച്ചാൽ, അവനതു വേറൊന്നായി കാണും. ഞാൻ മാസ്മരീകരിച്ച ഒരു മനുഷ്യനോടു് ഈ മുറി ഒരു തടാകമാണെന്നു പറയാമെങ്കിൽ അവൻ ഉടനെ മീൻപിടിക്കാൻ തുടങ്ങുന്നു." അപ്പോൾ ഇവിടെ ഇതാ! പ്രത്യക്ഷവാദി വരുന്നു. അയാൾ പറയുന്നു:—"ഭിത്തി സമ്പൂർണ്ണയഥാർത്ഥമാണു്; അതു നിങ്ങളുടെ ചിന്തയിൽനിന്നു സ്വതന്ത്രമാണു്. നിങ്ങളതു കാണുന്നു, സ്പർശിക്കുന്നു, കേൾക്കുന്നു. നിങ്ങളുടെ ഘ്രാണേന്ദ്രിയം നിശിതമാണെങ്കിൽ നിങ്ങൾക്കതു മണത്തു് അറിയാം. നിങ്ങളതു തിന്നാൽ വയറുപറയും അതു യഥാർത്ഥമാണെന്നു്; അതു തീർച്ചയാണു്." ഇങ്ങനെ അയാൾക്കും തന്റെ ഭാഗത്തു ധാരാളം യുക്തിവാദമുണ്ടു്. എന്നാൽ ഒരു ദൃശ്യത്തെ ഉണ്ടാക്കാൻ വസ്തുവും ചിന്തയും രണ്ടുംകൂടി വേണമെന്നു രാമൻ പറയുവാൻ ആ.

ഗ്രഹിക്കുന്നു മാസ്മരീഭവിച്ച മനുഷ്യനു് ഭിത്തിയിൽനിന്നു ഭിന്നമായ ഏതാണ്ടാണതെന്നു സമ്മതിക്കാം. എന്നാലും അവനോടു നിർദ്ദേശിക്കാൻ—അവനൊരു നിർദ്ദേശം കൊടുക്കാൻ എനിക്കെന്തെങ്കി

digitized by www.sreyas.in

ലും ഒരു പദാത്ഥം വേണം അതിനെ കുതിരയെന്നോ തടാകമെന്നോ എന്തെങ്കിലും പറയണമെങ്കിൽ ഏതെങ്കിലും ഒന്നു വേണം. അതിനു രണ്ടും വേണം, ദ്രഷ്ടാവും ദൃശ്യവും.

ഒരിക്കൽ ഇൻഡ്യായിൽ രണ്ടു മനുഷ്യർതമ്മിൽ കലഹിച്ചുകൊണ്ടിരുന്നു. അവർ ഡേർവിഷസ് (മുസ്ലീംസന്യാസിമാർ) എന്നു വിളിക്കപ്പെട്ടിരുന്നു. ഒന്നിൻെറ പേർ മിസ്റ്റർ വുഡ് (മരം) എന്നും, മററതിൻെറ പേർ മിസ്റ്റർ ആക്സ് (കോടാലി) എന്നും ആയിരുന്നു. ആക്സ് ദേഷ്യപ്പെട്ട് വുഡിനോടു പറഞ്ഞു: "ഞാൻ നിന്നെ വെട്ടിപ്പൊടിച്ചുകളയും!" മിസ്റ്റർ വുഡ് മറുപടിപറഞ്ഞു:—"എന്നാൽ എൻെറ പ്രിയപ്പെട്ട സാറെ! ഞാൻ നിൻെറ പുറകിൽ ഉണ്ടായിരിക്കണം. അല്ലെങ്കിൽ നിനക്കൊന്നും ചെയ്യാൻ പററുകയില്ല." കോടാലിയുടെ കയ്യ് മരംകൊണ്ടു് ഉണ്ടാക്കിയതാണു്. ഇതുപോലെതന്നെ സങ്കല്പവാദവും പ്രത്യക്ഷവാദവും ഒന്നിച്ചു് "ഹസ്തേനഹസ്തം" പിടിച്ചുംകൊണ്ടു പോകുന്നു. രണ്ടും പരസ്പരാശ്രയികളാണു്.

ഞാൻ ഒരു തീപ്പെട്ടിക്കോൽ മണൽകടലാസിൽ തട്ടിച്ചു; തീയുണ്ടായി തീ കോലിലോ, മണൽകടലാസിലോ ഉണ്ടായിരുന്നില്ല. എന്നാൽ രണ്ടും കൂട്ടിച്ചേർത്തുരച്ചപ്പോൾ തീയുണ്ടായി. ഞാൻ രണ്ടു കയ്യുംചേർത്തു കൊട്ടിയപ്പോൾ ശബ്ദം ഉണ്ടായി. ശബ്ദം വലത്തെ കയ്യിലൊ ഇടത്തെ കയ്യിലൊ ഉണ്ടായിരുന്നില്ല; എന്നാൽ രണ്ടും കൂട്ടിച്ചേർത്തു തട്ടിയതിൻെറ ഫലമാണു് അതു്. രണ്ടു കയ്യിലും സത്ത ഒന്നുതന്നെയാണു്; ഇവിടെ എനിക്കു കാക്കയെപ്പററി പറയാൻ തോന്നുന്നു കാക്കയ്ക്കു രണ്ടു കൺകൂടുകൾ ഉണ്ടെന്നും, എന്നാൽ കണ്ണുണ്ട (Eye Ball) ഒന്നേ ഉള്ളുവെന്നും പറയപ്പെടുന്നു. അതു വലത്തോട്ടു നോക്കുമ്പോൾ കണ്ണുണ്ട വലത്തേ കൂട്ടിലേയ്ക്കും, ഇടത്തോട്ടു നോക്കുമ്പോൾ ഇടത്തെ കൂട്ടിലേയ്ക്കും ചലിക്കുന്നുവെന്നും പറയപ്പെടുന്നു. കണ്ണു് ഒന്നുതന്നെ. എന്നാൽ പ്രത്യേക സ്ഥലങ്ങളിലേയ്ക്കു് അതിനെ തിരിക്കുക മാത്രമേ ഉള്ളു. രണ്ടു വലിയ തരംഗങ്ങൾ ഒന്നിച്ചുചേർന്നടിക്കുമ്പോൾ നമുക്കു വെളുത്ത പത ലഭിക്കുന്നു. രണ്ടു തിരകളിലും ഉള്ള ജലം ഒന്നുതന്നെ. എന്നാൽ അതു രണ്ടുംകൂടി കൂട്ടിത്തല്ലുമ്പോൾ പത പുറപ്പെടുന്നു, ഒരു കുഞ്ഞു് ഒരു പിതാവിൻെറയോ, മാതാവിൻെറയോ പക്കൽനിന്നു മാത്രം ജനിക്കുന്നില്ല. എന്നാൽ മാതാവും, പിതാവും ചേർന്നിട്ടു് അതുണ്ടാകുന്നു. വേണമെങ്കിൽ അവരെ ദൈവമെന്നും, പരിശുദ്ധാത്മാവെന്നും വിളിച്ചുകൊള്ളുക.

digitized by www.sreyas.in

കാണുന്നവനെ ദ്രഷ്ടാവെന്നും, കാണപ്പെടുന്നതിനെ ദൃശ്യമെന്നും നമുക്കു വിളിക്കാം. ഇതു രണ്ടുമാണു് പരസ്പരാശ്രയികളെന്നും, ഇതു രണ്ടും ഒന്നിച്ചു ചേരുമ്പോളാണു് നാം കാണുന്ന സംഭവങ്ങൾ ഉണ്ടാകുന്നതെന്നും നാം പൂൎണ്ണമായി ഗ്രഹിക്കുന്നു. ഏതെങ്കിലും ഒന്നുമാത്രം ഒരു സംഭവവും ഉണ്ടാക്കുന്നില്ല. ഇങ്ങനെ സങ്കല്പവാദിയും, പ്രത്യക്ഷവാദിയും സംഭവങ്ങളുടെ ഹേതുവിനെ ആരായുവാൻ ഒന്നിച്ചുചേരണമെന്നുള്ളതു് സുവ്യക്തമാണു്. എന്തെന്നാൽ ഓരോരുത്തൎക്കും തനിയെ അതു സാധിക്കാവതല്ല.

ഇൻഡ്യായിലെ ചില കെട്ടിടങ്ങളിൽ വളരെ കണ്ണാടികളുണ്ടു്. വാസ്തവത്തിൽ ഭിത്തികളിലും മേൽ തട്ടുകളിലും കണ്ണാടികൾ പതിച്ചുവെക്കാറുണ്ടു്. ഒരിക്കൽ ഒരു പട്ടി അത്തരം ഒരു വീട്ടിൽ ചെന്നുകയറി. എല്ലാ വശങ്ങളിലുമായി അതു് നൂറുക്കണക്കിനു പട്ടികളെ കണ്ടു. മുകളിലേയ്ക്കുനോക്കിയപ്പോൾ തന്റെ മുകളിലും അതുപട്ടികളെക്കണ്ടു ഇങ്ങിനെകണ്ടു വല്ലാതെ ഭയപ്പെട്ടു് അതു ചാടാൻതുടങ്ങി. പെട്ടെന്നു എല്ലാപട്ടികളും ചാടിത്തുടങ്ങി. പിന്നെ അതു കുരയ്ക്കാനും മോങ്ങാനും ആരംഭിച്ചു മററു പട്ടികളും ഉടനെ മോങ്ങാൻ അവയുടെ വാ നിവിൎത്തു. പട്ടി തീരെ ക്ഷീണിച്ചു് താഴെ വീഴുന്നതുവരെ അതിങ്ങനെ കുറഞ്ഞിച്ചാടിത്തുള്ളിക്കൊണ്ടിരുന്നു. മത്സരമെല്ലാം മതിയാക്കി അതു ശരീരംകൂടി ത്യജിച്ചു. വീട്ടുടമസ്ഥൻവന്നു പട്ടിയുടെ അവശേഷം—ശവം—മാററി. ഇവിടെ ഒരു സുന്ദരനായ രാജകുമാരൻ വന്നുകയറി; കണ്ണാടികളിൽ നോക്കി അദ്ദേഹം തന്നെത്താൻ അഭിനന്ദിച്ചാനന്ദിച്ചു. ആദ്യം അദ്ദേഹം തലമുടിയും, പിന്നെ വായും, മററു ഭാഗങ്ങളും, ഡ്രസ്സും മററും കണ്ടു സന്തോഷിച്ചു. അദ്ദേഹം വളരെ ആഹ്ലാദിച്ചു ഈ പടങ്ങളെല്ലാം, നൂറുക്കണക്കിനുള്ള രാജകുമാരന്മാരെല്ലാം താൻതന്നെയാണെന്നറിഞ്ഞു. കേവലം ഒരേ ഒരു് ആത്മാവേ ഉള്ളുവെന്നും, അതുതന്നെയാണു് എല്ലാ ഭിന്നഭിന്നവേഷങ്ങളിലും, സ്വരൂപങ്ങളിലും പല പല പേരുകളിലും നാം കാണുന്നതെന്നും അതു നമ്മുടെ ആത്മാവാണെന്നും അറിയുമ്പോഴേ നമുക്കു ശാന്തിയും സമാധാനവും ഉള്ളൂ. അല്ലാത്തപക്ഷം പട്ടിയുടെകഥപോലെയായിപ്പോകും. ഇതു നമ്മെ ചതിക്കാൻ പോകുന്നുവെന്നും, അതു നമ്മെ ദ്രോഹിക്കാൻ വരുന്നുവെന്നും, മറെറാന്നു നമ്മിൽനിന്നു ഏതാണ്ടു തട്ടിയെടുക്കാൻ പോകുന്നുവെന്നും മററും നാം ഭയപ്പെടുന്നു; ഭിന്നമാണെന്നു നാം വിചാരിക്കുന്ന സ്വരൂപങ്ങളുമായി തീരാക്കലഹം ഉണ്ടാക്കുന്നു. എന്നാൽ ഒരിക്കൽ നാം സത്യം അറിഞ്ഞു്, രാജകുമാരനെപ്പോലെ, സമാധാ

digitized by www.sreyas.in


നമായി താഴെഇരുന്നു നോക്കുമ്പോൾ, യാതൊന്നിനും ആത്മാവിനെ ചതിക്കാൻ കഴിവില്ലെന്നും, അതു് അചഞ്ചലവും സ്വാതന്ത്ര്യവും ആണെന്നും നാം അറിയുന്നു. പട്ടി ചെയ്യുന്നതുപോലെ നാം ചാടിത്തുടങ്ങിയാൽ നാം കേവലം പുറമേ ജീവിക്കയേ ഉള്ളൂ. എന്നാൽ നാം ആത്മാവിനെ സാക്ഷാൽക്കരിക്കുമ്പോൾ നാം അകത്തേക്കു മുങ്ങി അനാപേക്ഷികസത്യത്തിൻെറ (Absolute Truth) നാട്ടുകളിലേയ്ക്കു പ്രവേശിക്കുന്നു.

സ്വപ്നത്തിലെ ദ്രഷ്ടാവു്—സ്വപ്നം കാണുന്നവൻ—പർവ്വതങ്ങളിൽ കയറിയെന്നും, ഒരു സിംഹത്തെ കണ്ടുമുട്ടിയെന്നും, സിംഹം അവനെ ചീന്തിക്കളഞ്ഞു് കഷണങ്ങളാക്കിയെന്നും, അഥവാ ഗിരിയെ കയറിപ്പോരാൻ പാടില്ലാത്ത കയത്തിൽ വീണുവെന്നും അഥവാ ഗംഗാനദി തൻെറമേൽ പ്രവഹിച്ചുവെന്നും മററും സ്വപ്നത്തിൽ കാണുന്നുവെന്നു വിചാരിക്കുക. ദ്രഷ്ടാവു് യഥാർത്ഥവും സത്യവും ആയിരുന്നുവെങ്കിൽ, സ്വപ്നത്തിലെ സംഭവങ്ങൾ അസത്യമാണെന്നു ബോധിക്കുമായിരുന്നു, അയാൾക്കു വേദനയുണ്ടാകുമായിരുന്നുമില്ല. സിംഹം കടിച്ചുചീന്തിയപ്പോൾ അയാൾ വേദനകൊണ്ടു കരയുകയോ വിളിക്കുകയോ ചെയ്യുമായിരുന്നുമില്ല കയത്തിൻെറ അഗാധതയെ അയാൾ ഭയപ്പെടുമായിരുന്നുമില്ല. എന്നാൽ അതെല്ലാം കേവലം വിചാരമായിരുന്നുവെന്നും സത്യമായിരുന്നില്ലെന്നും നാം കാണുന്നു. ആട്ടെ. സ്വപ്നത്തിലെ ഈ വസ്തുക്കൾ സത്യമായിരുന്നുവെന്നൂഹിക്കുക. എന്നാൽ ദ്രഷ്ടാവു് ഉറങ്ങിയ മെത്തയിൽ വെള്ളം കാണണം. സിംഹം അയാളെ വാസ്തവത്തിൽ കൊല്ലണം. ഇതൊന്നും ശരിയല്ലെന്നു പക്ഷേ നാം കാണുന്നു. ദൃശ്യവും സത്യമല്ല. രണ്ടും ചേർന്നാണു് സ്വപ്നമുണ്ടായതു്. രണ്ടും സത്യമല്ലാതാനും.

മേശ $= Q^T + X$ റോസാ $= Q^R + X$

ബോർഡു് $= Q^B + X$

മേശയുടെ ഗുണങ്ങളും (Qualities) അജ്ഞാതവും ചേർന്നു മേശയും, ബോർഡിൻെറ ധർമ്മങ്ങളും അജ്ഞാതവും ചേർന്നു് ബോർഡും, റോസായുടെ ഗുണങ്ങളും അജ്ഞാതവുംചേർന്നു റോസായും ഉണ്ടാകുന്നു. റോസാ ചുവന്നതാണു്, ഇതളുകൾ ഉണ്ടു്—ഇങ്ങിനെ ഗുണങ്ങൾ. ഇതിൻെറകൂടെ അജ്ഞാതംകൂടെ ചേർക്കുക. അപ്പോൾ റോസായ്ക്കു തുല്യമായി. എല്ലാത്തിലും അജ്ഞാതം ഒന്നുതന്നെ. അതാണാത്മാവു്; അതാണു് അണുകളിലെ പരമാത്മാവ്.



നമുക്കിതാ ഇവിടെ രണ്ടു ത്രികോണങ്ങളും, ഒരു സമചതുഷ്കോണവും ഉണ്ടു്. ത്രികോണങ്ങളുടെ രണ്ടു ഭുജങ്ങളും, ചതുഷ്കോണത്തിന്റെ എതിർസയിഡുകളും സമദീർഘങ്ങളാണു്.

ഈ രണ്ടുരൂപങ്ങളും ഒന്നിച്ചുചേർത്താൽ നമുക്കൊരു ഷൾക്കോണം കിട്ടുന്നു. ഇതു നാം ആദ്യംവെച്ച രണ്ടുരൂപങ്ങളിലുംനിന്നു ഭിന്നമാണു്. ചതുഷ്കോണത്തിന്റെയും, ത്രികോണങ്ങളുടെയും എല്ലാ ഭുജങ്ങളും തുല്യമല്ലായിരുന്നു. എന്നാൽ ഷൾക്കോണത്തിന്റെ സയിഡുകളെല്ലാം തുല്യമാണു്. ത്രികോണങ്ങളിൽ നമുക്കു രണ്ടു ന്യൂനകോണങ്ങൾ (Acute Angles) ഉണ്ടായിരുന്നു. ഷൾക്കോണത്തിൽ അവയില്ല.

ഇവിടെ നാം രണ്ടു രൂപങ്ങൾ ഒന്നിച്ചുചേർത്തു് ഇവയിൽനിന്നു തീരെ വ്യത്യാസപ്പെട്ട ഒരു രൂപമുണ്ടാക്കി.

അതുപോലെ നമുക്കു $H_2O$ ഉണ്ടു്. (H=Hydrogen=അംബു്ജനകാണു. O=Oxygen=പ്രാണവായുവിന്റെ അഥവാ അമ്ലജനകത്തിന്റെ അണു.) $H_2O$ ജലത്തിന്റെ ചിഹ്നമാണു്; ജലത്തെ സൂചിപ്പിക്കുന്നു. ഘടകങ്ങളായ പ്രാണവായുവും, അംബു്ജനകവും ശ്വസിക്കാൻ എളുപ്പമാണു്; എന്നാൽ ഇതു രണ്ടുംകൂടി ശാസ്ത്രീയമായി യോജിച്ചാൽ ജലം ($H_2O$) ഉണ്ടാകും. ഇതു് മേല്പറഞ്ഞ വാതകങ്ങളിൽനിന്നു ഭിന്നമാണു്. അംബു്ജനകവും, പ്രാണവായുവുംചേർത്തു കലർത്തിയാൽ (രാസപ്രയോഗംകൂടാതെ കൂട്ടിയിളക്കിയാൽ) ആ സമ്മിളിതവാതകം ക്ഷിപ്രദാഹിയാണു്; ക്ഷണേന കത്തുന്നതാണു്. എന്നാൽ ജലം അങ്ങിനെയല്ല

ഇങ്ങിനെ പ്രത്യക്ഷസംഭവങ്ങളെ വിവരിക്കാം; ദ്രഷ്ടാവും ദൃശ്യവും യഥാർത്ഥമല്ലെന്നു കാണിക്കാം.

ഇതെല്ലാം വാക്കുകൾകൊണ്ടുള്ള വെറും കളിയാണെന്നു വേദാന്തം പറയുന്നു. വാക്കുകൾകൊണ്ടു ശണ്ഠകൂടിയിട്ടു എന്തു ഫലം?

digitized by www.sreyas.in

പരമാർത്ഥത്തിൽ കേവലമായി ഒരു സത്തമാത്രമേ ഉള്ളൂ; അതു നാമാണ്. അതല്ലാതെ മറെറാന്നുമില്ല. ആത്മാവല്ലാതെ വേറൊന്നുമില്ലാത്തതിനാൽ നിങ്ങളൊരു അംശമാണെന്നു നിങ്ങൾക്കു യുക്തമായി പറയാൻ പാടില്ല. മുഴുവൻ ആത്മാവും നിങ്ങൾ ആണ്. സത്യത്തെ ഭാഗിക്കാവതല്ല. നിങ്ങൾ ഇപ്പോൾതന്നെ സത്യമാണ്.

ഓം! ഓം!!

## 3. വേദാന്തസംബന്ധമായ ചില ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ

(1902 ഡിസംബർ 23-ാംനു- അക്കാഡമി ഓഫ് സയൻസിൽവെച്ച്)

ഇന്നുരാത്രി ഒരു പ്രത്യേകവിഷയത്തെപ്പററി മുറയ്ക്കൊരു പ്രസംഗം ഉണ്ടായിരിക്കയില്ല. വളരെ ജനങ്ങൾ പലവിധ ചോദ്യങ്ങളുമായി രാമനെ സമീപിക്കുന്നു. ചിലപ്പോൾ ചോദ്യങ്ങൾ ബഹുവിചിത്രമായിരിക്കുന്നു. ഈ ചോദ്യങ്ങൾ ചിലതെടുത്ത് ചുരുക്കത്തിൽ മറുപടിപറയാം. ഈ പ്രമേയത്തെപ്പററി നിങ്ങ... ക്കെങ്കിലുമോ, അമേരിക്കായിൽ ആക്കെങ്കിലുമോ, എന്തെങ്കിലും ചോദ്യം ചോദിക്കാനുണ്ടെങ്കിൽ ഒരു കടലാസുതുണ്ടിൽ അതെഴുതി രാമന് അയച്ചുകൊടുക്കാം. ചോദ്യങ്ങൾ ഈ ഹോളിൽ കൊണ്ടുവന്ന്—അഥവാ മററു പ്രസംഗവേദിയിൽ കൊണ്ടുവന്ന്—രാമൻെറ പ്രസംഗങ്ങളിൽ വിശദമായി ചർച്ചചെയ്യാം.

ചോദ്യങ്ങൾ എടുക്കുംമുമ്പേ ജനങ്ങളുടെ ഉള്ളിലുള്ള എല്ലാത്തരം ചോദ്യങ്ങളെക്കുറിച്ചും എനിക്കു് ഒരു പൊതുപ്രസ്താവന ചെയ്യേണ്ടതുണ്ട്. യൂറോപ്യന്മാർക്കും അമേരിക്കക്കും ഉള്ള വഴിയല്ല ഇൻഡ്യൻതത്വജ്ഞാനികൾക്കുള്ളതെന്നും, രണ്ടും ഭിന്നമാണെന്നും നിങ്ങൾക്കറിയാം. ഇൻഡ്യൻപണ്ഡിതന്മാർ ഏതെങ്കിലും പ്രമേയമെടുത്താൽ അതിന് ഒരു സാമാന്യവിവരണം കൊടുക്കുകയും, പിന്നീട് ഊഹ്യമായ സകല ചോദ്യങ്ങളും എടുത്തു മറുപടിപറകയുംചെയ്യുന്നു. രാമൻ ഈ അവസ്ഥകൾ എല്ലാം കടന്നുപോന്നിട്ടുള്ളവനാണ്. ആർക്കെങ്കിലും ഉണ്ടാകുന്ന—ഉണ്ടാകാവുന്ന—സകല പ്രശ്നങ്ങളും രാമൻെറ പ്രശ്നങ്ങൾ ആയിരുന്നു. അത്തരം

digitized by www.sreyas.in

ചോദ്യങ്ങളുടെയും, കുതൎക്കങ്ങളുടെയും ഒരു സമുദ്രംതന്നെയുണ്ട്. രാമന്റെ അഞ്ചുവയസ്സിലെ ചോദ്യങ്ങളാണു ചിലതു്, പതിനഞ്ചുവയസ്സുപ്രായത്തിലെ പ്രശ്നങ്ങളാണ് നിങ്ങൾ കൊണ്ടുവരുന്ന ചോദ്യങ്ങളിൽ പലതും. രാമനു് ഇരുപത്തഞ്ചുവയസ്സുണ്ടായിരുന്നപ്പോൾ ഉണ്ടായ കുഴപ്പങ്ങളാണു് മററുപലതും.

ഈ ചോദ്യങ്ങളെപ്പററി മറെറാന്നുകൂടി പ്രതിപാദിക്കാനുണ്ട്. തത്വജ്ഞാനചൈതന്യത്തിന്റെ പരിണാമദശകളിൽ ഏററവും പ്രാഥമികമായ ദശകളെപ്പററിയാണു ചില പ്രശ്നങ്ങൾ; മററു പലതും മധ്യമദശകളെസംബന്ധിച്ചവയാണ്. വേറെ ചിലതു് വേറെ പല നിലകളെയും സംബന്ധിച്ചവയും. * യൂക്ലിഡിന്റെ ഒന്നാംപുസ്തകത്തിലെ 47-ാമത്തെ സൂത്രം വിവരിക്കണമെന്നു് ആവശ്യപ്പെടുന്ന ഒരാൾ നിങ്ങളുടെ അടുക്കൽ വരുന്നു. ആ പ്രതിജ്ഞ — സൂത്രം — അങ്ങിനെതന്നെ എടുത്തു് അയാൾക്ക വിവരിച്ചുകൊടുക്കുമ്പോൾ, അയാൾക്ക 46-ാം, 45-ാം പ്രതിജ്ഞകൾ അറിഞ്ഞുകൂടെങ്കിൽ, അഥവാ ഒന്നാമത്തെ സൂത്രം അയാൾ പഠിച്ചിട്ടില്ലെങ്കിൽ യൂക്ലിഡിന്റെ പ്രാരംഭസൂത്രങ്ങളും നിൎവ്വചനങ്ങളുംതന്നെ അയാൾക്ക പരിചയപ്പെട്ടിട്ടില്ലെങ്കിൽ — 47-ാംപ്രതിജ്ഞ വിവരിച്ചു് അയാളെ തൃപ്തിപ്പെടുത്തുന്നതു് എങ്ങിനെ? നിങ്ങൾ ആ ജോലി കയ്യേററു വിവരിക്കാൻ തുടങ്ങവേ, ആദ്യംതന്നെ 46-ാംപ്രതിജ്ഞ പ്രയോഗിക്കണം അപ്പോൾ ഒരു ചതുരശ്രഖണ്ഡത്തെ വിവരിക്കണം; അയാൾക്കു് അതറിഞ്ഞുകൂടാ; അന്നേരം 32-ാംപ്രതിജ്ഞ ഉപയോഗിക്കണം. അതും അയാൾക്ക നിശ്ചയമില്ല. അപ്പോൾ നിങ്ങൾ 46-ാം, 32-ാം പ്രതിജ്ഞകൾ വിവരിക്കാൻതുടങ്ങുന്നു. അതുകൾ തെളിയിക്കാൻ നിങ്ങൾ 16-ാം, 22-ാം മററും പ്രതിജ്ഞകൾ എടുക്കേണ്ടിവരുന്നു. ഇതു് ഒന്നാമത്തെപ്രതിജ്ഞയിലേക്ക നിങ്ങളെ കൊണ്ടുവിടുന്നു. അങ്ങിനെ പുറകോട്ടു പുറകോട്ടു പോയി സൂത്രങ്ങളിലും നിൎവ്വചനങ്ങളിലും വിവരണങ്ങളിലും എത്തിച്ചേരുന്നു. സകലതും കുഴപ്പത്തിൽ കലാശിക്കുന്നു. തെളിയിക്കപ്പെട്ടതായി ഒന്നും വരുന്നും ഇല്ല.

ഒരു സയൻസും കുഴപ്പമായിട്ടും പരിഭ്രമിച്ചും പഠിക്കേണ്ടതല്ല. അതു ക്രമമായ മുറയിൽ നല്ല ചിട്ടയോടും, വ്യവസ്ഥയോടും പടിപടിയായി പ്രതിപാദിക്കേണ്ടതാണ്. ഈ വേദാന്തതത്വജ്ഞാനം— ഈ മതം—ഒരു മതവും ഒരു സയൻസുമാണ്. യൂറോപ്പിൽ നിങ്ങൾക്ക സയൻസും മതവും തമ്മിൽ യുദ്ധമുണ്ട്.. എന്നാൽ രാമൻ

* സുപ്രസിദ്ധ ക്ഷേത്രഗണിതപണ്ഡിതൻ.

digitized by www.sreyas.in

കൊണ്ടുവരുന്ന ഈ ശാസനങ്ങൾ രണ്ടിനെയും സംയോജിപ്പിക്കുന്നു. വാസ്തവത്തിൽ അതു തത്വശാസ്ത്രവും സയൻസും മതവും തമ്മിൽ തമ്മിൽ അനുരഞ്ജനമുണ്ടാക്കുന്നു.

ഇതു സയൻസുകളുടെ സയൻസാകയാൽ അതിനെ സമീപിക്കുന്നതു അനുക്രമമായി, ശരിയായ രീതിയോടും വ്യവസ്ഥയോടും കൂടി വേണം. നിങ്ങൾ കേട്ട കുറെ പ്രസംഗങ്ങൾ ഈ തത്വജ്ഞാനത്തിലേയ്ക്കു തീരെ പ്രവേശിച്ചിട്ടേ ഇല്ല. വേദാന്തതത്വങ്ങളെപ്പററി അങ്ങനെതന്നെ ഒരു പ്രസംഗംപോലും ചെയ്യപ്പെട്ടിട്ടില്ല. ചില പരിസരപ്രശ്നങ്ങൾ മാത്രമേ ചർച്ചചെയ്യപ്പെട്ടിട്ടുള്ളു. ആമുഖമോ, അവതാരികയോ ആയ പ്രസംഗങ്ങളേ ഇവിടെ ചെയ്യപ്പെട്ടിട്ടുള്ളു. ഈ അത്ഭുതകരമായ സയൻസും മതവും വ്യക്തമായി വിവരിക്കാൻ രാമനു സമയം കിട്ടുന്നുവെങ്കിൽ, നിങ്ങളുടെ സംശയങ്ങളെല്ലാം–എല്ലാ ചോദ്യങ്ങളും–സ്വയം മാഞ്ഞുപോകും.

ചിലകൂട്ടർ വളരെ ക്ഷമയില്ലാത്തവരാണ്. അവരുടെ ചോദ്യങ്ങൾക്ക് അവർ ഉടനെ ഉത്തരം ആവശ്യപ്പെടുന്നു. ശരിതന്നെ! ആ ചോദ്യങ്ങളിൽ ചിലതു നമുക്കെടുക്കാം അവ പലതും വികൃതചോദ്യങ്ങളാണ്.

ഇന്നലെയോ അതിനു തലേന്നാളോ ഈ ചോദ്യവുമായി ഒരു മനുഷ്യൻ വന്നു:–"നിങ്ങളെന്താണു പഠിപ്പിക്കുന്നതു സാറേ!" "നിങ്ങൾക്ക് ആത്മാവുണ്ടോ?" "ആത്മാവുണ്ടെന്നു നിങ്ങൾ പഠിപ്പിക്കുന്നോ? നിങ്ങൾ ആത്മാവിൽ വിശ്വസിക്കുന്നോ?" രാമൻ പറഞ്ഞു:–"ഇല്ല. എനിക്കു ഒരു ആത്മാവില്ല." അയാൾ അത്ഭുതസ്തബ്ധനായിപ്പോയി!

"ഛെ! ഇതൊരു കുടിലകശ്മലമതമാണ്. അയാൾക്ക് ഒരാത്മാവില്ല." രാമന്റെ ഉത്തരത്തിന് എന്തർത്ഥമാണ്? "എനിക്കൊരാത്മാവില്ല" അമേരിക്കായിലും യൂറോപ്പിലും മതം എന്നാൽ എന്താണ്? അതു അവരുടെ സ്വീകരണമുറികളിൽ അലങ്കാരത്തിനും മോടിക്കും വെക്കപ്പെടുന്ന ഏതാണ്ടാണ്. ഇവിടെ എനിക്കു ഭാര്യയുണ്ട്; കുട്ടികളുണ്ട്; മനോഹരമായ ഒരു ഉന്നതഹർമ്മ്യമുണ്ട്; എനിക്കു വസ്തുക്കളുണ്ട്; ബാങ്കിൽ ബഹുദശലക്ഷം ഡോളറുണ്ട്; ഇതെല്ലാം എനിക്കുണ്ട്. എനിക്കു വല്ലതുംകൂടെവേണം. ഇങ്ങിനെ സമ്പാദ്യത്തിനുള്ള ചൈതന്യംകൊണ്ടു പ്രേരിപ്പിക്കപ്പെട്ട്, പിടിച്ചുപറിക്കാനും, സ്വായത്തമാക്കാനും, സംഭരിക്കാനുമുള്ള ചിന്തകൊണ്ടു പ്രചോദിക്കപ്പെട്ട്, അവക്കു സമ്പാദിക്കാനും എന്തെങ്കിലുംകൂടെ ലഭിക്കാനും മോഹമുണ്ട്. ഒരു മുറി ബന്ധുക്കളുടെ പടങ്ങളുംമററും

digitized by www.sreyas.in

കൂടാതെ അലങ്കരിക്കാൻ ...ത്തതുപോലെ, സമ്പന്നനായ എനിക്കു കുറച്ചു മതംകൂടി കൂടാതെയിരിക്കരുതെന്നുള്ള വിചാരമുണ്ട്. മററു സാധനങ്ങളുടെകൂട്ടത്തിൽ എനിക്കു കുറെ മതവും ഇരിക്കട്ടെ. എന്നാൽ മററു വസ്തുക്കളെല്ലാം ആദ്യം വേണം; ഒടുക്കം മതവും.

പലൎക്കും രസിക്കാത്ത ഇത്തരം വാക്കുകൾ രാമന്റെ അധരങ്ങളിൽനിന്നു പുറപ്പെടുന്നതു് നിങ്ങൾ ക്ഷമിക്കണം. മനുഷ്യരെക്കാൾ രാമൻ സത്യത്തെ ആദരിക്കുന്നു സത്യത്തെ ആദരിക്കുമ്പോൾ രാമൻ നിങ്ങൾക്കു് യഥാൎത്ഥബഹുമാനം തരുന്നു. എന്തെന്നാൽ രാമന്റെ ചിന്തയിൽ നിങ്ങൾ സത്യമാണു്. ഈ കപടസത്തയോ ശരീരമോ സത്യമല്ല. ഈവിധം പ്രസ്താവനകൾ ചെയ്യാൻ സത്യം രാമനെ നിർബ്ബന്ധിക്കുന്നു. ഈ നാട്ടിൽ ചെയ്യപ്പെടുന്ന സാധാരണ പ്രാൎത്ഥനകളിൽ ഈശ്വരനെ എങ്ങിനെ ജനങ്ങൾ പ്രയോജനപ്പെടുത്തുന്നു? ജനങ്ങളെങ്ങിനെ ഈശ്വരനെ സമീപിക്കുന്നു? കുഞ്ഞിനു രോഗം വരുമ്പോൾ, വസ്തുക്കൾ പൊയ്പോകുമ്പോൾ, ശരീരം കഷ്ടപ്പെടുമ്പോൾ, അവർ ദൈവത്തിനെ സമീപിച്ചു, കണ്ണു ചുഴററി, കയ്യും പൊക്കി:—"ഹേ! ഈശ്വരാ! സ്വൎഗ്ഗത്തിൽ ഇരിക്കുന്നവനേ! ഹേ! ദൈവമേ! ആകാശങ്ങളിൽ ഇരിക്കുന്നവനേ!" (അദ്ദേഹം മേഘങ്ങളിൽ ഇരുന്നാൽ ജലദോഷം പിടിക്കുമെന്നുള്ള അനുകമ്പപോലും കൂടാതെ!) "ഹേ! അവിടെ ഇരിക്കുന്ന ഈശ്വരാ! എന്നിൽ കാരുണ്യമുണ്ടാകണമേ! എന്റെസ്വത്തു രക്ഷിച്ചുതരണമേ! എന്റെ ശരീരം നന്നാക്കണമേ! എന്റെ കുഞ്ഞിന്റെ ദീനം ഭേദപ്പെടുത്തണമേ!" "അഹോ! ഇതാണോ മതം? ഇതു മതമാണോ? വീട്ടിലെന്തെങ്കിലും തകരാറുണ്ടാകുമ്പോൾ വീട്ടിൽ കുറെ വൃത്തികേടു സംഭവിക്കുമ്പോൾ, വീട്ടിനു ജീൎണ്ണത പററുമ്പോൾ, ഈ പാവപ്പെട്ടവൻ താഴെ വന്നു നിങ്ങളുടെ വീട്ടു് തൂത്തുവാരണമെന്നുള്ള ഉദ്ദേശത്തോടുകൂടി മാത്രം ഈശ്വരനെ നിങ്ങൾ വിശ്വസിക്കുന്നു. ഈശ്വരനെക്കൊണ്ടുപയോഗിക്കുന്നതിങ്ങനെയല്ലേ? നികൃഷ്ടകാൎയ്യങ്ങൾക്കല്ലേ ഇവിടെ മതം സൂക്ഷിക്കുന്നതു്? അതു മതമാണോ? ഇവിടെ മുഖ്യകാൎയ്യം ശരീരം—ചെറുവ്യക്തിത്വം—ഭാൎയ്യയും മക്കളുമാകുന്നു. മുറി തുടയ്ക്കാനും തൂക്കാനും മാത്രം താഴെക്കൊണ്ടുവരാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണു് ദൈവം. ഇതു യഥാൎത്ഥമായിട്ടിങ്ങനെതന്നെയല്ലയോ?

ഇൻഡ്യാ മുഴുക്കെയില്ലാ, എന്നാൽ വാസ്തവത്തിൽ മതവിശ്വാസമുള്ള മനുഷ്യരിലെങ്കിലും, ഈ ശാസനങ്ങളുടെ പ്രകാശത്തിലെന്നു പറയാം, വേദാന്തദൃഷ്ട്യാ, സ്ഥിതിഗതികൾ വ്യത്യസ്തമാണു്

digitized by www.sreyas.in

ജനങ്ങൾ ബഹുമന്ദമായിട്ടു കേൾക്കുന്ന ക്രിസ്തുവിന്റെ ശാസനം- "നിങ്ങൾ സ്വർഗ്ഗരാജ്യം അന്വേഷിക്കുക, മറ്റുള്ളതെല്ലാം നിങ്ങൾക്കു വന്നുകൊള്ളും" എന്നുള്ള ശാസനം — അവിടെ ഇൻഡ്യായിൽ ബഹുശക്തിപൂർവ്വം, തെറ്റിപ്പോകാനിടയില്ലാത്ത നിഷ്കർഷയോടു കൂടി, പ്രഖ്യാപിക്കപ്പെടുന്നു. പ്രിയപ്പെട്ട ഏകത്തിന്റെ പാദാരവിന്ദങ്ങളിൽ ശരീരവും, ബുദ്ധിയും, മനസ്സും, ബന്ധങ്ങളും, സ്വത്തും, ലോകം സമസ്തവും സമർപ്പിക്കപ്പെടുന്നു-ത്യജിക്കപ്പെടുന്നു; എന്താണിതിന്റെ താല്പര്യം? വിസ്തൃതലോകമശേഷം വീടായും, നന്മ ചെയ്യുന്നതു മതമായും ഭവിക്കുന്നു.

അവിടെ ആവശ്യമുള്ള ഒരു സംഗതിയെ, വേണ്ടതായ ഒന്നിനെ സർവ്വപ്രധാനമാക്കുന്നു. ശേഷമുള്ളതെല്ലാം വെറും ഉപകരണങ്ങളും, വിദേശരാജ്യസാധനങ്ങളുമായി ഗണിക്കപ്പെടുന്നു. ഈശ്വരനിൽ അവിടെ സ്വഭവനം കണ്ടുമുട്ടുന്നു. ബാഹ്യമായ ഗൃഹങ്ങളെല്ലാം ഹോട്ടലുകളോ, വഴിയമ്പലങ്ങളോപോലെ മാത്രമാണ്. അവക്കും അവരുടെ ഭാര്യമാരെയും മക്കളെയും നോക്കുന്നതിനുണ്ട്. എന്നാൽ ഹാ! അവർ ഭാര്യാദികൾക്കു യഥാർത്ഥമായുള്ള വിലയേ വെയ്ക്കുന്നുള്ളു. ചോദ്യത്തിന്റെ ഉത്തരം കേൾക്കുക. "നിങ്ങൾക്കു ഒരു ആത്മാവുണ്ടോ?" അതു അസംബന്ധമായ ഒരു ചോദ്യമാണ്. എനിക്കു ഒരു ശരീരമുണ്ട്. അദ്ദേഹം പറയുന്നു:— "നിങ്ങൾക്കൊരാത്മാവുണ്ടോ?" രാമൻ പറയുന്നു: - "ഞാൻ ആത്മാവാണ്; ഞാനതുതന്നെയാണ്!!" നിങ്ങൾക്കു ആത്മാവുണ്ടോ? എന്നു ചോദിക്കുന്നതു എന്തൊരു ബോധമില്ലാത്ത അസംബന്ധമാണ്? ശരീരം ഞാനും, ആത്മാവു് എന്റെ ഒരു സാധനവുംപോലെ! ഞാൻ ആത്മാവാകുന്നു. എനിക്കൊരു ശരീരം ഉണ്ട്, എനിക്കീ ലോകം സർവ്വവും ഉണ്ട്.

വേറൊരാൾ രാമനോടു ചോദിച്ചു:— "നിങ്ങൾ ഈശ്വരനിൽ വിശ്വസിക്കുന്നോ?" "ഞാൻ ഈശ്വരനെ അറിയുന്നു" എന്നു രാമൻ പറയുന്നു. അറിയാത്ത ഒരു സംഗതിയിലാണ് നാം വിശ്വസിക്കുന്നതു്. നമ്മുടെമേൽ കത്തിക്കയറുന്ന ഒരു വസ്തുവിലാണ് നാം വിശ്വസിക്കുന്നതു്. നമുക്കറിയാൻ പാടില്ലാത്ത ഒരു പദാർത്ഥത്തിൽ നാം വിശ്വസിക്കുന്നു. ഈശ്വരനിൽ വിശ്വസിക്കുക എന്നതിന്റെ അർത്ഥം എന്തു്? നിങ്ങൾ അദ്ദേഹത്തെപ്പറ്റി എന്തറിയുന്നു? "ഞാൻ ദൈവത്തെ അറിയുന്നു. ഞാൻ അദ്ദേഹമാണ്, ഞാൻ അദ്ദേഹമാണ്." പിന്നെ അയാൾ പറയുന്നു:—"ദൈവം നിങ്ങളുടെ അകത്താണ്." ശരീരവും ലോകം സമസ്തവും അദ്ദേഹത്തിന്റെ അകത്താണ് എന്നു രാമൻ പറയുന്നു. ഞാൻ ദൈവ



digitized by www.sreyas.in

മാകുന്നു. സകലഭേദവും അതിലാണു് കിടക്കുന്നതു്. ഒരു മനുഷ്യൻ ചാകുമ്പോൾ ഈ നാട്ടിൽ ജനങ്ങൾ പറയുന്നതു് അവൻ ആത്മാവിനെ ഉപേക്ഷിച്ചുവെന്നാണു്. അവൻ ശരീരം ഉപേക്ഷിച്ചുവെന്നു ഇൻഡ്യാക്കാർ പറയുന്നു. രണ്ടു വീക്ഷണകോണത്തിനും തമ്മിലുള്ള വ്യത്യാസം ഇതു് ഉദാഹരിക്കുന്നു. അയാൾ ആത്മാവിനെ ഉപേക്ഷിച്ചു! അയാളുടെ യഥാർത്ഥസത്ത ശരീരമായിരുന്നതും, ആത്മാ അഥവാ സൂക്ഷ്മദേഹം എന്താണ്ടു കെട്ടിച്ചേർത്തു വെച്ചതുംപോലെ!, അയാളുടെദേഹം യഥാർത്ഥസത്തയും ആത്മാവായ യഥാർത്ഥസത്വം എന്താണ്ടു് അന്യമായിരുന്നതുംപോലെ! "ഞാൻ ആത്മാവാണു; അതാണു; ഞാൻ ശരീരം ത്യജിക്കുന്നു" എന്നു ഇൻഡ്യാക്കാർ പറയുന്നു. 'ഞാൻ വസ്ത്രങ്ങൾ മാററുന്നതുപോലെ, ശരീരം ത്യജിക്കുന്നു.

ഇതാ! വേറൊരു ചോദ്യം:– "ഈശ്വരൻ സർവ്വത്തിലും പൂർണ്ണമാണെങ്കിൽ ഇത്ര വളരെ കഷ്ടതയും സങ്കടവും ലോകത്തിൽ എന്തുകൊണ്ടു് ഉണ്ടാകുന്നു?" "ഈശ്വരൻ സർവ്വവുമാണു്. ഈശ്വരൻ സർവ്വത്തിലും പൂർണ്ണനായിരിക്കുന്നു നിങ്ങൾ ഈശ്വരനാണു്, ഞാൻ ഈശ്വരനാണു്" എന്നു വേദാന്തം പറയുന്നു. നിങ്ങൾ ഈശ്വരന്റെ അംശമാണോ എന്നു് ആളുകൾ ചോദിക്കുന്നു. അല്ലാ! അല്ലാ! ഈശ്വരനെ വിഭജിക്കാൻ കഴിവില്ല; ഈശ്വരനെ ഛേദിക്കാൻ പാടില്ല. ഈശ്വരനെ ഖണ്ഡിച്ചു വിഭജിക്കാൻ നിവൃത്തിയില്ല. ഈശ്വരനെ മുറിക്കാൻ തരമില്ല. നിങ്ങൾ ഈശ്വരന്റെ അംശമല്ല. ഈശ്വരൻ അന്തമററവൻ ആണെങ്കിൽ, ഈശ്വരൻ അപരിമേയനാണെങ്കിൽ, നിങ്ങൾ പൂർണ്ണനായ ഈശ്വരൻ ആയിരിക്കണം ഈശ്വരന്റെ അംശമായിരിക്കാൻ പാടില്ല.

അടുത്തചോദ്യം ഇങ്ങിനെയാണു്:– "ഈശ്വരൻ പൂർണ്ണനായി സർവ്വാന്തര്യാമിയായിട്ടിരിക്കുന്നുവെങ്കിൽ, ഒരു ശരീരത്തിൽ താൻ സ്വയം സങ്കടാവസ്ഥയിലും, വേറൊരുശരീരത്തിൽ ദരിദ്രാവസ്ഥയിലും, പ്രതിഷ്ഠിക്കുന്നതെന്തിനു്? ഇൻഡ്യായിൽ അദ്ദേഹം പ്ലേഗും ദാരിദ്ര്യവും വരുത്തുകയും, അമേരിക്കായിൽ രാഷ്ട്രീയസ്വാതന്ത്ര്യം കൊടുക്കയുംചെയ്യുന്നതെന്തിനു്? ഒരു ശരീരത്തെ നാലഞ്ചുകോടിരൂപായുടെ ഉടമസ്ഥനായും, വേറൊരുമനുഷ്യനെ ദരിദ്രനായി വിശന്നു ദാഹിക്കുന്ന സ്ഥിതിയിലും ആക്കുന്നതെന്തിനു്? അദ്ദേഹം ഇങ്ങിനെയെല്ലാം ചെയ്യുന്നതെന്തിനു്? അദ്ദേഹം എന്തു യുക്തിഹീനനാണു്? ഈ നാട്ടിലും ഇൻഡ്യായിലും ചോദ്യകർത്താവിനെ തൃപ്തിപ്പെടുത്താൻ പരിശ്രമങ്ങൾചെയ്യപ്പെട്ടുന്നുണ്ടു്. മിക്ക ജനങ്ങളും കർമ്മസിദ്ധാന്തത്തെ—കാര്യകാരണസിദ്ധാന്തത്തെ—ഓരോരുത്തനും അവനവന്റെ ഭാഗ്യത്തിനു നാഥനാണെന്നും, ഓരോരുത്തനും സ്വമേധയാ അവനവന്റെ പരിതഃസ്ഥിതികളും സ്വാഹ

ചര്യങ്ങളും സൃഷ്ടിക്കുകയാണെന്നും, ഇങ്ങിനെ ഈശ്വരൻ ന്യായസ്ഥനാണെന്നുംഉള്ള സിദ്ധാന്തത്തെ—ആശ്രയിക്കാറുണ്ട്. ജനങ്ങൾ അവരുടെ സ്വന്താ ഭാഗ്യം സൃഷ്ടിക്കുന്നു; അവരുടെ സ്വന്തഭാഗധേയം ഉണ്ടാക്കുന്നു. രാമൻ കർമ്മസിദ്ധാന്തത്തിലേക്കു പ്രവേശിക്കേണ്ടതില്ല. ഈ കാര്യകാരണവാദം ഇൻഡ്യായിൽനിന്നു പുറപ്പെടുന്നു. വേദാന്തം അതിനെ പ്രോത്സാഹിപ്പിക്കയും ചെയ്യുന്നു. എന്നാൽ അതു് പ്രത്യക്ഷപ്രപഞ്ചത്തെമാത്രം ബാധിക്കുന്നതേ ഉള്ളൂ. അതു് പ്രത്യക്ഷസംഭവങ്ങളെമാത്രം സംബന്ധിക്കുന്നതേ ഉള്ളൂ. അതു പ്രശ്നത്തിൻെറ ചുവട്ടിൽ എത്തുന്നില്ല. പുനർജ്ജന്മവാദവുംമററും വിവരിക്കുന്ന കർമ്മസിദ്ധാന്തക്രമമനുസരിച്ചു നിങ്ങളുടെ ആധുനികാവസ്ഥയുടെ പരിസരങ്ങൾ നിങ്ങളുടെ ഭൂതകാലത്തെ ആഗ്രഹങ്ങളിലും, ഭൂതകാലപ്രവൃത്തികളിലുംനിന്നു് ഉത്ഭവിച്ചവയാണു്. ഇപ്രകാരം, എന്തെല്ലാം സാഹചര്യങ്ങളും, എന്തെല്ലാം പരിതഃസ്ഥിതികളും, എന്തെല്ലാം വിധിയും ഭാഗ്യവും നിങ്ങൾക്കുണ്ടായിരുന്നാലും, അതുകളെ നിങ്ങളുടെ കഴിഞ്ഞകാലത്തെ മോഹങ്ങളും, കാമങ്ങളും, ഇഷ്ടങ്ങളും, കഴിഞ്ഞകാലത്തെ കർമ്മങ്ങളും ഉണ്ടാക്കിയതാണു്. സൂക്ഷ്മം പരിശോധിച്ചാൽ, ഈ സിദ്ധാന്തം ബുദ്ധിമുട്ടിനെ വെറുതെ നീട്ടിക്കൊണ്ടു്, മാററിവെച്ചുകൊണ്ടു പോകുന്നതേ ഉള്ളു വെന്നു നിങ്ങൾക്കു കാണാം. അതു ചോദ്യത്തിനു പൂർണ്ണമായി മറുപടിപറയുന്നില്ല. ഈ സിദ്ധാന്തത്തെ രാമൻ ഖണ്ഡിക്കയോ, നശിപ്പിക്കയോ ചെയ്യുന്നില്ല. രാമൻ അതു സ്വീകരിക്കയും, പിന്താങ്ങുകയുംചെയ്യുന്നു. എന്നാൽ രാമൻ ചോദ്യത്തിൻെറ മറുവശം, എതിർഉപാധി അവതരിപ്പിക്കാൻ ആഗ്രഹിക്കുന്നു. അമേരിക്കൻജനങ്ങൾ അതാണു് തീരെ വിഗണിക്കുന്നതു്; അഥവാ പക്ഷേ തീരെ വിഗണിക്കുന്നില്ലെങ്കിലും, പുറമേ തള്ളിക്കളഞ്ഞിട്ടുള്ളതു്.

ഈ കർമ്മനിയമമനുസരിച്ചു്, കഴിഞ്ഞുപോയ കർമ്മങ്ങൾ നിങ്ങളുടെ അധുനാതനപരിതഃസ്ഥിതികളെ സൃഷ്ടിക്കുന്നു. എന്നാൽ ഇതിൽനിന്നുവരുന്നതു നിങ്ങളുടെ മുജ്ജന്മങ്ങളിൽ, കഴിഞ്ഞ ജീവിതങ്ങളിൽപോലും നിങ്ങളുടെ പ്രവൃത്തികൾക്കും, കാലങ്ങൾക്കും ആശകൾക്കും ഭിന്നത ഉണ്ടായിരുന്നു എന്നാണു്. ചിലർ രോഗികളായിരുന്നു; ചിലർ ദരിദ്രരായിരുന്നു; ചിലർ ധനികരായിരുന്നു. കഴിഞ്ഞ ജീവിതത്തിൽ ഈ വ്യത്യാസങ്ങൾ വരാൻ കാരണമെന്തു്? അതിനു മുമ്പിലത്തെ ജീവിതത്തിൽ ഉണ്ടായിരുന്ന അത്തരം വ്യത്യാസങ്ങളാണു കാരണം എന്നു ഉത്തരം പറയണം. അപ്പോൾ ആ മൂന്നാം ജന്മത്തിലെ ഭിന്നതകൾക്കു കാരണമെന്തായിരുന്നു? അതിനു മുമ്പിലുണ്ടായിരുന്ന ജീവിതത്തിലെ ഭിന്നതകൾ.

digitized by www.sreyas.in

ഈ കർമ്മസിദ്ധാന്തം ബുദ്ധിമുട്ടിനെ പത്തുലക്ഷം മടങ്ങു കുഴപ്പത്തിലാക്കുന്നു. എന്തെന്നാൽ, ഈ സിദ്ധാന്തം—നിയമം—അനുസരിച്ച് നിങ്ങളുടെ മുജ്ജന്മങ്ങളിലെല്ലാം, മുൻജീവിതങ്ങളിലെല്ലാം, പുറകോട്ടു അനാദികാലം മുതൽ, പ്രാരംഭം എന്നൊന്നുണ്ടെങ്കിൽ അതു മുതൽക്കുതന്നെ, ഭിന്നതകൾ ഉണ്ടായിരുന്നുവെന്നു നിങ്ങൾ കാണുന്നു സർവ്വദാ വൈവിധ്യവും, പരസ്പരമത്സരവും സർവ്വത്തിലുമുണ്ടായിരുന്നു ഇതാ! ചോദ്യത്തിനുത്തരം കാട്ടിയില്ല; അതു കൂടുതൽ കുഴപ്പത്തിലായി. അപ്പോൾ ചോദ്യം ബഹുഗുണിതശക്തിയോടുകൂടി വീണ്ടും പുറപ്പെടുന്നു; അപ്പോൾ അതിങ്ങനെ ചെന്നുനില്ക്കുന്നു:—"അനാദികാലംമുതൽ ഈശ്വരൻ ഈ ഭിന്നതകളെ വെച്ചുകൊണ്ടിരിക്കുന്നതെങ്ങിനെ? അനാദികാലംമുതൽ ഈശ്വരൻ ഒരുത്തനെ ധനികനും, മറ്റൊരുത്തനെ ദരിദ്രനും, ആയി രണ്ടു സ്ഥലങ്ങളിൽ സൃഷ്ടിച്ചതെന്തിനു്? ഒരുത്തനെ ഒരു സ്ഥലത്തു രോഗിയും, മറ്റൊരുവനെ വേറൊരിടത്തു അരോഗിയും ആക്കി അദ്ദേഹം വെച്ചതെങ്ങിനെ?" ഇതെത്രയുക്തിഹീനം! ഈ ഭിന്നതയെ എങ്ങനെനീതീകരിക്കാം? ഇതു നിങ്ങളോടുതന്നെ ചോദിപ്പാനുള്ള ഒരു ചോദ്യമാണെന്നും, നിങ്ങൾ വേദാന്തത്തോടു ചോദിപ്പാനുള്ള ഒരു ചോദ്യം അല്ലെന്നും വേദാന്തം പറയുന്നു. ഈ ചോദ്യത്തിനു നിങ്ങൾതന്നെയാണു് ഉത്തരംപറയേണ്ടതു്. വേദാന്തത്തിനു് ആ ഭാരമില്ല. അതു ഐക്യത്തിന്റെ—ഏകത്വത്തിന്റെ—വസ്തുതയിൽ വിശ്വസിക്കുന്നു; അതേസമയം ഈ പ്രത്യക്ഷഭിന്നതകളെ വിവരിക്കയുംചെയ്യുന്നു.

ഉദാഹരണത്തിനു്, ഒരു ക്രൂരഹൃദയനായ ദുഷ്ടൻ ഉണ്ടായിരിക്കയും, അവന്റെ മുമ്പിൽ അഞ്ചുപേർ വരുകയും, അയാൾ ഈശ്വരന്റെ സ്ഥാനത്തിരിക്കയും, ആ അഞ്ചു മനുഷ്യരും അവനിൽനിന്നു ഭിന്നരായി അവന്റെ സൃഷ്ടികളും, ഭൃത്യന്മാരും, അടിമകളും ആയിരിക്കയും, അവൻ അവരിൽ ഒരുവനെപിടിച്ചു് ഒരു തുറുങ്കിൽ അടയ്ക്കുകയും, മറ്റൊരുത്തനെ ഒരു മനോഹരമായ ആരാമത്തിൽ അയയ്ക്കുകയും, വേറൊരുത്തനെ ഒരു രമ്യമായ ഹർമ്മ്യത്തിൽ താമസിപ്പിക്കയും, നാലാമനെ ഒട്ടുകുഴിയിൽ ചാടിക്കയും, അഞ്ചാമനെ ഘനമേറിയ ഒരു ഭാരത്തിന്റെ അടിക്കു കിടത്തുകയും, ഉന്നതഹിമാലയങ്ങൾ അവന്റെ നെഞ്ചത്തു സർവ്വദാ അവനെ ഞെരുക്കാനിടവരുത്തുകയും—ഇങ്ങനെ തോന്നിയതുപോലെ പ്രവർത്തിക്കയും ചെയ്യുന്നുവെങ്കിൽ? അങ്ങിനെയുള്ള ഒരു യജമാനനെപ്പറ്റി നിങ്ങളെന്തുവിചാരിക്കും? കർക്കശഹൃദയൻ! അക്രമി! രാക്ഷസൻ! ദ്രോഹി! ഈശ്വരൻ തന്റെ സൃഷ്ടികളിൽനിന്നു മാറി വേറെ നിന്നുകൊണ്ടു് ഒരു രാഷ്ട്രത്തെ സുഖഭൂയിഷ്ഠവും, മറ്റൊന്നിനെ ദുഃഖപൂർണ്ണവും

digitized by www.sreyas.in

ആക്കുകയും, അദ്ദേഹം ഒരുത്തനെ ഒരു ധനപ്രഭുവും, വേറൊരുത്തനെ അതിദരിദ്രനും ആക്കിത്തീക്കയും ചെയ്താൽ ആ ജഗന്നാഥനെപ്പററി നിങ്ങളെന്തു ചിന്തിക്കും? ക്രൂരൻ! കക്ശൻ! ദുഷ്ടൻ! അനീതിപൂൎണ്ണൻ! അന്യായകാരി! മനുഷ്യവംശത്തിൽനിന്നു് അന്യനായ ഒരു ഈശ്വരനിൽ വിശ്വസിക്കുന്നവർ ഇപ്പോൾ ഉത്തരംപറയേണ്ട പ്രശ്നമാണിതു്.

ഈശ്വരൻ ദൂരത്തെവിടെയോ ആണിരിക്കുന്നതെന്നു് വേദാന്തം വിശ്വസിക്കുന്നില്ല. ഒരുത്തൻ കണ്ണടച്ചാൽ മാത്രം മതി; അപ്പോൾ അവനു് ഈശ്വരനെ അവന്റെ ഉള്ളിൽ കാണാം.

ഇനി നോക്കുക. ഒരു യജമാനൻ ഒരിക്കൽ തന്റെ തോട്ടത്തിൽ പോകുന്നു; പിന്നെയൊരിക്കൽ തന്റെ കൊട്ടാരത്തിൽ ഇരിക്കുന്നു; വേറൊരിക്കൽ ഇരുട്ടുതുറുങ്കിൽ പോയി കിടക്കുന്നു; വേറൊരു സമയം ഒട്ടക്കുഴിയിൽ ചാടുന്നു; സ്വയം അടുക്കളയിൽ പോകുന്നു; സ്വയം വലിയൊരു ചുമടിനുകീഴു് ജീവിക്കുന്നു. അത്തരമുള്ള ആ യജമാനനെ നിങ്ങളെന്തു വിളിക്കും? അവൻ ന്യായഹീനനാണോ? അല്ലാ! അല്ലാ! അവൻ തുറുങ്കിലും, തോട്ടത്തിലും, ഹൎമ്മ്യത്തിലും, അടുക്കളയിലും മററും ഇട്ടതു് അന്യന്മാരെയാണെങ്കിൽ അവൻ നീതിമാൻ ആയിരിക്കയില്ല. എന്നാൽ അവൻ സ്വയം ഈവിധമെല്ലാം പ്രവൎത്തിക്കുന്നുവെങ്കിൽ അനീതിമാനല്ല. അവനിൽനിന്നു് അപരാധം മുഴുവൻ ദൂരെ നീങ്ങുന്നു. ഈശ്വരൻ കഷ്ടപ്പെടുന്ന ജനങ്ങളിൽനിന്നു ഭിന്നനാണെങ്കിൽ—ധനികരും, ദരിദ്രരും എല്ലാം ആയിരിക്കുന്ന ജനങ്ങളിൽനിന്നു് ഈശ്വരൻ വേറെയാണെങ്കിൽ, ഈ പ്രത്യക്ഷവിവിധത്വവും, പ്രത്യക്ഷമത്സരവും ഈശ്വരന്റെ മുഖത്തു് ഒരു മഹാപരാധവും, തീരാക്കളങ്കവും ആയിരിക്കുമെന്നു് ഇങ്ങനെ വേദാന്തം പറയുന്നു. ഒരിടത്തു സമ്പന്നനും, മറെറാരടിത്തു ദരിദ്രനും ഒരിക്കൽ തുറുങ്കിലും, പിന്നീടു തോട്ടത്തിലും, പിന്നെയൊരിക്കൽ കൊട്ടാരത്തിലും, ഒരിക്കൽ സുന്ദരനും, ഒരിടത്തു ബീഭത്സനും എല്ലാം ആയിരിക്കുന്നതു് സ്വയം ഈശ്വരനാണു്, രാമൻതന്നെയാണു്, ഞാൻതന്നെയാണു്. അപ്പോൾ നിങ്ങൾ ആരെ കുററപ്പെടുത്തും? കുററപ്പെടുത്തുന്നവനും ഞാൻതന്നെയാണു്. ഇതുസംബന്ധമായി വേറൊന്നും പറയേണ്ടതായിട്ടില്ല.

ശരീരത്തെയോ, മനസ്സിനെയോ കുറിക്കുന്നതിനായി 'ഞാൻ' എന്ന വാക്കു് ഉപയോഗിക്കുന്ന ഈ നാട്ടിൽ വേദാന്തം പ്രസംഗിക്കുന്നതു വളരെ പ്രയാസമാണു്. ഇവിടത്തെ ജനങ്ങൾ "എനിക്കൊരു ആത്മാവുണ്ടു്" എന്നു പറഞ്ഞു പരിചയിച്ചിരിക്കുന്നു. 'ഞാൻ' എന്നു പറഞ്ഞാൽ അവർ ഗ്രഹിക്കുന്നതു് ശരീരമോ,

digitized by www.sreyas.in

ബുദ്ധിയോ, ശരീരധാരിയായ സത്തയോ, അഥവാ പുനർജ്ജന്മമെടുത്ത സത്തയോ ആണു്. വേദാന്തം ഗ്രഹിച്ചിട്ടുള്ള മനുഷ്യൻ ഒരിക്കലും, "ഞാൻ" എന്നാൽ ശരീരമോ, മനസ്സോ, പുനർജ്ജന്മമെടുക്കുന്ന സത്തയോ ആയി ധരിക്കുകയില്ല. അതുകൾ ഒന്നും 'ഞാൻ' അല്ലാ. 'ഞാൻ' ഏതെങ്കിലും ഒന്നാണെങ്കിൽ അതു ഈശ്വരൻതന്നെയാണു്.

ഇതാ! ഒരു പ്രസ്താവന. "ഞാൻ ഒരു രാജാവാണു്, ഞാൻ ഒരു കുതിരയുടെ ഉടമസ്ഥനാണു്, ഞാൻ ഒരു സ്വാമിയാണു്, ഞാൻ ഒരു അമ്മേരിക്കൻ ആണു്, ഞാൻ ഒരു ഹിന്ദുവാണു്." "ഞാൻ ഈശ്വരനാണു്" എന്നു പറയുന്നതു് മേല്പറഞ്ഞ പ്രസ്താവനകളിൽനിന്നു തീരെ ഭിന്നമാണു്. ആ ഭേദം ശ്രദ്ധിച്ചു ഗ്രഹിക്കുക. "ഞാൻ ഒരു രാജാവാണു്" എന്ന പ്രസ്താവനയിൽ 'രാജാവു്' എന്ന വാക്കു ഒരു സ്ഥാനത്തെ കുറിക്കുന്നു "ഞാൻ ഒരു കുതിരയുടെ ഉടമസ്ഥനാണു്" എന്നു പറയുമ്പോൾ "കുതിരയുടെ ഉടമസ്ഥൻ" എന്നതു് നാം ശരീരത്തിൽ ധരിച്ച ഒരു ഉടുപ്പുപോലെയാണു്. "ഞാൻ ദരിദ്രനാണു്" എന്നു പറയുമ്പോൾ 'ദാരിദ്ര്യം' എന്താണെന്നും 'ഞാൻ' വേറെ ഒന്നും ആണു്. 'ദാരിദ്ര്യം' എന്താണെന്നു് ഒരു വസ്ത്രം ഉടുക്കുന്നതുപോലെ വന്നുകയറുന്നതാണു്. ആകട്ടെ! ഹിന്ദുക്കൾ "ഞാൻ ഈശ്വരനാണു്" എന്നു പറയുമ്പോൾ (ഇവിടെ പ്രത്യേകം സൂക്ഷിക്കുക) ഈശ്വരൻ എന്ന വാക്കു ഒരു സ്ഥാനമല്ല, ഒരു ഉടുപ്പല്ല, ഒരു ഗുണമല്ല, നിങ്ങൾ സ്വയം ഒരു ചെറിയ വ്യാജമായ അഹംഭാവമായിരുന്നു് വേറെ എന്താണെന്നു വഹിക്കുന്നതല്ല, ദിവ്യത്വം (ഈശ്വരത്വം) വെറും ഒരു കുപ്പായംപോലെ നിങ്ങളിൽ ഇടുന്നതല്ല. ഇൻഡ്യാക്കാർ ഉദ്ദേശിക്കുന്ന അത്ഥം അതല്ല. "ഞാൻ ഈശ്വരനാണു്" എന്ന പ്രസ്താവനകൊണ്ടു ഇൻഡ്യാക്കാരൻ വിവക്ഷിക്കുന്നതു് ഇങ്ങനെയാണു്; അയാളുടെ പ്രസ്താവന ഇതുപോലെയാണു്:—"ഈ പാമ്പു ഒരു കയറാണു്" ഇതാ! ഒരു മനുഷ്യൻ ഇരുട്ടത്തു കയറുകണ്ടു് ഒരു പാമ്പെന്നു തെററിദ്ധരിച്ചു. ചുരുട്ടിയ കയറു നിലത്തുകിടന്നു അതൊരു പാമ്പാണെന്നു അയാൾ ധരിച്ചു; ഭയപ്പെട്ടു മറിഞ്ഞുവീണു. ആരോ ഒരാൾ വന്നു പറയുന്നു:—"സഹോദരാ! സഹോദരാ! നിങ്ങളുടെ പാമ്പു ഒരു കയറാണു്!!" ഇതിന്റെ അത്ഥമെന്തു ? നിങ്ങൾ പാമ്പാണെന്നു തെററിദ്ധരിച്ചതു പാമ്പല്ലാ, ഒരു കയറാണു് എന്നാണിതിന്റെ താല്പര്യം. "ഞാൻ ഒരു രാജാവാണു്" എന്നു പറയുമ്പോഴത്തെപ്പോലെ യുള്ള ഒരു പ്രസ്താവനയല്ലാ ഇതു്. ഇവിടെ 'പാമ്പു്' എന്നതു ഒരു ഗുണമല്ലാ; 'കയർ' എന്നതും ഒരു ഗുണമല്ലാ. "ഈ പാമ്പു കറുത്തതാണു്" എന്നു നിങ്ങൾ പറഞ്ഞാൽ "കറുത്തതു്" എന്നു

digitized by www.sreyas.in

ള്ളതു് 'പാമ്പു്' എന്ന വാക്കിന്റെ ഒരു വിശേഷണം—ഗുണം—ആയിരിക്കും. എന്നാൽ "പാമ്പു ഒരു കയറാണു്" എന്നു നിങ്ങൾ പറയുമ്പോൾ 'കയർ' എന്നതു ഒരു ഗുണവിശേഷമല്ല. സദയം ഇതു ശ്രദ്ധിച്ചു ഗ്രഹിക്കുക. ഇതു മനസ്സിലാക്കാൻ കുറെ പ്രയാസമാണെന്നു തോന്നുന്നു. എന്നാൽ അതു് ഒരിക്കൽ ഗ്രഹിക്കുക. പിന്നീടു ആക്ഷേപങ്ങൾ കൊണ്ടുവരാൻ നിങ്ങൾക്കു അവകാശമില്ല. അതു ശരിക്കു മനസ്സിലാക്കുക. "പാമ്പു കറുത്തതാണു്" എന്നതു് ഒരുതരം പ്രസ്താവനയാണു്; "പാമ്പു ഒരു കയറാണു്" എന്നതു വളരെ ഭിന്നമായ വേറൊരുതരം പ്രസ്താവനയത്രേ.

അതുപോലെ "ഞാൻ ദിവ്യനാണു്", "ഞാൻ ഒരു ദൈവദൂതനാണു്" എന്നിവകളും ഒരുതരം പ്രസ്താവനകളാണു്. "ഞാൻ ഈശ്വരനാണു്" എന്നു ഹിന്ദുക്കൾ പറയുമ്പോൾ അതു മറ്റൊരുതരം പ്രസ്താവനയാണു്. "ഞാൻ ഈശ്വരനാണു്" എന്നു അവർ പറയുമ്പോൾ അതിന്റെ അർത്ഥം ഞാൻ ശരീരം അല്ല എന്നാണു്. 'ഞാൻ' എന്തു്ആണു്എന്നു നിങ്ങൾ ധരിക്കുന്നുവോ, അതു ഞാനല്ല. ഞാൻ മാംസവും, രക്തവും, എല്ലുകളും, മാംസപേശികളും ആണെന്നു നിങ്ങൾ തെറ്റിദ്ധരിക്കുന്നു. എന്നാൽ അങ്ങിനെയല്ല. ഞാൻ അസ്ഥികളല്ല, മാംസപേശികളല്ല, ഈ ചെറിയ മൂന്നര മുഴം (ശരീരം) അല്ല. ഞാൻ മനസ്സല്ല, ഞാൻ ബുദ്ധിയല്ല. ഞാൻ ഉറവസ്ഥാനം—യഥാർത്ഥ ശക്തി—യഥാർത്ഥ വസ്തുതത്വം—യഥാർത്ഥ ഈശ്വരൻ—യഥാർത്ഥചൈതന്യം—ഓജസ്സ് ആണു്. ഞാൻ അതുമാത്രമാണു്; ഞാൻ വേറൊന്നുമല്ല.

വീണ്ടും, ജനങ്ങൾ ഈശ്വരനെ തങ്ങളുടെ നീതിന്യായക്കോടതിയിലേക്കു കൊണ്ടുവരാൻ ഇച്ഛിക്കുന്നു; 'ദൈവം അതു ചെയ്തു' എന്നു പറവാൻ ഉത്സാഹിക്കുന്നു. ഈശ്വരൻ അവരെപ്പോലെ ഒരു സാധാരണ ആളും, അവരുടെമുമ്പിൽ കൊണ്ടുവന്നു് ഒരു സാധാരണക്കാരനെപ്പോലെ കുററവിചാരണ ചെയ്യപ്പെടാൻ പററിയവനും ആയിരുന്നാലത്തെപ്പോലെ അവർ വിചാരിക്കുന്നു.

ഈ സംശയങ്ങളുടെയും ആക്ഷേപങ്ങളുടെയും കാരണമെല്ലാം ഒരു കഥകൊണ്ടു് ഉദാഹരിക്കാം.

ഇൻഡ്യായിൽ ഒരു എണ്ണക്കച്ചവടക്കാരൻ ഉണ്ടായിരുന്നു അയാൾ തന്റെ പക്കൽ ബഹുകൌതുകമുള്ള ഒരു കിളിയെ വളർത്തിയിരുന്നു. ഒരുദിവസം കച്ചവടക്കാരൻ തന്റെ ഷാപ്പിൽനിന്നു് ഏതോ കാര്യത്തിനായി ദൂരെ പോയിരുന്നു. വേറെ ഏതോ ജോലിക്കായി അയാളുടെ വേലക്കാരനും പോയിരുന്നു. കിളി അവിടെ

digitized by www.sreyas.in

ത്തന്നെ ഇരുന്നിരുന്നു. കച്ചവടക്കാരന്റെ അഭാവത്തിൽ ഒരു വലിയ പൂച്ച അവിടെ എത്തി. പൂച്ചയെ കണ്ടപ്പോൾ കിളി ഭയപ്പെട്ടു വിരണ്ടു. അതു കൂട്ടിനുള്ളിൽ ആയിരുന്നു. എങ്കിലും അതു അതിൽകിടന്നു പിടച്ചു പേടിച്ചു ചാടിത്തുടങ്ങി. അതു ചിറകിട്ടടിച്ചു കൂട്ടിൽ അങ്ങോട്ടുമിങ്ങോട്ടും ചാടി. കൂടു ഭിത്തിയിൽ തൂക്കിയിരുന്നതു താഴെവീണു. അതു വിലയേറിയ എണ്ണ നിറച്ചുവെച്ചിരുന്ന ഒരു ഭരണിയിന്മേലാണു വീണതു്. ഭരണി പൊട്ടിപ്പോയി; എണ്ണയൊക്കെ ഒലിച്ചു ചിന്തിപ്പോയി. കുറേക്കഴിഞ്ഞു കച്ചവടക്കാരൻ വന്നുനോക്കിയപ്പോൾ അയാൾക്കു വലിയ ദ്വേഷ്യംവന്നു. അയാൾ കോപിച്ചു്, തന്റെ എണ്ണയെല്ലാം പോയെന്നുകണ്ടു്, കിളിയോടു വെറുത്തു. അതു് എന്തോ അപകടംചെയ്തതാണെന്നു് അയാൾ വിചാരിച്ചു. അയാൾ കോപാന്ധനായി. എന്തെന്നാൽ കിളിക്കൂടു ഭരണിമേൽ തള്ളിയിട്ടു് 50 ഷില്ലിംഗിന്റെ നഷ്ടം സംഭവിച്ചുപോയി. അവൻ കിളിക്കൂടിന്റെ കുതകുത്താന്നു് കിളിയുടെ തലയിലെ പപ്പും പൂടയും എല്ലാം പറിച്ചുകളഞ്ഞു. കിളി കഷണ്ടിയായി; തലയിൽ ഒരു രോമംപോലും ഇല്ലാതെയായി. കിളിയുടെ തലയിൽ ചോരവന്നു. കിളി മിണ്ടുകയോ രണ്ടുവാരത്തേക്കു യജമാനനെ രസിപ്പിക്കയോ ചെയ്തില്ല. താൻ ചെയ്തുപോയ തെററിനെപ്പററി യജമാനൻ പശ്ചാത്തപിച്ചു. രണ്ടുവാരത്തിനുശേഷം എണ്ണക്കച്ചവടക്കാരന്റെ വീട്ടിൽ ഒരു കക്ഷി — എണ്ണവാങ്ങാനുള്ള ആൾ — വന്നു ഈയാൾ അപ്പോൾ തല മൂടിയിരുന്നില്ല അയാൾക്കു കുറെ കഷണ്ടിയുണ്ടായിരുന്നു കിളി അതുകണ്ടു കെങ്കേമമായി ചിരിച്ചു; നല്ലൊരു ചിരിചിരിച്ചു. അതിനു വേറൊരു കൂട്ടുകാരനെക്കാണാൻ ബഹുരസം തോന്നി. അതിന്റെ ആഹ്ലാദത്തിനുകാരണമെന്തായിരുന്നുവെന്നു യജമാനൻ ചോദിച്ചു. കിളി ഇങ്ങിനെ ഉത്തരം പറഞ്ഞു: "ഹാ! ഞാൻ ഈശ്വരനോടു കൃതജ്ഞനായിരിക്കുന്നു എണ്ണവ്യാപാരിയുടെ ഭൃത്യനായിട്ടു ഞാൻമാത്രമല്ല. ഈ മനുഷ്യനും ഒരു എണ്ണവ്യാപാരിയുടെ ഭൃത്യനായിരുന്നിരിക്കണം അല്ലാതെ അയാളുടെ തലയിലെ മുടി എങ്ങിനെ പോകും? എണ്ണവ്യാപാരിയുടെ ഭൃത്യനല്ലാതിരുന്നാൽ അയാൾ എങ്ങിനെ കഷണ്ടിത്തലയൻ ആയി?"

ഇതുപോലെതന്നെയുള്ള ഒരുതരം യുക്തിവാദമാണു ജനങ്ങൾ പ്രയോഗിക്കുന്നതു്. അവർ ചെയ്യുന്ന ജോലികളെല്ലാം, നിർവ്വഹിക്കുന്ന കൃത്യങ്ങളെല്ലാം, ചെയ്യുന്നതൊക്കെ ഏതോ ഉദ്ദേശത്തോടുകൂടി ചെയ്യുന്നു എന്നു അവർ വിചാരിക്കുന്നു. ഏതോ സ്വാർത്ഥമോഹംകൊണ്ടോ, കരുതിക്കൂട്ടിയോ അവർ അതുകൾ ചെയ്യുന്നു. ഈശ്വരൻ പ്രപഞ്ചം സൃഷ്ടിച്ചു എന്നവർ പറയുന്നു. ഏതോ

digitized by www.sreyas.in

ഉദ്ദേശത്തോടും കരുതലോടുംകൂടിത്തന്നെ അദ്ദേഹവും അതു ചെയ്തിരിക്കണം. ഏതോ ഒരു മോഹമോ, സ്വാർത്ഥമോ മറ്റോ ഉണ്ടായിരിക്കണം. ഏതോ കാര്യമുണ്ടായിരിക്കണം. ഇതു തെറ്റായ യുക്തിവാദരീതിയാണ്. ഇതു് ഈശ്വരനെ പരിമിതനാക്കുന്നു. എന്തുകൊണ്ടു്? നിങ്ങൾ അദ്ദേഹത്തെ അപരിമേയനെന്നു വിളിക്കുന്നു, എന്നിട്ടും അദ്ദേഹത്തെ ഒരു സാമാന്യമനുഷ്യനെപ്പോലെ പിടിച്ചു താഴത്തേക്കു വലിച്ചുകൊണ്ടുവരുന്നു! ഇതു് ഉചിതമാകുകയില്ല.

"ഈശ്വരനെന്തിനു് ഈ ഭേദമെല്ലാം ഉണ്ടാക്കി?" എന്ന ചോദ്യം വേറൊരാൾ വെറെ ഭാഷയിൽ രാമനോടു ചോദിച്ചു. "ഞാൻ സർവ്വസ്വവുമാണെങ്കിൽ ഞാൻ എന്തിനു കഷ്ടപ്പെടുന്നു?" രാമൻ ഇത്രമാത്രം ചോദിക്കുന്നു:—"സ്വപ്നത്തിൽ നിങ്ങൾതന്നെയല്ലേ നിങ്ങളുടെ ചുററുമുള്ളതെല്ലാം?" നിങ്ങൾ സർവ്വസ്വവുമാണു്. നിങ്ങളുടെ സ്വപ്നത്തിൽ പർവ്വതങ്ങളും നദികളും വനങ്ങളും മണലാരണ്യങ്ങളും എല്ലാം നിങ്ങളുടെ സൃഷ്ടികൾ, നിങ്ങളുടെ പ്രവൃത്തികൾ, നിങ്ങളുടെ കൈപ്പണിയാണു്. എന്നിട്ടു സ്വപ്നത്തിൽ ഒരു സിംഹംവന്നു നിങ്ങളെ വിഴുങ്ങാൻ തുടങ്ങുന്നു; ഒരു സർപ്പം വന്നു നിങ്ങളെ കടിക്കുന്നു; ഏതോ സ്വരൂപങ്ങൾ വന്നു നിങ്ങളെ പേടിപ്പിക്കുന്നു. അങ്ങിനെയല്ലയോ? എന്നിട്ടും നിങ്ങൾതന്നെയാണു് സിംഹവും, വ്യാഘ്രവും, സർപ്പവും എല്ലാം.

വേറൊരു ചോദ്യം; "ഞാൻ ഈശ്വരനാണെങ്കിൽ എന്തുകൊണ്ടു ഞാൻ സകലതും അറിയുന്നില്ല?" നിങ്ങൾ ദൈവംതന്നെയാണെന്നാണു് രാമൻ പ്രസംഗിക്കുന്നതെന്നു നിങ്ങൾക്കറിയാമല്ലൊ. രാമൻ ചോദിക്കുന്നു:—"നിങ്ങൾ ഈശ്വരൻ അല്ലെങ്കിൽ പിന്നെ നിങ്ങൾ എന്താണു സഹോദരാ! നമുക്കറിയാം, പറയൂ!" അവൻ പറഞ്ഞു:—"ഞാൻ ഈ ശരീരമാണു്." ശരിതന്നെ; ഇരിക്കട്ടെ. നിങ്ങൾ ഈ കപടവ്യക്തിയാണെങ്കിൽ, നിങ്ങൾ ഈ ശരീരമാണെങ്കിൽ, നിങ്ങളുടെ തലയിലുള്ള രോമങ്ങളുടെ എണ്ണം പറയുക തല നിങ്ങളുടേതാണല്ലോ?" അയാൾ പറഞ്ഞു:—"അതേ." തല നിങ്ങളുടേതാണെങ്കിൽ, അതിലെ രോമത്തിന്റെ സംഖ്യ പറയുക. നിങ്ങൾക്കെത്ര അസ്ഥികൾ ഉണ്ടെന്നു പറയുക. (ഈ മനുഷ്യൻ ശരീരശാസ്ത്രം അറിഞ്ഞവനല്ല.) എത്ര മാംസപേശികൾ? നിങ്ങളിന്നുകാലത്തു ഭക്ഷണംകഴിച്ചെങ്കിൽ ആ ഭക്ഷണം എവിടെയെന്നു പറയുക. അതു വയററിലാണോ? മൂത്രാശയത്തിലാണോ? ശ്വാസകോശങ്ങളിലാണോ? എവിടെയാണു്?" അയാൾക്കുത്തരംപറയാൻകഴിഞ്ഞില്ല. അപ്പോൾ രാമൻ പറ

digitized by www.sreyas.in

യുന്നു. നിങ്ങളുടെ തലയിലെ രോമത്തിന്റെ എണ്ണം പറയാൻ കഴിയുന്നില്ല. എന്നിട്ടും രോമം നിങ്ങളുടേതാണ്. എല്ലുകളുടെയും മാംസപേശികളുടെയും സംഖ്യയും പറയാൻ കഴിവില്ലെങ്കിലും അവ നിങ്ങളുടേതാണ്. കാലത്തു കഴിച്ച ഭക്ഷണത്തിന്റെ സ്ഥിതിഗതി പറയാൻ നിങ്ങൾക്കു കഴിഞ്ഞാലും ഇല്ലെങ്കിലും ശരീരം നിങ്ങളുടേതാണ്. ഈ നിമിഷത്തിൽ ഇംഗ്ലണ്ടിൽ നടക്കുന്നതു നിങ്ങളുടെ ബുദ്ധിക്കറിയാൻ കഴിഞ്ഞാലും ഇല്ലെങ്കിലും ഇംഗ്ലണ്ടു നിങ്ങളുടേതാണ്. ബുധൻ എന്ന ഗ്രഹത്തിൽ നടക്കുന്ന സംഗതികൾ നിങ്ങൾക്കു പറയാമെങ്കിലും ഇല്ലെങ്കിലും ബുധഗ്രഹം നിങ്ങളുടേതാണ്. ഇതൊന്നും പറയാൻപാടില്ലാത്തതുകൊണ്ടു് അവ നിങ്ങളുടേതല്ലെന്നു് വരുന്നതല്ല. ആരാണിതെല്ലാം പറയേണ്ടതു്? ഇതൊക്കെ പറയേണ്ടതു പരിമിതനായ നിന്റെ ജോലിയാണ്. ആ പടം (ഭിത്തിയിലെ പടം ചൂണ്ടിക്കൊണ്ടു്) എന്താണെന്നു നിങ്ങൾക്കു പറയാം എന്തെന്നാൽ പടം അവിടെ ഉണ്ടെന്നു നിങ്ങൾ അറിയുന്നു. നിങ്ങൾ പടമല്ല; കാണുന്നവനും കാണപ്പെടുന്നതും രണ്ടും രണ്ടാണ്. പടം നിങ്ങളിൽനിന്നു വേറെ ആയതിനാൽ അതെന്തുപടമെന്നു നിങ്ങൾ പറയുന്നു. (നിങ്ങൾ എന്ന വാക്കു് അതിന്റെ വ്യാജമായ അൎത്ഥത്തിൽ എടുക്കണം.) എന്നാൽ നിങ്ങൾ അതാണെങ്കിൽ, നിങ്ങൾ സകലതും ആണെങ്കിൽ, നിങ്ങളല്ലാതെ മറ്റൊന്നും ഇല്ലെങ്കിൽ, നിങ്ങൾ അളവററതാണെങ്കിൽ, നിങ്ങളെ പരിമിതപ്പെടുത്താൻ യാതൊന്നും ഇല്ലെങ്കിൽ, നിങ്ങളെപ്പററി ആരു പറയും? ഇങ്ങിനെ അവിടെ പറച്ചിലും കാഴ്ചയും എല്ലാം നിന്നുപോകുന്നു. അതിനൊന്നിനും അവിടെ എത്താവതല്ല. വാക്കുകൾ അവിടെ ചെല്ലുകയില്ല.

വേറൊരാൾ ചോദിച്ചു:—"നിങ്ങൾ ഏതു വൎഗ്ഗത്തിൽപ്പെടുന്നു? ഹിന്ദുവോ ബ്രാഹ്മണനോ ആരാണ്?" രാമൻ പറഞ്ഞു അതൊന്നുമല്ലെന്നു്. "നിങ്ങൾ ഒരു ബുദ്ധനാണോ? ക്രിസ്ത്യനാണോ? നിങ്ങൾ ആരാണ്? എന്താണ്? ഏതു വൎഗ്ഗത്തിൽ, ഏതു മതത്തിൽ, ഏതു വിശ്വാസപ്രമാണത്തിൽ നിങ്ങൾ ഉൾപ്പെടുന്നു?" ഒരു സാധനം ആരുടെയെങ്കിലും ആണെങ്കിൽ അതു് അവന്റെ സ്വത്താണ്; ആധാരമായ ഒരു സാധനമോ, മൃഗമോ ഒരുത്തന്റേതായിരുന്നാൽ, അവ അവന്റെ സ്വത്താകുന്നു. ഹാ! രാമൻ ഒരു ആധാരവസ്തുവല്ലാ. യാതൊന്നിന്റേയും സ്വത്താകയില്ല. രാമൻ യാതൊന്നിന്റേയും അല്ല; രാമൻ മൃഗമല്ല. രാമൻ എന്തിന് ആ [illegible]? [illegible] രാമന്റേ [illegible]; [illegible]; [illegible] നിങ്ങളുടെ സ്വന്ത

digitized by www.sreyas.in

ആത്മാവാണു്; നിങ്ങളെല്ലാം രാമൻേറതാണു്. ഇൻഡ്യായും രാമൻേറതാണു്. ക്രിസ്തുമതവും, മുഹമ്മദുമതവും, യഹൂദമതവും, ഹിന്ദുമതവും, വേദാന്തവും എല്ലാം രാമൻേറതാണു്.

ചെറിയ ആത്മാക്കൾ അവരുടെ സ്വാതന്ത്ര്യം വിറേറയ്ക്കാം എന്നാൽ നിങ്ങൾ ഒരിക്കലും അങ്ങിനെ ചെയ്യുകയില്ല.

ഈ രാജ്യത്തു ജനങ്ങൾ സ്വതന്ത്രരാണെന്നു പറയപ്പെടുന്നു. രാഷ്ട്രീയസ്വാതന്ത്ര്യം പക്ഷെ അവൎക്കുണ്ടായിരിക്കാം. എന്നാൽ ഹാ! കഷ്ടം! മതപരമായ അടിമത്തം! അമ്മേരിക്കായിലെ സാമുദായികമായ അടിമത്തം!! ഇതെന്തു ദയനീയം! രാമൻ നിങ്ങൾക്കു സ്വാതന്ത്ര്യം, സ്വാശ്രയം, ചിന്താസ്വാതന്ത്ര്യം, പ്രവൃത്തിസ്വാതന്ത്ര്യം എല്ലാം കൊണ്ടുവരുന്നു രാമൻ കൊണ്ടുവരുന്നതത്രെ ചിലർ ആക്ഷേപമായി വേദാന്തം എന്നുപറയുന്നു. എന്നാൽ ഒരു ആക്ഷേപനാമവും അതിനു കൊടുക്കേണ്ട. യഥാൎത്ഥ വേദാന്തം വേദങ്ങളിൽമാത്രം ഒതുങ്ങിക്കിടക്കുന്നില്ല. അതു നിങ്ങളുടെ ഹൃദയത്തിലാണു്. അതിനാൽ ആദ്യമായിട്ടു രാമൻ വെറും ഒരു ഇൻഡ്യൻമാത്രമല്ലെന്നു രാമൻ നിങ്ങളെ അറിയിക്കാൻ ആഗ്രഹിക്കുന്നു. രാമൻ ഒരു അമ്മേരിക്കനുമാണു്; രാമനെ ഹിന്ദുമാത്രമായിട്ടെടുക്കരുതു്. രാമനൊരു ക്രിസ്ത്യാനിയുമാണു്; രാമൻ ആ വിശ്വാസപ്രമാണത്തിൻേറയോ ഈ സിദ്ധാന്തത്തിൻേറയോ അടിമയാണെന്നു ഗണിക്കരുതു രാമൻ നിങ്ങളുടെ സ്വന്തസത്ത, സ്വാതന്ത്ര്യം തന്നെയാണു്.

വേറൊരാൾ വന്നുപറഞ്ഞു:— "ശരി; നിങ്ങൾ ദൈവമാണെങ്കിൽ, നിങ്ങൾ ക്രിസ്തുവിനെപ്പോലെയാണെങ്കിൽ, ക്രിസ്തു അതും ഇതും ഒക്കെ ചെയ്തു; അത്ഭുതക്രിയകൾ ചെയ്തു എനിക്കു് ആ അത്ഭുതങ്ങൾ ചെയ്തുകാണിച്ചുതരുക. എന്നാൽ ഞാൻ നിങ്ങളെ വിശ്വസിക്കാം." രാമൻ പറയുന്നു — സോദരാ! സോദരാ! ക്രിസ്തു അത്ഭുതങ്ങൾ കാണിച്ചു; ആരും വിശ്വസിച്ചില്ല. അദ്ദേഹത്തെ ദ്രോഹിച്ചു; കുരിശിൽ ക്രൂശിച്ചുതറച്ചു അത്ഭുതങ്ങൾക്കു നിങ്ങളെ വിശ്വസിപ്പിക്കാൻ കഴിയുമോ? ഒരിക്കലും ഇല്ല!!

പിന്നെയും, അത്ഭുതം പ്രവൎത്തിക്കയെന്നാലെന്തു്? അതെല്ലാം എന്താണു്? ഈ ശരീരം പ്രപഞ്ചത്തിലെ സകല അത്ഭുതങ്ങളും പ്രവൎത്തിച്ചാൽ അതുകൊണ്ടു് എൻെറ ഈശ്വരത്വത്തിനു് ഒരണുപോലും അഭിവൃദ്ധിവരാനില്ല. ഞാൻ ശരീരമല്ല. നിങ്ങളുടെ സ്വന്തസത്തയായ ഞാൻ. ഈ ശരീരം അത്ഭുതങ്ങൾ പ്രവൎത്തിച്ചാൽ അതുകൊണ്ടെന്തുഫലം? ആ ശരീരം അത്ഭുതം കാണിക്കു

ന്നില്ല. അതും എൻെറ ശരീരം തന്നെയാണ്. ഈ ശരീരം അത്ഭുതം പ്രവർത്തിച്ചാൽ ഈ ശരീരത്തെ നിങ്ങൾ ഈശ്വരനാക്കിക്കളയും. അതാണ് അതിൻെറ ഏററവും ദൂഷിച്ച അംശം. നിങ്ങളതു ചെയ്യരുത്. നിങ്ങളുടെ സ്വന്തം ആത്മാവിനെ ദൈവമാക്കാൻ രാമൻ ആവശ്യപ്പെടുന്നു. ഈ ശരീരത്തെ ഈശ്വരനാക്കിക്കളയരുത്. അത്ഭുതങ്ങൾകാട്ടി നിങ്ങളുടെ സ്വാതന്ത്ര്യം നശിപ്പിക്കാനും, നിങ്ങളിൽ ഈ പ്രത്യേക വ്യക്തിരൂപം കുത്തിക്കയററാനും രാമൻ ആഗ്രഹിക്കുന്നില്ല. പഴയ പ്രവാചകന്മാരും ഗുരുക്കന്മാരും ചെയ്തതുപോലെ രാമൻ നിങ്ങളെ അടിമപ്പെടുത്താനും, നിങ്ങളുടെ സ്വാതന്ത്ര്യം നശിപ്പിക്കാനും ആവശ്യപ്പെടുന്നില്ല.

ഈ ശരീരം അത്ഭുതക്രിയകൾ ചെയ്യണമെന്നു നിങ്ങൾ ആവശ്യപ്പെടുന്നു; എന്നാൽ ഞാൻ ഈ ശരീരം അല്ല. ഈ പ്രപഞ്ചം ആകുന്ന അത്ഭുതം പ്രവർത്തിച്ച അതേ ഈശ്വരനാണു ഞാൻ; ഞാൻ അതാണ് ഈ ലോകം മുഴുക്കെ എൻെറ അത്ഭുതപ്രവൃത്തിയാണ്. ഞാൻ അതുതന്നെയാണ്. അതിൻെറ സൃഷ്ടിയാണു സംസാരം അശേഷവും.

ഇൻഡ്യായിൽ ഈ ശരീരം താമസിച്ചിരുന്ന ഭവനത്തിൽ ഭൃത്യവേലചെയ്തിരുന്ന ഒരു ബാലൻ ഉണ്ടായിരുന്നു. രാമനോടു സദാ സമ്പർക്കത്തിൽ ഇരുന്ന ഈ ബാലൻ ഒരു ദിവസം കെട്ടിടത്തിൻെറ മട്ടുപ്പാവിൽനിന്നു വിളിച്ചുപറഞ്ഞു: "ഞാൻ ഈശ്വരനാണ്, ഞാൻ ഈശ്വരനാണ്, ഞാൻ ഈശ്വരനാണ്." അടുത്തവീടുകളിൽ ചിലയാളുകൾ ഉണ്ടായിരുന്നു. അവർ അവനോടു പറഞ്ഞു: "നീയെന്തുബഹളമുണ്ടാക്കുന്നു? നീ എന്താണു വിളിക്കുന്നതു്? നീ ഈശ്വരനെന്നോ പറയുന്നതു്? നീ ഈശ്വരനാണെങ്കിൽ മുകളിൽനിന്നു ചാടുക; നിനക്കു കേടുവരുമോ ഇല്ലയോ എന്നു കാണട്ടെ. നിനക്കു കേടുവരാത്തപക്ഷം ഞങ്ങൾ നിന്നെ വിശ്വസിക്കാം. നിനക്കു കേടുവന്നാൽ ഞങ്ങൾ നിന്നെക്കൊല്ലും, നിന്നെ ഉപദ്രവിക്കും. നീയെന്തിനിങ്ങനെ വിളിച്ചുപറയുന്നു? ഇത്ര ഈശ്വരവിരുദ്ധമായ അശുദ്ധവാക്കു നിനക്കു പറയാൻ അവകാശമില്ല."

ബാലൻ ദിവ്യഭ്രാന്തുകൊണ്ടു പൂർണ്ണനായി ഇങ്ങിനെ മറുപടി പറഞ്ഞു: "എൻെറ സ്വന്തം ആത്മാവേ! ഞാൻ താഴെച്ചാടാൻ തയ്യാറാണ്. നിങ്ങൾ കാണിക്കുന്ന ഏതു കുഴിയിലും ചാടാൻ ഞാൻ തയ്യാറാണ്. നിങ്ങൾ കാണിക്കുന്ന ഏതു സമുദ്രത്തിലും ഞാൻ ചാടാം. എന്നാൽ താഴെ ചാടാൻ ഞാൻ മുമ്പേതന്നെ ഇല്ലാത്ത ഒരു സ്ഥലം കാണിക്കുവിൻ! എന്തെന്നാൽ ചാടുന്നതിനു്

digitized by www.sreyas.in

നാം മുമ്പേതന്നെ ഇല്ലാത്ത ഒരു സ്ഥലം കാണണം. ഞാനില്ലാത്ത ഒരു സ്ഥലം നിങ്ങൾ കാണിച്ചുതരുവിൻ! ഞാൻ ദേവാധിദേവനാണു്. ഞാനില്ലാത്ത ഒരിടം ദയവായി കാട്ടിത്തരുവിൻ! ഞാൻ ചാടാൻ തയ്യാറാണു്. സകലത്തിലും വ്യാപിക്കുന്ന ഞാൻ—ഈശ്വരൻ എങ്ങിനെ ചാടും? പരിമിതനായവനുമാത്രമേ ചാടാൻ കഴിയൂ. ഒരിടത്തു ഇരിക്കയും മറ്റൊരിടത്തില്ലാതിരിക്കയും ചെയ്യുന്നവനേ ചാടാവൂ."

അവനോടു ചാടാൻപറഞ്ഞ മാന്യന്മാർ പറഞ്ഞു: "ഹാ! നീയാണോ ആ ഈശ്വരൻ? നീ ആ ദൈവമാണോ? നീ ശരീരമാണു്." ബാലൻ പറഞ്ഞു: "ഈ ശരീരം നിങ്ങൾ സങ്കല്പംകൊണ്ടുണ്ടാക്കിയതാണു്. ഈ ശരീരം ഞാനല്ല. നിങ്ങളുടെ ചോദ്യങ്ങളും, ആക്ഷേപങ്ങളും എന്നിൽ എത്തുന്നില്ല. അവ നിങ്ങളുടെ സങ്കല്പത്തിലേ എത്തുന്നുള്ളൂ." അതുപോലെ, അദ്ദേഹം എങ്ങിനെ ചാടും. മുമ്പേതന്നെ സർവ്വന്തര്യാമിയായ അദ്ദേഹം അത്തരം കാര്യങ്ങൾ എങ്ങിനെ ചെയ്യും? അദ്ദേഹം മുമ്പേതന്നെയില്ലാത്ത അണുസ്ഥലംപോലുമില്ല. ഞാനതുതന്നെയാണു്. ഞാനതുതന്നെയാണു് (സോഹം). ഞാൻ ഈ ശരീരത്തിൽമാത്രം ഇരിക്കയും അതിൽ ഇല്ലാതിരിക്കയും ചെയ്താൽ ഞാൻ അത്ഭുതങ്ങൾ പ്രവർത്തിക്കണം. എന്നാൽ ഈ ശരീരം മുഖേന ഈശ്വരത്വത്തിനു് എനിക്കുള്ള അവകാശം സ്ഥാപിക്കാം. എല്ലാ ശരീരങ്ങളും എന്റേതാണു്. തയ്യാറാക്കപ്പെട്ടിരിക്കുന്നതെല്ലാം എന്റേതാണു്. ഞാൻ കൈവശപ്പെടുത്തിയാൽമാത്രംമതി. എനിക്കൊന്നും ഉണ്ടാക്കാനില്ല. എന്നാൽ സകലതും ഉണ്ടാക്കപ്പെടുന്നു.

വേറൊരാൾ ഈ ചോദ്യം കൊണ്ടുവരുന്നു:—"വേദങ്ങളോടു നിങ്ങൾക്കുള്ള നില എന്തു്?" നിങ്ങൾ അവയെപ്പറ്റി എന്തു വിചാരിക്കുന്നു? രാമൻ പറയുന്നു—"കെമിസ്ട്രി (രസായനശാസ്ത്രം) പോലെതന്നെ ഞങ്ങൾ വേദങ്ങളെ സമീപിക്കുന്നു." "നിങ്ങൾ വേദങ്ങളെ വിശ്വസിക്കുന്നോ?" രാമൻ പറയുന്നു:—"ഞാൻ വേദങ്ങൾ അറിയുന്നു ഞാൻ നിങ്ങൾക്കവയെ ശുപാർശചെയ്യുന്നു." "ഞങ്ങൾ ബൈബിളിനെ പരിഗണിക്കുന്ന വിധത്തിൽ വേദങ്ങളെയും പരിഗണിക്കണമോ?" രാമൻ പറയുന്നു:—"നിങ്ങൾ ബൈബിളിനെ താറുമാറാക്കുന്നു. ആ വഴിക്കു വേദങ്ങളെ സമീപിക്കരുതു്. നിങ്ങൾ ഗണിതശാസ്ത്രമോ കെമിസ്ട്രിയോ സംബന്ധിച്ച ഒരു ഗ്രന്ഥത്തെപ്പോലെ വേദങ്ങളോടടുക്കണം. സകലതിലും വെറുതേയങ്ങു വിശ്വസിച്ചുകളയരുതു്; ചില ഹിന്ദുക്കൾ ചെയ്യുന്നതുപോലെ അന്ധമായ ശ്രദ്ധയും വിശ്വാസവും വെക്കരുതു്." (രാമൻ

digitized by www.sreyas.in

പറയുന്നു) നിങ്ങളൊരു കെമിസ്ട്രിപുസ്തകം പഠിക്കുമ്പോൾ ലവോസിയെ, ലീബ്നിററ്സ് എന്നീ പണ്ഡിതന്മാർ ആരെങ്കിലും പറഞ്ഞതുകൊണ്ടു മാത്രം പരിശോധനാഫലങ്ങൾ ഇന്നതായിരിക്കുമെന്നു വിശ്വസിക്കാതെയിരിക്കുന്നതുപോലെ, യാതൊന്നും വെറും പ്രമാണത്തെ ആസ്പദമാക്കി അംഗീകരിക്കരുത്. വെറും പ്രമാണത്തെ ആശ്രയിച്ചുണ്ടാകുന്ന ഉറപ്പ് വിശ്വാസമല്ല നിങ്ങൾ തന്നത്താൻ പരീക്ഷിച്ചു അഭ്യസിച്ചുനോക്കണം. നിങ്ങൾ സ്വയം പരിശീലിച്ചു ബോദ്ധ്യപ്പെടണം. ഒരു ശാസ്ത്രീയരീതിയിൽ അവയെ സമീപിക്കണം. നിങ്ങളുടെ സ്വാതന്ത്ര്യവും തൻേറടവും വിടരുത്. അവയെ ഇങ്ങനെ വായിക്കണം എങ്കിലേ വേദങ്ങളുടെ ചൈതന്യത്തിൽ നിങ്ങൾ പ്രവേശിക്കൂ അല്ലാത്തപക്ഷം സർവ്വദാ നിങ്ങൾ സാരംവിട്ടു കളഞ്ഞുപോകും. വേദാദ്ധ്യയനം വിമർശനത്തെ അശേഷം ഭയപ്പെടുന്നില്ല. സംശയങ്ങളെയും ചോദ്യങ്ങളെയുംപററി അതിനു പേടിയില്ല. നിങ്ങളുടെ ആധുനിക (പാശ്ചാത്യ) സയൻസ് അതിനെ പരീക്ഷിക്കട്ടെ നിങ്ങളുടെ പാശ്ചാത്യപ്രകാശം (പ്രകാശം എപ്പോഴും കിഴക്കുനിന്നാണു വരുന്നതെന്നു ആലോചിക്കുക. എന്നാൽ ഇതു പടിഞ്ഞാറൻപ്രകാശമാണെന്നു ഊഹിക്കാം) അതിൻേറ തെളിക്കുന്ന രശ്മിസമൂഹങ്ങളുമായി വരട്ടെ; ഈ പ്രകാശത്തിൻേറ ഒരു പ്രവാഹം—പ്രളയംതന്നെ—ശ്രുതിയുടെ ദേവതാസദൃശമായ മുഖത്തെ കുളിപ്പിക്കട്ടെ. ആ മുഖത്തു ഒരൊററ കറുത്ത ബിന്ദുവോ, കറുത്ത മറുകോ കാണുകയില്ല. വേദങ്ങൾ സയൻസുമായി പിണങ്ങുന്നില്ല. നിങ്ങളുടെ ആധുനികകാലത്തെ കണ്ടുപിടുത്തങ്ങളും, ഗവേഷണങ്ങളും ശ്രുതിയാകുന്ന റാണിയുടെ കാൽ കഴുകുക മാത്രമാണു ചെയ്യുന്നതു; അവ വേദാന്തത്തെ അധികമധികം പരിചരിക്കയാണു ചെയ്യുന്നതു്.

വേദാന്തം അനിരുദ്ധമനസ്കരായി പഠിച്ചവരെല്ലാം അവയ്ക്കു നല്ല പ്രശംസ കൊടുത്തിട്ടുണ്ടു്. മറേറതൊരു തത്വശാസ്ത്രത്തെയും പുകഴ്ത്താൻ മടികാണിച്ചിരുന്ന ഷോപ്പ്നോർ എന്ന ജർമ്മൻ തത്വജ്ഞാനി—തൻേറതൊഴിച്ചു മററു സകല തത്വശാസ്ത്രപദ്ധതികളെയുംപററി സകലതരത്തിലും ദുർഭാഷണം കോരിവാരിച്ചൊരിഞ്ഞിട്ടുള്ള ഷോപ്പ്നോർ—ആ ഷോപ്പ്നോർ വേദങ്ങളെപ്പററി പറയുന്നു:—"ലോകംമുഴുക്കെ ഉപനിഷത്തുകളെ (വേദങ്ങളെ) പോലെ അവയുടെ പഠിപ്പിൽനിന്നു ഇത്ര വളരെ ഫലപ്രദവും ഉൽകൃഷ്ടീകരിക്കുന്നതുമായ വേറൊന്നുമില്ല. അവയുടെ പഠനം എൻേറ ജീവിതകാലസംതൃപ്തിയായിരുന്നു. അതെൻേറ മരണത്തിൻേറ സംതൃപ്തിയുമായിരിക്കും"

digitized by www.sreyas.in

ഷോപ്പ്നോറിൻെറ ഈ പ്രഖ്യാപനത്തെപ്പററി ചർച്ചചെയ്യുമ്പോൾ മാക്സ്മുള്ളർ പറയുന്നു:-"ഇത്തരം ഒരു സ്വതന്ത്രതത്വജ്ഞൻെറ വാക്കുകൾക്ക് എന്തെങ്കിലും പിൻതാങ്ങു വേണമെങ്കിൽ ലോകത്തെ സർവ്വമതങ്ങളും ജീവിതകാലമശേഷം പഠിച്ചിട്ടുള്ള — യൂറോപ്പിലെ സകല തത്വജ്ഞാനപടലങ്ങളും പഠിച്ചിട്ടുള്ള — ഞാൻ ഷോപ്പ്നോറിൻെറ ഈ അനുഭവത്തെ വിനയപൂർവ്വം പിൻതാങ്ങാൻ തയ്യാറാണു്"

"സുഖകരമായ ഒരു മരണത്തിനു തയ്യാറാക്കുകയാണു ഫിലോസഫി (തത്വജ്ഞാനം) യുടെ താൽപര്യമെങ്കിൽ, വേദാന്തതത്വജ്ഞാനത്തെ (വേദങ്ങളിലെ തത്വങ്ങളെ) ക്കാൾ ഉത്തമമായി വേറൊന്നും ഞാൻ അറിയുന്നില്ലാ."

ഇനിയൊരാൾ ഈചോദ്യവുംകൊണ്ടു വരുന്നു:-"ഇവിടെ നോക്കൂ. ഇൻഡ്യായുടെ ഹ്രസ്വമായ അതിരുകൾക്കുള്ളിൽ നിങ്ങളുടെ വേദാന്തം ഒതുങ്ങിക്കിടക്കുന്നു." ഇനി ചർച്ചചെയ്യാൻ ഭാവിക്കുന്ന പ്രശ്നങ്ങൾ അതിപ്രധാനവും രസകരവും ആണു്. അയാൾ പറയുന്നു: "ക്രിസ്തുമതം ലോകമശേഷംവ്യാപിച്ചിരിക്കുന്നു; ക്രിസ്തുമതം ലോകത്തെല്ലാം പ്രചരിക്കുന്നു. വേദാന്തം ഇൻഡ്യായുടെ ഇടുങ്ങിയ സീമകളിൽ അടങ്ങിക്കിടക്കുന്നു. അതും വിദ്യാഭ്യാസമുള്ള ഉയന്ന വർഗ്ഗക്കാർക്കേ അതു ഒരു മതമായിട്ടിരിക്കുന്നുള്ളു; സാമാന്യജനങ്ങൾക്കല്ല." രാമൻ പറയുന്നു:-"ക്രിസ്തുമതം രാഷ്ട്രങ്ങളെ വാസ്തവത്തിൽ ഭരിച്ചിരുന്നാൽ, ക്രിസ്തുമതം യഥാർത്ഥമായ യൂറോപ്പിൽ നടപ്പിലായെങ്കിൽ, അതു് അത്യന്തം ഗുണപ്രദമാകുമായിരുന്നു; രാമനു് അതു വളരെ സന്തോഷകരമായിരുന്നേനെ. എന്നാൽ യൂറോപ്പിലോ അമേരിക്കയിലോ നടപ്പിലുള്ളതു ക്രിസ്തുമതമല്ലാ; അതു പള്ളിമതമാണു്. അതു പള്ളിമതമാണു്; ക്രിസ്തുമതമല്ല"

പിന്നെയും, യഥാർത്ഥ ക്രിസ്തുമതം സാമാന്യജനങ്ങളിൽ പ്രചരിച്ചിട്ടുണ്ടെന്നു നിങ്ങൾ വിചാരിക്കുന്നുവെങ്കിൽ—അതിനു അനുകൂലമായ വലിയ യുക്തി അതാണുതാനും—സോദരാ! തെററിപ്പോകരുതേ! ചൈത്താൻെറ മതത്തിനാണു് ക്രിസ്തുമതത്തെക്കാൾ കൂടുതൽ അനുയായികൾ ഉള്ളതു്. ദുഷ്ടത, ദുർവിചാരം, ദുഷ്കാമങ്ങൾ, ശത്രുത, വിരോധം, ദുർവികാരങ്ങൾ, ഭോഗേച്ഛ —ഇതെല്ലാമാണു് ചൈത്താൻെറ മതമെന്നു നിങ്ങൾക്കറിയാം. ചൈത്താൻെറ— പിശാചിൻെറ—മതത്തിനാണു് ക്രിസ്തുമതത്തെക്കാൾ അധികം പ്രചുരപ്രചാരമുള്ളതു്.

ലണ്ടനിലുണ്ടായിരുന്ന ഒരു വലിയ പ്രഭാഷണചതുരനായ പാർലമെണ്ടുമെംബർ ഒരിക്കൽ ജനങ്ങളാൽ അവഹേളിക്കപ്പെട്ടു.

digitized by www.sreyas.in

ക്രൂവൽകൊണ്ടു് അയാൾക്കു നിവൃത്തിയില്ലാതായി. അയാൾ പിന്നീടു പറഞ്ഞ വാക്കുകൾ നിങ്ങൾക്കറിയാമോ? "നിങ്ങൾക്കു നിങ്ങളുടെ വശത്തു ഭൂരിപക്ഷം ഉണ്ടെങ്കിലെന്തു്? അഭിപ്രായങ്ങളെ തൂക്കിയാണു നോക്കേണ്ടതു്; അവയെ എണ്ണരുതു്" എന്നാണു് അദ്ദേഹം എതിർകക്ഷികളോടു പറഞ്ഞതു്. ഭൂരിപക്ഷമെന്ന വാദം സത്യത്തിനു തെളിവാകയില്ല.

* കോപ്പർനിക്കസ്സിന്റെ സിദ്ധാന്തം ഗലീലിയോ അംഗീകരിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. ഭൂമി ചുററുന്നുവെന്നും സൂര്യനല്ല ചുററുന്നതെന്നും അദ്ദേഹം പറഞ്ഞു. അദ്ദേഹം ഭയങ്കരമായ ഒരു ന്യൂനപക്ഷം—ഏകൻ മാത്രമായിരുന്നു. ലോകം മുഴുക്കെ എതിരായിരുന്നു, ഭൂരിപക്ഷമെല്ലാം അദ്ദേഹത്തിനെതിരായിരുന്നു. എന്നാൽ സത്യം ഇപ്പോൾ എന്താണു്? ഭൂരിപക്ഷമോ ന്യൂനപക്ഷമോ സത്യത്തിന്റെക്കൂടെയിരുന്നതു്? ഭൂരിപക്ഷവും ന്യൂനപക്ഷവും ഒന്നും സാരമില്ല. റോമൻകത്തോലിക്കർക്കു ഭൂരിപക്ഷമുണ്ടായിരുന്ന ഒരു കാലമുണ്ടായിരുന്നു. ഭൂരിപക്ഷം മറുഭാഗത്തായിരുന്നു. വേറൊരു കാലവും വന്നു പതിനൊന്നുപേരടങ്ങിയ ഒരു ചെറുന്യൂനപക്ഷത്തിൽ ക്രിസ്തുമതം ഒതുങ്ങിക്കിടന്ന ഒരു കാലമുണ്ടായിരുന്നു. ഈ ക്രിസ്തുമതത്തിനോ പള്ളിമതത്തിനോ അതിന്റെ ഭാഗത്തു ഭൂരിപക്ഷം കിട്ടിയ ഒരു കാലം വന്നു. ഭൂരിപക്ഷവും ന്യൂനപക്ഷവും സാരമില്ല. നാം പാറപ്പുറത്തുനില്ക്കുന്നു; നാം സത്യത്തിൽ നില്ക്കുന്നു; സത്യം പുറത്തുവരണം.

വേറൊരു മനുഷ്യൻ പറഞ്ഞു: "ഇവിടെ നോക്കൂ. കൃസ്ത്യൻ രാഷ്ട്രങ്ങൾ ലോകത്തിൽ സകല ഉല്ക്കർഷവും ഉണ്ടാക്കുന്നതെന്തുകൊണ്ടു്? അഭിവൃദ്ധിയും ഐശ്വര്യവും പരിഷ്കാരവുമുള്ളതു കൃസ്ത്യൻരാഷ്ട്രങ്ങൾക്കു മാത്രമാണു്." രാമൻ പറയുന്നു:—"സഹോദരാ! യൂറോപ്പും അമ്മേരിക്കയും ഇൻഡ്യായെയും ചൈനായെയും ജപ്പാനെയുംകാൾ രാഷ്ട്രീയവും സാമുഹ്യവുമായ കാര്യങ്ങളിൽ മുന്നിട്ടു നില്ക്കുന്നുവെങ്കിൽ അതു ക്രിസ്തുമതം കാരണമല്ല. കൈതവയുക്തി പ്രയോഗിക്കരുതു്. പരിഷ്കാരവും രാഷ്ട്രീയപുരോഗതിയും വന്നതെല്ലാം ക്രിസ്തുമതം മുഖേനയാണെങ്കിൽ ഗലീലിയോ ആ ചെറു കണ്ടുപിടുത്തം സാധിച്ചപ്പോൾ കൃസ്ത്യാനികൾ അദ്ദേഹത്തോടു എങ്ങിനെ പെരുമാറിയെന്നു ദയവായി ഞങ്ങളോടു പറയുക. അദ്ദേഹത്തെ ക്രിസ്ത്യാനികൾ എന്തുചെയ്തു? × ബ്രൂണോ ജീവനോടെ ദഹിപ്പിക്കപ്പെട്ടു. ആരു ദഹിപ്പിച്ചു? ക്രിസ്തുമതം! ക്രിസ്തു

* രണ്ടു ഗണിതശാസ്ത്രജ്ഞന്മാർ—ജ്യോതിഷികൾ.

× ഒരു സയൻസുകാരൻ.

digitized by www.sreyas.in

മതം! ഹക്സിലി, സ്പെൻസർ, ഡാർവിൻ തുടങ്ങിയവർ ക്രിസ്തുമതത്തിന്റെ എതിർപ്പിൽ ജീവിച്ചു. അവരുടെ കണ്ടുപിടുത്തങ്ങളും, പുരോഗമനവും, ചൈതന്യവും, സ്വാതന്ത്ര്യവും ക്രിസ്തുമതം ഉത്ഭവിപ്പിച്ചതോ, പ്രോത്സാഹിപ്പിച്ചതോ അല്ല. ക്രിസ്തുമതത്തിന്റെ തകൎക്കുന്ന അധികാരശക്തികളെ എതിൎത്തുകൊണ്ടാണു് അവർ ജീവിച്ചതു്. ഷോപ്പ്നോറിന്റെ വിധി എന്തായിരുന്നു? അദ്ദേഹത്തിനു എങ്ങിനെ ജീവിക്കേണ്ടിവന്നുവെന്നു നിങ്ങൾ അറിയുന്നോ? അദ്ദേഹത്തിനു ക്രിസ്തുവിനെപ്പോലെതന്നെ മഹത്തായ ത്യാഗം ചെയ്യേണ്ടിവന്നു. ക്രിസ്തു തന്റെ വിശ്വാസങ്ങൾക്കുവേണ്ടി മരിച്ചു. ഷോപ്പ്നോർ തന്റെ വിശ്വാസങ്ങൾക്കുവേണ്ടി ജീവിച്ചു. വിശ്വാസങ്ങൾക്കുവേണ്ടി ജീവിക്കുന്നതിനെക്കാൾ മരിക്കുന്നതാണു് അധികം സുഗമം എന്നു നിങ്ങൾക്കറിയാമല്ലൊ. ഷോപ്പ്നോറിന്റെ സ്വാതന്ത്ര്യചൈതന്യത്തെ തടസ്സപ്പെടുത്തിയതു് എന്തായിരുന്നുവെന്നു നിങ്ങൾ അറിയുന്നോ? തന്റെ ആദ്യകാലലേഖനങ്ങളിൽ പരിചിതങ്ങളായ ഊൎജ്ജിതവും, ചൈതന്യവും അദ്ദേഹത്തിന്റെ അന്തിമലേഖനങ്ങളിൽ നഷ്ടപ്പെട്ടുപോയിരുന്നു. റൈഗലിന്റെയും കാണ്ടിന്റെയും തത്വജ്ഞാനങ്ങളിലുള്ള ബലഹീനതയും, ശക്തിക്ഷയവും ക്രിസ്തുമതത്തിന്റെ സ്വാധീനബലംകാരണം ഉണ്ടായതാണു്. ഫിഷ്റ്റു് പ്രഫസ്സർജോലി ഉപേക്ഷിക്കാനും തന്റെരാജ്യത്തുനിന്നു ഓടിക്കപ്പെടാനും എന്തു കാരണമെന്നു നിങ്ങൾക്കറിയാമോ? അതെങ്ങിനെ? അതു ക്രിസ്തുമതം ചെയ്തതാണു്. പ്രാരംഭകാലംമുതൽ ക്രിസ്തുമതം സകല പുരോഗതിക്കും എതിരായിരുന്നു; ക്രിസ്തുമതം പുരോഗതിക്കു് അനുകൂലിച്ചിട്ടില്ല. കാൎയ്യങ്ങളെ അബദ്ധമായി വിധിച്ചുതള്ളരുതു്.

ഇൻഡ്യയിൽ കുറെക്കാലം ജീവിച്ചിരുന്ന ഒരു ആംഗ്ലോ-ഇൻഡ്യൻ ഇംഗ്ലണ്ടിൽ തിരിച്ചുചെന്നപ്പോൾ തന്റെഭാൎയ്യയോടു തന്റെ ശക്തിയെയും വീരപരാക്രമങ്ങളെയുംപററി വമ്പുപറകയായിരുന്നു. അവർ അവരുടെ നാട്ടിൻപുറത്തെ വീട്ടിൽ പാൎക്കുകയായിരുന്നു അപ്പോൾ അവിടെ ഒരു കരടി ചാടിവന്നു. ഈ ആംഗ്ലോ-ഇൻഡ്യൻ പെട്ടെന്നുചാടി അടുത്തുണ്ടായിരുന്ന ഒരു മരത്തിന്റെ മുകളിൽ കയറി ഇരിപ്പായി. ഭാൎയ്യ ഒരായുധം എടുത്തുകൊണ്ടുവന്നു കരടിയെക്കൊന്നു. അപ്പോൾ അയാൾ താഴെഇറങ്ങിവന്നു. ജനങ്ങൾ അവരുടെ അടുക്കൽവന്നു ചോദിച്ചു: -"ആരാണു് കരടിയെ കൊന്നതു്?" അയാൾ പറയുകയായിരുന്നു:—"ഞാനും ഭാൎയ്യയും കൂടി കരടിയെക്കൊന്നു." എന്നാൽ വാസ്തവം അങ്ങിനെയല്ലായിരുന്നു. ഇതുപോലെ, അന്യന്മാർ ഒരു കാൎയ്യംചെയ്യുമ്പോൾ, അതു

4

digitized by www.sreyas.in

ഞാനാണു് ചെയ്യുന്നതെന്നു പറയുന്നതു്—ക്രിസ്തുമതത്തിൽക്കൂടെയാണു് ചെയ്യുന്നതെന്നു പറയുന്നതു്—സത്യമല്ല.

സയൻസിലെ സകല പുരോഗതിയും, യൂറോപ്പിലും അമേരിക്കായിലും തത്വശാസ്ത്രത്തിലെ സകല അഭിവൃദ്ധിയും, സകല കണ്ടുപിടുത്തങ്ങളും ഗവേഷണങ്ങളും വേദാന്തചൈതന്യം പ്രയോഗിച്ചതുമൂലം ഉണ്ടായതാണു്. വേദാന്തം എന്നാൽ സ്വാതന്ത്ര്യവും, തന്റേടവും ആണു്. സ്വാതന്ത്ര്യചൈതന്യവും, തന്റേടശക്തിയും, സ്വാശ്രയശീലവും, ശാരീരികാവശ്യങ്ങൾക്കും മോഹങ്ങൾക്കും ഉയരെ നില്ക്കാനുള്ള ചൈതന്യവും ആണു് ഇവയെല്ലാം ഉണ്ടാക്കിയതു്. ഈ ഐശ്വൎയ്യമെല്ലാം അതുകാരണമാണു്. വേദാന്തം മനുഷ്യരറിയാതെതന്നെ അനുഷ്ഠാനത്തിൽ വരുത്തിയതുകൊണ്ടാണു് ഉണ്ടായതു്. യഥാൎത്ഥക്രിസ്തുമതം അതാണെന്നു നിങ്ങൾക്കു വേണമെങ്കിൽ വിളിക്കാം. യഥാൎത്ഥ ക്രിസ്തുമതം വേദാന്തത്തിൽനിന്നും ഭിന്നമല്ല. നിങ്ങൾ അതു ശരിക്കു ഗ്രഹിച്ചാൽ ഇതു ബോധ്യമാകും. ഞങ്ങൾ അടിമത്തം ഭൂമുഖത്തുനിന്നു നിൎമ്മാൎജ്ജനംചെയ്തു; സകല പരിഷ്കാരങ്ങളും ഉണ്ടാക്കി എന്നു പറയപ്പെടുന്നു. രാമൻ പറയുന്നു:—സഹോദരന്മാരേ! അടിമത്തം മാററപ്പെട്ടു! ഹാ! അടിമത്തം ഇല്ലാതിരുന്നുവെങ്കിൽ! എന്നു രാമൻ എത്രമാത്രം ആഗ്രഹിക്കുന്നു! "അടിമത്തം നശിപ്പിച്ചുവെന്ന പ്രസ്താവന നാം സ്വീകരിക്കുന്ന പക്ഷം, അതു ക്രിസ്തുമതംകാരണമുണ്ടായതല്ല അടിമത്തം മാററാനുള്ള ഏതാണ്ടു ക്രിസ്തുമതത്തിൽ ഉണ്ടായിരുന്നുവെങ്കിൽ, ആദ്യത്തെ 1700 വൎഷങ്ങളിൽ ക്രിസ്തുമതം എന്തുകൊണ്ടു അതു നീക്കിയില്ല? വേറെയെന്തോ ഉണ്ടായിരുന്നു അപ്പോൾ. ജനങ്ങൾ അമേരിക്കായിൽവന്നു. യൂറോപ്യൻജനതകൾ നാടുതോറും സഞ്ചരിച്ചു. അവർ ഇതരജാതിക്കാരുമായി സമ്പൎക്കംചെയ്തു; അവൎക്കു വിദ്യാഭ്യാസംസിദ്ധിച്ചു് അവരുടെ ഹൃദയം വിശാലതരമായി. ഇതൊക്കെയാണു് പ്രായോഗികവേദാന്തം. അതാണു് അടിമത്തംപോക്കാനുള്ളകാരണം. ക്രിസ്തുമതമല്ലാ. രാഷ്ട്രീയവും, സാമുദായികവും ആയ പരിതഃസ്ഥിതികൾ മനുഷ്യരുടെ ഹൃദയങ്ങളെയും ആത്മാക്കളെയും ഇളക്കിവിട്ടു. നല്ലകാൎയ്യങ്ങൾക്കു ക്രിസ്തുമതം കാരണമാണെന്നു നിങ്ങൾ പറയുമെങ്കിൽ, Inquisition (മതവിരോധികളെന്നു സംശയിക്കപ്പെട്ടവരെ കഠിനമായി ദണ്ഡിപ്പിച്ചുവന്ന ഒരു സമ്പ്രദായം) എന്നാൽ എന്തെന്നു നിങ്ങൾ അറിയുന്നില്ലേ? അതു സാൻഫ്രാൻസിസ്കോയിൽപോലും സൎവ്വാധികാരത്തിൽ ഭരിച്ചിരുന്നില്ലയോ ഒരുകാലത്തു്? അഹോ! കഷ്ടം! ഭയങ്കരം!! നെഞ്ചിൽനിന്നു രക്തം ചോൎത്തിയെടുക്കുക! രാമൻ ഇതൊന്നും പ്രസ്താവിക്കേണ്ടതില്ല. ഇതിനെല്ലാം കാരണം എന്താണു്?

digitized by www.sreyas.in

വളരെ ചോദ്യങ്ങളും ഉത്തരങ്ങളും രാമൻ കടന്നുപോകുന്നു. അവ വേറൊരുസമയത്തു് എടുത്തു പരിശോധിക്കാം.

ഒരു പ്രശ്നംകൂടെ. "ഇൻഡ്യാ രാഷ്ട്രീയമായി ഇത്ര അധഃപതിച്ചതു എന്തുകൊണ്ടു്?" ഇൻഡ്യായുടെ അധഃപതനം വേദാന്തംകാരണമാണെന്നു പറയപ്പെടുന്നു ഇതു സത്യത്തിനു അതിദൂരം അകലത്താണു്. ഇൻഡ്യായുടെ അധഃപതനത്തിനുകാരണം വേദാന്തത്തിന്റെ അഭാവം ആണു്. രാമൻ സകല രാജ്യക്കാരനും ആണെന്നുപറഞ്ഞതു നിങ്ങൾ ഓർക്കുന്നുണ്ടു്. രാമൻ ഒരു ഇൻഡ്യാക്കാരനോ, ഹിന്ദുവോ, വേദാന്തിയോ ആയിട്ടു വരുന്നില്ല. രാമൻ രാമനായിത്തന്നെവരുന്നു. ഇതിന്റെ താല്പര്യം സർവ്വവ്യാപിയെന്നാണു്. രാമനു ഇൻഡ്യാക്കാരെയോ, നിങ്ങളെയോ സ്തുതിക്കണമെന്നില്ല. രാമൻ ഇൻഡ്യായെയോ, അമ്മേരിക്കായെയോ, മറെറന്തെങ്കിലും ഒന്നിനെയോ താങ്ങിനില്ക്കുന്നില്ല. രാമൻ 'സത്യത്തിൽ സമസ്തസത്യത്തിൽ, സത്യമല്ലാത്ത മറെറാന്നിലും അല്ലാതെ' നിൽക്കുന്നു ആ നിലയിൽനിന്നു, ആ വീക്ഷണസ്ഥാനത്തുനിന്നുമാണു് രാമൻ പറയുന്നതെല്ലാം ഇവിടെ പ്രസ്താവിക്കുന്നതു്. ഇൻഡ്യായെയോ അമ്മേരിക്കായെയോ പൊക്കാനും പുകഴ്ത്താനും രാമനാവശ്യമില്ല. വേദാന്തം ഇൻഡ്യായിലെ സാമാന്യജനങ്ങളിൽ പ്രചരിച്ചിരുന്നിടത്തോളംകാലം ഇൻഡ്യാ മഹത്വത്തിന്റെ അത്യുച്ചസ്ഥാനത്തിരുന്നിരുന്നുവെന്നുള്ളതാണു സത്യം; ഇൻഡ്യാ പരമമായി ശോഭിച്ചു; അതു വളരെ ഐശ്വര്യവതിയായിരുന്നു ഈ വേദാന്തം ഒരു പ്രത്യേകവർഗ്ഗത്തിന്റെ കൈകളിൽ പതിക്കാനിടയായ ഒരു കാലമുണ്ടായി. അപ്പോൾ അതു സാമാന്യജനങ്ങളിൽ എത്താൻ അനുവദിക്കപ്പെട്ടില്ല. ഇൻഡ്യായുടെ അധഃപതനം അപ്പോൾ ആരംഭിക്കയും ചെയ്തു വേദാന്തം ബഹുജനങ്ങളിൽ പ്രാപിക്കാൻ അനുവദിക്കപ്പെട്ടില്ല. "ഞാൻ ഒരു അടിമയാണു്, ഞാൻ ഒരു അടിമയാണു്. ഈശ്വരാ! ഞാൻ നിന്റെ അടിമയാണു്" എന്നു പറയുന്ന ഒരു മതം ഇൻഡ്യായിൽ സാമാന്യജനങ്ങളുടെ ഇടയിൽ എത്തി. അവരതു വിശ്വസിക്കാൻ തുടങ്ങി. ഈ മതം യൂറോപ്പിൽനിന്നു ഇൻഡ്യായിൽ ഇറക്കുമതി ചെയ്യപ്പെട്ടതാണു്. ചരിത്രകാരന്മാരെന്നും, തത്വജ്ഞാനികളെന്നും പറയപ്പെടുന്നവരെ - യൂറോപ്യന്മാരെ—വിസ്മയഭരിതരാക്കുന്ന ഒരു പ്രസ്താവനയാണിതു് എന്നാൽ രാമൻ ആലോചിക്കാതെ പറയുന്ന ഒരു പ്രസ്താവനയല്ല ഇതു്. ഗണിതശാസ്ത്രകൃത്യതയോടുകൂടി തെളിയിക്കയും, പ്രദർശിപ്പിക്കയും ചെയ്യാവുന്ന ഒരു പ്രസ്താവനയാണിതു്. നമ്മുടെ ആത്മാവിനെ പുച്ഛിക്കയും, നിന്ദിക്കയും, നമ്മെ സ്വയം ഴപുക്കളെന്നും, കീടങ്ങളെന്നും വിളിക്കയും ചെയ്യാൻ

digitized by www.sreyas.in

നമ്മോടാവശ്യപ്പെടുന്ന മതം ഇൻഡ്യായിൽ കൊണ്ടുവരപ്പെട്ടു. ആ മതം ഇൻഡ്യായിലെ സാമാന്യജനങ്ങളുടെ മതമായി. അവിടെ ഇൻഡ്യായുടെ അധോഗതിയും ആരംഭിച്ചു. അമേരിക്കരുടെയും യൂറോപ്യന്മാരുടെയും കഥയെന്തു്? യൂറോപ്യന്മാരും അവരുടെ അടിമത്വത്തിൽ വിശ്വസിക്കുന്നുണ്ടു്; "ഹേ! ദൈവമേ! ഞങ്ങൾ നിന്റെ അടിമകളാണു്" എന്നുപറഞ്ഞു വിശ്വസിക്കുന്നുണ്ടു് രാഷ്ട്രീയവും സാമൂഹ്യവുമായ നിലകളിൽനിന്നു നോക്കിയാൽ ഇൻഡ്യാക്കാർ അനുഭവിച്ചിടത്തോളം നികൃഷ്ടത അവർ അനുഭവിക്കാത്തതെന്തുകൊണ്ടു്? പ്രാകൃതികന്മാരും പരിണാമവാദഗ്രന്ഥകാരന്മാരും പലപ്പോഴും പരാമർശിക്കുന്ന ഒരു കഥകൊണ്ടു ഇതു് ഉദാഹരിക്കാം. ചിലപ്പോൾ ബലഹീനത രക്ഷയ്ക്കു കാരണമായിത്തീരുന്നുവെന്നു അവർ പറയുന്നു; എല്ലായ്പോഴും ഏററവും പ്രാപ്തിയുള്ളതു് രക്ഷപ്പെടുന്നില്ല. ഓം!

ഒരു വലിയ സംഘം വെട്ടുക്കിളികൾ ഒരു വശത്തേക്കു പറക്കുകയായിരുന്നു. ചിലതിന്റെ ചിറകുകൾ ദുർബ്ബലപ്പെട്ടു് അവ താഴെ പതിച്ചു. ബലശാലികളായിരുന്നവ മുമ്പോട്ടുപറന്നു. എന്നാൽ അതുകൾ ഒരു കുന്നിൽ എത്തിയപ്പോൾ അവിടെ തീകത്തുകയായിരുന്നു. എല്ലാകിളികളും തീകൊണ്ടു നശിച്ചു. ഇവിടെ ബലഹീനർ ജീവിച്ചു; ഏററവും സാമർത്ഥ്യമുള്ളവ നശിച്ചു.

ഇൻഡ്യാക്കാർ ഒരു സംഗതി പറയുമ്പോൾ അവർ അതു് ഹൃദയംഗമമായി വിവക്ഷിക്കയും, വിശ്വസിക്കയും ചെയ്യുന്നു. അവർ സത്യവാന്മാരാണു്. അവരോ മതം അവരുടെ സർവ്വസ്വവും ആക്കുകയും ചെയ്യുന്നു. അവർ പ്രാർത്ഥിക്കുമ്പോൾ ബാഹ്യമായും ആന്തരികമായും ഒരുപോലെയിരിക്കുന്നു. "ഈശ്വരാ! അല്ലയോ! ദൈവമേ! ഞാൻ അവിട്ടത്തെ അടിമയാണു്. ഹേ! ദൈവമേ! ഞാൻ അവിടുത്തെ നശിച്ച അടിമയാണു്. ദൈവമേ! ഞാൻ ഒരു പാപിയാണു്." ഇൻഡ്യായിലെ സാമാന്യജനങ്ങൾ ഇങ്ങിനെ പ്രാർത്ഥിച്ചുതുടങ്ങിയപ്പോൾ, അവർ ആത്മാർത്ഥത ഉള്ളവരായിരുന്നു. കർമ്മസിദ്ധാന്തമനുസരിച്ചു് — അഭേദ്യവും, നിഷ്ഠുരവും ആയ കർമ്മനിയമപ്രകാരം — അവരുടെ സ്വന്തം ആഗ്രഹങ്ങളും, മോഹങ്ങളും അവർക്കു പ്രാപിക്കേണ്ടതുണ്ടായിരുന്നു. അവരുടെ ചിന്തകൾ സഫലീഭവിച്ചു അവർ അടിമകളാക്കപ്പെട്ടു. ആരാൽ? ഈശ്വരനാൽ അവർ അടിമകൾ ആക്കപ്പെട്ടു എന്നു നിങ്ങൾ പറയുന്നു. ഈശ്വരനു ത്രാ..മുണ്ടോ! ഈശ്വരനു ദ്വേഷമുണ്ടോ? അത്രപിയായ ഈശ്വരൻവന്നു അവരെ ഭരിക്കാവതല്ല. ഈശ്വരൻവന്നു. ഏതു ഈശ്വരൻ? തേജസ്സുകളുടെതേജസ്സ്! വെളുത്ത കേവലൻ! ഇംഗ്ലീഷുകാരുടെ

digitized by www.sreyas.in

വെളുത്തതൊലിക്കു മുഖേന വെളുത്ത ഏകൻവന്നു് അവരെ അടിമകളാക്കി. ഇങ്ങിനെയാണു്. ക്രിസ്തുമതമെന്നു തെററിദ്ധരിക്കപ്പെട്ടതോ തെററിദ്ധരിക്കപ്പെട്ട പള്ളിമതമോവന്നു് ഇൻഡ്യായുടെ അധഃപതനം ഉണ്ടാക്കി. അതാണു് വാസ്തവം.

ഇൻഡ്യായിൽപോയി അവിടത്തെ സ്ഥിതി നേരിട്ടുകാണുക; രാമൻ പറയുന്നതു സത്യമാണെന്നു നിങ്ങൾക്കു ബോധ്യമാകും. മററു സ്വാമിമാരും ഇതരസാധുക്കളും ഇൻഡ്യായിൽനിന്നു വന്നു് പറയുന്നതുമാത്രം നിങ്ങൾ വിശ്വസിച്ചാൽ നിങ്ങൾക്കു തെററുപററും. ഇൻഡ്യായുടെ അധോഗതിക്കു കാരണം വേദാന്തത്തിൻെറ അഭാവമത്രെ. എന്നാൽ അതേ അടിമത്തവിചാരം യൂറോപ്യന്മാരെ അടിമകളാക്കാത്തതെന്തുകൊണ്ടു്? യൂറോപ്യർ മതത്തെക്കാളധികം സ്വത്തിനെ ശ്രദ്ധിക്കുന്നു. മുമ്പു കാണിച്ചതന്നതുപോലെ, അവരുടെ പ്രാൎത്ഥനകളിൽ, അവരുടെ മതകാൎയ്യങ്ങളിൽ, ഈശ്വരനെന്നു പറഞ്ഞാൽ ഏതാണ്ടൊരു അലങ്കാരം മാത്രമാണു്. ഈശ്വരൻ വന്നു് അവരുടെ മുറികൾ തുക്കുകയും, കഴുകുകയും ചെയ്യണം. സ്വീകരണമുറികളെ അലങ്കരിക്കാനുള്ള പടമോ, ചിത്രമോ ആയി അവരെ സേവിക്കാൻ മാത്രമാണു് അവർ മതത്തെ കരുതിയിരിക്കുന്നതു്. ഹൃദയത്തിൽനിന്നും, ആത്മാവിൽനിന്നും ഉദിച്ച പ്രാൎത്ഥനകൾ അടിമത്തത്തിനുവേണ്ടി ആയിരുന്നില്ല; സമ്പത്തിനുവേണ്ടിയായിരുന്നു; ഐശ്വൎയ്യത്തിനും, ലൗകികലാഭങ്ങൾക്കും വേണ്ടിയായിരുന്നു. അതുകൊണ്ടു അവർ ഔന്നത്യം പ്രാപിച്ചു. അതു കൎമ്മനിയമം അനുസരിച്ചാണു്. ഇൻഡ്യായിലെ സാമാന്യജനങ്ങളിൽ വേദാന്തമതം നടപ്പിലിരുന്നിടത്തോളം കാലം ഇൻഡ്യായിൽ ഐശ്വൎയ്യമുണ്ടായിരുന്നുവെന്നു ചരിത്രം നമ്മോടു പറയുന്നു.

ഫിനിഷ്യർ ഒരു കാലത്തു വളരെ ശക്തിയുള്ളവരായിരുന്നു. എന്നാൽ അവൎക്കു ഇൻഡ്യായെ എതിക്കാനോ, അതിനെ ജയിക്കാനോ സാധിച്ചില്ല. ഈജിപ്ററുകാർ അത്യന്തം ഉയൎന്നിരുന്ന കാലമുണ്ടായിരുന്നു. അവർ ഇൻഡ്യായെ കീഴ്പ്പെടുത്തിയില്ല. ഒരിക്കൽ പേഷ്യാ സൎവ്വാധികാരിയായിഭരിച്ചു; എന്നാൽ ഇൻഡ്യായ്ക്കെതിരായി ശത്രുത്വത്തോടുകൂടി ഒരു നോട്ടംപോലും അതു നോക്കിയില്ല. അവരുടെ * കഴുകക്കൊടിയും പാറത്തിക്കൊണ്ടു റോമാക്കാർ ലോകം മിക്കവാറും നടന്നു; അറിയപ്പെട്ടിരുന്ന ഭൂമിയെയെല്ലാം അവർ പിടിച്ചടക്കിയിരുന്നു. ആ റോമൻചക്രവൎത്തിമാരും ഇൻഡ്യായെ പിടിക്കാൻ ഉദ്യമിച്ചില്ല. ഗ്രീക്കുകാർ പ്രാബല്യം പ്രാപിച്ചപ്പോൾ നൂറുനൂറുവൎഷങ്ങളിൽ ഇൻഡ്യായുടെമേൽ ഒരു ദൃഷ്ടിവീക്ഷണം

* റോമാക്കൊടിയടയാളം കഴുകൻ ആണു്.

digitized by www.sreyas.in

പോലും അർപ്പിച്ചില്ല. അലക്സാണ്ടർ എന്ന ഒരു മനുഷ്യൻവന്നു; അബദ്ധമായി 'മഹാൻ' എന്നു വിളിക്കപ്പെട്ട അലക്സാണ്ടർ! അദ്ദേഹം ഇൻഡ്യായിൽവന്നു. അക്കാലത്തു സാമാന്യജനങ്ങളുടെ ഇടയിൽ വേദാന്തചൈതന്യം പ്രബലമായി നടപ്പിലിരുന്നു; അതവരിൽനിന്നു എടുക്കപ്പെട്ടിരുന്നില്ല. ഇൻഡ്യായിൽ ചെല്ലുംമുമ്പു് അദ്ദേഹം തനിയ്ക്കറിയാമായിരുന്ന ലോകം അശേഷം ജയിച്ചിരുന്നു. ശക്തിയേറിയ സകല പേഷ്യൻ സൈന്യങ്ങളുടെയും പിൻബലത്തോടുകൂടി, സമസ്ത ഈജിപ്ഷ്യൻ സേനകളുടെയും സഹായത്തോടുകൂടി, ആ ബലിഷ്ഠനായ അലക്സാണ്ടർ ഇൻഡ്യായിൽ പ്രവേശിക്കുന്നു. ഒരു ചെറിയ ഇൻഡ്യൻ രാജാവായിരുന്ന പോറസ് അദ്ദേഹത്തെ എതിർത്തു ഭയപ്പെടുത്തുന്നു! ഈ ഇൻഡ്യൻരാജാവു് അലക്സാണ്ടറെ 'മഹാൻ' പട്ടത്തിൽനിന്നു താഴത്തിറക്കുന്നു. അദ്ദേഹത്തിന്റെ സൈന്യങ്ങളെല്ലാം ഓടിക്കളയുന്നു! സമസ്തസേനകളും നശിപ്പിക്കപ്പെട്ടു. മഹാനായ അലക്സാണ്ടർ പിൻവാങ്ങാൻ നിർബ്ബന്ധിതനായി. ഇതെങ്ങിനെ? അക്കാലം ഇൻഡ്യൻ ബഹുജനങ്ങളിൽ വേദാന്തം നടപ്പിലിരുന്നു. നിങ്ങൾക്കിതിനു തെളിവു വേണമോ? അതിന്റെ തെളിവിനു്, അക്കാലത്തെ ഗ്രീക്കുകാർ രേഖപ്പെടുത്തിയിട്ടിട്ടുള്ള വിവരങ്ങൾ വായിക്കുക. ഇൻഡ്യായെപ്പററി അലക്സാണ്ടരുടെ സുഹൃത്തുക്കൾ—അക്കാലത്തെ ഗ്രീക്കുകാർ ചരിത്രത്തിൽ എഴുതിയിട്ടുള്ളതു പഠിക്കുക പ്രായോഗികവേദാന്തം ഇൻഡ്യൻ ജനതകളിൽ ഉണ്ടായിരുന്നുവെന്നും അവർ സുശക്തരായിരുന്നുവെന്നും അപ്പോൾ നിങ്ങൾ കാണും. അലക്സാണ്ടർമഹാനു് തിരിച്ചോടേണ്ടിവന്നു.

ഗസനിമുഹമ്മദു എന്നു് ഒരു സാധാരണ കൊള്ളക്കാരൻ പതിനേഴു പ്രാവശ്യം ഇൻഡ്യായെ കൊള്ളചെയ്ത ഒരു കാലംവന്നു. ഇൻഡ്യായിൽനിന്നു തന്റെ കയ്യിൽ കിട്ടിയതെല്ലാം—ധനമെല്ലാം പതിനേഴുതവണ കൊള്ളചെയ്തു് അയാൾ പൊയ്ക്കളഞ്ഞു. അക്കാലത്തു സാമാന്യജനങ്ങളുടെ നിലയെപ്പററിയുള്ള വിവരങ്ങൾ പഠിച്ചു നോക്കുക. അപ്പോൾ സാമാന്യജനങ്ങളുടെ 'മതം വേദാന്തത്തിനു നേരെ എതിർവശത്തു്—എതിർ ധ്രുവത്തിൽ – ആയിരുന്നുവെന്നു നിങ്ങൾക്കു കാണാം. വേദാന്തം നടപ്പിൽ ഇരുന്നു; എന്നാൽ അതു തിരഞ്ഞെടുക്കപ്പെട്ട കുറച്ചുജനങ്ങളുടെ ഇടയിൽ മാത്രമായിരുന്നു. ബഹുജനങ്ങൾ അതുപേക്ഷിച്ചിരുന്നു. ഇങ്ങിനെയാണു് ഇൻഡ്യാ അധഃപതിച്ചതു്.

"നിങ്ങൾ ത്യാഗത്തെപ്പററി പ്രസംഗിക്കുന്നു; ത്യാഗം നമ്മെ ദരിദ്രരാക്കുന്നു" എന്നു പറയപ്പെടുന്നു. ഹാ! ഒരിക്കലുമില്ല. അതു് അതിൽനിന്നു ബഹുദൂരം അകലെയാണു്. വേദാന്തം പഠിക്കാനും

digitized by www.sreyas.in

പരീക്ഷിക്കാനും നിങ്ങൾ വനത്തിൽ പോകേണ്ടതും, ഹിമാലയൻ
ഗഹനാരണ്യങ്ങളിൽ കുറെകാലം താമസിക്കേണ്ടതും ആവശ്യമാണെ
ന്നുള്ളതു ശരിയാണു്. എന്നാൽ എന്നും നിങ്ങൾ ഒരു സന്യാസി
ജീവിതം നയിക്കണമെന്നു വേദാന്തം ഒരിക്കലും ശാസിക്കുന്നില്ല.
ഒരിക്കലുമില്ല, ഒരിക്കലുമില്ല. കുട്ടികൾ കോളജിൽ പോകുന്നതു
പോലെ മാത്രമാണു് അവർ വേദാന്തം പഠിക്കാൻ കാടുകളിൽ
പോകുന്നതു്. ഏതൊരു സയൻസും തത്വജ്ഞാനവും അഭ്യസിക്ക
ണമെങ്കിൽ, നാം ഏകാന്തതയിൽ ഇരിക്കണമെന്നോ, നമ്മുടെ
ചുററും വിഘ്നകാരികളായ സാഹചര്യങ്ങളില്ലാത്തിടത്തു പോകണ
മെന്നോ ഉള്ളതു് ശരിയല്ലേ? നിങ്ങളുടെ പഠനം സ്വൈരമായും സമാ
ധാനമായും നടത്താൻ സൌകൎയ്യമുള്ളിടത്തു നിങ്ങൾ ജീവിക്കണം.
ഇങ്ങനെ ഒരു ഇൻഡ്യാക്കാരൻ വനത്തിലേയ്ക്കുപോയി വിശ്ര
മിക്കയും, കാടുകളിൽ താമസിക്കയും ചെയ്യുന്നകാലങ്കൽ. ശാസ്ത്ര
ങ്ങളുടെ ശാസ്ത്രമായ വേദാന്തം പഠിച്ചു സമർത്ഥനാകാൻ തക്ക
സൌകൎയ്യമുള്ള സ്ഥലങ്ങളിൽ ഇരിക്കാനും, വേദാന്തത്തിന്റെ
പരമാർത്ഥചൈതന്യം പൂൎണ്ണമായി സമ്പാദിക്കാനും മാത്രമാണതു
ചെയ്യുന്നതു്. വേദാന്തം കെമിസ്ട്രിയെപ്പോലെ ഒരു പരിശീലന
ശാസ്ത്രമാണെന്നു നിങ്ങൾക്കറിയരുതോ? കെമിസ്ട്രിയിൽ അനശ്ര
പപരിശീലനങ്ങൾ ചെയ്യാതെ പുരോഗതിസമ്പാദിക്കാൻ തരമില്ല.
അതുപോലെ, ബുദ്ധിപരമായ പരിശീലനത്തോടുകൂടി ആദ്ധ്യാത്മി
കമായ അനുഭവം ചെയ്തു പരീക്ഷിക്കാതെ വേദാന്തത്തെക്കുറിച്ചു്
ഒരുത്തനു് എങ്ങിനെ അറിയാൻ കഴിയും? ഇങ്ങിനെ ആദ്ധ്യാത്മി
കപരിശീലനംചെയ്തു് ബുദ്ധിപരമായ ജ്ഞാനം സമ്പാദിക്കാൻ
വേണ്ടി ജനങ്ങൾക്കു വനാന്തരങ്ങളിൽ പോകേണ്ടിവരും. വന
ങ്ങൾ സൎവ്വകലാശാലകളും കോളേജുകളും പോലെയാണു്. ഈ
ജ്ഞാനം സമ്പാദിച്ചുകഴിഞ്ഞാൽ അവർ ലോകത്തിലേയ്ക്കു തിരിയെ
വന്നിറങ്ങി അതു പ്രസംഗിക്കയും ദൈനന്ദിനജീവിതത്തിൽ ഉപ
യോഗിച്ചു കാണിക്കയും ചെയ്യുന്നു; ഈ തത്വജ്ഞാനപദ്ധതി
എങ്ങിനെ അനുഷ്ഠാനത്തിൽ കൊണ്ടുവരാമെന്നു ജനങ്ങളെ കാണി
ച്ചു് അറിയിക്കുന്നു, അതു പഠിപ്പിക്കാൻ അവർ താഴെ ഇറങ്ങി
വരുന്നു. അഞ്ചുകൊല്ലക്കാലത്തേയ്ക്കു് ഓരോ ബ്രാഹ്മണനും, ഹിന്ദു
വും വനത്തിൽ കഴിക്കുമ്പോൾ ഈ ജ്ഞാനം സമ്പാദിക്കയും, അതു
സമ്പാദിച്ചുംവെച്ചു്, അവർ ലോകത്തിലേയ്ക്കിറങ്ങി അവിടെ പണി
യെടുക്കുകയും, ചിലർ സാധാരണ ലൗകികകൃത്യങ്ങൾ സ്വീകരിക്കയും
ചെയ്യേണ്ടതാണു്. വേദാന്തത്തെപ്പററി പൂൎണ്ണജ്ഞാനം ലഭിച്ച
ശേഷം എല്ലാവരും സന്യാസികൾ ആകണമെന്നില്ല. എം. ഏ.
പരീക്ഷ ജയിക്കയും — അഥവാ സയൻസു ഡോക്ടർ ബിരുദം സമ്പാ

digitized by www.sreyas.in

ങിക്കയും—ചെയ്യുന്നതിനുമേൽ സകല വിദ്യാർത്ഥികളും പ്രഫസ്സർമാരായിത്തീരണമെന്ന പ്രതീക്ഷിക്കപ്പെടാത്തതുപോലെ ആണിതു് ചിലർ മജിസ്ത്രേട്ടന്മാരാകാം, ചിലർ വലിയ വണിക്കുകളാകാം ചിലർ പ്രഫസ്സറന്മാരും ആകാം.

അതുപോലെതന്നെ, വേദാന്തത്തെ പ്രാപിക്കുന്നതും, അരിതിൻെറശേഷം അതു പൂർണ്ണമായി അനുഭവപ്പെടുത്തുന്നതും ഈ ലോകമെല്ലാം നിങ്ങൾക്കു ഒരു സ്വർഗ്ഗം—സ്വർഗ്ഗാരാമം—ആക്കുന്ന സ്ഥിതിയിൽ നിങ്ങളെ പ്രതിഷ്ഠിക്കുന്നതിനാണു്. അവിടെ പ്രപഞ്ചമെല്ലാം നിങ്ങൾക്കു് ഒരു പറുദീസായാകും; നിങ്ങൾക്കു ജീവിതം ജീവിക്കാൻ തക്കതും ആകും. എല്ലാവരും സന്യാസിമാരാകണമെന്ന വേദാന്തം ആവശ്യപ്പെടുന്നുവെന്ന പറയുന്നവർ വേദാന്തത്തെ തെററിദ്ധരിക്കുന്നു; തെററിദ്ധരിപ്പിക്കുന്നു. ഇല്ല; ഇല്ല. ഒരിക്കലും വേദാന്തം അങ്ങിനെ ആവശ്യപ്പെടുന്നില്ല. സയൻസുഡോക്ടർപരീക്ഷപാസ്സായാൽ പ്രഫസ്സർ ഉദ്യോഗം സ്വീകരിക്കുന്നതുപോലെമാത്രമാണു് സന്യാസിത്വം വരിക്കുന്നതിൻെറയും പ്രകൃതം.

ലൌകികജീവിതത്തിൽ സമ്പൂർണ്ണചൈതന്യവുമായി ഏർപ്പെട്ട മനുഷ്യരും ഈ വേദാന്തം പ്രസംഗിച്ചതായിട്ടു നിങ്ങൾ വീണ്ടും, കാണുന്നുണ്ടു്. സഹോദരാ! വേദാന്തമെന്നതു നിരാശാമതമല്ല. അതു നിരാശാമതമാണെന്നുപറയുന്നവർ അതിനെ തെററി വ്യാഖ്യാനിക്കുന്നു. ഒരിക്കലും ആ അഭിപ്രായം ശരിയല്ല; നേരേമറിച്ചു് അതു് ആശയുടേയും, ആനന്ദത്തിൻേറയും അത്യുന്നതമായ ഉച്ചസ്ഥാനമാണു്.

യാതൊരു അമരംപിടുത്തവും, വടക്കുനോക്കിയന്ത്രവും, നമ്പുകളും, കപ്പൽപായകളും, ആവിയും, വിദ്യുച്ഛക്തിയും ഒന്നും ഇല്ലാതെ നിങ്ങൾ നിങ്ങളുടെ ശരീരമാകുന്ന കപ്പലിനെ ലോകസമുദ്രത്തിലേയ്ക്കു തള്ളിവിട്ടാൽ, തീർച്ചയായും നിങ്ങളുടെ ജീവിതം കപ്പൽഛേദത്തിൽ എത്തിക്കുമെന്ന വേദാന്തം ശാസിക്കുന്നു. എല്ലാവിധ കാററിൻെറയും, കൊടുങ്കാററിൻെറയും, കോളിളക്കത്തിൻെറയും നടുവിൽ നിങ്ങൾ സ്വയം പതിക്കും. അജ്ഞാനംമൂലം പ്രപഞ്ചം കഷ്ടതകളാലും, നരകങ്ങളാലും നിറഞ്ഞിരിക്കുന്നുവെന്നു വേദാന്തം പറയുന്നു. അജ്ഞാനംമാത്രമാണു് പാപം. നിങ്ങളുടെ കഷ്ടതകളുടെയെല്ലാം കാരണം അജ്ഞാനംമാത്രമാണു്. നിങ്ങൾ അജ്ഞരായിരിക്കുന്നിടത്തോളം, നിങ്ങൾ നരകത്തിലാണു്. ഈ അജ്ഞാനംനീക്കി, പരമജ്ഞാനം സമ്പാദിച്ചു്, യഥാർത്ഥാത്മാവിനെ അറിഞ്ഞുകൊണ്ടാൽ, സകല ഇരുട്ടു ജയിലുകളും, നിങ്ങൾക്കു പറുദീസായാകുമെന്നു വേദാന്തം പറയുന്നു; ജീവിതം സുഖകരമാകും,

digitized by www.sreyas.in

ഒരിക്കലും ഉൽക്കണ്ഠയില്ലാതെ, എന്തിനെക്കുറിച്ചും മനോവേദനകൂടാതെ, അസ്വാസ്ഥ്യവും അന്ധതയും നീങ്ങും; മനസ്സാന്നിദ്ധ്യവും പ്രസന്നതയും നശിക്കാതിരിക്കം; സങ്കടമോ, ക്ലേശമോ, ബുദ്ധിക്ഷയമോ വരികയില്ല; ഈ സ്ഥിതി അഭിലഷണീയമല്ലയോ? അതു കേവലം സത്യമല്ലയോ? വേദാന്തം നിരാശാമതമല്ല അതു പറയുന്നു:—"ഹേ! ലോകജീവികളേ! നിങ്ങളിപ്രപഞ്ചത്തെ വെറും നരകമാക്കുന്നു ജ്ഞാനം സമ്പാദിക്കുക; അതു നേടുക." ഇതാണു വേദാന്തത്തിന്റെനില. അവിടെ ഒട്ടും ആശാനാശമില്ല.

ലോകവ്യവഹാരത്തിൽപ്പെട്ടു ജീവിതംനയിച്ചവർ സന്യാസിജീവിതം തീരെ അംഗീകരിക്കാതെയിരുന്നവർ—ഈ വേദാന്തം പ്രചരിപ്പിച്ചിരുന്നുവെന്നു നിങ്ങൾക്കു കാണാം. എന്നിട്ടും അവർ ത്യാഗപൂർണ്ണമനുഷ്യരായിരുന്നു.

ഒരിക്കൽ മഹാത്മാവായിരുന്ന ഒരു ഇൻഡ്യൻ മഹാരാജാവു തന്റെ ലോകവ്യാപാരങ്ങളെ ഉപേക്ഷിച്ചു വനാന്തരങ്ങളിൽപോയി തപസ്സുചെയ്യാൻ ഭാവിക്കയായിരുന്നു. ഈ ശരീരത്തിന്റെ ഒരു പൂർവികനായിരുന്നു അദ്ദേഹത്തിന്റെ ഗുരു. ആ ആചാര്യൻ അദ്ദേഹത്തിനു ഈ വേദാന്തം ഉപദേശിക്കയും, ത്യാഗത്തിന്റെ രഹസ്യം അദ്ദേഹം ഗ്രഹിക്കയും, ഒരു യഥാർത്ഥ ത്യാഗിയാകയും ചെയ്തതിനു ശേഷം അദ്ദേഹം ഒരു പ്രശസ്ത പ്രബലചക്രവർത്തിയായി രാജ്യം ഭരിച്ചുജീവിച്ചു.

കുരുക്ഷേത്രയുദ്ധത്തിലെ വീരനായകനായിരുന്ന മഹായോദ്ധാവു് അർജ്ജുനൻ തന്റെ ലൗകികവൃത്തി ഉപേക്ഷിച്ചുപോകാൻ ഭാവിച്ചു. തന്റെ ധർമ്മം യുദ്ധംചെയ്കയായിരുന്നു. എന്നാൽ അദ്ദേഹം അതു പരിത്യജിക്കാൻ ഇച്ഛിച്ചു; അദ്ദേഹം ലോകജീവിതത്തിൽനിന്നുമാറി സന്യാസിയാകാൻ ആഗ്രഹിച്ചു. അദ്ദേഹം അതു ചെയ്യാൻ ഭാവിക്കയായിരുന്നു. അപ്പോഴിതാ! ശ്രീകൃഷ്ണൻ അർജ്ജുനനു വേദാന്തം ഉപദേശിച്ചു; ശരിയായി അതു ഗ്രഹിച്ചപ്പോൾ അർജ്ജുനന്റെ ധൈര്യം വിജൃംഭിച്ചു; ഓജസ്സും ശക്തിയും വർദ്ധിച്ചു. വേദാന്തം അദ്ദേഹത്തിലേക്കു ജീവചൈതന്യവും, ഊർജ്ജിതവും ശ്വസിച്ചു. ശക്തിമാനായ സിംഹത്തെപ്പോലെ അദ്ദേഹം എഴുന്നേററു ബലിഷ്ഠനായ ഒരു വീരാത്മാവായിത്തീർന്നു.

വേദാന്തം നിങ്ങളെ ഊർജ്ജിത്യംകൊണ്ടും, ഓജസ്സുകൊണ്ടും നിറയ്ക്കുന്നു; ബലഹീനതതെല്ലും ഉണ്ടാകയില്ല. ക്ഷീണന്മാൎക്കു ഈ ആത്മാ—സത്യം ഒരിക്കലും—ഒരിക്കലും പ്രാപ്യമല്ലെന്നു വേദങ്ങളിൽ ഒരു പ്രഖ്യാപനമുണ്ടു്. അതു ബലഹീനൎക്കുള്ളതല്ല. ദുർബ

digitized by www.sreyas.in

ലഘുഹൃദയന്മാക്കും, അശക്തശരീരികൾക്കും, ക്ഷീണചൈതന്യവാന്മാക്കും ഇതൊരിക്കലും പ്രാപിക്കാൻ ശക്യമല്ല.

ഒരു മഹാരാജാവു് രാജ്യം ഉപേക്ഷിച്ചു വനത്തിൽപോയി താമസിച്ചു് യഥാർത്ഥജ്ഞാനം സമ്പാദിക്കയും, വേദാന്തജ്ഞാനം കരസ്ഥമാക്കിയതിനുശേഷം തിരിയെ രാജ്യത്തിൽവന്നു സിംഹാസനം സ്വീകരിക്കയും ചെയ്തു. ഈ പൂർണ്ണജ്ഞാനലാഭത്തിനുശേഷമല്ലാതെ അതിനുമുമ്പിൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം സിംഹാസനത്തെ ശരിയായി അലങ്കരിച്ചിരുന്നില്ല.

(ത്യാഗം)—സന്ന്യാസിജീവിതം അല്ലെങ്കിൽ പിന്നെ ത്യാഗമെന്നു പറയുന്നതു എന്താണു്? അതൊരു മഹത്തായ പ്രമേയമാണു്. അതു വേറൊരുസമയം ചിന്താവിഷയമാക്കാം.

ഹിന്ദുമതഗ്രന്ഥങ്ങളിൽനിന്നു് ഇതാ! ഒരു ഭാഗം. ഈശ്വരൻ സർവ്വത്ര നിറഞ്ഞിരിക്കുന്നുവെന്നു വിചാരിക്കുന്നതുമൂലം ഹിന്ദുക്കൾ മാംസം ഭക്ഷിക്കുന്നില്ലെന്നു ചില ആളുകൾ പറയുന്നു. ഹിന്ദുക്കൾ മാംസം ഭക്ഷിക്കുന്നില്ല; വേദാന്തികൾ മാംസം തിന്നുന്നില്ല. അതു സത്യമാണു്. എന്നാൽ കാരണം അതല്ല. കാരണം വേറെ ഏതാണ്ടാണു്. അതിൽ പ്രവേശിക്കാൻ ഇപ്പോൾ സമയമില്ല.

കഠോപനിഷത്തിൽ ഒരു വാക്യമുണ്ടു്. അതു ഇംഗ്ലീഷിലേയ്ക്കു ഇങ്ങിനെ ഭാഷാന്തരം ചെയ്യപ്പെട്ടിരിക്കുന്നു:—

'കൊല്ലുന്നുഞാ'നെന്നു കൊല്ലുന്നമർത്ത്യനും,
'കൊല്ലപ്പെടുന്നുഞാ'നെന്നു നിഹതനും,

ചിന്തിക്കിലാരണ്ടുപേരുംയഥാർത്ഥത
ഹന്ത!തെല്ലുമറിയുന്നില്ലനിശ്ചയം;

ജീവനിരുവക്കുമുള്ളതുകൊല്ലുവാൻ
ആവില്ല കൊല്ലപ്പെടുന്നതിനുംദൃഢം

ഓം! ഓം!!

# 4 മായ

അഥവാ

# പ്രപഞ്ചത്തിന്റെ കാര്യവും കാരണവും

(സാൻഫ്രാൻസിസ്കോയിൽ ഗോൾഡൻ ഗേറ്റ്ഹാളിൽ 1903 ജനുവരിയിൽ ചെയ്ത പ്രസംഗം)

മഹത്മഹാന്മാരുടെ രൂപത്തിലുള്ള, മായയുടെ ഭരണാധികാരിയും, അധിനായകനും, നിയന്താവും ആയുള്ളവനേ,

ഇന്നത്തെ പ്രസംഗവിഷയം 'മായ' എന്നാണ്. വേദാന്തതത്വജ്ഞാനത്തിലെ ഏററവും ബലക്ഷയമുള്ള സ്ഥാനമാണെന്നു ബാഹ്യവിമർശകന്മാർ പരിഗണിക്കുന്ന പ്രമേയമാണിതു്? ഇന്നു നമുക്ക് ഏററവും ബലഹീനമായ ആ വിഷയം പര്യാലോചിക്കാം. വേദാന്തതത്വശാസ്ത്രം പഠിച്ച തത്വജ്ഞാനികളും ചിന്തകന്മാരും ഒക്കെ ഐകകണ്ഠ്യേന പറയുന്നതാണിതു്:—"ഈ മായാവാദം ശരിയായി വിവരിക്കാമെങ്കിൽ വേദാന്തത്തിലുള്ള ശേഷംഭാഗമെല്ലാം സ്വീകാര്യവും, മററുള്ളതെല്ലാം വളരെ പ്രകൃതിസിദ്ധവും, സുസ്പഷ്ടവും, വ്യക്തവും, ഉപയോഗപ്രദവും, പ്രയോഗക്ഷമവും ആയിരിക്കും. വേദാന്തവിദ്യാർത്ഥികളുടെ മാർഗ്ഗത്തിലുള്ള ഒരു ദുർഘടതടസ്സം—ഒരേ ഒരു കുഴപ്പം ഇതാണ്." ഇതൊരു ദീർഘപ്രമേയമാണ്. അതു പൂർണ്ണമായി പരിശോധിക്കണമെങ്കിൽ ഏകദേശം പത്തു പ്രസംഗങ്ങൾ അതിനുതന്നെ വേണ്ടിവരും. എന്നാൽ ഈ പ്രമേയം വെളിവായി, സുഗമമാക്കി ഒരുനിലയിൽ പ്രതിഷ്ഠിക്കാം. പിന്നെ ഒരു സംശയമോ ചോദ്യമോ ഒന്നും ഉണ്ടാകയില്ല. സൂര്യന്റെ കീഴെയും, ഭൂമുഖത്തും ഉള്ള യാതൊരു ശങ്കയും ചോദ്യവും ചർച്ചചെയ്യപ്പെടാതെ ശേഷിക്കയില്ല; സകലതും വ്യക്തമാകും. എന്നാൽ അതിനു സമയംവേണം. പരിഭ്രമിക്കുന്ന ശ്രോതാക്കളും, അക്ഷമരായ വായനക്കാരും അതു ഭംഗിയായി ഗ്രഹിക്കുമെന്നു പ്രതീക്ഷിക്കാൻ നിവൃത്തിയില്ല.

"ഈ പ്രപഞ്ചം എന്തുകൊണ്ട്? ഈ പ്രപഞ്ചം എവിടെനിന്നു്?" ഇതാണു ചോദ്യം. അഥവാ വേദാന്തഭാഷയിൽ പറഞ്ഞാൽ "ലോകത്തിൽ ഈ അജ്ഞാനം എന്തുകൊണ്ട്?" ഈ സംസാരം അയഥാർത്ഥമാണെന്നും, വെറും സംഭവപരമാണെന്നും വേദാന്തം പ്രഖ്യാപിക്കുന്നുവെന്നു നിങ്ങൾക്കറിയാം. അജ്ഞാനം സനാതനമല്ല. ഈ സംഭവങ്ങളെല്ലാം യഥാർത്ഥമോ, ശാശ്വതമോ അല്ല. "ഈ അജ്ഞാനം എന്തുകൊണ്ടിരിക്കുന്നു?" എന്ന ചോദ്യ

digitized by www.sreyas.in

മാണു വരുന്നതു്. ഈ സംഭവങ്ങളുടെ കാരണമായ അജ്ഞാനം — 'ഞാൻ' എന്നും 'നീ' എന്നും മററുമുള്ള വ്യത്യാസവും, ഭിന്നതയും ഉണ്ടാക്കുന്നതിന്റെ മൂലഹേതുവായ മായ — ഈ അജ്ഞാനം അഥവാ മായ — യഥാൎത്ഥസത്തയെ അല്ലെങ്കിൽ ആത്മാവിനെ എന്തിനു് അടിപെടുത്തുന്നു? ഈശ്വരനെക്കാൾ ഈ മായ — അജ്ഞാനം — എന്തിനു പ്രബലതരമായിരിക്കുന്നു? ഇതാണു പ്രശ്നം.

സാധാരണഭാഷയിൽ ഇതരതത്വജ്ഞാനികളുടെയും, മതപണ്ഡിതന്മാരുടെയും ഭാഷയിൽ, ഈ പ്രശ്നം ഇങ്ങിനെയാണു്:- "ഈ ലോകം എന്തിനു് ഇങ്ങിനെ ഇരിക്കുന്നു?" "ഈശ്വരൻ എന്തിനു് ഈ ലോകം സൃഷ്ടിച്ചു?" വേദാന്തം പറയുന്നു:- "ഇല്ല, സഹോദരാ! നിങ്ങൾക്കീ ചോദ്യം ചോദിപ്പാൻ അവകാശമില്ല. ഈ ചോദ്യത്തിനു മറുപടിയും ഇല്ല." ഈ ചോദ്യത്തിനു ഉത്തരമില്ലെന്നു വേദാന്തം തുറന്നുപറയുന്നു. വേദാന്തം വീണ്ടും പ്രസ്താവിക്കുന്നു: "നിങ്ങൾ കാണുന്ന ഈ പ്രപഞ്ചം യഥാൎത്ഥത്തിൽ ഈശ്വരനല്ലാതെ മറെറാന്നുമല്ലെന്നു നേരിട്ടും, പരിശീലനം കൊണ്ടും നിങ്ങൾക്കു തെളിയിച്ചുതരാം. സത്യപ്രാപ്തിക്കുള്ള മാൎഗ്ഗത്തിൽ നിങ്ങൾ മതിയാവോളം ഉയരെ ചെല്ലുമ്പോൾ, നിങ്ങൾക്കീ ലോകം അപ്രത്യക്ഷമാകുമെന്നു നിസ്സംശയമായി, പ്രായോഗികമാൎഗ്ഗത്തിൽ നിങ്ങൾക്കു കാണിച്ചു ബോദ്ധ്യപ്പെടുത്തിത്തരാം എന്നാൽ ഈ ലോകം എന്തിനു് ഇങ്ങിനെ ഇരിക്കുന്നു എന്ന ചോദ്യത്തിനു് ഉത്തരംപറയുവാൻ തരമില്ല. ആ ചോദ്യം ചോദിക്കാൻ നിങ്ങൾക്കു് അൎഹതയില്ല" ആ ചോദ്യത്തിനു് ഉത്തരംപറയാൻ സാദ്ധ്യമല്ലെന്നു വേദാന്തം തുറന്നുസമ്മതിക്കുന്നു. ഇവിടെ എല്ലാ മതപണ്ഡിതന്മാരും, സിദ്ധാന്തവാദികളും, ബാഹ്യതത്വശാസ്ത്രജ്ഞന്മാരും സകലരും മുമ്പോട്ടുവന്നു പറയുന്നു: "ഹൈ! കൊള്ളാം! അങ്ങിനെവരട്ടെ! വേദാന്തതത്വജ്ഞാനം അപൂൎണ്ണമാണു്, അപൂൎണ്ണമാണു്!" "ലോകം എന്തിനുണ്ടായി എന്നും, എന്തുകൊണ്ടുണ്ടായി എന്നും മററും അതിനു പറയാൻകഴിയുന്നില്ല." വേദാന്തം മറുപടി പറയുന്നു: "സഹോദരാ! ലോകം എന്തുകൊണ്ടെന്നും, എവിടെനിന്നെന്നും ഉള്ള പ്രശ്നത്തിനു നിങ്ങൾതന്നെ കൊടുക്കുന്ന മറുപടികൾ ഒന്നു പരിശോധിക്കുക. അവയെ സൂക്ഷ്മമായി പരീക്ഷിക്കുക. നിങ്ങളുടെ മറുപടി മറുപടിയേ അല്ലെന്നു നിങ്ങൾക്കെപ്പോൾ കാണാറാകും. ആ ചോദ്യത്തെപ്പററി തലകളയുന്നതു്, വെറുതെ സമയംകളകയും, ശ്രമംചെയ്യുകയും ആണത്രെ. പാടത്തിലിരിക്കുന്ന രണ്ടു പക്ഷികൾക്കുവേണ്ടി കയ്യിലുള്ള ഒരു പക്ഷിയെ വിട്ടുകളയുന്നതുപോലെയാണിതു് അവയെ സമീപി

digitized by www.sreyas.in

ക്കംമുമ്പേ അവ പറന്നുകളയും; കയ്യിലുള്ള പക്ഷിയും നഷ്ടമാകും. അതും പറന്നുപോകും.'' വേദാന്തം പറയുന്നു:—''എല്ലാ തത്വജ്ഞാനവും സയൻസും അറിഞ്ഞതിൽനിന്നും അറിയാത്തതിലേക്കു പോകണം. വണ്ടിയെ കുതിരയ്ക്കുമുമ്പിൽ നിർത്തരുതു്. അജ്ഞാതത്തിൽനിന്നു തുടങ്ങി പിന്നെ ജ്ഞാതത്തിലേക്കു വരരുതു്.''

ഒരു നദി ഒഴുകിക്കൊണ്ടിരുന്നു. അതിന്റെ കരയിൽ കുറെ ആളുകൾനിന്നു് ആ നദി എവിടെനിന്നു പുറപ്പെടുന്നുവെന്നു് ആലോചിക്കുവാൻതുടങ്ങി. അവരിൽ ഒരാൾ പറഞ്ഞു:—''ഈ നദി പാറകളിൽനിന്നു്, കല്ലുകളിൽനിന്നു്, മലകളിൽനിന്നു വരുന്നു. മലകളിൽ ഉള്ള ഉറവകളിൽനിന്നു വെള്ളം ചാടുന്നു. അതാണു് ആറിന്റെ ഉത്ഭവസ്ഥാനം—കാരണം.'' വേറൊരു മനുഷ്യൻ പറഞ്ഞു:—''ഛെ! അതല്ല. അതു സാധ്യമല്ല. കല്ലു വളരെ കട്ടിയാണു്; കർക്കശമാണു്; ഉറച്ചതാണു്. വെള്ളം ദ്രാവകവും, മൃദുവും ആണു്. ഈ മൃദുവായ ജലം കട്ടിയായ കല്ലുകളിൽനിന്നു് എങ്ങിനെവരും? അതു ശരിയല്ല; അസാധ്യമാണു്. ഉറച്ച പാറകളിൽനിന്നു മൃദുവായ ജലം പുറപ്പെടുമെന്നു പറയുന്നതു് യുക്തിക്കു യോജിക്കുന്നില്ല. കല്ലുകളിൽനിന്നു വെള്ളം വരുമെങ്കിൽ ഇതാ! ഈ കല്ലു ഞാനെടുക്കാം. അതൊന്നു പിഴിഞ്ഞുനോക്കട്ടെ' അതിൽനിന്നു വെള്ളം വരുന്നില്ല അതിനാൽ പർവ്വതങ്ങളിൽനിന്നാണു് ഈ വെള്ളം വരുന്നതെന്നു പറയുന്നതു് അബദ്ധമാണു് ഞാനൊരു നല്ല യുക്തി പറയാം എവിടെയോനില്ക്കുന്ന ഒരു വലിയ രാക്ഷസന്റെ വിയർപ്പിൽനിന്നാണു നദി ഒഴുകുന്നതു്. ഒരു മനുഷ്യൻ വിയർക്കുമ്പോൾ അവന്റെ ദേഹത്തുനിന്നു വെള്ളം ഒഴുകുന്നതു നാം നിത്യംകാണുന്ന കാര്യമാണു്. ഇതാ വെള്ളം ഒലിക്കുന്നു! വിയർക്കുന്ന ആരോ ഒരുത്തനിൽനിന്നു് ഈ വെള്ളം വരുന്നതാണു്. അതു യുക്തിക്കും ശരിയാണു്. നമ്മുടെ ബുദ്ധിക്കു് അതു ഗ്രഹിക്കാം. അതു പ്രത്യക്ഷത്തിൽ ശരിയാണു്. അതു സത്യമാകണം.'' വേറൊരു മനുഷ്യൻ പറഞ്ഞു:—''അല്ല; അതുമല്ല. ആരോ ഒരാൾ എവിടെയോനിന്നു തുപ്പുന്നതാണു്; ഇതു തുപ്പലാണു്.''വേറൊരാൾ പറഞ്ഞു:—''അല്ല, അല്ല. ആരോ ഒരുത്തൻ മൂത്രം ഒഴിക്കുന്നതാണു് ഈ വെള്ളം; അതുകൊണ്ടാണു് ഈ നദി ഉണ്ടാകുന്നതു്.''

ഇവരൊക്കെ പറയുന്നു:—''ഇതാ നോക്കൂ! ഇവിടെ നോക്കൂ! നാം പറഞ്ഞ വാദങ്ങളും വ്യാഖ്യാനങ്ങളും ഒക്കെ സാധ്യമാണു്, വെള്ളത്തിന്റെ ഉത്ഭവത്തെപ്പറ്റി നാം ഉന്നയിച്ച സിദ്ധാന്തങ്ങൾ എല്ലാം പ്രായോഗികവും അനുഭവബോധ്യവും ആണു്, എന്നും അത്തരം കാര്യങ്ങൾ കാണാവുന്നതാണു്.'' നദിയുടെ ആരംഭത്തെ

digitized by www.sreyas.in

കുറിച്ചുള്ള ഈ സിദ്ധാന്തങ്ങളൊക്കെ ശരിയാണെന്നു തോന്നാം, പ്രായോഗികമാണെന്നു കാണപ്പെടാം. ചിലതു നല്ലതും, മനോഹരവും ആണു്. എന്നാൽ വെള്ളം കല്ലുകളിൽനിന്നു് ഒഴുകുന്നുവെന്നതു് അങ്ങിനെ ഒഴുകുന്നതു കണ്ടിട്ടില്ലാത്ത, പൎവ്വതങ്ങളിൽ പോയിട്ടില്ലാത്ത, സാധാരണക്കാരന്റെ ബുദ്ധിക്കു സ്വീകാൎയ്യമായ ഒരു സിദ്ധാന്തമല്ല. എന്നിട്ടും അതു ശരിയാണു്. ഈ സിദ്ധാന്തത്തിന്റെ സത്യാവസ്ഥ എന്തിനെ ആശ്രയിച്ചിരിക്കുന്നു? പരിചയത്തിൽ; പരിശോധനയിൽ; പരീക്ഷയിൽ; നേരിട്ടുള്ള കാഴ്ചയിൽ.

അതുപോലെ, പ്രപഞ്ചത്തിന്റെ ഉത്ഭവം—ലോകം എന്തുകൊണ്ടു് എന്നും, എവിടെനിന്നും വരുന്നു എന്നുമുള്ളതു്—ഈ ലോകമാകുന്ന നദിയുടെ ആരംഭം—ജഗന്മണ്ഡലമാകുന്ന നദിയുടെ ഉത്ഭവസ്ഥാനം—ജീവിതമാകുന്ന ആറിന്റെ ജനനസ്ഥാനം പലരും പലവിധത്തിൽ വിവരിക്കുന്നു. നദിയുടെ ഉത്ഭവം തുപ്പലെന്നും വിയൎപ്പെന്നും പറഞ്ഞ ബുദ്ധിവിശേഷമുള്ള ജനങ്ങളെപ്പോലെ, ഇവരും ലോകത്തിന്റെ ജന്മം നിത്യാനുഭവത്തിൽ കണ്ടിട്ടുള്ള ചില സംഗതികളെ അഗ്രസ്ഥമാക്കി പലവിധത്തിൽ വ്യാഖ്യാനിക്കുന്നു. അവർ പറയുന്നു:—"ഇതാ ചെരുപ്പുണ്ടാക്കുന്ന ഒരു മനുഷ്യൻ! ചെരുപ്പുണ്ടാക്കണമെങ്കിൽ ആരെങ്കിലും ഒരുത്തൻ വേണം. അവനു ചെരുപ്പുണ്ടാക്കാൻ ഒരു ഉദ്ദേശവും, ഒരു ആസൂത്രണവും ഉണ്ടായിരിക്കണം. ഇതാ! ഒരു ഘടികാരനിൎമ്മാണക്കാരൻ! ഏതെങ്കിലും ചില ഉദ്ദേശവും, ഒരു പ്ലാനും ഒരു വാച്ചുണ്ടാക്കാനുള്ള മാതൃകയും കൊണ്ടു ഒരുത്തൻ പണിയെടുക്കാതെ ഘടികാരം ഉണ്ടാകയില്ല. ഇതാ! ഒരു കെട്ടിടം, ഇതു ഒരു പ്ലാനും മാതൃകയും സഹിതം ആരെങ്കിലും ഒരുത്തനെക്കൂടാതെ, ഉണ്ടാകാൻ തരമില്ല. ഇതെന്നും കാണാവുന്നതാണു്. അതുകൊണ്ടു് അവർ പറയുന്നു—"ഇതാ! പ്രപഞ്ചം. ചെരുപ്പുകുത്തിയെയും, ഘടികാരവേലക്കാരനെയും, വീട്ടുപണിക്കാരനെയുംപോലെ ആരെങ്കിലും ഒരാളെക്കൂടാതെ ലോകം സൃഷ്ടിക്കപ്പെടുകയില്ല. അതിനാൽ ഒരു പ്രപഞ്ചസ്രഷ്ടാവും ഉണ്ടായിരിക്കണം. അദ്ദേഹം അതു ഉണ്ടാക്കിയിരിക്കണം. ഇങ്ങനെ ഈശ്വരനെന്നു ഒരു വ്യക്തി ഉണ്ടെന്നും, അദ്ദേഹം മേഘമണ്ഡലത്തിൽ (ഈ സാധുവിനു ജലദോഷം പിടിച്ചേക്കാമെന്നുള്ള അനുഭാവചിന്ത തീരെ ഇല്ലാതെ!) നില്ക്കുന്നുവെന്നും അവർ പറയുന്നു. ഏതോ ഒരു വ്യക്തിസ്വരൂപിയായ ദൈവം ലോകത്തെ സൃഷ്ടിച്ചിരിക്കണമെന്നു അവർ പറയുന്നു.

അവരുടെ വാദം വളരെ യുക്തിയുക്തമാണെന്നും കാൎയ്യക്ഷമമാണെന്നും പൂൎണ്ണകാരണസംയുക്തമാണെന്നും പക്ഷേ തോന്നാം

digitized by www.sreyas.in

നദി ആരുടെയോ വിയർപ്പിൽനിന്നു പുറപ്പെട്ടതാണെന്നും, ശരീരത്തിൽനിന്നു വെള്ളം ഒഴുകുന്നതുപോലെ നദി ഉത്ഭവിക്കുന്നു എന്നും വാദിക്കുന്നവരുടെ യുക്തിവാദരീതിയിലാണ് ഈ വാദത്തിന്റെ പോക്കും. പ്രപഞ്ചവും ആരോ ഒരാൾ സൃഷ്ടിച്ചതായിരിക്കണം.

അത്തരം സിദ്ധാന്തങ്ങളൊന്നും വേദാന്തം ഉന്നയിക്കുന്നില്ല; ഇല്ല; ഇല്ല; അതു ഉന്നയിക്കുന്നില്ല! വേദാന്തം പറയുന്നു—ഇവിടെ നോക്കുക; ഒരു പരിശോധന കഴിക്കുക; പരീക്ഷിച്ചുനോക്കുക; പ്രത്യക്ഷമായ സാക്ഷാൽക്കാരംകൊണ്ട് ഈ പ്രപഞ്ചം അപ്രത്യക്ഷമാകുമെന്നു നിങ്ങൾക്കു കാണാം.'' അതെങ്ങിനെ? വേദാന്തംപറയുന്നു—"വെള്ളം കല്ലുകളിൽനിന്നു ഒഴുകുന്നു എന്നു മാത്രം ഞാൻ വിവരിക്കുന്നു. കല്ലുകളിൽനിന്നു ജലം എങ്ങനെ വരുന്നുവെന്നു എനിക്കു പറയാൻ സാധിച്ചെന്നും ഇല്ലെന്നും വരാം. എന്നാൽ കല്ലിൽനിന്നു വെള്ളം ഒലിക്കുന്നുവെന്നു ഞാനറിയുന്നു. എന്റെ കൂടെ ആ സ്ഥലത്തു് വരുക; വെള്ളം പാറയിൽനിന്നു പുറപ്പെടുന്നതു നിങ്ങൾക്കു കാണാം. കല്ലിൽനിന്നു വെള്ളം വരുന്നതു് എന്തുകൊണ്ടെന്നു എനിക്കു പറയാൻ സാധിച്ചില്ലെങ്കിൽ, അതിനു എന്നെ കുററപ്പെടുത്തരുതു്; വെള്ളത്തിനെ കുററപ്പെടുത്തുക. അതാണു കല്ലിൽനിന്നു വരുന്നതു്. കല്ലിൽനിന്നു വെള്ളം ഒലിക്കുന്നതു് എന്തുകൊണ്ടെന്നു പറയാൻ ഞാൻ പ്രാപ്തനല്ല. എന്നാൽ അതു ഒരു സത്യമാണു് നിങ്ങൾക്കു സ്വയം നേരിട്ടുപോയി നോക്കുകയും ചെയ്യാം.''

ഇങ്ങനെതന്നെ, വേദാന്തം പറയുന്നു—"ഈ മായ—അഥവാ അജ്ഞാനം എന്തുകൊണ്ടുണ്ടായി എന്നു എനിക്കു നിങ്ങളോടു പറയാൻ സാധിച്ചാലും ഇല്ലെങ്കിലും അതു ഒരു വാസ്തവമായിട്ടിരിക്കുന്നു. അതെന്തിനു വന്നുവെന്നു പറയാൻ ഞാൻ പ്രാപ്തനല്ലായിരിക്കാം. എന്നാൽ ഇതു് ഒരു വസ്തുത—പരിക്ഷിച്ചാൽ കാണാവുന്ന ഒരു പരമാർത്ഥം—ആണു്. "വേദാന്തത്തിന്റെ നില വെറും പരിക്ഷണപരവും, ശാസ്ത്രീയവുമാണു്. അതു ഒരു ഊഹ്യമായ സിദ്ധാന്തമോ വെറും സിദ്ധാന്തമോ ഉന്നയിക്കുന്നില്ല; സ്ഥാപിക്കാൻ ശ്രമിക്കുന്നില്ല. പ്രപഞ്ചത്തിന്റെ ഉത്ഭവം വിവരിച്ചു സമർത്ഥിക്കാൻ കെൽപുണ്ടെന്നു അതു അവകാശപ്പെടുന്നില്ല, അഭിമാനിക്കുന്നില്ല. എന്തെന്നാൽ അതു ബുദ്ധിയുടെയും ഗ്രഹണശക്തിയുടെയും അതിരുകൾക്കു അതീതമാണു്. അതാണു വേദാന്തത്തിന്റെ നില. അതാണു മായയെന്നു പറയുന്നതു്. പ്രപഞ്ചം എന്തുകൊണ്ടു കാണപ്പെടുന്നു? വേദാന്തം പറയുന്നു—"നിങ്ങൾ അതു കാണുന്നതുകൊണ്ടു്!'' പ്രപഞ്ചം എന്താണിങ്ങനെയിരിക്കുന്നതു്? വേദാന്തം ലഘുവായി പറയുന്നു—"നിങ്ങൾ അതു കാണുന്നതുകൊ

digitized by www.sreyas.in

ണ്ടു്!" നിങ്ങൾ അതു കാണുന്നില്ലെങ്കിൽ അതു് — പ്രപഞ്ചം — ഇല്ല, ലോകമുണ്ടെന്നു നിങ്ങളെങ്ങനെ അറിയുന്നു? നിങ്ങൾ കാണുന്നതുകൊണ്ടു്. കാണാതിരിക്കുക; അപ്പോൾ ലോകമെവിടെ? കണ്ണടയ്ക്കുക; അപ്പോൾ പ്രപഞ്ചത്തിന്റെ അഞ്ചിലൊന്നു പോയിക്കഴിഞ്ഞു; കണ്ണുകൾക്കു ഗോചരമായിരിക്കുന്ന ലോകാംശം അവിടെ കാണപ്പെടുകയില്ല. ചെവികൾ അടയ്ക്കുക; അപ്പോൾ വേറൊരു അഞ്ചിലൊന്നും പൊയ്പോയി. മൂക്കു അടയ്ക്കുക; വീണ്ടും ഒരു അഞ്ചിലൊന്നു പൊയ്ക്കഴിഞ്ഞു. നിങ്ങളുടെ ഇന്ദ്രിയങ്ങളെ പ്രവർത്തിപ്പിക്കാതെയിരിക്കുക; അപ്പോൾ നിങ്ങൾക്കു ലോകമേ ഇല്ല. നിങ്ങൾ ലോകം കാണുന്നു; അതുകൊണ്ടു നിങ്ങൾ പറയണം ലോകം എന്തുകൊണ്ടുണ്ടാകുന്നുവെന്നു്. നിങ്ങളതു അവിടെ ഉണ്ടാക്കുന്നു; അതിനാൽ നിങ്ങൾതന്നെ നിങ്ങൾക്കു മറുപടി പറയണം. നിങ്ങൾ എന്തിനെന്നോടു ചോദിക്കുന്നു? നിങ്ങൾതന്നെ ലോകത്തെ ഇവിടെ ഉണ്ടാക്കുകയാണല്ലോ

ഒരു വീട്ടിൽ ഒരു കുഞ്ഞുണ്ടായിരുന്നു. ഒരു കണ്ണാടിയിൽ അതു് അതിന്റെ പ്രതിബിംബം കണ്ടു. ഒരു ചെറുബാലന്റെ പ്രതിച്ഛായ കണ്ടു; കണ്ണാടിയിൽ വളരെ സുന്ദരനായ പ്രിയപ്പെട്ട ഒരു കുഞ്ഞുണ്ടെന്നു ആരോ അതിനോടു പറഞ്ഞുകൊടുത്തിരുന്നു. അതു കണ്ണാടിയിൽ നോക്കിയപ്പോൾ ഒരു ചെറിയ മനോഹരബാലനെക്കണ്ടു. എന്നാൽ അതു തന്റെ പ്രതിബിംബമാണെന്നു അതു അറിഞ്ഞിരുന്നില്ല. അതു കണ്ണാടിയിൽ കണ്ടതു അതിലുള്ള ഏതോ ഒരു അത്ഭുതശിശുതന്നെയാണെന്നു കരുതി. കുറേക്കഴിഞ്ഞു കണ്ണാടിയിലെ കുഞ്ഞു് യഥാർത്ഥബാലനല്ലെന്നും, അതു തന്റെ പ്രതിച്ഛായയാണെന്നും കുട്ടിയെ ഗ്രഹിപ്പിക്കാൻ അമ്മ പരിശ്രമിച്ചു. എന്നാൽ കുഞ്ഞിനെ അതു വിശ്വസിപ്പിക്കാൻ കഴിഞ്ഞില്ല. അതിനതു ഗ്രഹിക്കാൻ കഴിഞ്ഞില്ല; കണ്ണാടിയിൽ ഒരു യഥാർത്ഥ ബാലൻ ഇല്ലെന്നു അതിനെ ഗ്രഹിപ്പിക്കാൻ കഴിഞ്ഞില്ല. "നോക്കൂ, ഇതു കണ്ണാടിയാണു്. ഇതിൽ കുഞ്ഞില്ല" എന്നു അമ്മ പറഞ്ഞപ്പോൾ കുഞ്ഞു കണ്ണാടിയിൽ നോക്കിയുംവെച്ചു് "അമ്മേ! അമ്മേ! ഇതാ! കുഞ്ഞു്!; ഉണ്ടു്; ഇതാ! കുഞ്ഞു്!" എന്നു പറഞ്ഞു. "ഇതാ! കുഞ്ഞു്" എന്നു കുട്ടി പറഞ്ഞ സമയം, "ഇതാ! കുഞ്ഞു്" എന്നു അതു പറയുന്ന പ്രവൃത്തിയുടെ സമയംതന്നെ, അതു തന്റെ ഛായ കണ്ണാടിയിൽ നിക്ഷേപിച്ചു. കണ്ണാടിയിൽ കുഞ്ഞില്ലെന്നു ബോദ്ധ്യപ്പെടുത്തുവാൻ വീണ്ടും അമ്മ ശ്രമിച്ചു വീണ്ടും കുട്ടിക്കു തെളിവു് — പരീക്ഷ — വേണമെന്നായി. അതു കണ്ണാടിക്കു മുന്നിൽ ചെന്നു "നോക്കൂ! ഇതാ! കുഞ്ഞു്" എന്നു പറഞ്ഞു. കണ്ണാടിയിൽ യാതൊന്നുമില്ലെന്നു തെളിയിക്കാൻ ചെയ്യു

digitized by www.sreyas.in

പ്രവൃത്തികൊണ്ടുതന്നെ, കുഞ്ഞു കണ്ണാടിയിൽ തന്റെ പ്രതിബിംബം സ്ഥാപിച്ചു.

ഇതുപോലെ, നിങ്ങൾവന്നു് "ലോകം എന്തുകൊണ്ടു്? എവിടെനിന്നു്? എങ്ങിനെ?" എന്നു ചോദിക്കുമ്പോൾ, പ്രപഞ്ചത്തിന്റെ ഉത്ഭവവും, എന്തുകൊണ്ടെന്നും, എങ്ങിനെയെന്നും അന്വേഷിക്കാൻതുടങ്ങുന്ന നിമിഷംതന്നെ, ആ നിമിഷത്തിൽതന്നെ നിങ്ങൾ ലോകമവിടെ സ്ഥാപിക്കുന്നതും, പ്രപഞ്ചത്തെ സൃഷ്ടിക്കുന്നതും ആകുന്നു. അതിനാൽ പ്രപഞ്ചത്തിന്റെ ഉത്ഭവവും, അതിന്റെ കാരണവും നിങ്ങൾക്കെങ്ങിനെ അറിയാം? നാമെങ്ങിനെ അതിന്റെ സൃഷ്ടി അറിയും? അതിനങ്ങേപ്പുറം നമുക്കെങ്ങിനെ അറിയാം? നാം അതിനുമുകളിൽ എങ്ങിനെ കയറും? ഇതു് ഇനിയും വ്യക്തമാക്കണം. വ്യക്തിലോകനിലയിലും, അതീതപ്രകൃതിശാസ്ത്രനിലയിലും നിന്നു് അതു കൂടുതൽ സ്പഷ്ടമാക്കണം. ഒരു പ്രാപഞ്ചികദൈവം ലോകം സൃഷ്ടിച്ചുവെന്നും, എവിടെയോ ഒരിടത്തു് സ്രഷ്ടാവു് നില്ക്കുന്നുവെന്നും ചിലർ പറയുന്നു. ഒരു വീടുകാണുമ്പോൾ അതാരോ ഉണ്ടാക്കിയതാണെന്നു് അവർ അറിയുന്നു. അതുപോലെ ഈ ലോകവും ആരോ ഉണ്ടാക്കിയതാണെന്നു് അവർ പറയുന്നു. ഇപ്പോഴത്തെ ചോദ്യം ഇതാണു്. ഈ പ്രപഞ്ചം സൃഷ്ടിക്കുന്നതിനു് സൃഷ്ടികർത്താവു് എവിടെയോ ഒരിടത്തുനിന്നിരിക്കണം. അദ്ദേഹം എവിടെനിന്നു! അദ്ദേഹം എവിടെയെങ്കിലും നിന്നുവെങ്കിൽ, അദ്ദേഹത്തിനൊരു വിശ്രമസ്ഥാനം ഉണ്ടായിരുന്നുവെങ്കിൽ, ലോകസൃഷ്ടിക്കുമുമ്പിൽതന്നെ ലോകമുണ്ടായിരുന്നുവെന്നുവരുന്നു. എന്തെന്നാൽ വിശ്രമസ്ഥാനം ലോകത്തിൽ എവിടെയെങ്കിലും ആയിരുന്നിരിക്കണം. ലോകം അതിന്റെ സൃഷ്ടിക്കുമുമ്പേ ഉണ്ടായിരുന്നു! എപ്പോൾ ലോകം എപ്പോൾ ഉണ്ടായി എന്നു പര്യാലോചിക്കാൻ നിങ്ങൾ മുതിരുന്നുവോ അപ്പോൾ രണ്ടു ചിന്തകളെ നിങ്ങൾ വേർതിരിക്കേണ്ടിയിരിക്കുന്നു; എപ്പോൾ? എന്തുകൊണ്ടു്? ഏതുകാരണത്താൽ? എന്നുള്ളതു് ഒരു പുറത്തും, പ്രപഞ്ചത്തെപ്പററിയുള്ള ചിന്തകൾ മറുപുറത്തും; എന്തുകൊണ്ടു്? എപ്പോൾ? എന്തുകാരണംകൊണ്ടു് — സമയം, സ്ഥലം, കാരണം എന്നിവയെസംബന്ധിക്കുന്ന ചിന്തകൾ — അവ പ്രപഞ്ചത്തിന്റെ അംശമല്ലയോ? അവ പ്രാപഞ്ചികമല്ലയോ? തീർച്ചയായും അതെ. ഇവിടെ ശ്രദ്ധിച്ചുനോക്കുക. നിങ്ങൾക്കു സമസ്തപ്രപഞ്ചത്തിന്റെയും ഉത്ഭവം - എന്തുകൊണ്ടു്? ഏതുകാരണംകൊണ്ടു്? എന്നു അറിയണമല്ലോ. എന്തുകൊണ്ടു്? എപ്പോൾ? ഏതുകാരണത്താൽ? എന്നിവയെച്ചുററി ഈ ചോദ്യം കിടക്കുന്നു. ഇതു സൂക്ഷിക്കുക! സമയം, സ്ഥലം, കാരണം ഇവയും പ്രപഞ്ചത്തിൽ ഉള്ളവയാണു്; പ്രപഞ്ചത്തിനു് അതീതമല്ലാ.



digitized by www.sreyas.in

നിങ്ങൾ അറിയുന്ന ലോകത്തിനപ്പുറത്തല്ലാ സമയം. 'എപ്പോൾ ലോകംതുടങ്ങി?' എന്ന പറയാൻ തുടങ്ങുന്ന ക്ഷണത്തിൽ ലോകം ഒരുവശത്തും, എപ്പോൾ എന്ന സങ്കല്പം മറുവശത്തും ഇരിക്കുന്നു. അവിടെ പ്രപഞ്ചത്തിനുമുമ്പേ പ്രപഞ്ചത്തെ സ്ഥാപിക്കുന്നു. ഇതു വളരെ സൂക്ഷ്മവും ദുർഗ്ഘടവുമാണ്. നിങ്ങൾ ദയവുചെയ്തു ബഹുസൂക്ഷ്മമായും, സശ്രദ്ധമായും ചെവിക്കൊള്ളണം.

ലോകം ആരംഭിച്ചു; എപ്പോൾ? ഇവിടെ നിങ്ങൾക്കു ലോകത്തെ അതിൽനിന്നും മാററിനിത്തണം. 'എപ്പോൾ' എന്ന ചിന്തയെ പ്രപഞ്ചത്തിൽനിന്ന വേർതിരിച്ചുനിത്തണം. നിങ്ങൾക്കു പ്രപഞ്ചത്തെ എപ്പോൾ? എന്തുകൊണ്ടു്?— എന്നിവയാൽ അളക്കണം. എന്നാൽ എപ്പോൾ? എന്നും, എന്തുകൊണ്ടെന്നും ഉള്ളതുതന്നെയാണു് ലോകം. നിങ്ങൾക്കു ലോകത്തിനപ്പുറം ഉയരണം, ലോകത്തിനങ്ങേപ്പുറത്തു കടക്കണം, പ്രപഞ്ചത്തിന്റെ പുറമേ ചാടണം, അവിടെ ലോകത്തെ പ്രതിഷ്ഠിക്കണം.

ഒരിക്കൽ ഒരു സ്കൂൾ ഇൻസ്പെക്ടർ ഒരു സ്കൂൾ പരിശോധിച്ചു. കുട്ടികളോടു് അദ്ദേഹം ഈ ചോദ്യംചോദിച്ചു: — "ഒരു കഷണം ചോക്കു വായുവിൽകൂടി താഴോട്ടു ഇട്ടാൽ അതെപ്പോൾ ഭൂമിയിൽ എത്തും?" ഒരുകുട്ടി "ഇത്രസെക്കണ്ടുകളിൽ" എന്ന മറുപടിപറഞ്ഞു. "ഇത്ര പൊക്കത്തിൽനിന്നു് ഒരു കല്ലു താഴെയിട്ടാൽ എത്രസമയം കൊണ്ടു അതു താഴെവീഴും?" കുട്ടി ഉത്തരം പറഞ്ഞു:—"ഇത്ര നേരം കൊണ്ടു്" പിന്നെ ഇൻസ്പെക്ടർ ചോദിച്ചു:—"ഈ സാധനം താഴെ ഇട്ടാൽ അതിനെന്തുസമയം വേണ്ടിവരും?" കുട്ടി ഉത്തരംപറഞ്ഞു. ഉടനെ പരീക്ഷകൻ ഒരു മുറിയാച്ചോദ്യം ചോദിച്ചു:— "ഭൂമി വീഴുകയാണെങ്കിൽ എത്രസമയംകൊണ്ടു അതുവീഴും?" കുട്ടികൾ വല്ലാതെ ഭ്രമിച്ചു് അമ്പരന്നുപോയി ഒരു സമർത്ഥനായകുട്ടി ചോദിച്ചു: — "ഭൂമി എവിടെയ്ക്കു വീഴുമെന്നു് ആദ്യം എന്നോടു പറയണം, സർ!"

അതുപോലെ, ഈ വിളക്കു എപ്പോൾ കത്തിച്ചുവെന്നും, ഈ കെട്ടിടം എപ്പോൾ ഉണ്ടാക്കിയെന്നും, ഈ നിലം എപ്പോൾ പണിയിച്ചുവെന്നും മററും ചോദിക്കാം. എന്നാൽ "ഭൂമിയെ സൃഷ്ടിച്ചതെപ്പോൾ? ലോകം ഉണ്ടായതു് എപ്പോൾ" എന്നുംമററും ഉള്ള മുറിയാച്ചോദ്യം ചോദിക്കുമ്പോൾ അതു് ഭൂമി എത്രസമയംകൊണ്ടു വീഴും?" എന്ന ചോദിക്കുംപോലെയാകും. "ഭൂമി എങ്ങോട്ടുവീഴും?" എന്തുകൊണ്ടു്? എപ്പോൾ? എതുകാരണംകൊണ്ടു്? — എന്നുള്ളവ തന്നെ പ്രപഞ്ചത്തിന്റെ അംശങ്ങളാണു്; നാം ഈ എന്തുകൊണ്ടു്? എപ്പോൾ? ലോകത്തിന്റെ കാരണം - ഇവയെപ്പററിപ്പറയുമ്പോൾ

digitized by www.sreyas.in

നാം ഒരു വൃത്തത്തിനകത്തുചുററി വാദിക്കുകയാണ്. ഇതു തൎക്കശാസ്ത്രപ്രകാരമുള്ള ഒരു അസംബന്ധമാണ് — വിതണ്ഡാവാദമാണ്. നിങ്ങൾക്കു നിങ്ങളിൽനിന്ന് പുറത്തുചാടാമോ? പാടില്ല. അതുപോലെ എന്തുകൊണ്ട്? എപ്പോൾ? ഏതു കാരണം? എന്നതെല്ലാംതന്നെ ലോകമായതുമൂലം — ലോകത്തിൻെറ ഭാഗമായതിനാൽ, അവ ലോകത്തെ വിവരിക്കാൻ സമൎത്ഥമല്ല; അവതന്നെ സമസ്തപ്രപഞ്ചമാണ്. അതാണു വേദാന്തവും പറയുന്നതു്.

ഇതിനി വേറൊരുവിധത്തിൽ വിവരിക്കാം ഇതാ! ഒരു മനുഷ്യൻ ഉറങ്ങിക്കിടക്കുന്നു. നിദ്രയിൽ അയാൾ പലവിധ പദാൎത്ഥങ്ങൾ കാണുന്നു. അയാളാണ് ദ്രഷ്ടാവും, ദൃശ്യങ്ങളും; സ്വപ്നത്തിലെ ദ്രഷ്ടാവ്,—പരിഭ്രമിക്കുന്ന സ്വപ്നകാലദ്രഷ്ടാവ് എന്നു ഞാൻ പറയും—കാട്ടുകൾ, നദികൾ, പൎവ്വതങ്ങൾ. മററു വസ്തുക്കൾ — ഇവയെല്ലാം. ഇവിടെ സ്വപ്നത്തിലെ ദൃശ്യങ്ങളും ദ്രഷ്ടാവും ഒരേസമയം ഒന്നിച്ചു പ്രത്യക്ഷമാകുന്നു ഇന്നാളത്ത് കാണിക്കപ്പെട്ടല്ലോ, സ്വപ്നത്തിലെ ദ്രഷ്ടാവിനു്—സഞ്ചാരിക്കു് — ആ നദികളും പൎവ്വതങ്ങളും, തടാകങ്ങളും, മററു കാഴ്ചകളും എപ്പോൾ ഉണ്ടായി എന്നു പറയാൻ സാധിക്കുമോ? നിങ്ങൾ സ്വപ്നംകാണുന്നകാലത്തോളം ഈ വസ്തുക്കളെല്ലാം എപ്പോഴുണ്ടായി എന്നു പറയാമോ? പാടില്ല. ഒരിക്കലും തരമില്ല നിങ്ങൾ സ്വപ്നംകാണുമ്പോൾ, നിങ്ങൾക്ക്, ആറുകളും, താഴ്വാരങ്ങളും. മലകളും എല്ലാം ശാശ്വതമാണെന്നും, അനാദികാലംമുതൽ ഇരിക്കുന്ന പ്രകൃതിസഹജപദാൎത്ഥങ്ങളാണെന്നും കാണപ്പെടുന്നു. സ്വപ്നം കാണുന്ന ദ്രഷ്ടാവെന്നനിലയിൽ, നിങ്ങൾ സ്വപ്നംകാണാൻ എപ്പോഴെങ്കിലും ആരംഭിച്ചതായി നിങ്ങൾ ഊഹിക്കുന്നില്ല; അതെല്ലാം യഥാൎത്ഥമാണെന്നു നിങ്ങൾ പരിഗണിക്കുന്നു; ആ താഴ്വാരങ്ങളും, നദികളും, കാഴ്ചകളുംകൂടെ സനാതനമെന്നുതോന്നുന്നു. നിങ്ങൾക്കവയുടെ പ്രാരംഭവും ഉൽഭവവും അറിയാവതല്ല. സ്വപ്നത്തിൻെറ "എന്തുകൊണ്ട്? എപ്പോൾ? ഏതുകാരണം?" എന്നൊന്നും നിങ്ങൾ സ്വപ്നംകാണുന്നകാലത്തോളം, നിങ്ങൾക്കറിയാവതല്ല. ഉണൎന്നെഴുന്നേല്ക്കുക; അപ്പോൾ സകലതും പോകുകയുംചെയ്യുന്നു. ഉണരുക; അപ്പോൾ എല്ലാം അപ്രത്യക്ഷമാകുന്നു.

അതുപോലെ, ഈ ലോകത്തിൽ നിങ്ങൾ നാനാവിധവസ്തുക്കളും കാണുന്നു; അവ യഥാൎത്ഥമാണെന്നു തോന്നുന്നു; അവയ്ക്കവസാനവുമില്ല. സ്വപ്നത്തിൽ അവസാനമില്ലാത്തതുപോലെതന്നെ. എപ്പോൾ സ്വപ്നംതുടങ്ങിയെന്നു നിങ്ങൾക്കറിയാൻ പാടില്ലല്ലൊ. സമയം എപ്പോൾ ആരംഭിച്ചുവെന്നു നിങ്ങൾക്കുപറയാമോ? ഈ

digitized by www.sreyas.in

വിരോധാഭാസം—അന്യോന്യവിരുദ്ധത—കൊണ്ടു് എന്ന ജർമ്മൻ തത്വജ്ഞാനിയും പൂണ്ടിക്കാണിച്ചിട്ടുണ്ടു്. സമയം എപ്പോൾ തുടങ്ങി? ഇന്നസമയം സമയംതുടങ്ങിയെന്നു നിങ്ങൾ പറയുമ്പോൾ, നിങ്ങൾ സമയത്തെ ഒരു സ്ഥാനത്തു പ്രതിഷ്ഠിക്കുന്നു. ഈ ചോദ്യം സാദ്ധ്യമല്ല. സ്ഥലം എവിടെത്തുടങ്ങി? ഈ ചോദ്യവും വഹിക്കത്തക്കതല്ല. സ്ഥലം ആരംഭിച്ചതിനുമുമ്പേ അതു തുടങ്ങുന്നസ്ഥാനം സ്ഥാപിക്കാൻ നിങ്ങൾ ശ്രമിക്കുന്നു. സ്ഥലത്തിന്റെ ആരംഭം 'എവിടെ' എന്ന സങ്കല്പംകൊണ്ടു ചുററപ്പെട്ടിരിക്കുന്നു. 'എവിടെ' എന്ന ബോധത്തിൽ സ്ഥലബോധം അന്തർഭവിക്കുന്നു. ചോദ്യം സാധുവല്ല. കാര്യകാരണശൃംഖല എവിടെ തുടങ്ങി? ഈ ചോദ്യവും നിലനില്ക്കത്തക്കതല്ല. ഈ ശൃംഖല എന്തുകൊണ്ടു് ആരംഭിച്ചു? ഈ ചോദ്യവും അതുപോലെ അസാധുവാണു് അഹോ! കാരണശൃംഖലയുടെ ആരംഭം ചൂണ്ടിക്കാണിക്കാൻ നിങ്ങൾ തുടങ്ങുമ്പോൾ "എന്തുകൊണ്ടു്" എന്ന സങ്കല്പംതന്നെയാണു് കാരണമെന്നു നിങ്ങൾ കാണുന്നു. അതു നിങ്ങൾക്കു അപ്പുറത്തേയ്ക്കു പോകുന്നു. അതു് ഉത്തരംപറയത്തക്ക ചോദ്യമല്ല. സമയത്തിനവസാനമില്ല; സ്ഥലത്തിനോ, കാരണത്തിനോ ഈവശത്തായാലും മറേറവശത്തായാലും അവസാനമില്ല. ആദിയും അന്തവും ഇല്ല. ഷോപ്പൻഹോർ ഇതു തെളിയിക്കുന്നു. ഹെർബർട്ട സ്പെൻസർ ഇതു വെളിപ്പെടുത്തുന്നു. അതിനവസാനമില്ല, അവസാനമില്ല, അവസാനമില്ല എന്നു എല്ലാ ചിന്തകന്മാരും നിങ്ങൾക്കു കാണിച്ചുതരും. സ്വപ്നങ്ങളിലും, അവയിൽ കാണപ്പെടുന്ന പ്രത്യേകതരം സമയത്തിനു് ആ അററത്തോ, ഈ അററത്തോ അന്തമില്ല. സ്വപ്നത്തിലെ സകലത്തിനും ഇരുവശങ്ങളിലും അവസാനമില്ല. അതിൽ കാണപ്പെടുന്ന പ്രത്യേകകാരണങ്ങൾക്കും ഇതുപോലെ ഒരു ഭാഗത്തും അവസാനമില്ല.

അതുപോലെതന്നെയാണു് ജാഗ്രൽസ്ഥിതിയിലും. ഈ ചോദ്യങ്ങളെ പ്രത്യക്ഷമായും, ഭൌതികമായും എടുത്തു ഉത്തരംപറയാൻ ശ്രമിക്കുന്ന എല്ലാവരും അവരുടെ വഴിതെററി, വൃത്തത്തിൽ യുക്തിവാദംചെയ്തുകൊണ്ടു സ്വയം കുഴപ്പത്തിലും അവതാളത്തിലും ചാടി വലയുന്നു. ഇങ്ങിനെ ഈ പ്രശ്നത്തിന്റെ പ്രത്യക്ഷപരമായ പരിഹാരങ്ങളെല്ലാം അസാധുവാണു്. സ്വപ്നംകാണുന്ന ദ്രഷ്ടാവു് ഉണരുമ്പോൾ സകല പ്രശ്നവും പരിഹരിക്കപ്പെടുന്നു- ആ ദ്രഷ്ടാവു് ഉണർന്നതിനുശേഷം പറയുന്നു:—"ഹോ! അതൊരു സ്വപ്നമായിരുന്നു; ഒന്നിലും സത്യമില്ലായിരുന്നു". അതുപോലെ സത്യസാക്ഷാല്ക്കാരത്തിലേക്കു ഉണരുമ്പോൾ, വേദാന്തം എല്ലാവരുടെയുംമുമ്പിൽ പ്രദർശിപ്പിക്കുന്ന സമ്പൂർണ്ണമുക്താവസ്ഥ പ്രാപിക്കു

digitized by www.sreyas.in

മ്പോൾ "ഈ പ്രപഞ്ചംമുഴുവനും വെറും ഒരു നേരമ്പോക്കായിരുന്നു; വെറും കളിപ്പാട്ടം ആയിരുന്നു; വെറും വ്യാമോഹമായിരുന്നു; വേറൊന്നും ആയിരുന്നില്ല' എന്നു നിങ്ങൾ കാണുന്നു.

ഇതേ 'മായാ'പ്രശ്നം ഈവിധത്തിലും പ്രസ്താവിക്കാം:— "മനുഷ്യൻ ഈശ്വരനാണെങ്കിൽ, അവൻ തന്റെ യഥാർത്ഥപ്രകൃതം എന്തിനു വിസ്മരിക്കണം?" വേദാന്തം ഉത്തരം പറയുന്നു:— "നിന്നിലെ യഥാർത്ഥദൈവം അതിന്റെ യഥാർത്ഥപ്രകൃതം ഒരിക്കലും മറന്നിട്ടില്ല; നിങ്ങളിലെ സത്യദൈവം തന്റെ പരമാർത്ഥപ്രകൃതം മറന്നിരുന്നുവെങ്കിൽ അതു സദാ ഈ പ്രപഞ്ചത്തെ നിയന്ത്രിച്ചും, നയിച്ചും, ഭരിച്ചും വരുമായിരുന്നില്ല. യഥാർത്ഥനാഥൻ ഒട്ടും ഒന്നും മറന്നിട്ടില്ല. അതിപ്പോഴും പ്രപഞ്ചത്തെ നയിച്ചും ഭരിച്ചും വരുന്നു പിന്നെ ആരാണ് വിസ്മരിച്ചതു്? ആരുമല്ല. ആരും മറന്നിട്ടില്ല. അതു ഒരു സ്വപ്നംപോലെതന്നെയാണ്. സ്വപ്നത്തിൽ നിങ്ങൾ ഭിന്നഭിന്നവസ്തുക്കൾ കാണുമ്പോൾ, വാസ്തവത്തിൽ നിങ്ങളല്ലാ ആ പദാർത്ഥങ്ങളെക്കാണുന്നതു്, സ്വപ്നത്തിലെ ദ്രഷ്ടാവാണ്. ഈ ദ്രഷ്ടാവു സ്വപ്നത്തിലെ ഇതരവസ്തുക്കളോടൊപ്പം സ്വപ്നത്തിൽ സൃഷ്ടിക്കപ്പെട്ടവനാണ്. ആ ദ്രഷ്ടാവാണ് അതെല്ലാം, ആ കാഴ്ചകൾ എല്ലാം കാണുന്നതും, താഴ്വാരങ്ങളിലും പർവ്വതങ്ങളിലും നദികളിലും വർത്തിക്കുന്നതും. യഥാർത്ഥമായ സത്ത, ആത്മാവു്, സത്യദൈവം യാതൊന്നും മറന്നിട്ടില്ല. വ്യാജമായ അഹംഭാവനയെപ്പററിയുള്ള സങ്കല്പംതന്നെ 'മായാ'സൃഷ്ടയാണു്; അഥവാ മററു വസ്തുക്കളുടെതരത്തിലുള്ള ഒരു വ്യാമോഹമത്രെ. യഥാർത്ഥാത്മാവു യാതൊന്നും മറന്നിട്ടില്ല. "ദൈവം സ്വയം വിസ്മരിച്ചു് ഒരുമനുഷ്യൻ—ഒരു ചെറിയ—അഭിമാനിയായ സത്തയായതു് എന്തിനു്?" എന്നു നിങ്ങൾ പറയുമ്പോൾ വേദാന്തം പറയുന്നു: "ഈ ചോദ്യത്തിൽ താർക്കികന്മാർ പറയുന്ന വിതണ്ഡാവാദം (തെളിയിക്കാൻവേണ്ടി ഒരു വൃത്തത്തിനകത്തു ചുററിക്കൊണ്ടിരിക്കുന്ന അന്യോന്യാശ്രയവാദം) കടന്നുകൂടുന്നു. നിങ്ങൾ ആരോടാണ് ഈ ചോദ്യം ചോദിക്കുന്നതു്? സ്വപ്നംകാണുന്ന ദ്രഷ്ടാവിനോടൊ, ഉണർന്നിരിക്കുന്ന ദ്രഷ്ടാവിനോടോ? ആരോടാണീചോദ്യം ചോദിക്കുന്നതു്? സ്വപ്നംകാണുന്ന ദ്രഷ്ടാവിനോടു നിങ്ങൾ ചോദിക്കരുതു്; എന്തെന്നാൽ സ്വപ്നദ്രഷ്ടാവു് യാതൊന്നും മറന്നിട്ടില്ല. അവൻ കാണുന്ന വസ്തുക്കളെപ്പോലെയുള്ള ഒരു സൃഷ്ടിയാണ്. ജാഗ്രദവസ്ഥയിലുള്ള യഥാർത്ഥ ദ്രഷ്ടാവിനോടും നിങ്ങൾക്കു ചോദിക്കാവതല്ല. ചോദ്യം ആരു ചോദിക്കും? സ്വപ്നത്തിലെ ചോദ്യകർത്താവു് സ്വപ്നത്തിൽതന്നെയിരിക്കണമെന്നു നിങ്ങൾക്കറിയാം.

digitized by www.sreyas.in

സ്വപ്നദ്രഷ്ടാവുപറയുമ്പോൾ, അപ്പോൾ ആരു ചോദ്യംചോദിക്കും? മായയാകുന്ന സ്വപ്നം തുടരുകയോ, നിലനില്ക്കുകയോ ചെയ്യുന്നിടത്തോളംമാത്രമെ ചോദിക്കയും മറുപടിപറകയും ആകുന്ന ദ്വൈതഭാവം സാദ്ധ്യമായിരിക്കു. സ്വപ്നദ്രഷ്ടാവിനോടേ നിങ്ങൾക്ക ചോദ്യം ചെയ്യാൻ തരമുള്ളു. അയാൾ അതിനുത്തരവാദിയുമല്ല. സ്വപ്നദ്രഷ്ടാവു മറയട്ടേ; അപ്പോൾ കാഴ്ചയുടെ എല്ലാക്കൂട്ടവും സകല സ്വപ്നവുംകൂടി മറയുന്നു. ചോദ്യംചോദിക്കാൻപോലും ആരുമില്ല. ആരുചോദിക്കും? ആരോടുചോദിക്കും?

ഇതാ! ബഹുമനോജ്ഞമായ ഒരു ചിത്രം. ഒരു വഞ്ചി; ആററിൽ വഞ്ചി അക്കരയ്ക്കു കൊണ്ടുപോകുന്ന ഒരു വഞ്ചിക്കാരനും. ഇതാ! ചിത്രത്തിൽ കാണപ്പെടുന്നു. വഞ്ചിക്കാരൻ വളരെനല്ലവൻ; അവൻ വഞ്ചിയുടെ നാഥനാണു്. ഇതെല്ലാം യഥാർത്ഥമാണെന്നു ഗണിക്കുമ്പോഴേ ഇതൊക്കയുമുള്ളു വഞ്ചി വഞ്ചിയാണെന്ന അർത്ഥത്തിലേ വഞ്ചിക്കാരൻ വഞ്ചിക്കാരനും ആകുന്നുള്ളു. യഥാർത്ഥത്തിൽ വഞ്ചിയുമില്ല, വഞ്ചിക്കാരനും ഇല്ല. രണ്ടും അയഥാർത്ഥമാണു് എന്നാൽ "വരു! വരു! എത്ര ഭംഗിയുള്ള വഞ്ചിക്കാരൻ!" എന്നുപറഞ്ഞു ഒരു കുട്ടിയെ നാം ചിത്രം ചൂണ്ടിക്കാണിക്കുന്നു. അപ്പോൾ വഞ്ചിക്കാരനും വഞ്ചിയും ഒരേതരത്തിലുള്ളവയാണു്. വഞ്ചിയെക്കാൾ വഞ്ചിക്കാരൻ കൂടുതൽ യഥാർത്ഥമാണെന്നുപറയാൻ നമുക്കവകാശമുണ്ടോ? ഇല്ല.

അതുപോലെ, വേദാന്തമനുസരിച്ചു് പ്രപഞ്ചത്തിൻെറ നാഥനും, ഭരണക്കാരനും നിയാമകനും ആയ ഈശ്വരൻെറ--സ്രഷ്ടാവിൻെറ--ഈശ്വരൻെറ സ്ഥിതിയെപ്പററിയുള്ള നമ്മുടെ സങ്കല്പം ഈ പ്രപഞ്ചത്തോടു്, വഞ്ചിയോടു്, ചിത്രത്തിലെ വഞ്ചിയോടു് വഞ്ചിക്കാരനെന്നതുപോലുള്ള സംബന്ധംമാത്രമേ വഹിക്കുന്നുള്ളു. വഞ്ചിയുള്ളിടത്തോളം വഞ്ചിക്കാരനും ഉണ്ടു്. വഞ്ചിയുടെ പരമാർത്ഥഹീനത നിങ്ങൾ ഗ്രഹിക്കുമ്പോൾ വഞ്ചിക്കാരനും മറയുന്നു.

വേറൊരു മനുഷ്യൻ വന്നു് ലോകം ഇത്ര വർഷം മുമ്പു സൃഷ്ടിക്കപ്പെട്ടു എന്നു പറയുന്നു. വേദാന്തം പറയുന്നു—"നേതി, Nit. അല്ല"

അപ്രകാരം, ലോകം യഥാർത്ഥമാണെന്നു നിങ്ങൾക്കു തോന്നുന്നിടത്തോളമേ, നിയന്താവും ഭരണാധിപനും സൃഷ്ടികർത്താവുമായ ഒരു ഈശ്വരനെപ്പററിയുള്ള ബോധം നിങ്ങൾക്കു യഥാർത്ഥമായിരിക്കു. ലോകം മറയട്ടെ; ആ ബോധവും അപ്പോൾ മറയും. സൃഷ്ടികർത്താവിനെപ്പററിയുള്ള സങ്കല്പം, സൃഷ്ടിയെയും, എന്തുകൊണ്ടു്? എപ്പോൾ? എന്തു കാരണം?— എന്നീ ചോദ്യങ്ങളെയും ഉൾക്കൊ

digitized by www.sreyas.in

ള്ളുന്നു. ഈ ലോകം എന്തുകൊണ്ട്? എപ്പോൾ? ഏതു കാരണത്താൽ? എന്നും മററുമുള്ള ചോദ്യം ഈ പ്രപഞ്ചവുമായിട്ട്, വഞ്ചിക്കാരൻ വഞ്ചിയോടു സംബന്ധപ്പെട്ടിരിക്കുന്നതുപോലെ, സംബന്ധപ്പെട്ടിരിക്കുന്നു. രണ്ടും ഒരു മുഴച്ചിത്രത്തിന്റെ രണ്ട് അംശങ്ങളാണ്. രണ്ടും ഒരേതരം വിലയുള്ളതാണെങ്കിൽ, രണ്ടും വെറും വ്യാമോഹങ്ങളാണ്. "എന്തുകൊണ്ട്? എപ്പോൾ? എന്തുകാരണം?" എന്നീ ചോദ്യങ്ങളും ഒരു വ്യാമോഹമാണ്. "എന്തുകൊണ്ട്?, എപ്പോൾ? എന്തുകാരണത്താൽ?" എന്ന ചോദ്യങ്ങൾ തന്നെ വഞ്ചിക്കാരൻ അഥവാ പ്രപഞ്ചത്തിന്റെ നിയാമകനാണ്. നിങ്ങൾ ഉണർന്നു സത്യം ബോദ്ധ്യപ്പെട്ടപ്പോൾ പ്രപഞ്ചം സമസ്തവും തുണിയിൽ വരച്ചിട്ടുള്ള വഞ്ചിപോലെ നിങ്ങൾക്കു തോന്നും. അപ്പോൾ "എന്തുകൊണ്ട്? എപ്പോൾ? എന്തുകാരണത്താൽ?" എന്ന ചോദ്യങ്ങൾ ആകുന്ന വഞ്ചിക്കാരനും അസ്തമിക്കും. കാലത്തിനും സ്ഥലത്തിനും കാരണത്തിനും അതീതമായ പരമാത്മത്തിൽ എങ്ങനെയെന്നും, എപ്പോളെന്നും ഏതു കാരണംകൊണ്ടെന്നും യാതൊന്നും ഇല്ല. ഈ പ്രപഞ്ചം ഒരു വ്യക്തിയായ സ്രഷ്ടാവുമൂലം ഉണ്ടായതാണെന്നു ജനങ്ങൾ പറയുന്നു. വേദാന്തം പറയുന്നു— "അല്ലാ; നേതി." സംസ്കൃതത്തിൽ 'നേതി' എന്ന വാക്കു സുലഭമായി കാണപ്പെടുന്നു. അമേരിക്കർ അതിനെ ദുഷിപ്പിച്ച് 'നിററ', (Nit) 'അതല്ല' എന്ന അർത്ഥമുള്ള 'നിററ്' എന്നാക്കിയിരിക്കുന്നു. ചോദ്യം അസാധുവും ഉത്തരമില്ലാത്തതുമാണ്.

വേറൊരു മനുഷ്യൻ വന്നു പറയുന്നു —"ഈശ്വരൻ സ്വയം പ്രേമിച്ചു; അദ്ദേഹം ലോകം സൃഷ്ടിച്ചു. അദ്ദേഹം ഈ പ്രപഞ്ചം കണ്ണാടിവീടുപോലെ ഉണ്ടാക്കി, അദ്ദേഹത്തിന് ഈ രൂപങ്ങളിലെല്ലാം തന്നത്താൻ കാണാൻ കൊതിയുണ്ടായിരുന്നു. അദ്ദേഹം ലോകം ഉണ്ടാക്കി" വേദാന്തം പറയുന്നു–"നേതി, Nit, അതല്ലാ." അങ്ങനെയല്ല". ഇവിടെ അങ്ങനെ ഒരു സിദ്ധാന്തം ഉന്നയിക്കാൻ നിങ്ങൾക്കവകാശമില്ല.

"എന്തുകൊണ്ട്?" എന്ന ചോദ്യത്തിന്റെ യഥാർത്ഥ താല്പര്യം 'മായാ' എന്നാണ്. 'മാ' എന്നാൽ 'അല്ല' എന്നും, 'യാ' എന്നാൽ 'അതു്' എന്നും, 'മായാ' എന്നാൽ 'അതല്ലാ' എന്നുമാണ് അർത്ഥം. നിങ്ങൾക്കു ചോദിക്കാവുന്ന ഒരു ചോദ്യമല്ലതു്. അതല്ലാ ഇപ്പോഴത്തെ ചോദ്യം. "ലോകം യഥാർത്ഥമാണോ?" എന്നാണ്. വേദാന്തം പറയുന്നു - "നേതി, മായാ അതല്ലാ, Nit." നിങ്ങൾക്കതു യഥാർത്ഥമെന്നു പറയാവതല്ല. എന്തുകൊണ്ടല്ല? എന്തെന്നാൽ സത്യമെന്നതു് എന്നും നിലനില്ക്കുന്നതും, ഇന്നലെ

digitized by www.sreyas.in

യും, ഇന്നും, എന്നും ഒരുപോലെ നിൽക്കുന്നതും ആണു്. ഇതു ണതിൻെറ അൎത്ഥം. അതാണു് സത്യം., ലോകം എന്നും നില നിൽക്കുമോ? അതെന്നും നിലനില്ക്കയില്ല. അതിനാലതു യഥാ ൎത്ഥത്തിൻെറ വിവരണത്തെ അൎഹിക്കുന്നില്ല. നിങ്ങളുടെ സുഷുപ്തി യിൽ അതു മറയുന്നു; നിങ്ങളുടെ മുക്താവസ്ഥയിൽ, പൂൎണ്ണതയിൽ, മോക്ഷത്തിൽ അതു നശിക്കുന്നു. അതിനാൽ അതു് എന്നും നില നില്ക്കുന്നില്ല. അതിനാൽ അതു യഥാൎത്ഥമാണെന്നു പറയാൻ അ വകാശമില്ല. എന്നാൽ ലോകം അസത്യമാണോ? വേദാന്തം പറയുന്നു:—"നേതി, മായാ, നിററ്, അതല്ല." ഇതു് ബഹു വിചിത്രമായിരിക്കുന്നു! ലോകം അസത്യമല്ല. അസത്യം എ ന്നാൽ ഒരിക്കലും ഇല്ലാത്തതാണു്. ഇങ്ങനെയാണു വേദാന്തം അ സത്യത്തെ വിവരിക്കുന്നതു്. മനുഷ്യൻെറ കൊമ്പുകൾ എന്നതു പോലെ; പശുവിനെപ്പോലെ മനുഷ്യനു കൊമ്പുണ്ടോ? ഇല്ല. അ തിനാൽ മനുഷ്യൻെറ കൊമ്പു് അസത്യമാണു്. ലോകം അസ ത്യമല്ല. എന്തെന്നാൽ ഇപ്പോൾതന്നെ അതുണ്ടെന്നു തോന്നുന്നു; അതുണ്ടെന്നു തോന്നുന്നു; അതുകൊണ്ടു അതു അസത്യമല്ല എന്നു തന്നെ പറയേണ്ടതാണു്. ലോകം സത്യമാണോ? നേതി. എ ന്നാലതു കുറെ സത്യവും കുറെ അസത്യവും ആണോ? വേദാന്തം പ റയുന്നു—"നേതി, മായാ, അതല്ലാ, നിററ്" അതുപോലുമല്ല. അസത്യവും സത്യവും ഒന്നിച്ചിരിക്കുന്നതല്ല. ഈ ചോദ്യങ്ങളുടെ ഈ ഉത്തരങ്ങളെയാണു വേദാന്തത്തിലെ 'മായാവാദം' അഥവാ 'മായാസിദ്ധാന്തം' എന്നു പറയുന്നതു്. ഈ ചോദ്യങ്ങളുടെ മറുപ ടികൾക്കു വേറൊരു പേരുണ്ടു് 'മിഥ്യാ' ഈ വാക്കു നിങ്ങളുടെ Mythology (ഇതിഹാസം) എന്ന വാക്കിനോടു സജാതീയമാണു്. യഥാൎത്ഥമെന്നും അയഥാൎത്ഥമെന്നും, യഥാൎത്ഥവും അയഥാൎത്ഥവും രണ്ടുംകൂടെയെന്നും നമുക്കു വിളിക്കാൻ അരുതാത്ത ഏതാണ്ടു് എ ന്നാണു ഇതിൻെറ താൽപൎയ്യം. നിങ്ങളുടെ ലോകം ആവിധം ഉള്ളതാണു്.

ദൈവം ഇല്ലെന്നു നാസ്തികന്മാർ പറയുന്നു. വേദാന്തം "നേ തി, മായാ" എന്നു പറയുന്നു. അവർ അബദ്ധമാണു ജല്പിക്കുന്ന തെന്നാണു് വേദാന്തത്തിൻെറ മതം. എന്തെന്നാൽ ദൈവമി ല്ലെന്നു പറവാൻ അവൎക്കു യുക്തിയില്ല. ഒരു വ്യക്തി ഈശ്വരൻ ഉണ്ടെന്നു ചിലർ വാദിക്കുന്നു. "നേതി, അങ്ങനെയില്ല" എന്നു വേദാന്തം അത്തരം പ്രസ്താവനകൾ ചെയ്വാൻ നിങ്ങൾക്കവകാശ മില്ല. നിങ്ങൾക്കു ചവിട്ടാനവകാശമില്ലാത്ത രാജ്യമാണതെന്നു വേദാന്തം എതിൎക്കുന്നു. ഇവിടെ നിങ്ങളുടെ ബുദ്ധിക്കു പ്രവേശ ദ്വാരമില്ല. അതിനു് ഈ ലോകത്തിൽ ധാരാളം ജോലിയുണ്ടു്.

digitized by www.sreyas.in

അതു അവിടെ പണിചെയ്യട്ടെ. * സീസറിനുള്ളതു സീസറിനു കൊടുക്കുക; ഈശ്വരനുള്ളതു് ഈശ്വരനും!! ഭൌതികനിലകളിൽ, പ്രത്യക്ഷരാജ്യത്തു് ബുദ്ധിയ്ക്കു ധാരാളം പണിയുണ്ടു്. എന്നാൽ അഭൌമികമായ അതീതപ്രകൃതിരാജ്യത്തു് നിങ്ങൾക്കു ചെല്ലാൻ ഒരു മാർഗ്ഗമേ ഉള്ളൂ. ഒരേ ഒരു വഴിയേ ഉള്ളൂ. ആ വഴി സാക്ഷാൽക്കാരത്തിന്റെ – പ്രേമത്തിന്റെ — ഭാവനയുടെ — വിശ്വാസത്തിന്റെ അഥവാ ജ്ഞാനത്തിന്റെ വഴിയാണു്; വിചിത്രമായ ജ്ഞാനം, വിചിത്രമായ ഈശ്വരബോധം. നേരായമാർഗ്ഗത്തിൽക്കൂടി നിങ്ങൾ ആ സ്ഥാനത്തു എത്തുമ്പോൾ എല്ലാചോദ്യങ്ങളും നിലയ്ക്കും; എല്ലാപ്രശ്നങ്ങളും പരിഹരിക്കപ്പെട്ടും. സാമവേദത്തിലെ കേനോപനിഷത്തിൽ നമുക്കൊരു വാക്യമുണ്ടു്. ഭാഷാന്തരംചെയ്താൽ അതു് ഏതാണ്ടിതുപോലെയിരിക്കും:

"ഞാനറിയുന്നവതെന്നും
ഞാനറിയുന്നില്ലതെന്നുമുരചെയ്യാൻ
ഞാനാളല്ലതുദ്ദരെ
ജ്ഞാനാജ്ഞാനങ്ങൾക്കതീതമായ്നില്പൂ."

ഇതുതന്നെയാണു് ഇന്നത്തെ ചിന്തകന്മാരും പറയുന്നതു്. വേദാന്തം ചെല്ലുന്ന സ്ഥാനത്താണു് തന്റെ "പ്രാഥമികതത്വങ്ങൾ" എന്ന ഗ്രന്ഥത്തിന്റെ ആദ്യഭാഗമായ "അജ്ഞാനം" എന്ന ഭാഗത്തിൽ ഹെർബർട്ടു് സ്പെൻസറും വന്നുചേരുന്നതു്. അദ്ദേഹം പറയുന്നതു മുഴുക്കെ നാമിവിടെ വായിക്കുന്നില്ല. എന്നാൽ ഒരു ചെറിയവാക്യം വായിക്കാം: "സയൻസിന്റെ അടിസ്ഥാനമായതും, എന്നാൽ സയൻസിനു സ്ഥാപിക്കാൻ കഴിയാത്തതും ആയ ഏതോ ഒരു തത്വം ഉണ്ടായിരിക്കണം. യുക്തിവാദംചെയ്തു കണ്ടെത്തുന്ന തീരുമാനങ്ങൾ, അവ എന്തെല്ലാമായാലും, ഒരു പ്രാഥമികതത്വത്തിൽ ഉറച്ചു് ഇരിക്കണം; അറിയപ്പെടാൻ പാടില്ലാത്ത ദിക്കിൽ നാം ചെല്ലുന്നതും, ബുദ്ധി പോകരുതാത്തതും, അതിനു പോകാൻ സാധിക്കാത്തതും ആയ ഒരു സ്ഥലം ഉണ്ടായിരിക്കണം!!

ഈ വിഷയത്തിൽ എല്ലാ തത്വജ്ഞാനികൾക്കും വല്ലതും പറയാനുണ്ടു്. സൂക്ഷിച്ചുനോക്കുക. ഈശ്വരനു് ഉദ്ദേശങ്ങൾ ആരോപിക്കയും, ഈശ്വരൻ ഇതു ചെയ്തിരിക്കണം, ഈശ്വരനു് കാരുണ്യമുണ്ടായിരിക്കണം, ഈശ്വരനു സ്നേഹമുണ്ടായിരിക്കണം,

* ബൈബിൾ വാക്യം. സീസർ ബൈബിൾകാലത്തെ രാജ്യഭരണകർത്താവായ രാജാവായിരുന്നു.

digitized by www.sreyas.in

ഈശ്വരന്ന നന്മയുണ്ടായിരിക്കണം, ഈശ്വരന്ന് ആ ഗുണവും, ഈ ഗുണവും ഉണ്ടായിരിക്കണം എന്നും മററും പറകയും ചെയ്യുന്ന ജനങ്ങൾ എന്തബദ്ധമാണ് ചെയ്യുന്നതു്! അത്തരം ജനങ്ങൾ എന്തസംബന്ധം ചെയ്യുന്നു. എന്തെന്നാൽ എല്ലാ തരംതിരിക്കലും പരിമിതമാക്കൽ ആണ്. ഒരേശ്വാസത്തിൽ ഈശ്വരനെ അപരിമേയനെന്നും, പരിമേയനെന്നും വിളിക്കുക; ഒരുവശത്തു നിങ്ങൾ അദ്ദേഹത്തെ അളവററവൻ എന്നു പറയുക; മറുവശത്തു "ഹാ! അദ്ദേഹത്തിന്ന് ആ ഗുണമുണ്ടു്, ഈ ഗുണമുണ്ടു്" എന്നു പറകയും ചെയ്യുക. അദ്ദേഹം നല്ലവൻ എന്നു പറയുമ്പോൾ അദ്ദേഹം ചീത്തയല്ലെന്നു വരുന്നു; ഇതു് അപ്പോൾ അദ്ദേഹത്തെ സങ്കുചിതനാക്കുകയാണ്. തിന്മയിൽ നന്മയില്ല. അദ്ദേഹം സൃഷ്ടികർത്താവാണെന്നു പറയുമ്പോൾ, അദ്ദേഹം സൃഷ്ടിയല്ല; നിങ്ങളപ്പോൾ അദ്ദേഹത്തെ പരിമിതനാക്കുന്നു; അപ്പോൾ അദ്ദേഹം ഇല്ലാത്ത ഒരു സ്ഥാനം കുറിക്കുന്നു. അദ്ദേഹം സർവ്വസ്വവുമാണ്. വീണ്ടും ആ ഉദ്ദേശമോ, ഈ ഉദ്ദേശമോ മൂലം അദ്ദേഹം ലോകം സൃഷ്ടിച്ചുവെന്നു പറയുമ്പോൾ, തന്റെ പ്രവൃത്തികളെ സാധൂകരിക്കാൻ നിങ്ങളുടെ മുമ്പിൽ വരത്തക്ക ഒരാളിനെപ്പോലെ—തന്റെ പ്രവൃത്തികളെ വിവരിച്ചു കേൾപ്പിക്കാൻ മജിസ്ത്രേട്ടിന്റെ മുമ്പിൽ വരുന്ന ഒരുമനുഷ്യനെപ്പോലെ - നിങ്ങൾ അദ്ദേഹത്തെ സങ്കല്പിക്കുന്നു. അതിന്മെണ്ണംതന്നെ, നിങ്ങൾ ഈശ്വരനെ എന്തിന്റെയെങ്കിലും ചുമതലക്കാരനാക്കി അദ്ദേഹത്തിന്റെ ഉദ്ദേശങ്ങളും, പ്ലാനുകളും, കരുതലുകളും, ആരോപിക്കുമ്പോൾ, പ്രയോഗത്തിൽ നിങ്ങൾ ഒരു ജഡ്ജിയെപ്പോലെയും, ദൈവം ഏതാണ്ടെല്ലാം ചെയ്തുംവെച്ചു നിങ്ങളുടെ മുമ്പിൽ സമാധാനം ബോധിപ്പിക്കാൻ വരുന്ന ഒരാളെപ്പോലെയും ആയിത്തീരുന്നു. അവിടെ അദ്ദേഹത്തെ നിങ്ങൾ പരിമിതനാക്കുന്നു. വേദാന്തം പറയുന്നതു് നിങ്ങളുടെ കോർട്ടിൽ ദൈവത്തെക്കൊണ്ടു വരാൻ നിങ്ങൾക്കവകാശമില്ലെന്നാണ്. ഈ ചോദ്യമെല്ലാം പരിത്യജിക്കുക; അവ ന്യായവിരുദ്ധമാണ്.

വേദാന്തം എന്നതു് ഒരു പ്രത്യേകവ്യക്തിയുടെ കീഴിലുള്ള അടിമത്തമല്ല. മുഹമ്മദീയൻ എന്നതു മഹമ്മദിന്റെ പേരിനെ ആശ്രയിക്കുന്നു. മുഹമ്മദു പറഞ്ഞതും ചെയ്തതും എല്ലാം നാം വിശ്വസിക്കണം. ക്രിസ്തുമതമെന്നതു ക്രിസ്തുവിന്റെ പേരിനോടുള്ള അടിമത്തമാണ്. ബുദ്ധമതം ബുദ്ധനെന്ന ഒരു പ്രത്യേകനാമത്തിന്റെ അടിമത്തമാണ് സൌരാഷ്ട്രമതം എന്നതു സൌരാഷ്ട്രരെന്ന പേരിനോടുള്ള അടിമത്തമാണ്. വേദാന്തപദം ഒരു വ്യക്തിവിശേഷത്തോടോ, ആളിനോടോ അടിമത്തം സൂചിപ്പിക്കുന്നു

digitized by www.sreyas.in

തല്ല. വേദാന്തത്തിന്റെ അക്ഷരതാല്പൎയ്യം അറിവിന്റെ അവസാനം എന്നാണു്. വേദാന്തം എന്നതു് തനി സത്യംആണു്. അതിനു് ഒരുവക വൎഗ്ഗീയത്വവും ഇല്ല. അതു സാൎവ്വജനീനമത്രെ. അതിനോടു വെറുപ്പു തോന്നരുതു്. നിങ്ങൾക്കു പരിചയമില്ലാത്ത ഒരു വാക്കാണു് അതു് എന്നുള്ളതു സാരമില്ല. ഹിന്ദുക്കൾ പഠിച്ചതും പ്രസംഗിക്കുന്നതും ആയ സത്യം എന്നുവേണമെങ്കിൽ നിങ്ങൾക്കതിനെ വിളിക്കാം. സത്യമെല്ലാം എവിടെ അന്വേഷിച്ചാലും—ജൎമ്മനിയിലോ അമേരിക്കയിലോ എവിടെയെങ്കിലുമാകട്ടെ — ഒരേ ലക്ഷ്യസ്ഥാനത്തു എത്തിക്കും. ഒരു മനുഷ്യൻ എവിടെനിന്നു നോക്കിയാലും സൂൎയ്യൻ തേജസ്വിയും, ഉജ്ജ്വലപ്രഭാവനും ആയി കാണപ്പെടുന്നു. തന്റെ വെറുപ്പുകളും വിരോധങ്ങളും മററും ദൂരെക്കളഞ്ഞു് സ്വതന്ത്രനാകുന്ന ആരും വേദാന്തതീരുമാനങ്ങളോടു യോജിക്കും. അവയെല്ലാം നിങ്ങളുടെ തീരുമാനങ്ങളും, നിങ്ങളുടെ വാദങ്ങളും, നിങ്ങൾക്കുകിട്ടിയ ഫലങ്ങളും ആണു്. നിങ്ങൾ സ്വതന്ത്രമായും, വിശാലമായും, സകല വെറുപ്പുകളും, മുൻമനോഗതികളും തെററിദ്ധാരണകളും മാററിവെച്ചുകൊണ്ടും നോക്കണമെന്നുമാത്രമേ ഉള്ളു.

രാമനിനി ഈ മായാപ്രശ്നം ഹിന്ദുക്കളുടെ സമ്പ്രദായത്തിൽ ഇവിടെ നിങ്ങൾക്കു വിവരിച്ചുതരാം. അവരുടെ പുരാതനഗ്രന്ഥങ്ങളിൽ അവർ ഇതു് എങ്ങിനെ വൎണ്ണിക്കയും, വിവരിക്കയും ചെയ്യുന്നുവെന്നു പറയാം. അവരതു അനുഷ്ഠാനപരമായി, അനുഭവരീത്യാ വിവരിക്കുന്നു. മായയെ അവർ "അനിൎവ്വചനീയാ" എന്നു പറയുന്നു. അതിന്റെ ചുരുങ്ങിയ അൎത്ഥം 'വ്യാമോഹം' എന്നാണു് വാക്കിന്റെ താല്പൎയ്യം "അവൎണ്ണനീയമായ ഏതാണ്ടു്", യഥാൎത്ഥമെന്നോ അയഥാൎത്ഥമെന്നോ പറയാൻ പാടില്ലാത്തതു്. യഥാൎത്ഥവും അയഥാൎത്ഥവും കൂടിച്ചേൎന്നതെന്നുപോലും പറയാൻ പാടില്ലാത്തതു്", എന്നാണു്. ഈ പ്രപഞ്ചമെല്ലാം മായാ അഥവാ വ്യാമോഹമാണു്. ഇതു രണ്ടുതരത്തിൽ ഉണ്ടു്. അതിനെ ബാഹ്യമെന്നും ആഭ്യന്തരമെന്നും നമുക്കു വിളിക്കാം

ഇരുട്ടത്തു നിങ്ങൾ ഒരു പാമ്പിനെ കാണുന്നുവെന്നു വിചാരിക്കുക. അതു നിങ്ങളെ ഭയപ്പെടുത്തിക്കൊല്ലുന്നു. നിങ്ങൾ താഴെ വീണു് നിങ്ങൾക്കു മുറിവുപററുന്നു. പാമ്പെന്തായിരുന്നു? അതു വാസ്തവത്തിൽ ഉള്ളതായിരുന്നോ? വേദാന്തം പറയുന്നതു് പാമ്പു് യഥാൎത്ഥമല്ലായിരുന്നു എന്നാണു്, എന്തെന്നാൽ പിന്നീടു നിങ്ങൾ ആ സ്ഥലത്തു നോക്കിയപ്പോൾ പാമ്പില്ലായിരുന്നു; അതവിടെ ഇല്ലായിരുന്നു എന്നാൽ പാമ്പു് അയഥാൎത്ഥമായിരുന്നോ? അല്ല

digitized by www.sreyas.in

എന്നു വേദാന്തം പറയുന്നു. പാമ്പു് അയഥാൎത്ഥമായിരുന്നുവെന്നു പറയാൻ നിങ്ങൾക്കവകാശമില്ല. പാമ്പു് അയഥാൎത്ഥമായിരുന്നുവെങ്കിൽ നിങ്ങൾക്കു മുറിവു കിട്ടുമായിരുന്നില്ല. പാമ്പു് ഒരു വ്യാമോഹമായിരുന്നു. വ്യാമോഹം യഥാൎത്ഥതയല്ല; അതു് അയഥാൎത്ഥതയും അല്ല. എന്തെന്നാൽ അയഥാൎത്ഥം എന്നതു് ഒരിക്കലും ഉണ്ടെന്നുതോന്നാത്തതാണു്. നിങ്ങൾ മഴവില്ലുകാണുന്നു. അതു യഥാൎത്ഥമാണോ? അതു യഥാൎത്ഥമല്ല; എന്തെന്നാൽ നിങ്ങൾ അടുത്തുപോകുമ്പോൾ അതു കാണപ്പെടുന്നില്ല. നമ്മുടെ വീക്ഷണസ്ഥാനം മാറുമ്പോൾ മഴവില്ലിന്റെ സ്ഥാനവും മാറിയതായിക്കാണാം. അതു അസത്യമാണോ? അല്ല, അല്ല. എന്തെന്നാൽ അതു് അവിടെ ഉണ്ടെന്നു നിങ്ങൾ കാണുന്നല്ലോ. അതു നമ്മളിൽ ഒരു ഫലമുണ്ടാക്കുന്നു. അതു അസത്യവുമല്ല. അതൊരു വ്യാമോഹം മാത്രമാണു്.

കണ്ണാടിയിൽ നിങ്ങൾ നിങ്ങളുടെ പടം കാണുന്നു. അതു് അസത്യമാണോ? വേദാന്തം പറയുന്നു:—"അല്ല. അതു് അസത്യമല്ല; എന്തെന്നാൽ അതു നിങ്ങളിൽ ഒരു ഫലംചെയ്യുന്നു. നിങ്ങളതു കാണുന്നു." അതു സത്യമാണോ? അതുമല്ല. അതു സത്യവുമല്ല. നിങ്ങൾ മുഖംതിരിച്ചുകളയുമ്പോൾ അതവിടെയില്ല. ഇതും ഒരു വ്യാമോഹമാണു്. ഈ വ്യാമോഹം രണ്ടുതരമുണ്ടു്. ആഭ്യന്തരവും ബാഹ്യവും. കയറിൽ കാണപ്പെടുന്ന പാമ്പിന്റെ കാൎയ്യത്തിൽ ആഭ്യന്തരവ്യാമോഹംവരുന്നു. ഈ ആഭ്യന്തരവ്യാമോഹത്തിനു് ഒരു വിശേഷതയുണ്ടു് വ്യാമോഹവസ്തു ഉള്ളപ്പോൾ യഥാൎത്ഥവസ്തുവിനെ കാണുകയില്ല; യഥാൎത്ഥവസ്തുവിനെ കാണുമ്പോൾ വ്യാമോഹവസ്തുവും ഇല്ലാതിരിക്കും; രണ്ടു വസ്തുക്കളുംകൂടി ഒന്നിച്ചിരിക്കുന്നതല്ല. ആഭ്യന്തരവ്യാമോഹത്തിൽ, വ്യാമോഹവും യഥാൎത്ഥഭാവവുംകൂടി ഒന്നിച്ചു കാണുകയില്ല. വ്യാമോഹവസ്തുവായ പാമ്പും, അതിന്റെ പിന്നിലുള്ള കയറും ഒന്നിച്ചു നാം കാണുന്നില്ല. പാമ്പുണ്ടെങ്കിൽ അവിടെ കയറില്ല; കയറുണ്ടെങ്കിൽ അവിടെ പാമ്പുമില്ല. ഒന്നോ, മറേറതോ ഏതെങ്കിലും ഒന്നു നശിക്കണം. ഒന്നോ മറേറതോമാത്രം ഇരിക്കണം.

എന്നാൽ ബാഹ്യവ്യാമോഹത്തിൽ രണ്ടും ഒന്നിച്ചിരിക്കും. യഥാൎത്ഥവും വ്യാമോഹവും, കണ്ണാടിയിലെ കഥപോലെ ഒന്നിച്ചു കാണപ്പെടും. കണ്ണാടിയിൽ കാണുന്ന പ്രതിബിംബം യഥാൎത്ഥമല്ല; അഥവാ സയൻസുകാരുടെ ഭാഷയിൽ, അതു് ഒരു അസത്യമായ പ്രതിച്ഛായ, പ്രതിഫലച്ഛായ, തോന്നൽമാത്രമാണു്. മുഖം യഥാൎത്ഥവസ്തുവാണു്. ഇവിടെ മുഖവും പ്രതിബിംബവും ഒന്നിച്ചിരിക്കുന്നു. വ്യാമോഹവസ്തുവായ പ്രതിബിംബവും യഥാൎത്ഥ

digitized by www.sreyas.in

വസ്തുവായ മുഖവും ഒരേസമയത്തു കാണപ്പെടുന്നു. ഇതാണു് ബാഹ്യവ്യാമോഹത്തിന്റെ വിശേഷത്വം. ഇതിൽ വേറൊരു പ്രത്യേകതയുമുണ്ടു്. കണ്ണാടിപോലെ വേറൊരു 'മധ്യവത്തിവസ്തു കൂടിയുണ്ടു്. കണ്ണാടി ഈ മധ്യവത്തിയും, വ്യാമോഹവസ്തു പ്രതിബിംബവും, യഥാർത്ഥവസ്തു മുഖവും ആകുന്നു. അതിനാൽ വാസ്തവത്തിൽ ഒരു ബാഹ്യവ്യാമോഹത്തിൽ തല്ക്കാലം മൂന്നു വസ്തുക്കൾ ഉണ്ടു്. ആഭ്യന്തരവ്യാമോഹത്തിൽ ഒരേ ഒരു വസ്തുവേ ഉള്ളൂ. *

പ്രപഞ്ചത്തിന്റെയെല്ലാം ഐക്യാവസ്ഥ നിങ്ങൾക്കു തെളിയിച്ചുതരാൻ വേദാന്തികൾ അനുവത്തിച്ച പരിശീലനങ്ങൾ ഈ തരത്തിലാണു്; അതു നിങ്ങൾക്കു വെളിപ്പെടുത്തിത്തരാം. അവരുടെ പരിശീലനങ്ങളും അനുഭവങ്ങളും, അവരുടെ മതപരമായ അഭിവൃദ്ധിയും, സത്യപ്രാപ്തിയും ഈ പ്രപഞ്ചം അശേഷം ബാഹ്യവും ആഭ്യന്തരവുമായ രണ്ടുവിധം വ്യാമോഹങ്ങളെക്കൊണ്ടു സൃഷ്ടിക്കപ്പെട്ടതാണെന്നു തെളിയിക്കുന്നു. ഒരു മനുഷ്യൻ ആദ്ധ്യാത്മികജീവിതചെയ്യാപദ്ധതി ആരംഭിച്ചു് തന്റെ ഉള്ളിൽ ഈശ്വരനെ സാക്ഷാല്ക്കരിക്കാൻതുടങ്ങുമ്പോൾ അവൻ ബാഹ്യവ്യാമോഹത്തെ ജയിക്കുന്നതേയുള്ളൂ. ഭൂമുഖത്തുള്ള സകല മതങ്ങളും ക്രിസ്തുമതം മുഹമ്മദുമതം, ബുദ്ധമതം, സൗരാഷ്ട്രമതം ഇവയെല്ലാം, വേദാന്തം ഒഴിച്ചുള്ള സകല മതങ്ങളും ഈ ബാഹ്യവ്യാമോഹത്തെ ജയിക്കാൻ വളരെയധികം ചെയ്തിട്ടുണ്ടു്. ഈ ബാഹ്യവ്യാമോഹം ജയിക്കാൻ പരിശ്രമിക്കുന്നിടത്തോളം അതുകളെല്ലാം ശരിയാണെന്നു വേദാന്തം സമ്മതിക്കുന്നു. എന്നാൽ വേദാന്തം ഒരു പടികൂടി മുന്നോട്ടുപോയി കയറുന്നു. അതു് ആഭ്യന്തരവ്യാമോഹത്തെയുംകൂടി ജയിക്കുന്നു. മററു മതങ്ങൾ സാധാരണ അതിന്റെ ചുവട്ടിൽ നില്ക്കുന്നതേയുള്ളൂ. "വേദാന്തം ഞങ്ങൾക്കെതിരാണു്" എന്നു് ഇവിടെ ആളുകൾ പറയുന്നു. അല്ല; ഒരിക്കലും അല്ല. അതു് എതിരല്ല. അവ തുടങ്ങിയതിനെ വേദാന്തം പൂത്തീകരിക്കുന്നു. അതു വേറൊന്നുകൂടി കൂട്ടിച്ചേക്കുന്നു. അതു് അതുകൾക്കെതിരായിട്ടല്ല; അതു് അവയ്ക്കു വിരോധമായിട്ടല്ല പ്രവത്തിക്കുന്നതു്. "ഇതു നിങ്ങൾ ഞങ്ങളോടു സംസ്കൃതം പറയുക, ഗ്രീക്കു പറയുകപോലെയാണു്" എന്നു നിങ്ങൾ പക്ഷേ പറയും. (അതായതു് നിങ്ങൾക്കു ഗ്രാഹ്യമല്ലാത്തതു്.) ഇതിന്റെ അത്ഥമെന്തെന്നു നിങ്ങൾ ചോദിക്കും?

ഇപ്പോൾ വളരെ സൂക്ഷ്മമായ ഏതാണ്ടു പറയാൻപോകുന്നു; അത്യന്തം ശ്രദ്ധയോടുകൂടി കേൾക്കണം. ഒരു കയറു പാമ്പായോ,

* വിക്ഷേപം, ആവരണം എന്നു മായയുടെ രണ്ടുഭാഗങ്ങൾ.

digitized by www.sreyas.in

സൎപ്പമായോ തെററിദ്ധരിക്കപ്പെടുന്നു. കയറിൽ ഒരു പാമ്പു പ്രത്യക്ഷപ്പെട്ടു. ഈ സൎപ്പം ഏതുതരം വ്യാമോഹംകാരണമായിട്ടാണു് ഉണ്ടായതു്? സൎപ്പം ആഭ്യന്തരമായ ഒരു ഭ്രമംമൂലമാണുണ്ടായതു്. സൎപ്പമുള്ളപ്പോൾ കയറും, കയറുള്ളപ്പോൾ സൎപ്പവും അവിടെ ഇല്ലെന്നു നിങ്ങൾക്കറിയാമല്ലോ. ഒരു വസ്തുവേ ഒരു സമയം കാണുന്നുള്ളു. ഇതു് ആഭ്യന്തരമായ ഭ്രമം—വ്യാമോഹംകൊണ്ടാണു്. വീണ്ടും സൂക്ഷിക്കുക; . ഈ പ്രത്യക്ഷമായ സൎപ്പം ഒരു വ്യാമോഹവസ്തുവാണു്, അതിന്റെ ഉത്ഭവകാരണം ആഭ്യന്തരവ്യാമോഹവുമാണു്. നിങ്ങൾ ഒരു കണ്ണാടിയിൽ നോക്കുമ്പോൾ അതു് എങ്ങിനെ പ്രയോജനപ്പെടുന്നുവോ, എങ്ങിനെ പ്രവൎത്തിക്കുന്നുവോ, അതുപോലെ അന്തൎല്ലീനമായ കയറിനു സൎപ്പം അതേവിധത്തിൽ അതേ ഉദ്ദേശത്തിൽ പ്രയോജനപ്പെടുന്നു, പ്രവൎത്തിക്കുന്നു. ഇതു നിങ്ങൾക്കു തെളിയിച്ചുതരേണ്ടതുണ്ടു്. കണ്ണാടി നിങ്ങൾക്കു് ഒരു മദ്ധ്യവൎത്തി(Medium)യായിത്തീരുകയും, അങ്ങിനെയിരുന്നുംകൊണ്ടു അതിൽക്കൂടി വ്യാമോഹവസ്തുവായ പ്രതിച്ഛായ നിങ്ങൾക്കു കാണിച്ചുതരുകയും ചെയ്യുന്നുവെന്നു നിങ്ങൾ അറിയുന്നു. കണ്ണാടിയുടെ കാൎയ്യത്തിൽ അതൊരു ബാഹ്യവ്യാമോഹം ആണു്. ആഭ്യന്തരമായ ഭ്രമംമൂലം, കയറിൽ സൎപ്പം പ്രത്യക്ഷമായി എന്നു ഇപ്പോൾ കാണിച്ചുതരാം. അന്തൎല്ലീനസത്യമാകുന്ന കയറിനു് കണ്ണാടിയെന്ന മദ്ധ്യവൎത്തിയെപ്പോലെ ഈ സൎപ്പം പെരുമാറുന്നു. ഇവിടെ നമുക്കൊരു ബാഹ്യവ്യാമോഹവും ഉണ്ടാകുന്നു.

ഒരു ബാലൻ വന്നു നിങ്ങളോടു പറയുന്നു: —"അച്ഛാ! അച്ഛാ! ഞാൻ പേടിച്ചുപോയി; അവിടെ ഒരു പാമ്പുണ്ടു്." നാം ചോദിക്കുന്നു:—"കുഞ്ഞേ! പാമ്പിനു് എന്തു നീളമുണ്ടായിരുന്നു?" കുട്ടി പറയുന്നു: "പാമ്പിനു രണ്ടുഗജംവരെ നീളം ഉണ്ടായിരുന്നു." "ആട്ടെ! പാമ്പിനു് എന്തു വണ്ണമുണ്ടായിരുന്നു?" കുട്ടി പറയുന്നു:- "അതു വലിയ തടിയനായിരുന്നു. സാൻഫ്രാൻസിസ്കോയിൽനിന്നു പോയ കപ്പലിൽ ഞാൻ ഇന്നാൾ കണ്ട കമ്പിയോളം അതു തടിച്ചതായിരുന്നു." നാം ചോദിക്കുന്നു:- "ശരി പാമ്പെന്തുചെയ്യുകയായിരുന്നു?" അവൻ പറയുന്നു. "അതു ചുരുണ്ടുചുരുണ്ടു കിടന്നിരുന്നു." പാമ്പവിടെ ഇല്ലായിരുന്നുവെന്നു നിങ്ങൾക്കറിയാമല്ലൊ. പാമ്പു് അയഥാൎത്ഥമായിരുന്നു. കയറുമാത്രമേ അവിടെ ഉണ്ടായിരുന്നുള്ളു. കയറിനു രണ്ടുഗജംവരെ നീളമുണ്ടായിരുന്നു; കപ്പൽ സാൻഫ്രാൻസിസ്കോ വിടുന്നസമയം അവൻ കണ്ട കമ്പിയോളം അതിനു വണ്ണവും ഉണ്ടായിരുന്നു; കയറു നിലത്തു ചുരുണ്ടുകിടക്കുകയുംചെയ്തിരുന്നു. ഇവിടെ, കയറിന്റെ ഗുണങ്ങൾ—വിശേഷണ

digitized by www.sreyas.in

ങ്ങൾ—അതിന്റെ നീളം, വണ്ണം, കിടന്ന സമ്പ്രദായം—ഇവയെല്ലാം വ്യാമോഹസർപ്പത്തിൽ പ്രതിബിംബിച്ചതുപോലെയായിരുന്നു. കയറു തന്റെ വണ്ണവും, നീളവും, കിടപ്പുരീതിയും എല്ലാം വ്യാമോഹസർപ്പത്തിലേക്കു പ്രതിഫലിപ്പിച്ചു. സർപ്പം അത്ര നീളമുള്ളതായിരുന്നില്ല. നീളം കയറിന്റേതുമാത്രമായിരുന്നു. സർപ്പത്തിന് ആ ഘനവും ഉണ്ടായിരുന്നില്ല; അതും കയറിനുമാത്രമായിരുന്നു. കിടപ്പും സർപ്പത്തിന്റേതായിരുന്നില്ല; കയറിന്റേതായിരുന്നു. ഇങ്ങിനെ നിങ്ങൾ സൂക്ഷിച്ചുനോക്കുക. ആദ്യം ആഭ്യന്തരഭ്രമം മൂലം, അതിന്റെ ഫലമായിട്ട്, സർപ്പമുണ്ടായി; പിന്നീട് ആ സർപ്പത്തിൽ ബാഹ്യവ്യാമോഹം എന്നു നമുക്കു വിളിക്കാവുന്ന വേറൊരുതരം വ്യാമോഹം ഉണ്ടായി. ഒന്നിന്റെ വിശേഷഗുണങ്ങൾ മറേറതിലേക്ക് ആരോപിക്കപ്പെട്ടു.

ഇതാണ് രണ്ടാമത്തെ ഭ്രമം—വ്യാമോഹം. ഈ വ്യാമോഹങ്ങളെ പരിഹരിക്കാൻ എന്തു ക്രിയാപദ്ധതിയാണ് സ്വീകരിക്കേണ്ടതു്? നമുക്കാദ്യം ഒരു വ്യാമോഹം നീക്കാം; പിന്നീട് മററതും. ബാഹ്യവ്യാമോഹം (അതായതു ആവരണശക്തി) ആദ്യം മാററാം; പിന്നീട് ആഭ്യന്തരവ്യാമോഹവും (വിക്ഷേപശക്തി).

വേദാന്തമനുസരിച്ച്, ഈ പ്രപഞ്ചം ആസകലം യഥാർത്ഥത്തിൽ ഒരേ അവിഭാജ്യവും, അവർണ്ണനീയവും ആയ സത്യം മാത്രമല്ലാതെ വേറൊന്നുമല്ല. അതിനെ നമുക്കു സത്യമെന്നുപോലും പറഞ്ഞുകൂടാ; അതു സർവ്വഭാഷയ്ക്കും അതീതമാണ്; കാലത്തിനും, സ്ഥലത്തിനും, കാരണത്തിനും അതീതമാണ്; സർവ്വത്തിനും അപ്പുറത്താണ്. സത്യമാകുന്ന ഈ കയറിൽ, അന്തർല്ലീനമായ ഈ അടിസ്ഥാനത്തിൽ – സാധനമെന്നോ വസ്തുവെന്നോ നിങ്ങളെന്തു പറഞ്ഞാലും വേണ്ടില്ല—നാമങ്ങളും, രൂപങ്ങളും ഭിന്നതകളും, അഥവാ (ഇങ്ങിനെ പറയുക) ഓജസ്സും, പ്രവൃത്തിയും, ചലനങ്ങളും പ്രത്യക്ഷീഭവിക്കുന്നു. ഇവ സർപ്പത്തെപ്പോലെയാണ്. അവിടെ ഈ ആഭ്യന്തരവ്യാമോഹം—വിക്ഷേപവ്യാമോഹം പൂർണ്ണമായതിനു ശേഷം, ബാഹ്യവ്യാമോഹം — ആവരണവ്യാമോഹം – പ്രത്യക്ഷീഭവിക്കുന്നു എന്നു നാം കാണുന്നു. ഈ ബാഹ്യഭ്രമംമൂലം ഈ നാമങ്ങൾക്കും രൂപങ്ങൾക്കും, വ്യക്തിത്വങ്ങൾക്കും, വ്യക്തിവിശേഷങ്ങൾക്കും അവയ്ക്കു സ്വന്തമായ ഒരു യാഥാർത്ഥ്യമുണ്ടെന്നു നാം പരിഗണിക്കുന്നു. അവ സ്വയം നിലനില്ക്കുന്നവയെന്നും, അവയ്ക്കു പ്രത്യേകമായൊരു യാഥാർത്ഥ്യമുണ്ടെന്നും നാം ചിന്തിക്കുന്നു. ഇവിടെ, ഇങ്ങിനെ രണ്ടാമത്തെ വ്യാമോഹമായ ബാഹ്യവ്യാമോഹം ഉൽഭവി

digitized by www.sreyas.in

ക്കുന്നു. നാമിനി ഈ പദ്ധതി ഒന്നുമറിച്ചിട്ടുമ്പോൾ അതു നിങ്ങൾക്കു നല്ലവണ്ണം മനസ്സിലാകും.

മതങ്ങൾ എന്തുചെയ്തിട്ടുണ്ട്. പ്രിയപ്പെട്ട ക്രിസ്തുമതത്തിൻെറയും, പ്രിയപ്പെട്ട മുഹമ്മദുമതത്തിൻെറയും (ഈ മതങ്ങളുടെ) മാന്യതയ്ക്കും, മഹത്വത്തിനും തെളിവായിട്ടിതു പറഞ്ഞുകൊള്ളട്ടെ ബാഹ്യവ്യാമോഹത്തെ നീക്കാൻ അതുകൾ വളരെയൊക്കെ ചെയ്തിട്ടുണ്ട്. പരിശുദ്ധജീവിതം നയിക്കയും, സാർവ്വലൌകികപ്രേമം പൊഴിക്കുന്ന ദിവ്യമായ പരമാനന്ദം അനുഭവിക്കുന്നവിധം ജീവിക്കയും, ആശയും വിശ്വാസവും മര്യാദയും നിറഞ്ഞ ഒരു ജീവിതംനയിച്ചു നാനാവശത്തും അളവററ പ്രേമം പ്രവഹിപ്പിച്ചുകൊണ്ട്, ലോകം മുഴുവനും ദിവ്യത്വം നിറച്ചുകൊണ്ട് ജീവിക്കയുംചെയ്താൽ, സകലത്തിലും നാം ഈശ്വരനെ കാണുമെന്ന് അതുകൾ മനുഷ്യവംശത്തിനു കാണിച്ചുകൊടുത്തിട്ടുണ്ട്. സൂക്ഷിച്ചുവീക്ഷിക്കുക. യഥാർത്ഥപുണ്യവാൻ അഥവാ മഹർഷി യഥാർത്ഥക്രിസ്ത്യാനി— പ്രിയപ്പെട്ട ക്രിസ്ത്യാനി— പോരുകളിൽപോലും ദൈവത്തെ കാണുന്നു. അവൻ ശത്രുവിനെ ദ്വേഷിക്കുന്നില്ല; നേരേമറിച്ച് പ്രേമിക്കുന്നു. അഹോ! "നിങ്ങളുടെ ശത്രുവിനെ നിങ്ങളെപ്പോലെ സ്നേഹിക്കുക." യേശുവിൻെറ ആ ആജ്ഞ! അദ്ദേഹം പുഷ്പങ്ങളിലും ഒരേ ദൈവത്തെക്കാണുന്നു. നിങ്ങൾ എപ്പോഴെങ്കിലും ആ അവസ്ഥ അനുഭവിച്ചിട്ടുണ്ടോ? യഥാർത്ഥമതഭക്തൻ അനുഭവിച്ചിട്ടുണ്ട്. പുഷ്പങ്ങൾ നിങ്ങളോടു സംസാരിക്കുന്നു, കല്ലുകളിൽനിന്നു പ്രസംഗങ്ങൾ കേൾക്കുന്നു; ഒലിക്കുന്ന അരുവികളിൽ ഗ്രന്ഥങ്ങൾ കാണപ്പെടുന്നു; നക്ഷത്രങ്ങൾ നിങ്ങളോടു സല്ലപിക്കുന്നു. ഈശ്വരചൈതന്യം മനുഷ്യമുഖത്തിൽക്കൂടെ നിങ്ങളെ വീക്ഷിക്കുന്നു. ഈശ്വരനു ബുദ്ധിപരമായ തെളിവുവേണമോ? വേണ്ടാ. അദ്ദേഹം തൻെറ സ്വന്തതെളിവും വഹിച്ചുകൊണ്ടു നടക്കുന്നു സകല ലൌകികയുക്തിയും, ലൌകികതത്വജ്ഞാനവും അധഃകരിച്ചുതള്ളുന്ന തെളിവിൽ അദ്ദേഹം വിശ്രമിക്കുന്നു. സർവ്വത്ര ഈശ്വരസാന്നിധ്യം ദർശിക്കുന്ന ഒരു മനുഷ്യൻ ജീവിക്കുന്നതും, ചലിക്കുന്നതും, ജീവൻ മുഴുവൻ വഹിക്കുന്നതും ദിവ്യത്വത്തിൽ—ഈശ്വരനിൽ അത്രെ. ഈതരം മതജീവിതംമുഖേന, അഭ്യാസവും അനുഭവവും പരിശീലനവുംമുഖേന അവൻ ബാഹ്യവ്യാമോഹം ജയിക്കുന്നു. അതെങ്ങിനെ? ഈ രൂപങ്ങളിലെല്ലാം, ഈ ഉപാധികളിലെല്ലാം, സ്വരൂപങ്ങളിലും ഭിന്നതകളിലും എല്ലാം ഈശ്വരൻ പ്രതിഭാസിക്കുന്നു എന്നു നിങ്ങൾ പറയുന്നുവെന്ന് അറിയാമല്ലോ ഇവയെല്ലാം സർപ്പത്തെപ്പോലെയാണ്. എന്നിട്ടും അവയ്ക്കുപിന്നിൽ നിങ്ങൾ നോക്കിയാൽ, സർപ്പത്തിൽ അന്തർല്ലീനമായ


digitized by www.sreyas.in

കയറു് അവയുടെ പിൻവശം നിങ്ങൾക്കുകാണാം. നീളവും വണ്ണവും കിടപ്പുമെല്ലാം നിങ്ങൾ ആരോപിക്കുന്നതു സൎപ്പത്തിലല്ല, എന്നാൽ അതിൽ അന്തർഭൂതമായ കയറിലാണു്. അവിടെ നിങ്ങൾ ഒരുതരം വ്യാമോഹംമാത്രമേ പരിഹരിക്കുന്നുള്ളു. സകലത്തിനുംപിന്നിൽ നിങ്ങൾ ഈശ്വരനെ നോക്കുന്നു. മതജീവിതത്തിന്റെ ഈ പതനത്തിൽ നിങ്ങൾ എത്തുമ്പോൾ, നിങ്ങൾ ശത്രുക്കളിലോ, ഇഷ്ടന്മാരിലോ നിചോദ്ദേശങ്ങൾ ആരോപിക്കുന്നില്ല. എന്നാൽ അവരിൽ നിങ്ങൾ ഈശ്വരനെക്കാണുന്നു. അവക്കുപിന്നിൽ ഈശ്വരന്റെ അംഗുലികൾ—സൎവ്വജ്ഞന്റെ അംഗുലികൾ—കാണുന്നു. കേവലനായ ഈശ്വരൻ—ഏകനായ സൎവ്വവ്യാപി—സ്വസ്വം—ഏകദൈവം ഇതെല്ലാം ചെയ്യുന്നുവെന്നു നിങ്ങൾ കാണുന്നു. ഞാൻ സ്നേഹിതന്മാരിൽ ദുരുദ്ദേശങ്ങൾ ആരോപിക്കരുതു്. ഇങ്ങിനെ ഒരുതരം വ്യാമോഹം--ബാഹ്യമായ ഭ്രമം--ജയിക്കപ്പെടുന്നു. നിങ്ങളുടെ പുരോഗമനത്തിൽ ഇതു് ഒരു പടിയാണു്. എന്നാൽ വേദാന്തം അതിനും അപ്പുറം പോകുന്നു. അതു നിങ്ങളോടു പറയുന്നു:—"സഹോദരാ! ഇതുകളിലെല്ലാം ഈശ്വരൻ ഉണ്ടെന്നു നിങ്ങൾ പറയുന്നുവെങ്കിൽ, അതു മുഴുവൻ സത്യവും ആയില്ല; അതിനും അപ്പുറം പോകുക." ഈ സ്വരൂപങ്ങളും ഈ പ്രതിച്ഛായകളും ഭിന്നതകളും വ്യത്യാസങ്ങളും സകലവും ഈശ്വരനെ ഉൾക്കൊള്ളുന്നു. എന്നാൽ അതേസമയം, ഈ രൂപങ്ങളും ഭിന്നഭിന്നവ്യാമോഹങ്ങളും അയഥാർത്ഥമാണു്. അവ കയറിലെ സർപ്പംപോലെയാണു്. അതിനും അപ്പുറത്തു പോകുക, അതിനുംകൂടെ, സകല സങ്കല്പത്തിനും, സകല വാക്കുകൾക്കും, അതീതമായ ഒരവസ്ഥയിൽ നിങ്ങൾ പ്രാപിക്കുന്നു. ഇതുപോലും അയഥാർത്ഥമാണു്. ഇവിടെ വേദാന്തം എല്ലാ മതങ്ങളുടെയും പൂർത്തീകരണമാണെന്നു നിങ്ങൾ കാണുന്നു. അതു് ഈ ലോകത്തിലെ യാതൊരുമതത്തെയും ഖണ്ഡിക്കുന്നില്ല.

ഈ പ്രപഞ്ചം ഈ ദൈവമോ, ആ ദൈവമോ സൃഷ്ടിച്ചതാണെന്നു പറയേണ്ട ആവശ്യമില്ലെന്നുള്ളതു കാണിക്കപ്പെട്ടു. ഈ രൂപങ്ങളും വേഷങ്ങളും, ആകൃതികളും, അവസ്ഥകളും ആണു് ഈ ലോകമെന്നും, അല്ലാതെ മറ്റൊന്നും അല്ലെന്നും തെളിയിക്കപ്പെട്ടു.

ഇതാ! ഇവിടെ രണ്ടു ത്രികോണങ്ങളും ഒരു ചതുഷ്കോണവും. ഈ ത്രികോണങ്ങളുടെ ഓരോന്നിന്റെയും രണ്ടു ഭുജങ്ങൾ തുല്യദീർഘങ്ങളാണു് ഈ തുല്യവശങ്ങളെ 3 എന്നും മൂന്നാമത്തെ വശത്തെ

digitized by www.sreyas.in




4 എന്നും അടയാളപ്പെടുത്തിയിരിക്കുന്നു. ചതുഷ്കോണത്തിൽ നീളം കുറഞ്ഞവശങ്ങളെ 3 എന്നും, കൂടിയവശങ്ങളെ 4 എന്നും അടയാളപ്പെടുത്തിയിരിക്കുന്നു. ഈ രൂപങ്ങൾ കടലാസ്സിലോ, കാർഡുബോർഡിലെ, ഏതിലോ വെട്ടി ഉണ്ടാക്കിയിരിക്കുന്നു. ഇതുകളെ മൂന്നും ചേർത്തു ഒരേ രൂപമാകത്തക്കവിധം അടുക്കിവെയ്ക്കുക. അഥവാ ത്രികോണങ്ങളുടെ ദീർഘവശങ്ങളും, ചതുഷ്കോണത്തിന്റെ ദീർഘവശങ്ങളും യോജിക്കുന്ന വിധത്തിൽ അതുകളെ ചേർത്തുവെക്കുക. അതപ്പോൾ എന്തായിത്തീരുന്നു! ഓരോവശവും 3 എന്ന നീളം കൊണ്ട ഒരു ഷൾക്കോണം നമുക്കു ലഭിക്കുന്നു. 4 എന്നടയാളപ്പെടുത്തിയ വശങ്ങൾക്കൊക്കെ പുതിയ രൂപത്തിന്റെ ഉള്ളിൽ മറഞ്ഞുപോയി അവ വശങ്ങളല്ലാതെയായിത്തീരുന്നു. നമുക്കീഷൾക്കോണം എങ്ങിനെ കിട്ടി? ത്രികോണങ്ങളും ചതുഷ്കോണവും പുതിയ ഒരു ഭിന്നരീതിയിൽ സംഘടിപ്പിച്ചപ്പോൾ നമുക്കതുണ്ടായി. ആദ്യരൂപങ്ങളുടെയും അവസാനരൂപത്തിന്റെയും ഗുണങ്ങൾക്കു എന്തുനിലവ്യത്യാസം? അവസാനരൂപത്തിന്റെയും, അതിന്റെ അംഗികങ്ങളായ ആദ്യരൂപങ്ങളുടെയും പ്രകൃതങ്ങൾ തിരെ ഭിന്നിച്ചു കാണപ്പെടുന്നു. അംഗികരൂപങ്ങളിൽ ത്രികോണങ്ങൾക്കു ഓരോന്നിനും ഈരണ്ടു Acute Angles (90 ഡിഗ്രിയിൽ കുറഞ്ഞ അളവുള്ള കോണങ്ങൾ) ഉണ്ടായിരുന്നു. അവസാനരൂപത്തിൽ അവയില്ല. അംഗികരൂപത്തിലെ ചതുഷ്കോണത്തിനു 90 ഡിഗ്രി കോണങ്ങൾ ആയിരുന്നു. അവസാനരൂപത്തിൽ അവയും അപ്രത്യക്ഷമായി. ആദ്യരൂപങ്ങളിൽ 4 എന്നളവുള്ള വശങ്ങൾ ഉണ്ടായിരുന്നു; പരിണതരൂപത്തിൽ അവയില്ല. ആദ്യരൂപങ്ങളിൽ എല്ലാത്തിനും ഒരേ നീളമുള്ള വശങ്ങൾ അല്ലായിരുന്നു. അന്തിമരൂപത്തിലാകട്ടെ എല്ലാവശങ്ങൾക്കും ഒരേ നീളമാണു. അതിന്റെ കോണങ്ങളും തുല്യങ്ങളാണു. നാമിവിടെ ഒരു സൃഷ്ടികാണുന്നു; മുമ്പറിയാത്ത ഗുണങ്ങളോടുകൂടിയ ഒരു ഷൾക്കോണം ഇവിടെ സൃഷ്ടിക്കപ്പെട്ടു

digitized by www.sreyas.in

തിരെ പുതിയതായ ഈ ഗുണങ്ങൾ എവിടെനിന്നുവന്നു? സൂക്ഷിക്കുക. ഈ തീരെ പുതിയ ഗുണങ്ങൾ ഒരു സൃഷ്ടികർത്താവും സൃഷ്ടിച്ചതല്ല. ഈ പുതിയ ഗുണങ്ങൾ അംഗരൂപങ്ങളിൽ നിന്നുത്ഭവിച്ചതുമല്ല. അവ പുതിയ ഒരു രൂപത്തിൻെറ ഫലങ്ങളാണു്. ഒരു പരിണാമത്തിൻെറ, മാററത്തിൻെറ ഗുണങ്ങളാണു്. ഒരു പുതിയ ഭാഷയുടെ--വേദാന്തം മായ എന്നു വിളിക്കുന്നതിൻെറ--ഗുണങ്ങളാണു്. മായ എന്നാൽ പേരും രൂപവും ആണു്. അവ പേരുകളുടെയും, രൂപങ്ങളുടെയും ഫലങ്ങളാണു്; അതു സൂക്ഷിക്കുക. വീണ്ടും നോക്കുക.

ഈ ത്രികോണങ്ങൾ രണ്ടും അബ്ജനകാണുക്കൾ (Hydrogen - H) ആണെന്നിരിക്കട്ടെ. ചതുഷ്കോണം അമ്ലജനകാണുവും (O); അതായതു് Oxygen; ആദ്യം ഈ പ്രാഥമികാണുക്കൾക്കു്--അബ്ജനകത്തിനും അമ്ലജനകത്തിനും സ്വന്തവും---പ്രത്യേകവും ആയ ഗുണങ്ങൾ ഉണ്ടു്. ഇവകൾ ചേൎന്നുണ്ടാകുന്ന ജലം ($H_2O$) * എന്ന പരിണതവസ്തുവിനു് തീരെ പുതിയ ഗുണങ്ങളാണുള്ളതു്. അബ്ജനകവും അമ്ലജനകവുംകൂടി നമുക്കു ജലം ഉണ്ടാക്കിത്തരുന്നു. അബ്ജനകം ത്വരിതജ്വലമാണു്; ജലമങ്ങിനെയല്ല. ജലത്തിനു് അബ്ജനകത്തിൽനിന്നു തീരെ ഭിന്നമായ ഗുണങ്ങളാണുള്ളതു്. അമ്ലജനകം ജ്വലനത്തെ സഹായിക്കുന്നു. എന്നാൽ ജലം അതു ചെയ്യുന്നില്ല. അതിനു തീരെ പുതിയ സ്വന്തഗുണങ്ങളാണുള്ളതു്. വീണ്ടും, അബ്ജനകം വളരെ ഘനം കുറഞ്ഞ വാതകമാണു്. അമ്ലജനകം അത്രയ്ക്കു ഘനം കുറഞ്ഞതല്ല. അബ്ജനകം ബലൂണിൽ നിറച്ചാൽ അതു് നിങ്ങളെ ആകാശത്തേയ്ക്കുയൎത്തും. അന്തിമപദാൎത്ഥമായ ജലം അതു ചെയ്യുകയില്ല. അംഗപദാൎത്ഥങ്ങളുടെ ഗുണങ്ങളൊന്നും അന്തിമപദാൎത്ഥത്തിനില്ല. പുതിയ സാധനത്തിനു് അതിൻെറ ഗുണവിശേഷങ്ങൾ എങ്ങിനെ കിട്ടി? അതുകൾ അംഗവസ്തുക്കളിലോ, സ്രഷ്ടാവിലോ നിന്നുകിട്ടിയതാണോ? അല്ല. അവ പുതുരൂപത്തിൽ നിന്നുൽഭവിക്കുന്നു. പുതിയരൂപത്തിൽ, പുതിയ വ്യവസ്ഥിതിൽ, പുതിയ ഭാഷയിൽനിന്നും ഉണ്ടാകുന്നു. അതാണു് വേദാന്തം നമ്മോടു പറയുന്നതു്. ഈ പ്രപഞ്ചത്തിൽ കാണപ്പെടുന്നതെല്ലാം വെറും നാമങ്ങളുടെയും രൂപങ്ങളുടെയും ഫലമാണെന്നു് അതു നിങ്ങളോടു പറയുന്നു. അതിനും ഇതിനും ഒക്കെ ഒരു സൃഷ്ടികൎത്താവിൻെറ സാന്നിധ്യം സ്ഥാപിക്കേണ്ട ആവശ്യം നിങ്ങൾക്കില്ല. അവയെല്ലാം നാമരൂപങ്ങളുടെ ഫലങ്ങളാണു്.

---

$H_2O$ = കെമിസ്ത്രിയിൽ ജലത്തെ സൂചിപ്പിക്കുന്ന ചിഹ്നം.

digitized by www.sreyas.in

ഇതാ! നിങ്ങളുടെ മുമ്പിൽ ഒരുവശത്തു് ഒരു കഷ്ണം കരി. അതുപോലെ മറുവശത്തു് മിന്നിക്കൊണ്ടു്, പ്രഭാപൂരം ചിതറിക്കൊണ്ടു്, ഉജ്ജ്വലിക്കുന്ന ഒരു വജ്രം കരിയുടേതിനെക്കാൾ തുലോം ഭിന്നമായ ഗുണവിശേഷങ്ങളാണു് വജ്രത്തിനുള്ളതു്. വജ്രം ബഹുകഠിനവും, ഇരിമ്പുപോലും മുറിക്കാൻ ശക്തിയുള്ളതുംആണു്. കരി മൃദുവും ക്ലാസ്സിൽ പതുക്കെ വരച്ചാൽ അടയാളം രേഖപ്പെടുത്തുന്നതുംആണു്. വജ്രം അനർഘവും, പ്രഭാശാലിയും, മനോഹരവുംആണു്. കരി വിലകുറഞ്ഞതും, വൃത്തികെട്ടതും, കറുത്തതുമത്രേ. രണ്ടും തമ്മിലുള്ള താരതമ്യം ശ്രദ്ധിക്കുക. പക്ഷേ യഥാർത്ഥത്തിൽ ഇതു രണ്ടും ഒന്നുതന്നെയാണു്. സ്‌യൻസു് ഇതു തെളിയിക്കുന്നു. ഹാ! നിങ്ങൾ പറയും: "എന്റെ ബുദ്ധിക്കിതു ഗ്രഹിക്കാൻ പാടില്ല." നിങ്ങൾ അതു സമ്മതിച്ചാലും, ഇല്ലെങ്കിലും ശരി, അതൊരു പരമാർത്ഥമാണു്. അതുപോലെ വേദാന്തം പറയുന്നു—"ഇതാ! ദുഷ്ടമായ ഒരു പദാർത്ഥവും, ശിഷ്ടമായൊരു പദാർത്ഥവും. നിങ്ങൾ ശത്രുക്കളെന്നും ബന്ധുക്കളെന്നും വിളിക്കുന്ന വസ്തുക്കൾ ഉണ്ടു്. വജ്രം നല്ലതു്, കരി മോശം. പക്ഷേ യഥാർത്ഥമായിട്ടു് ഇതുകളുടെയെല്ലാം പിന്നിൽ ഒരേ ഒരു പരമാർത്ഥസത്തയാണുള്ളതു്. വജ്രത്തിലും, കരിയിലും ഒരേ ഇംഗാലം ഇരിക്കുന്നതുപോലെ, രണ്ടിടത്തും യഥാർത്ഥമായി കേവലനായ ഈശ്വരൻ ഒരുപോലെ സ്ഥിതിചെയ്യുന്നു. പേരിലും രൂപത്തിലുമാണു ഭേദം, വേറൊന്നിലുമല്ല". വജ്രത്തിലെ ഇംഗാലാണുകങ്ങൾ കരിയിലെ ഇംഗാലാണുകങ്ങളെക്കാൾ ഒരു ഭിന്നരീതിയിൽ, ഭിന്നരൂപത്തിൽ സംഘടിപ്പിച്ചിരിക്കുന്നുവെന്നു സയൻസുകാർ—ശാസ്ത്രജ്ഞന്മാർ—പറയുന്നു. വജ്രത്തിലും കരിയിലും ഉള്ള ഭിന്നതകൾ നാമവും രൂപവും കൊണ്ടുള്ള ഭേദങ്ങൾ മാത്രമാണു്. ഇതിനാണു ഹിന്ദുക്കൾ മായ എന്നു വിളിക്കുന്നതു്. ഭിന്നതയെല്ലാം നാമരൂപങ്ങൾ മാത്രമാണു്.

അതുപോലെ, നന്മതിന്മകൾ തമ്മിലുള്ള വ്യത്യാസങ്ങളും മായ—നാമരൂപങ്ങൾ—മൂലമാണുണ്ടാകുന്നതു്, വേറൊന്നുമല്ല. ഈ നാമരൂപങ്ങൾ യഥാർത്ഥമല്ല; എന്തെന്നാൽ അവ നീണ്ടുനില്ക്കുന്നില്ല. അവ അസത്യമാണു്; എന്തെന്നാൽ നാമവയെ ഒരിക്കൽ കാണുന്നു; പിന്നെയൊരിക്കൽ കാണാതെയിരിക്കുന്നു. പ്രപഞ്ചത്തിലെ സംഭവങ്ങളുടെ വൈവിദ്ധ്യം നാമരൂപങ്ങളുടെ നാനാത്വങ്ങളും, ഭിന്നതകളും, വ്യത്യാസങ്ങളും, സംഘടനകളും മൂലം ഉണ്ടാകുന്നതാണു്. ഈ വ്യത്യാസങ്ങളും സംഘടനാഭേദങ്ങളും എന്തുകാരണംകൊണ്ടുണ്ടാകുന്നു? അതുകൾ ആഭ്യന്തരഭ്രമം—വ്യാമോഹം—മൂലമാണു്. ആഭ്യന്തരവ്യാമോഹം കാരണ

digitized by www.sreyas.in

മുള്ള നാമരൂപങ്ങളിൽ കേവലനായ ഈശ്വരൻ പ്രകാശിക്കുന്നു. മായ എന്നു വിളിക്കപ്പെടുന്ന പ്രപഞ്ചത്തിലെ നാമങ്ങളിലും രൂപങ്ങളിലും ഈശ്വരൻ പ്രതിഭാസിക്കുന്നു. ഇതു് ആഭ്യന്തരവ്യാമോഹം മൂലമാണു്. അതിനും അപ്പുറത്തു കടക്കുക, നിങ്ങൾ അപ്പോൾ സർവ്വസ്വാവുമായിത്തീരുന്നു. സകലത്തിലും ഒരുപോലെ കാണുന്നവനാണു് കാണുന്നവൻ. (ആത്മവൽ സർവ്വഭൂതാനി യഃ പശ്യതി സ പശ്യതി) സമസ്തത്തിലും ഒന്നുപോലെ ഏകേശ്വരനെ കാണുന്നവൻ കണ്ണു തുറന്നുവെച്ചിരിക്കുന്നു. ഗീതയിൽനിന്നു കുറെ വരികൾ ഇതു നിങ്ങൾക്കു തെളിയിച്ചുതരുന്നു.

"അഹം ക്രതു,രഹം യജ്ഞഃ സ്വധാഹ,മഹമൌഷധം
മന്ത്രോഹ,മഹമേ വാജ്യം, അഹമഗ്നി,രഹം ഹുതം;
പിതാഹമസ്യ ജഗതോ മാതാ ധാതാ പിതാമഹഃ
വേദ്യം പവിത്രമോങ്കാരം, ഋക്സാമയജുരേവ ച,

ഗതിർഭർത്താ പ്രഭുഃ സാക്ഷീ നിവാസഃ ശരണം സുഹൃൽ
പ്രഭവഃ പ്രളയഃ സ്ഥാനം നിധാനം ബീജമവ്യയം
തപാമ്യഹമഹംവർഷം നിഗൃഹ്ണാമ്യുൽസൃജാമി ച
അമൃതംചൈവ മൃത്യുശ്ച സദസച്ചാഹമർജ്ജുന!"

(ശ്രീമൽ ഭഗവൽഗീത —അദ്ധ്യായം 9—ശ്ലോകങ്ങൾ 16-19)

ഗംഗാനദിയുടെ സുസ്വരഗാനവും,
ഭംഗിയിലാടും തരുക്കൾസംഗീതവും,

സംഗരംചെയ്യും സമുദ്രതരംഗങ്ങൾ
തങ്ങളിൽതട്ടും പ്രതിധ്വനിഘോഷവും,

ധേനുവത്സങ്ങളമറുന്ന ശബ്ദവും,
നൂനം മൃദുമിനുസം ഹിമത്തുള്ളിയും,

നൂണുതാണിങ്ങോട്ടിറങ്ങും ഘനൌഘവും,
പ്രാണികൾതൻ തനുപാദസുസ്വാനവും,

കൂട്ടങ്ങളായ്ജനം പൊട്ടിച്ചിരിക്കുന്നൊ-
രട്ടഹാസങ്ങളും, പത്മച്ചിയനുടെ

ധൃഷ്ടമായിശനെകപ്രഭ ചിന്നിടും
പുഷ്ടകിരണങ്ങൾ തന്നുടെജാലവും,

മൌനതാരങ്ങൾ തെളുതെളെ മിന്നലും,
സാനന്ദമമ്പോടടുത്തുമകരലെയും

digitized by www.sreyas.in

മാനാധികം ചിതറിച്ചുകൊണ്ടങ്ങനെ
മാനിച്ചു രാജതരശ്മി പൊഴിച്ചിട്ടും

രാകാധിനാഥന്റെ ലീലാവിലാസവും,
ആകമ്രമുജ്ജ്വലിക്കു മസി മിന്നലും;

ശ്രീകരരത്നപ്രഭാവത്തിളക്കവും,
ആക്രുതമേകുമിരുട്ടു രാത്രിസ്ഥലേ

മൂടൽമഞ്ഞിന്റെ തടസ്സങ്ങൾഭഞ്ജിച്ചൊ–
ത്തൂട്ടുനൽകുന്ന പ്രകാശഗേഹത്തിലെ

കേടകന്നുള്ള ദീപത്തിൻകിരണവും,
പോടൊരാപ്പിൾപ്പഴമാകും ധരിത്രിയും,

വാനത്തിലെ പ്രഭാസമ്പൽപ്രതാപവും,
സ്വാനരഹിതമാം സ്വാനമഹിമയും,

ഹീനദീപം പ്രഭാപുഞ്ജവും, താമിസ്ര–
ഹീനമായിട്ടുള്ളൊരന്ധതാമിസ്രവും,

പക്ഷമില്ലാതെകണ്ടുള്ളപറക്കലും,
ചക്ഷുസ്സുകൂടാത്ത കാഴ്ചയും, മാനസ–

വൃത്തിയെക്കൂടാത്ത ചിന്താപ്രവൃത്തിയും,
വക്ത്രമില്ലാതുള്ള സംഭാഷണങ്ങളും,

കൈത്താലമില്ലാതുറച്ചു മുറുക്കമായ്
ചേർത്തുപിടിക്കും പിടിയും—ഇതൊക്കെയും

ഞാൻതന്നെ, ഞാൻതന്നെ, ഞാൻതന്നെ, ഞാൻതന്നെ
ഞാൻതന്നെയല്ലാതെ വേറൊന്നുമല്ലഹോ!

ഓം! ഓം!! ഓം!!!

digitized by www.sreyas.in

# 5. പ്രപഞ്ചം എപ്പോൾ ആരംഭിച്ചു?

(1904 ഏപ്രിൽ 6 ബുധനാഴ്ച)

മഹതീമഹാന്മാരുടെ രൂപത്തിലുള്ള പ്രേമമൂർത്തിയായ ഈശ്വരാ,

"ലോകം എപ്പോൾ ആരംഭിച്ചു?" എന്ന ചോദ്യം വന്നിരിക്കുന്നു. 'എപ്പോൾ' എന്നതിന്റെ നിർവചനം നോക്കുമ്പോൾ 'ഏതുകാലം?' എന്നുള്ള അർത്ഥം നമുക്കു ലഭിക്കുന്നു. അപ്പോൾ ചോദ്യം "ഏതുകാലത്തു ലോകം ആരംഭിച്ചു?" എന്നായിത്തീരുന്നു. എന്നാൽ കാലം ഈ പ്രപഞ്ചത്തിന്റെ ഒരംശം മാത്രമാകയാൽ അതിന്റെ അർത്ഥം കാലം ഏതുകാലത്തു തുടങ്ങി എന്നതാണ്. ഇതാണ് ചോദ്യത്തിന്റെ താല്പര്യം. ഈ രൂപത്തിൽ നോക്കുമ്പോൾ ചോദ്യം അസംബന്ധവും ആക്ഷേപകരവും ആകുന്നു. "പ്രപഞ്ചം എവിടെ തുടങ്ങി? സ്ഥലം എവിടെ ആരംഭിച്ചു? ലോകം എങ്ങിനെ ആരംഭിച്ചു?" എന്ന ചോദ്യങ്ങളുമുണ്ട്. വല്ല ബുദ്ധിമാന്മാരും ഈ ചോദ്യങ്ങൾക്കെല്ലാം ഉത്തരം പറയാൻ ശ്രമിക്കട്ടെ. രാമൻ ആ ജോലി അവർക്കുവിട്ടിരിക്കുന്നു. രാമൻ എടുക്കാൻ ശ്രദ്ധിക്കാത്ത ഒരു വിഷയമാണത്. ഈ പ്രശ്നങ്ങൾക്കു പരിഹാരം കണ്ടുപിടിക്കാൻ തങ്ങളുടെ സമയം ചെലവഴിക്കുന്ന ജനങ്ങൾ ഉണ്ട്. പക്ഷേ അതുകൊണ്ടെന്തു? അവർ കുറേദൂരം പോകുന്നു; പിന്നീടു തീരെ തുരന്നുകയറാൻ പാടില്ലാത്ത ഒരു കരുങ്കല്ലുഭിത്തിയിൽ ചെന്നുമുട്ടി അവർ നില്ക്കുന്നു.

ഇപ്പോൾ ഇവിടെ എനിക്കു് ഒരു കൊടിൽ ഉണ്ടെന്നിരിക്കട്ടെ. അതിനു് അതും ഇതും എല്ലാം പെറുക്കിയെടുക്കാം. എന്നാൽ അതിനു് പുറംതിരിഞ്ഞു് അതിനെ പിടിച്ചു നിയന്ത്രിക്കുന്ന കൈകളെ പിടികൂടാൻ തരമില്ല. അതുപോലെ കാലം, സ്ഥലം, കാരണം എന്ന ത്രിതയത്തിനു് പ്രാപഞ്ചികസംഭവങ്ങളെ പിടിക്കാമെന്നല്ലാതെ അവയ്ക്കു പുറമേ നില്ക്കുന്ന സത്തയെ പിടിക്കാൻ സാധിക്കയില്ല.

കണ്ണിൽ ദീനംപിടിച്ച നാലുപേരെ ഒരിക്കൽ ചികിത്സയ്ക്കായി ആശുപത്രിയിൽ കൊണ്ടുപോയി. ശസ്ത്രക്രിയ അവിടെവെച്ചു ചെയ്താൽ ദീനം ഭേദപ്പെട്ടുമെന്നായിരുന്നു അവരുടെ വിചാരം. ഇവർക്കു പ്രകൃത്യാതന്നെ തീരെ കാഴ്ചയില്ലായിരുന്നു നാലിന്ദ്രിയങ്ങളേ അവർക്കു ശേഷിച്ചിരുന്നുള്ളു. ജന്നൽ കണ്ണാടിയുടെ നിറത്തെക്കുറിച്ചവർ തർക്കിക്കാൻ ആരംഭിച്ചു. ഒരാൾ പറഞ്ഞു.—"സർവ്വക

digitized by www.sreyas.in

ലാശാലയിൽ പഠിക്കുന്ന എന്റെ മകൻ ഇവിടെ വന്നിരുന്നു അവൻ പറഞ്ഞു കണ്ണാടി മഞ്ഞയാണെന്നു്. അതു മഞ്ഞയായിരിക്കണം." വേറൊരുവൻ പറഞ്ഞു:—"ഒരു മുനിസിപ്പൽ കമ്മീഷണർ ആയ എന്റെ മാതുലൻ ഇന്നാൾ ഇവിടെ വന്നപ്പോൾ കണ്ണാടി ചുവപ്പാണെന്നു എന്നോടുപറഞ്ഞു. അദ്ദേഹം സമർത്ഥനാണു്. അദ്ദേഹത്തിനറിയാം" മൂന്നാമൻ പറഞ്ഞു:—"യൂനിവേർസിററിപ്രഫസ്സറായിരിക്കുന്ന എന്റെ ജ്യേഷ്ഠൻ എന്നെ കാണാൻവന്നപ്പോൾ പറഞ്ഞതു് കണ്ണാടി പച്ചയാണെന്നാണു്. അദ്ദേഹത്തിന തീർച്ചയായിട്ടും ഇതറിയാമല്ലൊ." ഇങ്ങനെ അവർ കണ്ണാടിയുടെ വർണ്ണത്തെപ്പററി തർക്കം തുടങ്ങി. നിറം എന്തെന്നു കണ്ടുപിടിക്കാൻ അവർ തന്നത്താൻ പിന്നീടു ശ്രമിച്ചുതുടങ്ങി. ആദ്യം നാക്കുകൊണ്ടു നക്കിനോക്കി; രുചികൊണ്ടറിയാമെന്നുവിചാരിച്ചു. എന്നാൽ നിറം ആ വിദ്യകൊണ്ടറിയാൻ പാടില്ലല്ലോ. പിന്നെ അവർ കണ്ണാടിയിൽ കൊട്ടിനോക്കി; ശബ്ദം പരിശോധിച്ചു. പക്ഷെ അതുകൊണ്ടും നിറം തിരിച്ചറിയാൻ പററുകയില്ല. മണത്തുനോക്കി; സ്പർശിച്ചുനോക്കി. എന്നിട്ടും, കഷ്ടമേ! അവരുടെ സ്പർശ, ഘ്രാണ, രസ, ശ്രവണശക്തികൾ കണ്ണാടിയുടെ വർണ്ണം കണ്ടുപിടിക്കാൻ പ്രയോജനപ്പെട്ടില്ല. അതുപോലെ, നമ്മുടെ ഇന്ദ്രിയങ്ങൾ മുഖേന അവയ്ക്കപ്പുറത്തുള്ള അതിരററതിനെ നമുക്കറിയാൻ സാദ്ധ്യമല്ല. അതു എത്രമാത്രം അസാദ്ധ്യമാണെന്നുള്ളതു് ഇപ്പോൾ നോക്കുക; സാദ്ധ്യമാകണമെങ്കിൽ അപരിമിതം പരിമിതത്തെക്കാൾ ചെറുതായിരിക്കണം! എന്തസംബന്ധം! പ്രാപഞ്ചികസമഷ്ടിബോധം—ഈശ്വരബോധം—മുഖേനമാത്രമേ നാം അപരിമിതത്തെ അറിയുന്നുള്ളു ഞാൻ ഒരു തീപ്പെട്ടിക്കോൽ കയ്യിലെടുക്കുന്നു. അതു കയ്യിനെക്കാൾ ചെറുതാണു്. പരിമേയമായതു് അപരിമേയത്തെ ദർശിക്കുന്നില്ലെന്നുള്ളതു് എങ്ങിനെയെന്നു നിങ്ങൾ കാണുന്നുണ്ടോ? ഇന്ദ്രിയാതീതമായതിനെ ഇന്ദ്രിയങ്ങൾക്കു ദർശിക്കാൻ കഴിവില്ല. അന്ധമനുഷ്യർ സ്വയം വർണ്ണംകണ്ടു ഗ്രഹിക്കാൻ സാധിക്കാതെ ജ്യേഷ്ഠൻ പറഞ്ഞതും, അമ്മാവൻ പറഞ്ഞതും എല്ലാം വിശ്വസിക്കുന്നതുപോലെ, നിങ്ങളുടെ ആത്മാവിനെ കാണ്മാൻ ബാഹ്യമായ യാതൊരു ശക്തിയെയും ആശ്രയിക്കരുതു്. $H_2O$ (അംബ്ജനകത്തിന്റെ രണ്ടു് അണുവും, അമ്ലജനകത്തിന്റെ ഒരണുവും ചേർന്ന്) ജലം ഉണ്ടാക്കുന്നു എന്നു് എന്നോടു പറയപ്പെടുന്നു. ഞാൻ അതു് അറിയുന്നോ? ഇല്ല. സകല രസായനശാസ്ത്രജ്ഞന്മാർ പറഞ്ഞാലും ഞാനതറിയുന്നില്ല. ഞാൻ ഗവേഷണശാലയിൽ—ലാബറട്ടറിയിൽ പോയി സ്വയം പരീക്ഷിച്ചുനോക്കിയാലേ ഞാൻ അതു അറിയുന്നുള്ളു. അപ്പോൾമാത്രമെ അതു്

digitized by www.sreyas.in

എനിക്കൊരു വസ്തുതയാകുന്നുള്ളൂ. കൃഷ്ണനായാലും, ക്രിസ്തുവായാലും, ബുദ്ധനായാലും നിങ്ങളിൽനിന്നന്യമായ, ബാഹ്യമായ പ്രമാണം നിങ്ങൾക്കാശ്രയിക്കാവതല്ല അതിനെ അറിയണമെങ്കിൽ നിങ്ങൾ തന്നത്താൻ അതു കണ്ടുപിടിച്ചു പരിശോധിച്ചറിയണം. ഒരു വലിയ പ്രാമാണികൻ, ഒരു പ്രഫസ്സർ കണ്ണാടി ചുവപ്പാണെന്നു പറഞ്ഞേക്കാം; എന്നാൽ അതറിയുന്നതിനു നിങ്ങൾതന്നെ അതു നേരിട്ടുകാണണം. ഒരു യുവാവു പറയുന്നു:–"എന്റെ അച്ഛനു നല്ല ദഹനശക്തിയുണ്ട്. എനിക്കുവേണ്ടി അദ്ദേഹം ഭക്ഷണം ദഹിപ്പിക്കും." അച്ഛനതു കഴിയുമോ? ഇല്ല. മകൻ തന്റെ സ്വന്തഭക്ഷണം ദഹിപ്പിക്കണം. ലോകം അറിഞ്ഞിട്ടുള്ള ആ മഹാത്മാക്കളെയെല്ലാം ഞാൻ നമസ്കരിക്കുന്നു. എന്നാൽ അവർക്കാർക്കും എന്റെ ഭക്ഷണം എനിക്കുവേണ്ടി ദഹിപ്പിക്കാവതല്ല ഞാൻ അതു ഞാൻ തന്നെ ചെയ്യണം. ഈശ്വരനുമായുള്ള ഏകാവസ്ഥ അവർക്കെന്നെ ബോദ്ധ്യപ്പെടുത്താവതല്ല; ഞാൻ സ്വയം അതു ബോദ്ധ്യപ്പെടുത്തണം. സമഷ്ടിപ്രാപഞ്ചികബോധംകൊണ്ടുമാത്രമേ നമുക്കു സത്യം അറിയാവൂ. ഇതു ഞാൻ പിന്നീടു നിങ്ങളോടുപറയാം.

* അജ്ഞാനിയും സ്വതന്ത്രചിന്തകനും "ഞാൻ തന്നെ ഗവേഷണംചെയ്തുനോക്കും" എന്നു പറയുന്നു. എത്രദൂരം അവർ പോകുമെന്നു നാം കാണുന്നു. വെളിച്ചം തീപ്പെട്ടിക്കോലിലുണ്ടെന്നു അവർ പറയുന്നു. ആട്ടെ! നാമിപ്പോൾ അതു് എവിടെ കാണുന്നു? അതിനാൽ അവർ അതു കഷണംകഷണമാക്കി മുറിച്ചുനോക്കുന്നു. എന്നാൽ വെളിച്ചം കാണുകില്ല അയാളതിനെപ്പിന്നെ പൊടിച്ചു നോക്കുന്നു. എന്നിട്ടും വെളിച്ചം കാണുകയില്ല പിന്നെ അവർ ജീവൻ ഈ ശരീരത്തിൽ ഉണ്ടെന്നു പറയുന്നു. ശരീരം എടുത്തു കഷണമാക്കി കീറുന്നു. ജീവൻ കാണപ്പെടുകയില്ല അസ്ഥികൾ ചൂർണ്ണീകരിക്കുന്നു; അവിടെയും ജീവൻ കാണുകയില്ല ഒരു യാഥാർത്ഥ്യം ഉണ്ടെങ്കിൽ, അതു 'ഞാൻ' ആയിരിക്കണം എന്നവൻ പറയുന്നു. എന്നാൽ അതു അജ്ഞേയമാണു് അവൻ ചെന്നിടത്തോളം അതു ശരിതന്നെ എന്നാൽ അവൻ ഇനിയും സമഷ്ടിപ്രാപഞ്ചികബോധം വളർത്തിയിട്ടില്ല. Cosmic Consciousness പ്രാപിച്ചിട്ടില്ല. വെറും പ്രാദേശികമായ (Local) സ്വന്തം ബോധമാണു് അപരിമേയത്തെ അറിവാൻ അവൻ ഉപയോഗിച്ചതു്. എന്നാൽ ഈ തരത്തിൽ അതിനെ അറിയാൻ അയാൾക്കു സാദ്ധ്യമല്ലെന്നുള്ളതു സുവ്യക്തമാണു്. വെറും യുക്തിപ്രയോഗംകൊണ്ടു നമുക്കു ആ അപരിമേയത്തെ പ്രാപിക്കാമോ എന്നും, അങ്ങിനെ

* ഈശ്വരജ്ഞാനരഹിതൻ.

digitized by www.sreyas.in

ഒരു അപരിമേയമുണ്ടെന്നു് അറിയാമോ എന്നുംനമുക്കിനിനോക്കാം. എന്നാൽ അതെന്താണെന്നു നമുക്കു പറയാൻ പാടില്ല പുറകിൽ നിന്നൊരുത്തൻവന്നു് എൻെറ കണ്ണുപൊത്തിക്കളയുന്നതുപോലെ, ആരോ ഉണ്ടെന്നു് എനിക്കറിയാം. എന്നാൽ അതൊരു സ്നേഹിതനായിരിക്കണമെന്നും അറിയാം. എന്തെന്നാൽ അന്യന്മാരാരും അങ്ങിനെ ചെയ്യാൻ സ്വാതന്ത്ര്യപ്പെട്ടുകയില്ല. എന്നാൽ അതാരെന്നുപറയാൻ എനിക്കു പാടില്ല. ഒരു പന്തു് ഭിത്തിയിലേയ്ക്കു് എറിയുന്നതുപോലെയാണതു്. പന്തു ഭിത്തിയിൽ കൊള്ളും; എന്നാൽ തിരിച്ചു ചാടും. യുക്തി അപരിമേയത്തിൽ ചുഴിഞ്ഞുകയറുകയില്ല. അപരിമേയത്തെ അറിവാൻ കഴിഞ്ഞാൽ, ഐക്യത്തിനുപകരം ഉടനെ ദ്വൈതാവസ്ഥ സ്ഥാപിക്കപ്പെട്ടുകയായി. ജ്ഞാതാവോ, ജ്ഞേയമോ അപരിമേയമാകയില്ല. എന്നാൽ പ്രാപഞ്ചികസമഷ്ടിബോധംകൊണ്ടു സാർവലൗകികത്വം സ്ഥാപിക്കപ്പെടാം.

ഈ പ്രാപഞ്ചികബോധത്തെപ്പററി ഇനി ചിന്തിക്കാം. ആദ്യം ഞാൻ ശിശുക്കളുടെ സ്ഥിതിയെപ്പററി അല്പം പറയാം. ഒരു ശിശുവിനു് പ്രാപഞ്ചികബോധമില്ല, അതിനു പ്രാദേശികബോധവുമില്ല. ഇതാ! ഈ ചെറിയ കൊച്ചുകുഞ്ഞു്? അതിനെന്തു് അറിയാം? അതു് അതിനെപ്പററിത്തന്നെ അറിയുന്നതുവരെ നാം അതിനോടു സംസാരിക്കാതെയിരിക്കുമോ? ഇല്ല. കുട്ടി വളരെ ചെറുതായിരിക്കുമ്പോൾ അതിനു ഒരു പേർകൊടുക്കപ്പെട്ടുന്നു. ജോണി എന്നാണെന്നിരിക്കട്ടെ. മാതാപിതാക്കന്മാർ അതിനെ ഈ പേരു പറഞ്ഞു വിളിക്കുന്നു; അവർ അതിനോടു സംസാരിക്കയും പലകാര്യങ്ങളും പറയുകയും ചെയ്യുന്നു; "എത്ര ഓമനയാണു്! സുന്ദരനാണു്! പ്രിയപ്പെട്ടതാണു്!" എന്നെല്ലാം പറയുന്നു. അമ്മയെയും അച്ഛനെയുംപററി അവർ അതിനോടു പറയുന്നു. ഇനി കുഞ്ഞുകുറെ വളൎന്നു കളിപ്രായമാകുമ്പോൾ, അതു ശബ്ദമുണ്ടാക്കിത്തുടങ്ങും; ആ ശബ്ദം പലതും നിരൎത്ഥകമായിത്തോന്നപ്പെട്ടും. "അമ്മ, അച്ഛൻ" എന്നതു വളരെ പ്രാവശ്യം കേട്ടുകേട്ടു് കുഞ്ഞു് ഈ ശബ്ദങ്ങൾ ഉച്ചരിക്കാൻ തുടങ്ങും. അപ്പോൾ അമ്മ അച്ഛനോടു പറയുന്നു:—"ഹാ! കുഞ്ഞു് അങ്ങയെ വിളിക്കുന്നു" അതു് 'അച്ഛാ!' എന്നുച്ചരിക്കുമ്പോൾ അച്ഛൻ "ഇവിടെ വാ!" എന്നു് അതിനെ വിളിക്കുന്നു. അതിൻെറ അൎത്ഥം കുട്ടി അറിയുന്നുണ്ടോ? ഇല്ല. അച്ഛൻെറ കൈനീട്ടലും, പ്രോത്സാഹനവുംകൊണ്ടു മാത്രമേ കുട്ടിക്കു താൻ അങ്ങോട്ടു പോകാനാണു അച്ഛൻ വിളിക്കുന്നതെന്നു അറിയാവൂ.

digitized by www.sreyas.in

ഇങ്ങിനെ * പ്രാദേശികബോധം വളരുന്നതു് അതു് ജീവിക്കുന്നതാരോടുകൂടിയോ അവരോടുള്ള സംസർഗ്ഗംമൂലമാണെന്നു നാം കാണുന്നു. അതുകൊണ്ടു് സമഷ്ടിപ്രാപഞ്ചികബോധം വളരണമെങ്കിൽ അതുള്ളവരും, തങ്ങളുടെ ഈശ്വരത്വം അനുഭവിക്കുന്നവരും ആയ ജനങ്ങളോടു സംസർഗ്ഗം ചെയ്യണം. ദുഃഖം അധികമുള്ളവരോടു സമ്പർക്കംചെയ്താൽമാത്രം നിങ്ങൾ ഖേദാകുലരാകുന്നു; വളരെ ആഹ്ലാദവും ഉത്സാഹവും ഉള്ളവരോടു പെരുമാറിയാൽ നിങ്ങൾ ഉല്ലാസവാൻ ആയിത്തീരുന്നു; അതുപോലെ, സംസർഗ്ഗംകൊണ്ടു് ഈ ബോധം വിജൃംഭിക്കും ഈ സംസർഗ്ഗം പ്രകൃതിയോടുകൂടിയോ, ജ്ഞാനികളോടുകൂടിയോ, ജ്ഞാനികളുടെ ഗ്രന്ഥങ്ങളുമായോ എന്നുള്ളതു് അത്ര പ്രധാനമല്ല. എന്നാൽ സമ്പർക്കം അതിനെ അകത്തു ഉത്തേജിപ്പിക്കുന്നു, ഉജ്ജ്വലിപ്പിക്കുന്നു. കുട്ടി 'ജോണി'യാകുന്നതുവരെ മാതാവു് അതിനെ 'ജോണി, ജോണി' എന്നു വിളിക്കുന്നു. അതു് അതുപോലെ ഒരു 'വില്ലി' ആയിരുന്നേയ്ക്കാമായിരുന്നു. അങ്ങിനെയല്ലയോ? മൂന്നോ നാലോ കുട്ടികൾ ഒരു മുറിയിൽ കിടന്നുറങ്ങിയിരുന്നേയ്ക്കാം. ജോണിയെ വിളിക്കുന്നു; ജോണി വിളികേൾക്കുന്നു. 'വില്ലി' അല്ല വിളികേൾക്കുന്നതു്. ഉറക്കെവിളിച്ചാലും 'വില്ലി' ഉണരുന്നില്ലാ. അയാളെയല്ലല്ലോ വിളിച്ചതു്

ആത്മാവിനോടു് ഐക്യംപ്രാപിച്ചവനോടു് ഒരുമൂട്ട പുല്ലെങ്കിലും സൃഷ്ടിക്കാൻ ഒരുത്തൻ ആവശ്യപ്പെടുന്നതു് അജ്ഞാനംമൂലമാണു്. ചോദ്യകർത്താവു പറയും:—"ഇവിടെ നോക്കൂ! നീ തന്നെത്താൻ ഈശ്വരനെന്നു വിളിക്കുന്നു. നിനക്കെന്തുചെയ്യാൻ കഴിയും? ഈശ്വരൻ ലോകമുണ്ടാക്കി, നിനക്കൊരു പുല്ലുപോലും ഉണ്ടാക്കാൻ കഴിവില്ല. എന്നിട്ടും നീ ഈശ്വരൻ ആണുപോലും! ഞാൻ കാണട്ടെ? നിനക്കെന്തുചെയ്യാം?" യേശുവിനെ ഇങ്ങിനെ പരീക്ഷിച്ചില്ലേ? മലയിൽനിന്നു ചാടാൻ ഉത്സാഹിപ്പിച്ച സാത്താന്റെ ശകാരങ്ങളെ അദ്ദേഹം ശ്രദ്ധിച്ചില്ല; പക്ഷേ, അദ്ദേഹം ഇങ്ങിനെ മറുപടിപറഞ്ഞു: "നീ എന്റെപുറകിൽ പോകുക." ശക്തിയെല്ലാം അദ്ദേഹത്തിനുണ്ടായിരുന്നു. എന്നാൽ ഒരു അവിശ്വാസിക്കായി അദ്ദേഹം എന്തിനു് അതു ചെയ്യണം? സംശയാലുക്കളെക്കൊണ്ടു വിശ്വസിപ്പിക്കാൻ കോടാനുകോടി അത്ഭുതക്രിയകൾക്കും ശക്തിയില്ല. അവൻ പ്രാപഞ്ചികബോധം ഉണ്ടാകാതെ ആത്മാവിനെ അറിയുകയില്ല. "ഞാൻ ഈശ്വരനാണു്" എന്നു ഞാൻ പറയുമ്പോൾ ഞാൻ എന്താണു് വിവക്ഷിക്കുന്നതു്? ഈ ചെറു വ്യക്തി—ശരീരം—'പ്രാദേശികസത്ത'—ഇതിനെയാണോ? അല്ല,

* അഥവാ വ്യക്തിത്വബോധം.

digitized by www.sreyas.in

അതല്ല. ഈ മനസ്സിനെയാണോ? അല്ലാ, അതുമല്ലാ, അതു് ഇതു പോലെയാണു്: ഒരു മനുഷ്യൻ എം എ ക്കാരനാണെന്നും, ഡിഗ്രിസമ്പാദിച്ചുവെന്നും ഊഹിക്കുക. അയാൾ ഒരു രാജാവാണെന്നും, രാജപട്ടം നേടിയെന്നുംകൂടി ഊഹിക്കുക.. അതുകൾ വ്യക്തിത്വത്തിനു ബാഹ്യമായ, അന്യമായ എന്താണ്ടൊന്നാണു്. ചേർത്തു കെട്ടിയ ഏതാണ്ടു് ഒന്നുപോലെയാണു്. അതുപോലെ, പാമ്പു കറുത്തതാണെന്നു എനിക്കുപറയാം. കറുപ്പു പാമ്പല്ലാ, പാമ്പിൻ ബാഹ്യമായ ഏതാണ്ടാണു്; പാമ്പിൻെറ ഒരു പ്രത്യേകഗുണമാണു് എന്നാൽ പാമ്പു കയറാണു് എന്നു ഞാൻ പറയുമ്പോൾ, അതു തീരെ ഭിന്നമായ ഒരു പ്രസ്താവനയത്രെ. ഞാൻ ഒരു രാജാവാണു് ഇവിടെ രാജാവു എന്നതു് ഒരു പദവി—ഒരു സ്ഥാനംഅത്രെ എന്നാൽ "ഞാൻ ഈശ്വരനാണു്" എന്നു ഞാൻ പറയുന്ന ഇതിൻെറ താല്പര്യം ഈ ചെറിയ അഹങ്കാരം—പ്രാദേശികസത്തയാണു് 'ഞാൻ' എന്നല്ലാ കയറു പാമ്പാണെന്നു പറയുന്നതിനെക്കാൾ അതിനു കൂടുതൽ അർത്ഥമൊന്നുമില്ല. അതു് ഒരു വ്യാമോഹമാണു്. നിങ്ങളുടെ അജ്ഞാനത്തിൽ കയറു പാമ്പാണെന്നു കരുതിപ്പോയി; എന്നാൽ അതു സത്യമല്ലായിരുന്നു. അതു യഥാർത്ഥത്തിൽ ഒരു കയറായിരുന്നു. അതിനാൽ ഈ വ്യക്തിത്വം ഒരു വഞ്ചനയാണു്. ഞാൻ ഈശ്വരൻ—ഈശ്വരൻമാത്രം അത്രെ; സനാതനനായ കേവലൻ; സർവസ്വം; യാതൊരു തുല്യത്വവും എതിരും ഇല്ലാത്തവൻ.

ഇതു കുറെക്കൂടി വിശദതരമാക്കാം. ഇതാ! ഇവിടെ നമുക്കു രണ്ടു തരംഗങ്ങൾ കാണാം. ഓരോന്നിലുമുള്ള ജലം ഭിന്നമാണോ? അല്ല. ജലം ഒന്നേ ഒന്നുതന്നെയാണു്. സമസ്തസമുദ്രത്തിലുമുള്ള ജലം ഒന്നുതന്നെയാണു്. ഇവിടെ ഒരു രൂപവും അവിടെ ഒരു രൂപവും ഉണ്ടു്. ഓരോന്നിലും ഉള്ള ആത്മാ ഭിന്നനാണോ? അല്ല. കേവലമായ ഒന്നു സർവ്വം ആണു്. അതു് അദ്വയനാണു് ഈ ശരീരങ്ങളെല്ലാം ആത്മാവിൻെറ ശരീരങ്ങളാണു്. എല്ലാം എൻേറതു്; ഭേദമില്ല. പല ഭാഷകളിൽ വെളിച്ചത്തിനു പലപേരുകളും പറയപ്പെടുന്നു. ഇംഗ്ലീഷിൽ 'Light' എന്നു പറയും; ജർമ്മനിൽ 'Licht' എന്നും മററും. എല്ലാത്തിൻെറയും അർത്ഥം വെളിച്ചം എന്നുതന്നെ. അങ്ങിനെയല്ലേ? പ്രകാശം ഒന്നേഒന്നുതന്നെ. പല പേരുപറഞ്ഞാലും കാര്യം ഒന്നുതന്നെ; പേരുവ്യത്യാസംകൊണ്ടു് ആത്മാവിനു തരക്കേടില്ല. അതു സർവസ്വവും ആയിരിക്കണം. ഈ ശരീരം തുടർച്ചയായ ഒരു ശരീരംഅത്രെ. കൈമാത്രം പ്രത്യേകം ജീവിക്കാൻ നിശ്ചയിച്ചാലത്തെ കഥ എന്തായിരിക്കും? "ഞാനാണു്"

digitized by www.sreyas.in

വേലചെയ്തു ഭക്ഷണമുണ്ടാക്കുന്നതു്; ഞാൻ സമ്പാദിക്കുന്നതെല്ലാം എനിക്കുതന്നെവേണം" എന്നു കൈപറഞ്ഞാൽ എന്താണു്? ഭക്ഷണം വായ്ക്കകത്തിട്ടു്, ആമാശയം അതിനെ പചിച്ചു്, ദേഹത്തിൽ അതു വ്യാപിക്കാത്തപക്ഷം, ഭക്ഷണം കയ്യിൽ കുത്തിവെക്കുന്നതുകൊള്ളാമോ? അസംബന്ധം! അല്ലയോ? ഡോളറെല്ലാം കയ്യിൽ കെട്ടിവെച്ചുകൊണ്ടിരുന്നാൽ, അഥവാ ഒരു കടന്തൽ അതിൽ കുത്തിയാൽ നീരും വേദനയും ഉണ്ടാകും. എന്നാൽ കൈ വെട്ടിക്കളഞ്ഞാൽ, അനസ്യൂതമായ വേദനയും സങ്കടവും ഉണ്ടാകും എന്തെന്നാൽ അതു് എല്ലാത്തിൻെറയുമാണു്. അതിനാൽ പക്വാശയം ഭക്ഷണം പചിക്കുമ്പോൾ, കൈകൾക്കും അവയുടെ വീതം പോഷണം ലഭിക്കും. സകലതും ഒന്നിച്ചു പണിയെടുക്കും. അതുപോലെയാണു്, നാം സർവ്വസത്തിൽനിന്നു നമ്മെ സ്വയം ഖണ്ഡിച്ചു വേർതിരിച്ചാൽ; നാം കഷ്ടപ്പെട്ടു കഷ്ടപ്പെട്ടു പ്രാപഞ്ചികത്വം പ്രാപിക്കുന്നതുവരെ വിഷമിക്കും ഈ പ്രവൃത്തിയിൽ ശാന്തി കിട്ടുകയില്ല ആ പ്രാപഞ്ചികബോധം വർദ്ധിക്കുമ്പോൾ സകല ശരീരങ്ങളും പരസ്പരാശ്രിതങ്ങളാണെന്നും, എൻേറതാണെന്നും, പ്രത്യേകത്വമൊന്നും ഇല്ലെന്നും നാം കാണുന്നു.

ഒരിക്കൽ ഒരു സ്വാമി - സന്യാസി ഒരു പൊൻവേലക്കാരൻെറ അടുത്തുപോയിപ്പറഞ്ഞു:—"നിൻെറ ഒന്നാന്തരം മോതിരം കൊണ്ടുവരു അതു് ഈശ്വരൻെറ വിരലിൽ ഇട്ടു." ചെരുപ്പുകുത്തിയുടെ അടുത്തുപോയിപ്പറഞ്ഞു: —"ഏററവും നല്ല ചെരിപ്പു കൊണ്ടുവന്നു ദൈവത്തിൻെറ കാലിൽ ഇടുക." പിന്നെ തയ്യൽക്കാരൻെറ സമീപത്തുപോയി ഈശ്വരൻെറ ശരീരത്തിൽ ഒന്നാന്തരം കുപ്പായം ഇടാൻപറഞ്ഞു. തൻെറ ശരീരത്തെയാണു് അദ്ദേഹം സൂചിപ്പിച്ചതു്. ജനങ്ങൾ ഇതുകേട്ടു് അദ്ദേഹം നാസ്തികനാണെന്നു വിചാരിച്ചുകൊണ്ടു പറഞ്ഞു: "അവനെ ഓടിക്കുക; അവനെ പിടിച്ചുകെട്ടുക!." അവർ കൂകി ബഹളംകൂട്ടിത്തുടങ്ങി. അവർ സ്വാമിയെ കൊണ്ടുപോകുംമുമ്പു് സ്വാമി തനിക്കു കുറച്ചു പറയാനുണ്ടെന്നും ജയിലിൽ അടയ്ക്കപ്പെടുംമുമ്പേ തനിക്കതു അറിയിക്കാനാഗ്രഹമുണ്ടെന്നും പറഞ്ഞു. അദ്ദേഹം അവരോടുപറഞ്ഞു:— "ഇതാരുടെ ലോകമാണു്?" അവർ ഉത്തരംപറഞ്ഞു:—"ഈശ്വരൻെറലോകം." "നക്ഷത്രങ്ങളും സൂര്യനും ആരുടെയാണു്?" "ഈശ്വരൻെറ." "ഈ നിലംപുരയിടങ്ങളും അവയിലുള്ളതും ആരുടേതു്?" "ഈശ്വരൻേറതു്." "നിങ്ങളെല്ലാം ഇതു വിശ്വസിക്കുന്നോ?" അവർ പറഞ്ഞു: "തീർച്ചയായും അതു സത്യമാണു്." "അദ്ദേഹം ഉടനെ ചോദിച്ചു: "ഇതാരുടെശരീരമാണു്?" അവർ

digitized by www.sreyas.in

പറഞ്ഞു:—"ഈശ്വരന്റെ." "ആരുടെ കാലുകൾ?" "ഈശ്വരന്റെ." "ആരുടെ വിരൽ?" "ഈശ്വരന്റെ." അതു നിശ്ചയമായും ദൈവത്തിന്റേതായിരുന്നു. അവരുടെ മറുപടികൾ— യുക്തിവാദംകൊണ്ടുതന്നെ, താൻ അവിടെ പറഞ്ഞതു ശരിയാണെന്നു് അദ്ദേഹം അവരെ ബോദ്ധ്യപ്പെടുത്തി. അവർക്കൊന്നും ചെയ്യാൻ കഴിഞ്ഞില്ല അവർ അജ്ഞന്മാരായിരുന്നു. സ്വാമി നോക്കിയതുപോലെ അത്ര അഗാധമായിട്ടവർ നോക്കിയില്ല.

ഇൻഡ്യായിൽ ഒരാൾ മരിക്കുമ്പോൾ, അയാൾ ശരീരം ത്യജിക്കുന്നു എന്നു പറയപ്പെടുന്നു. ഇവിടെയാകട്ടെ അവൻ ആത്മാവിനെ ത്യജിക്കുന്നു എന്നു പറയപ്പെടുന്നു. അവിടുത്തെ പറച്ചിലാണു് കൂടുതൽ ശരിയായിട്ടുള്ളതു്. എന്തെന്നാൽ ആത്മാവു ശരീരത്തെ അപേക്ഷിച്ചു് ഒരു ഭിന്നവസ്തുവാണെന്നുവരുന്നു. ഇവർ ഇങ്ങിനെയും പറയാറുണ്ടു്: "ശ്വാസം അവനിൽ നിന്നുപോയി." ഒരിക്കൽ മൂന്നുപേർ ഒന്നിച്ചിരുന്നു മദ്യപാനംചെയ്തുകൊണ്ടിരുന്നു. അവർ ധാരാളംകുടിച്ചു. എല്ലാവർക്കും നല്ലവണ്ണം മത്തുപിടിച്ചു ഒരാൾ പറഞ്ഞു: "നമുക്കൊരു ചെറിയ ടീററിക്കൂടിത്തിന്നാം." അതിനായിട്ടവർ ഇറച്ചിക്കും മററു സാധനങ്ങൾക്കും ആളയച്ചു. നല്ലവണ്ണം ഒന്നു രസിച്ചുഹങ്കരിക്കാൻ അവർ തീർച്ചയാക്കി. ആൾ പോയപ്പോൾ അവരിൽ ഒരുത്തനു ഒരു വല്ലായ്മതോന്നി കൂട്ടുകാരനോടുപറഞ്ഞു: "അയ്യോ! എന്നിൽനിന്നു ശ്വാസം ഇതാപോകുന്നു." കൂട്ടുകാരൻ പറഞ്ഞു: "ഇല്ല; ഇല്ല. ശ്വാസം നിന്നിൽനിന്നുപോകയില്ല." ശ്വാസംപോകാതിരിപ്പാൻ അയാൾ ദീനക്കാരന്റെ മൂക്കു പൊത്തിപ്പിടിച്ചു. ചെവിയുംപൊത്തി, വായും അടച്ചുവെച്ചു. ശ്വാസം അതിനകത്തുതന്നെ വെക്കാനാണു് ഇങ്ങനെ ചെയ്തതു്. എന്നാൽ ഇതുകൊണ്ടു് എന്തുഫലമാണുണ്ടാകുക എന്നു നമുക്കു നല്ലവണ്ണം അറിയാമല്ലൊ. അവർ സത്യം മനസ്സിലാക്കി ഓർമ്മിച്ചില്ല. അവരുടെ പ്രവൃത്തിയുടെ നിഷ്ഫലത—ദുഷ്ഫലം— അവർ മനസ്സിലാക്കിയില്ല.

ശ്രീകൃഷ്ണൻ ഒരിക്കൽ ഒരു സദ്യനടത്താൻ നിശ്ചയിച്ചു. മന്ത്രിമാരെയെല്ലാം ക്ഷണിച്ചു എന്നാൽ തന്റെ പ്രിയതമയായ രാധയെ ക്ഷണിച്ചില്ല. പ്രധാനമന്ത്രി അവൾക്കുകൂടി ക്ഷണം അയയ്ക്കണമെന്നു കൃഷ്ണനോടു നിർബ്ബന്ധിച്ചു. അദ്ദേഹം അതിനു സമ്മതിച്ചില്ല; വേണ്ടെന്നുപറഞ്ഞു. എന്നാൽ മന്ത്രി അതു വകവെച്ചില്ല. കൃഷ്ണൻ നടത്തുന്ന സദ്യയുടെ വിവരം മന്ത്രി രാധയോടു പോയിപ്പറഞ്ഞു ക്ഷണിച്ചു. അവൾ പറഞ്ഞു:—"നിങ്ങൾ സദ്യനടത്തുമ്പോൾ

digitized by www.sreyas.in

നിങ്ങളുടെ സ്നേഹിതന്മാരെയെല്ലാം ക്ഷണിക്കുന്നു; വിളിച്ചുവരുത്തുന്നു. എന്നാൽ നിങ്ങൾ നിങ്ങൾക്കുതന്നെ ക്ഷണം അയയ്ക്കാറില്ല, ഉണ്ടോ? കൃഷ്ണൻ സദ്യകഴിക്കുന്നുവെന്നു എനിക്കറിയാം ഞങ്ങൾരണ്ടും ഒന്നാണു്."

ഒരുനാൾ മജ്നൂണന്റെ പ്രേയസി തനിക്കു സുഖമില്ലെന്നും പല പരിഹാരങ്ങളും നോക്കിയിട്ടും യാതൊരു ഫലവും ഉണ്ടായില്ലെന്നും പറഞ്ഞു ഡോക്ടരെ വരുത്തി. അന്നത്തെ സമ്പ്രദായമനുസരിച്ചു ഡോക്ടർ ഉടനെ ലയിലിയുടെ(മജ്നൂണന്റെ പ്രിയതമ) സമീപത്തു പോയി കുറെ രക്തം ചോർത്തിയെടുക്കാൻ ശ്രമിച്ചു. കയ്യിൽമുറിച്ചു കുറെ രക്തം എടുക്കാമെന്നാണു് ഡോക്ടർ നോക്കിയതു്. എന്നാൽ ലയിലിയിൽനിന്നും ഒട്ടും രക്തം കിട്ടിയില്ല. എന്നാൽ മജ്നൂണനിൽനിന്നു രക്തം പ്രവഹിച്ചു. ഈ പ്രണയികൾക്കു പ്രേമംമൂലമുള്ള ഐക്യം അത്തരമായിരുന്നു.

പ്രപഞ്ചം.

ഞാനതുകണ്ടു, നോക്കിവായിച്ചുപഠിക്കവേ,
നൂനമീബാലപാഠം വർണ്ണിച്ചതെന്നെത്തന്നെ;
അതിലെ ലിപിമാലവിവിധം കളിക്കോപ്പായു്
സുതരാമെന്നെപ്പലവഴിയിൽ വരച്ചുതാം;
ഒരുനാൾ വിചിത്രമായു് തോന്നിയലിപിക്കൂട്ടം
എറിയുന്നു ഞാനിപ്പോൾ ചവററുകുട്ടതന്നിൽ,
പുസ്തകമിതോരോരോ താളായ്ച്ചീന്തിത്തീയ്യിൽ
കത്തിച്ചു പുകവലിച്ചാനന്ദാൽ രസിക്കുന്നു;
ഞാൻ പുകവലിച്ചെന്റെ വായിൽക്കൂടതുനേരം
ജൃംഭിച്ചങ്ങുരുളുന്ന ധൂമത്തെ നോക്കിനിൽപ്പൂ.

ഓം! ഓം!!

---


## 6. ഹിപ്നട്ടിസവും വേദാന്തവും

1. ഇമേഴ്സൺ പറയുന്നു: "ഒരുത്തനെ കള്ളനെന്നു വിളിക്കുക; അവൻ മോഷ്ടിക്കും." മററുവിധം പറഞ്ഞാൽ, നിങ്ങൾ ഏതുതരം നിർദ്ദേശം കൊടുത്താലും, അതിനനുരൂപമായ ഫലം പ്രവൃത്തിയിൽ കാണാം. പല കാര്യങ്ങളിലും ഈ പ്രസ്താവന ശരിയാണു; എന്നാൽ അതു സാർവ്വജനീനമായിട്ടില്ല. പല വിഷയങ്ങളിലും ഒരു നിർദ്ദേശം നേരിട്ടു ഫലംചെയ്യും. എന്നാൽ മററുപല

digitized by www.sreyas.in

തിലും നേരേ വിപരീതമായ ഫലം ഉണ്ടാകാം. ഇങ്ങിനെ നിർദ്ദേശപ്രയോഗത്തിന്റെ നേരിട്ടുള്ള പ്രയോജനം അനർഹമായി പർവ്വതീകരിക്കുന്നവർ പ്രകൃതി സത്യമേ അറിയുന്നുള്ളുവെന്നുകാണാം. വേദാന്തമനുസരിച്ച് നിർദ്ദേശങ്ങൾ വിദ്യുച്ഛക്തിയെപ്പോലെ അവയുടെ ഫലം കൊടുക്കുന്നു. അതായത്, ആകർഷണം (Induction) മൂലവും പ്രസാരണം (Conduction) മൂലവും. നിർദ്ദേശങ്ങൾ നേരിട്ടു ബുദ്ധിയെ സ്പർശിക്കുന്ന കേസ്സുകളിൽ, ഫലം നേരിട്ടുണ്ടാകും; അതു നിർദ്ദേശത്തിന് അനുരൂപവും ആയിരിക്കും. എന്നാൽ നമ്മുടെ നിർദ്ദേശം നേരിട്ടു രോഗിയിൽ എത്താത്ത കേസ്സുകളിൽ---ദൃഷ്ടാന്തത്തിന് നിർദ്ദേശംകൊടുക്കുന്ന മനുഷ്യനോടു രോഗിയുടെ ബുദ്ധിക്കു പ്രതികൂലഭാവം ഉണ്ടായിരിക്കുന്ന അവസ്ഥയിൽ--ആ പ്രാതികൂല്യം ഇടയ്ക്കു ചാടിക്കടന്നു രോഗിയുടെ കാരണശരീരത്തിൽ നേരെ സ്പർശിക്കാൻ നിർദ്ദേശത്തെ അനുവദിക്കുന്നില്ല. അപ്പോൾ ഫലം ഉദ്ദിഷ്ടത്തിനു നേരേ വിപരീതമായി ഭവിക്കും. ഇതാണ് ആകർഷണംകൊണ്ടുള്ള മാസ്മരപ്രയോഗം അഥവാ ഹിപ്നട്ടിസം. ആദ്യം പറഞ്ഞതു് പ്രസാരണംമൂലമുള്ള പ്രയോഗമാണ്.

2. കാരണശരീരം ഒരുമനുഷ്യന്റെ സകലബോദ്ധ്യങ്ങളുടെയും ശക്തികളുടെയും ബോധാതീതമായ ഒരു കലവറയാണ്. അഖില പ്രവൃത്തികളും, ചലനങ്ങളും, നടപടികളും, പരിതഃസ്ഥിതികളും കാരണശരീരത്തിൽ ഒളിച്ചുകിടക്കുന്ന സാധനത്തിന്റെ പരിണാമവൃത്തികൾമാത്രമാണ്; തദനുരൂപമായ പ്രതിഫലനങ്ങൾ പുറപ്പെടുകയും നിശ്ചയമാണ്. കാരണശരീരം ഒരു മനുഷ്യന്റെ രത്നസാരം -തനിക്കഴമ്പ്—തനി കേന്ദ്രം---രാജസ്ഥാനം അഥവാ മനുഷ്യന്റെ ദ്രഷ്ടാവായ മനസ്സ് ആണ് എന്നു നിങ്ങൾക്കു പറയാം.




C കാരണശരീരം.

B. സൂക്ഷ്മശരീരം അഥവാ മനഃസ്ഥിതിയും ബുദ്ധിയും.

A. സ്ഥൂലശരീരം.

സ്ഥൂലശരീരം ചെയ്യുന്ന ഏതു ക്രിയയും ഉടനടി മാനസിക ശക്തിയോ ചിന്തയോ ആയി രൂപാന്തരം പ്രാപിച്ച്, മാനസിക

digitized by www.sreyas.in

നിരപ്പിൽ കുറേനേരം വർത്തിച്ചതിനുശേഷം (പടത്തിൽ B എന്നു കാണിച്ചിരിക്കുന്നതാണിതു്) കാരണശരീരത്തിൽ (C എന്നു കാണിച്ചിരിക്കുന്നതു്) പ്രവേശിക്കുന്നു. മനസ്ഥലത്തിൽ (B) സ്വയം സ്ഫുരിക്കുന്ന ചിന്തകളെല്ലാം—സ്ഥൂലലോകത്തിൽനിന്നുവരാത്തുള്ള ഭാവനകളെല്ലാം—കാരണശരീരത്തിൽ മുമ്പേതന്നെ സംഗ്രഹിച്ചു വെച്ചിരുന്ന പഴയ ഓജസ്സ് താഴത്തെ B എന്ന തട്ടിൽ സ്ഫുരിക്കുന്നതാണു്. ഇങ്ങിനെ A, B, C എന്നീ മൂന്നു ശരീരങ്ങളുംതമ്മിലുള്ള പരസ്പരബന്ധം ഏതാണ്ടു് വായു(?)* ജലം, നീരാവി ഇതുകൾ തമ്മിലുള്ള പരസ്പരബന്ധംപോലെയിരിക്കുന്നു അഥവാ അതു മഞ്ഞുകട്ടി, മലകളിലെ അരുവികൾ, സമസ്ഥലങ്ങളിലെ നദികൾ—ഇതുകൾതമ്മിലുള്ള സംബന്ധംപോലെ, യഥാർത്ഥത്തിൽ തുടർച്ചയായ ഒരു ബന്ധംപോലെ ഇരിക്കുന്നു.

ഒരു റോഡിൽ ഒരു ദീനക്കാരൻ കിടക്കുന്നതു നിങ്ങൾ കാണുന്നുവെന്നിരിക്കട്ടെ. സ്വമേധയാ നിങ്ങൾ അവനെ സഹായിക്കാൻ അടുത്തുചെല്ലുന്നു. നിങ്ങൾ അയാളുടെ ഇച്ഛയെ അനുസരിക്കാൻ പ്രവർത്തിക്കുമ്പോൾ പ്രവൃത്തിയെപ്പററി നിങ്ങൾ ഒന്നും ചിന്തിക്കുന്നില്ല. എന്നാൽ കഷ്ടപ്പെട്ടുന്നവന്റെ സങ്കടപരിഹാരത്തിനു നിങ്ങളാൽ കഴിയുന്നതെല്ലാം നിങ്ങൾ ചെയ്യുന്നു; നിങ്ങളുടെ സകല ഇന്ദ്രിയങ്ങളും, ബോധങ്ങളും പൂർണ്ണമായി പ്രയത്നത്തിൽ ഇരിക്കുന്നു. സങ്കടക്കാരനു ചെയ്യേണ്ടതെല്ലാം ചെയ്തുകഴിഞ്ഞു് ഇന്ദ്രിയങ്ങളെല്ലാം സ്വസ്ഥതയിൽ എത്തുമ്പോൾ പ്രകൃത്യാതന്നെ ഇന്ദ്രിയങ്ങളുടെ തട്ടിൽ ആദ്യം പ്രവർത്തിച്ച ശക്തിയും ഓജസ്സും ഒക്കെ - A എന്ന തട്ടിൽ ചെയ്തതെല്ലാം—B എന്ന തട്ടിലേക്കു സംക്രമിക്കുന്നതായി കാണാം. മററുവിധം പറഞ്ഞാൽ നിങ്ങളുടെ മനസ്സ് പ്രകൃത്യാ നിങ്ങൾചെയ്ത പ്രവൃത്തികളെപ്പററി ആലോചിക്കാനും, ബോധസഹിതമായി അതിന്റെ നന്മയും, ധർമ്മതയും മററും നിന്നാലോചിക്കാനും തുടങ്ങുന്നു. കുറെ കഴിയുമ്പോൾ B പ്ലെയിനിൽ പ്രവർത്തിച്ച ശക്തി അവിടെ കാണാതെ പൊയ്പോകുന്നതായും കാണപ്പെടുന്നു. അതെവിടെപ്പോയി? അതു തിരോഭവിച്ചോ? അങ്ങിനെ വരാൻ തരമില്ല. എന്തെന്നാൽ പ്രകൃതിയിൽ യാതൊന്നും നശിക്കുന്നില്ല. വേദാന്തം അനുസരിച്ചു് ഈ ശക്തി അഗോചരമായിരിക്കുന്നു; കാരണശരീരമായ (C) എന്ന ബോധാതീതാവസ്ഥയിൽ അതു പ്രവേശിക്കുന്നു. ഈ ശക്തി കാരണശരീരത്തിൽ സംഭരിക്കപ്പെട്ടു് സ്വപ്നങ്ങളിൽ സ്ഫുരിക്കുക—B പ്ലെയിനിൽ സ്ഫുരിക്കുക—നമ്മുടെ ആന്തരികവികാരങ്ങളിൽ പ്രകാശിക്കുക—ആന്തരികപ്രചോദനങ്ങളിലും, ഗതികളിലും, പോക്കുകളിലും സ്പഷ്ടമാവുക

* ഇതു് മഞ്ഞുകട്ടി (ഐസ്) അല്ലയോ എന്നു സംശയം. (പരിഭാഷകൻ)



digitized by www.sreyas.in

എന്നീ മാൎഗ്ഗങ്ങളിൽ പ്രത്യക്ഷപ്പെടുന്നു. വേദാന്താനുസാരം നമ്മുടെ ചായ്വുകളുടെ, വാസനകളുടെ യുക്തിയെ ഇതു തെളിയിക്കുന്നു.

പ്രായോഗികതെളിവ്:— ജാഗ്രദവസ്ഥയിലോ, മാസ്മരീകൃതാവസ്ഥയിലോ ഒരു മനുഷ്യന്റെ കാരണശരീരത്തെ നേരിട്ടോ, അല്ലാതെയോ പ്രാപിച്ചുനോക്കുക. അവിടെ പ്രേരിതമായ ഗതികളും ചേഷ്ടകളും ശരിയായ സമയംവരുമ്പോൾ സ്വയംപ്രകാശിക്കുന്നു. ഒരുത്തനെ മാസ്മരീകരിക്കുമ്പോൾ, ഉണരുന്നതിനുശേഷം ഒരു പ്രത്യേകസമയം ഒരു പ്രത്യേകകാൎയ്യം ചെയ്യാൻ അവനോട് ആവശ്യപ്പെടുന്ന, മാസ്മരീകരണശേഷം ഉണ്ടായ, നിർദ്ദേശം ആ പ്രവൃത്തിചെയ്യാൻ ബലമായ ഒരു പ്രേരണയുടെ രൂപത്തിൽ ക്രമമായ സമയത്തു വീഴ്ചകൂടാതെ ഫലപ്പെടും. കാരണശരീരത്തിൽ പ്രവേശിക്കുന്ന നിർദ്ദേശം നേരിട്ടുണ്ടാക്കുന്ന ഈ പ്രവൃത്തിയിൽ എന്നതുപോലെ, അങ്ങിനെതന്നെ, ഒരു മനുഷ്യൻ ചെയ്യുന്ന എല്ലാ പ്രവൃത്തികളിലും, കാരണശരീരത്തിൽ മുമ്പേതന്നെ നിർദ്ദേശങ്ങൾ സന്നിധാനംചെയ്തിരുന്നുവെന്നു വേദാന്തം ചൂണ്ടിക്കാണിക്കുന്നു. ആ നിർദ്ദേശങ്ങൾ ഇന്ദ്രിയങ്ങളുടേയോ, ആന്തരികബോധ്യങ്ങളുടേയോ, വേദാന്തമതപ്രകാരം ലോകം സമസ്തവും സൃഷ്ടിച്ച ഏതോ ഒരു മാസ്മരരൂപത്തിന്റെയോ, മാസ്മരീകരണംമൂലമായിരിക്കണം. കാരണശരീരം ആരോഗ്യപ്രചോദകമായ നിർദ്ദേശങ്ങളാൽ പ്രബലമായി പ്രേരിതമാകട്ടെ; സ്ഥൂലശരീരം അപ്പോൾ അരോഗമായിരിക്കാതെനിവൃത്തിയില്ല. കാരണശരീരം ഈശ്വരതാനിർദ്ദേശത്താൽ പൂൎണ്ണലയം പ്രാപിക്കട്ടെ; അപ്പോൾ ആ മനുഷ്യൻ ഒരു പ്രവാചകനോ--മതപണ്ഡിതനോ--ആയിത്തീരും. അടിമത്തവും ബലഹീനതയും കാരണശരീരത്തിൽ ബലമായി നിർദ്ദേശിക്കപ്പെടട്ടെ; അപ്പോൾ സ്ഥൂലശരീരം ബലഹീനവും അസ്വതന്ത്രവും ആയി ഭവിക്കും. ഒരു മനുഷ്യന്റെ കാരണശരീരം അവന്റെ സകല സാഹചൎയ്യങ്ങൾക്കും ചുമതല വഹിക്കുന്നതിനാൽ അവൻ അവന്റെ സ്വന്ത അനുഭവങ്ങളുടെ സൃഷ്ടികൎത്താവാകുന്നു.

3. സ്വപ്നാടനാവസ്ഥയിലോ, മാസ്മരീകൃതാവസ്ഥയിലോ, (ഇതരന്മാർ അപ്രകാരം കാണാത്ത ദിക്കിൽ) ഒരു മനുഷ്യൻ ഒരു തടാകമോ, മത്സ്യക്കളമോ, വേറെ ഇല്ലാത്ത പദാൎത്ഥങ്ങൾ എന്തെങ്കിലുമോ കാണുന്നു. ഈ സംഭവങ്ങളെല്ലാം അവന്റെ സ്വന്തം സത്ത താങ്ങിച്ചുമന്നുകൊണ്ടിരിക്കുന്നു. അതുപോലെ വേദാന്തശാസനപ്രകാരം ഒരു മനുഷ്യൻ കാണുന്ന ലോകമെല്ലാം അവന്റെ സ്വന്തസത്തയായ ആത്മാവുതന്നെ താങ്ങിനിൎത്തുന്നതാണ്. പ്ര

digitized by www.sreyas.in

പഞ്ചികസംഭവങ്ങൾക്കും സ്വപ്നാടനസംഭവങ്ങൾക്കും തമ്മിലുള്ള വ്യത്യാസം, രണ്ടാമത്തെ വൎഗ്ഗം താരതമ്യേന കനിഷ്ഠികങ്ങളും, ക്ഷണി പ്രനാശികളും ആണെന്നുള്ളതുമാത്രമാണു്. ഒരു മാസ്മരാവസ്ഥയിൽ ഒരുത്തനെ നിൎത്തുകയും, അതിന്റെ പ്രതിവിധി ചെയ്വാൻ മറന്നു പോകയും ചെയ്യുന്നാപക്ഷം, അവന്റെ നില എങ്ങിനെയോ അതു പോലെമാത്രമാണിതു്. ലോകത്തിലെ ജനങ്ങളെല്ലാം ഒരു വിചിത്രമായ ലൌകികമാസ്മരാവസ്ഥയിൽ മഗ്നരായിക്കിടക്കുന്നു; അതിൽനിന്നു് ഉണരുവാൻ അവൎക്കു വളരെവളരെക്കാലം വേണ്ടിവരുന്നു. ഈശ്വരബോധം തികഞ്ഞ ഒരു മുക്തപുരുഷൻ വന്നു് അവരെ ഈശ്വരത്വത്തിലേയ്ക്കു് ഉണൎത്തുമ്പോൾ അവർ എഴുന്നേൽക്കുന്നു സാരഭൂതമായതും, സകല വ്യാപാരങ്ങൾക്കും അകത്തു ലയിച്ചിരിക്കുന്നതും പരമാൎത്ഥവസ്തുതന്നെ ആയിരിക്കണം. അതിന്മേൽ ആരോപിതങ്ങളായതെല്ലാം മാസ്മരസംഭവങ്ങളും ആയിരിക്കണം. മാസ്മരാവസ്ഥയിലോ, ജാഗ്രദവസ്ഥയിലോ, സ്വപ്നാവസ്ഥയിലോ, സുഷുപ്ത്യവസ്ഥയിലോ--ഏതവസ്ഥയിലും ഒരുപോലെ നിലനില്ക്കുന്ന കാരണശരീരമാകുന്ന അസ്ഥിവാരം യഥാൎത്ഥാത്മാ അഥവാ ഏകസത്തയാണു്. മറ്റുള്ളതെല്ലാം അതിൽ ആരോപിക്കപ്പെടുന്നതും മാസ്മരികവ്യാപാരങ്ങളും അത്രെ. ഈ നിസ്സഹായാവസ്ഥയെ—മാസ്മരാവസ്ഥയെ--നീക്കുന്നതിനും സംഭവങ്ങളെ ഈ അന്തിമസത്യത്തിൽ ലയിപ്പിക്കുന്നതിനുംഉള്ള മാൎഗ്ഗമാണു് സ്വാത്മസാക്ഷാൽക്കാരം. മാതാപിതാക്കന്മാരുടെ നിൎദ്ദേശങ്ങൾമുഖേനയും, ഇന്ദ്രിയങ്ങളുടെ നിൎദ്ദേശങ്ങളാൽ താങ്കളെപ്പെട്ടും ആണു് പ്രപഞ്ചത്തിന്റെ മാസ്മരസ്വപ്നം സൃഷ്ടിക്കപ്പെട്ടതു്. ശരിയായ മാൎഗ്ഗത്തിൽക്കൂടിയുള്ള എതിർനിൎദ്ദേശം മുഖാന്തിരം അവയെ പറിച്ചെറിയുകയും ചെയ്യപ്പെടുന്നു.

പരമാൎത്ഥാത്മാവു് എന്തിനായിട്ടു തെറ്റൽ പ്രവേശിച്ചു? അബദ്ധമായി ആരംഭിച്ചു?

എന്തുകൊണ്ടെന്നും, എന്തു കാരണമെന്നും ഉള്ളതും, സകല ഉല്പത്തിയും ഈ മാസ്മരവൃത്തിയുടെ ഫലവും അംശവും ആണു്; യഥാൎത്ഥ കാരണത്തിന്റെ സന്താനങ്ങളും കുട്ടികളുമാണു്. ഈ ചോദ്യങ്ങൾ ചോദിക്കുന്നതു ഫലത്തിൽക്കൂടെ കാരണത്തെ അടിപെട്ടത്താമെന്നുള്ള ആശയും, കുതിരയെ അച്ഛന്റെ പുറകേ പ്രതിഷ്ഠിക്കാമെന്നും, കുതിരയ്ക്കു മുമ്പിൽ വണ്ടി കെട്ടാമെന്നും ഉള്ള വ്യാമോഹവും വ്യഞ്ജിപ്പിക്കുന്നു. ഈ ചോദ്യം ചോദിപ്പാനുള്ള പ്രേരണയും, കാൎയ്യകാരണവാദത്തിനുള്ള പ്രതിപത്തിയും, താല്പൎയ്യവും എല്ലാം പ്രസാരിതമായ മാസ്മരാവസ്ഥയുടെ അംശമോ പ്രകടനമോ മാത്രമത്രേ.

digitized by www.sreyas.in

മാസ്മരസ്ഥിതിയിൽനിന്നുണന്നാൽ ഇതൊന്നും കാണുകയില്ല. യഥാർത്ഥമായ ആദിമാവസ്ഥയിൽ ഇവയൊന്നും സന്നിഹിതമായിരുന്നില്ല; ചോദ്യങ്ങൾ അപ്പോൾ സാദ്ധ്യങ്ങളല്ലായിരുന്നു. ഈ കാര്യകാരണശൃംഖല അശേഷം ഒരു കടലാസുകഷണത്തിലെ അവസാനിക്കാത്തതായ ചക്രചിത്രമാണ്. ഈ ശൃംഖല ഒരിക്കലും അവസാനിക്കില്ല; ചുററിച്ചുററി പൊയ്ക്കൊണ്ടിരിക്കും എന്നാൽ ഏകപരമാർത്ഥം കടലാസുതുണ്ടിനെപ്പോലെ ഈ സകല ചക്രങ്ങളെയും കറക്കങ്ങളെയും താങ്ങിക്കൊണ്ടിരിക്കുന്നു. അതു ശൃംഖലയ്ക്കതീതമാണ്. "എന്തുകൊണ്ട്?" എന്നും മററുമുള്ള പ്രശ്നങ്ങൾ ഉന്നയിക്കാൻ തുടങ്ങുന്നതു്, തന്മൂലം ചക്രത്തിൻെറ ആ അററമോ ഈ അററമോ കടലാസ്സാക്കാൻ ശ്രമിക്കുന്നതുപോലെയാണ്. എല്ലാ ചക്രങ്ങളിലും, അവയുടെ തിരിവുകളിലും, മറിവുകളിലും കടലാസ്സില്ലാതിരുന്നാലത്തെപ്പോലെയാണതു്. അതിനാൽ സമസ്തലോകത്തിനും രാമൻ കൊടുക്കുന്ന ആജ്ഞ ഇപ്രകാരമാണ്:—"ഈ ശൃംഖലയിലോ, ചക്രത്തിലോ, അഥവാ സർപ്പത്തിൻെറ വലയങ്ങളിലോ കടുങ്ങിയിരിക്കുന്നതായി നിങ്ങൾ സ്വയം കണക്കാക്കരുതു്. സർപ്പത്തിൻെറ വലയങ്ങൾക്കു നാഥനും, ഭരണക്കാരനും നിയാമകനും നിങ്ങൾതന്നെയാണെന്നു ചിന്തിക്കയും ധ്യാനിക്കയും സാക്ഷാൽക്കരിക്കയും ചെയ്യുക. നിങ്ങൾ നിസ്സംശയമായി കാര്യകാരണങ്ങൾക്കു് അതീതനായിത്തീരും. തീർച്ചയായും! തീർച്ചയായും!!

ഓം!

# 7. വേദാന്തവും സോഷ്യലിസവും (സമഷ്ടിവാദം)

എല്ലാത്തിനുംമുമ്പായി സോഷ്യലിസം എന്ന പേരിനെപ്പററി പറയാം. രാമനതിനെ "വ്യഷ്ടിവാദം" എന്നു വിളിക്കാനാണു ഇഷ്ടപ്പെടുന്നതു്. സമഷ്ടിവാദം എന്ന വാക്കു് സമുദായത്തിൻെറ ചട്ടമനുസരിച്ചു ഭരിക്കുക എന്ന വിചാരത്തിനു പ്രാമാണ്യം കൊടുക്കുന്നു. എന്നാൽ രാമൻ പറയുന്നു:—"വ്യക്തിയുടെ പരമപ്രാമാണ്യം സമസ്തപ്രപഞ്ചത്തിനും, സമസ്തലോകത്തിനും എതിരായി ഉറപ്പിക്കുന്നതാണ് സത്യത്തിൻെറ യഥാർത്ഥ ചൈതന്യം. ഉല്ക്കണ്ഠയില്ല; പരിഭ്രമമില്ലാ; വ്യാകുലതയില്ല. ഇതാണു രാമൻ വ്യഷ്ടിവാദമെന്നു പറയുന്നതു്. അവക്കിഷ്ടമുണ്ടെങ്കിൽ ജനങ്ങളിതിനെ സമഷ്ടിവാദ

digitized by www.sreyas.in

മെന്നു വിളിക്കട്ടെ.'' വ്യക്തിയുടെ നിലയിൽനിന്നു നോക്കുമ്പോൾ വേദാന്തശാസനം ഇതാണ്.

വീണ്ടും, സ്ഥിതിസമത്വവാദം അഥവാ സമഷ്ടിവാദം എന്നു പറയപ്പെടുന്നതിന്റെ അന്തിമോദ്ദേശം മുതലാളിത്തത്തെ പിടിച്ചു താഴ്ത്തുക മാത്രമാണ്. ഇത്രയും ദൂരത്തോളം——ഇതിനെ സംബന്ധിച്ചിടത്തോളം—അതു വേദാന്തത്തിന്റെ ലക്ഷ്യവുമായി സാമ്യമുള്ളതാണ്. വേദാന്തലക്ഷ്യം നിങ്ങളിൽനിന്നു ഉടമസ്ഥതാബോധം തീരെ നശിപ്പിച്ച്, സകല സമ്പൽബോധവും, സമ്പാദ്യബോധവും, സമസ്ത സ്വാർത്ഥപരകൈവശാവകാശവും കാററിലെറിയിക്കണമെന്നാണ്, അതാണു വേദാന്തം! അതാണു സമഷ്ടിവാദവും. രണ്ടു ലക്ഷ്യങ്ങളും പൂർണ്ണമായി യോജിക്കുന്നു.

വേദാന്തം സമത്വത്തെ പഠിപ്പിക്കുന്നു; യഥാർത്ഥ സമഷ്ടിവാദത്തിന്റെ ലക്ഷ്യവും അപ്രകാരമായിരിക്കണം ബാഹ്യവസ്തുക്കളോടു ബഹുമാനമോ, ആദരവോ, ഭക്തിയോ പാടില്ല; അത്തരം യാതൊന്നും ഇല്ല. ഇതു എത്രയോ ഭയങ്കരവും, വളരെ കഠിനവും ആയ ഏതാണ്ടാണെന്നു തോന്നപ്പെട്ടാം. എന്നാൽ ഒരു മനുഷ്യൻ ഉടമസ്ഥതയുടെയും, അവകാശങ്ങളുടെയും, മമത്വത്തിന്റെയും, ആസക്തിയുടെയും, ബോധം സമസ്തവും കൈവെടിയാതെയിരുന്നാൽ സൂര്യനുകീഴിൽ യാതൊരു സുഖവും അവനു് ഉണ്ടാകാവുന്നതല്ല. ഇതൊക്കെ വെറുതെ ഉപേക്ഷിക്കണമെന്നു സമഷ്ടിവാദം ആവശ്യപ്പെടുന്നു. അതു ചെയ്യേണ്ടതു് എങ്ങനെയാണെന്നുള്ളതിനെപ്പററിയും, അതിന്റെ ആവശ്യകതയ്ക്കു മഹത്തായ ഒരു കാരണവും വേദാന്തം പ്രസ്താവിക്കുന്നു. സോഷ്യലിസം എന്നു പറയപ്പെടുന്നതു സംഗതികളുടെ വെറും ബാഹ്യപഠനം മാത്രമായിട്ടിരിക്കുന്നു; സമത്വത്തിലും, സാഹോദര്യത്തിലും, സ്നേഹത്തിലും മനുഷ്യവംശം ജീവിക്കണമെന്നു അതു വിധിക്കുന്നു. വേദാന്തം സംഭവങ്ങളെ ആഭ്യന്തരമായും, സ്വതസ്സിദ്ധമായും ഉള്ള വീക്ഷണസ്ഥാനത്തുനിന്നു പഠിക്കുന്നു. വേദാന്തമനുസരിച്ചു്, ഏതെങ്കിലും വ്യക്തിപരമായ വസ്തുവിനെ കൈവശംവച്ചനുഭവിക്കുന്നതു് ഒരുവന്റെ ആത്മാവിനോടു് അഥവാ ആഭ്യന്തരസത്തയോടു ചെയ്യുന്ന ഏററവും മഹാപാതകമായ ഒരു അശുദ്ധപ്രവൃത്തിയാണ്. വേദാന്തസിദ്ധാന്തമനുസരിച്ചു് ഒരു മനുഷ്യനുള്ള കേവലാവകാശം 'കൊടുക്കുക' എന്നതു മാത്രമാണ്; വേണമെന്നു ചോദിക്കുന്നതിനല്ല. നിങ്ങൾക്കു മറെറാന്നും കൊടുപ്പാനില്ലെങ്കിൽ, ശരീരത്തെ ത്യജിച്ചു് പുഴുക്കൾക്കു ആഹാരമായി അതിനെ കൊടുക്കുക. നിങ്ങൾക്കായി സൂക്ഷിച്ചുവെക്കുന്നതു നിസ്സാരവും ക്ഷുദ്രവും അത്രെ. അതുകൊണ്ടു് ആരെയും ധനികനെന്നു ആരും

digitized by www.sreyas.in

വിളിക്കുന്നില്ല. നിങ്ങൾ കൊടുക്കുന്നതുകൊണ്ടാണു് ധനപ്രഭുവാകുന്നതു്. എല്ലാവരും വേല ചെയ്യുന്നതു് എന്തെങ്കിലും സമ്പാദിക്കാനല്ല; എന്നാൽ സകലതും കൊടുക്കാനാണു്. കിട്ടുന്നതിൽ സന്തോഷമുണ്ടെന്നു ഭാവിക്കുന്നതാണു് ലോകം ചെയ്തിട്ടുള്ള ഏററവും വലിയ അപരാധം. സകല സുഖവും കൊടുക്കുന്നതിലാണെന്നും, ചോദിക്കുന്നതിലോ, യാചിക്കുന്നതിലോ അല്ലെന്നും ഉള്ള സത്യം അംഗീകരിക്കാൻ വേദാന്തം നിങ്ങളോടു് ആവശ്യപ്പെടുന്നു. തെണ്ടാനോ, ആവശ്യപ്പെടാനോ ഉള്ള ചൈതന്യം നിങ്ങളിൽ പ്രവേശിക്കാൻ നിങ്ങൾ അനുവദിക്കുന്ന ആ ക്ഷണത്തിൽ, നിങ്ങൾ സ്വയം ഹ്രസ്വഭവിച്ചു് ചുരുങ്ങി, നിങ്ങളിലുള്ള ആനന്ദം ഞെക്കിപ്പിഴിഞ്ഞു ദൂരെയെറിയുന്നു. നിങ്ങൾ എവിടെയിരുന്നാലും ഒരു ദാതാവെന്ന നിലയിൽ ഇരുന്നു പണി ചെയ്യണം. യാചകനെന്ന നിലയിൽ ഇരിക്കരുതു്. എന്നാൽ നിങ്ങളുടെ പ്രയത്നം സാർവ്വലൌകികമായും, ഒട്ടും വ്യക്തിപരമല്ലാതെയും ആയി ഭവിക്കും.

ഹിമാലയപർവ്വതങ്ങളിൽ ഇൻഡ്യായിലെ വേദാന്തിസന്യാസിമാർ ഇന്നും ഈ സമഷ്ടിതത്വജീവിതം നയിക്കുന്നുണ്ടു്. ചരിത്രാതീതകാലം മുതല്ക്കു് അവർ ഈ ജീവിതം നയിച്ചുവരുന്നു. അവർ അത്യന്തം കഠിനമായി വേല ചെയ്യുന്നു; അവർ വെറും അനങ്ങാപ്പാറകളല്ല, സുഖാലുക്കളല്ല, ആഡംബരജീവികളല്ല. ഇൻഡ്യായുടെ മാഹാത്മ്യയ സാഹിത്യം സമസ്തവും അവരുടെ ശ്രമങ്ങളിൽനിന്നു ജനിച്ചതാണു്. ഈ മനുഷ്യരാണു് അതിമാത്രം ഉൽകൃഷ്ടരായ കവികളും, നാടകകർത്താക്കളും, സയൻസുപണ്ഡിതന്മാരും, തത്വശാസ്ത്രജ്ഞന്മാരും, വ്യാകരണന്മാരും, ഗണിതശാസ്ത്രജ്ഞന്മാരും, ജ്യൌതിഷികന്മാരും, രസായനവിദ്യാകുശലന്മാരും, വൈദ്യപണ്ഡിതന്മാരും മററുമായിരുന്നതു്. എന്നിട്ടും, ഇവരാരും കൈകൊണ്ടു പണം തൊട്ടിട്ടില്ലാത്ത മനുഷ്യർതന്നെയായിരുന്നു. ഏററവും കഠിനമായ ജീവിതം നയിച്ച ജനങ്ങളും ഇവർതന്നെയായിരുന്നു. സോഷ്യലിസത്തിന്മേൽ അടിച്ചുകയററപ്പെടുന്ന ദോഷാരോപണങ്ങളെ ഇവരുടെ ജീവിതരീതി മായിച്ചുകളയുന്നു. ജനങ്ങളെ ഭീരുക്കളും മടിയന്മാരും പരാശ്രയികളും ആക്കുന്നതാണു് സോഷ്യലിസം എന്നു പറയുന്ന ആക്ഷേപം ഇതു തട്ടിനീക്കിക്കളയുന്നു. സ്വയം സ്വതന്ത്രനാണെന്നു സങ്കല്പിക്കുന്നവനു മാത്രമേ വേലയെടുക്കാൻ തരമുള്ളു.

വേദാന്തമനുസരിച്ചും, സോഷ്യലിസം അനുസരിച്ചും നിങ്ങൾക്കു് നിങ്ങളുടെ കുട്ടികളെയും, ഭാര്യയെയും, വീടും, സ്വത്തും യാതൊന്നും സ്വായത്തമാക്കി അനുഭവിക്കാൻ അവകാശമില്ല

digitized by www.sreyas.in

പരിഷ്കൃതജനസമുദായത്തിന്റെ മുഖത്തു ഒരു മഹാപാതകമാണു് സ്ത്രീയെ ഒരു വാണിജ്യവസ്തുവാക്കുകയും, കൈവശപ്പെടുത്തുകയും, ഒരു മരമോ, വീടോ, പണമോ പോലെ, മനുഷ്യൻ സ്വായത്തമാക്കുകയും ചെയ്യുന്നതു്. ഇങ്ങിനെ സ്ത്രീയെ പരിഷ്കൃതജനസമൂഹം ഒരു അചേതനവസ്തുവിന്റെ നിലയിൽ ആക്കിയിരിക്കുന്നു ഒരു പുരുഷനു് എല്ലാവിധത്തിലും സ്വാതന്ത്ര്യമുള്ളപ്പോൾ സ്ത്രീയുടെ കൈകാലുകൾ ബന്ധിച്ചിട്ടിരിക്കുന്നു. അവൾ ഒരുവന്റെ സ്വത്തായിത്തീരുന്നു; പിന്നീട് മറ്റൊരുവന്റെ വകയായിവരുന്നു. സോഷ്യലിസവും വേദാന്തവും അനുസരിച്ച്, ഇതു് അമ്പരപ്പിക്കുന്ന ഒരു സംഗതിയാണു്. എന്നാൽ ഒരു സ്ത്രീ പുരുഷനെപ്പോലെതന്നെ സ്വാതന്ത്ര്യം അംഗീകരിക്കണം. അവൾ പുരുഷനെപ്പോലെ സ്വതന്ത്രയാണു്. പുരുഷൻ ഒന്നിന്റെയും ഉടമസ്ഥനാകരുതെങ്കിൽ സ്ത്രീയും ഉടമസ്ഥയാകരുതു്. അവൾക്കു സുഖം സമ്പാദിക്കാൻ അവൾ തന്റെ ഭർത്താവിനെ സ്വായത്തമാക്കാൻ അവകാശവാദം ചെയ്യരുതു്. ഇവിടെ സോഷ്യലിസത്തിനെതിരായി ഗുരുതരമായ ഒരാക്ഷേപം ഉയരുന്നു. സമഷ്ടിവാദം സ്ത്രീക്കും പുരുഷനും ഒരു പോലെ സമ്പൂർണ്ണസ്വാതന്ത്ര്യം അനുവദിച്ചുകൊടുത്താൽ, സമുദായം മൃഗീയാവസ്ഥയിൽ പതിക്കുകയും, ലോകം തോന്നിയവാസികളുടെയും, ധൂർത്തന്മാരുടെയും കേളീരംഗമാകയും ചെയ്യും. പുരുഷനും സ്ത്രീയ്ക്കും, ലൈംഗികവീക്ഷണസ്ഥാനത്തുനിന്നു നോക്കിയാൽ, ഇതിനെക്കാൾ ആശാസ്യമായ ഒരു നില വരാനില്ലെന്നു രാമൻ പറയുന്നു. പശുക്കളും, എരുമകളും പോലുള്ള മൃഗങ്ങൾ അവയുടെ സ്ത്രീപുരുഷസമാഗമങ്ങളിൽ വളരെ വിവേകശാലികളും, നടത്തയിൽ മര്യാദയും, ബുദ്ധിയും ഉള്ളവയും ആണു്. മനുഷ്യർ അതേവിധം പെരുമാറിയിരുന്നുവെങ്കിൽ, പരിഷ്കൃത(?)സമുദായത്തിലെ സകല കാമാവേശവും, പ്രേമത്തിന്റെ പേരിലുള്ള ദുഷ്ടതകളും അസ്തമിക്കുമായിരുന്നു.

ആശ്ചര്യത്തിലുമാശ്ചര്യം! ദുർന്നടത്തക്കാരനായ ഒരു മനുഷ്യനെ മൃഗമെന്നു വിളിക്കുന്നതു് എത്ര വലിയ ഒരു അബദ്ധമാണു്! മൃഗങ്ങൾ നിശ്ചയമായും, മനുഷ്യനെക്കാൾ തുലോം സന്മാർഗ്ഗികജീവികളാണു്. അവയ്ക്കു ബോധരഹിതമായ കാമവികാരത്തിന്റെ കണികപോലുമില്ല. സന്താനോല്പാദനത്തിനുവേണ്ടി മാത്രമേ അവയ്ക്കു സംഭോഗാസക്തിയുള്ളു. മനുഷ്യനു് അങ്ങിനെയല്ലാ. ഒരു കാമലോലുപനെക്കാൾ സമാധാനചിത്തനും, സുബോധവാനും ആയ ഒരു മനുഷ്യനാണു മൃഗങ്ങളുടെ പ്രകൃതിസഹജമായ ജീവിതം നയിക്കുന്നതു്. ദുർന്നടപടിക്കാരനായ മനുഷ്യനെ മൃഗമെന്നു വിളിക്കരുതു്; അയാൾ ഒരു പരിഷ്കൃതമനുഷ്യനാണു് (?) ഇതു് പരി

digitized by www.sreyas.in

ഷ്കാരത്തിന്റെ ഒരു പ്രത്യേകതയാണ്! * അല്ലാതെ സമുദായത്തിന്റെ അപരിഷ്കൃതാവസ്ഥയുടെ ഒരു പ്രത്യേകതയല്ല. മൃഗങ്ങൾ യുക്തിയുക്തങ്ങളും, പ്രകൃതിസഹജങ്ങളുമാണ്. സകലതും യഥാസമയവും, യഥാസന്ദർഭവും അവ നടത്തുന്നു. വേദാന്തപ്രകാരവും, സമഷ്ടിവാദമനുസരിച്ചും, അധികം സുബോധവും, സ്വാസ്ഥ്യവും, സമാധാനചിത്തതയും നിറഞ്ഞ പ്രകൃത്യവസ്ഥ സമ്പാദിച്ചാൽ, ഈ ചൊറിഞ്ഞു ശല്യപ്പെടുത്തുന്ന കാമാവേശം കുറഞ്ഞുപോകും. എന്നു മാത്രമല്ല, അതേസമയം ഭർത്താവെന്നോ, ഭാര്യയെന്നോ, അച്ഛനെന്നോ, കുഞ്ഞെന്നോ ഉള്ള നിലയിൽ സ്വായത്തബോധം ഇല്ലാതാകയും ചെയ്യും.

നമുക്ക് കുഞ്ഞിനെ രക്ഷിക്കണം, ഭാര്യയെ പോററണം, സഹോദരിയെ പാലിക്കണം എന്നും മററും ഉള്ള വിചാരം ഹൃദയത്തിൽ ഒരു സുസ്ഥിരഭാരമായിരിക്കുന്നതു കൊണ്ടാണു പരിത്തം ശരിക്കു നടത്താനും, ഈശ്വരതത്വം സാക്ഷാൽക്കരിക്കാനും നമുക്കു സൌകര്യം ലഭിക്കാത്തതു്. നിങ്ങളെ മോചിപ്പിക്കത്തക്കവിധം ഹൃദയഭാരം നീക്കാൻ സോഷ്യലിസമോ വേദാന്തമോ നിങ്ങളോടാവശ്യപ്പെടുന്നു. നിങ്ങൾ ഗവേഷണസമുദ്രത്തിൽ ചാടുമ്പോൾ വിജയപതാകയോടുകൂടി പൊങ്ങിവരുന്നതും, പര്യവേക്ഷണരംഗത്തിൽ പ്രവേശിക്കുമ്പോൾ വിജയപൂർവ്വം പുറത്തിറങ്ങുന്നതും, നിങ്ങൾ സ്വതന്ത്രമായി, ബന്ധങ്ങളും കെട്ടുകളും തടസ്സങ്ങളും കൂടാതെ, ഒരുതരം ഉൽക്കണ്ഠയും ഇല്ലാതെ, വേലചെയ്യുന്നതുകൊണ്ടാണ്. നിങ്ങൾ സദാ സ്വതന്ത്രത അനുഭവിക്കയും, വിസ്തൃതമായ പ്രപഞ്ചം സമസ്തവും നിങ്ങളുടെ ഗൃഹമാണെന്നു തീർച്ചയാക്കിയിരിക്കയും ചെയ്യുക.

നമുക്കു ചെയ്യേണ്ടതെല്ലാംകൂടി ഇത്രമാത്രമാണ്. ജനങ്ങൾക്കുള്ള സകല ആപത്തുകൾക്കും ദീനങ്ങൾക്കും ഏകചികിത്സ—ഒററമൂലിപ്രയോഗം—ഉടമസ്ഥതാബോധം പരിത്യജിക്കുന്നതു് ആണ് എന്നു അവരെ കാണിച്ചുകൊടുത്തു ബോധ്യപ്പെടുത്തുക മാത്രമാണു. ജനങ്ങളുടെ ബഹുഭൂരിപക്ഷം ഈ ബോധം അനുഭവപ്പെടുത്തുമ്പോൾ—ഒരിക്കൽ സാക്ഷാൽക്കരിക്കുമ്പോൾ—സോഷ്യലിസം കാട്ടുതീപോലെ ലോകമശേഷവും വ്യാപിക്കുന്ന വേദാന്തം—സമഷ്ടിവാദം—മാത്രമേ അവരുടെ ഉപദ്രവങ്ങൾക്കു ഏകചികിത്സയായിട്ടുള്ളു. ഒരിക്കൽ ഈ വേദാന്തസമഷ്ടിവാദം ലോകത്തിൽ കേൾക്കപ്പെടുമ്പോൾ, സ്വർഗ്ഗരാജ്യം അവിടെ എത്തുന്നു; കൃത്രിമദൃഷ്ടിയിൽനിന്നും, ചുററുമുള്ള സാഹചര്യങ്ങളെ സങ്കുചിതരീത്യാ പരിക്കുന്നതിൽനിന്നും, ഉദിക്കുന്ന ആക്ഷേപങ്ങളെല്ലാം ഓടിമറയുന്നു. ഈ സോഷ്യലിസത്തിൻകീഴിൽ രാജാക്കന്മാരും പ്രസിഡണ്ടന്മാരും,

* ആധുനികപരിഷ്കാരത്തെ സ്വാമി കളിയാക്കുന്നു.

digitized by www.sreyas.in

പട്ടക്കാരും, ഒന്നും ആവശ്യമില്ല. സൈന്യങ്ങളും വേണ്ടതില്ല. സർവ്വകലാശാലകളും ആവശ്യമുണ്ടാകയില്ല. എന്തെന്നാൽ ഓരോരുത്തനും അവന്റെ സ്വന്തം സർവ്വകലാശാലയായി പരിണമിക്കും. ലൈബ്രറികൾ നമുക്കുണ്ടായിരിക്കും. അവിടെ ആൾക്കുവന്നു വായിക്കാം. ചെറുകുഞ്ഞുങ്ങൾക്കല്ലാതെ പ്രൊഫസ്സറന്മാർ ആവശ്യമുണ്ടാകയില്ല. ഡോക്ടറന്മാർ വേണ്ടിവരുകയില്ല. എന്തെന്നാൽ വേദാന്തം അനുശാസിക്കുന്നരീതിയിൽ പ്രകൃതിസിദ്ധമായ ജീവിതം നയിക്കുന്നതുമൂലം നിങ്ങൾ ഒരിക്കലും രോഗിയാകയോ, ഡോക്ടരെ ആവശ്യപ്പെടുകയോ, ചെയ്യുകയില്ല. ജനങ്ങൾക്ക് അവക്കിഷ്ടമുള്ളതെന്തും ചെയ്തുകൊള്ളാം. സൃഷ്ടികളുടെമേൽ മുഴുവൻ നടക്കാം. അഥവാ ഇഷ്ടംപോലെ എവിടെയും സഞ്ചരിക്കാം. സഹോദരനെ പേടിക്കാതെ, ഇപ്പോഴത്തെപോലെ അവനെ ഭയപ്പെടാതെ കഴിക്കാം. നന്മചെയ്യും, വാസ്തവത്തിൽ പ്രയോജനകരമായ വിദ്യയ്ക്കുവേണ്ടി സമയം ചെലവുചെയ്യും, തത്വജ്ഞാനപരവും, അതീതപ്രകൃതിശാസ്ത്രപരവും ആയ പര്യവേക്ഷണങ്ങൾ ചെയ്യും, സമ്പൂർണ്ണമായ അളവിൽ അവരുടെ ഈശ്വരത്വവും ദിവ്യത്വവും അനുഭവിച്ചു ജീവിച്ചുംകൊണ്ടു ജനങ്ങൾ ലാലസിക്കാനിടവരും.

ഓം! ഓം!! ഓം!!!

# 8 മനുഷ്യൻ അവന്റെ സ്വന്ത ഭാഗ്യാധിപതി

(1903 ജനുവരി 24-ന് ഗോൾഡൻ ഗേറ്റുഹോളിൽചെയ്ത പ്രസംഗം).

ഓം!

മഹതിമഹാന്മാരുടെ രൂപത്തിലുള്ള സമസ്ത ജഗന്നായകാ!

ഇന്നത്തെ പ്രസംഗവിഷയം "മനുഷ്യൻ അവന്റെ സ്വന്തഭാഗ്യാധിപതി" എന്നുള്ളതാണ്. മനുഷ്യനെ അവന്റെ യഥാർത്ഥപ്രകൃതിയിൽ പരമാർത്ഥരൂപത്തിൽ—നാം ചർച്ചചെയ്തുകൊണ്ടിരിക്കയായിരുന്നു. വാസ്തവമനുഷ്യൻ മനുഷ്യൻ യഥാർത്ഥമായി—ഈശ്വരൻ അഥവാ ദിവ്യത്വംതന്നെയാണ്, ഈശ്വരനല്ലാതെ വേറൊന്നും അല്ല; യഥാർത്ഥമനുഷ്യൻ തന്റെ ശരീരത്തിന്റെ അധിപൻ മാത്രമല്ലാ, എല്ലാലോകത്തിന്റെയും, വിശാലപ്രപഞ്ചത്തിന്റെയും അധിപതിയാണ്.

ഇനു "മനുഷ്യൻ" എന്ന വാക്കിനു് വേദാന്തികൾ കൊടുക്കുന്ന അർത്ഥമായ 'സൂക്ഷ്മശരീരി' എന്ന അഥവാ സൂക്ഷ്മശരീരം" എന്ന അർത്ഥമാണ് നാം കൊടുക്കുന്നതു്; മോഹങ്ങളും, ആഗ്രഹങ്ങളും,

digitized by www.sreyas.in

കാമങ്ങളും വഹിച്ചുകൊണ്ടിരിക്കുന്ന മനുഷ്യൻ എന്നു താൽപൎയ്യം. ഈ പരിമിതവും, ഹ്രസ്വവും ആയ അൎത്ഥത്തിൽ ഉള്ള ഈ മനുഷ്യൻപോലും അവന്റെ ഭാഗ്യത്തിന്റെ നാഥനാണു്. ഈ പ്രമേയത്തിനു പല ഭിന്നവശങ്ങൾ ഉണ്ടു്. ഒരുദിവസംകൊണ്ടു് അവയെല്ലാം എടുത്തു് ഓരോന്നും നിരൂപണംചെയ്യാൻ സാദ്ധ്യമല്ല. ഇന്നുരാത്രി നാമീവിഷയം അതിന്റെ പിണ്ഡാണ്ഡപരമായ—വ്യക്തിപരമായ—വീക്ഷണസ്ഥാനത്തു (Microcosmical Standpoint) നിന്നു പൎയ്യാലോചിക്കുകമാത്രമേ ചെയ്യുന്നുള്ളു.

ഒരു മനുഷ്യൻ ജനിച്ചാൽ അവനു് അവന്റെ പരിതഃസ്ഥിതികളെ ബഹുദൂരം ഭേദപ്പെടുത്താൻ കഴിയുന്നുണ്ടെന്നു പറഞ്ഞാൽ അതു പക്ഷേ വിശ്വസിക്കുക വലിയ പ്രയാസമല്ലായിരിക്കാം. ഒരു പ്രത്യേകതരം സ്ഥിതിഗതികളിൽ ഒരു മനുഷ്യനെ പ്രതിഷ്ഠിച്ചാൽ, അവനു് ഏറെയോ, കുറെയോ തന്റെ സാഹചൎയ്യങ്ങളെ നിയന്ത്രിക്കയും, അവൻ ആ സാഹചൎയ്യങ്ങളുടെ നാഥനായിത്തീരുകയും, അവയുടെ മുകളിലേക്കു ഉയരുകയും, സ്വയം വിദ്യാഭ്യാസം ചെയ്യുകയും ചെയ്യാമെന്നു വിശ്വസിക്കുന്നതു് എളുപ്പമാണു്. ദരിദ്രന്മാരിൽ ദരിദ്രനായ--ദരിദ്രതമനായ-ഒരു ബാലനുതന്നെയും തന്റെരാജ്യത്തെ ഏറ്റവും മികച്ച ധനപ്രഭുവാകാൻ കഴിയും; അങ്ങിനെ ചെയ്തവർ ചിലരുണ്ടല്ലോ. പാഠ്ശാലക്കുട്ടികൾ പലരും ഈ ലോകത്തിൽ വലിയ മാന്യതയും കീൎത്തിയും ഉള്ള സ്ഥാനങ്ങളിൽ എത്തിച്ചേരാൻ പരിശ്രമംചെയ്തു വിജയമടഞ്ഞിട്ടുണ്ടു്. അത്യന്തം ക്ഷുദ്രവും ദുഷ്കീൎത്തികരവും ആയ നിലകളിൽ ജനിച്ചവർ വളരെ ഉയൎന്നസ്ഥാനങ്ങളിൽ എത്തിയിട്ടുണ്ടു്. നെപ്പോളിയൻബോണപ്പാർട്ടു്, ഷേക്സ്പീയർ, വിററിംഗ്ടൺ എന്ന ലണ്ടൻ മേയൊറന്മാരിൽ ഒരാൾ, ഒരിക്കൽ വെറും പാവപ്പെട്ട ദരിദ്രകൃഷിക്കാരനായിരുന്നശേഷം ചൈനായിലെ പ്രധാനമന്ത്രിയായിത്തീൎന്ന ഒരാൾ--ഇവരുടെ ചരിത്രമെല്ലാം പരിശോധിക്കുക. ഈ ലോകത്തിൽ ഒരിക്കൽവന്നാൽ നമുക്കു നമ്മുടെ ചുററുപാടുകളെ ഭേദപ്പെടുത്തി നമ്മുടെ ജീവിതത്തിൽ പലതും ചെയ്യാമെന്നു തെളിയിക്കുന്നതു് ക്ഷിപ്രസാദ്ധ്യമാണു്. അതു് എളുപ്പംതന്നെ; എന്നാൽ നിങ്ങളുടെ ജനനവും, മാതാപിതാക്കന്മാരെയുംപോലും നിങ്ങൾതന്നെയാണു് സൃഷ്ടിക്കുന്നതു് എന്നു വേദാന്തം ഉൽഘോഷിക്കുമ്പോൾ ഈ വിഷയത്തിന്റെ ദുൎഘടമായ ഭാഗം വരുന്നു. 'ശിശു മനുഷ്യന്റെ പിതാവാണു്'; *എന്നാൽ അത്രമാത്രമല്ലാ, ശിശു പിതാവിന്റെയും പിതാവുതന്നെയാണു് ഇതു തെളിയിക്കുക വിഷമതരമാണു്. എന്നാൽ വേദാന്തം പ-

* ഇംഗ്ലീഷിലെ ഒരു പഴമൊഴി ഇതു് ഉദ്ദതത്വം പ്രസ്താവിക്കുന്നു.

digitized by www.sreyas.in

റയുന്നു:---"ഈ പ്രമേയത്തെ ഏതുവശത്തുനിന്നെങ്കിലും നിരീക്ഷിക്കുക; നിങ്ങൾ നിങ്ങളുടെ ഭാഗ്യത്തിൻെറ നാഥനാണു്. നിങ്ങൾ അന്ധനായിട്ടാണു് ജനിച്ചതെങ്കിൽ, നിങ്ങളുടെ ഭാഗ്യാധിപതി നിങ്ങൾതന്നെയാണു; നിങ്ങൾ സ്വയം അന്ധനാക്കിയതാണു്. നിങ്ങൾ ദരിദ്രരായ മാതാപിതാക്കന്മാരുടെ സന്താനമാണെങ്കിൽ, നിങ്ങൾ തന്നെ നിങ്ങളുടെ ഭാഗ്യാധിപതിയാണു്; എന്തെന്നാൽ ദരിദ്രരുടെ സന്താനമായി ജനിക്കാൻ നിങ്ങൾ സ്വയം അനുവദിച്ചു. ഏററവും അനാശാസ്യസ്ഥിതിഗതികളിൽ നിങ്ങൾ ജനിച്ചുപോയെങ്കിൽ, അതിനും കാരണം നിങ്ങൾതന്നെയാണു്. നിങ്ങൾ ജനിക്കുന്നതുപോലും, നിങ്ങൾ നിങ്ങളുടെ സ്വന്തം ഭാഗ്യത്തിൻെറ നായകനായതുകൊണ്ടാണു്." ഇന്നു് ഈ പ്രശ്നത്തിൻെറ ഈവശം നമുക്കു പര്യാലോചിക്കാം. മനുഷ്യനെങ്ങിനെ തൻെറ മാതാപിതാക്കന്മാരെ തിരഞ്ഞെടുക്കുന്നു? മററു വിധം പറഞ്ഞാൽ, "ആത്മാവിൻെറ പുനർജ്ജന്മ"ത്തെ സംബന്ധിച്ച നിയമം കുറെ ദൂരം നമുക്കിന്നു പരിശോധിക്കാം സമ്പൂർണ്ണമായി അതു മുഴുവനും ചിന്തിക്കാൻ സാധ്യമല്ല; അതിൻെറ ഒരംശംമാത്രം നമുക്കിന്നു ചിന്താവിഷയമാക്കാം.

ഒരു മനുഷ്യൻ മരിക്കുമ്പോൾ അവൻ തീരെയങ്ങു ചത്തുനശിക്കുന്നുവെന്നു ചിലർ വിശ്വസിക്കുന്നു. ഒരുത്തൻ മരിക്കുമ്പോൾ അവനിൽ അന്തർലീനമായ, അന്തർവിച്ചുകിടപ്പുള്ള, മരണരഹിതമായ, സ്വയം ഭൂതമായ ഭാവനയുടെ—തത്ത്വത്തിൻെറ - കണക്കു പറയാൻ, നമ്മുടെ ബന്ധു മരിക്കരുതെന്നുള്ള നമ്മുടെ മോഹത്തിനു്—നമ്മുടെ പ്രകൃതിസഹജമായ ആഗ്രഹത്തിനു്—സമാധാനം പറയാൻ, നമ്മുടെ സ്നേഹിതന്മാർ അങ്ങു മരിച്ചുപോകുന്നതു കാണാൻ നമുക്കുള്ള മടിക്കു സമാധാനം പറയാൻ, വേണ്ടി സാങ്കല്പികമായ മറെറാരു ലോകത്തിൻെറ അസ്തിത്വം സ്ഥാപിക്കണമെന്നു ചിന്തിക്കുന്ന ചിലയാളുകളും, മതങ്ങളും ഉണ്ടു്; പലരും അത്തരം ലോകമുണ്ടെന്നു വിശ്വസിക്കുന്നുമുണ്ടു്. ഈ ലോകത്തിൽനിന്നുകൊണ്ടു് അത്തരം വേറൊരു ലോകമുണ്ടെന്നുള്ളതിനു് അനുലോമമായ തെളിവുകൊടുക്കാൻ സാദ്ധ്യമല്ലതാനും. ഏതായാലും ചിലരിങ്ങനെ ചിന്തിക്കുന്നുണ്ടു്. അവരുടെ ഭാഗത്തും സത്യാംശം കുറെ കിടക്കുന്നുണ്ടു്. അവരുടെ ഭാഗത്തുള്ള സത്യാംശത്തെക്കുറിച്ചു് ഇന്നാൾ ഒരുദിവസം ഈ ഹോളിൽവച്ചു രാമൻ പ്രസംഗിച്ചതു നിങ്ങൾ ഓർമ്മിക്കുമല്ലോ എന്നാൽ അവർ വിശ്വസിക്കുന്നതും പറയുന്നതും മുഴുവനും സത്യമല്ല. മരണശേഷം നിങ്ങൾ സ്വർഗ്ഗത്തോ, നരകത്തിലോ പോകുമെന്നുള്ളതു് മുഴുവനും ശരിയല്ലാ.

digitized by www.sreyas.in

നമുക്കി ഭൌതികലോകത്തിൽ നിന്നുകൊണ്ടു് ഭൌതികജീവിതത്തെ ആസ്പദമാക്കി കാൎയ്യങ്ങൾ വിവരിക്കേണ്ടതാണു്. നിങ്ങളുടെ ആദ്ധ്യാത്മികലോകത്തിന്റെ നിയമങ്ങൾക്കു് സ്ഥൂലവും ഭൌതികവുമായ ലോകത്തിന്റെ നിയമങ്ങളെ ഭഞ്ജിച്ചു കടന്നുപോകാനവകാശമില്ല. ഇതാ! ഒരു മനുഷ്യനെ ഭൂമിക്കടിയിൽ അടക്കചെയ്യുന്നു. "മണ്ണു മണ്ണിലേയ്ക്കു തിരിയെപ്പോകുന്നു" * എന്നു അവന്റെ ശ്മശാനത്തിൽവെച്ചു പറയപ്പെടുന്നു. എന്നാൽ നമുക്കുനോക്കാം. ശരീരം തീൎച്ചയായും ഭൂമിയിലേയ്ക്കു മടങ്ങുന്നു എന്നാൽ ആ ശരീരം നശിക്കുന്നില്ല; അതു് ഒരു മാററത്തിനു വിധേയമാകുന്നുവെന്നുമാത്രം. ശരീരത്തിന്റെ ഭൌതികാംശങ്ങൾ വേറൊരുരൂപത്തിൽ സ്ഥിതിചെയ്യുന്നു; പുതിയ രൂപത്തിൽ പ്രവേശിക്കുന്നു. അവ നശിച്ചിട്ടില്ല നിങ്ങളുടെ സ്നേഹിതന്റെ ശരീരം തന്നെ സുന്ദരമായ ഒരു പനിനീർചെമ്പകമായി ശ്മശാനത്തിൽ തിരിയെ കാണപ്പെട്ടുവെന്നുവരാം. വേറൊരിക്കൽ പക്ഷേ അതു പഴങ്ങളുടെയും, വൃക്ഷങ്ങളുടെയും രൂപത്തിൽ പ്രത്യക്ഷപ്പെട്ടും അതു ഒരിക്കലും നശിക്കുകയില്ല

ആട്ടെ! നമുക്കു കുറെ സംശയമുള്ളകാൎയ്യം എന്താണു്? നശിക്കുന്നുവെന്നു പറയുന്നതു് ആത്മാവു്——സത്യം——യഥാൎത്ഥദൈവം ആണോ? അല്ല, അല്ല; അതു് ഒരിക്കലും നശിക്കുന്നതല്ല. യഥാൎത്ഥസത്തയായ വ്യക്തി, യഥാൎത്ഥമനുഷ്യൻ ഒരിക്കലും നശിക്കുന്നില്ല; ഒരിക്കലും നശിപ്പിക്കപ്പെടുന്നില്ല. പിന്നെ എന്തിനെപ്പററിയാണു് നമുക്കു ശങ്കയുള്ളതു്? അതു് സൂക്ഷ്മശരീരത്തെപ്പററിയാണു്; അതായതു്, മാനസികശക്തികളും, വികാരങ്ങളും, ക്ഷോഭങ്ങളും, ഹൃദയമോഹങ്ങളും, ആഗ്രഹങ്ങളും, ആത്മാവിന്റെ ഇഷ്ടങ്ങളും (എന്നു നിങ്ങൾക്കുപറയാം) മററും ഉൾപ്പെട്ട സൂക്ഷ്മശരീരം ഇവയാണു് സൂക്ഷ്മശരീരത്തിന്റെ ഘടകങ്ങൾ. അതിനെപ്പററിയെന്തുപറയാം? മനുഷ്യനെ ശ്മശാനത്തിൽ അടയ്ക്കുമ്പോൾ ഇതും—ഇവയും—കൂടി അടയ്ക്കപ്പെടുന്നുണ്ടോ? ഇല്ല; ഇല്ല. അവയെ കുഴിച്ചിടാൻ സാധ്യമല്ല. അവയ്ക്കെന്തു് സംഭവിക്കുന്നു? മനശ്ശക്തിയും, ആന്തരികവികാരങ്ങളും, മനോവൃത്തികളും, കാമങ്ങളും, ചിന്തകളും ഉൾപ്പെട്ട സൂക്ഷ്മശരീരത്തെപ്പററിയുള്ളതാണു് ഈ പ്രശ്നം. ഈ ശക്തിയുടെയും, ക്ഷോഭങ്ങളുടെയും, അന്തശ്ചിന്തകളുടെയും മററും ഫലം ആയ——സംഘടനയും സമ്മേളനവും ആയ——അതിനെന്തു സംഭവിക്കുന്നു? (ഞാനിവിടെ പരാമൎശിക്കുന്നതു് യാന്ത്രികനിയമങ്ങൾകൊണ്ടു തെളിയിക്കാൻപാടില്ലാത്ത ഒരു നിലയെയാണു്.) അതൊ

* ഒരു ക്രിസ്തീയതത്വോപദേശം.

digitized by www.sreyas.in

കൾ ആത്മീയലോകത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുമെന്നു പറഞ്ഞാൽ നിങ്ങളുടെ വീക്ഷണനിലയിൽനിന്നു നോക്കുന്ന നിങ്ങൾക്കു പക്ഷേ തൃപ്തിയായേക്കാം. എന്നാൽ എന്തെല്ലാമാണു് ഈ ശക്തിയ്ക്കു സംഭവിക്കുന്നതെന്നു് ഒരു ഭൗതികനിലയിൽ സയൻസിനു തെളിവുവേണം. സയൻസ് സംശയാതീതമായി സ്ഥാപിച്ചിട്ടുള്ള, ഈ പ്രപഞ്ചത്തിൽ യാതൊന്നും നശിപ്പിക്കപ്പെടുന്നില്ലെന്നുള്ള, അഭേദ്യവും, സാർവ്വലൗകികവും ആയ, നിയമം നിങ്ങൾക്കറിയാം. "ശക്തിയുടെ അനുസ്യൂതാസ്തിത്വനിയമം" (The Law of Persistence of Force), "വസ്തുവിന്റെ അവിനാശകനിയമം" The Law of the Indestructibility of Matter), "ഓജസ്സംരക്ഷണനിയമം" (The Law of the Conservation of Energy)-ഇതുകളെല്ലാം ഉണ്ടു്. യാതൊന്നും നശിപ്പിക്കപ്പെടാവുന്നതല്ല എന്നു് ഇതുപറയുന്നു. ശരിതന്നെ. ശരീരം നശിക്കുന്നതല്ല, ഒരു സ്ഥിതിഭേദത്തിനു വിധേയമായിരിക്കുന്നതേയുള്ളൂ; നമ്മുടെ ഈശ്വരത്വം—ദിവ്യത്വം--നശിക്കുന്നില്ല. അതു സ്ഥിരവും, ശാശ്വതവും ആണു്. പിന്നെ ഈ മാനസികവൃത്തികൾ, കാമങ്ങൾ, മനശ്ശക്തി, ഓജസ്സ്, ആഭ്യന്തരജീവിതം ഇവ നശിപ്പിക്കപ്പെടണമോ? ഇല്ലാതെയാകണമോ? എന്തിനു്? "ഓജസ്സംരക്ഷണനിയമം" എന്ന അപ്രതിരോധ്യനിയമം അവയെ നശിപ്പിക്കാൻ നിവൃത്തിയില്ലെന്നു വിധിക്കുന്നു. അവ നശിക്കുന്നുവെന്നു പറയാൻ നിങ്ങൾക്കവകാശമില്ല. അവയും തുടർച്ചയായി ജീവിക്കുന്നു; ജീവിക്കണം. അവ സ്ഥലംമാറാം, സ്ഥാനം മാറാം--എന്നാലും അവ ജീവിക്കണം; നശിപ്പിക്കപ്പെടുന്നതല്ല. ഒരു മെഴുകുതിരി കത്തിച്ചാൽ അരമണിക്കൂർകൊണ്ടു മെഴുകും, തിരിയും സകലതും നശിച്ചുപോയി എന്നു തോന്നുന്നു. എന്നാൽ സയൻസു പറയുന്നതു്--തെളിയിക്കുന്നതു്--അതൊന്നും നശിച്ചിട്ടില്ലെന്നും, നഷ്ടമായിട്ടില്ലെന്നും ആണു്; വളഞ്ഞ ഒരു സ്ഫടികക്കുഴലും അതിൽ കാരവും വേറൊരു രസായനവസ്തുവും ഉണ്ടെങ്കിൽ മെഴുകുതിരിയിൽനിന്നു പോയതെല്ലാം കുഴലിനകത്തുണ്ടെന്നു ക്ഷണം തെളിയിക്കാം. ഒരു പിഞ്ഞാണത്തിൽ കുറെ വെള്ളം വെച്ചിരുന്നാൽ അതു് ആവിയായിപ്പോകുമ്പോൾ, ജലം നശിച്ചുപോയി എന്നു സാധാരണ മനുഷ്യർ പറയാറുണ്ടു്. എന്നാൽ അതു നശിച്ചിട്ടില്ലെന്നു പ്രകൃതിശാസ്ത്രം പറയുന്നു. പരീക്ഷണംകൊണ്ടു് അതു അന്തരീക്ഷത്തിൽ ഉണ്ടെന്നു തെളിയിക്കപ്പെടുന്നു. അതു നശിപ്പിക്കപ്പെടാവതല്ല.

ഇതുപോലെ ഒരു മനുഷ്യൻ മരിക്കുമ്പോൾ അവന്റെ മാനസികശക്തികൾ, കാമങ്ങൾ, വികാരങ്ങൾ, ചിന്തകൾ മുതലായതു് ഉൾപ്പെട്ട സൂക്ഷ്മശരീരം പ്രത്യക്ഷത്തിൽ നഷ്ടമായിപ്പോയെന്നു

digitized by www.sreyas.in

തോന്നാം; മരിച്ചുപോയെന്നു തോന്നാം. എന്നാൽ വേദാന്തംവന്ന് "ആത്മാവിന്റെ രസായനശാസ്ത്രം" കൊണ്ട് എന്നതുപോലെ പരീക്ഷണയുക്തിപൂർവ്വം, അതു നശിക്കുന്നില്ലെന്നും, നശിപ്പിക്കപ്പെടാവതല്ലെന്നും തെളിയിക്കുന്നു. അതു നഷ്ടമായിപ്പോകുന്നില്ലെങ്കിൽ പിന്നെ അതിനെന്തു സംഭവിക്കുന്നു? ഗണിതശാസ്ത്രത്തിലെ പ്രശ്നങ്ങൾക്ക് ഉത്തരം കണ്ടുപിടിക്കുംപോലെ, ആ വഴിക്ക് നമുക്കീ പ്രശ്നത്തിനും സമാധാനം പറയണം. നാം ഒരു കണക്കു എടുത്ത് ആ ചോദ്യത്തിൽ തന്നിട്ടുള്ളതും, ചെയ്യേണ്ട വഴികളും, ആവശ്യപ്പെട്ടഫലവും എല്ലാം ചിന്തിച്ചുനോക്കുന്നു; എല്ലാ വശവും നാം ചിന്തിച്ചുനോക്കുന്നു. ചിലപ്പോൾ ചോദ്യത്തിൽ തന്നിട്ടുള്ള വസ്തുതകളും ഊഹങ്ങളുംകൊണ്ടു മുഴുവൻ കണക്കും ചെയ്തുതീർക്കാൻ സാധിക്കും; ചിലപ്പോൾ ഫലം കിട്ടിയാലും അതിനെപ്പറ്റി വീണ്ടും ചിന്തിക്കേണ്ടതായിവരും; വീണ്ടും വീണ്ടും പര്യാലോചിച്ച് കണക്കിന്റെ പ്രാരംഭാവസാനങ്ങൾ പരസ്പരം തട്ടിച്ചു പരിശോധിക്കേണ്ടിവരും. ആകട്ടെ; ഇവിടെ പ്രാരംഭവിവരങ്ങളും, അന്തിമവസ്തുതകളും എന്തെല്ലാം? ജനനവും മരണവും ഇവയാണ് ഉപക്രമാവസാനങ്ങൾ. ജനനം എന്ന സംഭവം ഉപക്രമവസ്തുതയും, മരണം എന്ന സംഭവം അന്തിമവസ്തുതയും, അഥവാ മറിച്ചും പറയാം; മരണം ആദ്യത്തേതും ജനനം ഒടുവിലത്തേതുമായും പറഞ്ഞാൽ തെറ്റില്ല. അവരണ്ടും ഒരേ ഒന്നുതന്നെ. ഇവിടെ ബഹുജനങ്ങൾ—അസംഖ്യം ജനങ്ങൾ—ജനിക്കുന്നു; അതുപോലെ അസംഖ്യം ജനങ്ങൾ മരിക്കയും ചെയ്യുന്നു. മരിക്കുന്നവരുടെ മാനസികശക്തികളും മോഹങ്ങളും മററും നശിക്കുന്നു എന്നുള്ള അഭ്യൂഹം സയൻസിന്റെ സ്ഥാപിതനിയമങ്ങൾക്കു വിരുദ്ധമാണ്. നമ്മുടെ മനഃശക്തികൾ ശൂന്യതയിൽ പോയിലയിക്കുന്നു എന്താണ്ടാണെന്നു പറയുന്നതു് ശരിയല്ലാ; അതു അസാധ്യമാണ്. എന്തെങ്കിലും ഒന്നു വെറും ശൂന്യതയിൽചെന്നു ലയിക്കുന്നതല്ലാ. അങ്ങിനെ ചെയ്യുമെന്നു പറയുന്ന അബദ്ധവാദം കൂടാതെ കഴിക്കണമെങ്കിൽ, മരണശേഷം മനോവ്യാപാരങ്ങൾ ശൂന്യതയിൽ ആകുന്നില്ലെന്നു നാം വിശ്വസിക്കണം; അത് ആദ്യം ഊഹിക്കണം, സമ്മതിക്കണം അതു നിങ്ങൾ സമ്മതിച്ചാൽ പിന്നെവരുന്ന ചോദ്യം "അവയ്ക്കെന്തു സംഭവിക്കുന്നു?" എന്നാണ്.

ജനനം എന്ന സംഭവത്തെ വസ്തുതയെ—പ്പററി പരിചിന്തനംചെയ്തുകൊണ്ട് നമുക്കീ ചോദ്യം ചർച്ചചെയ്യാം. മരിക്കുന്ന ജനങ്ങളുടെ മാനസികവൃത്തികൾക്ക് എന്തു സംഭവിക്കുന്നുവെന്നുള്ള പ്രശ്നം നമുക്കു ഈ വിധത്തിൽ പര്യാലോചിക്കാം. പ്രാപ്തി, മനോഗതി, സ്വഭാവം, സാമുദ്രികാ ലക്ഷണങ്ങൾ, മസ്തിഷ്കലക്ഷണങ്ങൾ

digitized by www.sreyas.in

തലച്ചോറിന്റെ സംഘടന ഇതുകളെല്ലാം വിവിധവിധത്തിൽ ഇരിക്കുന്ന എത്രയോ ജനങ്ങൾ ഈ ലോകത്തിൽ ജനിക്കുന്നുണ്ട്. ചിലർ ഘനമസ്തിഷ്കരാണ്; മററുചിലർ ലഘുമസ്തിഷ്കരാണ; ചിലരുടെ തല വൃത്താകാരത്തിലാണ്, മററു ചിലരുടേതു് അണ്ഡാകൃതിയിലാണ്. ഇങ്ങിനെ ജനങ്ങൾ ജനിക്കുന്നതേ ഭിന്നഭിന്നശക്തികളോടും, പ്രാപ്തികളോടും, പ്രകൃതങ്ങളോടുംകൂടിയാണ്. അതെന്തുകൊണ്ടു്? ഒരേ അച്ഛനമ്മമാരുടെ മക്കൾ പ്രത്യക്ഷത്തിൽ പരസ്പരവിരുദ്ധസ്വഭാവക്കാരായി കാണപ്പെടുന്നു. ഒരേവീട്ടിലെ ഒരേമാതാപിതാക്കന്മാർ "കായേനെയും ആബേലിനെയും" * പ്രസവിക്കുന്നു. "ജോസേഫിനെയും ജോസേഫിന്റെ സഹോദരന്മാരെയും" ഒരേ വീടുസൃഷ്ടിക്കുന്നു. കോളജിൽപോകുന്ന വിദ്യാർത്ഥികൾ ഒരേ ഭക്ഷണഭവനത്തിൽ ജീവിച്ചുകൊണ്ടു്, ഒരേ പ്രൊഫസ്സറന്മാരുടെകൂടെ പഠിച്ചുകൊണ്ടു്, എന്നിട്ടും പരസ്പരവിരുദ്ധങ്ങളായ സ്വഭാവവിശേഷങ്ങളോടുകൂടി, പരിപൂർണ്ണഭിന്നങ്ങളായ രുചിവിശേഷങ്ങളോടുകൂടി കാണപ്പെടുന്ന ഒരുത്തനു് ഗണിതശാസ്ത്രം ഇഷ്ടമാണ്. വേറൊരുവനു ചരിത്രം; ഒരുത്തൻ ഒരുകവി; മററവൻ മന്ദബുദ്ധി. ജനങ്ങളുടെ ഇടയിൽ ഈ തരം ഭേദങ്ങൾ ഉണ്ടോ ഇല്ലയോ? തീർച്ചയായും ഉണ്ടു്. അതു നിങ്ങൾക്കു നിഷേധിക്കാവതല്ല. ചിലർ ജന്മനാ കരുതൽബുദ്ധിയുള്ളവരാണ്; അവർ ചൊടിയും ചുണയുമുള്ളവരായി ചെറുപ്പത്തിലേ കാണപ്പെടുന്നു. മററുചിലർ ശൈശവംമുതല്ക്കേ അലസരും മന്ദരും ആണ്. ഈ രുചിഭേദവും വാസനാഭേദവും എന്തുകൊണ്ടു്? ഈ ഭിന്നതകൾക്കും വ്യത്യാസങ്ങൾക്കും കാരണം എന്താണ് എന്നു വേദാന്തം ചോദിക്കുന്നു. നിങ്ങളിതിനെ എങ്ങിനെ സാധൂകരിക്കുന്നു? അതു വെറും ഈശ്വരേച്ഛയാണ് എന്നു പറഞ്ഞു സമാധാനപ്പെടുമ്പോൾ, അതു ദൈവത്തിന്റെ പണിയാണെന്നു പറഞ്ഞാൽ, ശരിയായ ഉത്തരമായില്ല. അതു ചോദ്യത്തെ തട്ടിഒഴിച്ചുമാററുകമാത്രമാണ് ഒരു ചോദ്യത്തെ നേരിടാതെ ഒഴിഞ്ഞുമാറുന്നതു തത്വജ്ഞാനവിരുദ്ധമാണ് അതു നിങ്ങളുടെ അജ്ഞാനം പ്രദർശിപ്പിക്കുകയാണ്. സ്ഥാപിക്കപ്പെട്ട ശാസ്ത്രനിയമങ്ങൾകൊണ്ടു് ഉത്തരംപറഞ്ഞു തൃപ്തിപ്പെടുത്തി തെളിയിക്കണം. വെറും ഈശ്വരേച്ഛയാണെന്നു പറഞ്ഞാൽ അതു ശാസ്ത്രസിദ്ധാന്തങ്ങൾക്കു വിപരീതമാകും. ഏതാണ്ടൊന്നു ശൂന്യതയിൽ കടന്നുപോയി എന്നു പ്രായോഗികമായി നിങ്ങൾ പ്രസ്താവിക്കുകയാണ് ഇതു്. ഇതു് അബദ്ധമാണെന്നു നിങ്ങൾക്കറിയാം. ഈ ബുദ്ധിമുട്ടിനെ ഒഴിഞ്ഞുമാറുവാൻവേണ്ടി, വേറൊരു അന്യ

* ബൈബിളിലെ ഇതിഹാസവ്യക്തികൾ.

ലോകത്തുനിന്നു ജനിക്കുന്ന കുഞ്ഞുങ്ങൾ ഈ ഭിന്നതകൾ കൊണ്ടുവരുന്നതാണെന്നു് ഊഹിക്കയോ, സമ്മതിക്കയോ ചെയ്യേണ്ടിവരും എന്നാൽ കുട്ടികൾ ഇവ ശൂന്യതയിൽനിന്നു കൊണ്ടുവന്നതല്ല, ഏതോ ചിലതിൽനിന്നു കൊണ്ടുവന്നതാണു്. ശൂന്യതയിൽനിന്നു യാതൊന്നും ഉത്ഭവിക്കുന്നില്ല. അതു മുമ്പേതന്നെ ഇരുന്നിരിക്കണം മററുവിധം പറഞ്ഞാൽ, ഈ മോഹങ്ങൾ, വാസനകൾ മുതലായതു് മുമ്പിരുന്ന രൂപത്തിൽനിന്നു് ഇപ്പോൾ രൂപാന്തരപ്പെട്ടുവന്നവയായിരിക്കണം. ഇവ മുമ്പേതന്നെ കുറച്ചുകാലം ഇരുന്നിരിക്കണം. ഇവിടെ ജനനം, മരണം എന്നീ സംഭവങ്ങളെയും, വസ്തുതകളെയും നാം പര്യാലോചിക്കയാണു്. വേദാന്തം ഇവയെ രണ്ടിനെയും സംബന്ധപ്പെടുത്തിക്കൊണ്ടു പറയുന്നു:—"ഒരു മനുഷ്യൻ മരിക്കുമ്പോൾ മരണകാലത്തു പൂർത്തീകരിക്കപ്പെടാതെകിടക്കുന്ന ചിത്തവൃത്തികളും മോഹങ്ങളും നഷ്ടപ്പെടുന്നില്ല." ഇതാ ഒരു അന്യൻ ഭിന്നമായ കാമവിശേഷങ്ങളോടുകൂടി ജനിക്കുന്നു. അവന്റെ കാമങ്ങൾ ശൂന്യതയിൽനിന്നു വന്നതല്ല, ആ മനുഷ്യനോടുകൂടി കഴിച്ചുവിടപ്പെട്ട അഭിലാഷങ്ങൾ ഒരു പുതിയ ഗൃഹത്തിൽ പുതിയ ഒരു ആളിൽകൂടി ജനിക്കാൻ പാടില്ലയോ? നിങ്ങൾ അങ്ങിനെ സങ്കല്പിച്ചാൽ, ശൂന്യതയിൽനിന്നു് ഏതോ ചിലതുണ്ടായി എന്നും, ഏതോ ചിലതു ശൂന്യതയിൽ പോയി ലയിച്ചുവെന്നും പറയുന്ന ഭയങ്കരമായ യുക്ത്യാഭാസത്തിൽനിന്നു നിങ്ങൾക്കു തെററിപ്പിഴയ്ക്കാം. കർമ്മസിദ്ധാന്തം—കർമ്മനിയമം—അംഗീകരിച്ചാൽ ഈ ഭയങ്കരമായ അബദ്ധത്തിൽനിന്നു നിങ്ങൾക്കു രക്ഷപ്പെടാം. ഹിന്ദുക്കൾ ആണു് ഇതിനു കർമ്മസിദ്ധാന്തം എന്നു പേർ പറയുന്നതു്. അതിനെ അംഗീകരിച്ചാൽ ജനനമരണവ്യാപാരങ്ങൾ പ്രകൃത്യനുസൃതമായും, പ്രകൃതിനിയമങ്ങൾക്കു നിഷ്കൃഷ്ടവും കൃത്യവും ആയി അനുരഞ്ജകമായും, പ്രപഞ്ചത്തിന്റെ സ്ഥാപിതനിയമങ്ങളോടു യോജിപ്പായും ഇരിക്കുന്നതാണു്.

വീണ്ടും, വേറൊരു യുക്തിനിയമംകൊണ്ടും നിങ്ങൾക്കു കർമ്മനിയമം സ്വീകരിക്കേണ്ടതുണ്ടു്. തത്വശാസ്ത്രജ്ഞന്മാർ ഇതിനു പാരമ്പര്യനിയമം (The Law of Parsimony) എന്നു പേർ പറയുന്നു. ഒരു സംഗതി സാധാരണ പ്രകൃതിനിയമങ്ങൾകൊണ്ടു തെളിയിക്കാമെങ്കിൽ, വിദൂരാകൃഷ്ടവും, പ്രകൃതിവിരുദ്ധവും, വെറും ഊഹ്യവും ആയ വിവരങ്ങളും യുക്തികളും ആശ്രയിച്ചു് നാം അതിനു സമാധാനം കണ്ടുപിടിക്കാവുന്നതല്ല. കർമ്മനിയമം നിങ്ങൾക്കു് ഏററവും പ്രകൃതിസിദ്ധവും, സുസ്പഷ്ടവും, അത്യന്തം ശാസ്ത്രീയവും ആയ സമാധാനം തരുന്നു. ഇതിനെ ഉപേക്ഷിച്ചിട്ടു് ബാഹ്യവും ലൗകികവും ആയ വേറെ സമാധാനങ്ങൾ നാം ആശ്രയിക്കരുതു്.

digitized by www.sreyas.in

ഇവിടെ ഒരു പ്രശ്നം ഉദിക്കുന്നു. ശാസ്ത്രജ്ഞന്മാർ * പറയുന്നു: —"അങ്ങിനെയല്ല; അങ്ങിനെയല്ല. കർമ്മസിദ്ധാന്തംകൊണ്ടു ശിശുക്കളുടെ സ്വഭാവവൈവിധ്യങ്ങളെ ഞങ്ങൾ വ്യാഖ്യാനിക്കാനും സാധൂകരിക്കാനും തയ്യാറില്ല. ഞങ്ങൾ ആ സിദ്ധാന്തം അംഗീകരിക്കയില്ല. അതെല്ലാം പാരമ്പര്യനിയമംകൊണ്ടു് എളുപ്പത്തിൽ ഞങ്ങൾക്കു വിശദീകരിക്കാമല്ലൊ. പാരമ്പര്യനിയമം (The Law of Heridity) അതെല്ലാം സ്പഷ്ടമാക്കും." എന്നാൽ വേദാന്തം പറയുന്നു: —"കർമ്മനിയമം പാരമ്പര്യനിയമത്തിനു വിരുദ്ധമല്ല. അതു് അതിനെയും ഉൾക്കൊള്ളുന്നു; അതു് അതിനെയും വിശദമാക്കി ഉറപ്പിക്കുന്നു. എന്നാൽ അതേസമയം, പാരമ്പര്യനിയമത്തെ വിശദപ്പെടുത്തി സ്ഥാപിക്കുന്നതിനുപുറമേ, ഈ കർമ്മനിയമം മരണസമയത്തെ മനഃശക്തികളുടെ പ്രത്യക്ഷമാണെന്നു തോന്നുന്ന നാശത്തെക്കൂടി വിശദമായി വിവരിച്ചുതരുന്നു. പാരമ്പര്യനിയമം അതു സ്പഷ്ടീകരിക്കുന്നില്ല. അതിനാൽ പാരമ്പര്യനിയമത്തെക്കാൾ കർമ്മസിദ്ധാന്തം സയൻസുകാരുടെയും, തത്വജ്ഞന്മാരുടെയും ശ്രദ്ധയെ അത്യന്തം ആകർഷിക്കയും അവകാശപ്പെടുകയുംചെയ്യുന്നു." കർമ്മനിയമം പാരമ്പര്യനിയമത്തെ എങ്ങിനെയാണു വിവരിച്ചുറപ്പിക്കുന്നതു്? ഒരു മനുഷ്യൻ മരിക്കുമ്പോൾ അയാളുടെ അഭിലാഷങ്ങൾ നഷ്ടമായെന്നും, കാറ്റിൽ എറിയപ്പെട്ടുവെന്നും നമുക്കു തോന്നുന്നു. വേദാന്തം പറയുന്നതു് അവ നശിച്ചിട്ടില്ലെന്നാണു്. മെഴുകുതിരി കത്തുമ്പോൾ, മെഴുകും തിരിയും നഷ്ടപ്പെടാതിരിക്കുന്നതുപോലെ, കാഴ്ചയ്ക്കു നഷ്ടപ്പെടുന്നുവെന്നു തോന്നിയാലും രസായനനിയമപ്രകാരം ഇംഗാലം അമ്ലജനകത്തോടും, അബ്ജനകം വീണ്ടും അമ്ലജനകത്തോടും ചേർന്നു പുതിയ പദാർത്ഥങ്ങൾ ഉണ്ടാക്കുന്നതുപോലെ, ഈ അഭിലാഷങ്ങളും, മനശ്ശക്തിയും, അതായതു് മനുഷ്യന്റെ സൂക്ഷ്മശരീരം, മരണശേഷം ആത്മീയാകർഷണനിയമം(Law of Spiritual Affinity) അനുസരിച്ചു്, അഥവാ ഭൗതികാകർഷണനിയമം (Material Affinity) അനുസരിച്ചു് ഇവ സംയോജിക്കുന്നു. ഈ ശക്തിയെല്ലാംകൂടി അവയ്ക്കു് അഭിവൃദ്ധിക്കും, ഫലപ്രാപ്തിക്കും, പുരോഗമനത്തിനും സഹായകരമായ ചുറ്റുപാടുകളും സാഹചര്യങ്ങളും ലഭിക്കുന്ന മണ്ണിലേയ്ക്കു് (വസ്തുവിലേയ്ക്കു്) ആകർഷിക്കപ്പെടുന്നു. മറ്റൊരുതരത്തിൽ പറഞ്ഞാൽ നിങ്ങളുടെ ആഗ്രഹങ്ങളും, മനശ്ശക്തികളും സംയോജിച്ചുണ്ടാകുന്ന ബീജം അനുകൂലപരിതഃസ്ഥിതികളുള്ള ഒരു സ്ഥലത്തേയ്ക്കു് ആകർഷിക്കപ്പെടുന്നു. അവിടെ മുമ്പു് ചെലവാകാത്ത ശക്തികളും, അപ്രാപ്തങ്ങളായ അഭിലാഷങ്ങളും കായ്ച്ചു ഫലപ്പെട്ടു് അനുഭവിക്കപ്പെടുന്നു.

* സയൻസുകാർ



digitized by www.sreyas.in

അങ്ങിനെ ഓരോരുത്തരും അവരുടെ സ്വന്തം മാതാപിതാക്കന്മാരെ തിരഞ്ഞെടുക്കുന്നു. വീണ്ടും നാം കാണുന്നു: - ഒരു മനുഷ്യൻ ജീവിതകാലത്തുതന്നെ അഭിലാഷപൂൎണ്ണനാണു്; മിക്ക മോഹങ്ങളും ജീവിതകാലത്തുതന്നെ തൃപ്തിപ്പെട്ടുമെന്നു വിചാരിക്കാം; എന്നാൽ ചിലതു് അങ്ങിനെയല്ല. അവയെന്തുസംഭവിക്കുന്നു? അവ തീരെ വിഗണിക്കപ്പെട്ടു നശിച്ചുപോകുമോ? ഇല്ല, ഇല്ല. തോട്ടത്തിൽ ഒരു മൊട്ടു കാണുമ്പോൾ അതു പുഷ്പിച്ചു വികസിക്കുമെന്നു പ്രതീക്ഷിക്കാവുന്നതാണു്. അതു സാധിക്കയും തൃപ്തിയാകയുംചെയ്യുന്നു. എറുമ്പു മുതലായ ക്ഷുദ്രജീവികൾക്കുള്ള ആശകൾപോലും സാധിക്കുന്നുവെന്നു നാം കാണുന്നു. മനുഷ്യരുടെ അഭിലാഷങ്ങൾ എന്തുകൊണ്ടു നിഷേധിക്കപ്പെടണം? പ്രകൃതിയോ സർവ്വജ്ഞനായ ദൈവമോ എന്തിനു മനുഷ്യനെ കളിപ്പിക്കണം! അവൻ കളിയാക്കപ്പെടേണ്ടവനല്ല. അവൻെറ ആഗ്രഹങ്ങളും ഫലപ്പെടണം. മിക്ക ആശകളും ജീവിതത്തിൽതന്നെ സാധിക്കും. നമ്മുടെ ആഗ്രഹങ്ങളാണു പ്രവൃത്തികൾ ആകുന്നതെന്നും, വ്യാപാരശക്തികൾ ആകുന്നതെന്നും ഇങ്ങിനെ നാം കാണുന്നു. എന്നാൽ പല ആശകളും സഫലീഭവിക്കുന്നില്ല. അവയെന്തു സംഭവിക്കും? വേദാന്തം പറയുന്നു:— "ഹേ! മനുഷ്യാ! നീ ഈശ്വരനാൽ കളിയാക്കപ്പെടേണ്ടുന്നവനല്ല. അപ്രാപ്തങ്ങളായ ആഗ്രഹങ്ങളും, അതൃപ്തങ്ങളായ ശക്തികളും ഫലംപ്രാപിക്കും; ഈ ലോകത്തിൽവെച്ചല്ലെങ്കിൽ അടുത്തതിൽവെച്ചു്."

ഇവിടെ ഒരു ചോദ്യം ഇപ്പോൾ ആവിർഭവിക്കുന്നു. നാം മുജ്ജന്മത്തിൽ ജീവിക്കയും, മരണാനന്തരം നമുക്കിനിയും ജനിക്കാനുണ്ടെന്നു വരികയും ചെയ്യുന്നുണ്ടെങ്കിൽ നാം നമ്മുടെ പോയ ജന്മങ്ങളെപ്പററി ഓൎക്കാത്തതെന്തുകൊണ്ടു്? വേദാന്തം ചോദിക്കുന്നു.—"ഓൎമ്മയെന്നാൽ എന്താണു്?" രാമൻ ഇവിടെ ഇതാ! ഒരന്യഭാഷയിൽ സംഭാഷണം ചെയ്യുന്നു. രാമൻ ഇൻഡ്യായിൽവെച്ചു ഇംഗ്ലീഷുഭാഷയിൽ പ്രസംഗിക്കാറു പതിവില്ല. നിങ്ങളോടു ഇംഗ്ലീഷുഭാഷയിൽ സംഭാഷിക്കുമ്പോൾ, മാതൃഭാഷയിലെ ഒററ വാക്കുപോലും രാമൻെറ ഉള്ളിൽ വരുന്നില്ല. എന്നാൽ ആ ഇൻഡ്യൻഭാഷ തീരെ നഷ്ടമായോ? ഇല്ല. അതവിടെ കിടപ്പുണ്ടു്. എന്നാൽ രാമൻ അറബിയോ പേർഷ്യനോ മററു ഇൻഡ്യൻഭാഷകളോ ഇഷ്ടപ്പെടുന്നുവെങ്കിൽ, ഒരുനിമിഷത്തെ അറിയിപ്പുകൊണ്ടു് അവ രാമൻെറ സ്മരണയിൽ ഓടിയെത്തുന്നു. അപ്പോൾ ഓൎമ്മയെന്നാൽ എന്താണു്? ഇതാ! നിങ്ങളുടെ മനോവീഥിയാകുന്ന തടാകം. ഇൻഡ്യൻഭാഷകളും പേർഷ്യനും അറബിയും സംസ്കൃതവും എല്ലാം രാമൻെറ ദൃഷ്ടാന്തത്തിൽ, തടാകത്തിൻെറ അടിത്തട്ടിൽ പററിക്കിടപ്പു

digitized by www.sreyas.in

ണ്ടു്. നാമതൊന്നിളക്കിത്തുടങ്ങിയാൽ പെട്ടെന്ന അതുകളെയെല്ലാം പൊക്കിയെടുത്തു കൊണ്ടുവരാം. ഇതാണു് ഒരു കാൎയ്യം ഓൎമ്മിക്കുക എന്നു പറയുന്നതു്. നിങ്ങൾക്കനവധി കാൎയ്യങ്ങളറിയാം; എന്നാൽ എല്ലാത്തിനെയും പററി ബോധമില്ല. നിങ്ങളുടെ മനസ്സാകുന്ന തടാകം കടഞ്ഞാൽ ഈ നിമിഷംകൊണ്ടു ഇവയെപ്പററി ബോധമുണ്ടാകും. ഉപരിതലത്തിലേയ്ക്കു കൊണ്ടുവന്നാൽ അവ ഓൎമ്മയിലും ബുദ്ധിയിലും എത്തുന്നു.

അതുപോലെ വേദാന്തം പറയുന്നു:—"നിങ്ങളുടെ കഴിഞ്ഞ ജന്മങ്ങളും, പോയ ജീവിതങ്ങളും എല്ലാം ബോധത്തിന്റെ അന്തസ്തടാകത്തിൽ, അറിവാകുന്ന അകത്തെ തടാകത്തിൽ, അടിഞ്ഞുകിടപ്പുണ്ടു്. അവ അവിടെയുണ്ടു്, ഇപ്പോഴും അവ അടിപററിക്കിടക്കുകയാണു്. മുകളിലേയ്ക്കു വന്നിട്ടില്ല. മുജ്ജന്മങ്ങളെക്കുറിച്ചു് ഓൎമ്മിക്കണമെങ്കിൽ അത്ര വിഷമമുള്ള ഒരു കാൎയ്യമല്ല അതു്. നിങ്ങളുടെ ജ്ഞാനമാകുന്ന തടാകത്തിന്റെ അടിത്തട്ടിൽ കടഞ്ഞുനോക്കിയാൽ, നിങ്ങൾക്കിഷ്ടമുള്ളതെല്ലാം പൊക്കിയെടുത്തു കൊണ്ടുവരാം, മുൻജന്മങ്ങളെപ്പോലും നിങ്ങൾക്കു ഓൎമ്മിക്കാം. എന്നാൽ ഈ പരീക്ഷ നടത്തുന്നതു നിഷ്പ്രയോജനമാണു്. എന്തെന്നാൽ പരിണാമനിയമപ്രകാരം (Law of Evolution) നിങ്ങൾക്കു മുമ്പോട്ടു, മുന്നിലോട്ടാണു പോകേണ്ടതു്. ചത്തതു ചത്തുപോകട്ടെ; ഭൂതകാലം ഭൂതകാലം ആയിരിക്കട്ടെ. നിങ്ങൾക്കതുമായിട്ടൊരു കാൎയ്യവുമില്ല. നിങ്ങൾക്കു മുമ്പോട്ടാണു പോകേണ്ടതു്.

പിന്നെയും, കൎമ്മനിയമമനുസരിച്ചു്, ഈ പ്രപഞ്ചത്തിൽ നിങ്ങൾ കാണുന്ന, നിങ്ങൾക്കിത്രയധികം താല്പൎയ്യംതോന്നുന്ന, നിങ്ങൾ ഇഷ്ടപ്പെടുന്ന, നിങ്ങളെ ആകൎഷിക്കുന്ന, സകല വസ്തുക്കളും നിങ്ങൾക്കു ഇഷ്ടമാകാനും മററുമുള്ള കാരണം, മുമ്പൊരിക്കൽ നിങ്ങൾ ആ സാധനങ്ങൾ ആയിരുന്നു എന്നുള്ളതാണു് എന്നു വേദാന്തം പറയുന്നു. നിങ്ങൾ പാറകളായിരുന്നിട്ടുണ്ടു്; പാറകളിൽ നിങ്ങൾ ഉറങ്ങിക്കിടന്നിട്ടുണ്ടു്. നിങ്ങൾ അരുവികളോടു ചേൎന്നു ഒഴുകിയിട്ടുണ്ടു്. നിങ്ങൾ ചെടികളോടു ചേൎന്നു വളൎന്നിട്ടുണ്ടു്. മൃഗങ്ങളോടു ചേൎന്നു ഓടിയിട്ടുണ്ടു്. അതിനാൽ നിങ്ങൾ അവയെ തിരിച്ചറിയുകയും കാണുകയും ചെയ്യുന്നു. വേറൊരു യുക്തികൊണ്ടു നമുക്കു് ഇപ്പോൾ അതു് തെളിയിക്കാം.

ഇതു സോക്രട്ടീസ്സിന്റെ അഥവാ പ്ലേറേറായുടെ ഒരു വാദം അംഗീകരിക്കുകയാണു്. സ്മരണം അഥവാ ഓൎമ്മ എന്നാൽ എന്തു്? ഒരു സാധനം മുമ്പേതന്നെ അറിഞ്ഞിരിക്കയും, അതിനെ

digitized by www.sreyas.in

നാമിപ്പോഠം ഓൎമ്മിക്കയും ചെയ്യുന്നവെന്നാണ് സ്മരണയുടെ ഉൾഷ്യാൎത്ഥം. ദൃഷ്ടാന്തത്തിന്ന്, ഈ പ്രസംഗങ്ങഠംക്ക ചിലയാളുകഠം ഒന്നിച്ചുവന്നിരുന്നവെന്നവിചാരിക്കുക. സദാ രണ്ടുപേർ വേർപിരിയാതെ ഇതാ! ഈ ഹോളിൽനടന്ന ഏഴു പ്രസംഗങ്ങഠംക്കും അവർ ഒന്നിച്ചുവന്നിരുന്നു. എന്നാൽ എട്ടാമത്തെ പ്രസംഗത്തിന്ന ഒരാളേവന്നുള്ളു; മററയാഠംവന്നില്ല. ഒററതിരിഞ്ഞ മനുഷ്യനോട് വേർപിരിഞ്ഞുവന്ന ആ സ്നേഹിതനോട് മററു സുഹൃത്തുക്കഠം ഈ ചോദ്യം ചോദിക്കുന്നു:--"നിങ്ങളുടെ കൂട്ടുകാരൻ എവിടെ? നിങ്ങളുടെ പ്രിയസ്നേഹിതൻ? അയാളെവിടെ? "ഈ ചോദ്യം ചോദിക്കുന്നതെന്തുകൊണ്ട്? സ്മരണാനിയമം (The Law of Reminiscence) അനുസരിച്ച് ഈ ചോദ്യം പുറപ്പെടുന്നു. അതുതന്നെയാണു സംസൎഗ്ഗനിയമം (Law of Association) എന്നു പറയുന്നതു്. നാം സദാ രണ്ടുപേരേയും ഒന്നിച്ചാണ് കണ്ടതു് രണ്ടുപേരും ഒന്നിച്ചു നമുക്കു പരിചയമായി. രണ്ടുപേരും ചേൎന്നു നമ്മുടെ ഹൃദയത്തിൽ ഒന്നായിപ്പതിഞ്ഞു. രണ്ടുപേരും ഐക്യപ്പെട്ടു. പിന്നീടു നാം ഒരുത്തനെ മാത്രം കണ്ടപ്പോഠം ഈ ഒരുത്തൻ മററവനെക്കുറിച്ചു് ഉടനെ നമ്മെ ഓൎമ്മിപ്പിച്ചു ഇങ്ങനെയാണ് തലച്ചോറിൻെറ പ്രവൃത്തികൊണ്ടു സംബന്ധം ഉണ്ടാക്കിയതു്. ഇങ്ങിനെയാണ് സ്മരണ ഉദിച്ചതു്. നാം ഓൎമ്മിക്കുന്ന സാധനത്തെപ്പററി നമുക്കു മുന്നറിവുണ്ട്, അതാണ് ഈ സ്മരണയിൽ അന്തൎഭവിക്കുന്നതു്.

ഇതാ! ഇവിടെ നിങ്ങളുടെ തൎക്കശാസ്ത്രം, യുക്തിവാദം വരുന്നു. "എല്ലാമനുഷ്യരും മരിക്കുന്നു; ജോൺ ഒരു മനുഷ്യനാണ്; അതിനാൽ ജോണും മരിക്കും" നിങ്ങളുടെ തൎക്കശാസ്ത്രവും, യുക്തിവാദവും, കാൎയ്യകാരണവാദവും ഈ പ്രാഥമികവസ്തുക്കളെ ആശ്രയിച്ചിരിക്കുന്നു:—"സകലമനുഷ്യരും മരിക്കുന്നു" "ജോൺ ഒരു മനുഷ്യനാണ്." ആദ്യത്തെ ഈ രണ്ടുവസ്തുതകളും—പ്രതിജ്ഞകളും—ഉച്ചരിച്ചുംവെച്ചു്, കടശി തീരുമാനത്തെ പറയാതെ വിട്ടുകളയുക. പെട്ടന്നു നമ്മുടെ ഹൃദയത്തിൽ ഒരു സ്മരണയെന്നതുപോലെ "ജോണും മരിക്കുന്നു" എന്ന തീരുമാനം പറന്നെത്തുന്നു. ഈ തീരുമാനം എങ്ങിനെ വന്നുകൂടുന്നു? പ്ലേറേറാ ഉന്നയിച്ച സ്മരണാനിയമമല്ലേ ഇതു വരുത്തിയതു്? അതേ. മൂന്നു പ്രഖ്യാപനങ്ങളും അവിടെയുണ്ട്. അവയിൽ ആദ്യത്തെ രണ്ടെണ്ണം നിങ്ങളുടെ മുമ്പിൽ അവതരിക്കപ്പെട്ടു. ഉടനെ ചിന്താനിയമം (Law of Thought) അനുസരിച്ചു് (ഇതാണ് തത്വജ്ഞാനികഠം പറയുന്നവാക്ക്) മൂന്നാമത്തെ പ്രഖ്യാപനം ഹൃദയത്തിൽ വരുന്നു. സകലൎക്കും അവരുടെ മനസ്സിൽ ഇതുവരുകയും ചെയ്യുന്നു. ഇതെങ്ങിനെ? ഒരേവഴിക്ക്

digitized by www.sreyas.in

ഇളവരുന്നതാണ്. മുമ്പു പറഞ്ഞ സ്നേഹിതദൃഷ്ടാന്തത്തിൽ ഒരാളെ കാണുമ്പോൾ മററയാളെ ഓൎക്കുന്നതുപോലെതന്നെ. ഈ സ്മരണ എങ്ങിനെ വരുന്നു? ഈ ചിന്താനിയമം എല്ലാവരിലും അന്തർല്ലീനമായി പ്രവൎത്തിക്കുന്നതെങ്ങിനെ? ഈമാതിരി സ്മരണ എല്ലാവൎക്കും ഉളിക്കുന്നതെങ്ങിനെ? ഒരുതരം വിശേഷപ്പെട്ട സ്മരണശക്തികൊണ്ടു തന്നെ സ്മരണയിൽ—ഓൎമ്മയിൽ—മുന്നറിവു അന്തൎഭവിക്കുന്നു. തലച്ചോറുള്ള എല്ലാകഞ്ഞുങ്ങൾക്കും യുക്തിവാദം ചെയ്യാൻ പ്രാപ്തിയുണ്ടു്; നമുക്കവയുമായി വാദപ്രതിവാദം ചെയ്യാം. അവർ അല്പം ആലോചിക്കാൻ തുടങ്ങുമ്പോൾ, മേല്പറഞ്ഞ പ്രസ്താവനകൾ പറഞ്ഞുകൊടുത്താൽ അവർ ഉടനെ അവയെ സ്വീകരിക്കും.

നാം ഇവിടെ യൂക്ലിഡിൻെറ ഒരു സൂത്രം (Theorem) എടുത്തുതെളിയിക്കാൻ പോകുന്നു. ഉടനെ നാം ഒരു തീരുമാനത്തിൽ എത്തിച്ചേരുന്നു. ഇതു സ്മരണശക്തികൊണ്ടാണു് സാധിക്കുന്നതു്. ഓരോരുത്തരിലും ഇരിക്കുന്ന ഈ അനുസ്മരണശക്തിതന്നെ, ബുദ്ധിയിൽ സംഗതികൾ ഓൎക്കുന്നവെന്നുതതന്നെ ആ സംഗതികളെപ്പററി നമുക്കു മുമ്പേതന്നെ അറിവും പരിചയവും ഉണ്ടെന്നു് ഉള്ളതിനു് ഒരു സുനിശ്ചിതമായ തെളിവാണു്. നിങ്ങൾക്കു് അറിവും പരിജ്ഞാനവും മുമ്പേതന്നെ ഉണ്ടായിരുന്നാലല്ലാതെ ഈ അനുസ്മരണശക്തി പ്രവൃത്തി ചെയ്യുന്നില്ല. എന്നാൽ ഈ ജീവിതത്തിൽ ആ അറിവും പരിജ്ഞാനവും ഇല്ലായിരുന്നുവെന്നു നിങ്ങൾക്കു നിശ്ചയവുമാണു്. പിന്നെ എവിടെനിന്നു നിങ്ങൾക്കീ അറിവുണ്ടായി? "മുജ്ജന്മത്തിൽനിന്നു്" എന്നു വേദാന്തം പറയുന്നു.

ഇവിടെ ഇതാ വേറൊരുചോദ്യം. നാം നമ്മുടെ ഭാഗ്യത്തിൻെറ അധിപന്മാരാണെങ്കിൽ, നാമാരും ദരിദ്രന്മാരായിരിക്കാൻ ഇച്ഛിക്കുന്നില്ലല്ലോ; പിന്നെ നാം എങ്ങിനെ ദരിദ്രരായി ജനിച്ചു? നമുക്കെല്ലാം ധനികരാകാനാണുമോഹം; ആൎക്കും ദാരിദ്ര്യം വേണമെന്നു ചിന്തയില്ല. എന്നിട്ടും നാം പാവപ്പെട്ടവരായിത്തീരുന്നു; മിക്കവരും. അതെന്തുകൊണ്ടു്; വേദാന്തം പ്രത്യുത്തരം നൽകുന്നു:—"നിങ്ങൾ സംഗതികളെ ശരിയായവിധം പരിശോധിക്കണം; അവയെ സമ്പൂൎണ്ണമായി പഠിക്കണം. അൎദ്ധസത്യങ്ങളെ മാത്രം ഗൌനിക്കരുതു് എല്ലാസ്ഥാനങ്ങളിൽനിന്നും വസ്തുതകളെ പഠിക്കുക." ലണ്ടനിലെ ലോർഡു് *മെയോറായിത്തീരണമെന്നു് എല്ലാവരും ആത്മാൎത്ഥമായി ആഗ്രഹിക്കുന്നുണ്ടെന്നുള്ളതു് സത്യമല്ല. എല്ലാവൎക്കും കോടീശ്വരനാകാൻ കൊതിയുണ്ടെന്നു പറഞ്ഞാൽ അതു ശരിയല്ല. പ്രതിവാ

---

* മുനിസിപ്പൽപ്രസിഡണ്ടു്.

digitized by www.sreyas.in

രം നാലുഡോളർ സമ്പാദിക്കുന്നവൻ ഏഴുഡോളർ കിട്ടാൻ സൌകര്യമുള്ള ഒരു സ്ഥാനത്തിനു മോഹിക്കുന്നു അവൻ ലണ്ടനിലെ ലോർഡു മേയോർ ആകാൻ ആഗ്രഹിക്കുന്നില്ല, ഇല്ലതന്നെ. അതു ശരിയല്ലാ. നിങ്ങൾ ചിന്തിച്ചു കാണുക.

വേറൊരുനിലയിൽനിന്നു നമുക്കിതുനോക്കാം. ജനങ്ങൾ അവരുടെ ഇച്ഛകളിൽ പരസ്പരഭിന്നരും, യുക്തിഹീനരും ആണു്. അവർ പരിതഃസ്ഥിതികൾക്കനുരൂപമായി ഇച്ഛിക്കാൻ ശീലിക്കുന്നില്ല. അവർ ആഗ്രഹങ്ങൾക്കു അടിമകളായിത്തീരുന്നു. അവർ ഇച്ഛകളുടെ നാഥന്മാരല്ലാ; തന്മൂലം അവർ അങ്ങിനെ ഇച്ഛയ്ക്കു പ്രതികൂലമായി, അവരുടെ ഇച്ഛാശക്തികൊണ്ടുതന്നെ, അപകടങ്ങളും, ബുദ്ധിമുട്ടുകളും, ഉപദ്രവങ്ങളും, കുഴപ്പങ്ങളും വരുത്തിവെയ്ക്കുന്നു.

നിങ്ങൾക്കെല്ലാം രസകരമായ ഒരു ഭാഗമാണു് ഇനി പറയാൻ പോകുന്നതു്. മൃഗീയവികാരങ്ങൾ സാധിപ്പാൻ ഒരുവനു് മോഹമുണ്ടെന്നിരിക്കട്ടെ; അവനു ജ്ഞാനവുമായി യാതൊരു ബന്ധവും ഇല്ല. അയാൾക്കു് ആദ്ധ്യാത്മികകാര്യങ്ങളോ, മതമോ, സാമ്രാജ്യികബോധമോ, കീർത്തിയോ മറ്റോ യാതൊന്നും ചിന്തയിൽ ഇല്ല. ഇക്കാര്യങ്ങളുമായിട്ടവനു് ഒരു പിടിത്തവുമില്ല. അവന്റെ ഇഷ്ടമെല്ലാം മൃഗീയഭോഗം, ഇന്ദ്രിയസംതൃപ്തിവരുത്താൻ മാത്രമാണു്. ഇയ്യാൾ മരിക്കുന്നു. (ഇതു് വെറും ദൃഷ്ടാന്തത്തിനെടുത്ത ഒരു ഊഹ്യവസ്തുതയാണു്.) അവൻ തന്റെ മാതാപിതാക്കന്മാരായിട്ടു് ആരെ തിരഞ്ഞെടുക്കും? ഒരു പണ്ഡിതന്റെ മകനാകണമെന്നോ, സമ്പന്നന്മാരുടെ സന്താനമാകണമെന്നോ, ഇതിലേക്കു നിർബന്ധമില്ല; അഭ്യസ്തവിദ്യരോ, സംസ്കൃതചിത്തരോ ആയ അച്ഛനമ്മമാരുടെ പുത്രനായി ജനിക്കേണ്ട ആവശ്യമില്ല. ഈ മനുഷ്യൻ പൂർണ്ണമായും മൃഗീയ കാമവാസനകൊണ്ടും, ആർത്തികൊണ്ടും പ്രേരിതനാണെങ്കിൽ, അതിനു പറ്റിയതും ഏറ്റവും അനുകൂലവുമായ വിധത്തിൽ, അവനു പട്ടിയുടെയോ, പന്നിയുടെയോ ശരീരം കിട്ടുമെന്നു വേദാന്തം പറയുന്നു. എന്തെന്നാൽ അവിടെ അവനു് ധാരാളം തിന്നാനും, മൃഗീയഭോഗവാസനസാധിക്കാനും ഇങ്ങിനെ സ്വയംഭോഷനാകാനും ഉള്ള സൌകര്യം കൊടുക്കുന്ന ശരീരം ലഭിക്കുന്നു. അവനു് ആവിധം ഒരു ശരീരം ലഭിക്കുന്നു അവന്റെ ആഗ്രഹം സാധിപ്പാൻ അവനു പട്ടിയുടെയോ പന്നിയുടെയോ ദേഹം കിട്ടണം. ഇങ്ങനെ അവൻ അവന്റെ ഭാഗ്യത്തിന്റെ അധിപനാണു്; പട്ടിയായാലും പന്നിയായാലും ശരി.

ഈ ലോകത്തിലെ ജനങ്ങൾ എന്തെങ്കിലും ആഗ്രഹിക്കുമ്പോൾ അതിന്റെ ഫലമെന്താകുമെന്നു ആലോചിക്കാറില്ല; അതെ

digitized by www.sreyas.in

ങ്ങനെ പരിണമിക്കുമെന്നു ചിന്തിക്കാറില്ല. പിന്നീടു ഫലങ്ങൾ വരുമ്പോൾ അവർ കരയാനും, ഖേദിക്കാനും, ദൈവത്തിനെ പഴിക്കാനും, ജാതകത്തെ ശപിക്കാനും, പല്ലുകടിക്കാനും, ചുണ്ടുകടിക്കാനും തുടങ്ങുന്നു. അതിനാൽ ആഗ്രഹങ്ങൾ വരുമ്പോൾതന്നെ, ഫലങ്ങളെക്കുറിച്ചും ആലോചിക്കണം നിങ്ങൾതന്നെയാണു് സ്വയം കഷ്ടതകൾ ക്ഷണിച്ചുവരുത്തിവെക്കുന്നതു്. മററാരുമല്ല.

ഇൻഡ്യായിലെ ഒരു കവിയുടെ കഥ രാമൻ പറയാം. അയാൾ ഒരു മുഹമ്മദീയകവിയായിരുന്നു, വളരെ നല്ലവൻ; സമർത്ഥൻ. അവൻ ഒരു ബുദ്ധിമാനും, ചതുരനുമാണെന്നു നിങ്ങൾക്കു പറയാം. അയാൾ ഒരു രാജാവിൻെറ കൊട്ടാരത്തിലാണു പാർത്തിരുന്നതു്. രാജാവിനു് അയാളോടു വളരെ പ്രത്യേകതതോന്നിയിരുന്നു. ഒരു രാത്രി രാജാവു് വളരെനേരം അയാളെ അടുത്തു നിർത്തി; അയാൾ അദ്ദേഹത്തിനെ കവിതകൾകൊണ്ടും, നേരമ്പോക്കുകൾകൊണ്ടും, കഥകൾ പറഞ്ഞും, സംഭാഷണംകൊണ്ടും രസിപ്പിച്ചു. രാജാവു് ഈ തമാശകൊണ്ടു് നേരം അറിയാതെയും, നിദ്രയുടെ കാര്യമേ മറന്നും വളരെ രാത്രിയായിട്ടാണു് ഉറങ്ങാൻ പോയതു്. ഇത്ര താമസത്തിനു കാരണം എന്തായിരുന്നുവെന്നു രാജ്ഞി ചോദിച്ചു. രാജാവു പറഞ്ഞു:—"ഹാ! ഞങ്ങൾക്കു ഒരു അത്ഭുതമനുഷ്യൻ ഉണ്ടായിരുന്നു അവൻ നല്ലവനും, സമർത്ഥനും, രേകമനും, രസികനും ആയിരുന്നു." രാജ്ഞി അയാളെപ്പററി കൂടുതൽ ചോദിച്ചു. രാജ്ഞിയുടെ ജിജ്ഞാസമൂലം രാജാവു ഈ കവിയുടെ പ്രാപ്തിയും, യോഗ്യതയും എല്ലാം വിശദമായി പറഞ്ഞുകേൾപ്പിച്ചു. അവർ അതുകൊണ്ടു പിന്നെയും ഒരു മണിക്കൂർകൂടി ഉറക്കമിളച്ചു. എന്തിനു്? അവർ ഉറങ്ങിയപ്പോൾ നേരം വെളുപ്പായിപ്പോയി. രാജ്ഞിക്കു് ആ കവിയുടെ കഥകളെപ്പററി ജിജ്ഞാസവർദ്ധിച്ചപ്പോൾ ഒരു ദിവസം അയാളെ തന്നെ കാണിക്കണമെന്നു അവർ രാജാവിനോടഭ്യർത്ഥിച്ചു അടുത്ത ദിവസം ആ കവി റാണിയുടെ അടുക്കൽ ആനയിക്കപ്പെട്ടു. പാശ്ചാത്യരാജ്യങ്ങളിലെപ്പോലെയല്ല ഇൻഡ്യായിലെ നടപ്പു് എന്നു നിങ്ങൾക്കറിയാമല്ലോ ഇൻഡ്യായിൽ സ്ത്രീകൾ പ്രത്യേകസൗധങ്ങളിൽ പാർക്കുകയും, പുരുഷന്മാരോടു ചെരുമാറാതെ കഴികയും ചെയ്യുന്നു. അവർ ദൂരെ പാർക്കുന്നു ഹിന്ദുക്കളല്ലാ, മുഹമ്മദീയ സ്ത്രീകൾ പ്രത്യേകിച്ചു മൂടുപടം ധരിക്കയും, വേറാരും കാണാതെ സൂക്ഷിക്കയും ചെയ്യുക വഴക്കമാണു്. അവർ ഭർത്താക്കന്മാരെയോ, വളരെ പരിശുദ്ധരും, ശ്രേഷ്ഠരും, ഭക്തരും ആയവരെയോ മാത്രമേ ദർശിക്കുന്നുള്ളു ഈ കവിയെ രാജാവു് ഹാരെം(അതായതു്, രാജസ്ത്രീകളുടെ ഗൃഹത്തിൽ—അന്തഃ

digitized by www.sreyas.in

പുരത്തിൽ) എന്നിടത്തേക്കു ആനയിച്ചു. അവിടെ അയാൾ കഥ ചൊല്ലിയും, കഥപറഞ്ഞും, സ്ത്രീകളെയെല്ലാം വളരെ ആനന്ദിപ്പിച്ചു. താൻ അന്ധനാണെന്നു അയാൾ സ്ത്രീകളെ പറഞ്ഞുധരിപ്പിച്ചു; അയാൾക്കു കണ്ണിൽ ഒരുവക ദീനമായിരുന്നുവെന്നും, അതിനാൽ കണ്ണുകാണാൻ പാടില്ലായിരുന്നുവെന്നും അവരെ ഗ്രഹിപ്പിച്ചു. വാസ്തവത്തിൽ അയാൾ അന്ധനല്ലായിരുന്നു. അന്തഃപുരത്തിൽ സ്ത്രീകളുടെ രഹസ്യമന്ദിരങ്ങളിൽ പാൎക്കാൻ സൌകൎയ്യം കിട്ടണമെന്നായിരുന്നു ഈ വിദ്വാന്റെ ദുഷ്ടവിചാരം. അന്ധനായാൽ അവൎക്കു സംശയമുണ്ടാകാനില്ലല്ലൊ. അവൻ അന്ധനാണെന്നുള്ളതുകൊണ്ടു സ്ത്രീകൾ സ്വാതന്ത്ര്യമായി സഞ്ചരിക്കയും സംസാരിക്കയും ചെയ്യും; അവന്റെ സമീപത്തുവരുമ്പോഴും മററും അവർ മുഖത്തു പൎദ്ദാ ധരിക്കയുമില്ല. ഇതാണു് വിദ്യ! അവൻ അന്ധനാണെന്നു കരുതി രാജ്ഞി അവനു് അന്തഃപുരത്തിൽ തടസ്സമില്ലാതെ പ്രവേശവും കൊടുത്തു. എന്നാൽ സത്യം ഒളിച്ചുവെക്കാൻ കഴികയില്ലെന്നു നിങ്ങൾക്കറിയാമല്ലൊ.

"സത്യത്തെഭ്രമിതന്നിൽ ചവിട്ടിത്താഴ്ത്തിയാലും
കൃത്യമായവൾവീണ്ടും ഉദിച്ചുപൊങ്ങിക്കൊള്ളും,
ഈശ്വരൻതന്റെ ദീൎഘദീൎഘങ്ങളായിട്ടുള്ള
ശാശ്വതാബ്ദങ്ങളവൾക്കായുസ്സായുണ്ടുതാനും."

അതു് ഒളിച്ചുവെക്കാവതല്ല. ഒരുനാൾ അതു പുറത്തുവരും. ഒരുദിവസം നമ്മുടെ കവി ഒരു ഭൃത്യയോടു ഏതോ ഒരു സാധനം വേണമെന്നു് ആവശ്യപ്പെട്ടു. ഇൻഡ്യായിൽ ധനികന്മാർ അലസരായിഭവിക്കുന്നുവെന്നു നിങ്ങൾക്കറിയാമല്ലൊ. സമ്പത്തിന്റെ ലക്ഷണം മടിയാണെന്നു ഗണിക്കപ്പെടുന്നു. നിങ്ങൾ സ്വയം യാതൊന്നും ചെയ്യുയില്ലെങ്കിൽ നിങ്ങൾ വളരെ ശ്രേഷ്ഠനായി പരിഗണിക്കപ്പെടുന്നു. വണ്ടിയിൽ കയറാൻ ആരെങ്കിലും സഹായിക്കാൻവരുകയോ, വസ്ത്രംധരിപ്പിക്കാൻ മറെറാരാൾ സഹായിക്കയോ, നിങ്ങളുടെ സവാരികളിൽക്കൂടെ നടന്നു വേറൊരാൾ സഹകരിക്കയോ ചെയ്താൽ നിങ്ങൾ അത്യന്തം ശ്രേഷ്ഠതരനായിഭവിക്കുന്നു! മാന്യതയുടെ ലക്ഷണം പരാശ്രയമാണു്!! സ്വാശ്രയശീലവും, സ്വാതന്ത്ര്യവും, പരാശ്രയത്വവും അടിമത്തവും ആയി ഗണിക്കപ്പെടുന്ന ഈ കവിയ്ക്കൊരു മാന്യസ്ഥാനം കൊട്ടാരത്തിൽ കിട്ടിയപ്പോൾ അയാൾ സ്വസ്ഥാനംവിട്ടു ഒരു കസേരയെടുത്തു ഇഷ്ടംപോലെ വെയ്ക്കുന്നതുപോലും തന്റെ നിലയ്ക്കു കുറവാണെന്നു വിചാരിച്ചു. അതിനാൽ അയാൾ അതിലേയ്ക്കു ഒരു പരിചാരികയെ നിയോ

digitized by www.sreyas.in

ശിച്ചു. എന്നാൽ അവളാകട്ടെ മുഖത്തുനോക്കി കഠിനമായും പുച്ഛമായും സമയമില്ലെന്നുപറഞ്ഞു പൊയ്ക്കളഞ്ഞു. അവൾക്കു വേറെ ജോലിയുണ്ടെന്നുപറഞ്ഞു മാറിക്കളഞ്ഞു. അതിനുശേഷം വേറൊരു ദാസിവന്നു. അവൻ അവളെവിളിച്ചു കസേര മാററിവെക്കാൻ പറഞ്ഞു. എന്നാൽ ആ മുറിയിൽ കസേരയേ ഇല്ലെന്നു അവൾ പറഞ്ഞുകളഞ്ഞു. അയാൾ ഉടനെ പറയുകയായി:—"ആ പാത്രത്തിൽ എനിക്കു കുറെ വെള്ളംകൊണ്ടുവന്നുതരുക." അവൾ പറയുന്നു:—"ഈ മുറിയിൽ വെള്ളമിരിപ്പില്ല; ഞാൻ അടുത്ത മുറിയിൽ പോയി എടുത്തുകൊണ്ടുവന്നുതരാം!!" ഉടനെ അവനിൽനിന്നു ഈ വാക്കുകൾ പുറത്തുചാടി:—"അതു കൊണ്ടുവ.! ഈ മുറിയിൽ ഇരിപ്പുണ്ടു്; നീയതുകാണുന്നില്ലേ? അതാ! ഇരിക്കുന്നു." കാര്യം സാധിക്കാനുള്ള ഉൾക്കണ്ഠകൊണ്ടു് അയാൾ സ്വയം മറന്നുപോയി അതാണു് സംഭവിക്കുന്നതു്. ഇങ്ങിനെയാണു സത്യം അസത്യവാദികളെ കളിപ്പിക്കുന്നതു്. * മാക്ബത്തു് പ്രഭ.ിക്കു് ആ കൃത്യംചെയ്യാൻ കഴിഞ്ഞുവെന്നും, എന്നാലതു ഒളിച്ചുവെയ്ക്കാൻ കഴിഞ്ഞില്ലെന്നും നിങ്ങൾക്കറിയാമല്ലൊ. സത്യം അവരെ ഭ്രാന്തുപിടിപ്പിക്കയും അവർ ഡോക്ടരോടു സ്വമേധയാ കുററം ഏററു പറകയും ആയിരുന്നു. അതാണു് സംഭവിക്കുന്നതു്. അതാണു പ്രകൃതിയുടെ നിയമം. "ഇതാ! ഇരിക്കുന്നു; നീ കാണുന്നില്ലേ?" എന്നു ആ കവി പറഞ്ഞപ്പോൾ വാലിയക്കാരി, പറഞ്ഞതു ചെയ്യുന്നതിനുപകരം, പെട്ടെന്നു രാജ്ഞിയുടെ സമീപത്തുപോയി രഹസ്യം വെളിപ്പെടുത്തിപ്പറഞ്ഞു:—"ഇതാ! ആ മനുഷ്യൻ കുരുടൻ അല്ല. അയാൾ ദുഷ്ടനാണു്; അയാൾ അക്രമിയാണു്. അയാളെ ഇവിടെനിന്നു പുറത്താക്കണം." എന്തിനു്? അയാൾ ബഹിഷ്കരിക്കപ്പെട്ടു. എന്നാൽ മൂന്നുദിവസത്തിനകം അയാൾ യഥാർത്ഥമായി കുരുടൻ ആയിത്തീന്നു! കണ്ണുകാണാൻ പാടില്ലാതെ ആയി. അതെങ്ങിനെ? എന്തുകൊണ്ടു്? കമ്മനിയമം വന്നു പറയുന്നു:—"ഇയാൾ തൻെറ സ്വന്തം ഇച്ഛാശക്തികൊണ്ടു അന്ധനായിഭവിച്ചു അവൻ തൻെറ ഭാഗ്യത്തിൻെറ നാഥനാണു്. അവൻ തന്നെത്താൻ ദുർമ്മോഹംകൊണ്ടു് അന്ധതയെ വരുത്തിവെച്ചു. വേറാരും അവനെ അന്ധനാക്കിയില്ല. അവൻെറ സ്വന്തകാമങ്ങളും, മോഹങ്ങളുംതന്നെ അവനെ കുരുടനാക്കിത്തീത്തു. പിന്നീടു് അന്ധത്വം വന്നതിനുമേൽ അവൻ കരയാനും കണ്ണുനീരൊലിപ്പിക്കാനും, പല്ലുകടിക്കാനും, നെഞ്ചത്തടിക്കാനും തുടങ്ങുന്നു.

---

* ഷേക്സ്പിയർ കവിയുടെ "Macbeth" എന്ന ഡ്രാമയിലെ കഥ ഇവിടെ സൂചിപ്പിക്കപ്പെടുന്നു.

digitized by www.sreyas.in

ചുമലിൽ ഘനമുള്ള ഒരു ചുമടും എടുത്തുകൊണ്ടു് ഒരുത്തൻ പോകുകയായിരുന്നു. അവൻ കിഴവനും, ക്ഷീണിച്ചവനും, ജരബാധിതനും ആയിരുന്നു. പോരെങ്കിൽ അവൻ ഉഷ്ണരാജ്യത്തിൽ വസിക്കുന്നവനുമായിരുന്നു. അതായതു് ഇൻഡ്യായിൽ. ഒരു വൃക്ഷത്തണലിൽ അവൻ ഇരുന്നു. ചുമടു താഴെവെച്ചു് അവൻ കുറെനേരം വിശ്രമിച്ചു. എന്നിട്ടവൻ വിളിച്ചുപറഞ്ഞു:—"എന്റെ കാലാ! നീവന്നു് എന്നെ സഹായിക്കണേ! എന്നെ രക്ഷിക്കണേ!" മരണദേവത ഉടനെ അവന്റെ അടുത്തുചെന്നുവെന്നു കഥ തുടരുന്നു. കാലൻ അവനെ നോക്കിയപ്പോൾ അവൻ പേടിച്ചു വിറച്ചുപോയി; വളരെ ഭയപ്പെട്ടുപോയി. അതെന്തു ഭയങ്കരമൂർത്തി! എത്ര വലിയ ഒരു ഭൂതം! അവൻ കാലനോടു ചോദിച്ചു:—"നീ ആരാണു്?" കാലൻ പറഞ്ഞു:—"നീ എന്നെ വിളിച്ചില്ലേ? ഞാൻ കാലനാണു്. നിന്റെ പ്രാർത്ഥന സാധിപ്പിക്കാൻ വന്നതാണു്." കിഴവൻ പരിഭ്രമിച്ചു നിലവിളിച്ചുകൊണ്ടു പറഞ്ഞു:—"എന്നെ കൊല്ലാനല്ല ഞാൻ നിന്നെ വിളിച്ചതു്. ഈ ചുമടൊന്നു പൊക്കിയെടുത്തു് എന്റെ തോളിൽ വെച്ചുതരണമെന്നു പറയാനാണു് ഞാൻ നിന്നെ വിളിച്ചതു്."

ഇതാണു് ജനങ്ങൾ ചെയ്യുന്നതു്. നിങ്ങളുടെ ബുദ്ധിമുട്ടുകളും, കഷ്ടപ്പാടുകളും, സങ്കടങ്ങളും എല്ലാം നിങ്ങൾതന്നെ വരുത്തിവെക്കുന്നു. നിങ്ങൾ നിങ്ങളുടെ ഭാഗ്യത്തിന്റെ അധിപനാണു്. എന്നാൽ കാര്യം വരുമ്പോൾ നിങ്ങൾ കരയാനും വിളിക്കാനും തുടങ്ങുന്നു. നിങ്ങൾ മൃത്യുവിനെ ക്ഷണിക്കുന്നു. അതുവരുമ്പോൾ നിങ്ങൾ മുറവിളികൂട്ടുന്നു. എന്നാൽ അതുകൊണ്ടെന്നതല്ലാ ഒരിക്കൽ ലോകത്തിൽ നിങ്ങൾ ഏററവുംവലിയ വിലവെച്ചു വിളികേട്ടാൽ നിങ്ങൾ ആ സാധനങ്ങൾ എടുക്കുകതന്നെ വേണം. നിങ്ങൾ കുതിരയെ ഓടിക്കാൻ തുടങ്ങിയാൽ വണ്ടിയും അതിന്റെ പുറകേ വരുകതന്നെ ചെയ്യും. അതുപോലെ ഒരിക്കൽ നിങ്ങൾ ഇച്ഛിക്കുമ്പോൾ അതിന്റെ ഫലമെല്ലാം നിങ്ങൾ എടുക്കണം, അനുഭവിക്കണം. ജനങ്ങൾ സാധാരണ പ്രായംചെന്നു മരിക്കാനും, വളരെ കുറച്ചുപേർ മാത്രം ചെറുപ്പത്തിൽ മരിക്കാനും കാരണം എന്തു്? മനുഷ്യർ വൃദ്ധരാകുമ്പോൾ അവരുടെ ശരീരം ജീർണ്ണിക്കുന്നുവെന്നു വേദാന്തം പറയുന്നു. അവർ രോഗഗ്രസ്തരായി പരവശരാകുന്നു. അപ്പോൾ അവർ മരണത്തെ ആഗ്രഹിക്കാൻ തുടങ്ങുന്നു. അവർ പരിഹാരം ആവശ്യപ്പെടുന്നു; അതു വന്നുചേരുന്നു ഇങ്ങിനെ നിങ്ങളുടെ മരണവും നിങ്ങൾതന്നെ വരുത്തുന്നു. വേദാന്തപ്രകാരം ഓരോരുത്തനും ആത്മഹത്യാകാരകനാണു്. മരണം വരണമെന്നു നിങ്ങൾ വിചാരിക്ക

പോൾ—ആത്മാത്ഥമായി ആഗ്രഹിക്കുമ്പോൾ അത്തു വരുന്നു, ജനങ്ങൾ പൂൎണ്ണയൌവനത്തിൽ മരിക്കുന്നതെന്തുകൊണ്ടു ? നിങ്ങളിപ്പോൾ രാമൻ പറയുന്നതു പക്ഷേ വിശ്വസിക്കയില്ല. എന്നാൽ കൃത്യമായി പരിശോധിക്കുന്ന പക്ഷം രാമൻ ഇപ്പോൾ പറയുന്നതു നിങ്ങളും സമ്മതിക്കും; സമ്മതിക്കണം. പലരും നല്ലവയസ്സിൽ മരിക്കുന്നതു രാമൻ കണ്ടിട്ടുണ്ടു്. രാമൻ അവരുടെ രഹസ്യജീവിതത്തെ പരിശോധിച്ചു്, സകലതും അന്വേഷിച്ചു്, ഈ യുവാക്കന്മാർ അവരുടെ ഹൃദയാന്തർഭാഗത്തു മരണം തേടുകയായിരുന്നുവെന്നും, അവരുടെ പരിതഃസ്ഥിതികളുമായിട്ടു് അവർ തീരെ വെറുത്തിരുന്നുവെന്നും, ആ സ്ഥിതികൾ മാററാൻ അവർ മോഹിച്ചിരുന്നുവെന്നും ഗ്രഹിച്ചിട്ടുണ്ടു്. അതാണു് സദാ സംഭവിക്കുന്നതും. പ്രത്യക്ഷോദാഹരണങ്ങൾ പറയാൻ ഇവിടെ സമയം പോരാ. പക്ഷേ ഇതു് ഒരു പരമാത്ഥമാണു്.

ഇൻഡ്യായിലെ വൎഗ്ഗീയ കോളേജുകളിൽ ഒന്നിൽ പ്രഫസ്സറായി ജോലിനോക്കിയിരുന്ന ഒരു പ്രതിഭാശാലിയായ യുവാവുണ്ടായിരുന്നു. താൻ തന്റെ ജീവിതം ഒരു കാൎയ്യത്തിനായി—ഒരു പ്രത്യേകസംഗതിക്കായി—സമൎപ്പിച്ചു എന്നു് അയാൾ ഒരു പൊതുയോഗത്തിൽ പ്രഖ്യാപിക്കയും പ്രതിജ്ഞചെയ്കയും ചെയ്തു. കുറെക്കാലം വളരെ ഉത്സാഹത്തോടുകൂടി അയാൾ പണിയെടുത്തു. അപ്പോൾ അയാളുടെ അഭിപ്രായഗതി മാറി; അയാളുടെ ചിന്തകൾ വികസിച്ചു; ഹൃദയം വിശാലമായി; അഭിപ്രായങ്ങൾ വ്യാപ്തതരമായി. അയാൾക്കു് ആ വൎഗ്ഗീയവാദികളുമായി കൂടിച്ചേൎന്നു പ്രവൃത്തി ചെയ്യാൻ പാടില്ലാതെയായി. അവൎക്കും ഇവനോടു ഹാൎദ്ദമായ അനുഭാവം ഇല്ലെന്നായി. എങ്കിലും അയാൾക്കു് അവരുമൊന്നിച്ചു കൂടികഴിയേണ്ടിവന്നു. എന്തെന്നാൽ അയാൾ പ്രതിജ്ഞചെയ്തുപോയിരുന്നു; കാൎയ്യങ്ങളുമായി ബന്ധപ്പെട്ടിരുന്നു. ഈ യുവാവിനു ഗത്യന്തരം ഇല്ലെന്നായി. ഹൃദയം ഒരിടത്തും, ശരീരം വേറൊരിടത്തും ആയിഭവിച്ചു. മനസ്സും ശരീരവും തമ്മിൽ വേർതിരിഞ്ഞു. ഇതു സാധ്യമല്ലാ. ഇങ്ങിനെ തുടരാവുന്നതല്ല. എന്തിനു്? അയാൾ മരിച്ചു മരണംകൊണ്ടല്ലാതെ സ്ഥിതിഗതികൾ മാററാൻ അയാൾക്കു കഴിഞ്ഞിരുന്നില്ല. മരണംകൊണ്ടു് അവ മാറുകയും ചെയ്തു. ഇങ്ങനെ മരണംപോലും നാം കാണുന്നതുപോലെയുള്ള ഭയാവഹമായ ഒരു വസ്തുവല്ല.

നിങ്ങൾ നിങ്ങളുടെ സാഹചൎയ്യങ്ങളുടെ നാഥനാണു്; നിങ്ങളുടെ ഭാഗ്യത്തിന്റെ അധിപനാണു്. ജനങ്ങളെന്തുകൊണ്ടു നരകമനുഭവിക്കുന്നു? കഷ്ടതകൾ എങ്ങിനെ വരുന്നു? ഇഷ്ടുകളുടെ പര

സ്പരസംഘട്ടനംകൊണ്ടു്, ഒരുവിധം പ്രവൃത്തിചെയ്യണമെന്നാവശ്യപ്പെടുന്ന ഒരു മോഹം ഒരുവശത്തു്; മററുവിധം പ്രവൎത്തിക്കണമെന്നു പ്രേരിപ്പിക്കുന്ന വേറൊരുമോഹം മറുവശത്തു്. രണ്ടാഗ്രഹങ്ങളും അവിടെയുണ്ടു്. ഒരു മോഹം നിങ്ങളെ നല്ലൊരു ഗ്രന്ഥകാരനാക്കണമെന്നും, നല്ല പ്രാസംഗികനും, പ്രഫസ്സരും, പ്രവാചകനും ആക്കിത്തീൎക്കണമെന്നും, പിന്നൊരുമോഹംവന്നു നിങ്ങളെ ഇന്ദ്രിയാധീനനാക്കണമെന്നും ആവശ്യപ്പെടുന്നു. ഒന്നിച്ചു പോകാത്ത ഈ പരസ്പരവിരുദ്ധമോഹങ്ങൾ ഇവിടെ ഉത്ഭവിക്കുന്നു. അപ്പോൾ എന്തു വരും? രണ്ടും സാധിക്കണം; ഒന്നു സാധിക്കുമ്പോൾ മററതിനു കേടുതട്ടുന്നു. നിങ്ങൾക്കു സങ്കടമുണ്ടാകുന്നു രണ്ടാമത്തേതു പ്രാപിക്കപ്പെടുമ്പോൾ ആദ്യത്തേതിനു ഭംഗം വരുന്നു; അപ്പോഴും നിങ്ങൾ സങ്കടപ്പെടുന്നു. ഇങ്ങനെയാണു് ജനങ്ങൾ സ്വയം കഷ്ടാനുഭവങ്ങൾ ക്ഷണിച്ചുവരുത്തുന്നതു്. നിങ്ങളുടെ ആപത്തുകൾപോലും നിങ്ങൾ നിങ്ങളുടെ ഭാഗ്യാധിപനാണെന്നു തെളിയിക്കുന്നു. വളരെ മനോജ്ഞമായ ഒരു കഥകൊണ്ടു രാമൻ ഇതു് ഉദാഹരിക്കാം.

ഇൻഡ്യായിൽ ഒരു മനുഷ്യനു രണ്ടു ഭാൎയ്യമാർ ഉണ്ടായിരുന്നു. ഹിന്ദുക്കൾ ബഹുഭാൎയ്യാത്വം വിശ്വസിക്കുന്നില്ലെന്നും, എന്നാൽ മുഹമ്മദീയർ അതു് ഇഷ്ടപ്പെടുന്നുവെന്നും നിങ്ങൾക്കറിയാമല്ലൊ. ഇതു രണ്ടു ഭാൎയ്യമാരുള്ള ഒരു മുസൽമാൻ ആയിരുന്നു. ഒരുത്തി മാളികയുടെ മുകളിലും മററവൾ താഴെയുമാണു പാൎത്തിരുന്നതു്. ഒരു ദിവസം ഒരു കള്ളൻ ആ വീട്ടിൽ കടന്നുകൂടി. അവനു് അവിടുത്തെ സ്വത്തെല്ലാം മോഷ്ടിക്കാൻ മോഹമുണ്ടായിരുന്നു. എന്നാൽ വീട്ടുകാർ എല്ലാം രാത്രിയിൽ ഉണൎന്നിരിക്കയായിരുന്നു. അതിനാൽ കള്ളനു് അന്നു യാതൊന്നും മോഷ്ടിക്കാൻ സന്ദർഭം കിട്ടിയില്ല. നേരം വെളുക്കാറായപ്പോൾ വീട്ടുകാർ കള്ളനെക്കണ്ടു പിടികൂടി കേസ്സാക്കി. അവൻ ഒരു മജിസ്ട്രേട്ടുകോടതിയിൽ ആനയിക്കപ്പെട്ടു. യാതൊന്നും മോഷ്ടിക്കപ്പെട്ടിരുന്നില്ല; എന്നാലും അവൻ വീടുഭേദിച്ചു് അകത്തു കടന്നിരുന്നല്ലോ. അതായിരുന്നു കുററവും. മജിസ്ട്രേട്ടു കള്ളനോടു പല ചോദ്യങ്ങളും ചോദിച്ചു കള്ളൻ സകലതും ഏററുപറഞ്ഞു സമ്മതിച്ചു. മോഷ്ടിക്കാൻവേണ്ടി അവൻ വീട്ടിൽ കടന്നതാണെന്നു് അവൻ കുററസമ്മതംചെയ്തു. മജിസ്ട്രേട്ടു് അവനെ ശിക്ഷിക്കാൻ ഭാവിക്കയായിരുന്നു. ഉടനെ അവൻ പറഞ്ഞു:- "യജമാനനേ! കോടതിയുടെ ഇഷ്ടംപോലെ എന്തും ചെയ്യാം; എന്നെ തുറുങ്കിൽ ഇടാം; എന്നെ പക്ഷികളുടെ മുമ്പിൽ എറിയാം; എന്റെ ശരീരം ദഹിപ്പിക്കാം. എന്നാൽ എനിക്കു് ഒരു ശിക്ഷ മാത്രം തരരുതു്." മജിസ്ട്രേട്ടു് ആശ്ചൎയ്യപ്പെട്ടുകൊണ്ടു ചോദിച്ചു:-

digitized by www.sreyas.in

"അതെന്താണ്?" അവൻ പറഞ്ഞു:- "എന്നെ രണ്ടു ഭാര്യമാരുടെ ഭർത്താവാക്കരുത്; എനിക്ക് അങ്ങിനെയൊരു ശിക്ഷ വിധിക്കരുത്!" അതെന്തുകൊണ്ട്? തദനന്തരം കള്ളൻ താൻ എങ്ങിനെ ബന്ധിക്കപ്പെട്ടുവെന്നും, തനിക്കു മോഷ്ടിക്കാൻ സാധിക്കാഞ്ഞതെന്തുകൊണ്ടെന്നും മററും വിവരിക്കാൻ തുടങ്ങി. ഗൃഹനായകനു രാത്രി മുഴുവനും കോണിപ്പടിയിൽനിന്നുതന്നെ കഴിച്ചുകൂട്ടേണ്ടിവന്നു. എന്തെന്നാൽ ഒരു ഭാര്യ അവനെ മുകളിലേയ്ക്കും, മറേറ ഭാര്യ അവനെ ചുവട്ടിലേയ്ക്കും പിടിച്ചു വലിക്കുകയായിരുന്നു. അവന്റെ മുടികളെല്ലാം പറിച്ചുകളയപ്പെട്ടു. കാലിലെ സ്റ്റോക്കിംഗ്സ് കീറിയെറിയപ്പെട്ടു. രാത്രിമുഴുവൻ അയാൾ തണുപ്പുകൊണ്ടു വിറയ്ക്കുകയായിരുന്നു. ഇങ്ങനെയാണ് കള്ളനെ പിടികൂടാൻ ഇടയായത്; തനിക്കു മോഷ്ടിക്കാൻ ഇടകിട്ടാഞ്ഞത്:

അതങ്ങിനെതന്നെയാണ്. ഇച്ഛാമത്സരം—ആഗ്രഹങ്ങൾ തമ്മിലുള്ള സംഘട്ടനം—നിമിത്തമാണു കഷ്ടതകൾ വരുന്നത് നിങ്ങളുടെ മോഹങ്ങൾക്കു തമ്മിൽ പൊരുത്തമില്ല, യോജിപ്പില്ല. അവ പരസ്പരം യുദ്ധത്തിലാകുന്നു; അന്യോന്യമത്സരം കയ്ക്കൊള്ളുന്ന കുടുംബാംഗങ്ങൾ അധഃപതിക്കണം അതുകൊണ്ട്; നിങ്ങളുടെ സ്വന്ത ഹൃദയവും മനസ്സും പരിശോധിച്ച് അവിടെ ശാന്തിയുണ്ടോ എന്നു നോക്കുക. നിങ്ങൾക്ക് ഏക ലക്ഷ്യവും, ഉദ്ദേശൈക്യവും ഉണ്ടെങ്കിൽ ഉപദ്രവമുണ്ടാകയില്ല. നിങ്ങൾ കഷ്ടപ്പാടനുഭവിക്കേണ്ടിവരികയില്ല. എന്നാൽ മത്സരവും ശണ്ഠയും ഉണ്ടെങ്കിൽ, വീടു പൊളിച്ചുകളയണം; നിങ്ങൾ കഷ്ടത സഹിക്കണം.

നിങ്ങളുടെ കഷ്ടാനുഭൂതിക്കിതാണു കാരണം. അതു നിങ്ങൾ തന്നെ ഉണ്ടാക്കുന്നതുമാണ്. നിങ്ങൾ നിങ്ങളുടെ ഭാഗ്യനാഥനാണ്. ഒരു മനുഷ്യനു ക്ഷുദ്രമോഹങ്ങളും ഉൽകൃഷ്ടമോഹങ്ങളും ഉണ്ട്. അവയ്ക്കു തമ്മിൽ മത്സരവുമുണ്ട്. എന്നാൽ സാർവ്വജനീനമായ പരിണാമനിയമാനുസരണം (Law of Evolution) ഈ മത്സരത്തിൽ അധികം ബലവത്തായതു വിജയിക്കും. ബലവത്തമാ വിജയിക്കുമെന്നാണു പ്രകൃതിയുടെ പ്ലാൻ. ഇങ്ങിനെ ഈ സാർവ്വലൌകിക നിയമമനുസരിച്ച്, ഈ യുദ്ധത്തിൽ അധികം ശക്തിയുള്ള ഇച്ഛകൾ ജയിക്കണം. എന്നാൽ ഈ ശക്തി എവിടെനിന്നു വരുന്നു? ശക്തി സത്യത്തിൽനിന്ന്, സത്യത്തിൽനിന്നു മാത്രം ഉദിക്കുന്നു. അധികം സത്യാംശമുള്ള—അധികം നീതിയും, ന്യായവും, ദിവ്യത്വവും, പരിശുദ്ധിയും ഉൾക്കൊള്ളുന്ന—ആഗ്രഹങ്ങൾ വിജയിക്കുന്നു. തോക്കുമുനയ്ക്കു മുമ്പിൽ നിങ്ങൾ പുരോഗമിക്കയും, മുമ്പോട്ടുയരുകയും ചെയ്യണം. നിങ്ങൾക്കു സദൈവ ഇന്ദ്രിയസുഖങ്ങളിൽ

digitized by www.sreyas.in

തങ്ങിനില്ക്കാൻ സാധിക്കയില്ല. സ്വാൎത്ഥാൎത്ഥിയിലും, ലോഭവിചാരത്തിലും നിങ്ങൾക്കു ലയിച്ചിരിക്കാവതല്ല. നിങ്ങൾക്കു, മന്ദമായിട്ടെങ്കിലും, എന്നാൽ നിസ്തൎക്കമായിട്ടു്, ഉയരുകതന്നെ വേണം. ഇതാ! നിങ്ങളുടെ മുമ്പിൽ ആനന്ദം! കൎമ്മനിയമമിതാ! ഓരോരുത്തന്റേയും എല്ലാവരുടെയും മുമ്പിൽ ആനന്ദം പൊക്കിപ്പിടിച്ചുകൊണ്ടു നില്ക്കുന്നു.

ആഗ്രഹങ്ങൾ എന്തുകൊണ്ടു പ്രാപ്തമാകണം? വേദാന്തം പറയുന്നു: - "നിങ്ങളുടെ യഥാൎത്ഥപ്രകൃതി, നിങ്ങളുടെ യഥാൎത്ഥസത്ത അമൎത്ത്യമാണു്; മരണമില്ലാത്തതാണു്; രാമൻ മരണരഹിതനാണു്, ഈശ്വരനാണു്. നിങ്ങളുടെ ആഗ്രഹങ്ങളും, മനസ്സും, ശരീരവും, സമസ്തവും സത്യസമുദ്രത്തിലെ, ശാശ്വതതത്വസമുദ്രത്തിലെ കല്ലോലങ്ങളും, തരംഗങ്ങളും ആണു്. അവ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു എന്തുകൊണ്ടോ, ആ സാധനത്തിന്റെ സ്വഭാവം അവ അംഗീകരിക്കുന്നു. യഥാൎത്ഥദൈവം, ഈശ്വരൻ അഥവാ നിത്യചൈതന്യം ലോകത്തെ തന്റെ ശ്വാസമാക്കുന്നു. ലോകം എന്റെ പ്രാണവായുവാണു്. കണ്ണിമയ്ക്കുന്ന നേരംകൊണ്ടു് ഞാൻ പ്രപഞ്ചം സൃഷ്ടിക്കുന്നു. നിമിഷനേരംകൊണ്ടു നിങ്ങൾ പ്രപഞ്ചം സൃഷ്ടിക്കുന്നു. (ഞാൻ നിങ്ങൾതന്നെയാണു്.) ഈ മോഹങ്ങളെല്ലാം ഈശ്വരന്റെ പ്രകൃതിയും, ചെറിയ സ്വാൎത്ഥപരമായ അഹംഭാവത്തിന്റെ പ്രകൃതിയും രണ്ടും വഹിക്കുന്നു ഉള്ളിലെ അമൎത്ത്യതത്വത്തിലോ, ഈശ്വരനിലോ ആശ്രയിച്ചിരിക്കുന്ന മോഹവശം ആഗ്രഹങ്ങളെ സാധിപ്പിക്കാൻ കടപ്പെട്ടതാണു്. മായയെ — അഹംഭാവനയെ — ആശ്രയിച്ചിരിക്കുന്ന മോഹാംശങ്ങൾ ആഗ്രഹപ്രാപ്തിക്കു താമസം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. കാമസമ്പൂൎത്തിക്കുള്ള താമസം മോഹങ്ങളുടെ മായാംശംമൂലം സംഭവിക്കുന്നു; കാമപ്രാപ്തിക്കുള്ള സുനിശ്ചിതത്വം ആഗ്രഹങ്ങളിൽ അന്തൎല്ലീനമായ ദിവ്യപ്രകൃതത്തിൽനിന്നുത്ഭവിക്കുന്നു." "ഇച്ഛകൾ എങ്ങിനെ ദിവ്യമാകാം?" എന്നു നിങ്ങൾ പറയുമായിരിക്കും. ഇച്ഛകളെല്ലാം പ്രേമമല്ലാതെ വേറൊന്നുമല്ല; പ്രേമമെന്നതു് ഈശ്വരൻമാത്രമല്ലാതെ മറ്റൊന്നുമല്ല. സ്നേഹം ഈശ്വരൻ അല്ലയോ? മോഹങ്ങളെല്ലാം ആകൎഷണശക്തി (Gravitation)യുടെ അതേപ്രകൃതമുള്ളതാണു്. ആകൎഷണമെന്താണു്? ഭൂമി ചന്ദ്രനെ ആകൎഷിക്കുന്നു; സൂൎയ്യൻ ഭൂമിയെ ആകൎഷിക്കുന്നു ഗ്രഹങ്ങൾ പരസ്പരം ആകൎഷിക്കുന്നു. സാൎവ്വലൗകികപ്രേമം (Universal Love) ഇതാണു് ആകൎഷകനിയമം (Law of affinity) ഒരണു മറ്റൊന്നിനെ ആകൎഷിക്കുന്നു. അണുഘടകങ്ങളിലെ സംയോജനശക്തി Force of Cohesion) എന്താണു്? പരസ്പരാകൎഷണം ആക

digitized by www.sreyas.in

ഷണം എന്നതു് നിങ്ങളുടെ നിലയിൽനിന്നുനോക്കിയാൽ, ആഗ്രഹമാണു്. ഈ ആകർഷണം—ഈ ശക്തിവിശേഷം — ഈ സംയോജനം —അഥവാ രസായനികസംയോജനം എന്തുകൊണ്ടു്? ഇതെല്ലാം ആഗ്രഹമാണു്. നിങ്ങളുടെ ആഗ്രഹങ്ങളെല്ലാം ദിവ്യമാണു്. ഇങ്ങിനെ മോഹങ്ങളുടെ - ആഗ്രഹങ്ങളുടെ ദിവ്യസ്വഭാവം അവയുടെ സംപ്രാപ്തി നിർബ്ബന്ധിതമാക്കുന്നു; എന്നാൽ നിങ്ങൾ അവയെ സ്വാർത്ഥപരവും, വ്യക്തിപരവും ആക്കുമ്പോൾ അവയുടെ സ്വാർത്ഥപരസ്വഭാവംകൊണ്ടു മായാപ്രകൃതം സ്വീകരിക്കയും, കാമപൂർത്തിക്കു് അങ്ങിനെ തടസ്സവും താമസവും ഏർപ്പെടുകയും ചെയ്യുന്നു.

ആഗ്രഹങ്ങൾ സുഗമമായും, എളുപ്പത്തിലും പ്രാപിക്കുന്നതിനുവേണ്ടി--നിങ്ങൾക്കു പൂർണ്ണതൃപ്തികരമായിട്ടു് അവയെ അനുഭവപ്പെടുത്തുന്നതിനുവേണ്ടി--ആഗ്രഹങ്ങളുടെ മായാപ്രകൃതം ലഘൂകരിക്കയും, അവയുടെ ദിവ്യവും അസ്വാർത്ഥപരവും ആയ പ്രകൃതം വികസിപ്പിക്കയും ചെയ്യണം. അപ്പോൾ അവ ഫലപ്രാപ്തിയിൽ വന്നുചേരും.

ശരി പ്രാർത്ഥനയുടെ തത്വശാസ്ത്രപരമായ അടിസ്ഥാനം എന്തു്? പ്രാർത്ഥനകൾ എങ്ങിനെ സ്വീകരിക്കപ്പെടുകയും, അനുവദിക്കപ്പെടുകയും ചെയ്യുന്നു? ഈ പ്രമേയം നമുക്കു് ഇനിയൊരു സമയം ചർച്ചചെയ്യാം.

ഓം! ഓം!!

നമുക്കൊരു പദ്യം വായിച്ചുംകൊണ്ടു് അവസാനിപ്പിക്കാം. നിങ്ങൾ നിങ്ങളുടെ ഭാഗ്യാധിപനാണെന്നു് ഒരിക്കൽ ബോധ്യമാകുക; അപ്പോൾ നിങ്ങൾ എന്തു് ആനന്ദപൂർണ്ണനായി ഭവിക്കുന്നു! നിങ്ങൾ ഓങ്കാരം ജപിക്കയും, നിങ്ങളുടെ ഭാഗ്യത്തിൻെറ പൂർണ്ണാധിപൻ നിങ്ങൾതന്നെയാണെന്നു സാക്ഷാല്ക്കരിക്കയുംചെയ്യുമ്പോൾ, കരയേണ്ടതിൻെറയോ, വിളിക്കേണ്ടതിൻെറയോ, കഷ്ടത തോന്നേണ്ടതിൻെറയോ, ആവശ്യമുണ്ടാകയില്ല. നിങ്ങൾ സാഹചര്യങ്ങളെ ഭേദപ്പെടുത്തി, നിങ്ങളുടെ ആധിപത്യം സാക്ഷാൽക്കരിക്കുക; നിങ്ങൾ പരിതഃസ്ഥിതികളുടെ അടിമയാണെന്നു കരുതരുതു്. ഈ സത്യം ബോദ്ധ്യപ്പെടുത്തുക, ധ്യാനിക്കുക, നിങ്ങൾ സ്വയം നിങ്ങളുടെ ഭാഗ്യകാരകനാണെന്നറിയുക നിങ്ങളുടെ പരിതഃസ്ഥിതികൾ എങ്ങിനെയിരുന്നാലും, ചുററുപാടുകൾ ഏതുവിധമിരുന്നാലും, ശരീരം ജയിലിൽ ഇടപ്പെടുകയോ, പായുന്ന ജലപ്രവാഹത്തിൽ പതിക്കയോ, ആരെങ്കിലും ചവിട്ടിത്താഴ്ത്തുകയോ എന്തുസംഭവിച്ചാലും "ഞാൻ ഈശ്വരനാണു്" എന്നു ഓർമ്മിക്കുക.

digitized by www.sreyas.in

ആരാണു് പരിതാപികളുടെ അധിപൻ? "ഞാൻ ശരീരമല്ല ഞാൻ ആത്മാവാണു്, ഭാഗ്യാധിപനാണു്." നിങ്ങളുടെ സ്നേഹിതന്മാരെ സൃഷ്ടിച്ചതു നിങ്ങളാണു്. നിങ്ങൾ സുഹൃത്തുക്കളെന്നു വിളിക്കുന്നവരെ ചുറ്റും കൊണ്ടുവന്നതു നിങ്ങളുടെ ആഗ്രഹംതന്നെയാണു്. ശത്രുക്കൾ എന്നു നിങ്ങൾ വിളിക്കുന്നവരെ ചുറ്റും കൊണ്ടുവന്നതും നിങ്ങളുടെ ആശയാണു്. ഹേ! ശത്രുക്കളെ! ഞാനാണു നിങ്ങളെ ഉണ്ടാക്കിയതു്; ഹേ! മിത്രങ്ങളെ! നിങ്ങൾ എന്റെ സൃഷ്ടിയാണു്. ഈ തത്വം അറിയുക! അതു ധ്യാനിക്കുക!! അപ്പോൾ നിങ്ങൾ എന്തു ഭാഗ്യവാൻ ആയിത്തീരുന്നു!!!

ആനന്ദപാനപാത്രം മാമകം തുകെത്തുകെ
ഹാ! നിറഞ്ഞിരിക്കുന്നു! സമ്പൂർണ്ണം ബഹുരസം!
കാമങ്ങളെല്ലാം മമ പരിപൂർണ്ണമായ്ത്തന്നെ
സാമോദം സമ്പ്രാപ്തങ്ങളായിരിക്കുന്നു നിത്യം!
മധുരപ്രഭാതവാതങ്ങൾ ഞാൻ പരത്തുന്നു,
വിടിരുംസൂനങ്ങളിൽ ആതുകൾ ചുംബനങ്ങൾ
ഞാനതിമാത്രം മാനിച്ചാസ്വദിച്ചാഹ്ലാദിച്ചു-
താനഹോ! രസിക്കുന്നു സതതം സുധാമയം.
ഇന്ദ്രചാപത്തിൻവർണ്ണജാലമെൻ വസ്ത്രങ്ങൾ; എൻ
സന്ദേശവാഹിവ്രജംമങ്ങുന്ന മിന്നൽരീപോൽ;
കാമ്യകൌതുഹലവ്യമഹം, കാമിനീവർഗ്ഗമഹം,
കാമങ്ങൾ, വികാരങ്ങൾ സമസ്തം ഞാനാകുന്നു;
രോമാഞ്ചമന്ദസ്മിതം, മത്തെതുള്ളിരത്നങ്ങൾ,
ഭാസുരദിവാകരൻ ശോഭായമാനമാക്കി,
കാന്തിപൂരത്തിൽമുക്കിശ്ശുദ്ധമായ്നവമായി
ചിന്തുന്നാസുമധുരസ്വർണ്ണത്തൽപ്പിണരുകൾ,
രാജിക്കും രജതാഭാലോലനാം ശശിയുടെ
ഭ്രാജിഷ്ണുവായ പരിശുദ്ധിയും നൈർമ്മല്യവും,
കേളീലോലപവാരിരാശികല്ലോലങ്ങളും,
മേളിച്ചു ചാഞ്ചാടുന്ന ഭൂരുഹജാലങ്ങളും,
തങ്ങളിലാശ്ലേഷിച്ചു തഴുകിയൊഴുകുന്ന
മംഗലലതാകുലതല്ലജവർഗ്ഗങ്ങളും,
തേനുണ്ടുമുരണ്ടീടും വണ്ടുകൾ—ഇവയെല്ലാം
മാനാതീതമെന്നുടെ സാന്നിധ്യം, സുഖശ്വാസം.
ജന്മമൃത്യുക്കളെന്റെ ശ്വാസോച്ഛ്വാസങ്ങൾമാത്രം,
നന്മയും,പാപം,കയ്പും, മധുരത്വവും സർവ്വം
എന്നുടെ നാഡീസ്പന്ദംതന്നിലുല്ലസിക്കുന്നു,

digitized by www.sreyas.in

എന്നാട കൃത്യമെന്തു്? ഞാനെങ്ങുപോയിടുന്നു?
സ്ഥലങ്ങളശേഷവുംനിറഞ്ഞു ശോഭിക്കുംഞാൻ
ചലിക്കാൻകാണുന്നില്ലാ ലേശവുമിടമെങ്ങും,
ശങ്കിക്കാനെന്തുമമ? കാമിക്കാനുമെന്തുള്ളു?
എങ്കലേവഹനിസർവ്വശക്തിയും; ഞാൻതാൻകാലം;
ഖേദസംശയക്ലിഷ്ടനാകുമോ ഞാൻ തെല്ലുമേ?
നിദാനം സർവ്വത്തിനും ഞാനല്ലാതെ മററില്ലാ;
സകലകാലമിഹ, ദൂരമൊക്കെയുമിഹ,
സകലപ്രശ്നങ്ങളും വെളിവായ്,സുസ്പഷ്ടമായ്;
സ്വാത്ഥലക്ഷ്യമില്ലൊന്നും; മമതാബന്ധാദികൾ
തീൎത്തഖിലവുംപോയിനശിച്ചു സതതമായ്.
ഓരോന്നും സർവ്വസ്വവുമെന്നിഷ്ടംസാധിക്കുന്നു;
ഓരോരോവസ്തുക്കളുമെന്നിൽവന്നടിയുന്നു;
ശാത്രവബന്ധുവൎഗ്ഗങ്ങളിലൊക്കെയെവ്യക്ത-
മൂൎത്തിയായ്, പ്രഭുവായി, നാഥനായ്വാഴുന്നുഞാൻ.

# 9. മരണാനന്തരം അഥവാ സർവ്വമതസംയോജനം

(1903 ജനുവരി 15-ലെ പ്രസംഗം)

മഹതീമഹാന്മാരുടെ രൂപത്തിലുള്ള, സർവ്വമതലക്ഷ്യമായ, അനശ്വരമേ!

ഇതുവരെ ഈ ഹോളിൽചെയ്ത പ്രസംഗങ്ങളെല്ലാം വളരെ കഠിനവും, വിഷയങ്ങൾ ഗഹനവും ദുർഗ്രഹവും ആയിരുന്നു. എന്നാൽ ഇന്നത്തെ പ്രസംഗം താരതമ്യേന സുഗമമാണു്.

കുറെ വർഷംമുമ്പു്, രാമൻ കിഴക്കെ ഇൻഡ്യായിൽ ആയിരുന്നപ്പോൾ, ഒരു ഇൻഡ്യൻ സർവ്വകലാശാലയിലെ പ്രഫസ്സറും, ഒരമേരിക്കൻ മാന്യനും, വിശുദ്ധ ഡോക്ടറും (Rev: Doctor) ആയിരുന്ന ഒരു മനുഷ്യൻ എഴുതിയ ഒരു പുസ്തകം രാമന്റെ കൈവശം വന്നുചേൎന്നു. ഈ പുസ്തകത്തിലെ പ്രതിപാദ്യവിഷയം "മരണാനന്തരം" എന്നായിരുന്നു. വളരെ സുന്ദരമായ ഒരുപമകൊണ്ടു് ഈ ലോകം ഒരു റയിൽവേസ്റ്റേഷൻ പോലെയും, പരലോകം കടലിനും, സമുദ്രത്തിനും അങ്ങേകരയിലുള്ള വേറൊരു സ്റ്റേഷനും ആണെന്നും കൂടൽ കടക്കാനാവശ്യപ്പെടുന്നവരെല്ലാം ററിക്കററുവാങ്ങേണ്ടതാണെന്നും കാണിക്കപ്പെട്ടിരുന്നു. ശരിയായതരം ററിക്കററുവാങ്ങാത്ത



digitized by www.sreyas.in

വരെ പിടിച്ചു് അഗാധമായ കഴിയിൽ എറിയുമെന്നും, ശരിയായ ററിക്കററുള്ളവർ ലക്ഷ്യത്തേയ്ക്കു കടന്നുപോകാൻ അനുവദിക്കപ്പെട്ടു മെന്നും കാണിക്കപ്പെട്ടിരുന്നു. ററിക്കററുകളെല്ലാം പല ക്ലാസുതിരി ച്ചുണ്ടു്. ഒന്നാംക്ലാസു്, രണ്ടാംക്ലാസു്, മൂന്നാംക്ലാസു് ഇങ്ങിനെ. പിന്നെ കുറെ കള്ളററിക്കററുകളുമുണ്ടു്. അവ വെളുത്തതും, കറുത്തതും, മഞ്ഞയും, പച്ചയും എല്ലാം ആണു്. എന്നാൽ യഥാർത്ഥ ലക്ഷ്യത്തിലേയ്ക്കു നിങ്ങളെ എത്തിക്കാൻ സഹായിക്കുന്ന ററിക്കററുകൾ—യഥാർത്ഥമായ, സത്യമായ ററിക്കററുകൾ ചുവന്നതാണു്, ക്രിസ്തുവായ യേശുവിൻെറ രക്തംപുരണ്ട ചുവന്നതാണു്. അത്തരം പാസ്സുള്ളവർ മാത്രമേ വിജയകരമായി ഉദ്ദിഷ്ടസ്ഥാനത്തു ചെല്ലുവാൻ അനുവദിക്കപ്പെടുകയുള്ളൂ. മററുള്ളവർ ഒരിക്കലുമില്ല; ഒരിക്കലുമില്ല. വെള്ളയും, കറുപ്പും, മഞ്ഞയും മററും പാസ്സുകൾ എല്ലാം മററുമതങ്ങളുടെ പാസ്സുകളാണെന്നു പറയാം. ചുവപ്പുപാസ്സുകൾ ക്രിസ്തുവിൻെറ രക്തംവഹിക്കുന്നവയാണു്. അവ ക്രസ്ത്യൻററിക്കററുകളാണു്. ഇതാണു് പുസ്തകത്തിലെ സാരം. ഇതു ബഹുഭംഗിയായി പ്രകാശിപ്പിച്ചിരുന്നു. ആ പുസ്തകമെഴുതുവാൻ വിശ്രുതനായ ഈ ഡോക്ടർ തൻെറ സകലസാമർത്ഥ്യവും, ഇംഗ്ലീഷുസാഹിത്യത്തെപ്പററിയുള്ള തൻെറ സകല പരിജ്ഞാനവും ധാരാളമായി ചെലവാക്കിയിരുന്നു.

ഏതാണ്ടിതുപോലെയാണു് വിശ്വാസം. ക്രിസ്ത്യാനികൾക്കു മാത്രമല്ലാ, എല്ലാ ഇതരമതസ്ഥർക്കും ഇതുണ്ടു്. മരണാനന്തരമുള്ള ററിക്കററുകലക്ടറർ—ആ വലിയ സ്റ്റേഷൻമാസ്റ്റർ—അക്കൌണ്ടു പരിശോധകൻ—മുഹമ്മദ് ആണെന്നു മുസ്ലീമിങ്ങൾ പറയുന്നു. മുഹമ്മദിൻെറ അടയാളം വഹിക്കാത്തവർ നിത്യനരകത്തിൽ തള്ളപ്പെടുന്നു മററു മതങ്ങൾക്കും ഈമാതിരി അഭിപ്രായങ്ങളുണ്ടു്. മരിച്ചവരെല്ലാം—അവർ അമേരിക്കായിലോ, യൂറോപ്പിലോ ആഫ്രിക്കായിലോ, ഓസ്ട്രേലിയായിലോ, ഏഷ്യായിലോ എവിടെ വെച്ചു മരിച്ചിരുന്നാലും ശരി—ഒരൊററ മനുഷ്യൻെറ ആജ്ഞയ്ക്കു ധീനരായിരിക്കുമെന്നാണവർ പറയുന്നതു്. അതു ക്രിസ്തുവോ, മഹമ്മദോ, ബുദ്ധനോ, സൊരാഷ്ടരോ, കൃഷ്ണനോ ആരുമാകട്ടെ. മതങ്ങൾതമ്മിലുള്ള ശണ്ഠയ്ക്കും, മത്സരത്തിനും, യുദ്ധത്തിനും ഇതാണു് കാരണം ഈ അന്ധവിശ്വാസം—ഈ സിദ്ധാന്തവീക്ഷണഗതി ലോകത്തിലെ മിക്ക രക്തച്ചൊരിച്ചിലിനും, മതനാമധേയത്തിൽ നടന്ന സകല രക്തച്ചൊരിച്ചിലിനും, ഹേതുവായിരിക്കുന്നു.

പ്രസ്തുത വിഷയത്തെപ്പററി വേദാന്തതത്വജ്ഞാനത്തിൻെറ ഭാവം എന്താണെന്നു നിങ്ങളുടെ മുമ്പാകെ പറയാം. വേദാന്ത

digitized by www.sreyas.in

ഈ മതങ്ങളെയെല്ലാം സംയോജിപ്പിച്ചുകൊണ്ടു്, ഇതരമതങ്ങളുടെ അവകാശങ്ങളിൽ ബലാൽ പ്രവേശിക്കാതെതന്നെ, ഇവയ്ക്കൊരോന്നിനും ശരിയായിട്ടിരിക്കാമെന്നു അവയോടു പറയുന്നു. നിങ്ങൾ ശരിയായിരിക്കുന്നതിനായിട്ടു്, നിങ്ങളുടെസഹോദരന്മാരോടു നിങ്ങൾ തെററുചെയ്യേണ്ട ആവശ്യമില്ല. ഇതൊരു വലിയ വിഷയമാണു്. ഒരു മണിക്കൂറോ മറേറാ ഉള്ള ചെറിയ സമയംകൊണ്ടു്, അതിന്റെ ഏററവും സുപ്രധാനമായ ചില ഭാഗങ്ങൾ—വേദാന്തതത്വശാസ്ത്രം സ്വീകരിക്കുന്നവിധത്തിൽ—നമുക്കല്പം പറയാമെന്നേ ഉള്ളൂ.

ഈ ലോകത്തിലെ പുരോഗതിയെല്ലാം ഒരു സൌന്ദൎയ്യരേഖ വഴിക്കു മുറയ്ക്കുനടക്കുന്നു. ഈപ്രപഞ്ചത്തിലെ പരിണാമഗതിയും,അഭിവൃദ്ധിയും, സകലതും ഒരു മനോഹരശ്രുതിക്കണക്കിനാണു്; ലോകത്തിലെ ചലനമൊക്കെയും സുസ്ഥിരക്രമമേളത്തിലാണു്. കയററവും ഇറക്കവും ഉയൎച്ചയും താഴ്ചയും എല്ലാം നമുക്കു ക്രമാനുഗതമാണു്. ഗണിതശാസ്ത്രം (Mathematics) സ്ഥാപിക്കുംപോലെ ഒരത്യുന്നതിക്കനുരൂപമായി ഒരവനതിയുണ്ടു്. അത്യുന്നതസ്ഥാനവും അവനതിസ്ഥാനവും മാറിമാറിവരുന്നു; രാത്രിയുംപകലും ഒരുപോലെ അനുക്രമമായൊരു ചലനമുണ്ടു്. നടക്കുമ്പോൾ നാം ഒരുപാദം ആദ്യവും മററതു പുറകേയും വെക്കുന്നു. വൎഷത്തിലെ ഋതുക്കൾ ഒന്നിനുപുറകേ ഒന്നായി മുറയനുസരിച്ചു വന്നും പോയും കൊണ്ടിരിക്കുന്നു. ഒരേ ഋതുക്കൾ വീണ്ടും വീണ്ടും "ക്രമാനുഗതചലനം" എന്നു പറയപ്പെടുന്ന വിധത്തിൽ ചരിക്കുന്നു ഈ ലോകത്തിൽ നമുക്കു അനുക്രമചലനമാണുള്ളതു് പ്രതിദിനം നിങ്ങൾ ഉണരുകയും, വീണ്ടും ഉറങ്ങുകയുംചെയ്യുന്നു. സ്വപ്നകാലവും ജാഗ്രൽകാലവും മാറിമാറി ക്രമാനുഗതമായി വരുംപോലെ, വേദാന്താനുസാരം, ജനനവും മരണവും, മരണവും ജനനവും പരസ്പരം സുക്രമമായി പിൻതുടരുന്നു. ഈ ലോകത്തിൽ മുഴുവനും ഒരിക്കലും—ഒരിക്കലും—എവിടെങ്കിലും—പെട്ടന്നൊരു വിരാമമില്ല. സമയം—അത്‌വസാനിക്കുമോ? ഇല്ല. സമയം എപ്പോൾ തുടങ്ങിയെന്നു നിങ്ങൾക്കറിയാമോ? സ്ഥലം എവിടെയെങ്കിലും വിരമിക്കുമോ? ഇല്ല. അവസാനമില്ല. നദികൾ എപ്പോഴെങ്കിലും വിരമിക്കുമോ? ഉവ്വെന്നു നിങ്ങൾ പറഞ്ഞേക്കാം. എന്നാൽ അവ വിരമിക്കുന്നില്ലാ. സമുദ്രത്തിൽ പ്രവേശിക്കുന്ന നദി ആവിരൂപത്തിൽ തിരിയെ പർവ്വതങ്ങളിലെത്തി താഴെവീണു വീണ്ടും സമുദ്രത്തിലേയ്ക്കൊഴുകുന്നു. പിന്നെയും സമുദ്രത്തിൽനിന്നു പർവ്വതങ്ങളിലേയ്ക്കു തിരിക്കുന്നു. ഒരു മെഴുകുതിരി ഉണ്ടെന്നൂഹിക്കുക. ഒരു മണിക്കൂർകൊണ്ടോ മറേറാ അതിലെ മെഴുകും തിരിയും എല്ലാം എരിഞ്ഞു

digitized by www.sreyas.in

തീരുന്നു. അതു ചാകുന്നുവെന്നു നിങ്ങൾ പറയുന്നു. എന്നാൽ ഇല്ല. അതു ചാകുന്നില്ല. അതു ചാകുന്നില്ലെന്നു രസായനശാസ്ത്രം (Chemistry) കാണിക്കുന്നു. അതു് ഒരു മാററത്തിനു വിധേയമാകുന്നതേ ഉള്ളൂ. അതിൽനിന്നുണ്ടാകുന്ന ഇംഗാലാമ്ലവാതകവും ജലവും വീണ്ടും സസ്യാദികളിൽ പ്രത്യക്ഷമാകുന്നു. യാതൊന്നും ചാകുന്നില്ല എല്ലാപുരോഗമനവും വൃത്താകാരരൂപത്തിൽ(Cyclic Order)അത്രെ. അഥവാ അണ്ഡരൂപത്തിൽ (Oval) ആണു്. ഇവിടെ നോക്കുക. നിങ്ങൾ ജീവനോടുകൂടിയിരിക്കുന്നു. നിങ്ങൾ ഉടനെ മരിക്കുന്നു; മരണാനന്തരാവസ്ഥ അങ്ങിനെതന്നെ എന്നെന്നേയ്ക്കും തുടരുമോ? അങ്ങിനെ പറയാൻ നിങ്ങൾക്കവകാശമില്ല. അങ്ങിനെ പറയുന്നതു പ്രകൃതിയുടെ നിയമങ്ങൾക്കു വിരുദ്ധമാണു്. "മരണാനന്തരം സനാതനമായ നാശമേ ഉള്ളൂ. പുനർജ്ജീവനമില്ല" എന്നു പറയുന്നതു പ്രപഞ്ചത്തെ ഭരിക്കുന്ന ഏററവും നിഷ്കൃഷ്ടമായ നിയമങ്ങൾക്കു് എതിരായി നിങ്ങൾ ജല്പിക്കയാണു്. അങ്ങിനെ പറയാൻ നിങ്ങൾക്കവകാശമില്ല. ഒരുത്തൻ മരിച്ചാൽപിന്നെ അവനെ ദൈവം നിത്യനരകത്തിലാക്കുകയാണെങ്കിൽ എന്തൊരു പ്രതിക്രിയാക്രൂരനാണു് ദൈവം! ഒരുത്തൻ അവൻെറ എഴുപതുവർഷജീവിതംകഴിച്ചു മരിക്കുന്നു. പാവം! അവനു ശരിയായ വിദ്യാഭ്യാസം ലഭിക്കാനുള്ള ഭാഗ്യംകിട്ടിയില്ല; തന്നെത്താൻ ഉയർത്താനുള്ള ശരിയായ സന്ദർഭം കിട്ടിയില്ല; വിദ്യാഭ്യാസംചെയ്യിക്കാൻ വകയില്ലാത്ത ദരിദ്രപിതാവിൻെറ പുത്രനായിപ്പോയി; ആരും അവനെ പള്ളിയിൽ കൊണ്ടുപോയില്ല. അവൻ മരിക്കുന്നു. ക്രിസ്തുരക്തംപുരണ്ട ററിക്കററയാൾക്കു കിട്ടിയില്ല ഇയ്യാളെ ശാശ്വതമായി നരകത്തിലാക്കുന്നുപോലും! കഷ്ടം! അതു ബഹുകർക്കശമായി പ്രതികാരംചെയ്യുന്ന ഈശ്വരനല്ലേ! ആരാണതു ചെയ്യുന്നതു്? നീതിയുടെപേരിൽ അത്തരം പ്രസ്താവനചെയ്യാൻ നിങ്ങൾക്കവകാശമില്ല. വേദാന്തമനുസരിച്ചു്, ഒരു മനുഷ്യൻ മരിച്ചാൽ അവൻ എന്നും മരിച്ചു നശിക്കുവാൻ പാടില്ല. ഓരോ മരണത്തിനുശേഷവും ജീവിതമുണ്ടു്. ജനനത്തിനുമേൽ മരണവുമുണ്ടു്. വാസ്തവത്തിൽ മരണമെന്നതു വെറുമൊരുപേരാണു്. മരണമെന്നതു ഒരവസ്ഥാഭേദമല്ലാതെ മററൊന്നുമല്ല. മരണത്തിൽ ശാപാഘവും ഭയങ്കരവും ആയി യാതൊന്നുമില്ല. മരണത്തെക്കുറിച്ചു നാം വലിയ ദാരുണഭയം കയ്ക്കൊള്ളുന്നതു മഹാപാതകമാണു്; തെററാണു്. അതിൽ ഭയാവഹമായിട്ടു യാതൊന്നുമില്ല. അതു ഒരു വെറും സ്ഥിതിഭേദമാത്രമാണു്.

ശരിതന്നെ. നിങ്ങളിലോകത്തിൽ ജീവിക്കുന്ന കാലത്തോളം എഴുപതോ എൺപതോകൊല്ലത്തേയ്ക്കു്, നിങ്ങളൊരു സുദീർഘ

digitized by www.sreyas.in

[illegible] ഉറക്കത്തിൽ ഒരു ദീർഘ[illegible]
ആ, അവസ്ഥയാണു ജാഗ്രദവസ്ഥയത്രെ. മരണാനന്തരം മരണമെന്നു പറയുന്ന സ്ഥിതി തുടരുന്നു. വേദാന്തസിദ്ധാന്തപ്രകാരം അത്യന്തം ദീർഘമായ ഒരു ഉറക്കമാണ്. ഈ മരണം വേദാന്താനുസാരം ഒരു ദീർഘനിദ്രയത്രെ. ഓരോ ഇരുപത്തിനാലുമണിക്കൂറുകളിലും മൂന്നോ നാലോമണിക്കൂർനേരം ഉറങ്ങിയുംവെച്ച് നിങ്ങൾ വീണ്ടും ഉണരുന്നതുപോലെ, അങ്ങിനെതന്നെ, മരണമാകുന്ന വിശ്രമംകഴിഞ്ഞു് നിങ്ങൾക്ക വീണ്ടും ഈ ലോകത്തിലേയ്ക്കു ജനിക്കേണ്ടതുണ്ട്. നിങ്ങൾ പുനർജ്ജന്മമെടുത്തു തിരിയെ ജനിക്കുന്നു. ഒരു ഉറക്കത്തിനുശേഷം ഉണരുന്നതുപോലെയാണ് പുനർജ്ജന്മം അഥവാ തിരിയെയുള്ള ജനനം.

വേദാന്തശാസനപ്രകാരം ഒരു മനുഷ്യൻ മരിച്ചാൽ പെട്ടെന്നു അവിടെത്തന്നെ പുനർജ്ജന്മമെടുക്കുമെന്നില്ല. ഒരു മരത്തിൽനിന്നു് ഒരു വിത്തു് നിലംപതിച്ചാൽ വിത്തൊരു പുതിയ വൃക്ഷമായിട്ടു പെട്ടന്നങ്ങു വളരുന്നില്ല; അതു കുറെ സമയമെടുക്കുന്നു. ഒരു മനുഷ്യൻ ഒരു വീടുവിട്ടാൽ പെട്ടന്നു വേറൊന്നിൽ പ്രവേശിക്കുന്നില്ല, അവനു് കുറെ സമയം വേണം. കൂടുതൽ കുറവുണ്ടാകാം. എങ്കിലും സമയംവേണം. അതുപോലെ, ഒരുത്തൻ മരിച്ചാൽ പെട്ടെന്നു വീണ്ടും ജനിക്കുന്നില്ല. അവനൊരു അന്തരാളാവസ്ഥയിൽ—ഇതിനെ നാം മരണാവസ്ഥയെന്നു പറയുന്നു—അഥവാ ഒരു ദീർഘനിദ്രാവസ്ഥയിൽക്കൂടി സഞ്ചരിക്കുന്നു. ഈ സ്ഥിതിയെക്കുറിച്ചിപ്പോൾ എന്തുപറയാം? എന്തവസ്ഥയാണിതു്? മരണത്തിനും ജനനത്തിനും മദ്ധ്യേ ഉള്ള സ്ഥിതി? അതൊരുതരം നിദ്രാവസ്ഥയാണ്. നിദ്രയുടെ ലക്ഷണങ്ങളെല്ലാം അതിനുണ്ട്. ഒരുത്തൻ ഉറങ്ങുമ്പോൾ, ജാഗ്രൽകാലത്തു് അവൻ കണ്ടവിധമുള്ള പദാർത്ഥങ്ങൾ അവൻ തന്റെ സ്വപ്നങ്ങളിൽ കാണുന്നുവെന്നു നിങ്ങൾക്കറിയാം. അതാണു് സാധാരണ നിയമം. ചിലപ്പോൾ പ്രത്യക്ഷാപവാദങ്ങൾ ഉണ്ടാകാം. എന്നാൽ സാമാന്യസ്വപ്നങ്ങളിൽ ജാഗ്രൽകാലാനുഭവങ്ങൾതന്നെ തിരിയെ കാണപ്പെടുന്നു. സർവ്വകലാശാലാ പരീക്ഷകൾക്കു പഠിക്കുന്നവർ ഈ പ്രസ്താവനയിൽ രാമനെ ചിന്താങ്ങുന്നതാണു്. അവർക്കവരുടെ പരീക്ഷ വളരെ അടുക്കുമ്പോൾ, അവർ പരീക്ഷയ്ക്കു വളരെ ശ്രമപൂർവ്വം തയ്യാറാകുമ്പോൾ, അവരുടെ സ്വപ്നങ്ങളിൽ പലപ്പോഴും അതേ വസ്തുതകൾ കാണുകയും, പകൽ ചെയ്തിരുന്ന ജോലികൾതന്നെ സ്വപ്നത്തിലും ചെയ്യുകയും ചെയ്യുന്നതാണു്. പരീക്ഷയെല്ലാം കഴിഞ്ഞു് അവർ ഫലം പ്രതീക്ഷിച്ചിരിക്കുമ്പോൾ, ജയിക്കണമെന്നു മോഹിക്കുമ്പോൾ, ഒന്നാമനായി ജയിക്കണമെന്നിച്ഛിക്കുമ്പോൾ, അവരൊരു പ്രതീക്ഷാ

digitized by www.sreyas.in

വസ്ഥയിൽ കഴിക്കുന്ന ദിവസങ്ങളിൽ, അവർ പരീക്ഷാഫലങ്ങളെ ക്കുറിച്ച് സ്വപ്നം കണ്ടുകൊണ്ടിരിക്കുന്നു. ഒരു പ്രത്യേക സാധനമോ, വിഷയമോ പ്രേമിക്കുന്നവർ രാത്രിയിലെ സ്വപ്നത്തിൽ അതിനെ ക്കുറിച്ച് സ്വപ്നം കാണാതെ തരമില്ല.

രാമൻ ബി. എ. പരീക്ഷയ്ക്കു പഠിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു സഹപാഠി രാമന്റെ മുറിയിൽ ഒന്നിച്ചു താമസിച്ചിരുന്നു. ഇയാൾ വളരെ കേളീരസികനായ ഒരു യുവാവായിരുന്നു. അയാൾ പാടിയും, തുള്ളിയും, കളിച്ചും സമയം ചെലവാക്കിയിരുന്നു. ഒരു ദിവസം ഒരു മാന്യൻ ദിവസം എത്രമണിക്കൂർ പഠിത്തത്തിന് അയാൾ വിനിയോഗിച്ചിരുന്നുവെന്ന് അയാളോടു ചോദിച്ചു. മന്ദസ്മിതംചെയ്തുകൊണ്ടയാൾ മറുപടിപറഞ്ഞു:—"പതിനെട്ടുമണിക്കൂർ സമയം" എന്ന്. മാന്യൻ പറഞ്ഞു: "ഇതിന്റെ താല്പര്യമെന്ത്? നാലഞ്ചുമണിക്കൂർ നിങ്ങൾ എന്റെ മുമ്പിൽതന്നെ ദുർവ്യയം ചെയ്യുന്നു. നിങ്ങൾ ഒരെട്ടോൻപതു മണിക്കൂർ ഉറങ്ങുന്നുവെന്നു എനിക്കറിയാം. പിന്നെ പത്തോ പന്ത്രണ്ടോ മണിക്കൂറേ ബാക്കിയുള്ളു. എന്നിട്ടും നിങ്ങൾ പതിനെട്ടുമണിക്കൂർ വായിക്കുമെന്നു നിങ്ങൾ പറയുന്നതെങ്ങിനെ?" യുവാവ് പ്രതിവചിച്ചു:— "നിങ്ങൾ ഗണിതശാസ്ത്രം പഠിച്ചിട്ടില്ലയോ? ഞാൻ പതിനെട്ടുമണിക്കൂർനേരം പഠിക്കുന്നുണ്ടെന്നു ഞാൻ തെളിയിക്കാം." ആ മാന്യൻ പറഞ്ഞു:—"ശരി, അതെങ്ങിനെയാണ്?" യുവാവു പറഞ്ഞു:— "ഞാനും ഈ രാമനും ഒന്നിച്ച് ഒരു മുറിയിൽ താമസിക്കുന്നു. വാസ്തവത്തിൽ ഞാൻ പന്ത്രണ്ടുമണിക്കൂർ പഠിക്കുന്നു. രാമൻഇരുപത്തിനാലുമണിക്കൂറും പഠിക്കുന്നു. അപ്പോൾ പന്ത്രണ്ടും ഇരുപത്തിനാലും ചേർത്ത് മുപ്പത്താറുമണിക്കൂറായി. അതിന്റെ ശരാശരികണക്കെടുത്താൽ പതിനെട്ടുമണിക്കൂർ എനിക്കും, പതിനെട്ടു രാമനും കിട്ടുന്നു" ആ മനുഷ്യൻപറഞ്ഞു:—"പന്ത്രണ്ടുമണിക്കൂർ നിങ്ങൾ പഠിക്കുന്നുവെന്നുസമ്മതിച്ചാലും, രാമൻ ഇരുപത്തിനാലുമണിക്കൂർ മുഴുവനും പഠിക്കുന്നുവെന്നു ഞാൻ സമ്മതിക്കയില്ല അതെങ്ങിനെ കഴിയും? രാമൻ കഠിനപ്രയത്നംചെയ്യുന്ന ഒരു വിദ്യാർത്ഥിയാണെന്നു എനിക്കറിയാം. അവൻ വളരെ വിഷയങ്ങൾ വായിക്കുന്നുവെന്നുമറിയാം. സർവ്വകലാശാലാപാഠങ്ങൾ മാത്രമല്ല അവൻ പഠിക്കുന്നത്. വേറെ നാലിരട്ടി അധികം ജോലിചെയ്യുന്നുണ്ട്. മററു പല വിഷയങ്ങളും പഠിക്കുന്നുണ്ട്. പലവിധ പണിയും ചെയ്യുന്നു. എന്നാലും പ്രകൃതിയുടെ നിയമങ്ങൾ ഇരുപത്തിനാലുമണിക്കൂറും പഠിക്കാൻ അവനെ അനുവദിക്കയില്ല എന്റെ കൂട്ടുവിദ്യാർത്ഥി വിവരിക്കാൻതുടങ്ങി: —"അവൻ ഭക്ഷണ

digitized by www.sreyas.in

കഴിക്കുമ്പോൾ ഒരു സെക്കണ്ടുനേരവും മനസ്സലസമായിരിക്കാൻ അനുവദിക്കുന്നില്ലെന്നു കാണിക്കാം. ഏതെങ്കിലും സയൻസ് പ്രശ്നമോ, ഗണിതശാസ്ത്രവിഷയമോ, തത്വജ്ഞാനപ്രമേയമോ ചിന്തിക്കാൻ, അതടങ്ങിയ ഒരു താളോ, ഏതെങ്കിലും പുസ്തകമോ, കവിതയോ പഠിച്ച് ഓർമ്മിക്കാൻ അതു സദാ അവൻെറ കയ്യിൽ കാണുമെന്നു തെളിയിക്കാം. അവനൊരു പദ്യമോ മററു വല്ലതുമോ എഴുതിക്കൊണ്ടിരിക്കും. ഭക്ഷണസമയംപോലും അവനൊരുനിമിഷം വെറുതെ കളയുന്നില്ല. അവൻ ബാഹ്യത്തിനുപോകുമ്പോൾ ഭിത്തിയിൽ ചോക്കുകഷണംകൊണ്ടു വല്ലതും വരച്ചു ചിന്തിച്ചുകൊണ്ടിരിക്കും. അവൻ ഉറങ്ങാൻപോകുമ്പോൾ ഏതെങ്കിലും പ്രമേയത്തെപ്പററി വേലചെയ്തുകൊണ്ടിരിക്കുന്നു. പകൽസമയം ഹൃദയത്തിൽ നടന്നുകൊണ്ടിരിക്കുന്ന വ്യാപാരങ്ങളെപ്പററി അയാൾ ഉറക്കത്തിലും സദാ സ്വപ്നംകണ്ടുകൊണ്ടിരിക്കുന്നു. ഇങ്ങിനെ ഇരുപത്തിനാലു മണിക്കൂറും അവൻ പഠിത്തത്തിനു വിനിയോഗിക്കുന്നു."

ഈ പ്രസ്താവനയിൽ കുറെ സത്യമുണ്ട്. തൻെറ പതിനെട്ടു മണിക്കൂർ പൂർണ്ണമായി പഠിക്കാൻ വിനിയോഗിക്കുന്ന ഒരു മനുഷ്യനു അവൻെറ സ്വപ്നങ്ങളിൽ പകൽസമയം ചെയ്യുന്നതരം ജോലിയല്ലാതെ വേറൊന്നും കാണാൻ തരമില്ല. മുമ്പു കാണാത്തതു പലതും സ്വപ്നംകണ്ടുവെന്നു ചിലപ്പോൾ ജനങ്ങൾ പറയാറുണ്ട്. വേദാന്തം ഇതു നിഷേധിക്കുന്നു. ഇതാ! ഒരു മനുഷ്യൻവരുന്നു. അയാൾ സ്വപ്നത്തിൽ ഒരു ബീഭത്സരൂപിയെക്കണ്ടുവെന്നുപറയുന്നു. അതിനൊരു സിംഹത്തിൻെറ തലയും, ഒട്ടകത്തിൻെറ മുതുകും, സർപ്പത്തിൻെറ വാലും, തവളയുടെ കാലും ഉണ്ടായിരുന്നു. അതുപോലെ ഒരു മൃഗത്തെ അയാൾ മുമ്പുകണ്ടിട്ടില്ലെന്നു അയാൾ പറയുന്നു. വേദാന്തം അയാളോടു പറയും: – "സഹോദരാ! നീയൊരു മനുഷ്യനെക്കണ്ടു; നീയൊരു സർപ്പത്തെകണ്ടിട്ടുണ്ട്; ഒട്ടകം കണ്ടിട്ടുണ്ട്; തവളയെ കണ്ടിട്ടുണ്ട്. സർപ്പത്തിൻെറ വാലും, സിംഹത്തിൻെറ തലയും, ഒട്ടകത്തിൻെറ മുതുകും, തവളയുടെ കാലും—നിങ്ങളിതെല്ലാം സ്വപ്നത്തിൽ ഒന്നിച്ചുചേർത്തു ഒരു പുതിയ പദാർത്ഥം ഉണ്ടാക്കിയതാണ്. അതിനാൽ വാസ്തവത്തിൽ സ്വപ്നത്തിൽ കാണുന്നതെല്ലാം—ഈ പുതിയതരം ഭയങ്കരരൂപിയായമൃഗം ആയിത്തോന്നപ്പെടുന്നതുപോലും—ഇതുപോലും, നീ ജാഗ്രൽകാലത്തു കണ്ടിട്ടുള്ളതാണ്".

റഷ്യയിൽ പോയിട്ടില്ലാത്ത, റഷ്യയെപ്പററി കേട്ടിട്ടില്ലാത്ത ഒരു മനുഷ്യൻ സ്വപ്നത്തിൽ സെൻറു പീറേറഴ്സ്ബർഗ്ഗ് എന്ന റഷ്യൻതലസ്ഥാനനഗരത്തിൽ ആയിരുന്നുവെന്നു സ്വപ്നംകാണുക

digitized by www.sreyas.in

യില്ല. ഒരിക്കലുമില്ല. ഒരിക്കലുമില്ല. ഒരു തത്വജ്ഞാനചിന്തകൻ തൻെറ സ്വപ്നത്തിൽ ചെരുപ്പുകുത്തിയുടെ പണിചെയ്യുമോ അദ്ദേഹം ചെരുപ്പുകുത്തിയുടെ അടുത്ത വീട്ടുകാരനായിരുന്നാലും ചെരുപ്പുകുത്തിയെ പലപ്പോഴും തൻെറ സ്വപ്നത്തിൽ കണ്ടിട്ടുണ്ടെങ്കിലും, താൻ ആ ചെരുപ്പുകുത്തിയെപ്പോലെ ചെരുപ്പുണ്ടാക്കുകയോ, നന്നാക്കുകയോ സ്വയം ചെയ്യുന്നതായി അയാൾ സ്വപ്നം കാണുന്നില്ല.

സംഗതി ഇങ്ങിനെയിരിക്കെ നിങ്ങളുടെ മരണമാകുന്ന ദീർഘനിദ്രയിൽ നിങ്ങളെന്തുപ്രതീക്ഷിക്കുന്നു? മരണത്തിനും, അടുത്ത ജന്മത്തിനും ഇടയ്ക്കുള്ള ദീർഘദീർഘനിദ്രാകാലം ഇതെങ്ങിനെകടന്നുപോകും? ഇക്കാലമത്രയും നിങ്ങളുടെ നരകങ്ങളിലും സ്വർഗ്ഗങ്ങളിലും പറുദീസാകളിലും നരകങ്ങളിലും ആയിക്കഴിക്കുന്നുവെന്നു വേദാന്തം പറയുന്നു. ഈ പറുദീസാകളും നരകങ്ങളും സ്വർഗ്ഗങ്ങളും എന്താണു്? മരണത്തിനും പുനർജ്ജന്മത്തിനും ഇടയ്ക്കുള്ള സ്വപ്നരാജ്യങ്ങൾ ആണിവ. ഇതാ ഒരു മനുഷ്യൻ! ഒരു യഥാർത്ഥക്രിസ്ത്യാനി; ഏററവും മതഭക്തിയുള്ള, ധർമ്മചിന്തയുള്ള, ഭക്തിപ്രധാനജീവിതശീലൻ; ഞായറാഴ്ചതോറും പള്ളിയിൽപോകുന്നവൻ, എല്ലാ സായങ്കാലവും മുറയ്ക്കു പ്രാർത്ഥിക്കുന്നവൻ, തൻെറ ഭക്ഷണസമയത്തെല്ലാം ഈശ്വരകാരുണ്യം അഭ്യർത്ഥിച്ചും, ജീവിതകാലമെല്ലാം ക്രിസ്തുവിൻെറ കുരിശു നെഞ്ചത്തു സൂക്ഷിച്ചും, ഉണർന്നിരുന്നപ്പോഴെല്ലാം ക്രിസ്തുവിനെ ധ്യാനിച്ചും ഇങ്ങിനെ ജനനംമുതൽ മരണംവരെ കഴിച്ചവൻ—യേശുക്രിസ്തുവിൻെറ പരിശുദ്ധസാന്നിധ്യത്തിൽ സദാ ചലിക്കയും സഞ്ചരിക്കയും ജീവിക്കയുംചെയ്തവൻ—ഈ മനുഷ്യൻെറ 80, 90 കൊല്ലത്തെ ജീവിതത്തിൽ, ഉണർന്നിരുന്ന കാലമെല്ലാം ക്രിസ്തുവിനോടുള്ള ഭക്തിക്കായി അവൻ സമർപ്പിച്ചു. തൻെറ ചിന്തകളെല്ലാം അവൻ ക്രിസ്തുവിൽ പ്രതിഷ്ഠിച്ചു. യേശുക്രിസ്തുവിൻെറ വലത്തുവശത്തു മരണാനന്തരം ഇരുത്തപ്പെടണമെന്നയാൾ പ്രതീക്ഷിച്ചു. മരണാനന്തരം ദൈവദൂതന്മാരും പുണ്യവാന്മാരും മററും തന്നെ എതിരേല്ക്കുമെന്നുംമററും ജീവിതകാലമശേഷം അയാൾ ചിന്തിച്ചും സ്വപ്നംകണ്ടും കഴിച്ചു. വേദാന്തശാസനപ്രകാരം ഇത്തരമുള്ള ഒരു ഭക്തോത്തമനായ ക്രിസ്ത്യാനി മരണത്തിനു ശേഷം യേശുക്രിസ്തുവിൻെറ വലത്തുവശസ്ഥാനം അലങ്കരിക്കുന്നതായി സ്വയം കാണും. തീർച്ചയായും, നിശ്ചയമായും, മരണാനന്തരം—മരണത്തിനും പുനർജ്ജനനത്തിനും ഇടയിലുള്ളകാലത്തെ ദീർഘദീർഘനിദ്രയിൽ—അവൻെറ ചുററും സങ്കീർത്തനാദികൾ പാടിക്കൊണ്ടിരിക്കുന്ന ദൈവദൂതന്മാരെയുംമററും അവൻ കാണണം. അവരുടെമദ്ധ്യത്തിൽ അവൻ ഇരിക്കുന്നതായി കാണാ

digitized by www.sreyas.in

തീരിക്കാൻ തക്ക യാതൊരു കാരണവുമില്ല. വേദാന്തം പറയുന്നു.—"ഓഹോ! ക്രിസ്ത്യാനികളെ! നിങ്ങൾ ഭക്തിയുള്ളവരാണെങ്കിൽ, നിങ്ങൾ ആത്മാർത്ഥതയും ഭക്തിവിശ്വാസവും ഉള്ളവരാണെങ്കിൽ നിങ്ങളുടെ പുസ്തകങ്ങളിൽ പറയുന്ന വാഗ്ദാനങ്ങൾ നിറവേററപ്പെട്ടും. എന്നാൽ മുഹമ്മദീയരെയും, ഹിന്ദുക്കളെയും കുററപ്പെടുത്തരുതു്." ഒരു മുഹമ്മദൻ യഥാർത്ഥമുഹമ്മദനാണെങ്കിൽ,മുഹമ്മദു നിർദ്ദേശിച്ചമാർഗ്ഗത്തിൽ അവൻ തൻെറ 70, 80 വർഷത്തെ ജാഗ്രജ്ജീവിതംനയിക്കുന്നുവെങ്കിൽ, അദ്ദേഹത്തെ ചിന്തിക്കയും ആശ്രയിക്കയും ദിവസംപ്രതി അഞ്ചുതവണ പ്രാർത്ഥിക്കയുംചെയ്യുന്നുവെങ്കിൽ, നബിയുടെ നാമധേയത്തിൽ പ്രാർത്ഥിക്കുന്നുവെങ്കിൽ, (24 മണിക്കൂറിനുള്ളിൽ മുഹമ്മദീയർ നാലഞ്ചുതവണ പ്രാർത്ഥിക്കുന്നുവെന്നും, അവർ വളരെ കണിശക്കാരും ഭക്തരുമാണെന്നും നിങ്ങൾക്കറിയാമല്ലോ) ജീവിതകാലമെല്ലാം മുഹമ്മദിൻെറ നാമധേയത്തിൽ സദാ ജീവിക്കുന്നുവെങ്കിൽ, മുഹമ്മദിൻെറ പേരിനുവേണ്ടി സദാ തൻെറ ജീവനെ അർപ്പിക്കാൻ തയ്യാറായിരിക്കുന്നുവെങ്കിൽ (ഈ മുഹമ്മദീയർ വളരെ ശ്രദ്ധാലുക്കളും, ഉത്സാഹശാലികളും, ചിലപ്പോഴും മക്കടമുഷ്ടിക്കാരായ മതഭ്രാന്തർപോലുമാണു്)—എന്നാൽ ഈ മുഹമ്മദൻെറ ഭാവി എന്തായിരിക്കും? മുഹമ്മദുമതത്തിനുവേണ്ടിയും മുഹമ്മദിൻെറ നാമം ലോകമാസകലം പ്രതിധ്വനിപ്പിക്കാൻവേണ്ടിയും അവൻെറ ജീവിതംമുഴുവൻ അവൻ സ്വപ്നംകണ്ടുകൊണ്ടിരുന്നു. പ്രകൃതിയുടെ നിയമങ്ങൾക്കു വിപരീതമായ യാതൊന്നും അയാൾക്കു സംഭവിക്കില്ല. നമ്മുടെ ജാഗ്രൽകാലത്തു നാം സ്വപ്നംകാണുന്നതെല്ലാം, നാം ഉറങ്ങാൻപോകുമ്പൊഴും സ്വപ്നംകാണുമെന്നാണു് പ്രകൃതിനിയമം. അവൻ മുഹമ്മദിനെയും, പറുദീസായെയും, മനോഹരാരാമങ്ങളെയും സുന്ദരിമാരായ കന്യകമാരെയും, മരണാനന്തരം സന്ദർശിക്കുമെന്നു ദീർഘദർശി വാഗ്ദാനംചെയ്തിട്ടുള്ള വീഞ്ഞുനദികളെയും സ്വർഗ്ഗത്തു് ആഡംബരപൂർണ്ണമായ വസ്തുക്കളും രമ്യഹർമ്മ്യങ്ങളും എല്ലാമാണു് ജാഗ്രൽജീവിതത്തിൽ സ്വപ്നംകണ്ടിരുന്നതു്. വേദാന്തംപറയുന്നു:—"അവൻ പ്രതീക്ഷിച്ചുകൊണ്ടിരുന്നിരുന്നവിധമുള്ള സ്വർഗ്ഗസുഖം അവനു ആസ്വദിക്കുന്നതിനെ യാതൊരു നിയമവും ശക്തിയും തടസ്സപ്പെടുത്തുന്നില്ല. അതേവിധമുള്ള സ്വർഗ്ഗം അവനു ലഭിക്കണം." മരണാനന്തരം അവൻ തൻെറ പ്രവാചകൻ വാഗ്ദാനംചെയ്തിട്ടുള്ള പറുദീസായിൽ അവനെ സ്വയം കാണും.

എന്നാൽ വേദാന്തം വീണ്ടും പറയുന്നു:—"അല്ലയോ! മുഹമ്മദീയരേ! ഈ ലോകത്തിലെ എല്ലാ ജനങ്ങളെയും നിങ്ങളുടെ സ്വന്തപ്രവാചകൻെറ അധീനതയിൽ സമർപ്പിക്കാൻ നിങ്ങൾക്കവകാശ

digitized by www.sreyas.in

മില്ല, ഒരേഒരു മുഹമ്മദിന്റെ കാരുണ്യത്തിൽമാത്രം വെക്കാനവകാശമില്ല. ക്രിസ്ത്യാനികൾ അവരുടെ ചിന്തകളെ ആസ്വദിക്കട്ടെ. അവരെ സ്വതന്ത്രരായിവിടുക. യൂറോപ്പിലും, അമേരിക്കയിലും, ഇൻഡ്യായിലും, ജപ്പാനിലും, ചൈനായിലും മരിക്കുന്നവരെയെല്ലാം മുഹമ്മദിന്റെ കാരുണ്യത്തിനു കീഴ്പ്പെടുത്താൻ ആവശ്യപ്പെടരുതു്." "അവർ മുഹമ്മദിൽ വിശ്വസിക്കുന്നുവെങ്കിൽ ശരിതന്നെ. അല്ലെങ്കിൽ അവർ നശിക്കുന്നു" എന്നു പറവാൻ നിങ്ങൾക്കവകാശമില്ല. അങ്ങിനെ പറയത്തക്കവിധം അത്ര ക്രൂരരായിരിക്കരുതു്. നിങ്ങൾ മുഹമ്മദിന്റെ അനുയായിയാണെങ്കിൽ നിങ്ങൾ ആഗ്രഹിക്കുന്നവിധത്തിൽ നിങ്ങൾക്കൊരു സ്വർഗ്ഗം ലഭിക്കും. മററു മതസ്ഥർക്കും അതുപോലെ ലഭിക്കും. നിങ്ങൾ നിങ്ങളുടെ വിശ്വാസപ്രമാണങ്ങളോടും (Creeds) സിദ്ധാന്തങ്ങളോടും യഥാർത്ഥഭക്തരായിരുന്നാൽ മരണാനന്തരം നിങ്ങൾക്കു നിങ്ങളുടെ പ്രതീക്ഷപോലെയുള്ള സ്വർഗ്ഗംകിട്ടും. വാസ്തവത്തിൽ മരണശേഷം സ്വർഗ്ഗമോ നരകമോ കിട്ടുന്നതു നിങ്ങളെത്തന്നെ ആശ്രയിച്ചിരിക്കുന്നു. രണ്ടും നിങ്ങൾ തന്നെ ഉണ്ടാക്കുന്നു. യഥാർത്ഥത്തിൽ രണ്ടും വെറും നിങ്ങളുടെ സ്വപ്നങ്ങളാണു്. വേറൊന്നുമല്ല. എന്നാൽ ആ സമയത്തു് നിങ്ങൾക്കതു ശരിയാണെന്നും തോന്നും. സ്വപ്നംകാണുമ്പോൾ നമുക്കതു സത്യമാണെന്നുതോന്നുമെന്നു നിങ്ങൾക്കറിയാമല്ലൊ. മരണശേഷം അതുപോലെ സ്വർഗ്ഗങ്ങളും നരകങ്ങളും യഥാർത്ഥമായി തോന്നും. എന്നാൽ പരമാർത്ഥത്തിൽ, വാസ്തവത്തിൽ, അവ സ്വപ്നങ്ങളല്ലാതെ വേറൊന്നുമല്ല.

ഒരുകാര്യംകൂടി പറയാം. നമ്മുടെ മതഗ്രന്ഥങ്ങളിൽകാണുന്ന വാഗ്ദാനമെല്ലാം മരണാനന്തരം ശരിയാണെങ്കിൽ നമുക്കു സനാതനമായ ആനന്ദം ഉണ്ടാകണമല്ലോ എന്നു ജനങ്ങൾ പറയുന്നു. മരണശേഷം ശാശ്വതനരകമോ, അഥവാ ശാശ്വതസ്വർഗ്ഗമോ ആണെന്നു മതഗ്രന്ഥങ്ങൾ വാഗ്ദാനംചെയ്യുന്നുണ്ടു്. അതിനെപ്പററി എന്തു്? വേദാന്തം ചോദിക്കുന്നു:—"ശാശ്വതമെന്നാലെന്തു്?" ശാശ്വതമെന്നാൽ സമയം, ദീർഘസമയം, അളവില്ലാത്ത സമയം എന്നാണെന്നു നിങ്ങൾക്കറിയാം. ജാഗ്രൽക്കാലത്തിലെ സമയവും, സ്വപ്നാവസ്ഥയിലെ കാലവും ഭിന്നങ്ങളാണെന്നും നിങ്ങൾക്കറിയാം. ജാഗ്രത്തിലെ കാലം ഒരുതരമാണു്; സ്വപ്നാവസ്ഥയിൽ കാലം വേറൊരുതരമാണു്. സ്വപ്നസ്ഥിതിയിൽ നിങ്ങൾ 5000 കൊല്ലം പഴക്കമുണ്ടായിരുന്നാലത്തെപ്പോലെയുള്ള വസ്തുക്കൾ കാണുന്നു സ്വപ്നത്തിൽ നിങ്ങളൊരു പർവ്വതം കാണുന്നുവെന്നിരിക്കട്ടെ. അതിനെ നിങ്ങൾ ക്ഷണനേരംകൊണ്ടവിടെ സ്ഥാപിച്ചു.

digitized by www.sreyas.in

(ജാഗ്രദവസ്ഥയിലെ നിലവെച്ചു പറകയാണിതു്.) എന്നാൽ സ്വപ്നാവസ്ഥയിലെ നിലവെച്ചുനോക്കിയാൽ അതു 5000 കൊല്ലം മുമ്പുണ്ടായിരുന്നതായി തോന്നും. സ്വപ്നത്തിൽ 'അനാദികാലം മുതൽ നിങ്ങൾ പറുദീസായിലായിരുന്നുവെന്നു നിങ്ങൾ സ്വയം കാണുന്നതാണു്' എന്നു വേദാന്തം പറയുന്നു. സ്വപ്നദ്രഷ്ടാവിൻെറ (സ്വപ്നം കാണുന്നവൻെറ) സ്ഥാനത്തു നിന്നാൽ നിങ്ങൾ ശാശ്വതകാലമായി സ്വർഗ്ഗത്തോ നരകത്തിലോ ആണെന്നു തോന്നും. എന്നാൽ ജാഗ്രൽകാലദ്രഷ്ടാവിൻെറ നിലയിൽനിന്നു നോക്കിയാൽ അതില്ല.

നിങ്ങളുടെ ബൈബിൾ—സുവിശേഷപുസ്തകം – നിങ്ങൾക്കു തരുന്ന വാഗ്ദാനങ്ങൾ എല്ലാം ശരിയാണെന്നു നിങ്ങൾ കാണും. എന്തെന്നാൽ ആ അവസ്ഥയിൽ, ആ അവസ്ഥയിൽതന്നെ, നിങ്ങൾ സനാതനമായി ജീവിക്കുന്നുവെന്നു നിങ്ങൾ വിചാരിക്കും. അതു നിങ്ങൾക്കു ശാശ്വതമായിരിക്കും. സ്വപ്നംകാണുന്ന സത്തയ്ക്കു്—ദ്രഷ്ടാവിനു്—ആനിലയിൽ ശാശ്വതമെന്നു തോന്നുന്നതു ജാഗ്രൽകാലദ്രഷ്ടാവിനു ശാശ്വതമായിരിക്കുകയില്ലെന്നും ശൂന്യമായിരിക്കുമെന്നുംമാത്രമേ ഉള്ളു.

മരണാനന്തരം ഉള്ള സ്ഥിതിയെപ്പററി വേദാന്തം എല്ലാ മതങ്ങളെയും സംയോജിപ്പിക്കുന്നതെങ്ങിനെയെന്നു നിങ്ങൾക്കിതുകൊണ്ടു് ഏതാണ്ടു മനസ്സിലാകും.

എന്നാൽ ദേഹാന്തരപ്രാപ്തിയെപ്പററി എന്തു പറയാം? മുക്തപുരുഷന്മാരെന്നു പറയപ്പെടുന്ന ജനങ്ങളെക്കുറിച്ചെന്തു്? വേദാന്തം പറയുന്നു:—"സകലരും മരണാനന്തരം ഇങ്ങിനെ സ്വർഗ്ഗങ്ങളും നരകങ്ങളും ആകുന്ന പദവികളിൽ പ്രവേശിച്ചു വീണ്ടും ജനിക്കേണ്ടതില്ല. എല്ലാവരും അങ്ങിനെ ചെയ്യണമെന്നില്ല. മുക്തപുരുഷന്മാരെന്നു പറയപ്പെടുന്നവരുണ്ടു്. അവർ ആരു്? അവർ ജന്മാന്തരപ്രാപ്തിക്കു വിധേയരല്ല. അവർ സ്വതന്ത്രരാണു്. അവർ സ്വർഗ്ഗങ്ങളിലോ നരകങ്ങളിലോ നിബന്ധിക്കപ്പെടുന്നില്ല. സ്വർഗ്ഗങ്ങളും നരകങ്ങളുമെല്ലാം അവരിലാണു്. സകല പ്രപഞ്ചങ്ങളും അവരിലാണു്. ഇവരെപ്പററി അല്പം പറയാം.

നിങ്ങളുടെ സ്വപ്നങ്ങളിൽ നിങ്ങൾക്കു രണ്ടുവിധം സംഭവങ്ങൾ ഉണ്ടു്—ദ്രഷ്ടാവും, ദൃശ്യങ്ങളും. നിങ്ങളെ ചുററികിടക്കുന്ന നദികളും, പർവ്വതങ്ങളും, മലകളും എല്ലാം ദൃശ്യങ്ങളാണു്. ആരെ ച്ചുററി ഈ പദാർത്ഥങ്ങൾ നില്ക്കുന്നുവോ ആ സ്വപ്നദ്രഷ്ടാവു്—സ്വപ്നംകാണുന്നവൻ — സ്വപ്നസഞ്ചാരി ദ്രഷ്ടാവാണു്. സ്വപ്ന

digitized by www.sreyas.in

ത്തിൽ അനേകം വസ്തുക്കളുണ്ടെന്നു നമുക്കറിയാം. അവയിലൊന്നു സ്വപ്നംകാണുന്ന,"ഞാൻതന്നെ" എന്നു നിങ്ങൾ വിളിക്കുന്ന ഒന്നാണു്. മററുള്ളതെല്ലാം ദൃശ്യങ്ങൾ എന്നു വിളിക്കുന്നതാണു്. അവ ആ "ഞാനിൽ" നിന്നു ഭിന്നങ്ങളാണു്. "ഞാൻ ഞാൻതന്നെ" എന്നു പറയുന്നതു് ദ്രഷ്ടാവും, അതിൽനിന്നന്യമായിട്ടുള്ളവയെല്ലാം ദൃശ്യവും. സ്വപ്നങ്ങളിൽ സാധാരണ ഈ രണ്ടംശങ്ങൾ ഉണ്ടു്; ദ്രഷ്ടാവും ദൃശ്യവും. ഈ ദ്രഷ്ടാവും ദൃശ്യവും രണ്ടും നിങ്ങളുടെ-യഥാൎത്ഥാത്മാവിന്റെ—സൃഷ്ടിയാണെന്നു വേദാന്തം പറയുന്നു. ഇതു രണ്ടും ജാഗ്രൽസത്തയുടെ സൃഷ്ടിയാണു്.

നിഘണ്ടുകാരനായ ഡോക്ടർ ജോൺസൺ സംഭാഷകന്മാരുടെ രാജാവായിരുന്നുവെന്നു നിങ്ങൾ കേട്ടിട്ടുള്ള ആ ഡോക്ടർ ജോൺസൺ—വാദപ്രതിവാദത്തിൽ തോൽവി സഹിക്കാൻ നിവൃത്തിയില്ലാത്തവനായിരുന്നു. അവസാനവാക്കു സദാ തന്നിൽതന്നെ ഇരിക്കണമെന്നു് അദ്ദേഹത്തിനു നിർബ്ബന്ധമായിരുന്നു തന്റെ വെടി ഫലപ്പെടാത്തപക്ഷം തോക്കിന്റെ മൂട്ടുകൊണ്ടു് എതിരാളിയെ താഡിക്കുമെന്നു് ആരോ അദ്ദേഹത്തെപ്പററി പറഞ്ഞിട്ടുണ്ടു്. അദ്ദേഹത്തിനു് ജയം എപ്പോഴും തനിക്കുതന്നെ വേണം. വേറെ ആരെങ്കിലും വാദത്തിൽ ജയിക്കാൻതുടങ്ങിയാൽ പ്രതിക്രിയ ചെയ്യാൻ അദ്ദേഹം സ്വൎഗ്ഗവും ഭൂമിയും ഇട്ടിളക്കിക്കളയും! ഒരിക്കൽ ഈ ജോൺസൺ ഒരു സ്വപ്നംകണ്ടു. പ്രഭാഷകപ്രവരനായിരുന്ന എഡ്മണ്ട് ബർക്ക് ഒരു വാദത്തിൽ തന്നെ തോല്പിച്ചുകളഞ്ഞുവെന്നായിരുന്നു സ്വപ്നം. ജോൺസന്റെ പ്രകൃതത്തിനു് ഈ സ്വപ്നം ഒരു ഭയങ്കരദൎശനമായിരുന്നു. അതു് അദ്ദേഹത്തെ ഞെട്ടിക്കളഞ്ഞു അതദ്ദേഹത്തെ ഉണൎത്തി; താൻ ഒരു അശാന്താവസ്ഥയിൽ ആയി. പിന്നെ ഉറക്കംവരാനെന്തുമാർഗ്ഗമെന്നു താൻ അറിഞ്ഞില്ല സദാ ശാന്തിക്കും സ്വാസ്ഥ്യത്തിനുംവേണ്ടി അന്വേഷിക്കയാണു മനസ്സിന്റെ പ്രകൃതമെന്നു നിങ്ങൾക്കറിയാമല്ലോ. അതിനു ചാഞ്ചല്യം സംഭവിച്ചാൽ, അതു സമാധാനത്തിനു കാംക്ഷിക്കുന്നു. എന്തെന്നാൽ യഥാൎത്ഥശാന്തി—സമാധാനം—സ്വന്തവീട്ടിൽതന്നെയാണു്. അതുസ്വന്തവീടു്— സ്ഥാനം—തന്നിൽ തന്നെ അന്വേഷിക്കണം. എങ്ങിനെയെങ്കിലും സമാധാനം സമ്പാദിക്കണം. ഡോക്ടർ ജോൺസൺ ഈ ചിന്തകൊണ്ടു ശാന്തനായി:—"ഞാൻ എഡ്മണ്ടുബൎക്കിന്റെ അടുത്തുപോയി പറയും: 'ബൎക്ക്! ബൎക്ക്! എന്റെ സ്വപ്നത്തിൽ നിങ്ങളെന്നെ എന്തു യുക്തിവാദംകൊണ്ടാണു തോല്പിച്ചതു്?' ബൎക്കിനു് ഈ യുക്തി തിരിയെ പറയാൻ സാധിക്കയില്ല. ഞാൻ ഉറങ്ങിക്കിടന്നപ്പോൾ

digitized by www.sreyas.in

ണയാറം അവതരിപ്പിച്ച പ്രബലവാദമെല്ലാം എനിക്കറിയാം. എൻെറ തോൽവിക്കു കാരണമായ അശക്തവാദങ്ങളും എനിക്കറിയാം. എനിക്കു രണ്ടും അറിയാം. ജയിച്ചതും തോററതുമായ രണ്ടു വശങ്ങളും എനിക്കറിയാം. എന്നാൽ എഡ്മണ്ടു ബക്കിനു അതുകൾ ഒന്നുംതന്നെ അറിഞ്ഞുകൂടാ. ഇങ്ങിനെ എൻെറ സ്വന്തം തലച്ചോറുതന്നെയാണു് രണ്ടുവശത്തുമുള്ള വാദങ്ങൾ പുറപ്പെടുവിച്ചതു്. ഞാൻതന്നെയാണു് എഡ്മണ്ടു ബർക്കായി ഒരുവശത്തും, തോല്പിക്കപ്പെട്ട ജോൺസണായി എതിർവശത്തും പ്രത്യക്ഷപ്പെട്ടതു്.''

ഇതാ! ഇതുപോലെ നിങ്ങളുടെ സ്വപ്നത്തിൽ നിങ്ങൾതന്നെയാണു് ഒരുവശത്തു ദൃശ്യങ്ങളായും, മറുവശത്തു ദ്രഷ്ടാവായും കാണപ്പെടുന്നതു്. നിങ്ങളുടെ യഥാർത്ഥസത്ത (Real Existence) പരമാർത്ഥസ്ഥിതം—നിങ്ങൾതന്നെ - പർവ്വതങ്ങളായും, നദികളായും, വനങ്ങളായും, പക്ഷികളായും, മൃഗങ്ങളായും ഒരുവശത്തും, പരിഭ്രമിക്കുന്ന സഞ്ചാരിയായി—ദ്രഷ്ടാവായി മറുവശത്തും കാണപ്പെടുന്നു. ദ്രഷ്ടാവും ദൃശ്യവും നിങ്ങൾതന്നെയാണു് എന്നു വേദാന്തം പറയുന്നു.

ഇങ്ങിനെ വേദാന്തശാസനപ്രകാരം, മരണമാകുന്ന ദീർഘനിദ്രയിൽ, നിങ്ങൾതന്നെ സ്വർഗ്ഗമായും നരകമായും കാണപ്പെടുന്നു. സ്വർഗ്ഗത്തിൽ സുഖിക്കുന്നതും, നരകത്തിൽ സങ്കടപ്പെടുന്നതും ആയ മനുഷ്യർ രണ്ടും നിങ്ങൾതന്നെയാണു്. ഇതു ബോദ്ധ്യപ്പെടുത്തുക. നിങ്ങൾ സ്വതന്ത്രനായി ഭവിക്കും അപ്പോൾ.

ഈ വേദാന്തജ്ഞാനം സമ്പാദിച്ചിരുന്ന ഒരു സ്ത്രീയുണ്ടായിരുന്നു. ഒരു കയ്യിൽ തീയും മറേറ കയ്യിൽ കുറെ ജലവുമായി അവൾ തെരുവുതോറും നടന്നിരുന്നു. ജനങ്ങൾ അടുത്തുചെന്നു ചോദിച്ചു:—"ഇങ്ങിനെ ഒരു കയ്യിൽ തീയും, മറേറ കയ്യിൽ വെള്ളവുംകൊണ്ടു നടക്കുന്നതിൻെറ താല്പര്യമെന്താണു്?" ഈ ചോദ്യം ചോദിച്ചതു് ഒരു വലിയ മിഷനറിയായിരുന്നു. അവൾ പറഞ്ഞു:—"ഈ തീകൊണ്ടു ഞാൻ നിങ്ങളുടെ സ്വർഗ്ഗവും പറുദീസായും ചുട്ടുനശിപ്പിക്കാനും, ഈ ജലംകൊണ്ടു നിങ്ങളുടെ നരകം തണുപ്പിക്കാനും ഭാവിക്കുന്നാണു്." താൻതന്നെയാണു് സ്വർഗ്ഗവും നരകവും എന്നുള്ള ജ്ഞാനം സമ്പാദിച്ച ഒരു മനുഷ്യനു് നിങ്ങളുടെ സ്വർഗ്ഗത്തോടു ആകർഷണമോ നരകത്തോടു ഭയമോ ഇല്ല. അവൻ രണ്ടിൻെറയും ഉപരി നില്ക്കുന്നു. നിങ്ങളുടെ ഈ ലോകത്തെക്കുറിച്ചു്, നിങ്ങൾ ഇത്രവളരെ ആസ്വദിക്കുന്ന ഈ ജാഗ്രദവസ്ഥയെക്കുറിച്ചുതന്നെയെന്താണു്? ഈ സ്ഥൂലമായി, ഘനമായി തോന്നുന്ന പ്രപഞ്ചം—ഈ ഉറച്ച, ഭൌതികമായ, കർക്കശമായ ലോകംപോലെ

ലും യഥാൎത്ഥമല്ലെന്നും, നിങ്ങളുടെ സ്വപ്നങ്ങളിൽനിന്നു ഭിന്നമല്ലെന്നും വേദാന്തം തെളിയിക്കുന്നു. ഏറ്റക്കുറച്ചിലിലല്ലാതെ അവയുടെ സ്വഭാവത്തിൽ യാതൊരു വ്യത്യാസവുമില്ല. നിങ്ങളുടെ ജാഗ്രൽപ്രപഞ്ചവും ഒരുവക സ്വപ്നമാണു്—ഘനീഭവിച്ച സ്വപ്നം. ഈ ഘനീഭവിച്ചുകാണുന്ന നിങ്ങളുടെ ലോകത്തിൽ ദ്രഷ്ടാവും ദൃശ്യവും നിങ്ങളുടെ സ്വന്തം ആത്മാവിന്റെ സൃഷ്ടിയല്ലാതെ മറ്റൊന്നുമല്ലെന്നു വേദാന്തം പറയുന്നു. നിങ്ങളുടെ യഥാൎത്ഥാത്മാവാണു് പട്ടണങ്ങളും, നദികളും, പൎവ്വതങ്ങളുമായി ഒരു പുറത്തും, ഈ ലോകത്തിന്റെ ദ്രഷ്ടാവായി—സഞ്ചാരിയായി—മറുപുറത്തും ഭവിക്കുന്നതു്. ദ്രഷ്ടാവായി പ്രത്യക്ഷപ്പെടുന്നതുതന്നെയാണു് ദൃശ്യവും; ദൃശ്യമായി കാണപ്പെടുന്നതുതന്നെയാണു് ദ്രഷ്ടാവും. നിങ്ങളുടെ ജാഗ്രൽകാലത്തുപോലും വാസ്തവം ഇങ്ങനെതന്നെയാണു്.

മരണമെന്നു പറയുന്നതു് ദ്രഷ്ടാവു് ഒന്നു ചുരുങ്ങുന്നതു്—ഒന്നു കുറുകുന്നതു്—പോലെ മാത്രമാണു്; ദൃശ്യത്തിന്റെയല്ല. നിങ്ങൾ സ്വപ്നം കാണുന്നു. സ്വപ്നാവസ്ഥയിൽ നിങ്ങൾ സ്വയം ബേൿലേ എന്ന നഗരത്തിൽ കാണപ്പെടുന്നുവെന്നിരിക്കട്ടെ; എന്നാൽ നിങ്ങൾ യഥാൎത്ഥത്തിൽ സാൻഫ്രാൻസിസ്കോ പട്ടണത്തിലാണു ഉറങ്ങുന്നതു്. അവിടെ നിങ്ങളുടെ സ്വപ്നത്തിൽ—ബേൿലേയും അതുസംബന്ധിച്ച കാഴ്ചകളും എല്ലാം എന്തായിരുന്നു? അതുകളെല്ലാം ദൃശ്യവും, ബേൿലേയിലിരുന്നതായിക്കണ്ട നിങ്ങൾ ദ്രഷ്ടാവും ആയിരുന്നു നമുക്കു ചിലപ്പോൾ ഇരട്ട ഉറക്കംഉണ്ടെന്നു നിങ്ങൾ അറിയുന്നു നാം ചിലപ്പോൾ ഉറക്കത്തിൽ ഉറങ്ങുന്നു. അതായതു് പലിശയ്ക്കു പലിശപോലെ. ഇവിടെ സ്വപ്നത്തിൽ സ്വപ്നം അഥവാ ഇരട്ടസ്വപ്നം ഉണ്ടു്. നിങ്ങൾ സ്വപ്നത്തിൽ കണ്ട ബേൿലേയിൽവെച്ചു നിങ്ങൾ ഉറങ്ങുന്നുവെങ്കിൽ, അതൊരിരട്ട സ്വപ്നത്തിന്റെ ഉദാഹരണമാണു്. എന്തു സംഭവിക്കുന്നു? നിങ്ങൾ വീണ്ടും ഉണരുന്നു. ചിലപ്പോൾ സ്വപ്നങ്ങളിൽ നാം ഒരു സ്ഥലത്തുറങ്ങുകയും, തുടൎച്ചയായ സ്വപ്നത്തിൽ വീണ്ടും ഉണൎന്നെഴുന്നേല്ക്കുകയും ചെയ്യുന്നതായിക്കാണുന്നു. അതുപോലെ ഇവിടെ നിങ്ങൾ കിടക്കുന്നു, സ്വപ്നത്തിൽ നിങ്ങൾ ബേൿലേയിൽ ആണെന്നു കാണപ്പെടുന്നു. ബേൿലേ ദൃശ്യവും നിങ്ങൾ ദ്രഷ്ടാവുമായി കാണുന്നു. ദ്രഷ്ടാവു് ഉറങ്ങിക്കിടന്നു. ബേൿലേ എന്ന ദൃശ്യം അതേവിധമിരുന്നു; ദ്രഷ്ടാവു് തല്ക്കാലത്തേയ്ക്കു് ഒന്നു ചുരുങ്ങി അടങ്ങി പിന്നെയും എഴുന്നേററു. നിങ്ങൾ വീണ്ടും ബേൿലേയിൽ കാണപ്പെട്ടു എന്നാൽ നിങ്ങളുടെ ഉറക്കം പണ്ടേപ്പോലെ തുടൎന്നു ബേൿലേയിൽനിന്നു ലോസ് ആംഗലെസ് എന്ന പട്ടണത്തിലേ

യ്ക്ക നിങ്ങാം പോയി. അവിടെ ഒരു പ്രിയസ്നേഹിതന്റെ വീട്ടിൽ നിങ്ങാം താമസിച്ചു. വീണ്ടും ഉറങ്ങി. അവിടെ – ലോസ് ആംഗലെസ്സിൽ — നിങ്ങളുടെ ഇഷ്ടന്റെ വീട് മുതലായതു് ദൃശ്യവും നിങ്ങാം ദ്രഷ്ടാവുമായിരുന്നു. അവിടെ ദ്രഷ്ടാവു ചുരുങ്ങി ശമിക്കുന്നു; അഥവാ ഉറങ്ങുന്നു. വീണ്ടും ഉണന്നെഴുനേററു വത്തിക്കുന്നു. ലോസ് ആംഗലെസ്സിൽ ഒരുറക്കംകഴിച്ചശേഷം നിങ്ങാം ലിക്ക് ഓബ്സേർവററി എന്ന നഗരത്തിൽ എത്തുന്നു. അവിടെയും നിങ്ങാം ഒന്നുറങ്ങുന്നു. ലിക്ക്ഓബ്സേർവററി ദൃശ്യവും നിങ്ങാം ദ്രഷ്ടാവുമാണു്. ദ്രഷ്ടാവു് കുറേനേരം വിശ്രമിക്കുന്നു; വീണ്ടും ഉണരുന്നു. അവിടെനിന്നു നിങ്ങാം ഒരു വേനൽക്കാലസുഖവാസസ്ഥലത്തു പോകുന്നു. അവിടെ ഇരിക്കുമ്പോാം, നിങ്ങളുടെ വീട്ടിൽ ആരോ വന്നു് നിങ്ങളെ ഉണത്തുന്നു. അപ്പോാം വേനല്ക്കാലസുഖസ്ഥലവും അവിടുത്തെ സുഖം ആസ്വദിച്ച മനുഷ്യനും രണ്ടും നിങ്ങാംതന്നെയാണു്. നിങ്ങാം ഉണന്നെഴുനേല്ക്കുമ്പോാം ദ്രഷ്ടാവും ദൃശ്യവും ഒരുപോലെ അപ്രത്യക്ഷമാകുന്നു; രണ്ടും അസ്തമിക്കുന്നു. ദ്രഷ്ടാവും ദൃശ്യവും രണ്ടും കാണാതാകുന്നു എന്നാൽ, നിങ്ങാം സ്വപ്നം കണ്ടുകൊണ്ടിരുന്നപ്പോാം ദ്രഷ്ടാവുമാത്രം വിശ്രമിച്ചിരുന്നു. ദൃശ്യം പഴയതുപോലെയിരുന്നു. നിങ്ങാം വാസ്തവത്തിൽ ഉണന്നിരുന്നുമില്ല.

ഈ ഉദാഹരണം എങ്ങനെ ഉപയോഗിക്കാം? വേദാന്തമനുസരിച്ചു് ഈ പ്രപഞ്ചം, ഈ വിശാലലോകം, പോലും ഒരു സ്വപ്നമാണു്. ഈ സ്വപ്നത്തിൽ — വിസ്തൃതലോകമായ ഈ സ്വപ്നത്തിൽ – സമയവും, സ്ഥലവും, കാരണവും, നിങ്ങാം പുറമേ കാണുന്ന ഈ പ്രപഞ്ചമശേഷവും ദൃശ്യമാണു്. "എന്റെ ശരീരം" എന്നു നിങ്ങാം വിളിക്കുന്നതു് – "എന്റെ ചെറുശരീരം" — ഇതും ഒരു ദൃശ്യമാണു്. ഒരു സാധാരണമനുഷ്യൻ മരിക്കുമ്പോാം എന്തു സംഭവിക്കുന്നു? മായയുടെ — അഥവാ അജ്ഞാനത്തിന്റെ — ദീർഘനിദ്ര നശിക്കുന്നില്ല, എന്നാൽ പഴയതുപോലെ നിലനില്ക്കുന്നു. അവൻ മരിക്കുന്നു. മരണമെന്നാൽ ദ്രഷ്ടാവു് വിശ്രമിക്കുന്നതു് — അടങ്ങിനില്ക്കുന്നതു് — ആണു്. ദൃശ്യം അഭിന്നമായി പഴയതുപോലെ നിലനിൽക്കുന്നു. അതിനാൽ ഇവിടെ ഒരു മനുഷ്യൻ മരിക്കുമ്പോാം അടുത്ത ജന്മത്തിൽ അവൻ വീണ്ടും ഉണന്നെഴുനേല്ക്കുന്നു. മരിച്ചപ്പോാം അവൻ സ്നേഹിച്ചിരുന്ന അതേ പ്രപഞ്ചം അവന്റെ ചുററും അവൻ കാണുന്നു. രണ്ടാമത്തെ ജന്മത്തിൽ അവൻ 80, 90 വഷം ജീവിക്കുന്നുവെന്നു വിചാരിക്കുക. വീണ്ടും അവൻ മരിക്കുന്നു. ബേർക്കലേയോ, ലോസ്ആംഗലെസ്സോ പോലെയായ രണ്ടാമത്തെ ജന്മത്തിൽ

digitized by www.sreyas.in

ദൃശ്യം അതേവിധമിരുന്നു, ദ്രഷ്ടാവ് അല്പനേരത്തേയ്ക്കു ശമിച്ചിരുന്നു. പല കുറേനേരം കഴിഞ്ഞ് അയാൾ വീണ്ടും ജനിച്ചതാണ്. മൂന്നാംജന്മത്തിൽ 70, 80 വർഷം ജീവിച്ച് വീണ്ടും അയാൾ മരിക്കുന്നു. ലിക്ക് ഓബ്സേർവറററിപോലെയായ ദൃശ്യം അതേവിധമിരുന്നു; ദ്രഷ്ടാവു മന്ദീഭവിച്ച് ചുരുങ്ങി, അതു പിന്നെയും പ്രത്യക്ഷമായി. ഈവിധം അതു ജന്മവും, മരണവും, ജനനവും മരണവും ആയി-തുടന്ന് ദ്രഷ്ടാവും ദൃശ്യവും ഒന്നിച്ച് ഇല്ലാതാകുന്നതുവരെ അനുസ്യൂതം ഇരിക്കുന്നു പ്രപഞ്ചം നിങ്ങളിൽനിന്നു വേറെയാണെന്നു തോന്നുന്ന കാലത്തോളം, നിങ്ങൾ ഈ പ്രപഞ്ചത്തിലെ ഒരു തടവുപുള്ളിയാണ്, ബദ്ധനായ വ്യക്തിയാണ്; നിങ്ങൾ സദാ പുനർജ്ജന്മമാകുന്ന, ജനനമരണമാകുന്ന, ഈ ചക്രത്തോടു ബന്ധിതനായിത്തന്നെയിരിക്കും; അതു നിങ്ങളുടെ ചുററും കറങ്ങിക്കറങ്ങി നിങ്ങളെ ഇടിച്ചുതാഴ്ത്തുകയും, പൊക്കിയെടുക്കുകയും ചെയ്തുകൊണ്ടിരിക്കും. നിങ്ങളൊരിക്കലും ശാന്തിയോ, സമാധാനമോ പ്രാപിക്കയില്ല.

വേദാന്തം ഇതാ! പറയുന്നു:—"മോചിക്കുന്നവൻ തന്നിൽ തന്നെ ദ്രഷ്ടാവിനെയും ദൃശ്യത്തെയും കാണുന്നു." ഡോക്ടർ ജോൺസൺ എന്ന പോലെ സ്വപ്നത്തിലെ ദ്രഷ്ടാവും ദൃശ്യവും നാംതന്നെയാണെന്നുള്ള സാക്ഷാൽക്കാരത്തിലേയ്ക്കു നാം ഉണരുമ്പോൾ, നാം സ്വതന്ത്രരായി ഭവിക്കുന്നു. പ്രപഞ്ചം സമസ്തവും എന്റെ ശരീരമാണ്, പ്രപഞ്ചമശേഷം എന്റെ ശരീരമാണെന്നു പറയാൻ—സാക്ഷാൽക്കരിക്കാൻ—കഴിയുന്നവൻ ജനനമരണപരമ്പരയിൽനിന്നു—പുനർജ്ജന്മത്തിൽനിന്നു—സ്വതന്ത്രനാണ്. അവനെവിടെ പോകാൻ സാധിക്കും? അവനെവിടെവരാൻ സാധിക്കും? അവനെക്കൊണ്ടുതന്നെ മുമ്പേതന്നെ സമ്പൂർണ്ണമല്ലാതിരുന്ന സ്ഥലമേ ഇല്ല. അവൻ അതിരററവനാണ്. അവനെവിടെ പോകും? എവിടെ വരും? പ്രപഞ്ചം അവനിലാണ്. അവൻ ഈശ്വരന്മാരുടെ ഈശ്വരനാണ്; പുനർജ്ജനനത്തിൽനിന്നു മുക്തനാണ്. കിഴക്കേ ഇൻഡ്യായിലെ ഓരോ ശിശുവിനും—ഭാരതത്തിലെ ഒരോ കുട്ടിക്കും—അമ്മയുടെ മുലപ്പാലോടുകൂടി ചെലുത്തപ്പെടുന്ന ഒരാഗ്രഹം — ഏകമോഹം — പുനർജ്ജന്മത്തിനധീനനായിട്ടു മേലാൽ ഭവിക്കാതെ മോക്ഷം പ്രാപിച്ച് ഈശ്വരബോധത്തിൽ പരമസമാധാനവും, പൂർണ്ണാനന്ദവും സമ്പാദിക്കണമെന്നുള്ളതാണ്

മിൽട്ടന്റെ (ഒരാംഗ്ലേയ മഹാകവി) ജീവിതചരിത്രത്തിൽ അദ്ദേഹത്തിന്റെ ഭാര്യയായിരുന്ന ഒരു മഹതിയെപ്പററി വളരെ മനോഹരമായ ഒരു കഥ പറയപ്പെട്ടിട്ടുണ്ട് അവളുടെ സ്വപ്നത്തിൽ

digitized by www.sreyas.in

അവൾ തന്റെ പ്രാണനാഥനെക്കണ്ടു; അവളുടെ ഹൃദയം അദ്ദേഹത്തിനുവേണ്ടി വെമ്പിക്കൊണ്ടിരുന്നു. അവൾ അദ്ദേഹത്തെ ആശ്ലേഷിച്ചുകൊണ്ടു പറഞ്ഞു:—"എന്റെ പ്രാണനായകാ! ഞാൻ സമ്പൂർണ്ണം അവിടുത്തേതാണു്." ആ നിമിഷംതന്നെ അവൾ ഉണർന്നു്, തന്റെ കൂടെ അതേ മെത്തയിൽ ഉറങ്ങിക്കൊണ്ടിരുന്നതു് ഒരു പട്ടിയായിരുന്നുവെന്നും, അതു് അതിന്റെ ശരീരം തന്റെ ദേഹത്തോടുചേർത്തു് അമുക്കുകയായിരുന്നുവെന്നും കണ്ടു. ആ പട്ടി മെത്തയിൽനിന്നും ചാടി നിലത്തേയ്ക്കുമാറി. വാസ്തവത്തിൽ പട്ടിയുടെ ഞെരുക്കമാണു് സ്വപ്നത്തിൽ അവളുടെ നാഥനായ ഭർത്താവിന്റേതാണെന്നു കാണിച്ചതു്. പട്ടി അധികമധികം ഞെക്കിയിരുന്നുവെങ്കിൽ അതു് ഒരു പ്രബലഹിമാലയൻ ഭാരമായി അവളുടെ നെഞ്ചിനു് അനുഭവപ്പെട്ടുമായിരുന്നു. വേദാന്തം പറയുന്നു:—"ഈ അജ്ഞാനമാകുന്ന പട്ടി, മായയാകുന്ന നായ് നിങ്ങളെ അമർത്തിക്കൊണ്ടിരിക്കുന്ന കാലത്തോളം, നിങ്ങളുടെ സ്വപ്നങ്ങൾ അനുസ്യൂതമായി നന്മയിൽനിന്നു തിന്മയിലേയ്ക്കും, തിന്മയിൽനിന്നു നന്മയിലേയ്ക്കും മാറിക്കൊണ്ടിരിക്കും." ചിലപ്പോൾ ഭർത്താവായും, ചിലപ്പോൾ കനത്ത ഹിമാലയപർവ്വതമായും അമർത്തിക്കൊണ്ടിരിക്കും. നിങ്ങൾ സദാ ഒരുതുള്ളി ബാഷ്പത്തിനും, ഒരു മന്ദസ്മിതത്തിനും ഇടയിൽ, ഒരു തൂക്കാടി (Pendulum) പോലെ ആടിക്കൊണ്ടിരിക്കും; പ്രപഞ്ചം നിങ്ങളുടെ നെഞ്ചിൽ ഭാരമായി അമർന്നുകൊണ്ടിരിക്കും. നിങ്ങൾക്കു മനഃശാന്തി ഉണ്ടാകയില്ല. വേദാന്തം പറയുന്നു:—"ഈ അജ്ഞാനമാകുന്ന പട്ടിയെ പരിത്യജിക്കുക; നിങ്ങളെ സ്വയം സർവ്വശക്തനായ ഈശ്വരനാക്കുക, നിങ്ങളെ സ്വയം അതാക്കുക, അതു സാക്ഷാൽക്കരിക്കുക, നിങ്ങൾ മുക്തനാകുന്നു."

"സഹസ്രരൂപങ്ങളിൽ പ്രത്യക്ഷപ്പെടുന്നവ
ബഹുധാഭവിക്കുന്നു വിസ്മയകരമായി,

എങ്കിലുമെല്ലാമതു പ്രിയപ്പെട്ടുള്ളോരേകൻ
നിങ്കലായ്തന്നെ നേരെ ഞാനറിയുന്നുസർവ്വം,

ഇന്ദ്രജാലാവിദ്യയാൽ നിന്മുഖം മൂടീടിലും" ഇത്യാദി.

ഓം! ഓം!! ഓം!!!



digitized by www.sreyas.in

## 10. കവിതകൾ

കപികൾപോലെ വേഷമണിഞ്ഞു ചാടും ഹ്രസ്വ-
കാപുരുഷ കാമിനീവർഗ്ഗത്തിൻ പ്രപഞ്ചമേ!
മലിനസമ്പത്തേന്തിപ്പല്ലിളിച്ചു കൃത്രിമ-
ബലശാലിമാനവർ വസിക്കും പ്രപഞ്ചമേ!
വായിക്കപ്പെടാഗ്രന്ഥം, ദൂരത്തുതള്ളപ്പെട്ട-
തായഭക്ഷ്യ,ഗാനങ്ങൾ നോവലും, പേപ്പർകളും
നിറഞ്ഞു സകലത്തുമുൾക്കൊണ്ടും, പൊള്ളയായും,
നിറയ്ക്കാനിശ്ശൂന്യത യാതൊന്നുമില്ലാതെയും
കിടക്കും പ്രപഞ്ചമേ! നാശകാരണത്തെക്കാൾ
കടന്നദോഷകര മെന്നപോൽദേഹാധ്വാനം
കൊണ്ടുഡിച്ചലോകമേ! ശാശ്വതമായസത്യം
രണ്ടടിദൂരെനിർത്തി, നിസ്സാരവസ്തുക്കളിൽ
കുടുങ്ങിവീർപ്പുമുട്ടിമരിക്കും പ്രപഞ്ചമേ!
കുടിലസയൻസിലോ, ചച്ചിലോ,കലയിലോ
ഭക്തിയില്ലെന്നഘോരരോഗപീഢിതമായും
വർത്തിക്കും പ്രപഞ്ചമേ! ഞാനൊന്നുചോദിക്കുന്നു;
കിഴട്ടുദ്രോഹി!ശനി! നിന്നോടുകൂടിമമ
തൊഴിലെന്തുള്ളൂ?ചൊൽക; ബന്ധമെന്തുള്ളൂ?ചൊല്ലു.

*   *   *   *

ദൂരത്തെവിടെയോ നിന്നാണെൻജീവൻെറ
സാരമിങ്ങെത്തിയതെന്നുതന്നെ
പാരംഞാൻകാണുന്നു; സർവ്വദാ മാററങ്ങൾ
ചേരുമതിനുടെ സുപ്രകാശം
പാരാതെലക്ഷ്യപ്പെടുത്തുന്നു മർമ്മര-
ചാരുതരാരാവം കേൾക്കുന്നുഞാൻ;
വാരിധിവീചികൾതാണ്ടികടന്നൊരാൾ
തീരത്തുവന്നൊരു കുന്നിൽക്കേറി
നേരേതിരിഞ്ഞുനിന്നത്തരംഗങ്ങളെ-
യോരോന്നുംലക്ഷ്യപ്പെടുത്തുന്നപോൽ.

*   *   *   *

അറുതികാണാത്തുള്ള ശാശ്വതവിശപ്പിതാ!
കുരാത്രിനീളവേയലറിൻ കാററുകളേ!

digitized by www.sreyas.in

അരണ്യക്ഷേത്രങ്ങളേ! പാറകൾ വിറപ്പിച്ച
തരിയായ്‌തകത്തലം വീടില്ലാഭ്രതങ്ങൾതൻ
അലച്ചസദാകാലം മുഴക്കിക്കേൾപ്പിക്കുവിൻ!
കലപവ്വതജന്യ ജലപാതവഗ്ഗമേ!
മേളമാന്നലറുവിൻ! കടലേഗജ്ജിക്കുക!
വിളറുംതാരങ്ങൾക്കു കീഴിൽനിന്നലറുക!
മൃത്യുവക്ത്രമേ!വരൂ! താഴെനിൻകര ളമാം
ഗത്തത്തെത്തുറന്നിട്ടു ഘോരാട്ടഹാസംചെയ്യൂ!
എന്നാലുംമഹാവിശാലാശയ!സവ്വോൽകൃഷ്ടം
നിന്നിടുംപ്രേമപ്രഭോ! സകലവനങ്ങൾക്കും
ഭൂധരാംബുധികൾക്കും മൃത്യുവിൻകറുപ്പേറും
ഭീതിദഗ്ഗഹകൾക്കു മുപരിതേജോവേഗാൽ
സഞ്ചരിച്ചീടുന്നുനീ; ക്ഷുൽപീഡാഭ്രാന്തങ്ങളാം
ചഞ്ചലവാതോമ്മികൾ സവ്വവുമവിടുത്തെ
നായാട്ടുനായ്ക്കൾമാത്രമല്ലാതെവേറൊന്നല്ലാ,
നീയൊരുസനാതനനായ നായാട്ടുകാരൻ.

* * * *

ഹേ!മനുഷ്യാ! മനുഷ്യൻതൻെറപൈതലേ!
വ്യാമോഹവൈവശ്യമഗാപ തംഗമേ!
വിഫലസ്വപ്നപദാത്ഥമേ! നിന്നെഞാൻ
ആഹ്ലാദസർവ്വോച്ചമൂദ്ധാനികേററുവൻ!
ഭൂതലരാജ്യങ്ങളൊക്കെയുംകാട്ടുവൻ,
ചേതസിമർത്ത്യക്കു ഗോചരമായുള്ള
സർവ്വരാജ്യങ്ങളും നല്ലപോലിന്നുഞാൻ
നിവ്യാജമൊന്നിച്ചു കാട്ടിത്തരാമഹം.
സ്നേഹിതാ! മൌനത്തിൽ നീളവേനോക്കുക!
ഹാഹാ!സകലവും കാണുക!നിൻെറയാം.

* * * *

കത്തുമീയഗ്നികെട്ടുപോകാതെയിരിക്കട്ടെ!
നൃത്തമാടുന്നുനിൻെറയുള്ളിൽ ഞാനതുകാൺമൂ;
മൃദുവാംതളിക്കിൽക്കൂടെ ജീവത്താമത്തീചാടി-
ക്കുതിച്ചുപൊങ്ങുന്നതു ഞാനുണ്ടാസ്വദിക്കുന്നു.
കത്തുമീയഗ്നികെട്ടു പോകാതെയിരിക്കട്ടേ!
ഭൃത്യരെയയയ്ക്കുനീ ഹോമദ്രവ്യാത്ഥംവേഗം-
നിൻനേത്രങ്ങൾതൻകാഴ്ച, കൈകളിൻനീട്ടൽ,പദാ-

digitized by www.sreyas.in

ത്തിന്നുടെയാട്ടംഗതി–ഇതെല്ലാമയച്ചാലും!
വിളിപ്പാൻനിന്നെച്ചെവി, വദിപ്പാൻനിന്നെനാവും
മേളിച്ചുപാഠിക്കട്ടെ! സകലപ്രയത്നവും
നിൻെറപക്കലുള്ളതു സർവ്വവുമൊന്നായ്പ്രേമ–
ത്തിൻെറകാലടികളിൽവെച്ചങ്ങു ഹോമിച്ചാലും!
ക്ഷീണിച്ചു പരവശനായിനീപതിക്കൊല്ലാ,
കാണിയെങ്കിലും ഭക്തിക്കിളക്കം തട്ടിടൊല്ലാ.
കത്തുമീയഗ്നികെട്ടുപോകാതെയിരിക്കട്ടെ;
മർത്ത്യമാംനിൻെറദേഹം, മരിക്കുംവ്യക്തിഭാവം
ചേർത്തതിലൊട്ടുക്കമായ് ഹോമിച്ചുകളഞ്ഞാലും!
സതാരം സകലതും ദഹിച്ചു നശിക്കട്ടെ!
കാണുക! ഹാഹാ!ചെറു രീപ്പൊരിവളന്നലം
കാണുക! സൃഷ്ടികളുള്ള ചൂളയിൽ മഹാഗ്നിയായ്;
സൂര്യതാരാദികൊണ്ടു നെയ്യെട്ടൊത്തൊരുനവ്യ–
വർണ്ണവസ്ത്രവും ചാർത്തിക്കൊണ്ടുനീ നിന്നിടുന്നു!
ഗേഹവും, കുടുംബവും, സ്വാതന്ത്ര്യവും, വഷ്ദീർഘല–
മോഹങ്ങൾ, സൌകര്യവും, സുഖവും ത്യജിച്ചേററം,
സല്പേരും, സൽക്കീർത്തിയും, ഉദ്ദേശങ്ങളും, പ്ലാനും,
കേൾപ്പെട്ടൊരു സുഹൃൽശബ്ദമൊക്കയും ദൂരെത്തള്ളി,
പ്രേമികളാശ്ലേഷിച്ചു കെട്ടുന്ന കരങ്ങളെ
നീമടിവിട്ടുപറിച്ചാകവേ ദൂരെമാററി,
എന്നാലുമതുകളെ മുമ്പിലേക്കാളും ദൃഢം
നന്നായി മുറുക്കിക്കൊണ്ടത്തിത്തൊട്ടിയിൽ വാഴ്ക!
കത്തുമീയഗ്നികെട്ടു പോകാതെയിരിക്കട്ടേ!
രാത്രിയിൽ നിളെപ്രേമസീമനി–പ്രേമമമ
സഞ്ചരിക്കുന്നുനിൻെറ ചുണ്ടുകൾ വഴിക്കേററം;
നെഞ്ചകത്തിലേ "ഞാൻ,നീ" ബോധമൊക്കെയുംപോയി;
ഒററനിദ്രയിൽ പുണർന്നൊററശ്വാസത്തിൽശ്വസി–
ച്ചൊററയായ്, നാഥനോടു കേവലമൊന്നായ്ചേർന്ന്
പരമോന്നതസ്വർഗ്ഗ വിശാല ലോകത്തേയ്ക്കു
പരിചിൽരണ്ടും ഉയർന്നങ്ങിനെ പോയിടുന്നു.

*　　*　　*　　*

പിന്നീടു പ്രഭാതത്തിൽ, സൂര്യനിൽ, അതിമാത്രം
ഉന്നതമാകുമദ്രിസാനുവിൽ രണ്ടാളുംനാം
ഭൂമിതൻതലേവീണ്ടും കാലടിചവിട്ടിക്കൊ–
ണ്ടാമോദപൂർവ്വംഹന്ത! നില്പതുംകാണാമല്ലൊ!

*　　*　　*　　*

digitized by www.sreyas.in

സ്വർഗ്ഗത്തിൻ കീഴ്ത്തട്ടാം പാത്തട്ടേ! നാഥൻെറ
തൃക്കണ്ണായ് ശോഭിക്കും സൂര്യദേവ!
അക്കൻ ശിശുക്കളേ! കൊച്ചുനദികളേ!
നൽക്കാന്തി കോലുന്ന പുഷ്പങ്ങളേ!
അന്യോന്യമല്ലാല്ലം കൺകളിലല്ലാല്ലം
അന്യോന്യം നാം നോക്കി നിന്നിടുന്നു.

*　　　　*　　　　*

ഒരു സാലഭഞ്ജികക്കൂടിൻെറ പുറത്തേ ലേഖനം.

## "Artemi Dous, Farewell"

നിന്നെ ഞാനൊന്നു നേരെ കണ്ടെങ്കിൽ–കാണാൻ തരം
എന്നിലൊന്നുണ്ടായെങ്കിൽ–നിൻശിരോരുഹമൊന്നു്,
നിൻകയ്യിൻ വിരലൊന്നു് കണ്ടെങ്കിൽ-നിൻചുണ്ടുകൾ
തങ്കൽനിന്നൊരു ചെറുവാക്കുകൂടി ഞാൻകേട്ടാൽ–
സകല ലോകങ്ങളെക്കാട്ടിലുമത്തു തുലോം
തികവാന്നല്ലോ! ഗുണപുഷ്കലഫലമാകും.
എന്നാലിന്നിതാ! പട്ടക്കാരാകും ഗുരുക്കന്മാർ
നിന്നെക്കയ്യേകത്താക്കി, നിൻതലമുഴുവനും
വിശുദ്ധമായ പട്ടുകൊണ്ടവർ മൂടിക്കെട്ടി–
ക്കേശവും, പ്രകൃതവും മറച്ചു സർവ്വസ്വവും;
പാണികൾ, വിരലുകൾ, ഭുജങ്ങൾ സമസ്തവും
തുണിയാൽപൊതിഞ്ഞഹോ! വരിഞ്ഞുകെട്ടി കഷ്ടം!
ഞാനിനിയെന്നോമനേ! കാണുകയില്ലനിന്നെ;
ന്യനമിനിയുമവർ ചെയ്യുതു പറയാം ഞാൻ,
സാലഭഞ്ജികപ്പെട്ടിപ്പുറത്തു നിൻെറ രൂപം
പോലെ വല്ലതും ചായംകൊണ്ടൊന്നു നിർമ്മിച്ചതു്
ജീവനില്ലാത്ത തോടിൻചുററിലുമെൻ പാണികൾ
നിവത്തു ചുററിക്കൊണ്ടുമെൻ ഹൃദയത്തെയതിൽ
തട്ടിച്ചുപൊടിയാക്കിത്തകത്തും ചുവർ തന്നിൽ
കെട്ടി ത്തൂക്കിടുമെന്നെകളിയാക്കുവാൻ പോലെ.

*　　　　*　　　　*

മുമ്പിൽ ഞാനതുലേശം വിശ്വസിച്ചതേയില്ലാ,
സമ്പ്രതി സകലതും കാണുന്നുണ്ടു ഞാനിപ്പോൾ;

digitized by www.sreyas.in

അതുപോൽ മറെറാന്നില്ലാ-സുഖലേശമില്ലന്യം-
നീ തവ വ്യക്തിചിന്ത സർവ്വവും ത്യജിച്ചാൽപോൽ;
എന്നാൽ നീയതംശമായ് വഞ്ജിച്ചാൽ മതിയാകാ,
കുന്നിപോലുമച്ചിന്ത സർവ്വവുമില്ലാതാകും.
നീ നിന്നെത്തീരെപ്പൂൎണ്ണമായിനിൻ പിന്നിൽത്തള്ളി-
ത്തനമന്യനെപ്പോലേ തന്നെയായ് ഭവിക്കേണം.
അവൎക്കു വേണ്ടും വസ്തു നിനക്കും വേണം, എന്നാൽ
എവൎക്കു കിട്ടിയാലുമൊരുപോൽ തോന്നീടേണം.
നിനക്കു മനസ്സിടിവപ്പൊഴുണ്ടാകാതെല്ലം;
ഞാനിതു ക്ഷണസാധ്യമാണെന്നു പറകില്ലാ,
എന്നാലുമതുപോലെ വേറൊരാനന്ദമില്ലാ-
ന്നൊമില്ലമറെറാട്ടും, നിശ്ചയം തന്നെ പൂൎണ്ണം
ആണതു നവീനമായുള്ളൊരു ജീവൻ; അതിൻ-
കണമെങ്കിലുമനുഭവിക്കാത്തവരാരും
അതിൻെറ പ്രകൃതമോ, സാരമോ ഗ്രഹിക്കുവാൻ
മതിയാവില്ല തെല്ലും, ചിന്തിപ്പാനുമാളാകാ.

* * * *

## കുരുടനായ ഒരുവൻെറ ശബ്ദം

അന്ധത! ഹാഹാ! നല്ലൊരന്ധത! ഭാഗ്യംകൊണ്ടു
സന്ധിച്ചു നമുക്കിപ്പോൾ! ലോകവുംഞാനുംതമ്മിൽ
വേർതിരിക്കുന്ന മറ കനത്തുനിന്നീടുന്നു!
സുതരാമതുനമ്മെ പ്രത്യേകമാക്കിത്തീൎത്തു.
ഞാനേകാന്തത്തിലെന്നോ? അല്ലല്ലാ! വന്നീടുന്നോ-
രാനന്ദം മമ വൎണ്ണിച്ചീടുവാനാരുണ്ടു ഹാ?
ഇനനമ്മെത്തകൎക്കുവാൻ ശക്തമാമടിയിതാ!
ഹാനിവിട്ടെൻെറ ബന്ധപാശങ്ങൾ പൊട്ടിച്ചല്ലോ!
ബദ്ധനായിരുന്നഞാൻ മുക്തനായ്ഭവിച്ചല്ലോ!
സതതരം! ഹൃദ്യം!-മമ കാമങ്ങളെല്ലാംപോയി-
ഇപ്പോൾസർവ്വവുംശാന്തം, സൽസമാധാനപൂൎണ്ണം,
കയ്പുടംകൊണ്ടു ചൂടുവെയിലിനാസ്വദിക്കാം,
നെററിയിലതുവീണുപോകുമ്പോൾ രസിച്ചീടാം.

* * *

അവരൊക്കെനമ്മോടിന്നധികമടുക്കുന്നു!
അവരെത്തേടിഞാനിന്നെങ്ങോട്ടും പോകാനില്ലാ!

digitized by www.sreyas.in

ഞാനെന്റെവീട്ടിൽ തന്നെയിരുന്നുംകൊണ്ടുവരാൻ
അനുവാദമേകുന്നു സകലത്തിനുമെന്നിൽ.

* * *

ദൂത! നീപറന്നാലും! കാൽത്തുവൽക്കാരാ! * ദൈവ-
ദൂത! നീപറക്കെടോ! നഗരവീഥിതോറും,
കരങ്ങൾപൊക്കിപ്പിടിച്ചത്യന്തവേഗശാലി
മാരുതപ്പാച്ചിലൊത്തുധീരനാം നീയോടുക!
നഗ്നനായ്, സൂര്യൻകീഴിലുള്ള പർവ്വതങ്ങളെ
ലഗ്നമാക്കിടുംനല്ല സുന്ദരപാദങ്ങളാൽ
മൈതാനങ്ങളും, വാരിരാശികൾതടങ്ങളും
നീ താണ്ടിക്കടന്നഗ്നിവിഴുങ്ങാനോട്ടംവണ്ണം
മലിനമാടങ്ങളും, പുകയും, ഭയങ്കര-
നിലയങ്ങളും ചേർന്നതെരുവീഥികളെഴും
വലിയനഗരങ്ങൾ പ്രാപിച്ചുഭയംമൂലം
ചലിക്കുംസംഖ്യാതീതനേത്രങ്ങൾകണ്ടുകൊണ്ടു്
ദൂത! നീപറന്നാലും! വേഗേന പറന്നാലും!
സുതരാംമോദം! സുഖം! എന്തുസന്തോഷവാർത്ത!

* * *

ഗൌനിച്ചുകൊള്ളുവിൻ! ഞാൻകൊടുംകാറ്റാണു്,
മാനിക്കയില്ലഞാൻ നിങ്ങടെ സ്വത്തുക്കൾ;
നിങ്ങൾസമ്പത്തശേഷം പരിഹാസ്യമാം
സംഗതിയാക്കിക്കടന്നുഞാൻ പോയിടും;
സ്വത്തിന്റെശാപങ്ങൾ നിങ്ങളെബന്ധിക്കു-
മത്രയുംപോരാ, പറയാം മുറയ്ക്കുഞാൻ.
ഭാരംവഹിക്കുന്ന നെറ്റിയും, ദുർഭര-
ഘോരഘനഹൃദയത്തെയും ഭേസീട്ടു
ക്ഷീണിച്ചനാഹ്ലാദമുല്ലാസഹീനരായ്
കേണുഴന്നാങ്ങിനെ, നിങ്ങൾസുഖത്തിനായ്
ഞാൻതന്നെഭൂമിയിൽ കേവലമന്യനായ്
നീന്തിയിഴഞ്ഞുനരകിച്ചു വാണിടും.
നിങ്ങൾതോട്ടത്തിലേ വൃക്ഷങ്ങടെ ശിഖ-
രങ്ങളിൽ സ്ഥാനംപിടിച്ചു സ്വതന്ത്രരായ്
നന്ദിച്ചു കൊച്ചുപതംഗങ്ങൾ പാടിപ്ര-
സന്നരായ് മേളിച്ചുവാഴും ഭയംവിനാ;

* ഇതിഹാസത്തിലെ Mercury.

digitized by www.sreyas.in

ഭൂമിയുഴുന്നോരു ബാലൻ പണിചെയ്യു–
യാമോദമാൎന്നങ്ങു ചൂളംവിളിച്ചിടും;
നീയ്യോ? മുഷിഞ്ഞുവലഞ്ഞുകൂട്ടെന്നിയേ,
വയ്യെന്നു സൎവ്വാലുംപരിത്യക്തനായ്,
മാനുഷവൎഗ്ഗത്തിനൊക്കെയുംശത്രുവായ്,
ദീനനായ്കാലംകഴിക്കുമനാരതം.
എൻകുട്ടികൾതന്നിലേററംചെറുതേക–
മെങ്കിലുംനീ മാററിനിൎത്തി നിന്നെസഹായം
വേറിട്ടുടയ്ക്കാൻ ശ്രമിക്കുകിലത്രയ്ക്കു–
മാറിയടഞ്ഞുനീ നിന്നിടും ജ്ഞാനമായ്;
സൎവ്വജനാവലിയായപ്രഭുവഹം!
പൎവ്വതമൊക്കെയുമെൻറസിംഹാസനം!

ഞാനൊഴിഞ്ഞേതെടത്തു ശാന്തിയെന്നുള്ളതിൻ
സ്ഥാനമശേഷവും കാണില്ല നിശ്ചയം.
ആരോഗ്യമെന്നുവിളിക്കുമാരോഗ്യമു–
ണ്ടേററെനിനക്കെന്നുചൊല്ലുമെന്നാകിലും
എന്നെവിട്ടുള്ളോരുദേഹസൌഖ്യം രോഗ–
ചിഹ്നങ്ങളെ മൂടിവെക്കുന്ന മൂടിയാം.
നശ്വരമായുള്ള സക്തികൾതട്ടാതെ,
വിശ്വത്തിലൊട്ടാതെ ഭ്രമൌചരിക്കയും,
ചിത്തസാമ്യാവസ്ഥപോകാതെ സൎവ്വവു–
മൊത്തുസമ്പൎക്കംമുറപോൽവഹിക്കയും,
കൎമ്മേന്ദ്രിയങ്ങളും ജ്ഞാനേന്ദ്രിയങ്ങളും
സമ്മുക്തമാക്കി സദാപിരക്ഷിക്കയും,
എല്ലാംകൊടുക്കയും, എല്ലാമെടുക്കയും,
എല്ലാംഭുജിക്കയും, എല്ലാംരസിക്കയും,
ഒന്നുമേ യാചിച്ചിടാതെയു,മൊന്നിലും
ഖിന്നതകൊണ്ടു പരിഭ്രമിക്കാതെയും
പ്രേമാനുഗാമിയല്ലാതെയും, സൎവ്വത്ര
പ്രേമമുഴന്നു പുറകേവരുന്നതു
കണ്ടുകൊണ്ടും, സദാ ജീവിച്ചുകൊൾകയും—
കണ്ടാലുമീവിധം വാഴുംമനുഷ്യനെ
സൃഷ്ടിജാലങ്ങളശേഷം നമിച്ചിടും,
വിഷ്ടപവാസികളാശീൎവ്വദിച്ചിടും.

* * *

digitized by www.sreyas.in

# വാർദ്ധക്യകാലം.

ഇപ്പുഴകിയതോട്ട് പൂർണ്ണമായ് യോജിക്കുംമേ;
നിൽപുഞാൻഒളിച്ചിഹപത്തുങ്ങിക്കാത്തുംകൊണ്ടു്;
ഈമൂടിതന്നിൽക്കൂടി എന്റെതൽസ്വരൂപത്തെ
ധീമാനാരുള്ളൂ ചിന്തിച്ചൂഹിപ്പാൻ വഴിപോലെ?
മധുരമർത്ത്യജീവിതത്തിലേയളവററ-
പാതകൾവഴി മേലുമലഞ്ഞുതിരിയുവാൻ
ദൃഷ്ടിഗോചരമല്ലാത്തൊപ്പിയാണിതു്; വൃദ്ധ-
ച്ചട്ടയോ? വാർദ്ധക്യമോ?—അല്ലല്ലാ! നിത്യംസത്യം.
ഇതുബാഹ്യമായ് മാത്രമുള്ളതാ,ണെന്നാൽ ഞാനീ-
സ്ഥിതിചെയ്യുന്നസ്ഥാനം യൌവ്വനമന്തഹീനം.
നീന്തുന്നമത്സ്യങ്ങളെക്കൈക്കൊള്ളുമബ്ധിയെപ്പോൽ
സന്തോഷമാൻനിന്നെക്കൈവരിക്കുന്നുഹന്ത!
നിൻപ്രവൃത്തികൾക്കൊന്നും മാപ്പുചോദിക്കാനില്ലാ,
ഞാൻപരംതാങ്ങീടാതെ നീയെങ്ങുംവസിച്ചില്ലാ,
നിനക്കോപാർത്താലെന്റെ അതിരിന്നകത്തുന്നു
നിന.വിൽപോലും മാറിനില്ക്കുവാൻസാധിക്കില്ലാ-

... ... ...

ഭൂരുഹശിഖിരങ്ങൾതന്നിലപ്പുകലെല്ലാം
ഇരുന്നുഗാനംചെയ്യും പക്ഷിയെപ്പോലെപാടി
ലോകമൊക്കെയുംനോക്കി പ്രശംസാവർഷംചെയ്യു-
മേകനാണുഞാൻ; അതുകേൾക്കുമ്പോൾസുഖമായി
ഇലകൾപൊടിക്കുന്നു, മൊട്ടുകൾവിടിരുന്നു,
മുളകൾവളരുന്നു — ഞാനൊന്നുംചെയ്യുന്നീലാ.
എങ്കിലും അവയുടെയിടയിൽവസിച്ചുഞാൻ
ഭംഗിയായ് പാട്ടുംപാടി വിഹരിച്ചുവാഴുന്നു.

* * * *

നീയെന്നെയെങ്ങുപിടിക്കുവാൻപോകുന്നു?
കയ്യിലോ? കാലിലോ? വേറെങ്ങുമോ?
വ്യക്തിപരമെന്നഹങ്കാരംതന്നിലോ?
വ്യക്തമായ് ചിന്തിച്ചുചൊല്ലുമെല്ലോ!
എന്നാത്മബോധമാംകണ്ണാടിക്കൂട്ടിലി-
ട്ടെന്നെയടയ്ക്കുവാൻ മോഹമുണ്ടോ?
നോക്കുക! ഞാനെന്റദൃഷ്ട്യങ്ങൾസ്പഷ്ടമാ-

digitized by www.sreyas.in

യൊക്കെയും സമ്മതിച്ചേററുകൊള്ളാം;
എൻകൈവിലങ്ങുനിബന്ധിപ്പതിന്മുമ്പേ
ശങ്കകൂടാതെ ഞാൻതന്നെകെട്ടാം!
ഞാനഹങ്കാരിയും, വഞ്ചകനും, ഭയ-
വാനുമാണെങ്കിലും — മുക്തനാകും;
കൈവിലങ്ങൊന്നുമേ ബാധിക്കയില്ലമാം,
കൈവിരൽമൂടിയിൽനിന്നെന്നപോൽ
ഞാനെന്നെയെൻെറകരങ്ങളിൽനിന്നിട്ടു-
താനേ വലിച്ചുപുറത്തെടുക്കും!
എൻപ്രശസ്തഗുണശ്രേണിയാകും പൊള്ള-
ക്കമ്പിളിമൂടുപടത്തിൽനിന്നു്
പിമ്പിൽനിന്നു സ്വയംനാട്ടുകടത്തിടും,
സാമ്പ്രത മെൻവഴിപോയിടുംഞാൻ;
പിന്നിൽഞാനെന്തുകളഞ്ഞെന്നുനോക്കാതെ-
യുന്നതിയിങ്കലേയ്ക്കങ്ങുപൊങ്ങും;
ലോകത്തെച്ചുററിയും, താങ്ങിയുംനില്ക്കുന്നൊ-
രാകമ്രമാം വായുമണ്ഡലത്തിൽ
മാദകചൈതന്യംഹൃദ്യംശ്വസിച്ചതി-
മോദമവാച്യംപ്രദാപ്രപൂർണ്ണം
ശുഷ്കപത്രങ്ങളെമുമ്പിലോടിച്ചുകൊ-
ണ്ടുക്കോട്ടപായുന്നകാററുപോലെ,
ഞാനങ്ങുപോകുന്നു, ഞാനെൻവഴിനോക്കി-
യൂനമൊഴിഞ്ഞിതാ! പൊയ്ക്കഴിഞ്ഞു.

... ... ...

സത്യത്തിലേയ്ക്കുമമയാത്രമുടക്കുവാൻനീ
ബദ്ധപ്പെടേണ്ട, ഫലമില്ലതിദുഃഖമേററും;
ശക്തിക്ഷയാദ്യഖിലപാപമശിച്ചുമീഞാൻ
അത്യച്ഛമങ്ങിനെകരേറുമശങ്കമെന്നും.

* * * *

നിന്നുടെയാത്മാവിൻെറ സ്വാതന്ത്ര്യംകെടുക്കുകിൽ
ഖിന്നതയേകീടുന്ന രോഗംതാൻ പ്രേമം നൂനം;
അതിനെനിൻെറ പരിചാരകനാക്കിത്തീർത്താൽ
നിതരാം പ്രാപഞ്ചികവിസ്മയസംഭവങ്ങൾ
നിൻകൈവെള്ളയിൽവന്നുകിടക്കുംപോലെയാകും;
നിങ്കലാഗ്രഹമുണ്ടോ സൌന്ദര്യശാലിയാകാൻ?

digitized by www.sreyas.in

എങ്കിൽനിൻമൂടികളെപ്പററിച്ചുമാററിടുക!
നിങ്കോലം കൂട്ടുകളിൽ ഇനിമേൽ മറയ്ക്കൊല്ലാ;
ജ്ഞാനവൎദ്ധനവൊട്ടും സൌന്ദൎയ്യം വൎദ്ധിപ്പിക്കാ,
മാനസേഗണിച്ചാലും!, ഭക്ഷണം ഭുജിക്കുന്ന
നീയ്യാണാഭക്ഷണത്തെ സജീവമാക്കുന്നതു്
പൊയ്യല്ലാ, മറിച്ചല്ലാ, ഭക്ഷണം ജീവൻതരാ.

*　　*　　*　　*

ജീവിതം, പുരോഗതി, പരിവൎത്തനമെന്നീ-
വിവിധമുപാധികൾ ഏതൊരു പരമമാം
ലക്ഷ്യത്തിലേയ്ക്കുതവ ഭാഗ്യത്തെ പണിയുന്നു
കാൽക്ഷണമതിൽനിന്നു മാറുവാൻ നിനക്കാകാ.

പ്രകൃതിക്കതെറേറശ്ശും സ്ഥാനമില്ലെങ്ങുമൊന്നും;
പ്രകടവിവക്ഷയിൽ തെററിപ്പോം ചട്ടമില്ലാ;
അന്യോന്യാകൎഷണത്തിൽ രസധാതുക്കൾ പിഴ-
യ്ക്കുന്നില്ലാ; അതിൽനിന്നുമാറുവാൻ നിനക്കാകാ.

ജീവിതലക്ഷ്യംതവ മാററുവാൻ മാററങ്ങളോ,
വിവിധസ്ഥിതികളോ ശക്തങ്ങളല്ലാ ലേശം,
നീയെന്താമെന്നും, നിനക്കെന്തുപ്രാപ്യമാമെന്നും,
നിയമേനനിശ്ചിതം; മറിക്കാൻസാധിച്ചീടാ.
എന്തെന്നാൽ മുഴുവനുംപൂൎത്തിയാക്കുവാനത്രെ
സന്തതമംശങ്ങടെയാന്തരോദ്ദേശം സൎവ്വം;
അതിനാൽ നിനക്കുള്ളലക്ഷ്യത്തെ മറക്കുവാൻ
സാധിയാ; അതിൽനിന്നു മാറുവാൻ നിനക്കാകാ.

*　　*　　*　　*

മനുജൎത്തരാത്തുള്ള ഭക്ഷണം ഭുജിച്ചാലും;
നിന്നിൽനിന്നോടിപ്പോകും വസ്തുക്കൾ വിട്ടോടുക!

യാതൊന്നും തേടിക്കൂടാ! — ശ്രേയസ്സുനിന്നെത്തേടും;
സമുദ്രംകഴകീട്ടോ, നാവംശത്തെക്കീറി-
മുറിച്ചോ തിരയേണ്ടാ, കവിമിത്രങ്ങൾകാണ്മാൻ.
കണ്ടാലു,മവർനിന്റെ വാതുക്കൽ കാത്തുനിൽപ്പൂ!
കണ്ടാലു,മവർനിഴൽ നിലത്തുപതിക്കുന്നു!
നിനക്കു സൎവ്വസ്വവുംതരുന്ന രക്ഷിതാവെ
നിൻകുടിൽഭിത്തികൾക്കുപുറത്തുനീ തേടേണ്ടാ!.
മരുഭൂവിലെ മഞ്ഞനിലത്തു വാതുക്കൽനീ

digitized by www.sreyas.in

മരുവുന്നേരം, കാലവഞ്ചകൻ വൃഥാമൂടി
ഒളിച്ചുസൂക്ഷിക്കുന്ന രഹസ്യങ്ങളൊന്നങ്ങു
വെളിവായ്നിന്നുകാണാം; സംശയംതോന്നീടേണ്ടാ
അടിമവസ്ത്രംചുററി വീട്ടുവേലതേചെയ്യാൻ
കൂട്ടമായനുഗ്രഹശാലി ദേവന്മാരെത്തും!

---

പ്രാരംഭമെല്ലാത്തിനുമീയഹംതാൻ,
ആണ്ടെന്നിൽനിന്നാണുരുളുന്നതെല്ലാം,
എന്നിൽഭവിക്കുന്നു നരൻ, മഹേശൻ,
സർവ്വസ്വാമീഞാൻ, സമനേതിലുംഞാൻ.

... ... ...

മാറുന്നുദൈവം, നരനുണ്ടു മാററം,
രണ്ടിൻസ്വരൂപങ്ങളുമൊന്നുപോലെ
വെറും ശരീരാത്മകമാണു,ഞാനോ
രണ്ടിൻെറയും കേവലസത്തതന്നെ.

* * *

ഭൂമിതൻതലമുണ്ടായ്‌വന്നതിനൊക്കെപ്പണ്ടേ,
സമുദ്രമുണ്ടായ്ത്തീർന്ന കാലത്തിനെല്ലാംമുമ്പേ,
മൃദുവാംതൃണത്തിൻെറ രോമമുണ്ടാകുംമുമ്പേ,
പാദപരമ്യശിഖരങ്ങളുണ്ടാകുംമുമ്പേ,
എന്നുടെകൊമ്പുകളിൽ മാംസവർണ്ണമായ്കായ്കൾ
വന്നുദിച്ചീടുംകാലഘട്ടത്തിനെല്ലാംമുമ്പേ,
ഞാനുണ്ടായിരുന്നല്ലോ! നിന്നുടെയാത്മാവെന്നിൽ.
താനിരുന്നിതു; പ്രാരംഭസ്ഥനാമെന്നിൽ ജീവൻ
നീന്തിയും, തുടിച്ചുംകൊണ്ടാദ്യമേചുററിത്തിരി-
ഞ്ഞെന്തുമൊന്നറിയാതെ കറങ്ങിവിഹരിച്ചു.
അതിനെരക്ഷിക്കാനോ, നഷ്ടമാക്കീടുവാനോ
മതിയാംശക്തിയെല്ലാമെന്നിൽതാനുണ്ടായ്ത്തീർന്നു.
മനുജൻ, മാനിനിയും, കാനനജന്തുവർഗ്ഗം,
ജനിച്ചു പക്ഷികളും സകലമെന്നിൽനിന്നു്;
ഈശ്വരനുണ്ടാവുന്നകാലത്തിൻമുമ്പേതന്നെ
ശാശ്വതനാഹം വർത്തിച്ചിരുന്നു നിരന്തരം;
എന്നുടെസമീപത്തോ, മേലെയോ പൊയ്യോകുവാ-
നൊന്നുമേനാസ്തി; എന്നെസ്നേഹിച്ചാൽ, ഇല്ലെങ്കിലും,

digitized by www.sreyas.in

അറിഞ്ഞാൽ, ഇല്ലെങ്കിലും, യാതൊന്നും വരാനില്ല.
അറിയൂ! മമസ്നേഹദ്വേഷങ്ങൾപാത്രം ഞാൻതാൻ
അടിക്കപ്പെട്ടുന്നതു ഞാൻതന്നെ,യത്നംപോരാ
അടിയുംസൂക്ഷ്മംപാർത്താൻ ഞാനല്ലാതൊന്നുമല്ലാ;
തെററിമാറുന്നലക്ഷ്യം, തെററുന്നോരസ്ത്രങ്ങളും
തെററാതെമുഖത്തേല്ക്കും ചുംബന,മതിൻശ്വാസം
തേടലും,തേടുംവസ്തു, തേടുന്നകർത്താവുംഞാൻ,
ഉടലായിരുപ്പതുമാത്മാവുമഹംതന്നെ.
ആശീർവ്വാദങ്ങൾനൽകുംവസ്തുവുംഞാനാകുന്നു,
വിശദമാഹ്ലാദിപ്പൂമാമകംചൈതന്യംതാൻ;
സൃഷ്ടിക്കപ്പെടാക്കൈകൾകൊണ്ടുഞാൻതലോടുന്നു,
ദിഷ്ടത്തിൻവലിപ്പംഞാനസ്സൂക്ഷ്മേന്ദ്രിയങ്ങളാൽ
അളന്നുംകൊണ്ടുതന്നെയെപ്പൊഴുംവിലസുന്നു,
അളവററുഞാനൊന്നുമാത്രമാണുകണ്ടാലും!
എന്നാൽനീയിപ്പോളെന്തുചെയ്യുന്നു? "ഞാൻഞാനത്രേ,
തന്നേനീനീ, ഞാൻനീചൻ, നീയതിശ്രേഷ്ഠ"നേവം
ഈശ്വരൻതന്നെനോക്കിവിളിച്ചുജല്പിക്കുന്നോ?
നിശ്ചയംഞാൻനീതന്നെ, നീതേടുമവൻഞാൻതാൻ
നീനിന്നെയല്ലാതെകണ്ടാരെയുംനോക്കാനില്ലാ,
ഞാനാണ്‌നീയോർക്കെടോ! ശങ്കതോന്നേണ്ടാതെല്ലും.
വിത്തുക,ളുഴവുചാൽ, ഉഴുതമൺകട്ടകൾ,
കൃത്തുള്ളനകത്തിൻെറമുഖവുമഹംസർവ്വം;
ബീജവും,നിലം,വേലക്കാരനും,പൊടിയായി
രാജിക്കമീശ്വരനും, ധാന്യവുംവിതപ്പോനും
പ്രവൃത്തി,പ്രവർത്തകൻ, സകലത്തിനുംവിത്ത്—
ഇവയൊക്കെയുംനോക്കൂ! ഞാനല്ലാതൊന്നുമില്ലാ.
മണ്ണിൻെറകീഴിൽശിശുവായിരുന്നനിന്നെഞാൻ
നിന്നീതത്രൂപനാക്കിയെങ്ങിനെ? അറിയുന്നോ?
നിന്നെയുദ്ദീപിപ്പിച്ചവഹ്നിയും,കെട്ടിക്കൊണ്ടു
നിന്നോരുകാരിരുമ്പും, തമസിജലത്തിന്‌
ഉണ്ടായമാററങ്ങളും—ഈവകകളിൽ എന്തു
കണ്ടുനീ? നീയെന്തൊന്നുഗ്രഹിച്ചൂ?ചിന്തിച്ചാലും.
എന്തൊരുകലാതന്ത്രവിദ്യകൾകൊണ്ടുപിന്നീ-
ടെന്തൊരുവിധംനിൻെറസൃഷ്ടിയുണ്ടായിതെന്ന്‌
നിൻെറകണ്ണുകൾകൊണ്ടുനീകണ്ടിട്ടുണ്ടെന്നെടോ!
നിൻെറയന്തരംഗത്തിൽനിനക്കുപറയാമോ?
എന്തുശക്തികൾമൂലംഎന്തൊരുവസ്തുകൊണ്ട്‌

digitized by www.sreyas.in

നിൻതനുരൂപം വാർത്തുവെന്നതുംചൊല്ലീടാമോ?
എന്നുടെനെഞ്ചിൽനിന്നുംകൊണ്ടുമേൽ ആകാശങ്ങൾ
നിന്നെക്കാട്ടുന്നതെന്തുശക്തിയെന്നോതീടാമോ?
എന്നെപ്പററിയാർതന്നുജ്ഞാനംതേ? ക്രയംചെയ്തു?
നിന്നോടുവനംതാനോചൊന്നതുസമുദ്രമോ?
രാത്രിയുമായിസ്സതാദരേണസംഭാഷിച്ചോ?
വിദ്യകൾനിന്നോടുണ്ടോപറഞ്ഞുരഹസ്യമായ്?
ഞാൻനിന്നെയിപ്പോൾകാണിക്കുന്നതുദൂരത്തിങ്കൽ
നിന്നുകാണുവാൻനിന്റെനെററിയിൽപ്രകാശത്തെ
ചൊരിയുംനക്ഷത്രംഞാൻ സ്ഥാപിച്ചോ?ലബ്ബമോതേ
ഗിരികൾരവിയുമായ്സോദരസംഭാഷണം?
എന്തൊന്നുണ്ടിവിടെന്നുനീയറിയുന്നോ? അതു-
മെന്തായിട്ടിരുന്നിതു? ധരിച്ചിട്ടുണ്ടോനീതാൻ?
ദീർഘദർശിയോ,കവിവര്യനോ,പട്ടക്കാരോ,
'മുക്കാലി'സ്ഥാനങ്ങളോ,മാംസമോ,ചൈതന്യമോ,
രാജാവിൻസിംഹാസനസ്ഥാനമോചോദ്യങ്ങൾക്കു
ദയാജിപ്പായ്മറുപടിചൊല്ലുകയുണ്ടാകില്ല.
നിന്നുടെമാതാവല്ലാതാരുമുത്തരംനൽകാൻ
പോന്നവരില്ലാചൊല്ലാം,സംശയംതോന്നീടേണ്ടാ.
മാതാവു്!;സ്രഷ്ടാവില്ല;സ്വയംഭൂ!,സൃഷ്ടിയല്ലാ;
ഭീതിയോ,ദുഷ്ടാകർഷശക്തിയോകൊണ്ടുതന്റെ
കുട്ടികൾ അവൾതന്നെക്കൈവിട്ടുപോയിസ്വന്ത-
മിഷ്ടം ദൈവങ്ങളോടുപ്രാർത്ഥിക്കാൻതുനിഞ്ഞാലും,
അങ്ങിനെപ്രാർത്ഥിപ്പോരെക്കുറിച്ചുമാതാവിനു്
സംഗതമാകുന്നില്ലലേശവുംഭ്രമമുള്ളിൽ,
വിശ്വാസപ്രമാണമോ കേവലമൊരുകമ്പു്!
വിശ്വത്തിൽകിരീടങ്ങൾരാവിനുള്ളവയത്രേ!
എന്നാലീവസ്തുസാക്ഷാലീശ്വരൻതന്നെ,നിന്റെ-
യുന്നതശക്തികൊണ്ടുമനുഷ്യനായീടാനും,
നിന്റെചൈതന്യത്തിന്റെബലത്താൽവഴിപോലെ
നിന്റെയുല്ക്കർഷത്തിലേയ്ക്കുയന്നുവളരാനും,
പ്രകാശംപോലെനിന്റെജീവനെഉപജീവി-
ച്ചാകവേജീവകാലംനയിക്കദൈവമായി.
നിന്നിലുള്ളൊരാത്മാവുപറയുംപ്രകാരത്തിൽ
നിന്നെസ്സംരക്ഷിപ്പാൻതാൻനിന്നുള്ളിൽവസിക്കുന്നു.
ഞാൻനിനക്കുതന്നപോൽ,നിന്റെജീവരക്തവും
നിന്നുടെപ്രാണങ്ങളും,നിൻപ്രയത്നങ്ങൾക്കുള്ള

digitized by www.sreyas.in

പച്ചയാംദലങ്ങളും,നിൻചിന്താഫലങ്ങളാം
സ്വച്ഛപുഷ്പജാലവും,മരണജന്യങ്ങളാം
ശോണപക്വമൊക്കെയും നീയുംവീഴ്ച്ചകൂടാതെ
ചേണിയന്നേകിയാലും! അതുതാൻസദായുക്തം.

നിനക്കുഞാൻനൽകുന്നമാർഗ്ഗങ്ങൾവഴി നീ വൃ-
മെനിക്കുതന്നീടുക!; നിന്നുടെസ്വാതന്ത്ര്യമാം
ജീവനമതുപോലെസ്വാതന്ത്ര്യമായിത്തന്നെ
കൈവിട്ടുദാനംചെയ്ക; പ്രഭുവിന്നടിമയോ,
അടിമയ്ക്കായിയജമാനനോകൊടുക്കുംപോൽ
കൊടുത്തുകൂടാനിന്നെയെന്നിലേയ്ക്കൊരിക്കലും.

അല്ലയോ!ബഹിഷ്കരണത്തിന്റെകുഞ്ഞുങ്ങളേ!
നിർല്ലോഭപരാഭവപരിച്ഛന്നാത്മാക്കളേ!
നിത്യമായ്നിലനില്ക്കാനുദ്ദിഷ്ടമായദീപ-
മസ്തമിക്കുന്നുവെന്നുനിങ്ങൾകാണുന്നുവെങ്കിൽ,
കടന്നുപോമന്ധകാരാതതിയും,താരങ്ങളും
സ്ഫുടമായ്കാട്ടിപ്രകാശിച്ചൊരുസൂര്യൻതന്നെ
നിങ്ങൾക്കുകാണുവാനുംഭംഗിയായ്ഗ്രഹിക്കാനും
സംഗതിവരുന്നതല്ലെന്നുടൻധരിച്ചാലും.

രാത്രിയിൽക്കൂരിരുട്ടിൻമാർഗ്ഗത്തിൽതപ്പിത്തപ്പി
കാൽത്തളംവെച്ചുനിങ്ങൾചരിക്കുന്നതുകണ്ടു്
വെളിച്ചംതരാനായിട്ടാകാശപ്രദേശത്തു്
കൊളുത്തിവെച്ചദൈവമെന്നൊരുനിഴലീഞാൻ;
എന്നാലപ്പൂരുഷത്വത്തിന്നുടെസുപ്രഭാതം
വന്നുദിച്ചല്ലോ,കാണാമാത്മാവേനിഴലെന്യേ.

സഹസ്രമൂലമായിച്ചുവന്നപഴങ്ങളും
വഹിച്ചു,പത്രാവലിനിറഞ്ഞു,വിയന്മാർഗ്ഗേ
വളർന്നുപൊങ്ങീടുന്നചേതനാതരു വീഞാൻ;
തെളിവായ്മമദലതതിതൻചാറാണല്ലോ
നിങ്ങടെജീവൻമുളയ്ക്കുള്ളിലായിരിക്കുന്നു,
നിങ്ങൾക്കുനാശംവരാ,നിങ്ങൾജീവിക്കുംനൂനം.

കാരുണ്യംകാട്ടിക്കൊണ്ടും, ക്രോധകാലുഷ്യംകൊണ്ടു
ശരിയായ്ദണ്ഡിപ്പിച്ചും,പൊറുത്തും,നശിപ്പിച്ചും,
വാങ്ങിയുംകൊടുത്തുംകൊണ്ടങ്ങിനെമരുവുന്ന
നിങ്ങൾസങ്കല്പസൃഷ്ടിയിഷ്ടദേവന്മാരെല്ലാം;
അടർന്നുതാഴെവീണുനശിക്കുംതോലിതിന്നു
തടിച്ചുജീവിച്ചീടും കീടങ്ങൾഅവരൊക്കെ;

digitized by www.sreyas.in

ആയവർജീവിക്കില്ലാ,നശിക്കുമെല്ലാവരും;
ആയതിൽനിനയ്ക്കേണ്ടാസംശയംലവലേശം.

എൻത്വഗിന്ദ്രിയത്തിങ്കൽഭവിക്കുംമുറിവുകൾ
ബന്ധിച്ചുശമിപ്പിക്കുമെന്നുടെസ്വാന്തരക്തം;
മാമകശിഖരാളിക്കകത്തുപെട്ടുംതാര-
സ്തോമങ്ങളിരുട്ടിനെപ്പകലാക്കിനിർത്തുന്നു.
ഭാസ്കരോദയംവന്നിട്ടവയിൽക്കാണും തീകൾ
കാൽക്കടിഞ്ഞെക്കിത്താഴ്ത്തി തീപ്പൊരിയാക്കുംവരെ
അവയെ സൂര്യന്മാർപോൽ സർവ്വരും ഭക്തിപൂർവ്വം
വിവിധമാരാധിച്ചു പൂജിച്ചുവസിച്ചീടും.

ചൈതന്യംനിറഞ്ഞുള്ള തരുമൂലങ്ങൾകീഴിൽ
മൃതകാലങ്ങളൊളിച്ചുമൻകിടക്കുന്നു,
എന്നന്ധതാമിസ്രത്തിലിടിതൻനാദംശക്ത്യാ
നന്നായിട്ടെന്നെ പ്രകാശിപ്പിച്ചുമരുവുന്നു,
എൻതരുശിഖരങ്ങൾതങ്ങളിൽ അടിക്കുമ്പോൾ
സിന്ധുവിൻതരംഗാളിധ്വനികേൾക്കുന്നു നിങ്ങൾ.

ആധ്വനി കാലത്തിന്റെ* ശബ്ദമാണ,വൻ തന്റെ
നൽത്തൂവൽകളൊക്കെയുംപരത്തി നാലുപാടും,
തലയ്ക്കുമീതെയുള്ള കമ്പുകൾക്കിടയൂടെ
വലിഞ്ഞുകയറുവാൻ പാദങ്ങൾവെച്ചീടുന്നു;
എൻപത്രാവലിയവൻ ചുററിലും മണിനാദ-
സമ്പ്രദായത്തിൽതട്ടി മർമ്മരംമുഴക്കുന്നു.
അവന്റെ പാദപാതംകാരണം ശിഖരങ്ങൾ
വിവിധംവളയുന്നു താണുതാണതിവേഗം.

കാലങ്ങളുടെ കൊടുങ്കാററിന്റെ തരംഗങ്ങൾ
ബലമാന്നെന്നിൽക്കൂടിയൂതിപ്പോയ്നശിക്കുന്നു,—
ഉറഞ്ഞുപായും രണവാതമെൻശിരോരുഹ-
നിരകളഴിച്ചുടയ്ക്കുന്നതിൽമുമ്പും, പിന്നെ
ശാന്തമാം വസന്തജവാതമെൻ പൂമൊട്ടുകൾ
കാന്തമായ്‌വികസിക്കുംമുമ്പിലും, ഒരുപോലെ.

സകലമാററങ്ങൾതൻ സകലനിനാദവും,
സകലധരാധരനിരകൾമുകളിലും,
അരുവികളാൽ മുറിഞ്ഞുള്ളൊരുച്ചങ്ങളിലും
മരുവും പ്രകാശവും, നിഴലും നിഖിലവും

* കാലന്റെ

മാരുതജിഹ്വയാകുമെൻജിഹ്വ മുഴക്കുന്നു
ഘോരവർഷാംഭോദത്തിൻഭാഷ ഭൂകമ്പരാവിൽ.
    നിഖിലമുഖങ്ങൾതൻ നിഖിലരൂപങ്ങളും,
    നിഖിലകരങ്ങളാം എൻകൈയിൻകൃതിയത്രെ;
    കാലപീഡിതങ്ങളായ്ത്തേടാവതല്ലാസ്ഥല-
    ജാലത്തിലുള്ള സർവ്വജന്മമൃത്യുകൾപിന്നെ-
    സമസ്തഭരണങ്ങൾ സമസ്തനാശങ്ങളും
    സമസ്തമെന്നിൽക്കൂടി വീഴുന്നു മണൽപോലെ.

എന്നുടെഭാരം ഘോരം —നിന്ത്രഹത്തിലുമേററം;
എന്നുടെ വളർച്ചയാൽ ഫലമില്ല ലാഭവും;

എന്നാലും വളരുകമാത്രമാണെൻെറ പണി,
എന്നുമായതുഭംഗ്യാ നടത്തുന്നു ഞാൻകൃത്യം,
ഉയരെയടിക്കുന്ന മിന്നലോ, കീഴെവീണു
ചീയുന്ന മൃത്യുകീടഗണമോ ബാധിക്കാ മാം.

അതുകൾക്കെന്നിൽസ്ഥാനമുണ്ടെനിക്കവയിലു-
ള്ളതുപോൽതന്നെ; മമ ഹൃദയത്തിലെത്തിയും,
തരുവിലുള്ള ചാറാംരക്തവുമുൾക്കൊള്ളുന്നു
പെരുകുംനാദങ്ങളും, അളവില്ലാതെയുള്ള
സമുദ്രഭൂമീഭാഗങ്ങളുടെ ഗർഭത്തിങ്ക-
ലമരും രഹസ്യങ്ങളൊക്കെയും നിഷ്കൃഷ്ടമായ്
    ലീലാലോലമായ് മമമാനസം വിഹരിച്ചു
    കാലത്തിൽവസന്തവർണ്ണാങ്കിതഘടികയിൽ,
    സുന്ദരപുഷ്പാളികൾ ദിനാബ്ദശതംകൊണ്ടി-
    ട്ടെന്നിൽനിന്നുണ്ടായ്പൊട്ടിപ്പുറത്തുവന്നു ഭൃശം.
    മാമകചൈതന്യത്തിൻരശ്മിപോൽ സുപരുഷ-
    വിമലസൗരഭ്യേണ മൊട്ടുകൾ വികസിച്ചു.
അതുകൾ ചാട്ടുംനാദം; അതുകളുടെ മണം;
സതതം മമ വേരുകൾക്കു നല്ലശക്തിയും
മധുരഗാനോത്സാഹത്തോടുനൽമൃട്ടംപോലെ-
യധികഗുണകരമായിട്ടു ഭവിക്കുന്നു-
എൻകിടാങ്ങൾതൻജീവൻ എൻെറയാഫലങ്ങളാൽ
തങ്കലേപൂർണ്ണമാകുമാത്മമോചനത്തോടെ.
    നിങ്ങൾ ജീവിപ്പിനെന്നുമാത്രംഞാൻ കല്പിക്കുന്നു,
    നിങ്ങടെ പ്രാർത്ഥനകൾ ആവശ്യമില്ലാമമ,
    എന്നിലെവായു നിങ്ങൾവക്ത്രങ്ങൾക്കെന്നുപോലെ,
    തന്നെയായതുപോലെ മുക്തർനിങ്ങൾവേണംമേ.



digitized by www.sreyas.in

ഭംഗിയിൽ എന്റെഫലവൃന്ദത്തെക്കണ്ടുംകൊണ്ടു
തുംഗമായ്മനസ്സെന്നിൽ ജൃംഭിച്ചുവളരണം.
നിങ്ങളാശ്ലേഷിച്ചീടും വിശ്വാസങ്ങൾതൻഫലം
ഭംഗിനൽകുന്ന വിസ്മയത്തിനെക്കാളുംമേലെ,
നിങ്ങൾതൻശിഖരത്തിൽ പുഷ്പിക്കുന്നതുവേറെ-
യെങ്ങുനിന്നുമല്ലെന്റെ വേരിൽനിന്നുമാത്രമാം.
നിങ്ങൾതൻശപഥവിശ്വാസത്താൽ പുഷ്ടിയാൎന്ന,
നിങ്ങൾസൃഷ്ടിച്ച ദൈവംതന്നെനോക്കുവിൻ ഇപ്പോൾ!

ഇരുണ്ടുകറുപ്പായും, വെളുത്തുപ്രകാശിച്ചു-
മിരിക്കുമാരാധിതകുഹരങ്ങളിൽനിന്നു
പ്രത്യുഷസ്സമുത്ഥാനദീപവും, മിന്നൽവാളും
ചേൎത്തകൈകളിൽദൈവമലറുന്നിതു ദിവി,
തൻദൈവദൂതന്മാരോ നാഥന്റെക്രോധാഗ്നികൊ-
ണ്ടുന്നതശോണവൎണ്ണമണിഞ്ഞു നിന്നീടുന്നു.
ഹാഹാ! മൽപുത്രന്മാരേ!യെന്നോടല്ലാതെ, ദേവ-
വ്യൂഹത്തോടു നിങ്ങൾക്കെന്തിത്രഭക്തി? ഹാ കഷ്ടം!
ഞാൻ മതിയാവോളവും രമണീയനല്ലെന്നോ?

സമ്മുകതരായീടുവാൻ പൊരുത്തപ്പാണിയെന്നോ?

ഇപ്പോൾ കാണുവിൻ! നോക്കിൻ! ഞാൻ നിങ്ങളോടുകൂടി,
നില്പു നിങ്ങളിൽതന്നെ, നിങ്ങൾക്കുള്ളവനായ്താൻ.

നോക്കുക! ലോകവിസ്മയങ്ങളാം ചിറകേന്തി,
വിക്രമാത്ഭുതക്രിയാപാദരക്ഷകളോടെ
വസ്ത്രവും വടിയുമായ്തന്റെ ഗൎജ്ജനാഗ്നിക-
ളൊത്തു ദൈവമങ്ങിനെ വ്യോമനിവിറയ്ക്കുന്നു;
ദൈവദൂതന്മാർ നാഥൻകോപംകണ്ടു പേടിച്ചു
വൈവശ്യമഗ്നരായി വിളൎത്തുനിലകൊൾവൂ.
എന്തെന്നാലവൻദേഹേ നിഴൽവീണടിഞ്ഞുപോയ്
ഹന്ത! നൈരാശ്യതാപംവന്നുപോയവൻ ഹൃത്തിൽ;
അവന്റെചൈതന്യങ്ങൾ ഭീതിയാൽ നരപൂണ്ടു്
അവനെ മൂകമായി പൎയ്യവേക്ഷണംചെയ്വൂ!
താഡിതനവൻതന്നെയവന്റെകാലൻ പിടി-
കൂടിപ്പോയ്— അനന്തവൎഷത്തിലെയന്ത്യംഘട്ടം!
സങ്കല്പസൃഷ്ടനവൻ; സങ്കല്പഹന്യമാനൻ;
വൻകൊലചെയ്യുന്നതും ക്ഷമിക്കുന്നതും സത്യം;
കാലമായവൻതന്നെ നീക്കുമ്പോൾ നിങ്ങൾക്കുള്ള
ചേലേറും പുതുവസ്തുതരുന്ന ബഹുമൂല്യം—

digitized by www.sreyas.in

സ്വാതന്ത്ര്യമാസ്വദിച്ചും, സജീവമായും ജന-
പ്രീതിദപ്രിയതമമായപ്രേമത്തിൻവാഴ്ച.

എന്തെന്നാൽ സത്യമൊന്നേ ജീവത്തായുള്ളൂ, സർവ്വ-
ബന്ധുരം സത്യമൊന്നേ പരിപൂർണ്ണമായുള്ളൂ,
മൽക്ഷേത്രത്തുടിപ്പായും, മൽദേഹഫലമായും
മൽക്കത്രാത്മാവിൻെറ ബീജവുമായിട്ടുള്ള
മർത്ത്യനധ്രുവങ്ങളും, ധ്രുവതാരവും നൽകാൻ
സത്യമാംപ്രേമമൊന്നേ ശക്തമായ്ഭവിക്കുള്ളൂ.

എന്നുടെഹൃദയത്തിന്നേകസന്താനമായും,
എന്നക്ഷിക്കേകരശ്മിയായിട്ടും, ആകാശത്തിൽ
ഉയർന്നുകയറീടുമത്യുച്ചസുമമായു-
മിയലുംനരൻ—എന്നിൽനിന്നുള്ളസൃഷ്ടിയായി,
എന്നോടേകനായ്, സമനാകിയനരൻ-അവൻ
തന്നെഞാൻ; സത്യം-കണ്ടുകൊള്ളുകസുസ്പഷ്ടമായ്.

... ... ...

പ്രോജ്ജ്വലൽപ്രഭാപൂരമപ്പുഷ്പം എന്റെചുററും-
ഊർജ്ജിതസൌരഭ്യമത്യുദാരം വർഷിച്ചഹോ!
ചുററിക്കെട്ടിയങ്ങിനെവളഞ്ഞുതിരിയുന്നു,
മുററുമച്ചുട്ടസമാലിംഗനരാവുംപോയി.
ദീർഘദീർഘങ്ങളായ ദേവവർഷങ്ങൾ ഉരു-
ണ്ടൊക്കവേട്ടുരെപ്പോയെന്നാകിലും, പ്രിയനവൻ
തന്നുടെമൃദുമധുരോത്തമസാന്നിദ്ധ്യമാം
ഉന്നിദ്രപ്രേമം മമകൂട്ടിയുണ്ടിഹവാഴും.

... ... ...

"താഴ്ന്നസ്വസ്ഥാനങ്ങളിൽനിന്നു ദേവന്മാരെല്ലാം
ഉന്നതനവൻ പ്രതിസാസൂയാഹൃദയരാം,
നശിക്കുംലോകത്രയമവനെയിളക്കില്ലാ,
നാശങ്ങൾ,ജനനങ്ങളൊക്കെയുംതദർത്ഥംതാൻ;
കർമ്മമിന്നിമേൽ പുതുഗേഹങ്ങൾനിർമ്മിക്കില്ലാ,
നിർമ്മൂലമൊന്നുംതേടാതവനു ലഭ്യം സർവ്വം;
സ്വാർത്ഥങ്ങൾത്യജിക്കവേ പ്രപഞ്ചം"ഞാ"നായ്‌വരും,
"മൃത്യുതാൻനിർവ്വാണം" എന്നോതുവോർകളവുകാർ."

... ... ...

ഇളക്കമില്ലാത്തവൻ, എന്നാലുംമനസ്സേക്കാൾ
ചിളെന്നുചരിപ്പവൻ, ദേവന്മാരെന്നപോലെ
തന്നെപ്രാപിപ്പാൻശ്രമിച്ചീടുമിന്ദ്രിയങ്ങളെ

digitized by www.sreyas.in

വെന്നവയ്ക്കപ്പുറംകടന്നുനില്ക്കുന്നവൻ,
ഒരുവൻമാത്രമല്ലോജീവിച്ചീടുന്നു; സ്വയം
സ്ഥിരശാന്തനെങ്കിലും, അതിവേഗജീവികൾ
പാച്ചിലുകളെയൊക്കെ അതിലംഘിച്ചുകൊണ്ടു
നിശ്ചയം പോകുന്നവനാണവൻശീഘ്രചാരി;
മാരുതനെന്നപോലെ സജീവവ്യാപാരങ്ങൾ
ധരിച്ചുതാങ്ങിക്കൊണ്ടുനില്ക്കുന്നതവൻതന്നെ.
നിശ്ചലനവൻ, പക്ഷേചലിച്ചുവാഴുന്നവൻ,
പാർശ്വസ്ഥനെന്നാകിലും, ദൂരത്തുവസിപ്പവൻ;
പ്രപഞ്ചക്കൂടാന്തഃസ്ഥ,നെങ്കിലും ബാഹ്യസ്ഥിതൻ,
പ്രപഞ്ചജീവിയെല്ലാമവനിലെന്നുകണ്ടു
അസ്തിത്വത്തിൻെറയൊക്കെയേകത്വംകാണുംനരൻ
ചിത്തത്തിൽമായാമോഹഖിന്നതവഹിക്കാത്തോൻ,
സൎവ്വാന്തൎയ്യാമിയവൻ, പ്രോജ്ജ്വലൽപ്രഭാകരൻ,
നിർവ്വപു,ന്നിരാകാരൻ, നിഷ്കളൻ, പരിശുദ്ധൻ,
സ്വാത്മസ്ഥൻ, ജീവികൾക്കുസകലത്തിനുംമേലേ
നിർമ്മമനായിനിന്നു മാനസംഭരിക്കുന്ന
നിഖിലജ്ഞാനാത്മകൻ, സകലബുദ്ധിരൂപൻ,
അഖണ്ഡരൂപൻ, ബ്രഹ്മാണ്ഡത്തിൻെറയൊക്കെമൂലം.

(ഈശാവാസ്യോപനിഷത്ത്)

... ... ...

ചേതനാപ്രകൃതിയിലടങ്ങുംസകലത്തും
അതിദിവ്യമാമൊരുചട്ടക്കൂട്ടതന്നിലേ
ജീവൽസംഗീതയന്ത്രംമാത്രമായിരിക്കയും
വിവിധമതിന്നുടെസ്പന്ദനംവിചാരമായ്
സാഹസമന്ദതാദിശീലങ്ങൾചേൎന്നഗന്ധ–
വാഹൻെറയൊരുദീർഘസഞ്ചാരമെന്നപോലെ
അതുമേലടിക്കയും, ഒരുപോൽസർവ്വാത്മാവും,
അതുപോൽസൎവ്വേശനുമാകയുംചെയ്കില്ലെന്തു്?

... ... ...

നീലാകാശങ്ങൾക്കുമതിനീലമായ്, പച്ചയായ
ജലരാശിയെക്കാളുംപച്ചയായ്, വെളുപ്പുള്ള
തരംഗജാലത്തെക്കാളധികംവെളുപ്പാന്നു്,
താരതാരമായ്, നീലക്കൺകളിലതിനീലം,
ശോണിതാഭമാംത്വക്കിലതി ശോണമായ്, പിന്നെ
ചേണെഴുംശിരോരുഹത്തെക്കാളുംമഞ്ഞയായി;

digitized by www.sreyas.in

മൃദുനാദത്തിലേററം മൃദുവായ്, കറുത്തോരു
സുദൃശാമേററം കറുപ്പുള്ളതായ്, അസിതമാം
രോമങ്ങൾക്കധികമായസിതച്ഛായയാണ്ടു്,
രാമണീയകഭാസ്വൽസ്വരമായിരിപ്പോന്നേ!
"വരുക, നടക്കുക, എൻകൂടിവന്നുംകൊണ്ടു
തിരമാലകളുടെ സംഗീതം ശ്രദ്ധിച്ചാലും!
ഗാനമായതു മനോമോഹനം വശ്യതമം,
എനിക്കു ജലധിയിൽമീനകന്യതാൻനീയും."
കടലിൻസമീപത്തു മണലിൽ നമുക്കിപ്പോൾ
വീടൊന്നു രണ്ടാൾക്കുമായ് പണിചെയ്തുണ്ടാക്കീടാം.

... ... ...

ഹേ! മർത്ത്യ! നിൻെറ ഹൃദയത്തിലുദിച്ചുപൊങ്ങും
കാമത്തിനൊത്തപടിണാമമടഞ്ഞിടും നീ;
ശ്രീമന്മഹേശരതിയാൽ തവദൈവമാകാം,
ഭൂമീതലേപൊടിയുമാമതുവേണമെങ്കിൽ.

... ... ...

അരുതു്! കഴിഞ്ഞതും പോയതും ചിന്തിച്ചുനീ-
യരുതു് കോപിക്കുക; കഴിഞ്ഞതെന്തായാലും,
ജീവിതമിഹ തവ തുടങ്ങുന്നതായ് തന്നെ
ഭാവന ചെയ്തുംകൊണ്ടു സുഖമായ് കഴിച്ചാലും,
ഓരോരോദിനങ്ങളിൽ സംഭവിപ്പതു മാത്രം
പോരുമേ നിനക്കെടോ! പഠിച്ചു ഗ്രഹിക്കുവാൻ,
ഓരോനാളിലുമെന്തുവേണമെന്നതു ദിനം-
തോറുമാദ്ദിനം തന്നെ പറഞ്ഞുതരും തവ,
നിന്നുടെ കർത്തവ്യങ്ങൾ നിർവ്വഹിക്കയുമതിൽ-
നിന്നു സമ്പൂർണ്ണതൃപ്തി സമ്പാദിക്കയും ചെയ്യൂ.

... ... ...

എന്നോടുകൂടി ഞാൻ സഞ്ചരിച്ചീടവേ,
എന്നോടുകൂടി ഞാൻ സല്ലപിക്കെ,
എന്നാത്മാവെന്നോടു ചൊല്ലിയതെന്തെന്നു
ചൊന്നിടാം ഞാനതീവർണ്ണമത്രെ:—
"നിന്നോടുതന്നെ നീ സത്യമായ് വർത്തിച്ചാൽ
നിന്നാത്മാവാകും നിൻ നല്ലദൈവം."

* * * *

digitized by www.sreyas.in

ലോവൽ പറയുന്നു:—

"ധീരരും സ്വതന്ത്രരുമായിരുന്ന താതന്മാ-
ൎക്കരുമസ്സന്താനങ്ങൾ നിങ്ങളെന്നഭിമാനാൽ
ഞെളിഞ്ഞു ഗൎവ്വിക്കുമ്പോൾ ഭൂമിയിലേകൻപോലു-
മെളിയോരടിമയായ് ജീവിക്കുന്നുണ്ടെന്നാകിൽ,
നിങ്ങളെൻമനുജരേ! സത്യമായ് ധൈൎയ്യസ്വാത-
ന്ത്ര്യങ്ങളുള്ളവരെന്നു പറയുന്നതെങ്ങിനെ?
ചങ്ങലയൊരുസഹോദരനെ ദണ്ഡിപ്പിക്കെ
നിങ്ങളായതു കാണാതിരിക്കുന്നുണ്ടെന്നാകിൽ,
സ്വാതന്ത്ര്യം ലഭിക്കുവാനനൎഹരായനീച-
പാതകിയടിമകളല്ലയോ നിങ്ങളെല്ലാം?"

* * * *

"വനിതമാരേ! ന്യൂഇംഗ്ലണ്ടിലെ വായുശ്വസി-
പ്പാനുള്ള പുത്രന്മാരേയൊരുനാൾ പ്രസവിക്കും
മാതാക്കളാകുംനിങ്ങൾ, ശൃംഖലാബന്ധങ്ങളിൽ
യാതനാക്ലേശംതാങ്ങിയെപ്പൊഴും വലയുന്ന
സോദരിമാരെപ്പററി കേൾക്കുമ്പോൾ ലജ്ജാഭാരം
ഹൃദയേവഹിക്കാതെ, ചൂട്ടരക്തത്തിൻതള്ളൽ
നിങ്ങൾതൻ സിരകളിൽ കൂടിസംക്രമിപ്പിക്കും
സംഗതികളെക്കേട്ടാൽ ലേശവുമിളകാതെ,
ഇരിക്കും നിങ്ങൾ ധീരസ്വതന്ത്രസൂനുക്കളെ
ധരിക്കാൻ യോഗ്യരാണോ? ചിന്തിച്ചു പറയുവിൻ!"

* * * *

'വിധി'യെന്നോട്ട ബഹുനീചമായ് പെരുമാറി;
വൃദ്ധയേകിട്ടും കയ്പുകുടിച്ചു തീൎത്തേനഹം,
അറിയേണ്ടാരുമെന്നു കരുതിയവളെ*ഞാൻ
മറിഞ്ഞുനോക്കിനിന്നു ചിരിച്ചു മനോഹരം;
ആനന്ദമുടൻവന്നു; ഞാനിരുന്നൊരുദിക്കിൽ
താനേവന്നവൾ സമീപത്തുങ്കൽ നിലയായി:
"നീയെന്തുവിചാരിച്ചു ചിരിച്ചു വാഴുന്നെന്നു
സ്വയമേ നോക്കാൻവന്നെ"ന്നായവൾചൊല്ലീടിനാൾ.

* * * *

ഞാനാക്കുംമേലേയല്ലാ, കീഴെയുമല്ലാലേശം;
ഞാനപേക്ഷിക്കാത്തുള്ള പരിശുദ്ധാസംബന്ധം

* ആനന്ദം

digitized by www.sreyas.in

ശാസിക്കും സർവ്വത്തോടുമെന്നെന്നും ബുധനാക്കുന്നു;
അസമാപ്ത്യമായുള്ള മത്സരത്തിങ്കൽക്കൂടി
ശാന്തവുമനന്തവുമായുള്ളചൈതന്യത്തിൻ
ബന്ധുരമാഹാത്മ്യത്താൽ അത്യന്തം ഘോരചിന്ത്യം
ആത്മനാം വിമർദ്ദിതമർത്ത്യനുമവനുടെ
മർദ്ദനകാരിശത്രുതാനുമദ്വിതീയൈകം.

*       *       *       *

ധാത്രി, മാരുതാം, ഭോധിസന്താനമാഹം; മഹാ-
ധൃത്തദ്ദസ്സഹകൊട്ടുകാററു താരാട്ടുമമ;
ഭ്രൂണഹ, പക്ഷി, മൃഗരൂപത്തിലനന്തമായ്
തിരിഞ്ഞു മാറിക്കൊണ്ടു കാണുന്ന ജീവിവർഗ്ഗേ
സ്പഷ്ടമാക്കിയങ്ങിനെ ക്രമകാരികാലങ്ങൾ
വ്യഷ്ടിരൂപത്തിലെന്നെ വിവിധം സൃഷ്ടിച്ചുതേ.

*       *       *       *

നിൻെറഹൃദയമെൻ പ്രേമമേ! ദൂരെയ-
ല്ലെൻേറതിനോടു സംയുക്തമത്രേ സദാ.
തെല്ലുംപ്രയത്നം കലരാതെസർവ്വദാ
നല്ലൊരെൻപ്രേമമേ! ഇന്നേവിധംതന്നെ
മേളിച്ചുരണ്ടു ഹൃദയങ്ങൾമാറാതെ
നാളെയു, മെപ്പോഴും ഒന്നിച്ചുവാഴുന്നു;
യാതൊരുശക്തിയു മില്ലിവരങ്ങിനെ
വേർതിരിച്ചീടുവാൻ; ഒന്നാണുനിശ്ചയം.

*       *       *

കരങ്ങൾനിർമ്മിച്ചൊരു വിഗ്രഹങ്ങൾ
ദൂരെക്കളഞ്ഞോ? തവ ഭംഗിയായി!
ശരിയ്ക്കുചെയ്യാഞ്ഞിലതപ്പൊൾ നീയാ-
ണരൂപബിംബങ്ങൾ നമസ്കരിപ്പോൻ.

വിഗ്രഹപ്രേതങ്ങൾ=(Ghosts of idols)

*       *       *

മമ ഹൃദിനിറയുന്നു വന്നുറോസാ സുമങ്ങൾ,
സുമധുരതരമാത്മാ മോദമാർന്നുല്ലസിപ്പൂ,

digitized by www.sreyas.in

സുമഹിതമിഹ ജീവൻനല്ല മാധുര്യധാമം
വിമലതരമഹാനന്ദാർണ്ണവേ വിശ്രമിപ്പൂ.

* * *

ഹാ! വിലതീരാത്തകള്ളാ! മഹി-
മാവുചിതരുന്ന കള്ളാ!
നിദ്രനേത്രങ്ങളിൽനിന്നും; എന്റെ
ഹൃത്തിനെന്നെഞ്ചകത്തുന്നും
മോഷ്ടിച്ചുനീക്കിയനിന്നെ, ബ്രഹ്മ-
ദൃഷ്ടനെന്നോതണം!, എന്നാൽ
തെല്ലുമപരാധിയല്ലാ! നീയെൻ
ചെല്ലമാണോമനക്കള്ളാ!
നീമാം അടിച്ചുഹനിപ്പൂ—പക്ഷേ,
പ്രേമമെന്നുള്ളത്തിൽ വാഴ്കൂ!
അത്യന്തമാവശ്യംനിന്നെ, ത്തവ
നിത്യവുംസ്വാഗതം തന്നെ!
നീയെൻഹൃദയമാം ഭാരംനീക്കി
വാ! യെന്റെജീവനഭാരം
ഇന്നിയെടുത്താലുംകൂടെ!, എന്റെ
നന്ദി! — ബഹുനന്ദി! പാടേ;
അന്തമറിയാത്തശാന്തി നിന്നിൽ
സന്തതം വാഴട്ടെ! ഹന്ത!
എന്നുടെതാരമേ! ദേവാ! എന്റെ-
യുന്നതനാം യേശുദേവാ!
ഹാ! മമ ദീപപ്രദീപാ! സത്യ-
പ്രേമമാമെന്റെ യധിപാ!.

* * *

പ്രേമത്തിൻമൃത്യുകരവേദന സഹിച്ചുഞാൻ-
മാമകവാക്യമതുവർണ്ണിപ്പാൻ മതിയാകാ-
വിരഹംസുഖങ്ങളെ വിഷപങ്കിലമാക്കും
ആരുമേചോദിക്കൊല്ലാ, എന്തതെന്നതുംമററും,
പ്രപഞ്ചംമുഴവനും ചുററിഞാൻ സഞ്ചരിച്ചു
സപദിയൊടുക്കംഞാൻ കണ്ടെത്തി നിധിയൊന്നു്-
യാതൊരാപത്തും, കുററങ്ങളുമേശാത്ത നിധി-
യേതവൾ?— പേരോതുവാൻ ചോദിച്ചീടരുതാരും;

digitized by www.sreyas.in

ഹാ! മൽബാഷ്പങ്ങളവൾ പാദങ്ങൾനനയ്ക്കുന്നി-
തമന്ദ, മവിരളം, മാധുര്യഹീനം തുലോം.
അത്യഹന്ത! കണ്ണീർധാര കുതിച്ചു ചാടിടുന്നു,-
സഹസാചോദിക്കൊല്ലാ തദ്വിവരങ്ങളൊന്നും-
സമ്മോദകരം, മധുമധുരം, വാർത്താലാപം
മന്മനോന്മാദപ്രദം വളരെ കേട്ടേനഹം-
ഹാശിച്ചോരാരാത്രിയിലവളോടെ—നാലതു
വിശദംചോദിക്കൊല്ലാ; പാടില്ലെന്നപേക്ഷമേ.
താഴത്തുജ്വലിക്കുന്ന സുന്ദരചിന്തകളെ
അഴകിൽകാണിക്കുന്ന കണ്ണുകൾമനോജ്ഞങ്ങൾ;
പക്ഷികൾകളഗാനം പോലെഹൃത്തടത്തിൽനി-
ന്നക്ഷയവാക്കോതുന്ന ചുണ്ടുകൾമനോഹരം;
അനവാസര, മനക്ഷണികം സുധീരവും,
നനസത്യവു, മാത്മാർത്ഥകവുമായിട്ടുള്ള
കൃത്യങ്ങൾമുറപോലെ നിർവ്വഹിച്ചീടുംനല്ല-
ഹസ്തങ്ങൾതന്നേ മനോഹരമായ ഹസ്തങ്ങൾ.

* * *

## ശ്രീശങ്കരാചാര്യരുടെ "നാഹം ദേഹോ" എന്നു തുടങ്ങിയ സ്തോത്രത്തിന്റെ തർജ്ജമ

ദേഹ,മിന്ദ്രിയഗണം,മാനസം,പ്രാണൻ,ബുദ്ധി,-
യഹന്തയിതുകളിൽ ഒന്നുമേ 'ഞാൻ' അല്ലല്ലോ,
പുത്ര,ദാര,ഭൃ,സപത്നങ്ങൾക്കെല്ലാമതിദൂരെ
നിത്യനാ,യനന്തനാ,യേകനാം ശിവനഹം.

2 നിദ്രയിൽസ്വപ്നംപോലെ, കേവലംമിഥ്യയാകും
സത്താഹീനമാമിതു്, സർവ്വവ്യാകൈതവത്താൽ
സത്യചിദാനന്ദമാമാത്മാവിൽശോഭിക്കുന്നു;
ശുദ്ധാനന്താത്മാവായോരേകനാംശിവനഹം.

3 എന്നെവിട്ടുയാതൊന്നുംതന്നെയില്ലെങ്ങുംതന്നെ,
കണ്ണാടിപ്രതിബിംബംപോലെ ബാഹ്യദൃശ്യങ്ങൾ,
കേവലംസങ്കല്പങ്ങൾനിത്യശുദ്ധനാമെന്നിൽ
വിവിധംസ്ഫുരിക്കുന്നു; നിഷ്കളൻശിവനഹം.

4 ഞാനുണ്ടായില്ലാ, വളരുന്നില്ലാ, ചാകുന്നില്ലാ,
തനുവിൽക്കൂടി മൂകപ്രകൃതിവ്യാപരിപ്പൂ;
വിതച്ചുകൊയ്യുന്നതു കേവലമഹങ്കാരം,
അതുനിർവ്വികാരാത്മാ,ഞാനല്ലാ; ശിവനഹം.

digitized by www.sreyas.in

5 സർപ്പമായ്‌തോന്നീടുന്നോരജ്ഞാതരജ്ജുഖണ്ഡ-
കല്പമാമജ്ഞാനംവന്നാത്മാവേജീവനാക്കി;
നേരിട്ടുതൊട്ടാലതുനിശ്ചയമൊരുകയർ;
നേരായനേരാംസത്യമൊന്നുഞാൻ ശിവനാഹം.

* * *

നമ്മിൽ ഭൂരിജനത്തിലും ബഹുഗുണം
സാമാന്യമുണ്ടെന്നതും,
നമ്മിൽശ്രേഷ്ഠതമർക്കുമുണ്ടുവിവിധം
ദൂഷ്യങ്ങളെന്നുള്ളതും,
ഓർമ്മിച്ചീടുകിലുത്തമർക്കുമിതര-
ന്മാരേ വിമർശിക്കുവാൻ
ഇമ്മിക്കുംവകയില്ല, നന്മയതിനാൽ
തെല്ലും വരില്ലാ ദൃഢം.

* * * *

കല്യാണപ്പുടകയായ് ധരിക്കാനെനിക്കൊരു
നല്ലരാജതാഭമാം ശോഭനവസ്ത്രംതരൂ,
ചന്ദ്രികാനിറത്തെക്കാൾ വിളച്ചുകൂടുന്നതും,
സാന്ദ്രമായ്ലോലതരമായതുമത്രേവേണം;
ചിതറുംസുമങ്ങളെക്കോർത്തുമാലയായ്കെട്ടാൻ
ഉതകുംവിദ്യുൽപാശം നൂലായ്താഴത്തുതന്നാലും,
മല്ലതാഗേഹത്തിലെതാരങ്ങൾപറിച്ചെന്റെ
നല്ലപൂഞ്ചായൽരത്നംപതിച്ചുപിന്നീടുക!
ഇന്നെനിക്കുഭംഗിയായ്ശോഭിച്ചു പൊടിപൂര-
മാന്തതന്നെയങ്ങിനെവിലസിരസിക്കേണം.

* * * *

വ്രീളാരുണമുഖികന്യകതൻമണ-
വാളന്റെപാർശ്വത്തിൽനിന്നോരുവേളയിൽ
“ആട്ടെ”ന്നവൻകണ്ണുകാട്ടവേ തൻപാണി
നീട്ടിക്കൊടുത്താൾകുലുക്കമില്ലാതവൾ.
“അച്ഛാ! ഞാൻപോകുന്നു, അമ്മേ!തിരിക്കുന്നു,
ചേച്ചിമാരേ! സഹജാതരേ! പോകട്ടെ;
രോമാഞ്ചമേലുന്നു, തോഴി!യിടറുന്നു
മാമകകണ്ഠവും, പോകട്ടെഞാനടൻ;
സ്വാഗതംനിങ്ങൾക്കുരമ്യലോകത്തേയ്ക്കു!
സ്വാഗതം ഞങ്ങൾക്കു നാഥന്റെസന്നിധൌ!

digitized by www.sreyas.in

എന്നാലിതിപ്പോളിവരുടെയന്ത്യവാ-
ക്കെന്നുള്ളസംഗതിയോമ്മിച്ചുകൊള്ളുവിൻ!
രോമാഞ്ചമേല്പൂന്നു, തോഴി!യിടറുന്നു
മാമകകണ്ഠവും, പോകുന്നു ഞാനിതാ!
നിങ്ങളിനിച്ചൊൽവതൊക്കെയുംനിസ്സാരം,
നിങ്ങളുടെകളിസർവ്വവുംനിസ്സാരം,
ഇല്ലിില്ലതുകളെനിക്കിനിസ്സാരമി-
ല്ലില്ല,വകയല്ല,ശൌനിക്കയില്ലഞാൻ,
'നിങ്ങഠം'കളും, 'അവൻ'മാരും, 'അവാഠം'മാരു-
മിങ്ങിസ്സമുദ്രേസകലമലിഞ്ഞുപോയ്
ഔന്നത്യമാളുന്നസിംഹാസനമതു്;
തന്നെഞാനപ്പോഠംപരമാത്ഥമായഞാൻ.

*　　　*　　　*　　　*

വീട്ടുകളില്ലാ, കുടുംബമില്ലാ,— കൂടിയൊന്നിച്ചുനാംമേളിച്ചുലം
ഓടുന്നുരശ്മിസമൂഹങ്ങളിൽ–കൂടെയലഞ്ഞുതിരിഞ്ഞമന്ദം,
ക്ലേശങ്ങളില്ലാ,വിചാരമില്ലാ, നാശവുംലാഭവുംതെല്ലുമില്ലാ,
വഞ്ചനയില്ലാ,ഭയവുമില്ലാ–കിഞ്ചനകെട്ടില്ലാ, ബന്ധമില്ലാ,
തീയില്ല,ചുട്ടൊന്നെടുക്കാനില്ലാ,–വായിക്കാൻപുസ്തകമൊന്നുമില്ലാ,
തൂവലൊന്നായപക്ഷികഠംനാം,–കേവലമൊന്നിച്ചുപാഞ്ഞിടുന്നു!
വീട്ടേണ്ടതായകടങ്ങളില്ലാ,–സ്പഷ്ടമവയൊക്കെതീന്നുപോയി.
വിത്തുവിതപ്പാനശേഷമില്ലാ,–പാത്താലുഴവാൻകലപ്പയില്ലാ,
ധാന്യംനിറപ്പാനറകളില്ലാ,–ഒന്നുംകരംകൊട്ടപ്പാനുമില്ലാ,
ചുങ്കംപിരിക്കേണ്ടകാര്യമില്ലാ;–ശങ്കിക്കവാൻനിയമങ്ങളില്ലാ,
ആടില്ലമേയ്ക്കാൻ, സ്വതന്ത്രരായി–നാട്ടുകഠംതോറും നടക്കുന്നുനാം.
അങ്ങുമിങ്ങും കണ്ടടിക്കിലെല്ലാം,– സംഗതിയില്ല,കളിയുമില്ലാ;
പേരുംപ്രശംസയും നോക്കിടേണ്ടാ,–പാരംപ്രണയപരിഭ്രാന്തരായ്
ചുററിക്കറങ്ങുംകിറുക്കരായി–മുററുമസ്ത്യൽഭൂതതാഡിതരായ്
അന്തമററുള്ളൊരുഭാഗധേയ–സിന്ധുവിൽസന്തതംമുങ്ങരി നാം.

*　　　*　　　*　　　*

ഞാൻതലപൊക്കി സ്ഥലമൊക്കെയുംനോക്കി, കണ്ടു
ഹന്ത! കേവലമൊന്നുമററൊന്നുംകൂടാതഹോ!;
ഞാൻകീഴിൽനോക്കിജ്ജലനിധികഠംവീചികളിൽ
ഞാൻകണ്ടതൊന്നുമാത്രം രണ്ടാമതൊന്നുമെന്ന്യേ;
ഞാനുള്ളിൽനിരീക്ഷിച്ചു, ലോകങ്ങളുടെകടൽ
താനായിക്കണ്ടേനതു്; സ്വപ്നങ്ങഠംവാഴുംസ്ഥലം–

digitized by www.sreyas.in

അസ്ഥലംപരിപൂൎണ്ണംസാന്ദ്രമായ്കണ്ടു; സ്വപ്ന-
മത്രയുംനോക്കിയതിൽ കണ്ടതൊന്നുകേവലം.
രാമന്റെഭയംതന്നിൽ സലിലാ,ഗ്നി,മാരുത,-
ഭൂമികളലിഞ്ഞുപോയ് അവ നിന്നിലേയ്ക്കേറും
മുമ്പിലേതന്നെ,വിറച്ചൊന്നിലായ്തന്നെ ലയി-
ച്ചമ്പോടുകാണായ്തീരും; സ്വൎഗ്ഗങ്ങളഖിലവും
ധൂളിയായ്ഭവിച്ചീടും, ധൂളി സ്വൎഗ്ഗങ്ങളാകും!
ഇളകാതൊന്നുമാത്രം കേവലംസ്ഥിതിചെയ്യും;
എന്നുടെജീവനോടുനിന്നുടെജീവൻചേൎന്നി-
ട്ടൊന്നായിത്തന്നെസദാനിന്നു ലാലസിച്ചീടും.

* * * *

ഹന്ത! മാംസ്വത്രവിസ്മയാനന്ദവും
ശാന്തിയുംവന്നിതാ! മുക്കിടുന്നു;
ഹാഹാ! രസം! രസം! ജീവിക്കുംമുക്തിമാം
മോഹപരവശനാക്കിനില്പൂ;
ചാഞ്ചാടുംമേഘവും, മഞ്ഞിന്റെതുള്ളിയും
അഞ്ചിതരാംമമകൊച്ചുമക്കൾ;
ചൂടുംപ്രകാശവുംകൊണ്ടുശോഭിച്ചുനി-
ന്നീടുന്നസൂൎയ്യകരങ്ങൾചെമ്മേ
മൎമ്മരഗാനംപൊഴിക്കുമിലകളിൽ
നൎമ്മസല്ലീലകൾചെയ്തുവാഴ്വൂ;
ശുഷ്കതരുക്കളിൽനിന്നിലവീഴുമ്പോൾ
നൽക്കനകത്തിന്റെമഞ്ഞവൎണ്ണം
ശോണവൎണ്ണത്തോടിടകലൎന്നുംകൊണ്ടു
കാണപ്പെട്ടുന്നിതു കമ്രമായി.
അക്ഷ്രേതാധിതനവ്യന്തര,-
ന്തുക്കേറിപ്പൊങ്ങുന്ന ഗന്ധവാഹൻ
എൻചിന്തയൊക്കെയും പൊക്കിയുയൎത്തുന്നു
ചെഞ്ചമ്മേ വായുവിൽ പക്ഷിയെപ്പോൽ;
ഞാനൽപ്പതിച്ചങ്ങു നീലപ്രഭാകാന്ത-
വാനമാം ഗോപുര മൂൎദ്ധനിനിൽപ്പൂ;
ഞാനല്പമാസ്ഥലത്തങ്ങിനെനിന്നിട്ടു
താരനചിരികളും, പുഞ്ചിരിയും
സോല്ലാസമായ് പൊഴിച്ചാടിക്കളിക്കുന്നു
മെല്ലവേ സൂരനടങ്ങുംവരെ,
പിന്നെഞാൻ സ്വൈരമായ്വാഴും മമാത്മാവാ-
മെന്നുടെക്കുട്ടിലേയ്ക്കോടിക്കേറും,

digitized by www.sreyas.in

ആനന്ദ,ശാന്തി, പ്രണയസമ്പൂർണ്ണമാ-
യാനല്ലോരോമന പ്രേമവൃമായ്
മന്ദോഷ്ണഗാഢം പ്രകൃതിതന്നാശ്ലേഷം
വന്നെന്നെ മൂടുമ്പോളായവളിൽ
കാണുന്നു ഞാനവൻതന്നെയും സുസ്പഷ്ടം,
ചേണുററുകണ്ടാലും എത്രചിത്രം!
തഞ്ചത്തിൽ സോമനെ നെററിയിൽ വെക്കനീ!
നെഞ്ചത്തു പുഷ്പം വിരിഞ്ഞിടട്ടെ!
അക്കന്മാർ നിന്നുള്ളിൽ ഉജ്ജ്വലിച്ചീടട്ടെ!
ദിക്കൊക്കെക്കൈനീട്ടി നില്പിൻനിങ്ങൾ!
വീട്ടിലെ ഗാനത്താൽ സർവ്വദിക്കണ്ണങ്ങൾ
പൊട്ടുന്നമട്ടിൽ നിറച്ചുകൊൾവിൻ—
"ഓം ഓം ഓം ഓം തൽ സൽ ഓം ഓം ഓം ഓം തൽ സൽ
ഓം ഓം ഓം ഓം തൽ സൽ" എന്നഗാനം.

*   *   *   *

നിങ്ങൾക്ക വീടുവേണ്ടാ! നിങ്ങളെയുള്ളിൽവെക്കാ-
നെങ്ങേതുവീടാണുള്ളതെൻസഖേ! ചിന്തിച്ചാലും!
ആകാശം മുകൾതട്ട്, തൃണരാശിതേമെത്ത,
കൈകളിൽ യദൃച്ഛയാ വരുന്നതാഹാരവും;
പാചകഗുണദോഷം വിധിക്കാനില്ലതവ;
രുചിരമായി സ്വയമറിയും ശ്രേഷ്ഠാത്മാവെ
ഭക്ഷണപാനീയങ്ങൾ സ്പർശിക്കാ ലവലേശം,
ശിക്ഷയായ്ധരിച്ചാലും സന്യാസിവര്യാ!ശുഭ!
സ്വതന്ത്രമുരുണ്ടൊഴുകന്നൊരു നദിയായി
സ്സതതം മരുവുക, പാടുക "ഓം തൽ സൽ ഓം" (1)
അച്ഛ,നമ്മ,കഞ്ഞുങ്ങൾ, ഭാര്യ,സ്നേഹിതനേവം
തുച്ഛശൂന്യസ്വപ്നങ്ങൾ കാണുന്നകൂട്ടരാരും
അറിയുന്നില്ലാസത്യം; ലിംഗഹീനനാമാത്മാ!
ആരുടെ പിതാവാകു? മാരുടെ കുട്ടിയാകം?
കേവലനേകനവൻ ആരുടെ മിത്രം"ശത്രു?
അവനോ സർവ്വപൂർണ്ണൻ, വേറൊന്നുമില്ലതാനും
ധീരസന്യാസിവര്യ! നീതന്നെയതാകുന്നു
സൈ്വരമായ്മരുവുക! പാടുക "ഓം തൽ സൽ ഓം" (2)
നീയെങ്ങു തേടീടുന്നു സ്നേഹിതാ! മോക്ഷമതു്?
നിയതമീലോകമോ തങ്കില്ലാലോകമോ!
പുസ്തകഗണത്തിലോ, ക്ഷേത്രത്തിൻപങ്ക്തിയിലോ,

digitized by www.sreyas.in

വ്യൎത്ഥമാണ് നിൻനോട്ടം; നിന്നെക്കെട്ടിയോടിക്കും
പാശത്തെപ്പിടിക്കുന്ന കൈയെടോ! നിന്റേതല്ലോ!
നീ ശങ്കകൈവിട്ടാലും! കരച്ചിൽ നിൎത്തിയാലും!
ധീരസന്ന്യാസിവൎയ്യ! കൈവിട്ടു കളയുക!
സ്വൈരമായ്മരുവുക, പാടുക 'ഓം തൽ സൽ ഓം' (3)

ശാന്തിചൊല്ലുകെല്ലാൎക്കും, ജീവിക്കുന്നതിനൊട്ടു,–
മെന്തിനുമെന്നിൽനിന്നു കേടില്ലാതിരിക്കട്ടെ.
ഉച്ചത്തിൽ ജീവിപ്പതിൽ, ക്ഷുദ്രമായിഴവതിൽ,
നിശ്ചയമെല്ലാത്തിലും ഞാൻതന്നെചേതനാത്മാ!
ഇവിടെയവിടെയുമുള്ള ജീവിതമെല്ലാം
വിവിധം ത്യജിക്കുന്നേൻ സൎവ്വവുമൊന്നുപോലെ.
സ്വൎഗ്ഗങ്ങൾ, ഭൂമികളും, നരകങ്ങളും, മോഹ–
വൎഗ്ഗങ്ങൾ, ഭയങ്ങളും ഞാനിതാ! ത്യജിക്കുന്നേൻ.
ധീരസന്ന്യാസിവൎയ്യ! ബന്ധങ്ങൾ ഛേദിച്ചെല്ലാം
സ്വൈരമായ് മരുവുക പാടുക "ഓം തൽ സൽ ഓം!" (4)

ദേഹമെങ്ങിനെ കഴിയുന്നു, പോകുന്നുവെന്നു
വഹിച്ചീടേണ്ടാ ക്ലേശം; അതിന്റെ കൃത്യംതീരും.
കൎമ്മമായതു താങ്ങിയൊഴുക്കിക്കൊണ്ടുപോട്ടെ!
തന്മതംപോലെയേകൻ മാലചാൎത്തട്ടേയതിൽ,
മറ്റൊരുവനിക്കോലം തൊഴിച്ചുപൊടിക്കട്ടെ,
ചെറ്റുംനീയനങ്ങേണ്ടാ; പ്രശംസകേൾക്കുന്നതും,
കുറ്റങ്ങളേൾക്കുന്നതും, പ്രശംസിച്ചീടുന്നതും,
കുറ്റമോതീടുന്നതും എല്ലാമേകനാകുമ്പോൾ
പ്രശംസാ,നിന്ദാവാക്യം രണ്ടുമൊന്നാകെനിന്നു
നശിച്ചുപോകുന്നതു നിനക്കു കാണാറാകും.
ധീരസന്ന്യാസിവൎയ്യ! മൌനത്തെഭജിച്ചാലും
സ്വൈരമായ് മരുവുക, പാടുക 'ഓം തൽ സൽ ഓം' (5)

കീൎത്തിക്കും, ലാഭത്തിനുമാൎത്തിയുള്ളസ്ഥാനത്തു
സത്യമെന്നതു കണികാണുവാൻ തരമില്ലാ,
സ്ത്രീയെത്തൻഭാൎയ്യയെന്നു ചിന്തിക്കും മനുഷ്യനു
നിയതം പൂൎണ്ണത്വത്തെ പ്രാപിക്കാൻതരമില്ലാ,
എന്താണെന്നാലുമല്പം സ്വന്തമായ്‌വെപ്പവനും,
ബന്ധിക്കും ക്രോധത്തിന്റെ ശൃംഖലതാങ്ങുവോനും,
മായതൻകവാടങ്ങൾ കടക്കാൻ സാധിക്കില്ലാ
ആയതുകൊണ്ടിട്ടിവ ദൂരതഃത്യജിച്ചാലും,

digitized by www.sreyas.in

ധീരസന്യാസിവര്യ! കളക സകലതും
സ്വൈരമായിരിക്കുക, പാടുക "ഓം തൽ സൽ ഓം" (6)

സർവ്വദാ സ്വതന്ത്രനായിരിക്കുമാത്മാതന്നെ
സർവ്വത്ര നാമരൂപം വഹിച്ചു നിൽപൂരണ്ടും,
ധീരസന്യാസിവര്യ! നീയതാണറിഞ്ഞാലും;
സ്വൈരമായ് മരുവുക, പാടുക 'ഓം തൽ സൽ ഓം" (7)

കേവലനേകനുണ്ട്-സ്വതന്ത്രൻ-സാക്ഷിദീപം;
അവനുരൂപമില്ലാ, പേരില്ലാ, കളങ്കവും,
നിഖിലസ്വപ്നങ്ങളും കണ്ടുകൊണ്ടവൻതന്നിൽ
വിഹരിക്കുന്നു മായാ; പ്രാജ്ഞനാമവൻതന്നെ
പ്രകൃതിരൂപമാർന്നും, ആത്മാവായിട്ടും സദാ
പ്രകടിക്കുന്നുസ്വയം, എന്നതുധരിക്കുക.
ധീരസന്യാസിവര്യ! നീയതാണറിഞ്ഞാലും,
സ്വൈരമായ് മരുവുക, പാടുക 'ഓം തൽ സൽ ഓം' (8)

സത്യത്തെയറിയുന്നോരെത്രയും കുറവത്രെ;
സത്തമമഹത്തിനെ ശേഷംപേർ അഖിലരും,
വെറുത്തു, മാക്ഷേപിച്ചും, ചിരിച്ചും തള്ളീടുന്നു,
തീരെനീ ഗൗനിക്കേണ്ടാ കാണുമ്പോളിതൊക്കെയും;
ദിക്കുകൾതോറുംപോയി സ്വതന്ത്രാത്മാവേ! സർവ്വ-
ദുർഘടതമോ മായാ മൂടിയിൽനിന്നുമന്ദം
അവരെ മോചിപ്പിക്കാൻ സഹായംചെയ്തുകൊൾക;
നോവുകൾ പേടിക്കേണ്ടാ, സുഖവും തേടീടേണ്ടാ;
ധീരസന്യാസിവര്യ! രണ്ടിനും മേലിൽനിന്നു
സ്വൈരമായ് മരുവുക, പാടുക 'ഓം തൽ സൽ ഓം' (9)

ഈവിധം പ്രതിദിനം കർമ്മശക്തികൾതീരെ-
യവസാനമാകുന്ന കാലത്തോളവുംചെയ്തു
നിർമുക്തി സമ്പാദിച്ചു സതതം ജയിച്ചാലും,
ജന്മമുണ്ടാകാപിന്നെ; 'ഞാൻ,നീ, മനുഷ്യൻ, ദൈവം'—
ഈവകയൊന്നുംകാണാ; ഞാനാകും സകലതും;
അവിനാശമാനന്ദമഖിലം 'ഞാ'നായ്തീരും.
ധീരസന്യാസിവര്യ! നീയതാണറിഞ്ഞാലും,
സ്വൈരമായ് മരുവുക, പാടുക 'ഓം തൽ സൽ ഓം' (10)

* * * * *

ചന്ദ്രമസ്സുവൾഎന്നെഗാഢമായ്പുണർന്നു,ഞാൻ
സുന്ദരമവൾരോസാചുംബനംചെയ്തുസുഖം.

digitized by www.sreyas.in

വളന്നും,വിളറിയും,ശോഷിച്ചും,വിജൃംഭിച്ചും,
മിളിതസ്ഫോടംമൂലംവീശിയും,കഷ്ടപ്പെട്ടും,
പാടിയും,നൃത്തംചെയ്തും,പ്രേമിച്ചും,മയങ്ങിയും,-
മോടിയിൽചന്ദ്രമസ്സാം ഞാനമായിമ്മാതിരി
വനങ്ങൾ,താഴ്വാരങ്ങൾ,കുന്നുകൾ,മൈതാനങ്ങൾ,
സാനന്ദമിതുകളിൽലീലയാലസിച്ചലം
ദിനങ്ങൾനയിക്കയും, രമ്യമാംകളിയിലും,
മാനസഹരമായനമ്മസല്ലാപത്തിലും,
ഉല്ലാസകരമായ പാദസഞ്ചാരത്തിലും,
മല്ലിട്ടുപിടിവലിക്കൂട്ടുന്നകളിയിലും,
വേണുവിൽഗാനംചെയ്തും, ബാൻഡുവായിച്ചുംകൊണ്ടും,
ചേണാന്നദിയിലെ വാരിബിന്ദുക്കൾവീഴ്ത്തി
സുശ്രമഹാരിവസന്താനന്ദമാസ്വദിച്ചും,
വിസ്തൃതാംബുധിയിലെയേററവുമിറക്കവു-
മൊത്തുള്ളതാളമേളസാരസ്യമോടികളിൽ
ഈശ്വരകരങ്ങളെപ്പാടിച്ചും,കൊണ്ടുഹൃദ്യ-
ദൃശ്യനൃത്തങ്ങൾചെയ്തുമാടിയും,കറങ്ങിയും,
യഥാത്ഥഗാനംകൊണ്ടുരണ്ടുധ്യത്തരെയിതാ!
നിതരാംഹന്ത!പിടിച്ചങ്ങിനെയിളക്കുന്നു.

*          *          *

പ്രാപഞ്ചികമാംരസങ്ങളെല്ലാം
പാണിയിൽഞങ്ങൾവഹിച്ചിട്ടുന്നു,
അങ്ങുമിങ്ങുംഞങ്ങൾസഞ്ചരിച്ച്
പൊങ്ങിയുംതാണുമിരിപ്പോരിലും,
മിത്രങ്ങളിലുംരിപുക്കളിലും,
ഒത്തൊരുപോലൊരുഭേദമെന്യേ
ഞങ്ങടെപ്രേമവും,രമ്യതയും,
ഭംഗമെഴാത്തൊരനുഗ്രഹവും,
പാരവശ്യങ്ങളുമാലസ്യവും,
നേരായ്വിതരണംചെയ്തിട്ടുന്നു.
മുന്തിരിങ്ങാച്ചാറുകുപ്പികളിൽ,
ഈന്തപ്പഴങ്ങൾ—ഇതുകളെല്ലാം
നൽകുന്നു,വീഞ്ഞുപകന്നിട്ടുന്നു,
നാകീയമായുള്ളപീയൂഷവും,
രോഗമകററുന്നൊരൗഷധവും,
വേഗംസുഖപ്രദംനവ്യശുദ്ധം

digitized by www.sreyas.in

മൂലികക്കൂട്ടത്തിൽചോരുന്നൂഹാ!
ചേലായ്മധുരം,പ്പുളിപ്പുമൊപ്പം
ഗ്രന്ധമൊളിച്ചുകിടക്കുമിവ
മാടിവിളിക്കുന്നു,തേടിടുന്നു.
പോയിക്കിളച്ചിളുകയ്ക്കൂലാക്കിൻ!
മായമില്ലില്ലപായംഭയം
മാനുഷജാതിയിലാക്കുമിനി
ദിനങ്ങളൊന്നുംവരുന്നതല്ല.
ചന്ദ്രനുമയുടെവേഷമാർന്നും,
ചന്ദ്രചൂഡൻവേഷമാർന്നുഞാനും
കട്ടിൽപ്രദക്ഷിണംവെച്ചുകീഴെ
ത്തുഷ്ട്യാകടന്നുപോകുന്നുവീണ്ടും;
മർത്ത്യനെന്നന്നായനുഗ്രഹിച്ച്
ശുദ്ധപരിശുദ്ധിയെന്നപോലെ
കാന്തമുമയുടെ ഹൃദ്യനേത്രം,
അന്തവിഹീനംശിവപ്രസാദം
സമ്പത്തുനൽകിയെടുത്തുപൊക്കി
സമ്പ്രതിനിത്തുന്നുമാനുഷരേ.
താഴേന്നുമേലേപറന്നുപോകാൻ
തന്റേടമുള്ളചിറകുനൽകും
ധൂർത്തരീഞങ്ങളെവന്നുകാണിൻ!
നേത്തുവരുവിൻമുറയ്ക്കുനോക്കിൻ

* * *

നേത്രംനാലോരുമുട്ടി, പരിണതിപലതാ-
ത്മാക്കളിൽരണ്ടിലുണ്ടായ്,
പാത്തിട്ടോക്കുന്നതില്ലാ പുരുഷനിതിലെവൻ,
നാരിയേതെന്നകാര്യം,
നിസ്തക്കംഞാനുരയ്ക്കാമറിയുവതഖിലം,
രണ്ടുപേർനിന്നിതപ്പോൾ,
പ്രത്യക്ഷീഭൂതമായിപ്രണയ,മുടനതാ!
രണ്ടുമൊന്നായ് ചമഞ്ഞു.

* * *

എന്നുടെഹൃദന്തരം റോസാപ്പൂനിറഞ്ഞതാ-
ണെന്നുടെപാനപാത്രം വീഞ്ഞിനാൽപരിപൂർണ്ണം;
മാമകമെന്നരസാൽ ഞാൻവിളിച്ചീടുന്നൊരു
പ്രേമമന്ദിരമെന്നോടൊത്തുണ്ടുശയിക്കുന്നു.



digitized by www.sreyas.in

എന്നോടു താരതമ്യംചെയ്യുമ്പോൾ എവിടുത്തെ
മന്നോർമന്നനുംവെറുമടിമമാത്രംതന്നെ.

*　　　　*　　　　*

വീണക്കമ്പികളായിടാമഹം,മുടൻ
　നീ നാദമായീടണം;
പ്രീണിച്ചങ്ങുശരീരമായിടുകനീ,
　ഞാൻ ജീവനാകാമുടൻ;
കാണുന്നുണ്ടിഹരണ്ടുപേരിതിനര-
　ന്മാരാരുമോതാത്തമ-
ട്ടാണിന്നിക്കഴിയേണ്ടതോക്കുകനമു-
　ക്കൊന്നായ്ച്ചമഞ്ഞങ്ങിനെ.

*　　　　*　　　　*

യൂസുഫ് സുലേഖയ്ക്ക്

നിന്നെപ്രേമമില്ലെന്നോ? ഹന്ത! ഞാനെത്രപ്രേമി-
ച്ചെന്നതു ദീർഘവിയോഗാത്തിവഷങ്ങൾകാട്ടി.

...　...　...　...　...　...

എങ്കിലും വികാരത്തിന്നിരയായ്ഭവിക്കാഞാൻ,
പങ്കത്തിൽനിന്നുമാറാം; നിന്നിൽനിന്നൊട്ടുംമാറാ.

എൻപ്രേമമതിമാത്രം പവിത്രമായിനിന്നു,
എൻപരിപൂതജീവൻതന്നിൽനിന്നൊരുസസ്യം
ഭൂമിയിൽകുരുത്തില്ലാ; ദേവകൾവന്ദിക്കുംപോൽ
പ്രേമിച്ചേനഹം; വേറെയാതൊന്നും മോഹിച്ചില്ല,

അന്വേഷിച്ചതുമില്ലാ; പ്രതീക്ഷിച്ചതുമില്ലാ,

മന്ദതാഹീനംദൂത! പറന്നുപോകൂ! പായൂ!
നിന്നക്ഷികളിൽനിന്നു മിന്നലും ചാണ്ടിക്കൊണ്ടു-
ചെന്നുപായുക! നാരീനരർതൻഹൃദന്തത്തിൽ!
തേജസ്സാൽ സവാരിചെയ്യുക്കടപ്രഭവഷി-
ച്ചോജസാ പാഞ്ഞുപറന്നങ്ങിനെപോയാലുംനീ.
സ്വാതന്ത്ര്യമണിദീപമുച്ചത്തിൽപിടിച്ചാലും!
ഭൂതലംചുഴിഞ്ഞേറൂ!, വ്യോമത്തെപ്പിളന്നാലും!
എന്തുകൊണ്ടെ,ല്ലോളെ,ഞെ,നുള്ളതിനെല്ലാംമേലെ,
സന്തതം സകലതും, സവ്വുംഞാനാകുന്നു.
സമസ്തംഞാനാകുന്നു; ദൂത! നീപറന്നാലും!
നമസ്തേ! വത്തമാനം! ആനന്ദം! ബഹുരസം!

*　　　　*　　　　*

digitized by www.sreyas.in

മൽപ്രാണപ്രിയ! നാഥ! മാമകാത്മാവേ! പ്രഭോ!
കെല്പോടന്യഭാഷിതചിന്തകളെല്ലാമെന്തേ?
ഇല്ലാത്തവസ്തുവിനെ സ്വപ്നത്തിൽകാണുന്നെന്തേ?
വല്ലഭ! നിന്നെയെനിക്കരികിൽവേണംനൂനം.
മററുള്ളതഖിലവും പൊട്ടിച്ചുകളയണം,
കാററത്തുപൊട്ടിപ്പറന്നീടട്ടെ മഷിക്കുപ്പി!
എഴുതാനുള്ളപേനാ പൊടിഞ്ഞുതകരട്ടെ!
പാഴിലെന്തിന്നെൻപ്രിയ! നീയെന്നെ മോഹിപ്പിച്ചു!
സർവ്വവുംപൊടിയട്ടെ! ഹൃദയം തകർത്താലും!
നിർവ്യാജം ശിരസ്സിതുപൊങ്ങട്ടെ വാതകമായ്!
ഒളിക്കാനെനിക്കൊരുമറയുംവേണ്ടാ, ശ്വാസം
വലച്ചുബന്ധിക്കുവാൻ ഭിത്തികളൊന്നുംവേണ്ടാ.
അല്ലയോ! പൊടിച്ചാലും! സകലാതകർത്താലും!
എല്ലുകൾ നുറുങ്ങട്ടെ! മാംസങ്ങൾ പൊടിയട്ടെ!
നെഞ്ചുകൂടുഞാൻ തല്ലിപ്പൊടിയായ്പറത്തട്ടെ!
കിഞ്ചനനിൽക്കൂ! തല്ലിത്തകർക്കാമസ്ഥികൂടം!
സ്വാതന്ത്ര്യസമീരണൻ പാഞ്ഞടിച്ചുകേറിവ-
ന്നതിനൊക്കൊടുങ്കാററായ്തീക്കട്ടെ! പറക്കട്ടെ!

*          *          *          *

എളുതായ്വരില്ലെൻെറനീരാവി! കുഴലുകൾ
പിളർക്കുമവതന്നിലതിനെക്കയററുകിൽ!
എൻെറഭ്രാന്തിനെക്കെട്ടി തടവിലിടാമെന്നു
ചിന്തിക്കവേണ്ട! തനിസ്വാതന്ത്ര്യം! സുസ്വാതന്ത്ര്യം!
ഒതുക്കിയെന്നെനിർത്താൻ മാർഗ്ഗമില്ലൊന്നുംതന്നെ-
യതുവേണമെങ്കിലോ പരീക്ഷിക്കട്ടെദൈവം!
ഞാനമർന്നുനില്ക്കില്ലാ; പ്രപഞ്ചകാര്യമായോ,
ജ്ഞാനമീശ്വരനായോ ബന്ധനംതാങ്ങില്ലഞാൻ;
എളുതാക്കിടേണ്ടാവിയന്ത്രം ഞാൻപൊടിച്ചീടും,
എളുതാക്കേണ്ടാ, കുഴൽതകർക്കുമഖിലം ഞാൻ,
എളുതാക്കേണ്ടാ, ലോകംകീറിഞാനെറിഞ്ഞീടും,
എളുതാക്കേണ്ടാ, ദൈവഹൃത്തുഞാൻതകർത്തീടും;
എളുതാക്കേണ്ടാ, ബന്ധനോദ്യുക്തമെതിർക്കും ഞാൻ,
എളുതാക്കേണ്ടാ, മിന്നാൽകീറുമാഴിയും,വാനും,
എളുതാക്കേണ്ടാ, പരിമാണങ്ങൾ ഭേദിക്കും ഞാൻ,
എളുതാക്കേണ്ടാ, വാതിൽപൂട്ടൊക്കെത്തുറക്കും ഞാൻ,
ഞാൻ മൂടുപടമൊക്കെ കഷണിച്ചുമാററിടും,

digitized by www.sreyas.in

വന്മതിൽകോട്ടയെല്ലാം പൊട്ടിച്ചുതകർത്തീടും,
ഭൂധരങ്ങളെയൊക്കെ ധൂളിയായ് പൊടിച്ചീടും,
നഗരാവലി, ലോകസഞ്ചയം, സൂര്യഗണം,
ശശി,ദേവകൾ, ഈശ്വര്യങ്ങൾ, ദേവസ്ത്രീകൾ–
നശിപ്പിച്ചിവയെല്ലാമെൻകാലിന്നടിയിലായ്
ചവിട്ടിഗ്ഗംഭീരമായ് തലകളേറിനിന്നു
സവിശേഷമാംവണ്ണം നൃത്തംവെച്ചുഞാൻപോകും!
ഹേ! വിശദാംശങ്ങളെ! നിങ്ങടെവ്യാപ്തദേഹേ
ചവിട്ടിലാസ്യംചെയ്യും; പ്ലാനെല്ലാം പുറംതള്ളും;
കാലമേ! ജഗന്നാഥാ! സ്ഥലമേ! ആകാശമേ!
ബലമായ് നിങ്ങളെയുംപിന്നിട്ടുഗമിക്കുംഞാൻ.
കൊടിയകാററിൽക്കൂടെയെല്ലതാക്കേണ്ടുന്നമ്മെ
പിടികിട്ടിടാ നാശമതിനുംസംഭവിക്കും.
മസ്തിഷ്കത്തിനാലെന്നെ ലാഘവപ്പെടുത്തേണ്ടാ,
ചേർത്തിടുമതിലഹം മുഴക്കെഭ്രാന്തുഘോരം.
ഹൃദയത്തിൽവെച്ചെന്നെയെല്ലതാക്കുവാൻപററി–
ല്ലുദയം അതിനെഞാൻ തകർത്തുപൊടിയാക്കും.
ദേഹത്തിൽവെച്ചുമെന്നെ ലാഘവപ്പെടുത്തേണ്ടാ
സഹസാ ചുഴലിക്കാററാക്കുവനതിനെയും,
ലോകത്തിൽവെച്ചുമെന്നെയെല്ലതാക്കുവാനാകാ,
സകലമപ്പോളയെ പൊട്ടിക്കുമഹംക്ഷണാൽ.
ഈശ്വരരഹസ്യംഞാൻ തുറന്നുവെളിക്കാക്കും,
വശ്യമജ്ജാലതന്ത്രം പൊളിച്ചുപുറത്താക്കും,
ഞാനദ്ദൈവത്തെ നഗ്നനാക്കിനിർത്തിയുംകൊണ്ടു
മാനഹാനിചേർത്താശു ലജ്ജിപ്പിച്ചീടുംനൂനം.
മൽപ്രിയ! പ്രപഞ്ചത്തെ മേലിനിപ്പേടിക്കേണ്ടാ!
വീർപ്പുമുട്ടിയോടുവാൻ ശ്രമിക്കേണ്ടതിൽനിന്നു്,
രൂപങ്ങളോരോന്നോരോന്നായി ഞാനെടുത്തിട്ടു
സപദിവീഞ്ഞുമോന്തിക്കപ്പൊക്കെയെറിയുന്നു.
കരയുംകപ്പുകളേ! തകരും കപ്പുകളേ!
തരസാപൊറുക്കുവിൻ! സദയം ക്ഷമിക്കുവിൻ!
നിങ്ങളെയൊക്കെത്തകർക്കുന്നതു ഞാനല്ലെ,ന്നിൽ–
പൊങ്ങിവന്നചാഞ്ചാട്ടം ലഹരിമാത്രമത്രെ.

* * * *

എന്നെനീയെന്താണറിഞ്ഞതില്ലേ?
എന്നിൽ വരുന്നുനിൻകാററുവീശാൻ!

digitized by www.sreyas.in

നിന്നക്ക്ൾവന്നുകളിപ്പിച്ച മാം!
നിന്നണ്ണിപാടാനരുളുന്നുമേ!
നാടകശാലയിലെന്നപോലെ
കൂടുന്നുമുമ്പിൽമേ നിൻസൃഷ്ടികം!
നിന്നദീജാലം മടമൊത്തുക്കി
മുന്നിൽമേ നെററിയുരച്ചിടുന്നു!
നീയുമെൻകല്പനകേംപ്പതിനായ്
വായുംപൊത്തി ത്യ്യാറായിനിൽപ്പൂ!
നീയെന്തു്? ഞാനെന്തി,തൊക്കെയെന്തു്?
നീയീശനോ? ഞാൻ മരിപ്പവനോ?
എന്നെനീയുണ്ടോ പ്രണയിക്കുന്നു?
ഞാൻനിൻെറ പ്രാണപ്രിയതമനോ?
എല്ലാമിതെന്താണു്? ചൊല്ലിടംമോ?
നല്ലസൌന്ദര്യം ഞാനെന്നറിയും!
ദേവപ്രിയനഹമെന്നറിയും!
ദേവന്മാരേതിനെ കാമിക്കുന്നു,
താരകേളിതിനെ ശോഭിപ്പിപ്പാൻ
നേരെനിരന്നു തിളങ്ങിടുന്നു,
ഞാനതാ,ണേകനാണേകനത്രെ!
ഞാനതാ,ണേകനാ,ണേകനത്രെ!

* * *

"എന്താണു്സയൻസെന്നാൽ? എന്താണു്ശാസ്ത്രമെല്ലാം?
അന്തരംഗത്തിൽ കട്ടംഡിക്കാരം, ആഡംബരം,-
മസ്തിഷ്കത്തിൻെറ യത്യന്താർത്തിയും ബുഭുക്ഷയും,
* രുദ്ധമാംപഴംതിന്നാൻ വീണ്ടുമുള്ളമോഹവും-
ഉത്തമാംശമാം മനഃകോശത്തെ യതുചാടി-
യത്യുഗ്രരോഗങ്ങളെപ്പോലഹോ! പിടികൂടി
പ്രത്യഹംബാധിക്കയും മേൽക്കുമേൽനിരാശതൻ
ഗർത്തത്തിൽമുക്കിമുക്കി മാഴ്കയുംചെയ്തീടുന്നു"

* * * *

രാമന്നാംനിന്നോടുചേർന്നു നില്ക്കെസ്സദാ
സീമയില്ലാതുള്ള ശാന്തിതന്നെ
ഞാനതിസ്പഷ്ടമാമൌനത്തിൽവിശ്രമ-
സ്ഥാനത്തുനിന്നു രസിച്ചിടുന്നു.

* ബൈബിൾ കഥാസൂചന.

digitized by www.sreyas.in

കാററുംപിശറും പെരുത്തു കോൾകൊണ്ടല-
മേററുള്ളും പ്രപഞ്ചാഴിതന്മേൽ
പക്ഷിയെപ്പോലെ പ്രഭാതകാലത്തിൽഞാൻ
ശിക്ഷയായങ്ങിനെ നീന്തിടുന്നു.
ഓളങ്ങൾപൊങ്ങി മറിഞ്ഞുതാഴുന്നേരം
മേളിച്ചുനിന്നിൽഞാൻ നീന്തുന്നെന്നു,
പൂണ്ണമായ്ബോധിച്ചു, നഷ്ടപ്പെടാനൊന്നും
നിണ്ണയമില്ലെന്നു നന്നായോത്തും,
അന്തവിഹീനമാം പ്രേമത്തിൽഗംഭീര-
ശാന്തനായങ്ങിനെ വിശ്രമിപ്പൂ.
മാനസ്വാസ്ഥ്യത്തിൻ തട്ടിൻമേൽഭാഗേ
ഞാനങ്ങുനിന്നിലും നീയെന്നിലും!
നിൻനെഞ്ചിൽനിന്നു പതിക്കുന്ന റോസപോൽ
വന്നിടും സവ്വപദാത്ഥങ്ങളും
സ്വാഗതംചെയ്തു കൃതജ്ഞതാപൂർവ്വകം
സ്വീകരിച്ചിങ്ങുഞാൻ നിന്നിടുന്നു.
താഴ്ചയുയച്ചകൾ നീണ്ടമൃദുസിത-
സ്വച്ഛ പ്രസൂനഫലങ്ങൾമാത്രം.
എന്നുടെപാതയും സ്വണ്ണഖനിപോലെ-
യുന്നതപ്രേമം വിട്ടുതിവെച്ചു
പൂണ്ണംനിറച്ചതാ ണോ,രോരോ സെക്കണ്ടും
പൂണ്ണം രുചികരാനുഗ്രഹത്താൽ.
ജാഗ്രത്തിലെങ്കിലും, നിദ്രയിലെങ്കിലും
വ്യഗ്രതലേശവും കാണ്മതില്ലാ.
നിന്നോടുചേന്നലം ശാന്തിയിൽ—മൌനത്തിൽ,
മന്ദശീതങ്ങളാം വഷങ്ങളിൽ,
മഞ്ഞിൻെറതുള്ളികൾ മൂടുംസുമങ്ങളിൽ,
മഞ്ജുവായൊന്നിച്ചു പാടിക്കൊണ്ടു്,
തങ്ങളിൽനല്ല കടാക്ഷങ്ങളെത്തൂകി
സംഗതപ്രേമാർദ്രം ലാലസിക്കും.

* * *

ഭൂരുഹതുഷാരജാലങ്ങളിൽനിദ്രചെയ്തു-
മരുവും പ്രേമത്തിൻെറ ശാന്തമൌനവിശ്രമം
തട്ടിഞാൻകല്പക്കുന്നു, രാമനുവേണ്ടിക്കൈകൾ
കൊട്ടിഞാനെൻെറ പ്രേമമായതുമൂണത്തുന്നു,
ഞാനെൻെറ പ്രേമംകൊണ്ടു ജ്വലിച്ചുദഹിച്ചരി-

digitized by www.sreyas.in

മാനിച്ച ബ്രഹ്മാവിലുമീശ്വരനിലുംനിന്നു
കല്ലിലേയ്ക്കല്ലോ തിരിഞ്ഞങ്ങിനെ നോക്കിടുന്നതു.
നല്ലതായുരുണ്ടതിസ്വച്ഛമായ് സുന്ദരമായ്.
പാവനമനോഹരമാകുമിക്കൽദൈവങ്ങൾ-
പവിത്രഗംഗാംഭസി ശ്രീശിവൻകുളപ്പിച്ചു
മിന്നസംകത്തികൊണ്ടു മുണ്ഡനംചെയ്യരീത്തോ-
രനഘധീരസത്യ സ്വതന്ത്രസന്യാസിമാർ,-
പഴയക്ഷേത്രങ്ങളിൽ സാളഗ്രാമങ്ങൾ-ഇവ
വഴിപോൽപ്രകൃതിതന്നാചാര്യവർഗ്ഗംതന്നെ.

* * *

ഞാനേററംപരിശുദ്ധനാകുമുടനേ ജീവൻരഹസ്യംസുഖാൽ
താനേതന്നെതുറന്നു വേണ്ടപരിഹാരം കണ്ടുമുട്ടുംദൃഢം;
നൂനംസത്യമതെന്നിലും, സ്ഥിരമഹംസത്യത്തിലും നില്ക്കയാ-
ണിനമ്മിൽപരിശുദ്ധി രക്ഷയരുളും, സമ്പൂൎണ്ണമാംമോക്ഷവും.

* * *

അനന്തതയ്ക്കുള്ളവകാശി നീതാൻ,
മനസ്സിലാളുന്നിതു പ്രേമസിന്ധു;
'എനിക്കതാ!' എന്നതിരിഞ്ഞു ചൊല്ലും
മനുഷ്യനല്ലങ്ങി വരണ്ടുപോകും.

* * *

ആണ്ടുകൾ, ദിനങ്ങളെന്നിവയിൽ ക്രുടിക്കാലം
നീണ്ടുരുണ്ടുനീങ്ങുന്നതേതൊരുവൻെറകാലിൽ,
ജ്യോതിഷാം ജ്യോതിസ്സായി, ദേവന്മാർ, അമർത്ത്യമായ്
ഏതൊരുവനെപ്പൂജിച്ചാരാധിക്കുന്നുനിത്യം,
ജീവിക്കമെഞ്ചുവിധം ജീവജാലങ്ങൾ സർവ്വ-
മെവനെയിടവുമൊത്താശ്രയിച്ചു നിൽക്കുന്നു,
മരണവിഹീനനായ്, നാശമില്ലാതെയുള്ളാ-
പ്പരമസത്തതന്നെ ഞാനെന്നുധരിക്കുന്നേൻ.

* * *

## സഞ്ചരിക്കുന്ന പ്രകാശം.

ഇല്ലെന്നെത്തുച്ഛിപ്പെട്ടുത്തുവാനാളില്ല
ചൊല്ലുകാക്കെന്നെയുപദ്രവിക്കാം?
നല്ലമോദമെനിക്കേകുവാനാരുള്ളു?
ഇല്ലില്ലൊരുവനാപ്രീതിനൽകാൻ.

digitized by www.sreyas.in

2 ലോകംതിരിഞ്ഞങ്ങുമാറി ... ന്നു
നൽകുവാനായി സ്ഥല ... ഴ്!
പോകുംനിഴലുകൾ ... രത്തുഞാ-
നാകുംസമുജ്വലദീപംകണ്ടാൽ

3 ഞാനിതാ! വന്നുപോയ് സാഗരമേ! പിള-
ൎന്നീനമുക്കായിട്ടു മാറിനില്ല്!
ന്യൂനമുണങ്ങിവരണ്ടു പോമല്ലായ്കിൽ
ഹാനിവരാതങ്ങു മാറിനില്ല്!

4 ഗൌനിച്ചിരിപ്പിൻ! ഗിരികളേ! മൽപഥ-
സ്ഥാനത്തുവന്നു നില്ലൊല്ലനിങ്ങൾ,
മേനിപൊടിഞ്ഞസ്ഥിപൊട്ടിത്തകൎന്നതി-
ദീനപാംസുക്കളായ്പോകുംനിങ്ങൾ!

5 വീരരാജാക്കളേ! സേനാപതികളേ!
ധീരനാമെൻകളിക്കോപ്പുകളെ!
പാരിച്ചൊരഗ്നിപ്രളയം വരുന്നിതാ!
ദൂരെമാറീടുവിൻ! കുഞ്ഞുങ്ങളേ!

6 മന്ത്രിസചിവോപദേശകവൎഗ്ഗമേ!
എന്തിനിശ്വാസം കെട്ടപ്പുനിങ്ങൾ?
ഞാൻതരുംകല്പനകേട്ടു നടക്കുവിൻ!
അന്തകനെന്നിങ്ങൾ ഭക്ഷിക്കുവിൻ!

7 വാതങ്ങളേ!മമശ്വാക്കളേ!ക്രുകുവിൻ!
സ്വാതന്ത്ര്യമോടു കരച്ചുകൊൾവിൻ!
ഊതിയടിക്കട്ടെകാററുംമഴകളും
ഏത്തുംതടവിട്ടെൻകാഹളങ്ങൾ!

8 ഉഗ്രവാതങ്ങളിലെൻറസവാരികൾ
വ്യഗ്രതവിട്ടുകാൽനീട്ടിവെച്ച്,
മിന്നലാണെന്നുടെതോക്കുകൾ,വ്യൎത്ഥമായ്
വന്നുപോകില്ലെൻ വെടിയുണ്ടകൾ!

9 നായാട്ടുകാരനെപ്പോലെപായുന്നുഞാൻ
വായിലാക്കുന്നുലഭിപ്പതെല്ലാം,
അദ്രികൾ,ഏത്തുകൾ, ധാത്രീതലങ്ങളും
അബ്ധികൾക്കൂട്ടവുമൊന്നുപോലെ.

10 ദേവകളെയുംനിയതികളെയുംഞാൻ
കേവലമെൻറഥത്തിൽക്കെട്ടി

digitized by www.sreyas.in

[illegible]
ഉറക്കെവിളംബരംചെയ്തിട്ടുണ്ടു:—

11 “തള്ളിക്കളക പരിഭ്രാന്തിയൂർത്തി-
ലുള്ളമുണർന്നെഴുന്നേററുനോക്കൂ!
മുക്തനായ്ത്തീരുക! മോചനം! മോചനം!
മുക്തി! ഓങ്കാരം! സ്വതന്ത്രതന്ത്രം!”

## ചന്ദ്രൻ

ആരാമഭൂവിമമചന്ദ്രികയുറങ്ങുന്നു,
താരേശൻമേഘാംബരത്തുമ്പുകളിളക്കുന്നു,
ചന്ദ്രികാ! ഹാഹാ! നല്ലചന്ദ്രികാ! മിന്നീടുന്നു,
മന്ദശോഭയായതൊട്ടുഷിനെ ചാഞ്ചാടുന്നു,
കിരണസുരഭിലമാരുതൻചുംബിച്ചുംകൊ-
ണ്ടരുമചേർന്നുപരന്നമലംലസിക്കുന്നു,
സരസിചെറുതരംഗാളിയാംനാവങ്ങളിൽ
മരുതാ നീ[illegible]യായിചന്ദ്രികനീന്തീടുന്നു,
ഓമനപ്പൂന്തൽശശിഭ്രൂരുഹശാഖാതലേ
കോമളശാന്തിപൂർവ്വംമേളിച്ചുവാണീടുന്നു,
ചഞ്ചലപവനനിൽനിഴലുംവെളിച്ചവും
അഞ്ചിതമായിപ്രകടിപ്പിച്ചുനിന്നീടുന്നു,
ആഹന്ത! നിശാകരനാകാശപ്പൊയ്കതന്നിൽ
സഹസാനീന്തിക്കളിച്ചാടുന്നു; വന്നാലുംനീ
രാകാനായകാ! പിടിച്ചീടുമാംവന്നൊൻകുഞ്ഞേ!
ആരുമോനിനക്കെന്നോടൊന്നിച്ചു പറക്കുവാൻ?
താരകങ്ങളാംകളിക്കൂട്ടരോടുന്മേഷിച്ചു
ചേരുന്നുനിശാകരൻ, കിരണാംഗുലികളാൽ
അന്യോന്യംപിടിച്ചുംകൊണ്ടല്ലയോനൃത്തംവെച്ചു
മന്ദമുല്ലസിക്കുന്നു!, ബാലികയൊരുത്തിതൻ
നേത്രങ്ങൾക്കുള്ളിൽശശിയെങ്ങിനെമുങ്ങീടുന്നു,
സൂത്രങ്ങൾഗ്രഹിച്ചവൻ അവളെക്കളിക്കോപ്പായ്
ചിന്തിച്ചുരസിക്കുന്നു, രാജതമായപന്തേ!
കാന്തികൾനിനക്കെല്ലാമാരെടോ! കടംതന്നു?
ആയവളുടെപ്രഭാജാലവുംരജതവും
നിയതമശേഷവുമെന്നുടെസ്വപ്നംമാത്രം.

* * *

digitized by www.sreyas.in

1 നിന്നെഞാനറിയുന്നു! നിന്നെഞാനറിയുന്നു!
നിന്നെഞാനറിയുന്നു! പ്രേമമാംപ്രഭാവമെ!
എന്നുടെപൂട്ടെല്ലാംനീ ചുരുക്കിക്കളകയോ,
ഛിന്നമാക്കയോ,നീങ്ങി മാറിനില്ക്കയോചെയ്യാം.
നിന്നുള്ളമെൻേറതത്രേ, ഞാനൊരുഗ്രന്ഥംപോലെ
നന്നായിട്ടതുവായിച്ചീടുന്നുനിരന്തരം.........നിന്നെഞാൻ...

2 നെററിതൻചുളുക്കുകൾ, കൺതുറിച്ചനോട്ടങ്ങൾ,
ചുററിലുംകറുപ്പുവസ്ത്രങ്ങളെപ്പോലെനിന്നാൽ
ചെററുമില്ലൊരുദോഷം ചിമ്മിനിഗോളാദികൾ
പററില്ലാനിന്നെമറച്ചീടുവാൻ ഭാസ്വൽപ്രഭേ!
...നിന്നെഞാൻ...

3 മന്ദഹാസങ്ങൾനിൻെറ മധുരമധുരങ്ങൾ,
നിൻനെററിച്ചുളുക്കുകൾ,പേടിപ്പിക്കലുമൊക്കെ
സുന്ദരാമൃതാംബുധികോപിച്ചുക്ഷോഭിക്കയും
പിന്നെയൊട്ടോളങ്ങളായ്ഉല്ലസിക്കയുമത്രെ.
...നിന്നെഞാൻ...

4 നിന്നെഞാനറിയാഞ്ഞാൽനാരകീയസങ്കടം,
നിന്നെഞാനറിയുമ്പോൾ പരിപൂർണ്ണമാംസുഖം,
താരസംഘത്തിൽ,കാററിൽ,സുമരാശിയിൽനിന്നെ
സരസംചുംബിച്ചുനിതന്നെഞാൻപുണരുന്നു.
...നിന്നെഞാൻ...

## പ്രേമസമർപ്പണം

നായകാ!ജീവൻമമസ്വീകരിച്ചാലും, നിന്നി-
ലായതുസമർപ്പിതമായിട്ടുഭവിക്കട്ടെ!
പ്രേമമേ!ജീവൻമമസ്വീകരിച്ചാലും, നിന്നി-
ലാമഗ്നമാകട്ടതുപൂർണ്ണമായഗാധമായ്.
ദൈവമേ!നേത്രങ്ങൾമേസ്വീകരിച്ചാലും, നിന്നാൽ
കേവലമുന്മത്തങ്ങളായതുകൾഭ്രമിക്കട്ടെ.
സത്യമേ!കരങ്ങൾമേസ്വീകരിച്ചാലും, നിന-
ക്കത്യർത്ഥംപ്രയത്നംചെയ്യായവവിയർക്കട്ടെ.
കീഴിലുജ്വലിച്ചീടുംസുന്ദരചിന്തകാട്ടും
മിഴികൾമാത്രാനല്ലസുന്ദരമിഴികളാം.
പതംഗഗീതംപോലെ ഹൃദയത്തിങ്കൽനിന്നൽ-
പതിക്കുംവാക്കോതുന്നോരധരംമനോഹരം;

digitized by www.sreyas.in

സത്യമായാത്മാത്ഥമായ് ധീരമായ്പ്രതിക്ഷണം
കൃത്യംരാപകൽചെയ്യുംകരങ്ങൾസുന്ദരങ്ങൾ;
ജാതനല്ലഞാൻ, വളൎന്നീടുന്നില്ല,ചാകില്ലാ
കൃതികൾദേഹേ മൂകപ്രകൃതിതൻെറപണി;
വിതയ്ക്കുന്നതുംകൊയ്യുന്നതുമീയഹങ്കാരം,
അതുഞാനല്ലാ, മാററമില്ലാത്തുള്ളാത്മാവുഞാൻ.

*  *  *

## ശാന്തമായിരിക്കുക.

"എന്തിനിത്രവിളച്ച്? വിവശത?
എന്തിനാണീവിവണ്ണത? ചൊല്ലെടോ!
ചന്തമാമിഷ്ടമാററില്ലവളെനി-
ന്നന്ധതയത്രമാത്രാം ജയിക്കുമോ?
എന്തുചൊല്ലെടോ! ക്ഷീണംവിളച്ചിയും?
എന്തുമൂകത! മന്ദത! ഇങ്ങനെ?
എന്തുപാപിഷ്ഠബാലകാ! മൂകത?
ഹന്ത! നീ ദയാപൂൎവ്വംപറയുമോ?
നല്ലചൊല്ലവൾതന്നെ മറിച്ചിടാ,
ചൊല്ലിടാഞ്ഞാലതുഭവിക്കുംസഖേ!
മൂകനായിട്ടിരിക്കുന്നതെന്തെടോ!
നീകുറച്ചിലെന്നോൎത്തുലജ്ജിക്കുകിൽ
ആയവളെയനക്കുവാനാകില്ലാ,
ആയതുകൊണ്ടവളിൽഫലംവരാ.
താൻതനിച്ചുസ്വമേധയാസ്നേഹിക്കിൽ
പന്തിയാ,മിവളല്ലാതെയന്യഥാ
ഒന്നുകൊണ്ടുമടുക്കാവതല്ലവൾ
തന്നെവിട്ടുകളകപിശാചിനായ്." ഓം!

## എനിക്കു മഴ പെയ്യുന്നില്ല.

ഇതുമഴയല്ലാനമുക്കുചെമ്പക–പ്പൂതുമലർവഷംചൊരിയുന്നതത്രെ,
ഉതിരുംബിന്ദുവിലകളെയദ്രിയിൽ–സ്ഥിതിചെയ്യുംവനകുസുമം
കാൺമുഞാൻ,
ഇരുണ്ടമേഘങ്ങൾപകൽവിഴുങ്ങുന്നു–പുരങ്ങളെത്തന്നെ
ഭുജിച്ചുനില്ക്കുന്നു,
ഇതുമഴയല്ലാനമുക്കുറോസാപ്പൂ–വതിമാത്രംവഷംചൊരിയുന്നതത്രെ,

digitized by www.sreyas.in

**ഇളമഴയല്ലാനമുക്കുപൂച്ചെടി-പ്പൂത്തുപുരയിടംപരിശോഭിക്കുതാൻ,**
**കവച്ച്ക്കാരനാംമധുകരനെണ്ടാ-മവിടൊരുഗേഹംമൃദുലമെത്തയും**
**സുഖികൾക്കുബഹുസുഖകരമത്രെ-മുഖംകറുത്തോർക്ക് ഫലമതിമോശം**
**ഇളമഴയല്ലാനമുക്കശോകത്തിൻ-പുതിയപുഷ്പങ്ങൾ പതിക്കുന്നതത്രേ**

* * *

കാററിലാടുന്നതാലനിരകൾസംഗീതവും,
ഏററിടഞ്ഞടിക്കുന്നതിരകൾമാറെറാലിയും,
കന്നുകാലികളുടെകണ്ഠത്തിൻധ്വനികളും,
സുന്ദരമായമഞ്ഞിൻദ്രാവകബിന്ദുക്കളും,
ഘനാഭാരത്താൽതാഴെത്താണിടുംമേഘങ്ങളും,
തനുപാദങ്ങൾപതിച്ചുള്ളൊരുനിനാദവും,
മത്സ്യവ്യൂഹങ്ങളുടെഹസിതാരവങ്ങളും,
മാർത്താണ്ഡൻതന്റെകനകാഭമാംരശ്മികളും,
മൂകനക്ഷത്രങ്ങൾമിന്നിമിന്നിനില്പതും, വെള്ളി-
രാകാനായകൻതൂകും ചഞ്ചലപ്രകാശവും,
അടുത്തുമകലെയുംചിന്തുന്നപ്രഭകളും,
തുടുത്തവിദ്യുൽഖഡ്ഗചാലനമിന്നൽകളും
ശോഭായമാനമണിനിരകൾതിളക്കവും,
അഭയമിരുട്ടത്തുമഞ്ഞുരാത്രിയിൽനൽകും
വിളക്കുമരത്തിന്റെദീപത്തിൻപ്രദീപ്തിയും.
ഗോളമായാപ്പിൾപോലെ നെഞ്ചുള്ളധരണിയും,
ത്രിദശലോകത്തിലെഅമോഘധനങ്ങളും,
നാദഹീനനാദവും, തീയില്ലാപ്രകാശവും,
ഇരുട്ടുകൂടാതുള്ളോരിരുട്ടും, ചിറകില്ലാ-
പ്പറക്കൽ, മനമില്ലാച്ചിന്തയെന്നതുകളും
ദൃഷ്ടിയില്ലാത്തനോട്ടം, വക്ത്രഹീനഭക്ഷണം,
മുഷ്ടിയില്ലാതെയുള്ളലഘുവാംപിടുത്തവും,
ഞാനത്രേ വേറൊന്നല്ലാ, ഞാനത്രേ വേറൊന്നല്ലാ!
ഞാനത്രേ മറെറാന്നല്ലാ, ഞാനത്രേ മറെറാന്നല്ലാ!

## ലോകമീലോകമെനിക്കാകുന്നില്ല യാതൊന്നും.

സർവ്വവുമെനിക്കുഞാൻ-ആത്മാവായ്‌വർത്തിക്കുന്നു-
സർവ്വം-ദേഹംപോട്ടേ! ക്ലേശമില്ലതേപ്പററി;
അങ്ങിങ്ങുതള്ളീടിലും, ചാകുവാൻവിട്ടെന്നാലും
ഭംഗമെന്തുമേ? ഞാനോ മുക്തിതന്നാത്മാവത്രെ.
ലവണാബ്ധിതന്നിലേപതയാംദേഹംതല്ലി-

digitized by www.sreyas.in

യവിടെയിവിടെയും പോകട്ടെമേലുംകീഴം!
സങ്കടങ്ങളേ!വരിൻ! സന്തോഷങ്ങളേ!വരിൻ!
എങ്കൽനിങ്ങളൊക്കെയുമൊന്നുപോൽ–തുല്യംതന്നെ.
മരുഭൂമിയുമുദ്യാനങ്ങളുമൊരേവിധം
തരണിപ്രകാശിപ്പിച്ചരുളുന്നതുപോലെ
നിയതിയുടെഗതിവിഗതികളെസ്സമം
സ്വയമൊന്നോടേപ്രകാശിപ്പിച്ചുനില്ക്കുന്നോൻഞാൻ.
അത്യന്തസമുന്നതശ്ശുദ്ധനീലമാകാശ–
വിസ്തൃതാംബുധി ജലദോദയനാശംകൊണ്ടു
ബാധിതമാകുന്നീലാ; ഞാനാകുമൊരേതോളിൽ
സാധുയൌവ്വനനെട്ടരേഖയും, വളഞ്ഞുള്ള
വാർദ്ധക്യരേഖതാനും പുറമേവരച്ചവ.
മുക്തൻഞാൻനിരന്തരംസ്വതന്ത്രൻബന്ധഹീനൻ
വിജയമപജയംരണ്ടുംമേസമതുല്യം,
തേജസ്വിസൂര്യ്യ,ഗ്രഹ,താരക,വ്യോമാദികൾ
പിന്നിലാക്കട്ടെപാശഹീനമെൻമുക്തിപ്പട്ടം
ഉന്നതിയേറിപ്പാറിപ്പൊങ്ങുന്നുസ്വതന്ത്രമായ്.
ആനന്ദപൂർണ്ണമാകമെൻറഹൃത്തടംവിട്ടി–
ട്ടാനന്ദഗാനംപൊഴിഞ്ഞീടുന്നുനിരന്തരം.
ആകന്തുമുക്തനഹം, ആകന്തുമുക്തനഹം,
ലോക,മീലോകമെനിക്കാകുന്നില്ലയാതൊന്നും.

## ശ്ര ദ മ സ്ഥ.

ശശധരനുദിച്ചുയന്നുനില്ക്കുന്നു–നിശിജനാവലിയതുദർശിക്കുന്നു,
അശിച്ചിട്ടുന്നനിൻപുരികയുഗത്തിൻ–സുശോഭകളേററമതുലമായഹം.
ബഹളമാന്നവർപ്രദർശനങ്ങളെ–ബഹുവിധംചമച്ചിളകിയോടുന്നു,
അഹംപ്രദശനജനനസ്ഥാനമേ!–മുഹൂർമ്മുഹുഃ നോക്കി പരി–
ശോധിക്കുന്നു.
വിളിക്കേണ്ടാശസ്ത്രക്രിയാപടുക്കളേ!–വിളിക്കേണ്ടാ ഭിഷഗ്വര
രെയുമിഹ!.
ഉളരുംവേദനാനമുക്തസർവ്വവും–കളിയല്ലാനല്പസരസമാനന്ദം;
പുരവാസികളെ!പുറപ്പെട്ടുന്നുഞാൻ–പുരികളേ!ശുഭംഭവിക്കട്ടെല്ലാക്കും.
ലകറക്കംമട്ടുയന്നുള്ളവ്യോമ–തലങ്ങളേ!നിങ്ങൾക്കഖിലം
സ്വാഗതം
ലോചാരങ്ങളേ! പഴയമാമൂലേ!–ബലപ്പെട്ടപാപപുരുപുണ്യങ്ങളേ!
ന്നസമാധാനങ്ങളേ!നിയമമേ! ഗുണദോഷങ്ങളേ!മനഃക്ഷോഭങ്ങളേ!

digitized by www.sreyas.in

ഇണങ്ങരേ!രിപുസഖികളേ!ബന്ധു-ഗണങ്ങളേ!വസ്തുവകകളേ!
സലാം!
വരട്ടെനല്ലതുസകലംനിങ്ങൾക്ക!-വരട്ടെസർവ്വഥാഗുണമഖിലക്കും!
സ്ഥലകാലങ്ങളേ!ശുഭമസ്തു!രാവേ-ഉലകമേ!ശുഭംദിവസമേ!ശുഭം
പ്രണയമീമമപ്രസൂനജാലവും, അണിപ്രകാശവും,അരിയഗാനവും.
പകലത്രേമമപ്രണയ,മൊന്നുപോൽ-മികച്ചരാത്രിയുമെനിക്ക
പ്രേമമാം
സകലശോഭയുംതമസ്സുമൊന്നിച്ചുസുകരമായെന്നിൽലയിച്ചുനില്ക്കുന്നു
ഇതെന്തൊരുശാന്തി!യിതെന്തൊരാനന്ദം! ഇതുതാൻശാന്തിയുംപര-
മാനന്ദവും!
ചിതമായിട്ടെന്നെതനിയേവിട്ടാലും!വിതക്കമെന്നെയുംമമപ്രണയവും
ശുഭമസ്തു!നിങ്ങൾക്കഖിലക്കുംസദാ ശുഭമസ്തു! പരംശുഭമസ്തു!ചിരം.

## പ്രേമം

മൽപ്രിയതരശോണാഭമൃദു-പുഷ്പമേ! ഹിമബിന്ദുവാൽ
ശില്പമാംതവ കണ്ണൊന്നുപൊക്കി-സ്വല്പംമേചൊല്ലു സത്യമായ്.
ഇപ്പോഴടുത്തുമററാരുമില്ലാ-കെല്പാർന്നുചൊൽകനീയെന്തു്?
അപ്പോൾ മന്ദമായ്‌വിട്ടിട്ടുനെടു-വീർപ്പവൾ മെല്ലെയോതിനാൾ:
“ഗൂഢമായതുചൊല്ലേണമെങ്കിൽ-ഊഢഖേദംഞാൻപറഞ്ഞിടാം;
ഞാനെന്താണെന്നാസംഗതിയൊന്നും-ന്യൂനംനീതെല്ലുമറിഞ്ഞിടാ.
എന്തെന്നാൽ ഭൂതലത്തിൽചുററിലു-മന്തരീക്ഷാന്തരത്തിലും
സോദരന്മാരും സോദരികളും-മേദുരമെനിക്കെല്ലാരും.
ആയവകളുംഞാനുമൊന്നത്രേ-ആയതാനന്ദമാനന്ദം!
കേളീലോലുപമന്ദാനിലനെ-ലാളിച്ചുതവ ഗണ്ഡത്തിൽ
മേളിച്ചുതലോടുന്നതു ഞാൻതാൻ,-ലാളിത്യംകാണ്ക! മേത്തരം.
പ്രേമവിശ്വാസശാന്തിസന്തോഷ-സാമസന്ദേശംവഹിച്ചിട്ടു്
മാമകമുരുസൌരഭ്യശ്വാസം-സാമോദമാടിച്ചരിക്കുമ്പോൾ
മാനസക്ലേശ,മസ്വാസ്ഥ്യം,ഭീതി-യീനാശമൊക്കെസ്സുഗമമായ്
മാഞ്ഞുപോകുന്നു ഹന്ത! സന്തോഷം-മഞ്ജുതരമാമാനന്ദം!
കരുത്തകൊച്ചെറുമ്പും ഞാനത്രേ-തരത്തിലൊന്നുനീ നോക്കുക.
പ്രപഞ്ചത്തെപ്പുററിഗ്ഗുണനക്കാതെ-പ്രപഞ്ചത്തിൽതന്നെ ജീവിച്ചു്
മൌനമായു്, എന്നാൽവേഗമായ്,തെല്ലും-നിനദമുണ്ടാക്കാതങ്ങോടി
ധനസമ്പാദനക്ലേശംകൈവിട്ടു-ഘനമേറും സ്ഥാനമാനങ്ങൾ,
ഫല-മെന്നീവകയൊന്നുമോക്കാതെ-വേലചെയ്തുമരുവുന്നു.
മുറുമുറുപ്പില്ലാ, നെടുവീർപ്പുമില്ലാ-ചുറുചുറുക്കുണ്ടുപണിയിങ്കൽ,
ആനന്ദം!ഹാഹാ!ആനന്ദം!ഹന്ത!-ആനന്ദമെന്നേ പറയാവൂ!

digitized by www.sreyas.in

ഞാനത്രേനിന്നതിളങ്ങുന്ന ഹിമ-തന്തബിന്ദുനോക്കിക്കണ്ടാലും!
കമ്രസൂനങ്ങൾക്കോഷ്ഠാധരങ്ങൾ-ചുംബിച്ചുനക്കി രസിപ്പു ഞാൻ;
അംബുജ,റോസാ,മല്ലികാ,ശോക-നിർമ്മലസുമസഞ്ചയം.
അംബുജേശൻെറ വാത്സല്യപാത്രം-നന്മയാളുന്നപൈതങ്ങൾ
പത്രങ്ങൾ, തൃണജാതികൾ, ബീജ-സാർത്ഥങ്ങൾ-ഇവയെല്ലാംഞാൻ
ഭുക്തിയുംനല്കി പോഷിപ്പിച്ചിതാ!-നിത്യവുമുണ്ടുവളത്തുന്നു.
അവയുടെതാതൻകൈവിട്ടുപോയാൽഅവശംകുഞ്ഞുങ്ങൾശയിക്കുന്നു
ഞാനുയരത്തിൽനിന്നുകീഴ്വന്നു കനിഞ്ഞെൻെറ മുലകൊടുക്കുന്നു.
കണ്ണടച്ചുകൊണ്ടുറങ്ങുമ്പോൾ ഹൃദ്യം-ഉണ്ണുന്ന ദ്രവകണങ്ങളെ
അപ്പോൾ എത്തുന്ന വാസരനാഥൻ-മൽപ്രാണപ്രിയൻകൗതുകാൽ
ക്ഷിപ്രംകുഞ്ഞുങ്ങൾ കൺതുറന്നിതാ!-സ്വല്പമായ്മന്ദഹസിക്കുന്നു.
ഞാനതുകണ്ടിട്ടലിഞ്ഞുമോദേന-ലീനയാകുന്നു നെടുവീർപ്പിൽ.
ഞാൻതന്നെപ്രേമംഞാൻതന്നെപ്രേമി-ഞാന്തന്നെപ്രേമംപ്രേമിയും!

## സുദിനം

ഒരുകാലത്തുബഹുദ്രോഹമായ്സങ്കടമായ്
കരുതീട്ടിനമഹാംബഹളലഹളകൾ,
മുറിവുകളുമെല്ലാം വിജയഗീതരസം
നിറയും കലാവിദ്യാധോരണികളായിട്ടും
സ്തുതികീർത്തനങ്ങളായിട്ടും മധുരപ്രദമായും
അതിമോഹനമായുംതോന്നുന്നു നമുക്കിപ്പോൾ,
വരുവിൻകൊള്ളക്കാരേ! വരുവിൻമോഷ്ടാക്കളേ!
തരസാ ദുർഭാഷണപ്രിയരേ! പേടിക്കേണ്ടാ,

സ്വാഗതം നിങ്ങൾക്കെല്ലാം! മടിക്കേണ്ടൊരുലവം,
വേഗതോവന്നീടുവിൻ! ലേശവും ക്രുസാനില്ല.
എന്നുടെസ്വന്തംനിങ്ങൾ, ഞാനും നിങ്ങടെസ്വന്തം
എന്നുടെവകയെന്നു നിങ്ങൾ ചിന്തിക്കുന്നെങ്കിൽ

ഇസ്സർവ്വവസ്തുക്കളും, ക്രുസലില്ലെങ്കിൽവന്നു
സോത്സാഹം കൊണ്ടുപോകാം, സത്യമായ്കൊണ്ടുപോകാം.
യുക്തമെന്നുണ്ടെങ്കിലോ കൊണ്ടുപോകുവിനെല്ലാം.
ശക്തമാമടിയൊന്നാലിദ്ദേഹം തകർക്കുവിൻ!

അഥവാ സ്വല്പംസ്വല്പമായതു ഹനിക്കുന്നോ?
വ്യഥതോന്നേണ്ടാ മുറയ്ക്കങ്ങിനെതന്നെചെയ്യാം.
ദേഹവുമഖിലവുമെടുത്തുംകൊണ്ടുപോവിൻ!
ബഹുദൂരത്തിൽപോട്ടെയശസ്സെന്നുള്ളനാമം!

digitized by www.sreyas.in

ദൂരത്തുകൊണ്ടുപോവിൻ! എന്നാലും നിങ്ങൾനിന്നു
തിരിഞ്ഞുനോക്കുന്നാകിൽ കണ്ടീടാമെന്നെമാത്രം.
സുഖിയായ് സുരക്ഷിതവിഭവനെന്നെക്കാണാം,
സഖിവർഗ്ഗമേ! ശുഭം! സുദിനം! സുമംഗളം.

## എന്റെ പ്രിയന്റെ ചിത്രം

1. എൻപ്രിയതമൻചിത്രമെങ്ങിനെകിട്ടും ഹാഹാ!
എൻപ്രിയനോടുതുല്യം ചിന്തിച്ചാലെന്തൊന്നുള്ളൂ?
അവനെഛായാഗ്രാഹി-* കാമറാ ഗ്രഹിക്കുമോ?
അവന്റെചിത്രം കലാകാരൻനിന്നെടുക്കുമോ?
ഛായത്തിൽ, സ്വരൂപത്തിൽവന്നുനില്ക്കുമോ അവൻ?
മായാരൂപിയാം ഛായാഗ്രാഹിയുമലിഞ്ഞുപോയ്!
എൻപ്രിയൻ തേജോരാശിയത്യലംഭീമംഘോരം!
എൻപ്രിയതമൻചിത്രമെങ്ങിനെകിട്ടും മമ?
2. തച്ചിത്രത്തിനായ്മനംകേന്ദ്രീകരിച്ചുനോക്കി ഞാനും,
മച്ചക്ഷുസ്സുകളെയും രഞ്ജിപ്പിൽനിർത്തിനോക്കി,
ഹൃദയമായ ഛായാഗ്രാഹിയും പ്രയോഗിച്ചു,
മേദുരയന്ത്രമെന്നാലൊന്നോടെയുരുകിപ്പോയ്!
എൻപ്രിയൻ തേജോരാശിയത്യലംഘോരംഭീമം!
എൻപ്രിയതമൻചിത്രമെങ്ങിനെ മമകിട്ടും?
പടമൊന്നെടുക്കുവാനസാദ്ധ്യമാകമൂല-
മുടനെ അവൻതന്നെ കരസ്ഥമാക്കുമഹം.
3. ആവരണം.

ദിനകൃത്തവൻഫോട്ടോതന്നെയെന്നുചൊല്ലുണ്ട്,
മനുജനവൻ പ്രതിബിംബമെന്നുചൊല്ലുണ്ട്,
താരവർഗ്ഗത്തിലവൻ മിന്നുന്നുവെന്നും ഹൃദ്യ-
സുരഭിസുമങ്ങളിൽ പുഞ്ചിരിച്ചീടുന്നെന്നും,
പികസംഘത്തിലവൻ ഗാനംചെയ്യുന്നുവെന്നും,
ലോകാലോകവായുവിൽ ശ്വസിച്ചുനില്ക്കുന്നെന്നും,
വർഷിക്കുംമേഘങ്ങളിൽ വിളിക്കുന്നവനെന്നും,
വർഷകാലരാത്രിയിലുറങ്ങുമവനെന്നും,
ചിലയ്ക്കുംമരുവിയിൽ ഓടുന്നുണ്ടവനെന്നും,
വലവൈരിചാപത്തിൽ ആടുന്നുണ്ടവനെന്നും,
തേജഃപ്രവാഹസീമ്നികവാത്തുചെയ്യുന്നെന്നും,
സുജനാവലി പലവിധമായ്പറയുന്നു.

---

* Camera.

digitized by www.sreyas.in

4. അദ്ധ്യർത്ഥന.

അങ്ങിനെതന്നെയത്രേ, ശരിതാ,നതുശരി!
ഭംഗിതിങ്ങുന്ന കാലസ്ഥലരൂപങ്ങളെല്ലാം
മനോജ്ഞവസനങ്ങൾ, അനർഘമൂടാടകൾ,
കനത്തമൽപ്രേയാൻെറ പ്രതാപമിവയൊക്കെ;
ഒട്ടൊട്ടുതെളികയുമൊട്ടൊട്ടുമറകയും,
ഇഷ്ടംപോൽചെയ്തീടുന്നുമൽപ്രിയപ്രാണനാഥൻ.
എന്തിനീ മൂടുപടം? എന്തിനീതിരശ്ശീല?
ഹന്ത!നീവിരൂപിയോ? ഗർവ്വിയോ?ലജ്ജാവാനോ?
നഗ്നനായ് വന്നാൽവല്ലകേടുംതേ ഭവിക്കുമോ?
മഗ്നനായ് നില്ക്കുന്നെന്തേയൊളിവിൽമറഞ്ഞുനീ?
പ്രാർത്ഥിച്ചീടുന്നേനഹം തുറന്നുനേരെവരൂ!
പ്രത്യക്ഷമായിനില്ക്കൂ! സദയംനീക്കൂ മറ!
പാടില്ലെന്നുരചെയ്താലാവില്ലവന്നേതീരൂ,
ഝടുതിപ്രത്യക്ഷമായ് വന്നാലുമിന്നുതന്നെ.

5 പ്രത്യുത്തരം

ഇന്നവന്നുത്തരമെൻെറഹൃദയത്തിൽ
മിന്നൽപിണർപോലെയൊന്നുമിന്നി ക്ഷണാൽ,

"എന്നിലഭിമാനഗർവ്വമോ ലജ്ജയോ
വന്നുകളങ്കം പുരട്ടുന്നതില്ലഹോ!

ഉന്നതമേററമപൂർവ്വമെൻസത്തയെ
നിന്നെത്തുറന്നുകാട്ടേണമെന്നോ മതം?

നിന്നിച്ഛസത്യമായാത്മാർത്ഥമായുള്ള-
തെന്നാൽ പ്രിയേ! നിൻെറയാടകൾനീക്കെടോ!

നിന്നെത്തുറന്നു വെളിപ്പെടുത്താൻമടി-
ക്കുന്നതെന്തേ? കീറിനീക്കൂ മറകളെ!

പിന്നിലൊളിച്ചിരിക്കുന്നതു യുക്തമ-
ല്ലൊന്നുംവിടാതെ മാററീടുക ശീലകൾ.

ഛന്നതനീക്കി, മറയ്ക്കുന്നകട്ടനും,
മുന്നിട്ടനാമവും, കീർത്തിയും, സ്ഥാനവും

തന്നുടൽ, മാനസം, വസ്തുവകകളും,
ഭിന്നതാ, സ്നേഹം, മനോവികാരങ്ങളും.

'ഞാൻ,നീ' വിചാരവും, കാമവും, മോഹവും,
നന്നായ്കറക്കും മനോരാജ്യമൊക്കെയും



digitized by www.sreyas.in

ഒന്നിച്ചുസന്ത്യജിച്ചാലും, കളഞ്ഞാലു-
മൊന്നിച്ചറക്കകനിന്റൊമറകളെ,
നിഘ്നതയാകൊല്ല നീയണുമാത്രവും,
വഹ്നിയിൽ ഹോമിക്ക മുദ്രകളൊക്കെയും.
ഛിന്നമാക്കീടുക മൂടുപടം തവ
വന്നുനിന്നീടുക ഹാഹന്ത!സ്വാഗതം!
നിന്നമാന്തിക്കൊലാ! ചൊല്ലുന്നുഞാനിങ്ങു-
വന്നുനീയെന്നെയാലിംഗനംചെയ്യെടോ!
സുന്ദരി! നീതന്നെഞാൻ ഇതാ! കാണുക!
നന്ദിച്ചുനോക്കെടോ! മോഹനരൂപിണീ.
നന്നിതാസ്വാദ്യം! സുമധുരം! കോമളം
മന്ദേതരാനന്ദസന്ദോഹകന്ദുകം.
നിന്നുടൽമൂടും വസനവിശേഷങ്ങ-
ളെന്നുടെയും മറവാകുന്ന സർവ്വവും.''
നിന്നിടൊല്ലാ പദ്ധതംകളേ! ചാരത്തു
നിന്നതിവേഗം ഗമിക്കുവിൻദൂരവേ!
തന്നെയവനഹം, ഞാൻതന്നെയാണവൻ
ശൂന്യ'മവ,നവൾ, ഞാൻ,നീ' സകലതും.

## എറിൽ

ജലനിധിമറിയുന്നു, നദീഗണമുരുളുന്നു,
മലർജാതി ചിരിക്കുന്നു-സകലമെന്നിൽ;
കാററുകൾവീശുന്നു; രണഭുവിയുദ്ധം തകൎക്കുന്നു;
ചുററും ചന്തക്കൂടീടുന്നു-സകലമെന്നിൽ;
മാമലകളയരുന്നു, പ്രകൃതിവിരാജിക്കുന്നു,
ധൂമകേതുപറക്കുന്നു-സകലമെന്നിൽ;
ഇടിനാദംമുഴങ്ങുന്നു, അഗ്നിനക്ഷത്രംവീഴുന്നു,
നെടുവീർപ്പിടുന്നു വായുതണുപ്പാലെന്നിൽ;
ശത്രുവന്നിങ്ങെതിക്കുന്നു, മിത്രംവന്നുതടുക്കുന്നു,
യുദ്ധം ഹാ! കഠോരമായിത്തീരുന്നിതെന്നിൽ;
മാതാവുണ്ടുറങ്ങിക്കൊണ്ടുകിടക്കുന്നു പൈതൽതാനും
അതിദീനം കരയുന്നു-സകലമെന്നിൽ.

digitized by www.sreyas.in

## സത്യത്തോട്

കാരണസ്ഥലകാലസീമകൾക്കെല്ലാം മേൽനി-
ന്നരുളും പ്രണയമേ! പ്രേമമേ! സുപ്രേമമേ!
സർവ്വദാ നിന്നെത്തന്നെ സ്നേഹിച്ചീടുന്നേനഹം
നിർവ്വികാരമാം സത്തയൊന്നുനീതന്നെ സത്യം.
ഞാനേതിൽ ജീവിക്കുന്നിതായതാമെന്നാത്മാവിൽ
ലീനമാം പ്രണയമേ! പ്രേമമേ! സുപ്രേമമേ!
നിന്നിൽത്തന്നെഞാൻ ജീവിക്കുന്നിതു ചലിക്കുന്നു,
നിന്നിലേയ്ക്കെന്നെത്തന്നെ സാദരമർപ്പിക്കുന്നേൻ
മാമകമായ ജീവനഖിലം നിന്റേതുതാ-
നമലപ്രണയമേ! പ്രേമമേ! സുപ്രേമമേ!
മാന്യതകൾക്കുംമദ്ധ്യേ മത്സരങ്ങൾക്കുമദ്ധ്യേ
നിന്നെഞാൻ സദാപരിചരിക്കും മടിയെന്യേ.
നിന്നുടെയിച്ഛയെല്ലാമെന്നുടെയിച്ഛതന്നെ
സുന്ദരപ്രണയമേ! പ്രേമമേ! സുപ്രേമമേ!
ഇഷ്ടംപോലെന്തും ചെയ്യാനപ്പപ്പോൾ കല്പിച്ചാലും!
ഇഷ്ടം മേ ത്വദിഷ്ടത്തിൻ കേവലം പ്രതിബിംബം!

## അനശ്വരസനാതനത്വം

ഭൂമിയുണ്ടാകുംമുമ്പേ, സമുദ്രമുണ്ടാംമുമ്പേ,
ഭൂമ്യുദ്ഗരോമംതൃണജാലത്തിനുണ്ടാംമുമ്പേ;
ഭൂരുഹമനോഹരശാഖകളുണ്ടാംമുമ്പേ,
സുരുചിവർണ്ണഫലമെന്നുടെശാഖകളിൽ
ഭവിക്കുംമുമ്പേ, ഞാനുമെന്നിൽനിന്റെയാത്മാവും
നിവസിച്ചിതു മമഗർഭസ്ഥനാദ്യജീവൻ
ആദിയിലലഞ്ഞു, പിന്നൊട്ടൊട്ടുനീന്തിനിശ്ചയം;
സദയംരക്ഷിക്കയും, സകലംമൂടിക്കയും
ചെയ്യുന്നോരെന്നിൽനിന്നു മെന്റെശക്തിയിൽനിന്നും
പയ്യവേ മർത്ത്യൻ, സ്ത്രീകൾ, കാട്ടുജന്തുപക്ഷികൾ
ജനിച്ചു; ദൈവങ്ങൾക്കും മുമ്പിലേ വസിച്ചുഞാൻ;
ഞാനുന്നംതെറ്റീടുന്ന ലക്ഷ്യവുമസ്ത്രങ്ങളും!
ചുംബിക്കപ്പെട്ടുംമുഖം, ചുംബനശ്വാസവേഗം,
ധ്രുവമാവു,മന്വേഷകൻ, മാർഗ്ഗണവസ്തുതാനും,
കേവലമന്വേഷണം തന്നെയുംശരീരവു-
മിവഞാനത്രേസർവ്വം പരമപരാപരൻ.

digitized by www.sreyas.in

രാത്രിയിലിരുട്ടത്തു ദുർഘടമാർഗ്ഗങ്ങളിൽ
ധാത്രിയിൽനടക്കുന്ന നിങ്ങളെക്കണ്ടുഞാനും
വെളിച്ചംതരാൻ വ്യോമ്നിയീശ്വരനെന്നപേരിൽ
വിളിക്കും നിഴലൊന്നു സദയംസംസ്ഥാപിച്ചേൻ
ജ്ഞാനമാമുഷസ്സുദിച്ചിപ്പൊഴാനിഴൽനീക്കി
ഭാനുമാനാത്മാവിതാ! പ്രത്യക്ഷമായിനിൽപ്പൂ.
യുഗകോടികളിലെ പ്രബലവാതങ്ങളും,
യുഗപദടിക്കുന്ന പോർക്കൊട്ടുംകാററുകളും
ശാന്തിയാം വസന്തമന്ദാനിലൻ താനുമെന്നിൽ
അന്തരമെന്യേ ജനിച്ചങ്ങിനേനശിക്കുന്നു.
അളുകൾശ്വസിച്ചെൻെറ ചികുരഭാരത്തിനെ
ച്ചിതറിപ്പിക്കുംമുമ്പേ, മൽസുമപരമ്പര
വികസൽഫലമാകുമപരാഹ്നത്തിൻമുമ്പേ,
സകലജീവസ്വരൂപങ്ങളുണ്ടായിട്ടുണ്ടു.
നിഖിലകരങ്ങൾതൻ–കാണാത്തസ്ഥലത്തിലെ
നിഖിലപ്രവൃത്തികൾ–വ്യഥകൈവേലയെല്ലാം;
സകലജനനവും, സകലമരണവും;
സകലഭരണവും, സകലനാശങ്ങളും
മണലിൻതരികൾപോലെന്നിൽക്കൂടൊഴുകുന്നു.
ഗുണശാലിഭക്തവര! മാമകസുതന്മാരേ!
എന്നെക്കൈവിട്ടു ദൈവവന്ദനം ചെയ്യോർകളേ!
എന്നുടെഭംഗിമതിയാകാതെയിരുന്നുവോ?
മുക്തിനേടുവാനത്രകഷ്ടമോ? നോക്കിക്കാണ്മിൻ!
അത്രഞാൻ നിങ്ങളുടേ, നിങ്ങളിൽ, നിങ്ങളോടേ!

## വിജയത്തിൻെറ രഹസ്യം

"ഉല്ലാസമാർന്നുരസിക്കും ശകുന്തമേ!
സല്ലാപമോഹമെനിക്കുണ്ടു തെല്ലെടോ!
ചൊല്ലുചൊല്ലെന്നോടു നല്ല കഥാമൃതം,
തെല്ലുമേ ശങ്കിച്ചുനില്ക്കരുതോമനേ!
എല്ലാസമയവുമൊന്നുപോലാഹ്ലാദ-
മല്ലാതെ കാണുന്നതില്ല നിന്നിൽശ്ശുഭേ!
ഇല്ലാനിനക്കൊരു ക്ലേശവും ചിന്തയും
വല്ലായ്മയു,മിതിനെന്തൊരു കാരണം?"
മന്ദം ചിറകുകുടഞ്ഞു രഹസ്യമായ്
സുന്ദരവാചാ പറഞ്ഞാൾ കുറച്ചവൾ:—

digitized by www.sreyas.in

"കാരണമെത്രയോ പ്രത്യക്ഷമല്ലയോ?
നേരെയറിയുന്നതില്ലയോ നീയതു്?
സൂര്യപ്രകാശവും, പച്ചനിറംകല-
ർന്നാർദ്രമായാട്ടും മഹീരുഹജാലവും,
സർവ്വപ്രകൃതിയും ശീതളമായ് സദാ
സർവ്വത്രസഞ്ചരിക്കുന്ന വാതങ്ങളും
ഞാനേററമിഷ്ടപ്പെടുന്നു; ചുഴലവു-
മാനന്ദമാർന്നു പ്രകൃതിചരിക്കവേ
മ്ലാനതയേന്തി മയങ്ങി മങ്ങിക്ഷണം
ഞാനെന്തിനായിക്കഴിക്കുന്നു ചൊല്ലുക?
നമ്മെയാത്മാത്ഥമായ് ശുശ്രൂഷചെയ്യുവാൻ
അമ്മപ്രകൃതിയൊരുങ്ങിനില്പില്ലയോ?
ആവശ്യമുള്ളതഖിലം തയാറാക്കി
മേവുന്നു; ഞാനെന്തിനേന്തുന്നു ചിന്തകൾ?
ഉല്ലാസമാർന്നുഞാൻ പാടിച്ചിലക്കയും,
നല്ലപോലെൻപണി ഭംഗിയായ്ചെയ്കയും
മാത്രമേ ചെയ്യേണ്ടതുള്ളു; നമുക്കില്ലൊ-
രാത്തിയും, കഷ്ടവും, ക്ലേശവും, ദീനവും.
ഞാനും, പ്രകൃതിയും, കാൺകനീ,യൊന്നുതാൻ,
ന്യൂനമധീനം എനിക്കവൾ സന്തതം.''

## കമ്പിയില്ലാമിന്നലുകൾ

ചോദ്യം:-ഇമ്മഹത്തായ ഭൂമി നിൻതൊട്ടിലായ്
മേന്മയിൽ പ്രതിവാസരമാടുന്നു,
നിൻതലയ്ക്കുമേൽ താരകൾ മിന്നുന്ന
കാന്തരത്നഖചിതമാം മേല്ക്കട്ടി,
അംബരം നിശതോറും വിടിരുന്നു,
അംബുജേശഗണംനിൻെറ നെററിയിൽ
സ്വർണ്ണമനോഹരം പൂശുന്നു പൈതലേ!
ഉണ്ണി! ഉണ്ണീ! നിനയ്ക്കിൽനിയെന്തെടോ?
ഉത്തരം:-മൂളിമൂളിപ്പകലൊക്കെപ്പാടിയും,
നീളെനീളെപ്പുഞ്ചിരിതൂകിയും,
ഉല്ലസിച്ചു രസിച്ചു സകൌതുകം
നല്ലപോലെ ചിരിച്ചു ചിരിക്കുക.
ശക്തിയേറിയ നിർമ്മലപ്രേമമൊ-
ന്നത്യലംജീവനാകുന്ന വീണതൻ

digitized by www.sreyas.in

കമ്പികളിലശേഷം പ്രബലമായ്
കമ്പനങ്ങൾ കൊടുത്തുമരുവട്ടെ
ആത്മസത്തയാം കമ്പിയിൽ തട്ടുമ്പോൾ
മത്തമററു വിറച്ചുകൊണ്ടായതു്
നല്ലഗാനംപൊഴിച്ചുകൊണ്ടങ്ങിനെ
മെല്ലെയോടി മറയത്തുപോയിടും.

## 11. രാമതീർത്ഥജീവിതത്തിലെ ചില സംഭവകഥകൾ

### (1) "ശേഷനാഗം"

സ്വാമിരാമൻ അമേരിക്കായിൽ ചിക്കാഗോനഗരത്തിൽ പ്രസംഗംചെയ്തു താമസിക്കയായിരുന്നു. ഒരുദിവസം ഒരു സയൻസു പ്രഫസ്സർ അദ്ദേഹത്തിൻെറ അടുത്തുവന്നു ചോദിച്ചു:—"നിങ്ങൾ ഒരു ഹിന്ദുവാണോ?" രാമൻ മറുപടി പറഞ്ഞു:—"ഞാൻ എന്താണു് അല്ലാത്തതു്? ഞാൻ സർവ്വം അത്രെ. എല്ലാ മതവും എൻേറതാണു്; തന്മൂലം ഞാൻ ഹിന്ദുവും ആണു്." ഉടനെ പ്രൊഫസ്സർ പറഞ്ഞു:— "സ്വാമി! അങ്ങു ഹിന്ദുവായാലും അല്ലെങ്കിലും ശരി; അങ്ങു ഹിന്ദുക്കളുടെ ദർശനശാസ്ത്രങ്ങളെ പ്രചാരംചെയ്തുകൊണ്ടിരിക്കയാണെന്നുള്ളതു ഒരുപരമാർത്ഥസംഗതിയാണു്." "നിങ്ങൾ മനസ്സിലാക്കിയിരിക്കയില്ല" എന്നു സ്വാമിജി ഉത്തരം പറഞ്ഞു. "ഞാൻ സത്യത്തെ പ്രചരിപ്പിച്ചുകൊണ്ടിരിക്കയാണു്; ആ സത്യം ഏതെങ്കിലും വ്യക്തിയെയോ ജനസമുദായത്തെയോ അടിമപ്പെടുത്താതിരിക്കത്തക്കവിധം അത്ര നിസ്സീമമാണു്. ഇഷ്ടമുണ്ടെങ്കിൽ അതിനെ ആൎക്കും സ്വീകരിച്ചു സ്വന്തമാക്കാം. ഹിന്ദുമഹർഷിമാർ അതിനെ കണ്ടു; എന്നാൽ അതുകൊണ്ടു അതു ഹിന്ദുമതത്തിലേതു മാത്രമാണെന്നു അർത്ഥമാകുന്നില്ല." പ്രഫസ്സർ വീണ്ടും പറഞ്ഞു:— "സ്വാമി എന്തൊന്നാണു പറയുന്നതു്? പ്രപഞ്ചത്തിലേയ്ക്കും ഏററവും വലിയ പഴക്കമുള്ള അസത്യങ്ങളെ സങ്കല്പിച്ചു നിർമ്മിച്ചുകൊണ്ടു് ജനസഞ്ചയത്തെക്കൊണ്ടു അതുകളെ വിശ്വസിപ്പിക്കാൻ സകല പരിശ്രമങ്ങളും ചെയ്തതു് ഹിന്ദുക്കളുടെ ആ പൂർവ്വികന്മാരാണു്. ഈവിധക്കാർ സത്യത്തെ കണ്ടുപിടിക്കാൻ ശക്തിയുള്ളവരാകുമോ?" രാമചക്രവർത്തി തൻെറ സ്വതഃസിദ്ധമായ ലാളിത്യ

ത്തോടും ചിരിയോടുംകൂടെ പറഞ്ഞു:—"എന്റെ പ്രിയസ്നേഹിതാ! അവരുടെ ഏതെങ്കിലും ഒരു അസത്യപ്രഖ്യാപനം നിങ്ങൾ എന്നോടു പറയുമോ? ഒരുപക്ഷേ അതു കെട്ടുകഥയല്ലെന്നും, നിസ്തുലമായ ഒരു കേവലസത്യമാണെന്നും എനിക്കു നിങ്ങളെ ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞേക്കാം. അതു പക്ഷേ വാക്കുകളാൽ പ്രസ്താവിക്കാൻ സഹജമായിത്തന്നെ പ്രയാസമുള്ളതായിരിക്കാം." പ്രഫസ്സർ പെട്ടെന്നു ഇങ്ങനെ ഉത്തരം പറഞ്ഞു:—"ശരിതന്നെ; ശരിതന്നെ. അവരുടെ ആയിരമായിരം കള്ളക്കഥകൾ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ എനിക്കു സാധിക്കും. എന്തെന്നാൽ ഞാൻ ഹിന്ദുക്കളുടെ പുരാണങ്ങളെ വേണ്ടുവോളം വായിച്ചിട്ടുണ്ടു്." സ്വാമി രാമൻ വളരെ രസമായി പൊട്ടിച്ചിരിച്ചുംകൊണ്ടു പറഞ്ഞു:—"ഏതെങ്കിലുംഒന്നു പറയൂ! എന്റെ മറെറാരു രൂപമേ! ഹിന്ദുപുരാണങ്ങളുടെ കൂടി അവരുടെ ദൎശനങ്ങളെക്കൂടി നിങ്ങൾ വായിച്ചെങ്കിൽ നന്നായിരുന്നു." പ്രഫസ്സർ പ്രത്യുത്തരം നൽകി:—"സ്വാമിജി! ആയിരം തലയും, ഭീഷണരൂപവും ധരിച്ച ഒരു ശേഷനാഗം ഭൂമിയെ താങ്ങിനില്ക്കുന്നുവെന്നു പുരാണത്തിൽ പറഞ്ഞിട്ടുള്ളതു സത്യമാണോ? സയൻസ് കണ്ടുപിടിച്ചിട്ടുള്ള വെളിച്ചത്തിൽ ഈ സങ്കല്പകഥകൾ സത്യമാണെന്നു അങ്ങു് ഇക്കാലത്തും വിചാരിക്കുന്നോ? ഇക്കഥകളുടെ കൎത്താക്കന്മാർ സത്യസേവകന്മാരാണെന്നു അങ്ങു വിധിക്കുമോ?" സ്വാമി കുറെ ഗാംഭീൎയ്യഭാവത്തോടെ ഉത്തരം പറഞ്ഞു: "എന്റെ സ്നേഹിതാ! ഈ പ്രസ്താവനയുടെ സത്യാസത്യത്തെക്കുറിച്ചു് ഒരു ശരിയായ തീരുമാനം ചെയ്യണമെന്നു നിങ്ങൾക്കു ആത്മാൎത്ഥമായ ഇച്ഛയുണ്ടെങ്കിൽ, നാളെ പ്രഭാതത്തിൽ ഒരു സംസ്കൃതസംസ്കൃതനിഘണ്ടുവും ഭൂമിയെ താങ്ങിനിൎത്തുന്നതു എന്താണെന്നു സ്ഥാപിക്കുന്ന സയൻസ്പ്രമാണഗ്രന്ഥവും കൊണ്ടു അങ്ങയുടെ മറെറാരു രൂപമായ എന്റെ അടുത്തു വരാൻ കഴിയുമോ? നിങ്ങളുടെ ശങ്കകൾ എല്ലാം ദൂരത്തുപോകുമെന്നു വിശ്വസിച്ചുകൊള്ളൂ!"

അടുത്തദിവസം പ്രഫസ്സർ മേൽപറയപ്പെട്ട വലിയ പുസ്തകങ്ങളും ഏന്തിക്കൊണ്ടു സ്വാമിയുടെ അടുത്തെത്തി. സ്വാമി അപ്പോൾതന്നെ തന്റെ ധ്യാനംകഴിഞ്ഞു് അന്യ ചില ഭക്തരോടു സംസാരിച്ചുകൊണ്ടിരിക്കയായിരുന്നു. അദ്ദേഹം പ്രഫസ്സരോടു പറഞ്ഞു:—"എന്റെ ശേഷനാഗമേ! വരൂ! വരൂ! ഭൂമിയെ മാത്രമല്ലാ സകല ബ്രഹ്മാണ്ഡവും നിങ്ങൾതന്നെയാണു വഹിച്ചുകൊണ്ടിരിക്കുന്നതു്." ഇതു് ഒരു വിനോദംപറച്ചിലാണെന്നു മനസ്സിലാക്കി പ്രഫസ്സർ അടുത്തുവന്നിരുന്നു. രാമൻ തന്റെ ഭക്തന്മാരുടെ നേരെ നോക്കിക്കൊണ്ടു ഇങ്ങിനെ ഉപന്യസിച്ചു:—"എന്റെ മററു വേഷ

ങ്ങളേ! ഇവിടെ ഒരു പ്രശ്നം ഉന്നയിക്കപ്പെട്ടിരിക്കുന്നു. ഭൂമണ്ഡലം ശേഷനാഗസ്വരൂപനും, ആയിരം തലയുള്ളവനും, നീലവൎണ്ണനും ഭീഷണനും, വിഷപൂൎണ്ണനുംആയ സപ്പത്തിൻെറ മുകളിലാണോ ഇരിക്കുന്നതു്?" പിന്നീട്ടു് പ്രഫസ്സരുടെ നേരെ തിരിഞ്ഞു് അദ്ദേഹം തുടന്നു:—"എൻെറ സുഹൃത്തേ! സയൻസനുസരിച്ചു പൃത്ഥ്വീമണ്ഡലം എന്തിന്മേലാണു സ്ഥിതിചെയ്യുന്നതെന്നു് എന്നോടു പറയൂ!" പ്രഫസ്സർ പെട്ടെന്നു ഉത്തരം പറഞ്ഞു:—"ആകാശം, ആകർഷണം * ഇതുകളിന്മേൽ." പൊട്ടിച്ചിരിച്ചുംകൊണ്ടു സ്വാമി പറഞ്ഞു:—"പ്രിയസ്നേഹിതാ! സംസ്കൃതകോശം എടുത്തു നോക്കൂ! ശേഷനാഗശബ്ദങ്ങളുടെ അത്ഥം എന്താണെന്നു നോക്കിപ്പറയൂ!" പുസ്തകം തുറന്നു നോക്കിയപ്പോഠം ശേഷനാഗശബ്ദങ്ങഠം ആകാശാകഷണങ്ങളെ സൂചിപ്പിക്കുന്ന അത്ഥങ്ങഠംകൂടി ഉള്ളവയാണെന്നു കണ്ടു് പ്രഫസർ ആശ്ചയ്യപ്പെട്ടുപോയി. പ്രഫസ്സർ ഉടനെ സ്വാമിയോടു ക്ഷമാപണംചെയ്തു. ഭൂമി ശേഷനാഗത്തിൽ സ്ഥിതിചെയ്യുന്നുവെന്നതു അംഗീകരിച്ചതിനുശേഷം, പ്രഫസ്സർ സാദരം ഇങ്ങനെ ചോദിച്ചു:— "ഇത്തരം ഒരു രൂപം കൊടുക്കേണ്ട ആവശ്യകത എന്തായിരുന്നു?" അപ്പോഠം സ്വാമി പ്രതിവചിച്ചു:—"ശക്തി (Energy) സഹസ്രമുഖങ്ങളിലായി പ്രവഹിച്ചുകൊണ്ടു് ആകഷണം മുതലായ കാൎയ്യങ്ങഠം പ്രവത്തിച്ചുകൊണ്ടിരിക്കുന്നു; അതിൻെറ ഗതി സദൈവ സപ്പാകാരതരംഗരൂപത്തിൽ ഉള്ള പ്രവാഹമായിട്ടാണു്" സ്വാമി ഇങ്ങനെ തുടന്നു:—"പ്രിയപ്പെട്ടവനേ! ഈ ഭൂമി ശേഷനാഗത്തിന്മേൽ ഇരിക്കയാണോ അല്ലയോ എന്നു് ഇപ്പോഠം പറയൂ!" ഇതുകേട്ടു പ്രഫസ്സർ മൌനം അവലംബിച്ചു.

(മധുരാപ്രസാദജീ നൈഥാനീ)

(2) ഒരത്ഭുതസംഭവം

മഹാരാജാ രഞ്ജിത്സിംഗിൻെറ ഒരു മന്ത്രിയായിരുന്ന ദിവാൻ മുസ്സാസി മാലിൻെറ ഏകപൌത്രിയായ എൻെറ അമ്മ പൂജ്യനായ അച്ഛൻെറ (സ്വാമി രാമൻെറ) കൂടെ തപസ്യയ്ക്കായി വനത്തിൽ പോകണമെന്നു നിർബ്ബന്ധിച്ചപ്പോഠം, ആ അധികാരവിശേഷം ലഭിക്കണമെങ്കിൽ മൂന്നു വ്യവസ്ഥകഠം സമ്മതിക്കണമെന്നു്, അച്ഛൻ അമ്മയോടു ആവശ്യപ്പെട്ടു. അവ താഴെ കുറിക്കാം:—

(1) അമ്മ തൻെറ സ്വത്തശേഷം ഉപേക്ഷിക്കയും അതു ദാനധമ്മങ്ങഠംക്കായി ധമ്മശാലകഠംക്കു കൊടുക്കയും ചെയ്യണമെന്നു് ആദ്യത്തേതു്;

(2) തൻെറ കുട്ടികളെ (പുത്രന്മാരെ) രണ്ടുപേരെയും ഏതെ

---

* Ether and Attraction

digitized by www.sreyas.in

ങ്കിലും സ്നേഹിതരെയോ ബന്ധുക്കളെയോ സംരക്ഷണയ്ക്കു ഏല്പി ക്കാതെ ഈശ്വരന്റെ നേരിട്ടുള്ള രക്ഷയിൽ ഒരു തെരുവിൽ വിട ണമെന്ന രണ്ടാമത്തേതു്. അമ്മയ്ക്കിതു സാദ്ധ്യമാകാതെയും ഈശ്വ രനിൽ പൂർണ്ണവിശ്വാസമില്ലാതെയും വരുന്നെങ്കിൽ അച്ഛനെ അ നുഗമിക്കുക നിവൃത്തിയില്ലായിരുന്നു.

3) തന്റെ ശരീരധാരിയായ ഭർത്താവു് മരിച്ചുപോയെന്നു് അമ്മ സാക്ഷാൽക്കരിച്ചിരിക്കണം; ഇതു് മൂന്നു്.

അമ്മ ഈ കരാറുകൾ എല്ലാം സ്വീകരിച്ചതിനാൽ, ലൌകിക ബോധപ്രകാരം ഞങ്ങൾ തീരെ കാശിനുവകയില്ലാത്തവരായി. ലാഹോർ റയിൽവേസ്റ്റേഷനിൽനിന്നു തീവണ്ടി "ഭാവി സ്വാമിജി" യെയുംകൊണ്ടു പുറപ്പെടാറായപ്പോൾ ഞാൻ കാഴ്ചക്കാരിൽ ഒരാളാ യിരുന്നു. തന്റെ അഭിനന്ദകർ ഏർപ്പാടുചെയ്തിരുന്ന ഒരു ഒന്നാം ക്ലാസ്സു മുറിയിൽ സ്വാമിജി പ്രവേശിച്ചു് സമാധിയിൽ ലയിച്ചിരു ന്നു. ആ മുറിയുടെ ഭംഗിയാൽ ആകൃഷ്ടനായി ഞാൻ അതിലെ മൂത്രമുറിയിൽ കടന്നു് മിണ്ടാതെ ഒളിച്ചിരിക്കയും, ഇങ്ങനെ തീവണ്ടി യാത്രക്കാരനാകുകയും ചെയ്തു.

വണ്ടി നീങ്ങിയതിനുശേഷം, ഞാൻകൂടെ ഉണ്ടെന്നുള്ളവിവ രം മാതാപിതാക്കന്മാർക്കു വെളിപ്പെടുത്തിക്കൊടുത്തു; പക്ഷേ ആരും തടസ്സം പറഞ്ഞില്ല. ഹരിദ്വാരത്തിൽ എത്തിയതിനുമേൽ എനി ക്കു രണ്ടു തുണി അനുവദിക്കപ്പെട്ടു. അവിടെനിന്നു നഗ്നപാദരായി ട്ടാണു് ഞങ്ങളുടെ തീർത്ഥയാത്രതുടങ്ങിയതു്. ഒരോരുത്തർക്കും ദിവ സം രണ്ടു ചപ്പാത്തി അനുവദിച്ചുകിട്ടിയിരുന്നു. ഈശ്വരന്റെ സ്വകലാശാലയിലെ (ലോകത്തിലെ) കഷ്ടതകൾ ഞാൻ അപ്പോൾ അനുഭവിച്ചു. ഹരിദ്വാരത്തിൽ ഒരു വഞ്ചിയിൽ കയറി ഞങ്ങൾ ഗംഗാനദി കടക്കവേ, എന്റെ അനുജൻ മൂന്നുവയസ്സു പ്രായമുള്ള കുഞ്ഞിനെ ഗംഗാമാതാവിനു് സമർപ്പിക്കാൻ സമ്മതമാണോ എന്നു അച്ഛൻ അമ്മയോടു സഗൌരവം ചോദിച്ചു. അമ്മ അദ്ദേഹത്തി ന്റെ ഇഷ്ടത്തിനുകീഴ്വഴങ്ങി. പവിത്രനദിയുടെ ഉപരിതലത്തിൽ സ്പർശിക്കപ്പെട്ടു് കുഞ്ഞു തിരിയെ എടുക്കപ്പെട്ടു. ടൈഫോയിഡു് ജ്വരംപിടിച്ചു് കഷ്ടപ്പെട്ടിരുന്ന കുഞ്ഞു് അവിടെവെച്ചു്, അപ്പോൾ തന്നെ രോഗത്തിൽനിന്നു മുക്തനായി. ഞാൻ ദൃക്സാക്ഷിയായ, എന്റെ അച്ഛന്റെ അനേകം അത്ഭുതകൃത്യങ്ങളിൽ ഒന്നു് ഇതാണു്.

മദനമോഹന ഗോസ്വാമി

(സ്വാമി രാമന്റെ മൂത്തമകൻ)

digitized by www.sreyas.in

## (3) സി. ഐ. ഡി. സന്ദർശനം

സ്വാമിരാമൻ അമ്മേരിക്കായിൽനിന്നു വന്നതിനുശേഷം സ്വാമി ശിവഗുണാചാര്യൻ എന്ന ആളോടുകൂടി മഥുര (ശ്രീകൃഷ്ണന്റെ ജന്മസ്ഥലം) യിൽ കുറെ താമസിച്ചു ഇതു് യമുനാനദിയുടെ എതിർകരയിലായിരുന്നു. ഞാൻ ലാഹോറിൽനിന്നു് ഒരു സ്നേഹിതനോടുകൂടി അദ്ദേഹത്തെ കാണാൻപോയി......അദ്ദേഹം പറഞ്ഞു:—"ത്യാഗംകൊണ്ടു് ഈ രാജ്യത്തിന്റെ സ്വാതന്ത്ര്യം സമ്പാദിക്കപ്പെടും. രാമന്റെ തലപോകണം; പിന്നെ പൂരാണിന്റെ; രാജ്യം സ്വതന്ത്രമാകുംമുമ്പ് വേറെ ഒരു നൂറുപേരുടെ. ഇൻഡ്യാ, ജനനി (ഭാരതം) സ്വതന്ത്രയാകണം." ഞാൻ ആശ്ചര്യസ്തബ്ധനായി......കുറെ കഴിഞ്ഞു് ഞങ്ങൾ രണ്ടുപേരും മുറിയിൽനിന്നു പുറത്തേയ്ക്കിറങ്ങിയപ്പോൾ, പട്ടുടുത്തു്, കറുത്ത തൊപ്പികൾ ധരിച്ചു്, കഴുത്തുമൂടികൾ കെട്ടി, മഥുരയിൽനിന്നു അവിടെ വന്നുചേൻ്ന രണ്ടുപേർ സ്വാമിയെ കാണാനെന്ന നാട്യത്തിൽ അദ്ദേഹത്തെ സന്ദർശിച്ചു. അവരുടെ വന്ദനങ്ങളെ സ്വാമി തുടർച്ചയായി പ്രവഹിച്ച പൊട്ടിച്ചിരിയോടുകൂടി സ്വീകരിച്ചു. വളരെനേരം തുടരെ ചിരിച്ചതിനുശേഷം അദ്ദേഹം പറഞ്ഞു.—"എന്റെ നാട്ടുകാരെ! നിങ്ങൾ രാമന്റെ കുററം കണ്ടുപിടിക്കാൻ വന്നിരിക്കയാണു്. രാമൻ തന്റെ ഹൃദയം നിങ്ങൾക്കു തുറന്നുതരുന്നു. രാമനെ കണ്ടുപിടിക്കുക ലോകത്തിലെ ഏററവും നല്ല കാര്യമാണു്, അവനെ കണ്ടുപിടിക്കുക, അവനെ നോക്കുവിൻ! എന്നാൽ പ്രപഞ്ചം നിങ്ങളുടെ കാൽക്കടിയിൽആണു്."

ആ പ്രത്യേകസമയത്തു് ആ അതിഥികളെ ഇത്തരം ഒരു അസാധാരണരീതിയിൽ സല്ക്കരിക്കുന്നതുകണ്ടു് ഞാനും സ്നേഹിതനും വിസ്മയിച്ചുപോയി. അതിഥികൾ രണ്ടും പെട്ടെന്നു് അദ്ദേഹത്തിന്റെ പാദങ്ങളിൽവീണു നമസ്കരിച്ചു. പിന്നീടിങ്ങനെ പറഞ്ഞു:—"സ്വാമിജി! ക്ഷമിക്കണം. ഞങ്ങൾ ഞങ്ങളുടെ കടമനിർവഹിക്കാൻവേണ്ടിവന്നു. അവിടുത്തെ മുഖം കണ്ടപ്പോൾ ഞങ്ങൾ പരാജിതരായി. അവിടുത്തെ പ്രേമം ഞങ്ങളെ കീഴടക്കി. ഞങ്ങൾ പാപികളത്രെ." സക്കാരിന്റെ സി ഐ. ഡി. യിലെ രണ്ടു കാൺസ്റ്റബിൾമാർ ആണു് അവർ എന്നും, അവർ അവരുടെ ഡ്യൂട്ടിക്കായിട്ടു വന്നതാണെന്നും അവർ സമ്മതിച്ചു പറഞ്ഞു.

(പ്രഫസ്സർ പൂരാൺസിംഗ്)

## (4) രാമ്ബാഡ്ഷാ

അമ്മേരിക്കായിൽനിന്നു തിരിയെ വരുമ്പോൾ സ്വാമി രാമൻ പോർട്ടു് സെയിഡ് (Port Said) എന്ന തുറമുഖത്തു ഇറങ്ങിയി

digitized by www.sreyas.in

ന്നു. തിരിയെ കപ്പലിൽ കയറാൻ അദ്ദേഹം ചെന്നപ്പോൾ അതിൽ കീഴ്സൺ പ്രഭു ഇൻഡ്യാവൈസറോയിയെന്ന നിലയിൽ ഇൻഡ്യായിലേയ്ക്കു വരുന്നുണ്ടായിരുന്നു എന്നു് അദ്ദേഹം അറിഞ്ഞു. "രണ്ടു ചക്രവർത്തിമാർക്കു് ഒരേ കപ്പലിൽ സഞ്ചരിക്കാവതല്ല" എന്നു പറഞ്ഞുകൊണ്ടു് സ്വാമി ആ കപ്പലിൽ കയറാൻ വിസമ്മതിക്കയും, അടുത്ത കപ്പൽ വരുംവരെ അവിടെത്തന്നെ താമസിക്കയും ചെയ്തു. രാമബാദ്ഷാ അഥവാ ചക്രവർത്തിരാമൻ എന്നു അദ്ദേഹം സ്വയം വിളിക്കയും, ഭാവനചെയ്കയും ചെയ്തിരുന്നു. അതു കാര്യമായിട്ടുതന്നെ ആയിരുന്നുതാനും.

(പുരാൺസിംഗ്)

## (5) മനഃശാന്തി

അമേരിക്കായിൽ പാർക്കുമ്പോൾ സ്വാമി ഒരു ദിവസം ധ്യാനത്തിൽ മഗ്നനായിരുന്ന സമയത്തു് മിസ്സിസ്സ് വെൽമാൻ എന്നു് അറിയപ്പെട്ടിരുന്ന ഒരു അമേരിക്കൻ മഹതി അദ്ദേഹത്തെ കാണ്മാൻചെന്നു. സ്വാമി ചമ്പ്രംപടിഞ്ഞു് കണ്ണുകൾ അടച്ചു് സമാധിയിൽ ലയിച്ചിരിക്കയായിരുന്നു. ആ സ്ത്രീ ഇതൊന്നും ഗണിക്കാതെ തന്റെ സങ്കടങ്ങളെ വർണ്ണിക്കയും, മനഃസമാധാനം ഉണ്ടാകാതെ താൻ കഷ്ടപ്പെടുന്നതിനു് എന്താണു നിവൃത്തിയെന്നു ചോദിക്കയും, കണ്ണുനീരൊലിപ്പിക്കയും ചെയ്തുകൊണ്ടിരുന്നു. പല മണിക്കൂറുകൾ ആ മഹതി ഇങ്ങിനെനിന്നു. എന്നിട്ടും സ്വാമി കണ്ണുതുറക്കുകയോ, എന്തെങ്കിലും മിണ്ടുകയോ ചെയ്തില്ല. ഇതു മര്യാദകേടിന്റെ പരമകാഷ്ഠയാണെന്നു അവർ വിചാരിച്ചു. ഒരു സ്ത്രീ ഇങ്ങനെ കരയുകയും, നിലവിളിക്കയും ചെയ്തുകൊണ്ടു് പരാതികൾ അറിയിക്കുന്ന സമയം ഒരു അനുകമ്പാവചനം പറകയോ, കണ്ണുതുറന്നൊന്നു നോക്കുകയോ ചെയ്യാത്തതിൽ അവർ വളരെ പരിഭവിച്ചു. സ്വാമി അവരുടെമുമ്പിൽ അവർ പറഞ്ഞതെല്ലാംശ്രദ്ധിച്ചുകൊണ്ടോ ശ്രദ്ധിക്കാതെയോ ഒരു കൽപ്രതിമപോലെ അനങ്ങാതിരുന്നു."ഈ ഇന്ത്യാക്കാർ വളരെ അധികപ്രസംഗികളും, അഹംഭാവികളുമാണു്"എന്നു് അവർ വിചാരിച്ചു. ആ സ്ത്രീ തന്റെ സങ്കടംപറച്ചിൽ അവസാനിപ്പിച്ചശേഷം, സ്വാമി കണ്ണുകൾ തുറന്നു്, തന്റെ ചുവന്ന ബോധരഹിതമായ നേത്രങ്ങൾകൊണ്ടു അവരെ നോക്കി ഇങ്ങിനെ വിളിച്ചു: "അമ്മേ!" പിന്നീടു തന്റെ പ്രത്യേകമന്ത്രമായ "ഓം! ഓം!" എന്നതു ജപിച്ചുതുടങ്ങി. ആസമയം ഒരു നവീനഭാവത്തിന്റെ അത്ഭുതകരമായ പ്രഭാവം അദ്ദേഹത്തിൽനിന്നു പൊട്ടിപ്പുറപ്പെട്ടുവന്നു തനിക്കു് അനുഭവമായി എന്നു ആ സ്ത്രീ എന്നോടു പറഞ്ഞു. "ഞാൻ ഭൂമിയിൽനിന്നുയർത്തപ്പെട്ടതുപോലെ എനിക്കു തോന്നി;

digitized by www.sreyas.in

ഒരു തേജഃസ്വരൂപംപോലെ ഞാൻ അന്തരിക്ഷത്തിൽനീന്തി; ഞാൻ പ്രപഞ്ചത്തിന്റെ മാതാവാണെന്ന് എനിക്കു സാക്ഷാൽക്കാരമുണ്ടായി. എല്ലാ രാജ്യങ്ങളും എന്റെയാണെന്നും എല്ലാ ജാതിക്കാരും എന്റെ കുട്ടികൾ ആണെന്നും എനിക്കു ബോധ്യമായി. ഞാൻ ആനന്ദസാഗരനിമഗ്നയായി. എനിക്ക് ഇൻഡ്യാസന്ദർശിക്കണമെന്നും, സ്വാമി ജനിക്കയും വളരുകയുംചെയ്ത സ്ഥലം കാണണമെന്നും മോഹമുണ്ടായി. എനിക്കവിടെ പോകണം. അതിനാൽ ഞാൻ വരുന്നു. എന്റെ ആനന്ദം ഒരിക്കലും എന്നെ വിടാറില്ല. ഹാ! ആ ഓങ്കാരം എന്റെ അസ്ഥികളിൽ മാറ്റൊലി മുഴക്കുന്നു. "അമ്മ" എന്ന പദം എന്നെ ദിവ്യത്വത്തിലേയ്ക്കുയർത്തുന്നു; ഞാൻ ആഹ്ലാദസമേതം അദ്ദേഹത്തിന്റെ കാലടികളെ സ്പർശിക്കും. അദ്ദേഹം എനിക്കു പ്രദാനംചെയ്ത സന്തോഷപാരവശ്യത്തിൽ നിമഗ്നയായി ഞാൻ ആഹ്ലാദപുരസ്സരം മരിച്ചുകിടക്കും. എന്നിലുള്ള ഏതോ അമൃതത്തിന്റെ ഉറവുകൾ പൊട്ടിയിട്ടുണ്ട്; മേൽമൂടി തകർന്നിരിക്കുന്നു. ഞാൻ പരിശുദ്ധയാണ്."

(പുരാൺസിംഗ്)

## (6) പുതിയ സ്നേഹിതൻ

സ്വാമി ജപ്പാനിൽനിന്ന് അമേരിക്കായിൽ എത്തിയപ്പോൾ സാൻഫ്രാൻസിസ്കോ തുറമുഖത്ത് അടുത്തിരുന്ന കപ്പലിന്റെ തട്ടിൽ, അതു തന്റെ സ്വന്തം വീടാണെന്നമട്ടിൽ സ്വതന്ത്രമായി നടന്നുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ആനന്ദധോരണിയാൽ ആകർഷിക്കപ്പെട്ട ഒരു അമേരിക്കൻ സഹയാത്രികാന്യൻ അദ്ദേഹത്തെ സമീപിച്ച് കരയ്ക്കിറങ്ങാൻ പരിഭ്രമിക്കാതെയിരിക്കുന്നതെന്താണെന്നു ചോദിച്ചു.

"നിങ്ങളുടെ സാമാനങ്ങളെല്ലാം എവിടെ?"

"എന്റെ പക്കൽ ഉള്ളതല്ലാതെ വേറൊരു സാമാനവും ഞാൻ കൊണ്ടുനടക്കാറില്ല" എന്നു സ്വാമി ഉത്തരം പറഞ്ഞു.

"നിങ്ങളുടെ പണം എവിടെവെയ്ക്കും?" അമേരിക്കൻ ചോദിച്ചു.

"ഞാൻ പണം എടുക്കാറും സൂക്ഷിക്കാറും ഇല്ല."

"നിങ്ങൾ എങ്ങിനെ ജീവിക്കുന്നു?"

"ഞാൻ എല്ലാവരെയും സ്നേഹിച്ചുകൊണ്ടു ജീവിക്കുന്നു. എനിക്കു ദാഹിക്കുമ്പോൾ സദാ ആരെങ്കിലും ഒരുപാത്രം വെള്ളം കൊണ്ടുവന്നു തരും; വിശക്കുമ്പോൾ ആരെങ്കിലും ഭക്ഷണം കൊണ്ടുവന്നു സമർപ്പിക്കും."

digitized by www.sreyas.in

"ആട്ടേ. അപ്പോൾ അമേരിക്കായിൽ നിങ്ങൾക്കേതെങ്കിലും സ്നേഹിതൻ ഉണ്ടോ?"

"ഹാ! ഉണ്ടു്. ഞാൻ ഒരു അമേരിക്കനെ മാത്രം അറിയും. അതു നിങ്ങൾതന്നെയാണു്." ആ യാത്രക്കാരൻെറ തോളിൽ സ്പൎശിച്ചുകൊണ്ടു സ്വാമി ഇങ്ങനെ പറഞ്ഞു: ആ സ്പൎശംകൊണ്ടു് തൻെറ പഴയ വിസ്മൃതമായ പരിചയം സാക്ഷാല്ക്കരിച്ചതുപോലെ അയാൾക്കു തോന്നി. അയാൾ അപ്പോൾമുതൽ സ്വാമിയുടെ ഒരു ഭക്തനും ആരാധകനും ആയിത്തീൎന്നു. ആ മനുഷ്യൻ എഴുതുന്നു:—"ഹിമാലയങ്ങളിൽനിന്നു പുറപ്പെട്ടുവന്ന ഒരു ജ്ഞാനദീപമാണു് അദ്ദേഹം. തീ അദ്ദേഹത്തെ ദഹിപ്പിക്കുന്നില്ല; വാൾ അദ്ദേഹത്തെ ഖണ്ഡിക്കയില്ല; ആനന്ദബാഷ്പം അദ്ദേഹത്തിൻെറ കണ്ണുകളിൽനിന്നു പ്രവഹിച്ചുകൊണ്ടിരിക്കുന്നു അദ്ദേഹത്തിൻെറ സാന്നിദ്ധ്യംമാത്രം നവജീവൻ കൊടുക്കുന്നു."

(പ്രഫസ്സർ പൂരൻ)

## (7) മനസ്സുഖവിതരണം

അമേരിക്കായിൽവെച്ചു് ഒരുദിവസം ഒരു വലിയ നടി സ്വാമിയുമായി ഒരു വ്യക്തിപരസന്ദൎശനത്തിനപേക്ഷിച്ചു; അതു് സ്വതന്ത്രമായി അനുവദിക്കപ്പെട്ടു. അവൾ രത്നങ്ങളും, ആഭരണങ്ങളുംകൊണ്ടു ഭൎദ്രമായി തെരുക്കപ്പെട്ടിരുന്നു. സൌരഭ്യധോരണി അവളിൽനിന്നു നാലുപാടും പ്രസരിച്ചിരുന്നു; അവൾ സൌരഭ്യനിൎമ്മിതയാണെന്നു തോന്നപ്പെട്ടു. അവളുടെ മുഖം മന്ദസ്മിതാഞ്ചിതമായിരുന്നു. എന്നാൽ അവൾ വന്നഉടൻ സ്വാമിയുടെ മുമ്പിൽ തറയിൽവീണു് ഉറക്കെക്കരഞ്ഞു. "സ്വാമി! ഞാൻ ബഹുദീനയാണു്. എന്നെ സമാധാനിപ്പിക്കണം. എൻെറ രത്നങ്ങളെയോ, മന്ദസ്മിതങ്ങളെയോ പരിഗണിക്കരുതു്. അവ എൻെറ ബാഹ്യസ്വഭാവമാണു്. അവകൊണ്ടു ഞാൻ വലഞ്ഞു. ഞാനിപ്പോൾ അവമൂലം ഏററവും ദുഃഖിതയായിരിക്കുന്നു." രാമൻ അവളെ സാന്ത്വനപ്പെടുത്തി; അവൾ മനഃശാന്തിപൂൎണ്ണയായി. അവളുടെ കുററസമ്മതം പാശ്ചാത്യപരിഷ്കാരത്തിൻെറ കുററസമ്മതംതന്നെയായി രാമനുതോന്നി.

വേറൊരു സ്ത്രീരത്നം ഉടനെവന്നു, അവൾ വളരെ ശോകാകുലയായിരുന്നു. അവൾക്കു അവളുടെ ഏകപുത്രൻ നഷ്ടപ്പെട്ടിരുന്നു തന്നെ ആനന്ദശീലയാക്കണമെന്നു അവൾ രാമനോടു അൎത്ഥിച്ചു. രാമൻ പറഞ്ഞു: — "രാമൻ ആനന്ദം വില്ക്കുന്നുണ്ടു്. നിങ്ങൾ പക്ഷേ വിലകൊടുക്കണം." "എന്തും കൊടുക്കാം സ്വാമി! എന്തു

digitized by www.sreyas.in

വേണമെങ്കിലും, എന്തുവിലയും കൊടുക്കാം." "ആനന്ദത്തിൻെറ രാജ്യത്തു നാണയം വേറെയാണു്, രാമൻെറ നാട്ടിലെ നാണയം തന്നെ കൊടുത്തേകഴിയൂ!'' ''ആകാം സ്വാമി! എന്തും കൊടുക്കാം."

"ശരിതന്നെ; ഈ നില്ക്കുന്ന ചെറിയ നീഗ്രോ (കാപ്പിരി) * കുട്ടിയെ എടുത്തുകൊണ്ടുപോകൂ! അതിനെ സ്വന്തമകനായി സ്നേഹിക്കുക; ഇതാണു് നിങ്ങൾ കൊടുക്കേണ്ട വില.'' എന്നു സ്വാമി പറഞ്ഞു.

''അയ്യോ! അതു ബഹുവിഷമമാണു്'' എന്നു അവൾ പറഞ്ഞു.

"എന്നാൽ ആനന്ദം സമ്പാദിക്കയും ബഹുപ്രയാസമാണു്" എന്നു രാമൻ പറഞ്ഞു. എന്നാൽ അവൾക്കു മനഃസുഖം ഉണ്ടാകുകയും അതു അവളെ വിടാതെ തുടരുകയുംചെയ്തു.

(പ്രഫസ്സർ പുരാൺ)

## (8) ദമ്പതികളുടെ പുനർദ്ദർശനം.

ഹരിദ്വാരത്തിൽവെച്ചു സ്വാമിരാമനു് ഒരിക്കൽ ദീനംപിടിച്ചു. ഏകദേശം ഒരുമാസംവരെ അദ്ദേഹം രോഗപരവശനായി കിടന്നു. ഒരുദിവസം അദ്ദേഹത്തിൻെറ ഭാര്യയും, ചിററമ്മയും ഏകദേശം ആറുവയസ്സു പ്രായമായ ചെറിയ മകനുംകൂടി പഞ്ചാബിൽനിന്നു വളരെ കഷ്ടപ്പെട്ടു ബഹുദൂരം സഞ്ചരിച്ചു അദ്ദേഹത്തെ സന്ദർശിക്കാൻ വന്നു. അദ്ദേഹം അമേരിക്കായിൽനിന്നു മടങ്ങിവന്നതേ ഉള്ളൂ. കുടുംബംമുഴുവനും ഏതാണ്ടു ദരിദ്രതയിൽ ആയിരുന്നു. എന്തെന്നാൽ അവരുടെ പ്രാപ്തിയേറിയ സംരക്ഷകൻ അവരെ വിട്ടുപിരിഞ്ഞുപോയിരുന്നല്ലോ. അതിനാൽ ഇൻഡ്യായിലെ ഒരു സാധാരണ പഞ്ഞംപിടിച്ച കുടുംബംപോലെ അവർ സങ്കടപ്പെട്ടു നിത്യതകഴിച്ചുവന്നു. ബഹുകാലം അമേരിക്കായിൽ അദ്ദേഹം കഴിച്ചുകൂട്ടിയതിനാൽ ഉണ്ടായ മനോവേദന ശമിപ്പിക്കാമെന്നുകരുതിയാണു് അവർ അവരുടെ പക്കലുണ്ടായിരുന്ന സകല കാശും ചെലവഴിച്ചു അവിടെവന്നതു്. അപ്പോഴും ദീനശയ്യയിൽ കിടന്നിരുന്ന സ്വാമിയുടെ അടുക്കൽപോയി അവർ വന്നവിവരം ഞാൻ അറിയിച്ചു. രോഗം വിട്ടിരുന്നുവെങ്കിലും, അദ്ദേഹം വളരെ ക്ഷീണിച്ചു് അവശതയിൽ കിടക്കുകയായിരുന്നു. അദ്ദേഹം മൂക്കുകണ്ണാടി ആവശ്യപ്പെടുകയും, ഞാനതു കൊണ്ടുപോയി കൊടുക്കയും ചെയ്തു. കാവിവസ്ത്രത്തിൻെറ പുതപ്പുകൊണ്ടു അതു് അദ്ദേഹ

* വെള്ളക്കാർ [illegible]

സ്വല്പനേരം തുടച്ചുകൊണ്ടിരുന്നു. ഈ സമയമെല്ലാം എന്തു മറുപടിയാണ് പറയേണ്ടതെന്നു അദ്ദേഹം ആലോചിക്കയായിരുന്നുവെന്നു ഞാൻ വിശ്വസിക്കുന്നു. ഒടുവിൽ അദ്ദേഹം പറഞ്ഞു:—

"പുരാൺജീ! നിങ്ങളുടെ പക്കൽ പണം എന്തെങ്കിലും ഉണ്ടോ?" ഞാൻ മറുപടിപറഞ്ഞു:—"ഉണ്ട് സ്വാമി! പണമുണ്ട്. എത്രവേണം? പോരെങ്കിൽ ഇനിയും ഉണ്ടാക്കാം."

സ്വാമിപറഞ്ഞു:—"അവരെ ദയവായി റയിൽവേ സ്റ്റേഷനിൽ കൊണ്ടുപോയി പഞ്ചാബിലേയ്ക്ക് ഒരു മടക്കയാത്രയ്ക്കു റിക്കറ്റുവാങ്ങിക്കൊടുക്കു! അവരെന്റെ ഗംഗയിൽ ഒരു സ്നാനം ചെയ്യട്ടെ; ഉടനെ തിരിച്ചുപോകട്ടെ. അവൾക്കെന്നെ കാണാൻ തരമില്ല."

എന്നാൽ ഇതുകേട്ട് എന്നിലുണ്ടായിരുന്ന സമാധാനമെല്ലാം പൊട്ടിത്തകർന്നുപോയി. ഞാൻ പറഞ്ഞു:—"സ്വാമിജി! വന്ദനം. ഞാനും ഇതാ! പോകുകയാണ്. ഞാനിനി അങ്ങയെ വീണ്ടും കാണുകയില്ല. അങ്ങ്! ആ കുടുംബത്തിന്റെ താങ്ങും തണലുമായിരിക്കേണ്ടിയിരുന്ന അങ്ങ് അവിടെനിന്നു ഓടിപ്പോയ്ക്കളഞ്ഞു. അവർ അവരുടെ പക്കലുണ്ടായിരുന്ന സ്വല്പപണം എല്ലാം ചെലവാക്കി ഇവിടെ വന്നിരിക്കുന്നു അവർ അങ്ങേയ്ക്കു ആരുമില്ല പോലും! അങ്ങയുടെ അടുത്തുവന്നു വെറുതെ കളിക്കയും, അങ്ങയെ രസിപ്പിക്കയും ചെയ്യുന്ന ഞങ്ങൾ—വിദ്യാർത്ഥികളായ കുട്ടികൾ—വലിയകാര്യവും! അവരുടെ സന്യാസിയെ സന്ദർശിക്കാൻ തീർത്ഥയാത്രയായിട്ടവർ വന്നിരിക്കയാണ് അങ്ങയുടെമേൽ എന്തെങ്കിലും അവകാശവാദം പുറപ്പെടുവിക്കാനോ, അങ്ങയെ തിരിച്ചെടുക്കാനോ അവർ വന്നതല്ല. അങ്ങവരെ കാണുകയില്ലെങ്കിൽ, അതു ബഹുകഠിനമാണ്. ഇത്ര നിർദ്ദയമായി പെരുമാറുന്ന—ബന്ധുക്കളോടു ഹൃദയഹീനനായിട്ടിരിക്കുന്ന—ഒരാളുടെകൂടെ എനിക്കു താമസിക്കാൻ കഴികയില്ല. അവർ ഒരു നോട്ടത്തിനും, മന്ദസ്മിതത്തിനും മാത്രമല്ലയോ വന്നിരിക്കുന്നതു്?" ഇങ്ങിനെ പറഞ്ഞുകൊണ്ടു് ഞാൻ മുറിയിൽനിന്നു പുറത്തുപോകാൻ തുടങ്ങി. എന്നാൽ ഞാൻ പോകും മുമ്പ് സ്വാമിജി ഉറക്കെച്ചിരിച്ചുകൊണ്ടു് എന്നെ തിരിയെ വിളിച്ചു് ഇങ്ങിനെ പറഞ്ഞു:—"ശരിതന്നെ, അവർ അകത്തുവരട്ടേ!"

അദ്ദേഹത്തിന്റെ മുമ്പിൽവെച്ചു് ഞാൻ അസാധാരണമായി ദേഷ്യപ്പെട്ടതിനെക്കുറിച്ചു് ഞാൻ പിന്നീടു ലജ്ജിച്ചുപോയി. ഈ സമയംകൊണ്ടു് അവർ വന്നുചേർന്നു. അദ്ദേഹം ഉറക്കെച്ചിരിച്ചു; [illegible] അവർ [illegible] സന്യാസിയുടെ [illegible] വിളമ്പി [illegible]. കൊച്ചുകുട്ടി പറഞ്ഞു: "സ്വാമിജി! ഞാൻ പഠിച്ചപാഠം [illegible] ചൊല്ലട്ടേ?"

digitized by www.sreyas.in

“ഓഹോ! ആകട്ടെ, നീ വായിക്കാൻ—പഠിക്കാൻ—തുടങ്ങിയോ? വളരെ ഭംഗിയായി” എന്നു സ്വാമി പറകയും, അതിന്റെ പാഠങ്ങൾ കേൾക്കുകയും ചെയ്തു. “പൂരാൺജി! അവന്നു ഒരുകല മുന്തിരിങ്ങാ കൊടുക്കൂ!” എന്നു സ്വാമി പറഞ്ഞു. ഞാൻ അതെടുത്തു ഒരു തുണിയിൽവെച്ചു് കുഞ്ഞിന്റെ നീട്ടിവിടുർത്തിയിരുന്ന കൈകളിൽവെച്ചുകൊടുത്തു മുന്തിരിങ്ങാകൊണ്ടു അതിനു നല്ല തൃപ്തിയായില്ല; അതിനു മേലാൽ കിട്ടാനിടയില്ലായിരുന്ന ഏതാണ്ടു വേണ്ടിയിരുന്നു. സ്വാമിയുടെ ഭാര്യ ഈസമയമെല്ലാം അദ്ദേഹത്തെ നോക്കിക്കൊണ്ടു മൗനംഭജിച്ചു നില്ക്കുകയായിരുന്നു. അവർ തമ്മിൽ ഒരുവാക്കുപോലും വ്യാപരിച്ചില്ല. സ്വാമി ഇടയ്ക്കിടെ ചിരിച്ചുകൊണ്ടു ചിററമ്മയോടു കൗതുകപൂർവ്വം സംസാരിച്ചു. സ്വാമി കുടുംബാംഗങ്ങളെപ്പററി ചോദിച്ചു. ഇങ്ങനെ സന്ദർശനം അവസാനിച്ചു. തീർത്ഥയാത്രക്കാർ മുറിയിൽനിന്നു പോകയും ചെയ്തു......അവർ തിരിയെ അയയ്ക്കപ്പെട്ടു.

(പൂരാൺസിംഗ്)

## (9) എന്റെ ചില സ്മരണകൾ

(റായ്ബഹദൂർ പണ്ഡിത താരാദത്ത ഗൈരോല എം. ഏ.)

ഇതു ബഹുകാലംമുമ്പേ സംഭവിച്ച കഥയാണു്. ഞാൻ ഡറാഡൂണിൽ വ്യവഹരിക്കാൻ തുടങ്ങിയ പ്രാരംഭകാലമാണു്. അക്കാലത്തു് (Robert Cave എന്ന)ഗുച്ചുപാനീ എന്നു ഇൻഡ്യാക്കാർ വിളിക്കുന്ന ഗഹനഗുഹയിൽ അദ്ദേഹം പാർത്തിരുന്നു. അവിടെ ഒരു പൂന്തോട്ടവും ഉണ്ടായിരുന്നു. ആ ഗുഹയിൽ ആ മഹാത്മാവു നിവസിക്കയായിരുന്നു. പട്ടണങ്ങളിൽനിന്നു് അനേകം മാന്യന്മാർ അദ്ദേഹത്തെ ദർശിക്കാൻ വന്നുംപോയുംകൊണ്ടിരുന്നു. മൂന്നുമാസത്തോളം ഞാനും അദ്ദേഹത്തെ പോയിക്കാണുക പതിവായിരുന്നു. ഞാൻ പ്രതിദിവസം എന്റെ തൊഴിലുകൾ തീർത്തതിനുശേഷം അദ്ദേഹത്തെ സന്ദർശിക്കയും ഏകദേശം പത്തുമണിരാത്രിവരെ അദ്ദേഹത്തിന്റെ വേദാന്തസംബന്ധമായ പ്രഭാഷണങ്ങൾ കേട്ടുകൊണ്ടിരിക്കയും ചെയ്തു. അദ്ദേഹത്തിന്റെ പ്രതിഭാവിശേഷവും, സൌമ്യാകാരവും എന്നെ മുഗ്ദ്ധനാക്കുകയും, അദ്ദേഹം എന്റെ ഗുരുവാണെന്നു ബോദ്ധ്യപ്പെടുത്തുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ ധാരാപ്രവാഹംപോലുള്ള മധുരഭാഷണം എന്നെ അത്യന്തം ആകർഷിച്ചു. അതു ആരെയും മോഹിപ്പിക്കാതെയിരുന്നമില്ല് ആ മഹാത്മാവു വേദാന്തത്തിന്റെ സാക്ഷാൽ അവതാരമൂർത്തിയായിരുന്നു—ശ്രീ സ്വാമി രാമതീർത്ഥൻ.

digitized by www.sreyas.in

ഞാൻ സ്വാമിരാമനെ വൃത്താന്തപത്രങ്ങൾ വായിച്ചുകേൾപ്പിക്കമായിരുന്നു. എന്നാൽ അദ്ദേഹത്തിന്ന് അവയിൽ യാതൊരു പ്രേമവും ഉണ്ടായിരുന്നില്ല. ഒരുനാളത്തെ സംഭവമാണ്. മനുഷ്യശരീരത്തിലെ രക്തചംക്രമണത്തെപ്പററി ഗവേഷണം ചെയ്തു പഠിക്കാൻവേണ്ടി ജൎമ്മനിയിൽ ശാസ്ത്രജ്ഞന്മാർക്കുണ്ടായ ഒരു വൈഷമ്യത്തെക്കുറിച്ചു ഞാൻ സ്വാമിജിയോടു പറകയായിരുന്നു. ഏതെങ്കിലും ജീവിക്കുന്ന ഒരു പുരുഷൻ പരീക്ഷണത്തിനുവേണ്ടി തന്റെ ജീവനെ ബലികഴിച്ച് ശാസ്ത്രജ്ഞനു വിധേയനാകേണ്ടതു് ആവശ്യമായിരുന്നു. അതിന്ന് ആരും ഉണ്ടായില്ല. കടശി ഒരു ജൎമ്മൻമാന്യൻ ഈ പരീക്ഷണത്തിന്ന് തന്റെ ജീവൻ സമൎപ്പിക്കാൻ സഹൎഷം സമ്മതിച്ചു. ഈ വാൎത്തകേട്ടു സ്വാമി വളരെ ഉച്ചത്തിൽ ചിരിച്ചുകൊണ്ടു ഇങ്ങിനെ പറഞ്ഞു:—"ഇതാണ് പ്രായോഗികവേദാന്തം. ഇതു് അനുഷ്ഠാനത്തിൽ വരുത്തേണ്ടതാണ്."

പിന്നെയൊരുദിവസത്തെ സംഭവമാണ്. ഞാൻ ഒരു പ്രസംഗം ചെയ്യാൻ സ്വാമിയെ ക്ഷണിച്ചു. അദ്ദേഹം അതു സമ്മതിക്കയും പ്രസംഗവിഷയം അദ്ദേഹംതന്നെ നിശ്ചയിച്ചുപറകയും ചെയ്തു. റിങ്ഹോൾ-എന്ന സ്ഥലത്താണു പ്രസംഗം ഏൎപ്പാടു ചെയ്തതു്. സ്വാമിജി പ്രസംഗം തുടങ്ങിയപ്പോൾ വേറൊരു വിഷയത്തെക്കുറിച്ചാണു ചൎച്ച തുടങ്ങിയതു്. പ്രസംഗം അവസാനിച്ചതിനുമേൽ ഞാൻ ചോദിച്ചു:—"ആദ്യം ഒരു വിഷയത്തെപ്പററി പ്രസംഗിക്കാമെന്നു പറകയും, പ്രസംഗിച്ചപ്പോൾ വേറൊരു വിഷയത്തെക്കുറിച്ചായിപ്പോകയും ചെയ്തല്ലോ. എന്താണിതു്?" സ്വാമി മന്ദസ്മിതംചെയ്തുംകൊണ്ടു മറുപടിപറഞ്ഞു:— "രാമനു എന്തു തോന്നിയോ അതിനെപ്പററി പറഞ്ഞു. രാമൻ സംസാരിക്കാൻ തുടങ്ങിയപ്പോൾ, എന്താണു സംസാരിക്കേണ്ടതെന്നുള്ള കാൎയ്യം രാമൻ അറിഞ്ഞിരുന്നില്ല."

പിന്നെയൊരുദിവസത്തെ കഥയാണിതു്. ഡെറാഡൂണിലെ ആൎയ്യസമാജമന്ദിരത്തിൽ ഒരു പ്രസംഗം വേണമെന്നു ജനങ്ങൾ ഏൎപ്പാടുചെയ്തിരുന്നു. പക്ഷേ ആൎയ്യസമാജാംഗങ്ങൾക്കു പലൎക്കും അതു തൃപ്തിയായില്ല. സ്വാമിജിക്കു ഇതിന്റെ സൂചനലഭിച്ചപ്പോൾ അദ്ദേഹം പ്രസംഗിക്കാൻ അവിടെ പോയില്ല. ആൎയ്യസമാജത്തിന്റെ മുഖ്യകാൎയ്യദൎശിയായിരുന്ന ബാബു ജ്യോതിസ്വരൂപൻ ഇതറിഞ്ഞപ്പോൾ വളരെ ദുഃഖിതനായി; സ്വാമിയോടു ക്ഷമാപണം ചെയ്യാൻവേണ്ടി ആ മനുഷ്യൻ എന്റെ കൂടെ വന്നു. അപ്പോൾ സ്വാമി നദീമദ്ധ്യത്തിൽ ഒരു പാറമേൽ ഇരിക്കയായി



digitized by www.sreyas.in

രുന്നു. ഞാൻ ബാബു ജ്യോതിസ്വരൂപനെ അദ്ദേഹത്തിനു പരിചയപ്പെടുത്തിക്കൊടുത്തു. സ്വാമിജി വളരെ ഉത്സാഹപൂർവ്വം പൊട്ടിച്ചിരിക്കയും, വളരെനേരം ചിരിച്ചുകൊണ്ടിരിക്കയും ചെയ്തു. ബാബു സ്വാമിയുടെ പാദങ്ങളിൽ പതിച്ചു, തന്റെ അപരാധം ക്ഷമിക്കണമെന്നു പ്രാർത്ഥിച്ചു. ഇനിയൊരിക്കൽ ആ മന്ദിരത്തിൽവെച്ചു ഒരു പ്രസംഗം ചെയ്യണമെന്നു ആവർത്തിച്ച് അപേക്ഷിക്കയും ചെയ്തു. എന്നാൽ സ്വാമി ഈ അപേക്ഷ സ്വീകരിച്ചില്ല. അദ്ദേഹം കേവലം ഉറക്കെ ചിരിച്ചുകൊണ്ടിരിക്കയും, അചിരേണ ഓങ്കാരധ്വനി മുഴക്കിക്കൊണ്ടു ധ്യാനമഗ്നനാകയും ആണ് ചെയ്തതു്.

ഡെറാഡൂണിൽ സ്വാമിരാമൻ ഉപനിഷത്തുകൾ വായിച്ചുകൊണ്ടിരുന്നു. അദ്ദേഹം അവയിലെ വൈദികഭാഗങ്ങളാണ് വായിച്ചുകൊണ്ടിരുന്നതു്; പക്ഷേ കർമ്മകാണ്ഡവിഭാഗത്തിൽ അദ്ദേഹത്തിനു ഒട്ടും ആസ്ഥയുണ്ടായിരുന്നില്ല...............

സ്വാമിജിയുടെ വക ഏതാനും കടലാസ്സുകൾ എന്റെ പക്കൽ ഉണ്ടായിരുന്നു. ഞാൻ അതുകളെ സ്വാമി നാരായണനെ ഏല്പിക്കയും അദ്ദേഹം അവ പ്രസിദ്ധീകരിക്കയും ചെയ്തിട്ടുണ്ട്.

## (10) രാഷ്ട്രഘോഷണം

സ്വാമിരാമൻ അമേരിക്കായിൽനിന്നു മടങ്ങിവന്നതിന്റെ ശേഷം, ഒരു പ്രഭാതത്തിൽ, രാഷ്ട്രഘോഷണത്തിനെ സംബന്ധിച്ചു അദ്ദേഹത്തിനുണ്ടായിരുന്ന ആശയങ്ങൾ നടപ്പിൽ വരുത്തുന്നതിനു ഒരു സ്ഥാപനം ഉണ്ടാക്കുന്നതിനു അനുവദിക്കണമെന്നു ചിലകൂട്ടർ മഥുരയിൽവെച്ചു അദ്ദേഹത്തോടു അഭ്യർത്ഥിച്ചു; പ്രേമപാരവശ്യത്തിൽ കണ്ണുകൾ രണ്ടും അടച്ചുംകൊണ്ടു സ്നേഹനിർഭരമായ ഒരു ആശ്ലേഷത്തിന്റെ ചിഹ്നമെന്നതുപോലെ രണ്ടു കൈകളും വിടുർത്തി അദ്ദേഹം ഇങ്ങനെ പറഞ്ഞു:—

"സൽപ്രേമസമുദ്രങ്ങൾവർഷിച്ചുലസിക്കുംഞാൻ;
ഇപ്രപഞ്ചമാനന്ദേ ഞാൻ കളിപ്പിച്ചുനിൽക്കും;

എതിക്കാനാരാനുണ്ടോ? വരട്ടെ! നൽസ്വാഗതം!
സൽപ്രേമാംബുധി സദാ വർഷിച്ചുലസിക്കുംഞാൻ.

ജനസഞ്ചയമെല്ലാം മാമകംതന്നെ, ഹാഹാ!
വരുവിൻ സകലരും! സ്വാഗതമശേഷർക്കും!

digitized by www.sreyas.in

എന്തെന്നാൽ പ്രേമത്തിൻെറ പ്രവാഹങ്ങളെസ്സദാ
ഹന്തഞാൻഒഴുക്കിക്കൊണ്ടാണല്ലോ വർത്തിക്കുന്നു!"

അദ്ദേഹം തുടൎന്നു—

"അവരോടു പറയൂ. ഞാൻ അവരുടേതാണു്. ഞാൻ സകലരെയും ആശ്ലേഷിക്കുന്നു. ഞാൻ ഒരുത്തരെയും ഒഴിച്ചുനിൎത്തുന്നില്ല. ഞാൻ പ്രേമമാണു്, പ്രകാശത്തെപ്പോലെ പ്രേമം സകലതിനെയും ആനന്ദത്തോടും പ്രഭാവാതിശയത്തോടും ആലിംഗനം ചെയ്യുന്നു. തീൎച്ചയായിട്ടും ഞാൻ പ്രേമത്തിൻെറ പ്രവാഹവും തേജോരാശിയും അല്ലാതെ മറെറാന്നും അല്ല. ഞാൻ സൎവ്വരെയും ഒരുപോലെ സ്നേഹിക്കുന്നു."

## (11) "ഗംഗ സകലയിടത്തും ഒഴുകുന്നു"

ലാഹോറിലെ കഠിനമായ വേനൽക്കാലത്തു നഖംപചോഷ്ണളമായ തെരുവുവീഥികളിൽ അദ്ദേഹം നടക്കുന്ന സമയം അദ്ദേഹത്തിൻെറ പാദങ്ങളെ സ്പൎശിച്ചവർ അവ തണുത്തിരിക്കുന്നതായി കണ്ടു. "ഞാൻ ചൂടുപിടിച്ച ലാഹോറിലല്ലാ നടക്കുന്നതു്; അമൃതസമാനമായ ഗംഗാജലപ്രവാഹത്തിൽക്കൂടെയാണു് ഞാൻ സൎവ്വത്ര നടക്കുന്നതു്; അതിൻെറ രാജതശോഭയുള്ള തിരകളാണു് എൻെറ കാലടികളെ സ്പൎശിക്കയും, എന്നെ ആനന്ദത്തിൽ കുളിപ്പിക്കയും ചെയ്യുന്നതു്; "ഗംഗ സകലയിടത്തും ഒഴുകുന്നു. കാണുന്നില്ലേ?"

## (12) ദാരിദ്ര്യം

വിദ്യാഭ്യാസകാലത്തിൽ ഒരുമാസത്തേയ്ക്കു സ്വാമിരാമനു് ഭക്ഷണം കഴിക്കാൻ പ്രതിദിവസം കാലണാവീതം മാത്രമേ ഉണ്ടായിരുന്നുള്ളൂ. "സാരമില്ല" അദ്ദേഹം പറഞ്ഞു:—"ഈശ്വരൻ എന്നെ പരീക്ഷിക്കാൻ ആഗ്രഹിക്കുന്നു. ഇതു എനിക്കു മതിയാകും." അക്കാലം അദ്ദേഹം ഒരു പഞ്ചാബുകാരൻ നടത്തിയിരുന്ന പലഹാരക്കടയിൽനിന്നു കാലത്തു രണ്ടുപൈയുടെയും വൈകിട്ടു് ഒരു പൈയുടെയും ഭക്ഷണം കഴിച്ചുവന്നു. എന്നാൽ കുറേദിവസം കഴിഞ്ഞപ്പോൾ കച്ചവടക്കാരൻ പറഞ്ഞു—"പോ ദൂരെ! നീ എന്നും വന്നു് എൻെറ പക്കൽനിന്നു മൂന്നു പൈയുടെ പലഹാരം വാങ്ങിത്തിന്നുന്നു; ഞാൻ തരുന്ന പരിപ്പിനു വിലയൊന്നും തരുന്നുമില്ല; എൻെറ പരിപ്പു് നീ വെറുതെ തിന്നുകയാണു്. പോ! ഞാൻ ഇനിമേൽനിനക്കു അപ്പവും (ചപ്പാത്തിയും) തരില്ല". തദനന്തരം ഈ ബാലൻ ദിവസംപ്രതി ഒരു ഭക്ഷണംമാത്രം കൊണ്ടു കഴിച്ചുകൂട്ടി.

## (13) ഭക്തിപാരവശ്യം

ഒരു ബ്രാഹ്മണൻ ഒരിക്കൽ രാമായണം വായിക്കുന്നതു് രാമൻ കേട്ടുകൊണ്ടിരുന്നു; കുറെ കഴിഞ്ഞപ്പോൾ രാമൻ കരയാൻതുടങ്ങി; ഇതിൻെറ പ്രതിഫലനംകൊണ്ടു വായനക്കാരനും വായനതുടരാൻ സാധിക്കാതെ പുസ്തകം മടക്കിവെക്കേണ്ടിവന്നു.

അദ്ദേഹം ഒരിക്കൽ പറഞ്ഞു:—

"ഹാ! കൃഷ്ണ! കൃഷ്ണ! നിന്നെ സദാ എൻെറ അടുത്തു കാണാത്തപക്ഷം — ഹേ! എൻെറ നേത്രങ്ങളെ! എനിക്കു നിങ്ങളെക്കൊണ്ടു് എന്തു പ്രയോജനം? ഹേ! കരങ്ങളെ! നിങ്ങൾ അദ്ദേഹത്തിൻെറ പാദസ്പർശനം ചെയ്യാത്തപക്ഷം നിങ്ങളെക്കൊണ്ടു് എനിക്കെന്തുപയോഗം? ഉണങ്ങി സ്തംഭിച്ചുപോകുവിൻ! ഹാ! ഈശ്വരാ! എനിക്കു ജീവൻ തന്നുംകൊണ്ടു് അങ്ങിവിടെ വരുന്നുവെങ്കിൽ ഞാൻ അതിനെ അവിടുത്തേയ്ക്കു തിരിയെ തരുന്നു!"

ഇങ്ങിനെ പറഞ്ഞുംകൊണ്ടു് അദ്ദേഹം കരയാൻതുടങ്ങി. അശ്രുധാര കണ്ണിൽനിന്നൊഴുകി തൻെറ ഷർട്ടുമുഴുവൻ നനഞ്ഞു; അദ്ദേഹം അതോടുകൂടി മോഹിച്ചുവീണു. തിരിയെ ഉണർന്നു ബോധംവന്നപ്പോൾ, അദ്ദേഹത്തിൻെറ മുമ്പിൽ ഫണവും വിടുർത്തിക്കൊണ്ടു ഒരു സർപ്പം ആവിർഭവിച്ചു. "ഹാ! പ്രഭോ! വരൂ! ഒരു സർപ്പത്തിൻെറ രൂപത്തിൽ അങ്ങെന്നെ സമീപിക്കുന്നു. ഹാ! നാഥാ! ഗോപികമാർ പാവപ്പെട്ട ശലഭങ്ങളെപ്പോലെ ആകർഷിക്കപ്പെടുവാൻ ഇടയാക്കിയ ആ സൌന്ദര്യത്തിൽ എനിക്കങ്ങെ കാണാൻ ആഗ്രഹമുണ്ടു്." എന്നിങ്ങനെ പറഞ്ഞുകൊണ്ടു് അദ്ദേഹം സർപ്പത്തിൻെറ നേരെ ചാടി. വീണ്ടും അദ്ദേഹം മോഹപരവശനായി.

ഇതെല്ലാം കണ്ടുകൊണ്ടിരുന്ന ഒരു സുഹൃത്തു് അദ്ദേഹത്തിൻെറ മുറിയിൽ കടന്നുചെന്നു പറഞ്ഞു:—"സ്വാമിജി! കൃഷ്ണൻ അങ്ങയുടെ അകത്താണു്. അങ്ങെന്താണു തിരയുന്നതു്?"

ഭ്രാന്തനെപ്പോലെ സ്വാമി "എൻെറ അകത്തോ?" എന്നു ചോദിച്ചുകൊണ്ടു് ഷർട്ടു വലിച്ചുചീന്തിക്കളഞ്ഞുംവെച്ചു് മാറിടത്തെ നഖംകൊണ്ടു മാന്തിക്കീറാൻ തുടങ്ങി. വീണ്ടും അദ്ദേഹം മോഹാലസ്യത്തിൽ പതിക്കയും, തുടർന്നു വളരെനേരം ഇങ്ങനെ നിസ്സഹായാവസ്ഥയിൽ കിടക്കുകയും ചെയ്തു.

## (14) കൃഷ്ണദർശനം

അക്കാലത്തൊരുദിവസം സ്വാമിരാമൻ ഇങ്ങിനെ പറയുന്നതു കേട്ടു എന്നു സ്വാമി നാരായണൻ (ശിഷ്യൻ) പറഞ്ഞിട്ടു

digitized by www.sreyas.in

ണ്ടു":—"ഹാ! ഇന്നു ഞാൻ കൃഷ്ണനെ കണ്ടു. ഞാൻ കളിച്ചുംകൊണ്ടിരുന്നപ്പോൾ അദ്ദേഹം വന്നു; ഞാൻ അദ്ദേഹത്തെ പൂൎണ്ണമായി കണ്ടു. എന്നാൽ അദ്ദേഹം വന്നുംവെച്ചു പൊയ്ക്കളഞ്ഞു. എന്റെ മുറിവ് പിന്നെയും വൎദ്ധിപ്പിച്ചും, എന്നെ വീണ്ടും കരയിപ്പിച്ചും ഇട്ടുംവെച്ച് അദ്ദേഹം പോയി."

## (15) ആത്മഹത്യാശ്രമം

(സ്വാമിതന്നെ സമ്മതിച്ചു പറഞ്ഞിട്ടുള്ളതു്)

"ഉന്നതഗണിതശാസ്ത്രത്തിലെ ഏററവും ദുൎഘടപ്രശ്നങ്ങൾ ചെയ്തുതീൎക്കണമെന്നും, സൂൎയ്യോദയത്തിനുമുമ്പിൽ ആ പ്രശ്നങ്ങൾക്കു പരിഹാരം കിട്ടാത്തപക്ഷം തന്റെ ശരീരത്തിൽനിന്നു ശിരസ്സു വേർപെടുത്തണമെന്നും ദൃഢപ്രതിജ്ഞചെയ്തുംവെച്ച് രാത്രിയിൽ രാമൻ കണക്കുചെയ്യാൻ ആരംഭിച്ചിട്ടുണ്ടു". ശിരസ്സു ഖണ്ഡിക്കുന്നതിലേക്കു ആവശ്യമുള്ള ഒരു കുന്തം രാമന്റെ ഇരിപ്പിടത്തിനു് അടിയിൽ ഒളിച്ചുവെക്കാറുമുണ്ടായിരുന്നു. ഇങ്ങിനെ ചെയ്യുന്നതു് വളരെ തെററായ ഒരു പ്രവൃത്തിതന്നെയായിരുന്നു; എന്നാൽ അത്തരം ഉള്ള നിയമനിഷ്ഠയിലും, കൎക്കശമായ അച്ചടക്കത്തിലും കൂടിയാണു് (അവ തെററായാലും, ശരിയായാലും വേണ്ടില്ല) രാമൻ ജ്ഞാനംസമ്പാദിക്കാൻ പ്രയത്നിച്ചിരുന്നതെന്നു രാമൻ പറഞ്ഞുകൊള്ളട്ടെ. ഇരിക്കട്ടെ, നാലു പ്രശ്നങ്ങൾ ഒരു രാത്രിയിൽ ചെയ്യാൻ നിശ്ചയിച്ചിരുന്നു. അതിൽ മൂന്നെണ്ണവും അൎദ്ധരാത്രിയോടുകൂടി ചെയ്തുകഴിഞ്ഞിരുന്നു. എന്നാൽ നാലാമത്തേതു് വളരെ ബുദ്ധിമുട്ടുണ്ടാക്കി. ജനാലിൽകൂടി പ്രഭാതത്തിലെ ആദ്യരശ്മികൾ അകത്തേയ്ക്കുളിഞ്ഞുനോക്കുന്നതുവരെ പ്രസ്തുത പ്രശ്നത്തിന്റെ പരിഹാരം കണ്ടുപിടിക്കപ്പെട്ടില്ല. സത്യപ്രതിജ്ഞയോടുള്ള ബഹുമാനത്താൽ രാമൻ എഴുന്നേററു് മൂൎച്ചയേറിയ കുന്തം കയ്യിലാക്കി. കെട്ടിടത്തിന്റെ മുകളിലത്തെ മുറിയിൽചെന്നു് കുന്തത്തിന്റെ കൂൎത്ത അററം തൊണ്ടയിൽതൊട്ടുപിടിച്ചു. കുന്തം കുത്തിക്കയററാൻ തുടങ്ങിയപ്പോൾ അവിടെ യഥാൎത്ഥമായ ഒരു മുറിവുണ്ടാകയും, രക്തകണങ്ങൾ പുറത്തേയ്ക്കു പുറപ്പെടുകയും ചെയ്തു. രാമൻ ത്രസിച്ചു പരിഭ്രാന്തനായി. ഗണിതശാസ്ത്രപ്രശ്നത്തിന്റെ പരിഹാരം—ഉത്തരം—വായുമണ്ഡലത്തിൽ തേജോനിൎമ്മിതമായ അക്ഷരങ്ങളിൽ രാമൻ സന്ദൎശിച്ചു. രാമൻ ഉത്തരം നേരിട്ടുകാണുകയും, അതുടനെ കടലാസിൽ കുറിച്ചെടുക്കുകയുംചെയ്തു. അതു് ചെയ്യപ്പെട്ടതിൽവച്ചു് ഏററവും സ്വകപോലകല്പിതമായ—സ്വയംകൃതമായ—ഒരു ജോലിയായിരുന്നു. ഗവമ്മെണ്ടുകോളജിലെ പ്രഫസ്സർ മുക്കർജി ഇതുകണ്ടു് ഏററവും അത്ഭുതപരവശനായി.

digitized by www.sreyas.in

ഇങ്ങിനെയാണ രാമൻ അനവധിപ്രാവശ്യം, അതികഠിനമായ പ്രയത്നംചെയ്തുകൊണ്ടു്, ഗണിതശാസ്ത്രജ്ഞാനം സമ്പാദിച്ചതു്."

ലാഹോർ എന്നേയ്ക്കുമായി വെടിഞ്ഞുപോകുന്ന സമയം അവിടുത്തെ റയിൽവേസ്റ്റേഷന്റെ പ്ലാററുഫോറത്തിൽവെച്ചു് ഏററവും കരുണാമസൃണമായവിധത്തിൽ അദ്ദേഹം യാത്രാഗാനം ചൊല്ലിയതിന്റെ പ്രാധാന്യം നമുക്കിപ്പോൾ ഗ്രഹിക്കാം. അതിങ്ങനെയാണു്:-

"വന്ദനമെന്റെ നല്ലഗണിതശാസ്ത്രസഖത്തേ!
വന്ദനമെന്റെ ഭാൎയ്യാപുത്രരെ! കൂട്ടുകാരേ!

വന്ദനമെന്റെ ശിഷ്യവൎഗ്ഗമേ! നിങ്ങൾഗുരോ!
വന്ദനമദ്ധ്യാപനത്തൊഴിലേ! സലാം! സലാം!!

വന്ദനമെന്നീശ്വരാ! നിന്നോടുതന്നെയും ഞാൻ
വന്ദനംപറയുന്നേൻ! ഞാനിതാ! പോയീടുന്നു,"

ഇങ്ങിനെയാണു് അദ്ദേഹം തന്റെ പ്രിയപ്പെട്ട ഗണിതശാസ്ത്രത്തോടും, തന്റെ പാഠശാലയോടും അശ്രുധാര ചൊരിഞ്ഞുംകൊണ്ടു് ലാഹോർ വിട്ടപ്പോൾ യാത്രപറഞ്ഞതു്.

## (16) നദീസമൎപ്പണം

സ്വാമിരാമതീൎത്ഥൻ തന്റെ അമ്മേരിക്കൻനിവാസം കഴിഞ്ഞു തിരിച്ചുവരുന്നതിനായി കപ്പലിൽ കയറി. അവിടെ വെച്ചു് അദ്ദേഹത്തിന്റെ ശിഷ്യഗണങ്ങളും, ഭക്തസമൂഹവും ചേൎന്നു് അദ്ദേഹത്തിന്നു് ഒരു യാത്രയയപ്പുസല്ക്കാരവും, അഭിവാദ്യങ്ങളും നൽകി അദ്ദേഹത്തിന്റെ അനുഗ്രഹാശീൎവാദങ്ങൾ വാങ്ങുകകയുണ്ടായി. ആക്കൂട്ടത്തിൽ ഒരു ഭക്തശിരോമണി നല്ല വെൽവററുകഷൻകൊണ്ടു ഭംഗിയായി അലങ്കരിച്ച ഒരു ഉപഹാരം അദ്ദേഹത്തിനു സമൎപ്പിച്ചു. അദ്ദേഹം അതു വാങ്ങിക്കൊണ്ടു ചോദിച്ചു:- "ഇതെന്താണ ?"

അയാൾ മറുപടിപറഞ്ഞു:—"സ്വാമി ഇവിടെ അമ്മേരിക്കായിൽ ചെയ്തിട്ടുള്ള പ്രവൃത്തികളെപ്പററി അമ്മേരിക്കൻമഹാന്മാരും, ന്യൂസ്പേപ്പറുകളും എഴുതി പ്രസിദ്ധീകരിച്ചിട്ടുള്ള പ്രശംസാവാക്യങ്ങൾ ഉൾപ്പെട്ട ന്യൂസ്പേപ്പർശകലങ്ങളും മററും അടങ്ങിയ കടലാസ്സുകളാണു്."

digitized by www.sreyas.in

"ഇതെല്ലാംകൊണ്ടു് എനിക്കെന്തു്? എനിക്കെന്തിനു്?" എന്നു പറഞ്ഞുംകൊണ്ടു് സ്വാമി അതു് സാക്രമെണ്ടോ നദിയിലേയ്ക്കെറിഞ്ഞുകളഞ്ഞു. ആ നദീമുഖത്താണു കപ്പൽ കിടന്നതു്.

(17) ആത്മസമർപ്പണം

ടെഹ്രിമഹാരാജാവു പണിയിച്ചുകൊടുത്ത ഒരു കുടിലിൽ രാമൻ താമസിക്കയായിരുന്നു. അവിടെനിന്നും കുറേനാഴിക ദൂരത്തിലുള്ള ഒരു ഗുഹയിൽ ശിഷ്യൻ നാരായണസ്വാമി താമസിക്കണമെന്നും, ഞായറാഴ്ചതോറും വാരത്തിലൊരിക്കലും, പ്രത്യേകം ആവശ്യപ്പെടുന്ന മററു സമയങ്ങളിലുംമാത്രം നാരായണസ്വാമി തന്നെവന്നു കണ്ടാൽമതിയെന്നും ആജ്ഞാപിച്ചുംവെച്ചു് രാമൻ ആ കുടിലിൽ ഏകാന്തവാസംചെയ്വാൻ നിശ്ചയിച്ചു. നാരായണനെയും, പൂരാൺസിംഗിനെയും യാത്രയയയ്ക്കാനായി സ്വാമി രാമൻ ഏകദേശം ഒരുമൈലിനുമേൽ അവരെ അനുയാത്രചെയ്തു. വഴിയിൽ എത്തിയപ്പോൾ അദ്ദേഹം നാരായണനോടു് ഇങ്ങിനെ പറഞ്ഞു.—"രാമൻെറ പേനാ ഇനി എഴുതാൻ കൂട്ടാക്കാതെ നിന്നുപോകും. രാമൻെറ നാവും സംസാരിക്കാതെ നിലച്ചുപോകും. രാമൻ മേലാൽ പ്രാപഞ്ചികജോലി യാതൊന്നും ചെയ്കയില്ല. സമതലങ്ങളിലേക്കു പോകാൻവേണ്ടി രാമൻ ഇനിയും ഗംഗാതീരങ്ങളെ വിട്ടുപിരിയുകയില്ല. രാമനെ ക്ഷണിക്കുന്നിടത്തെല്ലാം നാരായണൻ തന്നെ പോകേണ്ടിയിരിക്കുന്നതിനാൽ, നാരായണൻ വിജനഗുഹയിൽ പോയിരുന്നു യഥാർത്ഥരാമനിലേയ്ക്കു മുങ്ങി, ശരീരവും ഹൃദയവും ആത്മാവും എല്ലാം രാമനോ അഥവാ മൂർത്തിമത്തായ വേദാന്തമോ ആയിത്തീരണം."

നാരായണസ്വാമി അഞ്ചുദിവസം തികച്ചു തൻെറ ഗുഹയിൽ താമസിക്കാനിടയായില്ല. പെട്ടെന്നൊരു ദൂതൻ വന്നു രാമൻ ഗംഗാനദിയിൽ സ്നാനംചെയ്തുകൊണ്ടിരുന്നപ്പോൾ ജലപ്രവാഹം അദ്ദേഹത്തെ വലിച്ചുകൊണ്ടുപോയി എന്നുള്ള ഹൃദയഭേദകമായ വാർത്ത അദ്ദേഹത്തെ അറിയിച്ചു. സ്വാമിരാമൻ തൻെറ സാധാരണപതിവുപോലെ ഗംഗയിലെ ഒഴുക്കിനെതിരെ നീന്തി വ്യായാമം ചെയ്തുകൊണ്ടിരിക്കെ ചുഴലിയിൽപെട്ടുപോയതായിരുന്നു. "ഓം! ഓം!! ഓം!!!" എന്ന പ്രണവധ്വനി ഉച്ചത്തിൽ ഘോഷിച്ചുകൊണ്ടാണു് അദ്ദേഹം ശരീരത്യാഗം ചെയ്തതു്.

അദ്ദേഹം അവസാനമായിട്ടെഴുതിവെച്ചിരുന്ന ഒരു ലേഖനം ഈ ദേഹത്യാഗത്തെ സൂചിപ്പിക്കുന്നതായിരുന്നു.

digitized by www.sreyas.in

## (18) രാമന്റെ മന്ദസ്മിതം

ന്യൂയോക്കിലേക്കു പോകുന്നതിനു സൌജന്യനിരക്കിലുള്ള റയിൽവേററിക്കററുകൾ ആവശ്യപ്പെട്ടുകൊണ്ടു് അമേരിക്കായിലെ താമസക്കാലത്തു് രാമന്റെ സെക്രട്ടറിയായിരുന്ന മിസ്സ് ടെയിലർ ഒരുദിവസം The Great Pacific Railroad Company എന്ന റയിൽവേകമ്പനിയുടെ മാനേജരുടെ അടുത്തു് സ്വാമി രാമനെ കൊണ്ടുപോയി. ഇതു സാൻഫ്രാൻസിസ്കോപട്ടണത്തിൽവെച്ചായിരുന്നു. രാമനെ കണ്ട ഉടനെ മാനേജർ പറഞ്ഞു:—"അദ്ദേഹത്തിനോ? അദ്ദേഹത്തിനു് ഞാൻ എന്റെ പുൾമാൻ മോട്ടോർ കാർ സൗജന്യമായി കൊടുക്കാം. അദ്ദേഹത്തിന്റെ മന്ദസ്മിതങ്ങൾ അത്രയ്ക്കു് അപ്രതിരോധ്യമാണു്."

പുൾമാൻകാർ വേഗതയിൽ റയിൽവണ്ടിയെ ജയിക്കുന്നതും, ഏററവും വിലക്കൂടുതൽ ഉള്ളതും ആയിരുന്നു.

* * * * *

പഞ്ചാബ് സർവ്വകലാശാലയിലെ ഒരു പ്രഫസ്സറായിരുന്ന ഡാക്ടർ ഖുദാദാദ് ഹരിദ്വാരത്തിൽവെച്ചു സ്വാമിരാമനെ കാണാൻ പോയി. സ്വാമി പറഞ്ഞു: - "ഇത്തരം ജനങ്ങളെ എന്റെ അടുക്കൽ കൊണ്ടുവരുന്നതെന്തിനു്? അവർ മുമ്പേതന്നെ രാമന്റെ മാതൃകയിൽ രൂപീകൃതരത്രെ. രാമനവരെ ഒന്നും പഠിപ്പിക്കാനില്ല." സ്വാമി ഈസമയമെല്ലാം ഹൃദയാവർജ്ജകമായി പുഞ്ചിരിക്കൊള്ളുകയായിരുന്നു.

"രാമനു് നിങ്ങളുടെ പേരിന്റെ താല്പര്യം മനസ്സിലാകുന്നില്ല. ഖുദാ (ഈശ്വരൻ), ദാദ് (ദത്തം)—ഇതു രണ്ടുംകൂടി വേണ്ടായിരുന്നു. ഖുദാ എന്നുമാത്രം മതിയല്ലൊ" എന്നു സ്വാമി പറഞ്ഞു.

"കണ്ണുള്ളവൎക്കു അതു്, ഇല്ലാത്തവൎക്കു ഇതു്" എന്നു പ്രഫസ്സർ മറുപടിപറഞ്ഞു. രാമന്റെ ജീവിതത്തെയെല്ലാം രത്നച്ചുരുക്കമായി സംഗ്രഹിച്ചു് ആ പ്രഫസ്സർ ഒരു ഉറുദു ഈരടിയിൽ ഇങ്ങിനെ ഒരു പദ്യം ഉണ്ടാക്കിച്ചൊല്ലി:—

"സ്വാമിരാമ! നിൻമുഖേ കളിയാടി രാജിക്കും
തുമന്ദഹാസധാര സർവ്വാവർജ്ജകഗ്രന്ഥം;
ജീവന്റെ രഹസ്യങ്ങൾ സകലമതിൽക്കൂടി
വിവൃതമായിത്തെളിഞ്ഞങ്ങിനെ പ്രകാശിപ്പൂ."

digitized by www.sreyas.in

## (19) ഫലിതവാക്യങ്ങൾ.

സ്വാമിരാമൻ സദാ പ്രസന്നനും, നല്ല ഫലിതക്കാരനും ആയിരുന്നു. ആജീവനാന്തം അദ്ദേഹം ഫലിതംപറയുന്ന സ്വഭാവം വിട്ടിരുന്നില്ല. ചില ഉദാഹരണങ്ങൾ താഴെപ്പറയാം:—

രാമൻ എന്നു തന്നത്താനെ വിളിച്ചുകൊണ്ടു പ്രഥമപുരുഷപദംമാത്രം ഉപയോഗിക്കുന്നതിന്റെ കാരണമെന്താണെന്നു ടോക്കിയോയിൽവച്ചു ഒരാൾ അദ്ദേഹത്തോടു ചോദിച്ചു. മറുപടി ഇങ്ങിനെയായിരുന്നു;— "ഇതാ! നോക്കൂ. ജീവിതക്രമം മാറുന്നതുപോലെ, ഗൃഹസ്ഥൻ സന്ന്യാസിയായിഭവിച്ചു പ്രപഞ്ചത്തിൽനിന്നു ഈശ്വരനിലേക്കു മാറുന്നതുപോലെ, ഈ ശരീരത്തിന്റെ പേരും അതിന്റെ ക്രമം മാററിയിരിക്കുന്നു. സന്ന്യാസത്തിനുമുമ്പ് അതു തീൎത്ഥരാമൻ ആയിരുന്നു. ഇപ്പോൾ അതു രാമതീൎത്ഥനായി."

*    *    *    *    *

രാമൻ കോളജ്ജുപ്രൊഫസ്സർ ആയിരുന്ന കാലത്തു തന്റെ വാച്ചുകൊണ്ടു ഫലിതംപ്രയോഗിച്ചുവന്നു. എപ്പോഴെങ്കിലും ആരെങ്കിലും അദ്ദേഹത്തോടു മണി എന്തായി എന്നു ചോദിക്കുമ്പോൾ, ഗൗരവമായി വാച്ചെടുത്തു ഗംഭീരമായി സശ്രദ്ധം നോക്കിയിട്ടു "പ്രിയസ്നേഹിതാ! ഇപ്പോൾ ഒന്നടിച്ചതേഉള്ളു" എന്നു പറയുമായിരുന്നു. എപ്പോഴും ഇങ്ങിനെ പറയുന്നതുകേട്ടു ചിലർ ചോദിച്ചു:— "ഗോസ്വാമിജി! ഞങ്ങൾ എപ്പോൾചോദിച്ചാലും മണിയൊന്നായി എന്നു അങ്ങു പറയുന്നു. ഇതു ആശ്ചൎയ്യമായിരിക്കുന്നു." "ഹേ! സുഹൃത്തുക്കളേ! രാമന്റെ വാച്ചങ്ങിനെയുള്ളതാണ്. ഈ വാച്ചനുസരിച്ചു എപ്പോഴും മണി ഒന്നുതന്നെയാണ്" എന്നുപറഞ്ഞു ചിരിച്ചുംകൊണ്ട് അദ്ദേഹം നടന്നുകളഞ്ഞു. (അദ്വൈതാവസ്ഥയെ സൂചിപ്പിക്കുന്നു.)

*    *    *    *    *

"ഞാൻ എപ്പോൾ മുക്തനാകും?" എന്നു ചോദിച്ച ആളിനു അദ്ദേഹം കൊടുത്ത മറുപടി " 'ഞാൻ' ഇല്ലാതെയാകുമ്പോൾ" എന്നായിരുന്നു. ഇതിലെ തത്വം സ്പഷ്ടമാണല്ലോ.

*    *    *    *    *

അമേരിക്കായിൽവച്ചു അദ്ദേഹം ചെയ്ത ഒരു പ്രസംഗത്തിന്റെ വിഷയം "എല്ലാ പകലും ഒരു നവവത്സരദിനവും, എല്ലാ രാത്രിയും ഒരു ക്രിസ്തുമസ്സുരാത്രിയും" എന്നായിരുന്നു.

*    *    *    *    *

digitized by www.sreyas.in

കൃഷ്ണഗ്രഹ് ഗവൎമ്മെൻറുമന്ദിരത്തിൽ, പുഷ്കരതടാകത്തിനു സമീപം അദ്ദേഹം താമസിച്ചിരുന്നപ്പോൾ അദ്ദേഹത്തിൻെറ കയ്യിൽ പൊള്ളയായ ഒരു മുളക്കഷണം ഉണ്ടായിരുന്നു. അദ്ദേഹം സന്ദൎശകരോടു പറഞ്ഞു:—“ഈ മുളക്കുഴൽ നിങ്ങൾ കണ്ടിട്ടില്ലല്ലോ. അതു അത്ഭുതകരമാണു്. രാമൻ സ്നാനത്തിനു തടാകത്തിൽ ഇറങ്ങുമ്പോൾ ചീങ്കണ്ണികളെ ഓടിക്കാനുള്ള ഒരു ഇന്ദ്രജാലായുധം ആണതു്. രാമൻെറ പെൻസിലുകളും, പേപ്പറും വെക്കാനുള്ള ഒരു സഞ്ചിയും ആണിതു്. ഇതൊക്കെമാത്രമേ രാമൻെറ സ്വത്തായിട്ടുള്ളൂ. രാമൻെറ ശരീരാവശ്യങ്ങളെ രാമൻ ഇത്രമാത്രമായി കുറച്ചിരിക്കുന്നു.” വീണ്ടും അദ്ദേഹം ചിരിച്ചുംകൊണ്ടു പറഞ്ഞു:—“ഒരുത്തൻ അവൻെറ സഞ്ചാരസാമാനങ്ങളെ ഇത്രയ്ക്കു കുറയ്ക്കുമ്പോൾ, അവൻ ഒരു യഥാൎത്ഥ രാജാവായിത്തീരുന്നു. അവൻെറ ആവശ്യങ്ങൾ ഈ കുഴലിലെ പൊള്ളസ്ഥലത്തേയ്ക്കു ചുരുക്കത്തക്ക വിധം അത്ര കുറയ്ക്കുന്നല്ലൊ.”

* * * * *

രാമൻ അവിടെ സദാ കെട്ടിടത്തിൻെറ മട്ടുപ്പാവിൽ കയറി ഇരിക്കുമായിരുന്നു. നല്ല വേനൽക്കാലത്തെ വെയിലത്തും അദ്ദേഹം അവിടെത്തന്നെ കഴിച്ചുകൂട്ടി. ചോദിച്ചപ്പോൾ മറുപടി ഇങ്ങിനെയായിരുന്നു: “രാമനു കെട്ടിടത്തിൻെറ മുറികൾ വിരോധമാണു്; അവ ശവക്കല്ലറപോലെയിരിക്കുന്നു.”

* * * * *

ഒരിക്കൽ സ്വാമിരാമൻ ഹൃഷീകേശത്തുനിന്നു കുറെ ഉയരെ, ബദരീനാരായണത്തേയ്ക്കുള്ള വഴിക്കുസമീപം, വ്യാസാശ്രമം എന്ന ഒരു ഉയൎന്ന സ്ഥാനത്തു പാൎത്തിരുന്നു. അന്നു അദ്ദേഹം കുറെക്കാലം താടിവളൎത്തിയിരുന്നു. കാണാൻചെന്നവരോടു അദ്ദേഹം പറയാറുണ്ടു്: “രാമനു വ്യാസൻെറ താടി കിട്ടിയിരിക്കുന്നു”

## 12 സന്ന്യാസിക്കു്

(സ്വാമി രാമതീർത്ഥൻ)

(1) ഒരിക്കലും പ്രേമസാഹിത്യം വായിക്കരുതു്; നോവലൊന്നും നോക്കരുതു്.

(2) തന്റെ അടുത്തു് ആരും അധികം സമീപിക്കാൻ സമ്മതിക്കരുതു്.

(3) സ്വന്തപാദങ്ങളിൽ ചരിക്കുക; സഹായക്കമ്പുകൾ ആവശ്യമുള്ള കുഞ്ഞല്ല നിങ്ങൾ. നടക്കുമ്പോൾ നിങ്ങൾക്കു ഏകാന്തത തോന്നുന്നതെന്തിനു ? തനിച്ചിരിക്കുമ്പോൾ വിചാരവികാരങ്ങളെ നിങ്ങളുടെ ഉള്ളിലോട്ടു തിരിക്കുക.

(4) സന്തോഷങ്ങളാലും (സൃഷ്ടിപ്രവൃത്തിയും) വേദനകളാലും (സംഹാരവൃത്തിയും) കുശവൻ കലം തയ്യാർചെയ്യുന്നു. (നമ്മുടെ ചാരിത്രം കെട്ടിപ്പടുക്കുന്നു.)

(5) കാമ്യവസ്തുക്കളുടെ അകത്തെ സത്ത—ആത്മാവു്—മാത്രമാണു് കാമ്യമായിരിക്കുന്നതു്. ഓരോന്നിനും, എല്ലാത്തിനും തിളക്കവും, സൗന്ദര്യവും കൊടുക്കുന്നതു നിങ്ങൾതന്നെയാണു്.

(6) പ്രസംഗിക്കുമ്പോൾ മനുഷ്യരെ കാണുക. മററു സമയങ്ങളിൽ നിങ്ങൾ അവരെ കാണുന്നുവെങ്കിൽ സന്ദർശനം വെറും ഔപചാരികം മാത്രമായിരിക്കട്ടെ. ഒരുത്തനെ തനിച്ചു കാണരുതു്. നിങ്ങളുടെ സാന്നിദ്ധ്യത്തിൽ വ്യക്തിപരസംഭാഷണം ഉണ്ടാകാതിരിക്കട്ടെ. നിസ്സാരവിഷയങ്ങളും, വൃത്താന്തപത്രങ്ങളും, ബലഹീനസുഹൃത്തുക്കളും നിങ്ങളെ സമീപിക്കാൻ അനുവദിക്കരുതു്.

(7) പ്രത്യേക വസ്തുസൌന്ദര്യത്തെ ഭോഷന്മാർ വാഴ്ത്തുന്നു. സൌന്ദര്യവാസന രസഹീനവും, ബാലിശവുമത്രെ. സകലതും ഛവിയാണു്. ബുദ്ധിമാന്മാർക്കു സകലതും ഒരുപോലെ സുന്ദരമാണു്.

(8) സൌന്ദര്യം ഒരു ശക്തിയാണെങ്കിൽ, [illegible] ഖണ്ഡിച്ചു്. [illegible]

(9) [illegible] കുടെ [illegible]

(10) പ്രകൃതിക്കു പ്രതികൂലവും, ആദ്ധ്യാത്മികനിയമങ്ങൾക്കു എതിരും ആയിട്ടുള്ളതിനെ നിങ്ങളുടെ സുഹൃത്തുക്കളിൽ അടിച്ചേല്പിക്കാൻ ശ്രമിക്കരുതു്.

(11) നിങ്ങളുടെ മനസ്സിനെ സദാ ജോലിത്തിരക്കിൽ നിൎത്തുക; അതിനു വിശ്രമം കൊടുക്കരുതു്; ആസക്തിയാകുന്ന ജ്വരത്തിൽനിന്നു വിട്ടൊഴിയുവാനുള്ള അത്യുത്തമമാൎഗ്ഗം ഇതത്രെ.

(12) (അശുദ്ധവും, ഭൗതികവും) ആയ പ്രേമത്തിന്റെ—കാമത്തിന്റെ—കാരണങ്ങൾ (1) പൂൎണ്ണമായ ദഹനമില്ലായ്മയും. (2) മനസ്സിന്റെ ആലസ്യം അഥവാ മന്ദതയും, (3) ഇന്ദ്രിയസുഖവിഷയങ്ങളോടുള്ള സംസൎഗ്ഗവും ആകുന്നു.

(13) ഈശ്വരൻ എല്ലാവരെയും പ്രേമിക്കുന്നു.

(14) നാം ഒരു പൈപ്പിന്റെ വായ്ക്കൽ—ജലക്കുഴലിൽ - ചെന്നു് യാചിക്കയും പ്രാൎത്ഥിക്കയും ചെയ്താൽ അതുകൊണ്ടു വെള്ളം ലഭിക്കുമോ? നമുക്കതിന്റെ തലയോ സ്ക്രൂവോ, കൈപിടിയോ പിടിച്ചു തിരിക്കേണ്ടതുണ്ടു്.

(15) അതുപോലെ, കടൽക്കരയിലെ ഒരു ഭാഗം ഞാൻ സ്പൎശിക്കുമ്പോൾ, സമുദ്രം അശേഷം തൊടുകയായില്ലേ? ഞാൻ നിങ്ങളുടെ പാദം സ്പൎശിക്കുമ്പോൾ, നിങ്ങളുടെ ഉടൽക്കൂട്ടു മുഴുവനും ഞാൻ സ്പൎശിക്കുന്നില്ലയോ? അങ്ങിനെതന്നെ, നിങ്ങളെക്കാണുമ്പോൾ ഞാൻ ഈശ്വരനെ പൂൎണ്ണനായിക്കാണുന്നു.

(16) പ്രപഞ്ചം മിഥ്യയും, ഈശ്വരൻ യഥാൎത്ഥവും ആണു്; സൎവ്വവും ഞാനാണു്; ലോകം സകലതും എന്റേതത്രെ; ഏററവും ദുഷിച്ച ദീപാളികൾ - ചെലവാളികൾ എനിക്കേററവും പ്രിയപ്പെട്ടവരാണു്.

(17) നമ്മുടെ സ്വന്തസൃഷ്ടികളായ ചെറു പ്രത്യേകലോകങ്ങൾ എല്ലാം പാഞ്ഞു ദൂരെപ്പോകട്ടെ! എല്ലാ ഗൃഹവും അപ്പോൾ ഓരോ ലോകമായി പരിണമിക്കുന്നു.

(18) ചെറു പ്രത്യേകലോകങ്ങൾ സകലതും ഓടിമറഞ്ഞുപോകട്ടെ! ഭൂലോകം മുഴുവനും നിങ്ങളുടെ ഭവനം ആക്കുക; അതിലെ നിവാസികളെയെല്ലാം നിങ്ങളുടെ സ്വന്തം ആത്മാവു് ആക്കിത്തീൎക്കുക.

digitized by www.sreyas.in

# 13. സന്ന്യാസിമാരെപ്പററി.

["Stamped Deed of Progress" പുരോഗതിയുടെ മുദ്രവെയ്ക്കപ്പെട്ട പ്രമാണം അഥവാ പ്രവൃത്തി എന്നപേരിൽ സ്വാമി ഉരുദുവിൽ എഴുതിയ ഉപന്യാസം]

കാവിവസ്ത്രംകൊണ്ടു അടയാളപ്പെടുത്തപ്പെട്ട വസ്ത്രം ഒരുത്തനെ സന്ന്യാസിയാക്കുമോ? ഹാ! ചില സമയങ്ങളിൽ കാവിവർണ്ണാങ്കിതമായ വസ്ത്രത്തിനുള്ളിൽ ഈശ്വരൻെറ ഛായംകൊണ്ടു നിറപ്പെടുത്തപ്പെട്ട ഹൃദയങ്ങളെ നമുക്കു കാണാൻ കഴിയും. അവിടെ രാമൻെറ നേക്കു ഭ്രാന്തുപിടിച്ച "ഭ്രാന്തമനുഷ്യൻ" മിന്നി പ്രകാശിക്കുന്നു. എന്നാൽ അവൻെറ സൌന്ദര്യ്യദീപ്തമായ ബോധം സന്ന്യാസവസ്ത്രത്തിൽ മാത്രം പരിമിതമാക്കപ്പെട്ടുന്നില്ലെന്നു എല്ലാവക്കും അറിയാം. നല്ല പെരുമാററവും, വസ്ത്രങ്ങളുടെയും വർണ്ണങ്ങളുടെയും രീതിയും, രസികത്തവും മററുംകൊണ്ടുള്ള ദൃഷ്യങ്ങളോടു ആ യഥാത്ഥസ്വാതന്ത്ര്യം ഒരിക്കലും സംബന്ധപ്പെട്ടുന്നില്ല. ഏതൊരു അത്യൌന്നത്യങ്ങളിൽ കയറാൻ മനുഷ്യൻെറ പാദങ്ങൾ പതറുകയും, തല തിരിയുകയും ചെയ്യുന്നുവോ, അവിടെ ആ പ്രകാശം തിളങ്ങുന്നു; ഈ ഗൂഢരഹസ്യദീപത്തിൻെറ ലാഞ്ഛനം പ്രകടമാകുന്നു. ഹിമാലയങ്ങളുടെ ഹിമങ്ങളിലും, സാധാരണ പട്ടണങ്ങളിലെ തെരുവുകളിലും സൂര്യ്യൻ പ്രകാശിക്കുന്നു. പ്രദീപ്തബോധത്തോടുകൂടിയ മനുഷ്യൻ തടവുമുറികളിലും, ശരീരമാകുന്ന ക്ഷുദ്രതര തടങ്കൽമുറിയിൽ പോലും, സ്വന്തം കൈകളാൽ തനിയെ ശൃംഖലിതനായി കാണപ്പെടുന്നു; എന്നാൽ ആ തടങ്കൽമുറികളിൽ അവൻെറ ചങ്ങലകൾ കിടക്കുമെങ്കിലും അവൻ അപരിമേയത്തിൽ സ്വതന്ത്രമായി ചുററി നടക്കുകയാണു്! ഇരുളടഞ്ഞ തടവുമുറികളിൽ, ഈശ്വരനോടു "ഹസ്തേനഹസ്തം" പിടിച്ചുകൊണ്ടു് ആ ഈശ്വരൻെറ മനുഷ്യൻ—ജയിലിൽ അടയ്ക്കപ്പെട്ടാലും—സ്വതന്ത്രനാണു്. അവൻ ആറു ലോകങ്ങളിലും ചുററിയലയുന്നു! ജനക്കൂട്ടത്തിൻെറ നടുവിൽ, ശബ്ദബഹളത്തിൻെറ ഇടയിൽ ഒരു വിദ്യാത്ഥി ശ്രദ്ധ നിത്തി പുസ്തകങ്ങൾ വായിച്ചുകൊണ്ടിരിക്കെ, എഴുതാൻ പാടില്ലാത്ത ഒരു വാക്കു് പെട്ടെന്നു വായിക്കയും, അവിടെ സകല അതിരുകൾക്കും പുറത്തേയ്ക്കു അവൻ കടക്കുകയും, അവനെ കാത്തുകൊണ്ടു പുസ്തകം എന്നേയ്ക്കും അവിടെ കിടക്കുകയും ചെയ്യുന്നു!

ഒരുവൻ ഭാഗ്യവശാൽ ഏകനായി ഒന്നു നടക്കാൻ പോകുന്നു. ചന്ദ്രപ്രകാശം അതിൻെറ വെള്ളിപ്രവാഹത്തിൽ ഒഴുകുന്നു; സായന്തനസമീരണൻ ഊതിക്കൊണ്ടിരിക്കുന്നു, പടിഞ്ഞാറേആകാശത്തു

digitized by www.sreyas.in

സന്ധ്യാശോണിതനിറം വിളങ്ങുന്നു; അകത്തുമുഴുവനും വീരത്തിന്റെ ശോണവൎണ്ണം വിരാജിക്കുന്നു! എത്ര പെട്ടെന്നു ഉയൎച്ച് ഉണ്ടാകുന്നു!

യാത്രക്കാരൻ ഒരു റയിൽവണ്ടിയിൽ ഇതാ! കയറിയതേ ഉള്ളൂ; അയാൾ ഒരു സഞ്ചാരത്തിനു പുറപ്പെട്ടുകയാണു്. വണ്ടിച്ചക്രങ്ങൾ കറങ്ങിത്തുടങ്ങി; ടിയിൽ ഗൎജ്ജിക്കുന്നു! വണ്ടിയിലെ ജന്നൽകൺണ്ണാടിക്കതക് അവൻ താഴ്ത്തിയ ഉടനെ അവന്റെ ഹൃദയത്തിലേയ്ക്കു ദിവ്യമണവാളൻ അതാ! പ്രവേശിച്ചുകഴിഞ്ഞു! യാത്രക്കാരൻ ഒരിടത്തേയ്ക്കു ററിക്കററു വാങ്ങിയിട്ടുണ്ടു്; എന്നാൽ അവന്റെ ആത്മാവു് ഈശ്വരജ്ഞാതമായ—അജ്ഞാതമായ—ഒരിടത്തേയ്ക്കു പൊങ്ങിയുയൎന്നു പറന്നുകളഞ്ഞു. ആനന്ദപാരവശ്യത്തിലെ ത്യാഗവും, മുഗ്ദ്ധാവസ്ഥയിലെ അനൎഘസമ്പന്നതയും അവനെ പിടികൂടി ബന്ധിച്ചു. ഇതാണു് പരമാൎത്ഥസന്ന്യാസി!.........എന്നാൽ ഇക്കാലത്തു ഗൃഹസ്ഥന്മാരുടെ രുചികളും, വികാരങ്ങളും മാററിക്കൊണ്ടിരിക്കുന്ന ഒരു സാമാന്യപരിഷ്കാരചൈതന്യം ഉണ്ടായിക്കൊണ്ടിരിക്കുന്നതിനാൽ അതു സന്ന്യാസിമാരെയും ബാധിച്ചിട്ടുണ്ടു്. രാഷ്ട്രമാകുന്ന വൃക്ഷത്തിന്മേൽ വെറും ഇത്തിൾകണ്ണിയും, രക്തപ്പുഴുവും ആയിരിക്കാതെ, മറെറാന്നുമില്ലെങ്കിലും ആ വൃക്ഷത്തിന്റെ മൂട്ടിൽ വിനീതമായ ഉരമായിത്തീരത്തക്കവിധം ശരീരവും മനസ്സും ബലികഴിക്കാൻ ആത്തിപ്പെടുന്ന യഥാൎത്ഥ സന്ന്യാസിമാർ മുളച്ചുവരുന്നുണ്ടു്............യഥാൎത്ഥസന്ന്യാസിയെ—ഫക്കീറിനെ—പുണ്യവാനെ എതിൎത്തു് ആരെങ്കിലും സംസാരിക്കുന്നുവെങ്കിൽ അവന്റെ സംഭാഷണശക്തി നിസ്തക്കം അസ്തമിക്കും! അത്തരം സാധുവിനെ—സന്ന്യാസിയെ—പ്രഹരിക്കുന്ന കൈ മരവിച്ചുപോകും! അത്തരം സന്ന്യാസിയെപ്പററി ദുഷ്ടചിന്ത വഹിക്കുന്നവനു തലച്ചോറു് നഷ്ടപ്പെടും!

അത്തരം യഥാൎത്ഥസാധുവിനെതിരായിട്ടു രാമനൊന്നും പറയാൻ സാദ്ധ്യമല്ല. ആവിധമുള്ള ഒരു സാധുവിന്റെ ചിന്തയും, അവനെതിരായിട്ടുള്ള ഒരു വിചാരവും രാമന്റെ മനസ്സിൽ ഉദിക്കുമോ! ഹരി! ഹരി!! ഹരി!!! അതു രാമന്റെ സ്വപ്നത്തിലും സാദ്ധ്യമല്ല.

ശിവൻ സമാധിസ്ഥനാകുമ്പോൾ, പ്രപഞ്ചത്തിലെ സകലസമ്പത്തും, ഐശ്വൎയ്യവും, വിജയവും, ഭാഗ്യവും, നാമരൂപങ്ങളുടെ നശ്വരശവക്കല്ലറയായ (ശിവന്റെ) ശ്മശാനത്തിലെ പ്രേതങ്ങളും, ഭൂതങ്ങളും അദ്ദേഹത്തിന്റെ ചുററും നൃത്തംവെക്കാൻ തുടങ്ങുകയും, ആത്മനാഥനായ ആ ശിവന്റെ സാന്നിദ്ധ്യത്തെത്തന്നെ അലങ്കരി

digitized by www.sreyas.in

കയുംചെയ്യുന്നു..................ബ്രാഹ്മണനായ ഭൃഗു വിഷ്ണുവിന്റെ ഇടത്തുനെഞ്ചിൽ, അതായത് ഐശ്വര്യത്തിന്റെയും, സമ്പത്തിന്റെയും ദേവതയെ, ചവിട്ടിയെന്നും, വിഷ്ണു എഴുന്നേററുവന്ന് ഭൃഗുവിന്റെ കാലടികളെ ബാഷ്പജലംകൊണ്ടു കഴുകിച്ചുവെന്നും എഴുതപ്പെട്ടിരിക്കുന്നു. അഹങ്കാരത്തെ—ചെറിയ ആത്മാവിനെ—ത്യജിക്കുന്നവൻ ഈശ്വരനെ പ്രാപിക്കുന്നു.

“ചെറിയ ഞാ”നിന്റെ പുറകേ ഓടുന്നവൻ രാജാവായാലും ഭിക്ഷു ആയാലും ‘സ്തംഭത്തിൽനിന്നു തൂണിലേയ്ക്കു’ തൊഴിച്ചെറിയപ്പെടുന്നു. അതാണ് നിയമം. അതു കാഷായവസ്ത്രധാരികളായ യതികൾക്കുള്ള ഒരു കുത്തകയൊന്നുമല്ലാ; അതു പ്രകാശമാണ്; അത് എല്ലാവർക്കും ഉള്ളതാണ്. മുസ്ലിമീങ്ങൾക്കും, ക്രിസ്ത്യാനികൾക്കും, സിക്കുകൾക്കും, പാഴ്സികൾക്കും, പുരുഷനും, സ്ത്രീക്കും, കുഞ്ഞിനും, ഉയർന്നവനും, താഴ്ന്നവനും അവരുടെ ആനന്ദത്തിന് ഈ സത്യപ്രകാശം ആവശ്യമുണ്ട്. ഈ ആദിത്യരശ്മികൂടാതെ, തണുപ്പിന്റെ വിറയൽ ഭേദപ്പെടുത്താവതല്ല!

എല്ലാവർക്കും വിദ്യാഭ്യാസം വേണം; എന്നാൽ പ്രൊഫസ്സർ ആകേണ്ടതില്ല. സുഖം വേണമെങ്കിൽ എല്ലാവർക്കും ഈ ആത്മാവിനെ— യഥാർത്ഥാത്മാവിനെ അറിയേണ്ടതുണ്ട്. എന്നാൽ ഈ ആത്മീയാനന്ദപാരവശ്യത്തിൽ രാപകൽ സ്വയം നഷ്ടമാകുന്നത് യഥാർത്ഥസന്ന്യാസിമാരായ ചുരുക്കം ചിലരുടെ ഓഹരിയത്രെ.........

digitized by www.sreyas.in

# രാമതീർത്ഥസാഹിത്യങ്ങൾ

**സ്വാമി രാമതീർത്ഥൻ**
ഒരു ലഘുജീവചരിത്രം — 12 ണ.

**സ്വാമി രാമതീർത്ഥൻ**
വിവിധവീക്ഷണങ്ങളിൽ — 1 രൂ. 4 ണ.

**രാമതീർത്ഥപ്രതിധ്വനികൾ** (സ്വാമിയുടെ പ്രസംഗങ്ങൾ)

| | |
|---|---|
| ഒന്നാംതരംഗം—മാതൃഭൂമി ഭാരതം | 1 രൂ. 8 ണ. |
| രണ്ടാംതരംഗം—ധ്രുവനക്ഷത്രം അകത്ത് | 1 രൂ. 8 ണ. |
| മൂന്നാംതരംഗം—ഓജസ്സിന്റെ ഉറവസ്ഥാനം | 1 രൂ. 8 ണ. |
| നാലാംതരംഗം—സാക്ഷാത്കാര സഹായങ്ങൾ | 1 രൂ. 8 ണ. |
| അഞ്ചാംതരംഗം—പ്രപഞ്ചസമഷ്ടിബോധവും അതെങ്ങിനെ സാക്ഷാത്കരിക്കാമെന്നും | 1 രൂ. 8 ണ. |
| ആറാംതരംഗം—മത(ധർമ്മ)ത്തിന്റെ ചൈതന്യം | 1 രൂ. 8 ണ |
| ഏഴാംതരംഗം—വേദാന്തപർവ്വതത്തിൽ നിന്നുള്ള കാഴ്ചകാണൽ | 1 രൂ. 8 ണ |

For copies of Swami Ramathirtha's Works in English, Urdu and Hindi

*Please apply to*:-

**The Manager,**

**The Ramathirtha Publication League,**

Ramathirtha Nagar, Lucknow P. O

U. P. (Now Uttara Pradesh)

digitized by www.sreyas.in